മാക്സിം ഗോർക്കി

# പരിശീലനം

(ആത്മകഥ)

രണ്ടാം ഭാഗം

1074

THE KOTTAYAM PUBLIC LIBRARY.
KOTTAYAM.
TRAVANCORE.

D.M. 1074

മാക്സിംഗോർക്കി

# പരിശീലനം

KOTTAYAM PUBLIC LIBRARY
KOTTAYAM.

★

പ്രസാധകർ:

പ്രഭാതം പ്രിൻറിംഗ് & പബ്ളിഷിംഗ്
കമ്പനി (പ്രൈവററ്) ലിമിററഡ്.

Translated from English

**by K. K. Nair, M. A., M. Litt., B. T., B. L.**

1074

മാക്സിംഗോർക്കി

# പരിശീലനം

(ആത്മകഥ)

79
79097
THE KOTTAYAM PUBLIC LIBRARY.
KOTTAYAM.
TRAVANCORE.
KOTTAYAM PUBLIC LIBRARY
KOTTAYAM.

★

രണ്ടാം ഭാഗം

NATIONAL B
KOTTAYAM

പ്രഭാത് ബുക്ക് ഹൗസ്, എറണാകുളം
1957

ഒന്നാംപതിപ്പ്.......ഏപ്രിൽ 1957

വില — 2 ക. 8 ണ.

അച്ചടി: സത്യപ്രകാശിനി പ്രസ്സ്, എറണാകുളം

കോപ്പി: 1000

# XII

ആ ഹേമന്തത്തിന്റെ അവസാനം കപ്പലുകൾ സർവ്വീസു നിത്തിയപ്പോൾ, ഞാൻ പ്രതിമകൾക്ക് ചായംകൊടുത്തു വില്ക്കുന്ന ഒരു പീടികയിൽ ജോലി പരിശീലിക്കുവാൻ ചെന്നു. ഞാൻ അവിടെ ചെന്നതിന്റെ രണ്ടാംദിവസം സദാ കുടിച്ചുകൊണ്ടിരിക്കുന്ന എന്റെ യജമാനത്തി, എന്നോടു പറഞ്ഞു.

"ദിവസത്തിന്നിപ്പോൾ ദൈർഘ്യം കുറവാണ്. അതുകൊണ്ട് എല്ലാദിവസവും രാവിലെ ഷാപ്പിൽ പോയി പ്രതിമ വില്ക്കുന്നതിൽ സഹായിക്കണം. വൈകുന്നേരം നിനക്കു പഠിക്കാം."

അവർ എന്നെ ഷാപ്പിൽ ജോലിചെയ്യുന്ന സാമാന്യം സുമുഖനായ ഒരു ചുറുചുറുക്കുള്ള ചെറുപ്പക്കാരനെ ഏല്പിച്ചു. വെളുപ്പാൻകാലത്തു ഇരുട്ടു മാറുന്നതിന്നുമുമ്പ്, തണുപ്പിൽ അയാളും ഞാനും ഇലാങ്കാത്തെരുവും കടന്നു "താഴെ മാക്കററിൽ" എത്തും. അവിടെ ഒരു വലിയ കെട്ടിടത്തിന്റെ രണ്ടാംനിലയിലാണ് ഞങ്ങളുടെ പീടിക. മുമ്പ് ആ മുറി, ഒരു സ്റ്റോർ മാത്രമായിരുന്നു. ചെറിയ മുറി, ഇരിമ്പുവാതിലാണ്. ഒരൊററ ജനൽ മാത്രമെയുള്ളു. ജനൽ ബാൽക്കണിയുടെ ഭാഗത്താണ്. മുറിയിൽ നിറയെ വലുതും ചെറുതുമായ പ്രതിമകളും പ്രതിമകൾ വെക്കുന്ന ചട്ടങ്ങളും നിറച്ചു വെച്ചിരിക്കുന്നു. ചില ചട്ടങ്ങൾ ലളിതവും മററു ചിലതു് കൊത്തുപണികളോടുകൂടിയതുമാണ്. മഞ്ഞകവറുള്ള കുറെ മതപരമായ ഗ്രന്ഥങ്ങളും അവിടെ വില്പനക്കു വെച്ചിട്ടുണ്ട്. ഞങ്ങളുടെ ഷാപ്പിന്നു തൊട്ടടുത്തു, ഇതുപോലെ പ്രതിമ

കളും പുസ്തകങ്ങളും വില്ക്കുന്ന വേറൊരു ഷാപ്പുണ്ട്. ആ ഷാപ്പിന്റെ ഉടമ, കറുത്ത താടിയുള്ള കേത്തലിക്ക മതക്കാരനായ ഒരു കച്ചവടക്കാരനാണ്. അയാൾക്ക് എന്റെ പ്രായത്തിലുള്ള ചെറിയ വളർച്ചകുറഞ്ഞ ഒരു മകനുണ്ട്. ആ കുട്ടിയുടെ മുഖം കണ്ടാൽ പ്രായം മതിക്കും. എപ്പോഴും ചലിച്ചുകൊണ്ടിരിക്കുന്ന കണ്ണുകളാണവന്നു.

രാവിലെ ഷാപ്പുതുറന്ന ഉടനെ, ഞാൻ അടുത്ത ചാരായക്കടയിൽ പോയി കുറെ ചൂടുവെള്ളം വാങ്ങിക്കൊണ്ടുവരണം. പിന്നെ ഞങ്ങൾ ചായ ഉണ്ടാക്കിക്കഴിക്കും. ഞാൻ മുറി അടിച്ചുവാരി, പ്രതിമകൾ പൊടിതട്ടി നിരത്തിവെക്കും. എല്ലാം ശരിക്കെടുത്തു നിരത്തിക്കഴിഞ്ഞാൽ, ഞാൻ വാതില്ക്കൽനിന്നു, വാങ്ങുവാൻ വരുന്നവരുടെ ശ്രദ്ധ ആകർഷിച്ച് അടുത്ത പീടികയിൽ കയറാൻ ഇടവരുത്താതെ ഞങ്ങളുടെ പീടികയിൽ കയററണം.

"വാങ്ങാൻ വരുന്നവർ വിഡ്ഡികളാണ്." എന്റെ കൂടെയുള്ള ജോലിക്കാരൻ പറഞ്ഞു. "സാധനങ്ങൾക്കു വില കുറവായിരിക്കുന്നേടത്തോളം, അവർ ഏതു പീടികയിൽനിന്നു വാങ്ങിയാലും കണക്ക് ഒന്നുതന്നെയാണ്. ഏതാണ് നല്ലത് ഏതാണു ചീത്ത എന്നു തിരിച്ചറിയുവാൻ അവക്ക് സാദ്ധ്യമല്ല."

അയാൾ എനിക്ക് എല്ലാം പറഞ്ഞുതരുന്നതിന്നിടയിൽ, രണ്ടു തടിച്ച കവറെടുത്തു താളംപിടിക്കും. അയാൾ അതാതു പ്രതിമയെടുത്തു അതിനെക്കുറിച്ചുള്ള വിവരണങ്ങൾ എന്നെ ധരിപ്പിച്ചുംകൊണ്ട് വ്യാപാരത്തിൽ അദ്ദേഹത്തിന്നുള്ള അഗാധമായ അറിവും പരിചയവും വ്യക്തമാക്കാൻ ശ്രമിക്കും.

ഞാൻ വളരെ വേഗത്തിൽ ഓരോ പ്രതിമയുടെ പേരും വിലയും ഹൃദിസ്ഥമാക്കി. കന്യാമറിയത്തിന്റെ പലതരത്തിലുള്ള പ്രതിമകളുടെ വ്യത്യാസങ്ങൾ മനസ്സിലാക്കാൻ എനിക്കു വിഷമം തോന്നിയില്ല. പക്ഷെ ഓരോ സന്ന്യാസിയും അനുവദിച്ചുത

രുന്ന ആനുകൂല്യങ്ങളുടെ നീണ്ട പട്ടിക ഓർമ്മയിൽ വെക്കുവാൻ വളരെ പണിപ്പെടേണ്ടിവന്നു.

ഞാൻ പീടികയുടെ വാതിൽക്കൽനിന്നുംകൊണ്ടു്, വല്ലതിനെക്കുറിച്ചും ആലോചിക്കുകയാണെന്നുതോന്നിപ്പോയാൽ, മററെയാൾ എന്നെ പരിശോധിക്കുവാൻവേണ്ടി, പ്രതിമകളെക്കുറിച്ചു വല്ല ചോദ്യവും ചോദിക്കും.

"ആരാണു്, പ്രസവവേദനയിൽ സഹായിക്കുന്നതു്?"

എൻെറ ഉത്തരം തെററാണെങ്കിൽ പരിഹാസപൂർവ്വം അയാൾ പറയും

"നിൻെറ തലച്ചോറെന്തിനാണു്? അതാണെനിക്കറിയേണ്ടതു്."

വാങ്ങാൻ വരുന്നവരെക്കൊണ്ടു വല്ലതും വാങ്ങിക്കുകയെന്നതു അത്ര എളുപ്പമൊന്നുമായിരുന്നില്ല. പ്രതിമകളുടെ വൃത്തികെട്ട മുഖം കാണുമ്പോൾ എനിക്കറപ്പുതോന്നും. അവ എങ്ങിനെയാണു് വില്ക്കുവാൻ സാധിക്കുക എന്നതിനെക്കുറിച്ചു് എനിക്കൊരു രൂപവും കിട്ടിയില്ല. അമ്മമ്മയുടെ വിവരണത്തിൽനിന്നും കന്യാമറിയം ചെറുപ്പക്കാരിയും സുന്ദരിയും സൽസ്വഭാവിയുമാണെന്നു് ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്. മാസികകളിലെ ചിത്രങ്ങളിലും അവരെ നല്ലവളായിട്ടാണു് ഞാൻ കണ്ടിട്ടുള്ളതു്. എന്നാൽ ഈ പ്രതിമകളിലാകട്ടെ കന്യാമറിയം കിഴവിയും ക്രൂരതയുള്ളവളും നീണ്ട വളഞ്ഞ മൂക്കും മരത്തിൻെറ കരങ്ങളും ഉള്ളവളായിട്ടാണു് കണ്ടതു്.

ചന്തദിവസങ്ങളിൽ ഞങ്ങൾക്കു് നല്ല കച്ചവടം കിട്ടും ബുധനാഴ്ചയും വെള്ളിയാഴ്ചയും—ഞങ്ങളുടെ മുറിയിലേക്കു് ഏണിപ്പടി കയറിയുംകൊണ്ടു, വഴിക്കുവഴിയായി കൃഷിക്കാർ വരുന്നതു കാണാം. എല്ലാവരും പഴയ മതക്കാരാണു്. വോൾഗയുടെ അപ്പുറത്തുള്ള കാട്ടുപ്രദേശങ്ങളിൽ താമസിക്കുന്ന സംശയാലുക്കളായ

THE KOTTAYAM PUBLIC LIBRARY. KOTTAYAM. TRAVANCORE
KOTTAYAM PUBLIC LIBRARY ★ KOTTAYAM ★

സാധാരണക്കാർ. ഒരാറം, ആട്ടിൻതോലുകൊണ്ടുള്ള കുപ്പായവും ധരിച്ച് വീണുപോകുമെന്ന ഭയപ്പെട്ടുംകൊണ്ടു ബാൽക്കണിയിൽ കൂടി നടന്നുവരുന്നതുകണ്ടു്, എനിക്കയാളെ സമീപിക്കാൻ വലിയ ശങ്ക തോന്നി. ഞാൻ അയാളുടെ വഴിയിൽ കടന്നു നിന്നു, ഒരു കൊതുകിനെപ്പോലെ കരഞ്ഞുകൊണ്ടു് അയാളോടു് പറഞ്ഞു.

"അല്ലാ, മൂപ്പരെ, നിങ്ങൾക്കെന്താണു് വേണ്ടതു? പുസ്തകങ്ങളൊ, പ്രാർത്ഥനാഗീതങ്ങളോ, യഫ്രേംസിറിന്റെയൊ, കീറിലിന്റെയൊ പുസ്തകങ്ങൾ വേണമൊ? ദയചെയ്തു് ഒന്നു ഈ പീടികയിൽ കയറി നോക്കു. നിങ്ങൾക്കിഷ്ടമുള്ള പ്രതിമകൾ —ഇഷ്ടമുള്ള വില; ഏറ്റവും നല്ല പ്രവൃത്തി. നല്ല കട്ടം ചായം. നിങ്ങൾക്കു് ഏതു് സന്യാസിയുടെ പ്രതിമയാണു് വേണ്ടതെന്നു പറഞ്ഞാൽ മതി. ഞങ്ങൾ പുതുതായി തയ്യാർചെയ്തു കൊടുക്കുകയും ചെയ്യും. ഞങ്ങളുടെ ഷാപ്പു് റഷ്യയിൽവെച്ചു് ഏററവും നല്ല ഷാപ്പാണു്. ഈ പട്ടണത്തിൽവെച്ചു് ഏററവും നല്ല ഷാപ്പാണു്."

അയാൾ കുറെ നേരം നിശ്ശബ്ദമായി നിന്നു് എന്നെത്തന്നെ തുറിച്ചുനോക്കി. ഞാൻ ഒരു നായയൊ മററൊ ആണെന്നപോലെ, പിന്നെ കൈകൊണ്ടു് എന്നെ ഒരു ഭാഗത്തേക്കു തള്ളിനീക്കി അടുത്ത ഷാപ്പിൽ പോയിക്കയറി. എന്റെ ചങ്ങാതി ചെവിയിൽ തടവിയുംകൊണ്ടു് ക്രോധത്തോടെ പിറുപിറുത്തു.

"അപ്പോൾ നീ അയാളെ പോകാൻ വിട്ടുകളഞ്ഞു. ഉഃ! നീ ഒരു നല്ല വില്പനക്കാരൻതന്നെയാണു്."

അടുത്ത ഷാപ്പിൽനിന്നും മൃദുലമായ സ്വരത്തിൽ തേൻപോലെ മധുരമായ വാക്കു കേട്ടു.

"മൂപ്പരെ, ഞങ്ങൾ, തോൽ വിൽക്കുന്നില്ല. ചെരിപ്പുകളും വില്ക്കുന്നില്ല. ദൈവത്തിന്റെ അനുഗ്രഹങ്ങളാണു് വിൽക്കുന്നതു.

സ്വർണ്ണത്തേക്കാരം, വെള്ളിയേക്കാരം വിലപിടിച്ച വസ്തുക്കരം...!

"സകലതും നശിക്കു" എൻെറ ചങ്ങാതി അസൂയയോടെ ക്രോധത്തോടെ വിളിച്ചുപറയും. "നോക്കു് അവൻ എത്ര ഭംഗിയായി ആ നാട്ടിൻപുറക്കാരനെ ആകർഷിച്ചിരിക്കുന്നു. അവനിൽനിന്നും നീ കണ്ടുപഠിക്കുക."

ഞാൻ അങ്ങിനെ പഠിക്കുവാൻ ആത്മാർത്ഥമായി ശ്രമിച്ചു. ഒരു ജോലി സ്വീകരിച്ചുകഴിഞ്ഞാൽ അതു ഭംഗിയായിചെയ്യേണ്ടതെൻെറ കടമയാണെന്നു ഞാൻ വിശ്വസിച്ചു. എന്നാൽ വാങ്ങാൻ വരുന്നവരെ ആകർഷിക്കാനും അവരെക്കൊണ്ടു് സാധനങ്ങരം വാങ്ങിക്കാനും എനിക്കു വിഷമം തോന്നി. ആ സാധു കൃഷിക്കാരെക്കുറിച്ചു് എനിക്കു വലിയ അനുകമ്പ തോന്നി. മുള്ളൻപന്നികളെപ്പോലെയും, എലികളുടെ മുഖത്തോടുകൂടിയും, ഉള്ള സ്ത്രീകളെക്കുറിച്ചും എനിക്കനുകമ്പ തോന്നി. അവരുടെ ചെവിയിൽ പ്രതിമകളുടെ വാസ്തവത്തിലുള്ള വിലയെപ്പററി മന്ത്രിച്ചുകൊടുത്തു അവരുടെ പണം നഷ്ടപ്പെടുത്തരുതെന്നവരെ ഉപദേശിക്കുവാൻ എനിക്കാഗ്രഹം തോന്നി. അവരെല്ലാം ദരിദ്രരും വിശന്നു വലയുന്നവരുമാണെന്നു എനിക്കു തോന്നി. അവക്കു എങ്ങിനെയാണു് ഒരു പ്രാർത്ഥനാപുസ്തകത്തിന്നു മൂന്നര റൂബിരം കൊടുക്കാൻ കഴിയുന്നതെന്നു ഞാൻ ആശ്ചര്യപ്പെട്ടു. ആ പുസ്തകമാണു് അവർ അധികമായി വാങ്ങിയതു്.

അവക്കു് പുസ്തകത്തെക്കുറിച്ചുള്ള വകതിരിവും പ്രതിമകളുടെ കൊത്തുപണിയുടെ ഗുണം തിരിച്ചറിയുവാനുള്ള കഴിവും കണ്ടപ്പോരം ഞാൻ ആശ്ചര്യപ്പെട്ടു. ഒരു ദിവസം ഞാൻ ഒരു വൃദ്ധനെ ഞങ്ങളുടെ ഷാപ്പിലേക്കു വിളിച്ചുകയററാൻ ശ്രമിച്ചു. കിഴവൻ എന്നോടു് പറഞ്ഞു.

"കുട്ടീ നീ സത്യമല്ല പറയുന്നതു്. നിൻെറ ഈ ഷാപ്പാണു് റഷ്യയിൽവെച്ചു് ഏററവും നല്ലതെന്നു നീ പറയുന്നതു കള

വാണ്. എററവും നല്ലതു മോസ്കോവിലുള്ള റോഗോഴിൻ തൊഴിൽശാലയാണ്."

ഞാൻ വിനയത്തോടെ ഒരു ഭാഗത്തേക്കു മാറിനിന്നു. അയാഠം അടുത്ത ഷാപ്പിലും പ്രവേശിക്കാതെ കടന്നുപോയി.

"നിന്നെ പിടിച്ചുപോയി" എന്റെ ചങ്ങാതി പരിഹസിച്ചു.

"ശരി നിങ്ങഠം റോഗോഴിൻ തൊഴിൽശാലയെക്കുറിച്ചു എന്നോടൊന്നും പറഞ്ഞില്ലല്ലോ?"

അയാഠം ശപിക്കുവാൻ തുടങ്ങി. "അയാളെപ്പോലെയുള്ള വൃത്തികെട്ട കൂട്ടർ മാത്രമേ, അങ്ങനെ കാര്യങ്ങഠം അന്വേഷിച്ചുംകൊണ്ടു് നാടുനീളെ നടക്കുകയുള്ളു. വേണ്ടതും വേണ്ടാത്തതും അറിഞ്ഞും പറഞ്ഞും നടക്കുന്ന പാമ്പുകഠം."

അഹംഭാവിയായ എന്റെ കൂട്ടുകാരന്നു, കൃഷിക്കാരെ വലിയ പുച്ഛമായിരുന്നു. അയാഠം ഒരിക്കൽ എന്നോടു പറഞ്ഞു.

"ഞാൻ സമർത്ഥനാണ്. എനിക്കു വൃത്തിയുള്ള സാധനങ്ങഠം ഇഷ്ടമാണ്. നല്ല വാസനകളും– അങ്ങിനെയുള്ള ഞാൻ ഈ നാട്ടിൻപുറക്കാരുടെ മുമ്പിൽ വണങ്ങി നിൽക്കേണ്ടിവരുന്നതിന്റെ നിഷ്ഠൂരത ഊഹിച്ചുനോക്കു. എല്ലാം എന്തിന്നു, നമ്മുടെ ഉടമക്കു, അഞ്ചു കൊവെക്കുകഠം കിട്ടാൻവേണ്ടി. ഞാൻ അതു് പൊറുപ്പിക്കുന്നതെങ്ങിനെയാണെന്നു ഓമ്മിച്ചുനോക്കു. ഒരു കൃഷിക്കാരൻ ആരാണ്? നാറുന്ന ചോറുണക്കികഠം. നിലത്തുകൂടി ഇഴയുന്ന പേനുകഠം. ഞാനോ?"

അയാഠം വെറുപ്പുതോന്നിയപോലെ നിത്തി.

എനിക്കു കൃഷിക്കാരെ ഇഷ്ടമാണ്. അവർ ഓരോരുത്തരിലും, എന്തോ അറിയപ്പെടേണ്ടതായ ഒരു രഹസ്യമുണ്ടു്. യാക്കോവിനെക്കുറിച്ചും അതാണ് ഞാൻ വിചാരിച്ചതു്.

ഇടക്കു പീടികയിൽ, നീണ്ട ഉടുപ്പുകഠം ധരിച്ച ഒരാഠം കയറിവരും. അയാഠം തന്റെ രോമത്തൊപ്പി തലയിൽനിന്നെടു

ത്തു, രണ്ടു വിരൽകൊണ്ടും കുരിശ്ശുവരച്ചു, പ്രതിമവെച്ച മൂലയിൽ നോക്കും, അവിടെ കത്തിക്കൊണ്ടിരിക്കുന്ന വിളക്കും നോക്കും. അയാൾ വില്പനക്കു വെച്ച പ്രതിമകളുടെ നേരെ തിരിഞ്ഞുനോക്കുകയില്ല. നിശ്ശബ്ദമായി ചുററും നോക്കിയുംകൊണ്ടു് പറയും.

"ആ പ്രാർത്ഥനാപുസ്തകം, വ്യാഖ്യാനത്തോടുകൂടിയതു ഒന്നു കാണട്ടെ."

അയാൾ തലക്കുറിപ്പുകളെല്ലാം പേജുകൾ മറിച്ചു വായിച്ചു നോക്കും. ആ മണ്ണിൻെറ നിറമുള്ള ചുണ്ടുകൾ അനങ്ങുന്നതു കാണാൻ രസമാണ്.

"ഇതിലും പഴയകാലത്തെ സംബന്ധിക്കുന്ന വല്ലതും ഉൾക്കൊള്ളുന്ന പുസ്തകം ഉണ്ടോ?"

"അതിലും പഴക്കമുള്ളതിനു ആയിരം രൂബിൾ വില നില്ക്കുമെന്നു അങ്ങേക്കറിയാമല്ലോ."

"അറിയാം."

വിരൽ നനച്ചുംകൊണ്ടു ആ നാട്ടിൻപുറക്കാരൻ പേജുകൾ മറിച്ചുനോക്കും. കടലാസിൻെറ പാർശ്വത്തിൽ, അയാളുടെ ഉമിനീർ പററിനില്ക്കും."

എൻെറ കൂട്ടുകാരൻ അയാളുടെ തലയിലേക്കു തുറിച്ചുനോക്കിയുംകൊണ്ടു പറയും.

"സുവിശേഷങ്ങളെല്ലാംതന്നെ ഒരേകാലത്തുണ്ടായതല്ലെ? ദൈവപുത്രൻ അദ്ദേഹത്തിൻെറ വചനങ്ങൾ അപ്പോഴപ്പോൾ മാററിയിട്ടുണ്ടോ?"

"അതൊക്കെ ഞങ്ങൾക്കറിയാം. ദൈവപുത്രൻ വാക്കുമാറിപ്പറയുന്നില്ല എന്നു്, എന്നാൽ നിക്കൻ അങ്ങിനെ ചെയ്തിട്ടുണ്ടു്."

പുസ്തകം അടച്ചു തിരികെ വെച്ചുംകൊണ്ടു അയാൾ ഒന്നുംപറയാതെ സ്ഥലംവിടുകയും ചെയ്യും.

ചിലപ്പോഠം ഈ നാട്ടിൻപുറക്കാർ എൻെറ കൂട്ടുകാരനുമായി വാദിക്കാൻ പുറപ്പെട്ടും. അവക്കു സുവിശേഷങ്ങഠം അയാളേക്കാഠം വെടിപ്പായറിയാമെന്നു ഞാൻ മനസ്സിലാക്കി.

"വൃത്തികെട്ട, അവിശ്വാസികഠം" എൻെറ കൂട്ടുകാരൻ പിറുപിറുത്തു.

കൃഷിക്കാക്കു പുതിയ പ്രസിദ്ധീകരണങ്ങഠം ഇഷ്ടമല്ലെന്നു ഞാൻ മനസ്സിലാക്കി. പക്ഷെ അവർ, ആ പുസ്തകങ്ങളുടെ നേരെ വളരെ ബഹുമാനത്തോടെ നോക്കും. ശങ്കിച്ചുശങ്കിച്ചുംകൊണ്ടതു തൊട്ടുനോക്കും. അവരുടെ ഭാവം കണ്ടാൽ, പുസ്തകങ്ങഠം അവരുടെ കയ്യിൽനിന്നും പറന്നുപോയ്ക്കളയാൻ ഇടയുണ്ടെന്നു അവർ ഭയപ്പെടുന്നതായിതോന്നും, ഇതെന്നെ സന്തോഷിപ്പിച്ചു. കാരണം, എനിക്കു ഒരു പുസ്തകമെന്നു പറഞ്ഞാൽ ആശ്ചര്യകരമായ വസ്തുവാണ്. അതിൽ ഗ്രന്ഥകത്താവിൻെറ ആത്മാവിനെ കാണാം. ഞാൻ ഒരു പുസ്തകം വായിക്കുമ്പോഠം അതിലെ ആത്മാവിനെ വെളിയിൽ കൊണ്ടുവരും. അതു എന്നോടു കുശലം പറയും.

പലപ്പോഴും ഈ കിഴവന്മാരും കിഴവികളും പഴയ പുസ്തകങ്ങഠം ഇങ്ങോട്ടു വിൽക്കുവാനും ശ്രമിക്കും. പരിഷ്ക്കത്താവായ നിക്കൺെറയും മുമ്പുള്ള പുസ്തകങ്ങഠം അല്ലെങ്കിൽ അവർ അങ്ങിനെയുള്ള പുസ്തകങ്ങളുടെ ഒരു പട്ടിക കൊണ്ടുവരും. മററു പല കൌതുകവസ്തുക്കളും കൊത്തുപണിയോടുകൂടിയ സാധനങ്ങളുംകൊണ്ടുവരും. ഈ സാധനങ്ങളെല്ലാം ആരും കാണാതെയാണവർ കൊണ്ടുവരിക; ആരെങ്കിലും കാണുന്നുണ്ടോ എന്നു ചുററും നോക്കിയുംകൊണ്ടു.

എൻെറ കൂട്ടുകാരനും അടുത്ത ഷാപ്പുകാരനും അങ്ങിനെയുള്ള സാധനങ്ങഠം കൊണ്ടുവരുന്ന തക്കം പാത്തിരിക്കും. രണ്ടുപേരും ആ സാധനങ്ങഠംക്കു വിലപറയുന്നതിൽ മത്സരിക്കും. വളരെ പഴകിയ വിലപിടിച്ച സാധനങ്ങഠംക്കു അവർ പത്തു റൂബിളില

ധികം വിലകൊടുക്കുകയില്ല. അവർ അതുതന്നെ പഴയ മതക്കാർക്കു ന്തറു റബ്ബിളിന്നു വില്ക്കുകയും ചെയ്യും.

KOTTAYAM PUBLIC LIBRARY. KOTTAYAM. TRAVANCORE.

"ആ കിഴവന്മാർ, അവർ മാ[illegible]ക്കാരായ പ്രേതങ്ങളാണ്; അവരെ പ്രത്യേകം ശ്രദ്ധിക്കണം. എന്റെ കൂട്ടുകാരൻ എന്നെ ശാസിക്കും. അവർ അവരുടെ ആ സഞ്ചിയിൽ ഭാഗ്യംകൊണ്ടു നടക്കുകയാണു്."

വല്ല നല്ല പഴയ പുസ്തകവും വില്പനക്കുവന്നാൽ, അയാൾ എന്നെ പ്ല്യാട്ടർവാസിലെ വാക്കിനെ വിളിച്ചുകൊണ്ടുവരാൻ പറഞ്ഞയക്കും. അയാൾക്കു പഴയ പുസ്തകങ്ങളെക്കുറിച്ചും അങ്ങിനെയുള്ള മററു സംഗതികളെക്കുറിച്ചും നല്ല വിവരമുണ്ടു്.

അയാൾ ദീർഘകായനായ ഒരു കിഴവനാണു്. നല്ല ബുദ്ധിയുണ്ടെന്നു കാണിക്കുന്ന കണ്ണുകളും, പ്രസന്നമായ മുഖവും നീണ്ട താടിയുമുണ്ടു്. ഒരു കാലിന്റെ വിരൽ മുഴുവനും എങ്ങിനെയൊ മുറിഞ്ഞുപോയതുകൊണ്ടു അയാൾ ഒരു വടികുത്തിയുംകൊണ്ടാണു് നടക്കുന്നതു്. വേനൽക്കാലത്തും ശീതകാലത്തും ഒരുപോലെ അയാൾ അച്ചന്മാരെപ്പോലെ ഒരു നീണ്ട കുപ്പായവും, പാത്രംപോലെയുള്ള വല്ലീസ്സുകൊണ്ടുള്ള തൊപ്പിയും ധരിച്ചിരിക്കും."

സാധാരണ അയാളുടെ നടത്തം ദേഹം ശരിക്കു കുത്തനെ പിടിച്ചുംകൊണ്ടുതന്നെയാണു്. എന്നാൽ അയാൾ പീടികയിൽ കയറുമ്പോഴേക്കും ചുമലല്പം കുനിക്കും. ദീർഘമായൊന്നു നെടുവീർപ്പിടും. പഴയ മതക്കാരുടെ സമ്പ്രദായത്തിൽ കുരിശുവരച്ചുകൊണ്ടു ചില മന്ത്രങ്ങൾ ഉച്ചരിക്കും. പ്രായാധിക്യവും ഭക്തിയും സൂചിപ്പിക്കുവാൻ ഉദ്ദേശിച്ചുംകൊണ്ടുള്ള ഈ നാട്യങ്ങൾ, കച്ചവടക്കാരുടെ ഇടയിൽ അദ്ദേഹത്തെക്കുറിച്ചുള്ള മതിപ്പു വർദ്ധിപ്പിക്കുവാൻ ഉദ്ദേശിച്ചുംകൊണ്ടുമാത്രമായിരുന്നു.

"നിങ്ങൾക്കു ഐഹികമായി എന്നെക്കൊണ്ടു ചെയ്യിക്കാനുള്ളതെന്താണു്?" ആ കിഴവൻ കുശലം പറയും.

"ഇയാൾ ഒരു പ്രതിമ കൊണ്ടുവന്നിട്ടുണ്ടു്. അയാൾ പറയുന്നതു അതു ഒരു സ്റ്റ്റോഗ്നോവ് തരമാണെന്നാണ്."

"എന്തൊന്നു?"

"സ്റ്റ്റോഗ്നോവ് എന്ന ഇനത്തിൽ പെടുന്ന ഒരു പ്രതിമയാണെന്നു്."

"എനിക്കു നല്ലപോലെ കേൾവി ഇല്ല. നിക്കൺെറ അനുയായികൾ പരത്തിവിടുന്ന, ദോഷകരമായ തത്വങ്ങളിൽനിന്നും ദൈവം എൻെറ ചെകിട്ടിനെ സംരക്ഷിച്ചിരിക്കുന്നു."

തൊപ്പിനീക്കിയുംകൊണ്ടു, അയാൾ പ്രതിമയെ വിലങ്ങനെ പിടിക്കും. അതിൻെറ ചായം അയാൾ പരിശോധിക്കും. പിന്നെ കണ്ണു പകുതി ചിമ്മിയുംകൊണ്ടു, അതിൻെറ ഓരോ വശവും സൂക്ഷിച്ചു പരിശോധിക്കും.

"ദൈവമില്ലാത്ത നിക്കൻപക്ഷക്കാർ; നമുക്കു പഴയ കലാസൃഷ്ടികളെക്കുറിച്ചുള്ള മതിപ്പു മനസ്സിലാക്കിയിട്ടുണ്ടു്. പുണ്യകരമായ പ്രതിമകളെ കള്ളമായി സാമൎത്ഥ്യത്തോടെ പകൎത്തിയുണ്ടാക്കാൻ ചെകുത്താൻ അവരെ പഠിപ്പിച്ചിട്ടുമുണ്ടു്. ഒരു നോട്ടത്തിൽ, പ്രതിമ ശരിക്കു ഒരു സ്റ്റ്റോഗ്നോവ് ആണെന്നുതന്നെ തോന്നും എന്നാൽ ആന്തരദൃഷ്ടിക്കുമുമ്പിൽ അതു കള്ളമായ ഒരു അനുകരണമാണെന്നു കണ്ടുപിടിക്കുവാൻ വളരെ എളുപ്പമാണു്."

അതു കള്ളമായി ഉണ്ടാക്കിയതാണെന്നു പറഞ്ഞശേഷം ആ പ്രതിമ ദുർല്ലഭമാണെന്നും വിലപിടിച്ചതാണെന്നും ആ പ്രതിമക്കു എന്തു വില പറയാമെന്നും ചില വാക്കുകൾകൊണ്ടു അയാൾ എൻെറ ചങ്ങാതിക്കു മനസ്സിലാക്കിക്കൊടുക്കും. "ദുഃഖവും, നിരാശയും" എന്ന വാക്കുകൾ അയാൾ വല്ല വാചകത്തിലും പ്രയോഗിച്ചാൽ, പത്തു റുബിൾ എന്നാണൎത്ഥം. "നിക്കൻനരി" എന്നു പറഞ്ഞാൽ ഇരുപത്തഞ്ചു റുബിൾ എന്നായി. അവർ അങ്ങിനെ കൂട്ടുചേൎന്നു വില്ക്കാൻവരുന്ന ആളെ തോല്പിക്കുന്നതു കാണുമ്പോൾ എനിക്കു ലജ്ജതോന്നും. ആ കിഴവൻെറ സാമർത്ഥ്യംകാണുമ്പോൾ എനിക്കു രസംതോന്നുകയും ചെയ്യും.

"നിക്കൺപക്ഷക്കാരെ, നിക്കൺനരിയുടെ കറുത്ത സന്തതികളെ, ചെകുത്താൻ പലതുംചെയ്യാൻ പഠിപ്പിച്ചിട്ടുണ്ട്. ഇതു നോക്കു, ഇതിൻെറ പീഠം ശരിക്കുള്ളതാണെന്നു തോന്നും, വസ്ത്രങ്ങളുടെ ചായം ഇട്ടിട്ടുള്ളതു, പ്രതിമ ഉണ്ടാക്കിയ അതേ കൈകളാണെന്നു തോന്നും, എന്നാൽ മുഖം നോക്കുക. മുഖത്തു ചായമിട്ടതു മററൊരാളാണ്. സൈമൺ ഉഷക്കോവിനെപ്പോലുള്ള പഴയ കലാകാരന്മാർ, അയാൾ അവിശ്വാസിയായിരുന്നാൽതന്നെയും, പ്രതിമകൾക്കു നന്നായി ചായം ഇടും—വസ്ത്രങ്ങളും, മുഖവും എല്ലാം. അതിൽപിന്നെ പീഠം ശരിപ്പെടുത്തും. എന്നാൽ ഇക്കാലത്തെ കൂട്ടർ അങ്ങിനെയല്ല. പണ്ടൊക്കെ പ്രതിമയുണ്ടാക്കൽ ഈശ്വരസേവയായിരുന്നു. ഇപ്പോൾ അതു പണമുണ്ടാക്കാനുള്ള ഒരു ജോലിയായി മാറിയിരിക്കുന്നു."

അവസാനം അയാൾ പ്രതിമ മേശമേൽ വെക്കും. തൊപ്പിയെടുത്തു തലയിലിട്ടുകൊണ്ടു പറയും.

"അവരുടെ ആത്മാക്കളെ പാപം വിഴുങ്ങട്ടെ."

അതിൻെറ അർത്ഥം—ശരി, അതു വാങ്ങാതെ വിടരുതെന്നാണ്.

ആ പണ്ഡിതൻെറ അഭിപ്രായങ്ങൾ കേട്ടമ്പരന്നുംകൊണ്ടു വിൽക്കാൻവന്ന ആൾ ഭക്തിയോടെ ചോദിക്കും.

"അപ്പോൾ ഈ പ്രതിമയെക്കുറിച്ച് അങ്ങെന്തു പറയുന്നു?"

"പ്രതിമകൾ, നിക്കൺ പക്ഷക്കാരുടെ പണിയാണ്."

"അതെങ്ങിനെയാണ് നമ്മുടെ പിതാമഹന്മാരും പ്രപിതാമഹന്മാരും പ്രതിമകളോട് പ്രാർത്ഥിച്ചിട്ടുണ്ടല്ലൊ."

"നിക്കൺ ജീവിച്ചതു, നിങ്ങളുടെ പ്രപിതാമഹന്മാരുടെയും കാലത്തിന്നു മുമ്പാണ്.

കിഴവൻ പ്രതിമവിൽപ്പനക്കാരൻെറ മുഖത്തിന്നു നേരെ പൊക്കിപ്പിടിച്ചുംകൊണ്ട്, ഊന്നിപ്പറയും.

“ആ പ്രതിമയുടെ ചരിവു നോക്കുക; അതിനെ ആരെങ്കിലും ഒരു പ്രതിമയെന്നു വിളിക്കുമോ? അതു് ഒരു വെറും ചിത്രമാണു്. കണ്ണുകാണാത്ത കല. നിക്കൺപക്ഷക്കാരുടെ വെറും കുസൃതി. അങ്ങിനെയുള്ള സൃഷ്ടികളിൽ യാതൊരാത്മാവുമില്ല. ഞാനെന്താണു കളവു പറയുന്നോ? ഞാൻ ഒരു വയസ്സനാണു്. മതത്തിൻെറ പേരിൽ ധാരാളം മർദ്ദനം അനുഭവിച്ചിട്ടുണ്ടു്. ഞാൻ, വളരെക്കഴിയാതെ, ഈശ്വരസന്നിധിയിൽ പോകയുമാണു്. ഞാൻ എൻെറ ആത്മാവിനെ വിൽക്കുന്നതുകൊണ്ടു് എനിക്കെന്തു കിട്ടാനാണു്.”

അയാൾ ഷാപ്പിൽനിന്നു പുറത്തേക്കിറങ്ങി. ബാൽക്കണിയിൽക്കൂടി ക്ഷീണഭാവത്തിൽ, തൻെറ അഭിപ്രായത്തെ ചോദ്യം ചെയ്തതിലുള്ള കുണ്ഠിതത്തോടെ, സാവധാനം നടന്നുപോകും. എൻെറ കൂട്ടുകാരൻ, കുറച്ചു ഡബിൾ കൊടുത്തു ആ പ്രതിമ വാങ്ങും. അതു വിററ ആൾ പ്യോട്ടർ വിസിലേവിക്കിൻെറ മുമ്പിൽ താണു വണങ്ങിയുംകൊണ്ടു് സ്ഥലം വിടും. എന്നെ ചൂടുവെള്ളം കൊണ്ടുവരുവാൻ, ചാരായക്കടയിലേക്കു പറഞ്ഞയക്കും. തിരിച്ചുവരുമ്പോൾ, കിഴവൻ ഷാപ്പിൽതന്നെ ഇരിക്കുന്നതു കാണാം. വലിയ സന്തോഷവുമുണ്ടു്. അയാൾ പ്രതിമ നോക്കിയുംകൊണ്ടു് എൻെറ കൂട്ടുകാരനോടു പറയും.

“അതു് എത്ര ലളിതമായും ഭംഗിയായും, ചായം തേച്ചിരിക്കുന്നു. ദൈവഭയം തെളിഞ്ഞുകാണുന്ന പണിത്തരം. മാനുഷികമായ സകലതും വേണ്ടെന്നുവെച്ചിരിക്കുന്നു.”

“അതാർ ചെയ്ത പ്രതിമയാണു്.” വലിയ സന്തോഷത്തോടെ ഷാപ്പിന്നകത്തു ചുററിക്കളിച്ചുംകൊണ്ടു് എൻെറ കൂട്ടുകാരൻ ചോദിക്കും.

“അതിപ്പോൾ നിനക്കറിയാൻ സാദ്ധ്യമല്ല.”

“അറിയുന്ന ആൾ അതിനെന്തു വില തരും.”

"എനിക്കു നിശ്ചയമില്ല ഞാൻ അതു ആരെയെങ്കിലും കാണിച്ചുനോക്കാം."

"ആ പ്യോട്ടർ വാസിലേവിക്ക്"

"ഞാൻ അതു വിററാൽ അമ്പതു റൂബിൾ നിനക്കു തരും. ബാക്കി കിട്ടുന്നതു എനിക്കും."

"ആ................"

"ആ എന്നെല്ലാം പോകട്ടെ!"

അവർ ചായ കഴിക്കും. അന്യോന്യം വില പേശിയുംകൊണ്ടു. വലിയ കള്ളന്മാരുടെ നോട്ടത്തോടെ അന്യോന്യം വീക്ഷിക്കും. ഷാപ്പുകാരൻ, കിഴവൻെറ ഇഷ്ടത്തിന്നു വഴങ്ങേണ്ടിവരുമെന്നു വ്യക്തമാണ്. അയാൾ പോയാൽ ഷാപ്പുകാരൻ എന്നോട്ട് പറയും.

"ഈ കച്ചവടത്തെക്കുറിച്ചു യജമാനത്തിയോട്ട് ഒന്നുംതന്നെ പറയരുതു. കേട്ടോ."

ആ പ്രതിമ വിൽക്കാനുള്ള ഏർപ്പാടുകൾ ചെയ്താൽ, ഷാപ്പുകാരൻ പറയും.

"നഗരത്തിൽ പുതിയ വർത്തമാനമെന്താണുള്ളതു്, പ്യോട്ടർ വാസിലേവിക്ക്."

കിഴവൻ, ആ മഞ്ഞനിറമുള്ള വിരലുകൾകൊണ്ടു് മീശ തടവും. അയാൾ, ധനികരായ കച്ചവടക്കാരുടെ ജീവിതത്തെക്കുറിച്ചു വർണ്ണിച്ചു പറയും. വ്യാപാരത്തെക്കുറിച്ചും, രോഗത്തെക്കുറിച്ചും, വിവാഹത്തെക്കുറിച്ചും, കുടിയാന്മാരുടെ പരാക്രമത്തെക്കുറിച്ചും, ഭാര്യാ ഭർത്താക്കന്മാർ തമ്മിൽ തോല്പിക്കുന്നതിനെക്കുറിച്ചും സംസാരിക്കും. ഈ കഥകൾ, സമർത്ഥന്മാരായ കുടിയന്മാർ, വീഞ്ഞുകുപ്പി തുറന്നൊഴിക്കുംപോലെ, അയാൾ വിവരിച്ചു പറയും പിന്നെ തൻെറ പൊട്ടിച്ചിരികൊണ്ടു്, ആ കഥകൾക്കു മാററു കൂട്ടുകയും ചെയ്യും. ഇതെല്ലാം കേൾക്കുമ്പോൾ ഷാപ്പു

കാരന്റെ മുഖം തുടുക്കും. അയാളുടെ കണ്ണിൽ ആശ്ചര്യവും സന്തോഷവും തുളുമ്പി നിൽക്കും.

“ചില ആളുകൾ എത്ര ആനന്ദമായി ജീവിക്കുന്നു—ഞാനോ?........”

“ഓരോരുത്തരും അവന്റെ വിധിക്കനുസരിച്ച് സുഖിക്കുന്നു” കിഴവൻ കടന്നുപറഞ്ഞു. ചില ആളുടെ തലയിൽ, ദൈവദൂതന്മാർ പൊൻതൂലികകൊണ്ടു് ഭാഗ്യം കുറിക്കുന്നു. മററുള്ളവരുടെ തലയിൽ ചെകുത്താൻ മൂർച്ച കുറഞ്ഞ ഒരു മഴുകൊണ്ടു നിർഭാഗ്യം കൊത്തിവിടുകയും ചെയ്യുന്നു.”

ആ ശക്തിയുള്ള, ഞരമ്പുകൾ തുറിച്ചുകാണുന്ന ദേഹമുള്ള കിഴവനു സകലതും അറിയാം. നഗരത്തിലെ മുഴുവൻ ആളുകളെപ്പററിയും. കച്ചവടക്കാരുടെയും, ഗൃഹസ്ഥന്മാരുടെയും, കൈത്തൊഴിൽക്കാരുടെയും എല്ലാവരുടെയും രഹസ്യജീവിതത്തെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും അയാൾക്കറിയാം. ഒരു കഴുകനെപ്പോലെ സൂക്ഷ്മദൃഷ്ടിയാണയാൾക്കു. ചെന്നായിന്റെയും കുറക്കന്റെയും ചില ലക്ഷണങ്ങൾ അയാളിൽ ഉണ്ടു്. എനിക്കയാളെ വിറളി പിടിപ്പിക്കേണമെന്നു തോന്നും. എന്നാൽ അവ്യക്തമായ വിദൂരതയിൽ നിന്നെന്നപോലെയുള്ള അയാളുടെ നോട്ടം എന്നെ ഭയപ്പെടുത്തും. അയാൾക്കു ചുററും ആഴമുള്ള ഒരു ജലാശയമാണെന്നെനിക്കു തോന്നും. അയാളെ സമീപിക്കുന്ന ആരും അതിൽ മുങ്ങി ചത്തുപോകുമെന്നു ഞാൻ ഭയപ്പെട്ടു. അയാളിലും യാക്കോവ്ഷ്ഥമോവിലും പൊതുവിൽ എന്തോ ചില ലക്ഷണങ്ങൾ ഉണ്ടു് എന്നും ഞാൻ കണ്ടു.

ഷാപ്പുകാരനു് അയാളുടെ സാമർത്ഥ്യത്തെക്കുറിച്ചു വലിയ ആഹ്ളാദമായിരിക്കും. അയാളുടെ മുമ്പിൽവെച്ചും അയാൾ ഇല്ലാത്തപ്പോഴും ഷാപ്പുകാരൻ അതു് തുറന്നുപറയുകയും ചെയ്യും.

എന്നാൽ ചില അവസരങ്ങളിൽ അയാൾ കിഴവനോട്ടു് കലഹിക്കും.

“നിങ്ങറം ആളുകളെ എത്ര എളുപ്പത്തിൽ പറഞ്ഞു തോൽപ്പിക്കുന്നു?” ഷാപ്പുകാരൻ ഒരിക്കൽ കിഴവൻെറ മുഖത്തുനോക്കി ഒരു വെല്ലുവിളിയെന്നപോലെ പ്രസ്താവിച്ചു.

“ദൈവം മാത്രമെ ആളുകളെ തോല്പിക്കാതെ ഇരിക്കുന്നുള്ളു”. കിഴവൻ ചെറുതായൊന്നു ചിരിച്ചുംകൊണ്ടു പറഞ്ഞു. “നമ്മളെല്ലാവരുംതന്നെ അന്യോന്യം തോല്പിക്കുന്നു. നിനിക്കു മറെറാരു ചതിയനെ തോല്പിക്കാൻ കഴിയുകയില്ലെങ്കിൽ പിന്നെ നിന്നെ എന്തിന്നുകൊള്ളാം.”

ഇതു കേട്ടപ്പോറം എൻെറ കൂട്ടുകാരന്നു ക്രോധം വന്നു.

“എല്ലാ കൃഷിക്കാരും വിഡ്ഢികളല്ല. കൃഷിക്കാരിൽനിന്നാണ് കച്ചവടക്കാർ ഉണ്ടാകുന്നതു്.”

“നമ്മറം സംസാരിക്കുന്നതു് കച്ചവടക്കാരാകാൻ പോകുന്നവരെക്കുറിച്ചല്ല. വിഡ്ഢികറം ഒരിക്കലും ചതിയന്മാരാകയില്ല. വിഡ്ഢികളെന്നാൽ, തലച്ചോറില്ലാത്ത സന്യാസിമാരാണ്.”

കിഴവൻ തൻെറ വാക്കുകറം തടസ്ഥമില്ലാതെ ഉതിത്തു. ചതുപ്പുനിലത്തിൻെറ മദ്ധ്യത്തിൽ, ഉയന്ന ഒരു കുതിരിന്മേൽ നിൽക്കുന്ന ഒരാളെപ്പോലെയാണയാളെ എനിക്കു തോന്നിയതു്. അയാളെ പറഞ്ഞു തോല്പിക്കുകയെന്നതെളുപ്പമല്ല. ഒന്നുകിൽ അയാറംക്കു ക്രോധം വരികയില്ല; അല്ലെങ്കിൽ അയാറംക്കു ക്രോധം മറച്ചുവെക്കുവാൻ വെടിപ്പായറിയാം.

പലപ്പോഴും അയാറം എന്നെ തമാശയാക്കാൻ ശ്രമിക്കും. അയാളുടെ മുഖം എൻെറ മുഖത്തോടടുപ്പിച്ചു എൻെറ താടിനോക്കി ചിരിച്ചുംകൊണ്ടയാറം പറയും.

“ആ ഫ്രഞ്ചുകാരനായ എഴുത്തുകാരൻെറ പേരെന്താണ് നീ പറഞ്ഞതു?— പോാണ്ടോസ്!”

അയാളുടെ പേരുകറം ഇങ്ങിനെ മറിച്ചു പറയുന്ന ആ സമ്പ്രദായം എനിക്കു പിടിച്ചില്ല. എന്നാൽ ഞാൻ ധൈര്യം നടിച്ചുംകൊണ്ടു് മറുപടി പറഞ്ഞു.

"പോൺസൺ ഢ തെറേൽ — — —"

"ആരുടെ കണ്ണുകൾ?"

"വെറുതെ വിസ്തരിത്തം പറയേണ്ട. നിങ്ങൾ ഒരു ചെറിയ കുട്ടിയൊന്നുമല്ല."

"ശരി—നീയൊരു കുട്ടിതന്നെയാണ്. ഞാൻ അല്ല. നീ വായിക്കുന്നതെന്താണ്."

"യഫറംസിറിൻ".

"ആരാണ് കൂടുതൽ നന്നായെഴുതുന്നതു. കഥാകൃത്തുക്കളൊ അയാളോ?"

ഞാൻ മറുപടി പറഞ്ഞില്ല.

"കഥാകൃത്തുകൾ അധികവും എന്തിനെക്കുറിച്ചാണ് എഴുതാറുള്ളതു്?" അയാൾ നിർബ്ബന്ധപൂർവ്വം ചോദിച്ചു.

"സംഭവിക്കുന്ന എല്ലാററിനെക്കുറിച്ചും."

"കുതിരകളെക്കുറിച്ചും നായ്ക്കളെക്കുറിച്ചും. അവയും ഉള്ളതാണല്ലൊ."

ഷാപ്പുകാരനു വല്ലാതെ, ക്രോധം ജനിച്ചു. എനിക്ക് ഓടിക്കളയേണമെന്നു തോന്നി. എന്നാൽ ഞാൻ പുറത്തേക്കിറങ്ങാൻ ഭാവിച്ചെങ്കിൽ, എന്റെ കൂട്ടുകാരൻ പറയും.

"നീ എവിടെയാണ് പോകുന്നതു്."

കിഴവൻ എന്റെ ക്ഷമ പരീക്ഷിക്കുവാൻതന്നെ തീർച്ചയാക്കി.

"ഈ കടം കഥയുടെ ഉത്തരം കണ്ടുപിടിക്കുക; നിന്റെ മുമ്പിൽ നഗ്നരായ ആയിരം ആളുകൾ നില്ക്കുന്നുണ്ട്. അഞ്ഞൂറു പുരുഷന്മാർ. അഞ്ഞൂറു സ്ത്രീകൾ. അവരുടെ ഇടയിൽ ആദമും ഔവ്വയും ഉണ്ട്. ആദം ഏതാണ് ഔവ്വ ഏതാണ് എന്നു എങ്ങിനെ തിരിച്ചറിയാം."

എന്നെക്കൊണ്ടു് ഉത്തരം പറയിക്കാൻ കുറെ ശ്രമിച്ചശേഷം അയാൾ പറഞ്ഞു.

"മരക്കഴുതേ! അവർ ജനിക്കാതെ, ദൈവം അവരെ സൃഷ്ടിച്ചതാണ്. അതായതു അവക്ക് പൊക്കിൾ ഇല്ല."

കിഴവന്നു് അങ്ങിനെ ഒരായിരം കടംകഥകൾ അറിയാം. അവയെല്ലാം പറഞ്ഞുംകൊണ്ടു് എന്നെ അലട്ടിക്കൊണ്ടിരിക്കുകയും ചെയ്യും.

ഞാൻ പീടികയിൽ ജോലിക്കു ചേന്ന ഉടനെ കുറച്ചു ദിവസങ്ങളിൽ വായിച്ച പുസ്തകങ്ങളിലെ ചില കഥകൾ എന്റെ കൂട്ടുകാരന്നു പറഞ്ഞുകൊടുത്തിരുന്നു. അതു അയാൾ ആ കിഴവന്നു പറഞ്ഞുകൊടുത്തു. കരുതിക്കൂട്ടി, കഥാഗതി മാററിയും, അശ്ലീലമായ കാര്യ്യങ്ങൾ കൂട്ടിച്ചേർത്തും കിഴവൻ അവിടവിടെ ചൊദ്യങ്ങൾ ചോദിച്ചുംകൊണ്ടു്, ഷാപ്പുകാരനെ കാര്യമായി സഹായിച്ചു. എന്റെ പ്രിയപ്പെട്ട കഥാപാത്രങ്ങളെയെല്ലാം അവരുടെ, ചെററത്തരങ്ങളെക്കൊണ്ടു് വൃത്തികേടാക്കിത്തീർത്തു.

എന്നോടുള്ള പകകൊണ്ടല്ല; ജീവിതത്തിൽ അവക്കുള്ള മടുപ്പു തീക്കാൻവേണ്ടി മാത്രമാണ് അവർ ഇങ്ങിനെ ചെയ്തതെന്നു് എനിക്കു് മനസ്സിലായി. എന്നാലും അതെനിക്കു സഹനീയമായിത്തോന്നി. അവർ പന്നികളെപ്പോലെ, അവർതന്നെ കോരിയിട്ട ചളിയിൽ വീണുരുണ്ടു. മനോഹരമായ വസ്തുക്കളിൽ ചളിതേക്കുന്നതിൽ അവർ ഊററംകൊണ്ടു. അവക്കാമനോഹാരിത മനസ്സിലാക്കാൻ കഴിഞ്ഞില്ല. അതുകൊണ്ടവക്കതു തമാശയായിത്തോന്നി.

ആ കെട്ടിടത്തിൽ വ്യാപാരം നടത്തുന്ന എല്ലാ കച്ചവടക്കാരും, ഷാപ്പുകളിൽ ജോലിചെയ്യുന്നവരും ഒരു പ്രത്യേകതരം ജീവിതമാണു നയിച്ചിരുന്നതു്. അവർ അർത്ഥഹീനമായ കുസൃതികളിൽ എന്തോ ഒരു സന്തോഷം അനുഭവിക്കുവാൻ ശ്രമിച്ചു. ആദ്യമാനി നഗരത്തിൽവരുന്ന ഒരു നാടൻ കൃഷിക്കാരന്നു, വല്ല സ്ഥലവും അറിയാനുണ്ടെങ്കിൽ, അവർ കരുതിക്കൂട്ടി അയാൾക്കു തെററായ മേൽവിലാസം പറഞ്ഞുകൊടുക്കും. ഇതു് അത്ര സാധാര

ണമായ സമ്പ്രദായമായിക്കഴിഞ്ഞതുകൊണ്ടു്, ആക്കും അതിൽ ഒരു തമാശതോന്നാൻ വകയുണ്ടായിരുന്നില്ല. കച്ചവടക്കാർ രണ്ടെലികളെപിടിച്ചു രണ്ടിൻെറയും വാലുകഠം കൂട്ടി കെട്ടിയിടും. പിന്നെ എലികഠം അന്യോന്യം വലിക്കുന്നതും കടിക്കുന്നതും ലഹളകൂട്ടുന്നതും കണ്ടു ചിരിക്കും. ചിലപ്പോഠം അവർ ആ എലികളുടെമേൽ ചിമ്മിണിയെണ്ണയൊഴിച്ചു തീക്കൊളുത്തും. അതല്ലെങ്കിൽ അവർ ഒരു നായയുടെ വാലിന്മേൽ ഒരു ടിന്നുവെച്ചു കെട്ടിവിടും. പേടിച്ചരണ്ട നായ നിലവിളിച്ചുംകൊണ്ടോടും. അപ്പോഠം ടിൻകഷണം നിലത്തുകൂടി വലിയുന്ന ശബ്ദം വഴ്കി കളം—കണ്ടുനില്ക്കുന്ന ആളുകളെല്ലാം പൊട്ടിച്ചിരിക്കും.

അങ്ങിനെ അവർ പല കുസൃതികളും കളിക്കും. എല്ലാവരും—വിശേഷിച്ചും നാട്ടിൻപുറത്തുനിന്നു വരുന്ന കൃഷിക്കാർ—അവരുടെ തമാശക്കുതകാൻവേണ്ടി സൃഷ്ടിക്കപ്പെട്ടുന്നതാണെന്നായിരിക്കണം ആ നാഗരീകന്മാരുടെ വിചാരം. കച്ചവടക്കാരും ഷാപ്പുകളിൽ ജോലിചെയ്യുന്നവരും എപ്പോഴും അങ്ങിനെ ചിരിക്കാനുള്ള വകയും കാത്തിരിക്കും. അല്ലെങ്കിൽ ആക്കെങ്കിലും അസൌകൎയ്യവും ബുദ്ധിമുട്ടും വലിച്ചുവെക്കുവാൻ ശ്രമിക്കും. എന്നാൽ ഞാൻ വായിച്ച പുസ്തകങ്ങളിലൊന്നുംതന്നെ, ആളുകളുടെ ഈ സ്വഭാവത്തെക്കുറിച്ചൊന്നും പ്രസ്താവിച്ചു കണ്ടിട്ടുമില്ല,

ആ അങ്ങാടിയിൽവെച്ചുണ്ടായ ഒരു സംഭവം പ്രത്യേകിച്ചും എന്നെ അസ്വസ്ഥനാക്കി.

ഞങ്ങളുടെ പീടികക്കു താഴെ, രോമത്തുണികഠം വില്ക്കുന്ന് ഒരു ഷാപ്പിൽ ഒരു വേലക്കാരൻ ഉണ്ടായിരുന്നു. അയാഠം ഒരു വലിയ തീററക്കാരനാണെന്നു് ആ അങ്ങാടിയിൽ എല്ലാവക്കും അറിയാമായിരുന്നു. തൻെറ പ്രവൃത്തിക്കാരനു ധാരാളം ഭക്ഷണം തിന്നാൻകഴിയുന്നതിനെക്കുറിച്ചു് ആ ഷാപ്പുടമ സൊള്ളപറയും. ഇതു കേഠക്കുമ്പോഠം ആളുകഠം പോററുന്ന നായയുടെ ശൌൎയ്യത്തെപ്പററിയും കുതിരയുടെ ശക്തിയെപ്പററിയും പറയുന്ന

1074

താണോമ്മവരിക. അക്കാര്യത്തിൽ അയാഠം അയൽപക്കക്കാരു മായി വാതുവെക്കാൻപോലും ഒരുക്കമായിരുന്നു.

"ആരാണ് പത്തു റുബിഠം വാതുവെക്കാൻ തയ്യാറുള്ളതു്. മിഷ രണ്ടു മണിക്കൂർകൊണ്ടു് പത്തു റാത്തൽ ഉപ്പിട്ട പന്നിയിറ ച്ചി തിന്നുമെന്നു ഞാൻ പറയുന്നു".

മിഷക്കങ്ങിനെ ചെയ്യുവാൻ കഴിയുമെന്നുള്ളതിൽ ആക്കും സംശയമുണ്ടായിരുന്നില്ല. അതുകൊണ്ടവർ പറഞ്ഞു.

"ഞങ്ങഠം വാതൊന്നും വെക്കുന്നില്ല. എന്നാൽ ഞങ്ങഠം ഇ റച്ചി വാങ്ങാം. അയാഠം തിന്നട്ടെ. നമുക്കു് ആ തമാശ കാ ണാമല്ലൊ.

"അതായതു് പത്തു റാത്തൽ വെറും ഇറച്ചിയായിരിക്കണം അസ്ഥിയുണ്ടായിരിക്കരുതു്."

കുറച്ചുനേരം അവർ തക്കിച്ചുനിന്നു. അപ്പോഠം സ്റ്റോർമുറി യിൽനിന്നു, മെലിഞ്ഞു, ഒരു നീളമുള്ള കോട്ടുംധരിച്ചു്, ഒരു ചു കന്ന അരപ്പട്ടയിട്ട ഒരാഠം, പുറത്തേക്കു വന്നു. അയാഠം ബഹു മാനത്തോടെ തൻെറ യജമാനൻെറ ചുകന്ന വട്ടമുഖത്തേക്കു സൂ ക്ഷിച്ചുനോക്കി.

"പത്തു റാത്തൽ ഇറച്ചി തിന്നു തീക്കുവാൻ നിനക്കു കഴിയു മോ?" കച്ചവടക്കാരൻ പ്രവൃത്തിക്കാരനോടു് ചോദിച്ചു.

"എത്ര സമയംകൊണ്ടു്" മിഷ ഒരു സാധാരണമട്ടിൽ ചോ ദിച്ചു.

"രണ്ടു മണിക്കൂർ കൊണ്ടു"

"അതു് വിഷമമാണു്."

"നിനക്കതു് വിഷമമല്ല".

"രണ്ടു ഗ്ലാസ്സു് ബിരും തരാൻ ഒരുക്കമോ?" മിഷ ചോദിച്ചു.

"തയ്യാർ" കച്ചവടക്കാരൻ ഏററു്. അടുത്തുള്ള പീടിക ക്കാരോടായി അയാഠം നൊള്ളപറഞ്ഞു.

"അവൻെറ വയററിൽ ഒന്നും ഇല്ലെന്നു വിചാരിക്കേണ്ട. ഇന്നു രാവിലെ അവൻ രണ്ടു റാത്തൽ റൊട്ടി തിന്നിട്ടുണ്ടു്. ഉച്ചക്കു് വയർ നിറയെ വീണ്ടും ഭക്ഷണം കഴിക്കും"

അവർ ഇറച്ചി വാങ്ങിക്കൊണ്ടു വന്നു. അനവധിയാളുകൾ തമാശകാണാൻ തടിച്ചുകൂടി. കച്ചവടക്കാർ, ശീതകാലത്തെ കോട്ടുംധരിച്ചു ചുററും വന്നു നിന്നു. അവരെല്ലാം വലിയ ഘനമുള്ള ആളുകൾ, വലിയ വയറും ചെറിയ കുഴിഞ്ഞ കണ്ണുകളുമുള്ള പേക്കോലങ്ങൾ.

അവർ കുപ്പായക്കീശയിൽ കൈ തിരുകി ആ തീററക്കാരൻെറ ചുററും തിക്കിത്തിരക്കി. അയാളുടെ കയ്യിൽ ഒരു പേനക്കത്തിയുണ്ടു്. കുറച്ചു് റൈ കൊണ്ടുള്ള റൊട്ടിയും. ആദ്യം അയാൾ കൂടക്കുടെ കുരിശു വരച്ചു, അയാൾ കുറെ രോമത്തുണികൾ അട്ടി വെച്ചതിന്നു മേലെ ചെന്നിരുന്നു. ഇറച്ചി ഒരു പെട്ടിമേൽവെച്ചു കണ്ണുകൊണ്ടു ചുഴിഞ്ഞൊന്നു പരിശോധിച്ചു.

പിന്നെ അയാൾ ഒരു നേരിയ കഷണം റൊട്ടിയും ഒരു വലിയകഷണം ഇറച്ചിയും മുറിച്ചെടുത്തു. ഇറച്ചിക്കഷണം അപ്പക്കഷണത്തിന്മേൽ ഭംഗിയിൽ വെച്ചു രണ്ടുംകൂടി രണ്ടു കൈകൊണ്ടും വായിൽ കുത്തിത്തിരുകി. അയാളുടെ ചുണ്ടുകൾ വിറച്ചു. അയാൾ നീളമുള്ള നാക്കു നീട്ടിയൊന്നു നക്കി. ഒരു നായയെപ്പോലെ, മൂർച്ചയുള്ള ചെറിയ പല്ലുകൾ വെളിയിലേക്കു കാട്ടി, പിന്നെ നായയെപ്പോലെ മാംസം കടിച്ചു തിന്നാൻ തുടങ്ങി.

"അവൻ തുടങ്ങിക്കഴിഞ്ഞു".

"സമയം നോക്കു."

എല്ലാവരുടേയും ദൃഷ്ടികൾ ആ വയറൻെറ നേരെ തിരിഞ്ഞിരിക്കയാണു്. അയാളുടെ അണ്ണിയിലേക്കും, പൊന്തിയും താണും കൊണ്ടിരിക്കുന്ന താടിയിലേക്കും അവർ സൂക്ഷിച്ചുനോക്കി. ഇടക്കിടക്കു് അവർ അന്യോന്യം അഭിപ്രായപ്പെട്ടു.

"ഒരു കരടിയെപ്പോലെയാണു് തിന്നുന്നതു്."

"കരടി തിന്നുന്നതു് കണ്ടിട്ടുണ്ടോ?"

"ഞാനെന്താണു് കാട്ടിലാണോ താമസം അതു കാണാൻ—കരടിയെപ്പോലെ ചവയ്ക്കുന്നു എന്നതു് സാധാരണയുള്ള ഒരു ചൊല്ലല്ലെ?"

"ചൊല്ലതല്ല പന്നിയെപ്പോലെ ചവയ്ക്കുന്നു എന്നാണ്."

"പന്നി പന്നിയിറച്ചി തിന്നുകയില്ല".

എല്ലാവരും പൊട്ടിച്ചിരിച്ചു. അപ്പോൾ ഒരു ഭോഷൻ ഇടയിൽക്കയറിപ്പറഞ്ഞു.

"ഒരു പന്നി എന്തും തിന്നും. അതിൻെറ കുഞ്ഞിനേയും സഹോദരിയേയും തിന്നും."

ക്രമേണ തീററക്കാരൻെറ മുഖം ചുവന്നു. ചെവി നീലനിറമായി. കുണ്ടിലാണ്ടു കിടക്കുന്ന കണ്ണുകൾ തുറിച്ചുനിന്നു. അയാളുടെ ശ്വാസം കുറുങ്ങുന്ന ഒരു ശബ്ദത്തിലായി. എന്നാൽ അയാളുടെ താടി ശരിക്കു അനങ്ങിക്കൊണ്ടേയിരുന്നു.

"മിഷാ വേഗം—സമയം തീരാറായി." അവർ അയാളെ പ്രോത്സാഹിപ്പിച്ചു. അയാൾ ബാക്കിയുള്ള മാംസം സൂക്ഷിച്ചു നോക്കി. കുറച്ചു ബീർ കുടിച്ചു വീണ്ടും തിന്നാൻ തുടങ്ങി. കാണികൾക്കു തമാശ അധികം തോന്നി. അവർ ഇടക്കിടെ വാച്ചു നോക്കിക്കൊണ്ടിരുന്നു. അവർ അന്യോന്യം പറയാൻതുടങ്ങി.

"അയാൾ വാച്ചു തിരിച്ചുവെക്കുന്നതു സൂക്ഷിക്കണം. അയാളുടെ കയ്യിൽനിന്നു വാച്ചു വാങ്ങി മറെറാരാൾ വെക്കുന്നതാണു് നന്നല്ലതു്."

"നിങ്ങൾ മിഷയെ നോക്കുക—അവൻ കുറച്ചെടുത്തു കീശയിലൊ മറെറാ ഇട്ടുകളയും."

"അവൻ കൃത്യസമയത്തു തീർച്ചയായും തിന്നുതീർക്കുകയില്ല."

"ഞാൻ അക്കാര്യത്തിൽ ഇരുപത്തഞ്ചു റൂബിൾ വാതുവെക്കാൻ തയ്യാറുണ്ടു്". മിഷയുടെ യജമാനൻ വിളിച്ചുപറഞ്ഞു. "മിഷാ, എന്നെ അപമാനത്തിലാക്കല്ലെ."

കാണികഠം മിഷയെ പ്രോത്സാഹിപ്പിച്ചു. പക്ഷെ ആരും വാതുവെക്കാൻ ധൈര്യപ്പെട്ടില്ല.

മിഷ ചവച്ചുകൊണ്ടേയിരുന്നു. അയാളുടെ മുഖം പന്നിയിറച്ചിയുടെ നിറമായി മാറിയൊ എന്നു തോന്നി. അയാളുടെ മൂക്കിൽനിന്നു എന്തൊ ഒരു സ്വരം പുറപ്പെടാൻ തുടങ്ങി. അയാളെ കാണുമ്പോഠം ഭയം തോന്നി. ഏതു നിമിഷവും അയാഠം പൊട്ടിത്തെറിച്ചു പോകുമെന്നു ഞാൻ ഭയപ്പെട്ടു. അയാഠം അഭ്യർത്ഥിക്കുകയാണെന്നു തോന്നി:

"എന്നോട് ദയ വേണമെ," എന്ന്. ഒരു പക്ഷെ, അയാളുടെ തൊണ്ടയിലോളം ഇറച്ചി നിറഞ്ഞുകഴിഞ്ഞാൽ നോക്കിനില്ക്കുന്നവരുടെ മുമ്പിൽ, മറിഞ്ഞുവീണ് അയാഠം ചത്തുപോകുമെന്നു ഞാൻ ഭയപ്പെട്ടു.

ഒടുക്കം അയാഠം ഇറച്ചി തിന്നു തീർത്തു, അയാഠം ആളുകളുടെ നേരെ നോക്കി കണ്ണുരുട്ടിയുംകൊണ്ടു പറഞ്ഞു.

"എനിക്കു വല്ലതും കുടിക്കാൻ തരു!"

അയാളുടെ യജമാനൻ വാച്ചിൽ നോക്കിയുംകൊണ്ടു പിറുപിറുത്തു.

"നാലു മിനുട്ടു അധികം—പെരുക്കി."

"ഞങ്ങളു നിങ്ങളുടെ വാതു സ്വീകരിക്കാഞ്ഞതു കഷ്ടമായിപ്പോയി". ജനങ്ങഠം തമാശയാക്കി. "ഏതായാലും നിങ്ങഠം തോററിരിക്കുന്നു."

"എന്നാൽ അവനൊരു കുതിരയാണെന്നതിൽ സന്ദേഹമില്ല.

"അവനെ സർക്കസ്സിലേക്കയയക്കേണ്ടതാണ്."

"ആളുകളെക്കൊണ്ടു് ദൈവം എന്തെല്ലാം കുരങ്ങുകളിയാണു കളിപ്പിക്കുന്നതു."

"ശരി നമുക്കു ചായ കഴിക്കാമല്ലൊ?" അവരെല്ലാം ചാരായക്കടയിലേക്കു ഒരു കൂട്ടം തോണികഠം വെള്ളത്തിൽക്കൂടി ഒപ്പം നീങ്ങുംപോലെ, ശീഘ്രം നടന്നുപോയി.

ആ സാധുവിന്നു ചുററും തടിച്ചുകൂടുവാൻ അവരെ എന്തൊരു വികാരമാണ് പ്രേരിപ്പിച്ചതെന്നു മനസ്സിലാക്കുവാൻ ഞാൻ ശ്രമിച്ചു. അത്ര വലിയ ഒരു വെറിയൻെറ തീററിയിൽനിന്നും എന്തൊരു തമാശയാണ് ലഭിക്കാനുള്ളതെന്ന് എനിക്ക് മനസ്സിലായില്ല.

ഞങ്ങളുടെ പീടികയിൽ നില്ക്കുന്ന ആ വലിയ കെട്ടിടത്തിൽ, തുണിക്കെട്ടുകളും തോൽ സാമാനങ്ങളും മററു പലതും അങ്ങിങ്ങായി നിറഞ്ഞു നിൽക്കുന്നു. കെട്ടിടം നിരത്തിൽനിന്നും കുറച്ചുകലെയാണ്; മുൻഭാഗത്തു ഇഷ്ടിക പടുത്ത നിലം പലവൃത്തികേടുകൊണ്ടും പഴക്കം കൊണ്ടും കറുത്തു, കാണാൻകൊള്ളാത്ത വിധമാണ്. ആ മുററത്തെ വിള്ളലും കീറലും, കൽക്കഷണങ്ങളും ഞാനൊരായിരം പ്രാവശ്യം എണ്ണിനോക്കിയിട്ടുണ്ട്. ആ വിരൂപമായ രംഗം എൻെറ മനസ്സിൽ അങ്ങിനെ പതിഞ്ഞു നിൽക്കുന്നുണ്ട്.

താഴത്തു സാവധാനമായി വഴിപോക്കർ കടന്നുപോകുന്നു. താഴത്തു സാവധാനമായി പലതരം സാധനങ്ങൾ വഹിച്ചുംകൊണ്ട് നാടൻ വണ്ടികൾ കടന്നുപോകുന്നു. നിലത്തു അവിടവിടെ ഒഴിഞ്ഞ പെട്ടികളും കടലാസ്സുകഷണങ്ങളും വൈക്കോലും വീണു കിടക്കുന്നു.

തുടർച്ചയായി ചലിക്കുന്നുണ്ടെങ്കിലും എല്ലാംതന്നെ ജനങ്ങളും കുതിരകളും, ഒരേ സ്ഥലത്തു അദൃശ്യമായ ചങ്ങലകളാൽ കെട്ടപ്പെട്ട നിലയിൽ ചുററിത്തിരിയുകയാണെന്നു തോന്നും. ഈ ജീവിതത്തിൽ യാതൊരു ശബ്ദവും കേൾക്കാനില്ല. വണ്ടിക്കാർ ഒച്ചയാക്കുന്നുണ്ട്. വാതിലുകൾ അടക്കുന്ന ശബ്ദം കേൾക്കുന്നുണ്ടു. പലഹാരങ്ങൾ വിററുനടക്കുന്നവർ എന്തോ വിളിച്ചുപറയുന്നുണ്ടു. എന്നാൽ ഈ ശബ്ദങ്ങളെല്ലാംതന്നെ, ജീവസ്സില്ലാതെ തികച്ചും കേട്ടു തഴമ്പിച്ചു, ഒരു തരത്തിലും ശ്രദ്ധിക്കപ്പെടാതായിക്കഴിഞ്ഞിരുന്നു.

പള്ളിയിൽനിന്നു് ആരോ മരിച്ചതുപോലെ മണി മുട്ടാൻ തുടങ്ങി. ആ മണിയുടെ ശബ്ദം ഞാൻ ഒരിക്കലും മറക്കുകയില്ല. രാവിലെതൊട്ടു രാത്രിവരെ, പള്ളിമണിയുടെ ശബ്ദം മുഴങ്ങിക്കേൾക്കാം. എല്ലാ വികാരങ്ങളെയും വിചാരങ്ങളെയും മരവിപ്പിക്കാൻ പര്യാപ്തമായ ഒരു ശബ്ദം.

എല്ലാററിൽനിന്നും ഒരു വല്ലാത്ത മട്ടപ്പു് മുന്തിവന്നു. നിലത്തു വൃത്തികെട്ട മഞ്ഞിന്നടിയിൽ കിടക്കുന്ന മണ്ണിൽനിന്നും, മേൽപ്പുരകളിൽ വീണുകിടക്കുന്ന മഞ്ഞിൽനിന്നും, ചുകന്ന കൽച്ചുമരുകളുടെ കല്ലിൽനിന്നും പുകക്കുഴലുകളിൽനിന്നും മുഷിപ്പൻ ചിന്തകൾ പൊങ്ങിവരുന്നതായിത്തോന്നി. കുതിരകളുടെ ദേഹത്തിലും മനുഷ്യന്റെ മൂക്കിലും മട്ടപ്പു മൂടിനിൽക്കുകയാണു്. എല്ലാററിനും ഒരു വല്ലാത്ത മണം. വിയർപ്പിന്റെയും കൊഴുപ്പിന്റെയും, പുകയുടേയും മെഴുക്കുപുരണ്ട ചീത്തയായ പലഹാരത്തിന്റെയും മണം. ആ മണം തലക്കു ചുററും ഒരു തൊപ്പിയെന്നപോലെ മൂടിനിന്നു. അതിന്റെ മത്തുകൊണ്ടു് ആളുകളുടെ കണ്ണടഞ്ഞുപോകുന്നതായി തോന്നി. ശക്തിയായ നിലവിളി അടുത്തുകാണുന്ന കൽച്ചുമരിന്മേൽ തലയടിച്ചുകീറാൻതോന്നുന്നപോലെയുണ്ടു്.

ശീതകാലത്തു കച്ചവടം കുറവാണ്. ഉഷ്ണകാലത്തു കച്ചവടക്കാരുടെ കണ്ണിൽ തെളിഞ്ഞുകാണുന്ന ആവേശം കുറികുന്നു. ആ പ്രകാശം അപ്പോൾ കാണാനുണ്ടായിരിക്കയില്ല. അവരുടെ കുപ്പായത്തിന്റെ ഘനംകൊണ്ടാണവക്കു വേഗത്തിൽ നടക്കാൻകഴിയാത്തതെന്നു തോന്നും. അതുകൊണ്ടാണവർ അനങ്ങാതിരിക്കുന്നതെന്നു തോന്നും. കച്ചവടക്കാർ മടിച്ചു മടിച്ചു സംസാരിക്കും. ക്രോധം ജനിച്ചാൽ അവസാനമില്ലാതെ തക്കിച്ചുംകൊണ്ടിരിക്കും. അവർ കരുതിക്കൂട്ടി അങ്ങിനെ ചെയ്യുന്നതാണെന്നു ഞാൻ വിചാരിക്കും—അതായതു് അവർ ജീവിച്ചിരിപ്പുണ്ടെന്നു തെളിയിക്കുവാൻവേണ്ടി.

79097

അവർ സമയംപോക്കാൻ കഴിയാതെ വിഷമിക്കുകയാണെന്നു വ്യക്തമാണ്. അതിനെ നേരിടുവാൻവേണ്ടി മാത്രമാണ് അങ്ങിനെ അർത്ഥമില്ലാത്ത ചില വിദ്യകൾ ഉപയോഗിച്ചു മടുപ്പു പോക്കുവാൻ ശ്രമിച്ചതെന്നു ഞാൻ സമാധാനിച്ചു.

ചിലപ്പോൾ ഞാൻ ഈ അഭിപ്രായം പ്യോട്ടർ വാസിലേവിക്കിനോടു പറയും. അയാൾ എന്നോടു കാണിച്ച മനോഭാവം പൊതുവിൽ പുച്ഛവും പരിഹാസവും ഉൾക്കൊള്ളുന്നതായിരുന്നെങ്കിലും അയാൾക്കു എന്റെ പേരിൽ ചില സംഗതികളിൽ അല്പം മതിപ്പു തോന്നിയിരുന്നു. എനിക്കു പുസ്തകങ്ങൾ ഇഷ്ടമാണെന്നുള്ളതിൽ അയാൾ സന്തോഷിച്ചു. ചിലപ്പോൾ അതുകൊണ്ടു് കാര്യമായും അർത്ഥപൂർണ്ണമായും അയാൾ എന്നോടു സംസാരിക്കും.

"എനിക്കു് ഈ കച്ചവടക്കാരുടെ ജീവിതം ഇഷ്ടമല്ല". ഞാൻ പറഞ്ഞു.

താടിരോമങ്ങൾ കുറെയെണ്ണം കൈവിരലിൽ ചുററിയുംകൊണ്ടു് അയാൾ പറഞ്ഞു.

"അവർ എങ്ങിനെയാണ് ജീവിക്കുന്നതെന്നു നീ എങ്ങിനെ അറിയും. അല്ലാ നീ പലപ്പോഴും അവരെക്കാണാൻ പോകാറുണ്ടോ? ഇതു തെരുവാണ് കുഞ്ഞേ. ആളുകൾ തെരുവിൽ താമസിക്കുകയില്ല. അവർ തെരുവിൽവെച്ചു കച്ചവടം ചെയ്യുന്നു; അല്ലെങ്കിൽ തിരക്കിട്ടു സ്വന്തം വീടുകളിലേക്കു പോകുന്നു. തെരുവിലായിരിക്കുമ്പോൾ, ആളുകൾ വസ്ത്രങ്ങളിൽ ചുരുട്ടിക്കെട്ടിയിരിക്കയാണ്. ആ വസ്ത്രങ്ങൾക്കുള്ളിൽ അവർ എന്തുമാതിരിയാണെന്നു ആർക്കും പറയാൻ സാദ്ധ്യമല്ല. ഒരാൾ സ്വന്തം വീട്ടിലായിരിക്കുമ്പോൾ, അയാളുടെ മുറിയുടെ നാലു ചുമരുകൾക്കുള്ളിലായിരിക്കുമ്പോൾ, മാത്രമെ അയാൾ തുറന്ന സ്ഥലത്താണെന്നു കരുതാൻ പററുകയുള്ളു. എന്നാൽ അതെല്ലാം എങ്ങിനെയിരിക്കുമെന്നു് നീ എങ്ങിനെ അറിയാനാണ്.

"എന്നാൽ വീട്ടിലായാലും ഇവിടെയായാലും അവരുടെ ചിന്തകൾ ഒന്നുതന്നെയായിരിക്കുകയില്ലെ?"

"സ്വന്തം അയൽപക്കക്കാരൻ എന്താണ് ചിന്തിക്കുന്നതെന്ന് ആർക്ക് പറയാൻകഴിയും?" എൻെറ നേരെ പരുഷമായി നോക്കി, ഘനമുള്ള ഭാവത്തിൽ കിഴവൻ പറഞ്ഞു. "ചിന്തകൾ പേനുകളെപ്പോലെയാണ്. എണ്ണിനോക്കാൻ കഴിയുകയില്ല. പണ്ടാരോ പറഞ്ഞതുപോലെ, ഒരു പക്ഷെ വീട്ടിൽ എത്തിക്കഴിഞ്ഞാൽ ആളുകൾ മുട്ടുകുത്തിയിരുന്നു കരഞ്ഞുംകൊണ്ടു് പ്രാർത്ഥിക്കും.

"അല്ലയോ പ്രഭോ, ഈ പുണ്യദിനത്തിൽ അങ്ങേക്കെതിരായി പാപകർമ്മങ്ങൾ ചെയ്തതിന്നു എന്നെ മാപ്പാക്കേണമെ!" അല്ലെങ്കിൽ അയാളുടെ വീടു് അയാളുടെ പള്ളിയുമായിരിക്കും. അയാൾ ദൈവത്തോടൊപ്പം അവിടെ ഏകനായി ജീവിക്കുന്നു. ഓരോ എട്ടുകാലിയും അതിൻെറ വലയിൽ—വല നെയ്യുണ്ടാക്കുക. പക്ഷെ നിൻെറ ദേഹത്തിൻെറ ഘനവും ഓർമ്മിക്കണം. നിൻെറ ഘനംകൊണ്ടു് വല കീറി നീ വീണുപോകരുതു്."

അയാൾ കാര്യമായി സംസാരിക്കുമ്പോൾ, അയാളുടെ ശബ്ദം കൂടുതൽ അഗാധമായിരിക്കും. അയാൾ എന്തോ ഒരു രഹസ്യം എന്നോടു പറയുകയാണെന്ന ഭാവമായിരിക്കും.

"നീ ഇവിടെ ഇരുന്നുംകൊണ്ടു, കാര്യങ്ങളെക്കുറിച്ചു് ചർച്ച ചെയ്യുകയാണ്. പക്ഷെ തത്വചിന്ത ചെയ്യാൻ മാത്രമൊന്നും നിനക്കു പ്രായമായിക്കഴിഞ്ഞിട്ടില്ല. നിൻെറ പ്രായത്തിൽ തലച്ചോർ ഉപയോഗിച്ചുംകൊണ്ടല്ല ജീവിക്കേണ്ടതു്. കണ്ണുകൾ ഉപയോഗിച്ചുംകൊണ്ടാണ്. മറിച്ചു പറഞ്ഞാൽ—എല്ലാം കാണുക ഓർമ്മിക്കുക. ഒന്നും വെളിയിൽ പറഞ്ഞുപോകരുതു്. ബുദ്ധിശക്തി കച്ചവടത്തിൽ ഉപയോഗിക്കാനാണ്; വിശ്വാസം ആത്മാവിന്നും. പുസ്തകങ്ങൾ വായിക്കുന്നതു വളരെ നല്ലതാണ്. പക്ഷെ എല്ലാററിന്നും ഒരതിരുണ്ടു്. ചില ആളുകൾ വളരെ അ

ധികം വായിച്ചുംകൊണ്ടിരിക്കും. ഒടുക്കം തലക്കു വെളിവില്ലാതാകും"

അയാൾക്കു മരണമുണ്ടാകയില്ലെന്നു ഞാൻ വിചാരിച്ചു. അയാൾക്കു മാററം സംഭവിക്കുന്നതും അയാൾ വയസ്സനാകുന്നതും എനിക്കൂഹിക്കുവാൻ കഴിഞ്ഞില്ല. കച്ചവടക്കാരെക്കുറിച്ചും, കള്ളന്മാരെക്കുറിച്ചും, കള്ളനാണയമുണ്ടാക്കുന്നവരെക്കുറിച്ചും ഉള്ള കഥകൾ പറയുന്നതു അയാൾക്കിഷ്ടമായിരുന്നു. അങ്ങിനെയുള്ള അനവധികഥകൾ അച്ഛാച്ഛൻ എനിക്കു പറഞ്ഞുതന്നിട്ടുണ്ടായിരുന്നു. അച്ഛാച്ഛൻ അയാളെക്കാൾ ഭംഗിയായിട്ടാണു് കഥകൾ പറഞ്ഞിരുന്നതു്. എന്നാൽ കഥയിലെ ആശയം ഒന്നുതന്നെയായിരുന്നു. ദൈവത്തിന്നും മനുഷ്യന്നും എതിരായി പാപകൃത്യങ്ങൾ ചെയ്തിട്ടാണു് ധനംസമ്പാദിക്കുന്നതു്. പ്യോട്ടർ വാസിലേവിനു ജനങ്ങളെക്കുറിച്ചനുകമ്പയില്ല. എന്നാൽ അയാൾ ദൈവത്തേക്കുറിച്ചു സ്നേഹത്തോടെ സംസാരിച്ചു—നെടുവീർപ്പിട്ടുകൊണ്ടും താഴോട്ടു നോക്കിക്കൊണ്ടു—.

"ആളുകൾ ദൈവത്തെ തോല്പിക്കുന്ന സമ്പ്രദായം നോക്കണം. എന്നാൽ, യേശുക്രിസ്തു അതെല്ലാം കാണുന്നു. അവരെച്ചൊല്ലി വ്യസനിക്കുകയും ചെയ്യുന്നു. "ഹാ, എന്റെ ആളുകളെ! എന്റെ ആളുകളെ! കഷ്ടപ്പെടുന്ന എന്റെ ആളുകളെ! നരകമാണു് നിങ്ങളെയും കാത്തിരിക്കുന്നതു്"

ഒരിക്കൽ ഞാൻ അദ്ദേഹത്തോടു ധൈര്യപ്പെട്ടു ഇങ്ങിനെ പറഞ്ഞു.

"എന്നാൽ നിങ്ങളും നാടന്മാരെ തോല്പിക്കാറുണ്ടല്ലോ."

അയാൾക്കു ക്രോധംവന്നു.

"ഉ.നം—ഞാൻ ചെയ്യുന്ന ദോഷം വളരെ തുച്ഛമാണു്." അയാൾ പറഞ്ഞു. "ഞാൻ കഷ്ടിച്ചു നാലോ, അഞ്ചോ, റൂബിൾ കൈവശമാക്കുന്നുണ്ടു്. അത്രമാത്രം അതിലധികം ഒട്ടുംതന്നെയില്ല,"

അയാൾ ഞാൻ വായിച്ചിരിക്കുന്നതുകണ്ടാൽ, എന്റെ കയ്യി

ൽനിന്നും പുസ്തകം വാങ്ങി, അതിലെ ഉള്ളടക്കത്തേപ്പററി എന്നോടു ചോദ്യം ചോദിക്കും. സംശയം സ്ഫുരിക്കുന്ന ആശ്ചര്യത്തോടെ അയാൾ ഷാപ്പുകാരനോടുപറയും.

"അതാലോചിച്ചു നോക്കു—അവനു പുസ്തകം വായിച്ചു മനസ്സിലാക്കാൻ കഴിയും. ഒരു കുട്ടിക്കുരങ്ങ്"

പിന്നെ അയാൾ മറക്കാനാകാത്ത വ്യക്തമായ ഒരു രീതിയിൽ എന്നെ ഉപദേശിക്കും.

"ഞാൻ പറയുന്നതു കേൾക്കു ഈ ഉപദേശങ്ങൾ നിനക്കുപകരിക്കും. രണ്ടു അച്ഛന്മാരുണ്ടായിരുന്നു. ഒരാൾ അലക്സാണ്ടറിയായിലും മററെയാൾ ജറൂസലത്തും കന്യാമറിയം, വെറും ഒരു സ്ത്രീയാണെന്നും അതുകൊണ്ടു ദൈവത്തെ പ്രസവിക്കാൻ സാദ്ധ്യമല്ലെന്നും ആ സ്ത്രീ ക്രിസ്തു എന്നു പേരുള്ള ലോകോപകാരിയായ വെറും ഒരു മനുഷ്യനെ മാത്രമേ പ്രസവിച്ചിട്ടുള്ളു എന്നും, പറഞ്ഞു നടന്നു. അവിശ്വാസിയായ നെസ്റ്റോറിനെയും അയാളുടെ ആശയങ്ങളേയും എതൃക്കുന്നതിൽ ഒരാൾ സമയം കഴിച്ചു, നെസ്റ്റോറിൻെറ അഭിപ്രായത്തിൽ കന്യാമറിയത്തെ ക്രിസ്തുവിൻെറ അമ്മയെന്നു മാത്രമേ വിളിക്കാവൂ. ദൈവത്തിൻെറ അമ്മയെന്നു വിളിക്കുവാൻ പാടില്ല. മനസ്സിലായോ? ഈ വാദഗതിയെയാണ് നാസ്തികത്വം എന്നുപറഞ്ഞതു്. ജറൂസലത്തുണ്ടായിരുന്ന മററെ അച്ഛൻ അവിശ്വാസിയായ ഏറിയയെ എതൃത്തു."

പള്ളികളുടെ ചരിത്രത്തെക്കുറിച്ചു അയാൾക്കുണ്ടായിരുന്ന അറിവു എന്നെ ആശ്ചര്യപ്പെടുത്തി. അയാൾ കൈകൊണ്ടു താടി ഉഴിഞ്ഞു പറയും.

"അങ്ങിനെയുള്ള വിഷയങ്ങളിൽ ഞാൻ ഒരു സേനാനായകനാണ്. പെന്തക്കോസ്ത് ദിവസം ഞാൻ മോസ്കോവിൽപോയി. നിക്കൺകക്ഷിക്കാരായ പാതിരിമാരുടെയും, വിശ്വാസികളുടെയും വിഷമയമായ വാദമുഖങ്ങളെ പറഞ്ഞു ജയിക്കാൻവേണ്ടി, ഏററവും പണ്ഡിതന്മാരായ ആളുകളുമായി ഞാൻ വാദിച്ചു. എൻെറ

നാക്കിൻെറ പ്രഹരമേററു ഒരു പണ്ഡിതന്റെ മൂക്കിൽനിന്നും ചോരയൊഴുകാൻ തുടങ്ങി. അതാലോചിച്ചുനോക്കു”

അയാളുടെ കവിളുകൾ തുടുത്തു, കണ്ണുകൾ പ്രകാശിച്ചു.

എതിരാളിയുടെ മൂക്കിൽനിന്നും രക്തംവന്നതു അയാളുടെ ഏററവും വലിയ ധീരകൃത്യമായി അയാൾ കാണുന്നുണ്ടായിരുന്നു. അയാളുടെ കീത്തിയാകുന്ന കിരീടത്തിൽ അലങ്കരിക്കാനുള്ള ഏററവും നല്ല രത്നം വലിയ വിജയഭാവത്തിൽ അയാൾ അതിനേക്കുറിച്ചു പറഞ്ഞു.

“അയാൾ നല്ല ഒരു സുന്ദരനായിരുന്നു. ഒരു വലിയ മനുഷ്യൻ. അയാൾ പ്രസംഗപീഠത്തിൽ നിന്നുകൊണ്ടിരിക്കെ മൂക്കിൽനിന്നും രക്തം ഇററിററു വീഴാൻതുടങ്ങി. അതിനെക്കുറിച്ചു അയാൾ അറിഞ്ഞില്ല അയാൾ ഒരു സിംഹത്തെപ്പോലെ ഭയങ്കരനായിരുന്നു ശബ്ദം വലിയ ഒരു മണിനാദംപോലെ. ഞാൻ കട്ടാരികൊണ്ടു കുത്തുംപോലെ വാക്കുകളെക്കൊണ്ടയാളുടെ ആത്മാവിൽ എറിഞ്ഞും കൊണ്ടിരുന്നു; നേരെ വാരിയെല്ലുകൾക്കുള്ളിൽക്കൂടി അയാൾക്കു ഉശാർ കൂടി. അയാൾ ഒരുട്ടപ്പിൻ കല്ലെന്നപോലെ ചുട്ടുപഴുത്തു. അതൊക്കെ അങ്ങിനെയൊരുകാലം.”

ഞങ്ങളുടെ ഷാപ്പിൻ മററു പണ്ഡിത മാന്യന്മാരും വരാറുണ്ടായിരുന്നു. കുടവയറനായ ഒററക്കണ്ണൻ പക്കോമി, മുരളിയുംകൊണ്ടുള്ള ഒരു ശബ്ദമുള്ള ആൾ. എപ്പോഴും പഴയ മെഴുക്കു പുരണ്ട ഒരു കോട്ടുധരിച്ചിരിക്കും. അതുപോലെ ലൂക്കിയൻ, ഒരു ചുണ്ടെലിയെപ്പോലെ ചെറിയ മനുഷ്യൻ; നല്ല സ്വഭാവമാണ്. അയാളുടെ കൂടെ ഏതു സമയത്തും കണ്ടാൽ ഒരു വണ്ടിക്കാരനാണെന്നുതോന്നുന്ന ഒരു ചങ്ങാതി ഉണ്ടായിരിക്കും. അയാളുടെ കണ്ണുകൾ അനങ്ങുകയില്ല. സുമുഖനാണ് പക്ഷേ, നോട്ടം കണ്ടാൽ ആരും ഇഷ്ടപ്പെടുകയില്ല. കറുത്ത നീണ്ട താടിയാണ്.

അവരെല്ലാംതന്നെ ഞങ്ങൾക്കു പഴയ പുസ്തകങ്ങൾ, പ്രതിമകൾ, പള്ളിയിൽ ഉപയോഗിക്കുന്ന പാത്രങ്ങൾ മുതലായ സാധ

നങ്ങൾ വില്ക്കും. ഇടക്കു അവർ മററുവല്ലവരേയും ഒപ്പം കൂട്ടിക്കൊണ്ടുവരും. വോൾഗയുടെ അക്കരെയിൽനിന്നു വരുന്ന വല്ല കിഴവനെയോ കിഴവിയെയോ അവരും പഴയ സാധനങ്ങൾ വില്ക്കാൻ വരുന്നതാണ്. കച്ചവടം നടന്നുകഴിഞ്ഞാൽ വേലിമേൽ കാക്കളിരിക്കുന്നതുപോലെ അവർ പണപ്പെട്ടിയുടെ അടുത്തുള്ള ബെഞ്ചിന്മേൽ ഇരിക്കും. ചായകഴിക്കും. പഞ്ചസാരപുരട്ടിയ ബന്നു തിന്നും. അവർ നിക്കൺ പക്ഷക്കാരായ പള്ളിക്കാരുടെ മർദ്ദനങ്ങൾ എണ്ണി എണ്ണിപ്പറയും. ഒരിടത്തു ഒരു പരിശോധനനടത്തി. പുണ്യകരമായ അനേകം പുസ്തകങ്ങൾ കണ്ടുകെട്ടിയിരിക്കുന്നു. മറെറാരിടത്തു പോലീസുകാർ ബലാൽക്കാരമായി പള്ളികൾ പൂട്ടിച്ചു പള്ളിയിലെ ആളുകളുടെ പേരിൽ 103-ാം വകുപ്പ് പ്രകാരം ഒരു കേസ് ചാർജ്ജ് ചെയ്തിരിക്കുന്നു.

103-ാം വകുപ്പ് എപ്പോഴും അവക്ക് പ്രിയപ്പെട്ട ഒരു വകുപ്പാണ്. അനിവാര്യമായ എന്തോ ഒന്നിനെക്കുറിച്ചു പറയുംപോലെ, ശീതകാലത്തെ മഞ്ഞിനെക്കുറിച്ചെന്നപോലെ ആണ് അവർ ആ വകുപ്പിനെക്കുറിച്ചു സംസാരിക്കുക.

പോലീസ്, തിരച്ചിൽ, തടവ്, കോടതി, സൈബീരിയ ഇങ്ങിനെയുള്ള വാക്കുകൾ മതത്തിനുവേണ്ടിയുള്ള അവരുടെ കഷ്ടപ്പാടുകളെസ്പർശിച്ചും കൊണ്ടുള്ള ഇങ്ങിനെയുള്ള വാക്കുകൾ— എന്റെ ഹൃദയത്തിൽ കത്തിയെരിയുന്ന കൽക്കരിക്കഷണങ്ങൾ പോലെ വീഴുകയായിരുന്നു. എനിക്കു് ആളുകളെക്കുറിച്ചു അനുകമ്പയും വ്യസനവും തോന്നി. ഞാൻ വായിച്ച പുസ്തകങ്ങളെല്ലാം ധാർമ്മികധൈര്യം ആവശ്യമാണെന്നു പഠിപ്പിച്ചു. ലക്ഷ്യം പ്രാപിക്കുന്നതിൽ, വിട്ടുവീഴ്ചയില്ലാതെ, സമരം ചെയ്യുന്നവരെ ബഹുമാനിക്കേണമെന്നു പഠിപ്പിച്ചു. പഴയ ഒരു വിശ്വാസത്തിന്നുവേണ്ടി വാദിക്കുന്ന അത്തരക്കാരുടെ, വ്യക്തിഗതമായ ബലഹീനതകളെ ഞാൻ വിസ്മരിച്ചു. അവക്കു നിശബ്ദമായ, ബോധപൂർവ്വമായ ഒരു ദൃഢവ്രതമുണ്ടു്. അവരുടെ ആദർശം ന്യായമാണ് സ

ത്ത്യമാണ് എന്ന ബോധമുണ്ട്; ആ ആദർശത്തിനുവേണ്ടി, എന്തു കഷ്ടതയും സഹിക്കുവാനുള്ള സന്നദ്ധതയുണ്ട്, ധൈര്യവുമുണ്ട്.

പിൽക്കാലത്തു ബുദ്ധിജീവികളുടെ ഇടയിലും സാധാരണക്കാരുടെ ഇടയിലും അത്തരം ആളുകളെ ഞാൻ കണ്ടുമുട്ടിയപ്പോഴം, അവരുടെ, ആ ദൃഢവ്രതത്തിന്റെ അടിസ്ഥാനമെന്താണെന്നു കാണാൻ ഞാൻ ശ്രമിച്ചു; ഏററവും അങ്ങേ അററത്തെ, അതൃത്തിയിൽ എത്തിയതിന്നുശേഷം അതിലപ്പുറം പോകാൻ മാർഗ്ഗമില്ലാതെ, അതിലങ്ങേപ്പുറം പോകാൻ ആഗ്രഹിക്കാതെ, പഴയ, ശക്തി നശിച്ച. വാക്കുകളെയും ആശയങ്ങളേയും അവർ പൊക്കിപ്പിടിക്കുകയാണ്. ആശ്ലേഷിക്കുകയാണ് എന്നു എനിക്കു ബോദ്ധ്യമായി അവരുടെ ഇച്ഛാശക്തി ദുർബ്ബലമായിരിക്കുന്നു. ഭാവി സൃഷ്ടിക്കുവാൻ അവക്കു കഴിവില്ലാതായിരിക്കുന്നു; അവരെ പെട്ടെന്നു മോചിപ്പിക്കുകയാണെങ്കിൽ, അവർ കുന്നിന്മേൽനിന്നു താഴത്തേക്കു ഒരു കല്ലെന്നപോലെ ഉരുണ്ടുപിരണ്ടു മറിഞ്ഞുവീഴം കഷ്ടപ്പെടാനുള്ള സന്ദർഭം പിറകോട്ടുനോക്കുന്ന ഒരു സ്വഭാവം അവരെ നശിച്ച, ജീവനില്ലാതായിക്കഴിഞ്ഞ ആശയങ്ങളുടെ പിടിയിൽ തടവുകാരാക്കി വെച്ചിരിക്കുന്നു. കഷ്ടപ്പാടിനെക്കുറിച്ചുള്ള നശിച്ച പ്രതിപത്തി അവരെ അടിമകളാക്കിയിരിക്കുന്നു. കഷ്ടപ്പെടാനുള്ള അവസരം നിഷേധിക്കപ്പെടുകയാണെങ്കിൽ, അവർ ജീവിതത്തിന്നുള്ള സകല സാഹചര്യങ്ങളും നഷ്ടപ്പെട്ടതുപോലെ പരവശരാകും കാററും വെയിലുമുള്ള ഒരു ദിവസം ആകാശത്തിൽ മേഘങ്ങളെന്നപോലെ, അപ്രത്യക്ഷരാകും,

ആവേശത്തോടെ, പൊള്ളയായ അഭിമാനത്തോടെ, അവർ ഏതൊന്നിന്നുവേണ്ടി അത്ര വലിയ ത്യാഗങ്ങൾ സഹിച്ചുവോ, ആ വിശ്വാസം അവരുടെ ദൃഷ്ടിയിൽ, ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തവിധം, ഉറച്ചതും, ഇളക്കം തട്ടാത്തതുമായ വിശ്വാസമാണ്. എന്നാൽ ആ വിശ്വാസങ്ങൾ പഴകിജീർണ്ണിച്ച വസ്ത്രങ്ങളേപ്പോലെയാണ്. അഴുക്കും പൊടിയും പുരണ്ട ആ വസ്ത്രങ്ങൾ

കാലത്തിൻെറ ചെയ്തികൾക്കു കോട്ടം തട്ടിക്കാൻ കഴിയാതെ വൃത്തികെട്ടതായിക്കഴിഞ്ഞിരിക്കുന്നു. അവരുടെ ചിന്തകളും വിചാരങ്ങളും പഴയ ചില തത്വങ്ങളിൽ മൂടിനില്ക്കുകയാണ്. അവർ അങ്ങിനെ, അംഗഹീനരായിക്കഴിഞ്ഞതും മണ്ണിനോടു വരിഞ്ഞു കെട്ടപ്പെട്ടിട്ടുള്ളതും അവരെ അല്പംപോലും അലട്ടുന്നില്ല.

നമ്മുടെ ജീവിതത്തിൽ ശീലംകൊണ്ടും പാരമ്പര്യംകൊണ്ടും നിലനില്ക്കുന്ന ഈ വിശ്വാസം, ഏററവും വൃത്തികെട്ടതും വ്യസനിക്കേണ്ടതുമായ ഒന്നാണ്. അങ്ങിനെയുള്ള വിശ്വാസത്തിൻെറ അത്യുത്തികളിൽ, ഒരു കൽച്ചുമരിൻെറ തണലിലെന്നപോലെ, പുതുതായ എന്തും തന്നെ വളരെ സാവധാനത്തിൽ മാത്രമേ വളരുകയുള്ളു. വളഞ്ഞു പിരിഞ്ഞും വിളറിയും മാത്രമേ അതു വളൎന്നു പൊങ്ങുകയുള്ളു. ആ ഇരുണ്ട വിശ്വത്തിലേക്കു, സ്നേഹത്തിൻെറ രശ്മികൾ, വളരെയൊന്നും തുളഞ്ഞുകയറുകയില്ല. എത്രയെങ്കിലും പകയും, പ്രതികാരേച്ഛയും അസൂയയും, ഏകോദരസഹോദരന്മാരെ വെറുക്കാനുള്ള ആസക്തിയും അതിൽ എളുപ്പം തുളഞ്ഞുകയറുകയും ചെയ്യും. അങ്ങിനെയുള്ള വിശ്വാസങ്ങളുടെ ആളിക്കയറുന്ന ആവേശം കത്തിയണയാൻ പോകുന്ന വിളക്കിൻെറ അവസാനത്തെ പാളിക്കത്തലായി മാത്രമേ കരുതാൻ പാടുള്ളു

എന്നാൽ ഈ അഭിപ്രായം എന്നിൽ ദൃഢമൂലമായിത്തീരാൻ, കഷ്ടപ്പെട്ടുകൊണ്ടു അനേകം കൊല്ലങ്ങൾ നീണ്ടുനില്ക്കുന്ന ജീവിതം ആവശ്യമായിവന്നു. പ്രിയകരമായിക്കരുതിയിരുന്ന അനേകം പ്രതീക്ഷകൾ വലിച്ചെറിഞ്ഞു ഒരു പുതിയ വീക്ഷണഗതി സ്വീകരിക്കേണ്ടിവന്നു. എനിക്കു ചുററുമുള്ള എന്തും ചെയ്യാൻ മടിയില്ലാത്ത നിഷ്ഠുരജീവിതത്തിനിടയിൽ ഈ പ്രവാചകന്മാരെ, കണ്ടുമുട്ടാൻ ഇടയായപ്പോൾ, അവൎക്കു ഏററവും അധികം ശക്തിയുണ്ടെന്നു ഞാൻ വിചാരിച്ചു. അവർ മണ്ണിലെ ഉപ്പാണെന്നു ഞാൻ കരുതി. അവരിൽ ഓരോരുത്തരും ഓരോ സന്ദർഭത്തിലായി ജയിലുകൾ കണ്ടിട്ടുണ്ടു. കോടതിയിൽ ഹാജരാക്കപ്പെട്ടിട്ടുണ്ട്. അവരെ മററു തടവുകാരോടൊപ്പം നാടുകടത്തിയിട്ടുണ്ടു്

BINDHU ROSE MATHEW
Arpookara, Medical College P.O


നിരത്തുകളിൽകൂടി ചങ്ങലയിട്ടു നടത്തിയിട്ടുണ്ടു്. അവരെല്ലാം തന്നെ ഭയന്നു ഒളിവിൽ കഴിയുന്ന ഒരു ജീവിതം നയിക്കുകയാണു്.

നിക്കൺ കക്ഷിക്കാർ ആത്മാവിനെ നായാടിയോടിക്കുന്നതിനെക്കുറിച്ചു, ആവലാതിപ്പെടുമ്പോഴുംതന്നെ, അന്യോന്യം കടിപിടിക്കുകയാണെന്നും ഞാൻ മനസ്സിലാക്കി.

ചായ കഴിച്ചുകൊണ്ടിരിക്കെ, ഒററക്കണ്ണനായ പൊക്കോമി, തന്റെ പാണ്ഡിത്യം പ്രകടിപ്പിക്കുവാൻ ശ്രമിക്കും. അയാൾക്കു ചില മതഗ്രന്ഥങ്ങൾ മനഃപ്പാഠം അറിയാമായിരുന്നു. പുസ്തകത്തിൽ ഏതെങ്കിലും ഒരു വാക്കിന്റെ നേരെ ചൂണ്ടിയുംകൊണ്ടു് അതിലപ്പുറം മൂക്കിൽ നിന്നു പുറപ്പെടുന്ന ഒരു ശബ്ദത്തിൽ മനഃപ്പാഠം ചൊല്ലും. അയാൾ എപ്പോഴും തറയിൽ ദൃഷ്ടിപതിപ്പിച്ചിരിക്കും. ആ ഒററക്കണ്ണു! എന്തോ വിലപിടിച്ച ഒന്നിനെ തിരഞ്ഞുകൊണ്ടിരിക്കുന്നതുപോലെ, ചുഴന്നു കളിച്ചുംകൊണ്ടിരിക്കും. പലപ്പോഴും അയാൾ മിഷട്സ്കിയുടെ, "റഷ്യയുടെ മന്തിംിങ്ങകൾ"എന്ന പുസ്തകത്തിൽനിന്നു വാചകങ്ങൾ ഉദ്ധരിക്കും. ഏററവും ക്ഷമയുള്ളവരും, ഏററവും ധീരന്മാരും ഭയമില്ലാത്തവരും, ആയ രക്തസാക്ഷികളുടെ കഥ അയാൾക്കു് വെടിപ്പായറിയാം. പ്യോട്ടർ വാസിലേവ്, അയാൾക്കു, ഒരു തെറെറങ്കിലും പററിക്കാണാൻ തക്കം പാർത്തിരിക്കും.

"തെററു്—അതു പരിശുദ്ധനായ ഡെനീസ്സിനാണു് സംഭവിച്ചതു്, പുണ്യവാനായ കിപ്രിയനല്ല."

"ഡെന്നീസ്സോ, ആരാണി ഡെന്നീസ്, ലെയൊണിഷ്യഡ് എന്നാണ് പേരു."

"ഒരു പേരിനെക്കുറിച്ചു അത്രയൊന്നും നാം വാദിക്കേണ്ടതില്ല."

"നീ എന്നെ പഠിപ്പിക്കാനും വരേണ്ടതില്ല."

ഒരു നിമിഷം കഴിയുമ്പോഴേക്കും രണ്ടുപേക്കും ക്രോധം വരും. രണ്ടുപേരും അന്യോന്യം തുറിച്ചുനോക്കിയുംകൊണ്ടു പറയും.

"പരുംങ്കുടിയാ, നാണംകെട്ട മോന്തേ! നിൻെറ വയറെത്ര വലുതാണ്."

കണക്കു കൂട്ടിക്കൊണ്ടിരിക്കയാണെന്ന ഭാവത്തിൽ പക്കോമി മറുപടി പറയും.

"നീ ഒരു കോലാടാണ്, വഷളനാണ്, പെണ്ണുങ്ങളുടെ പിന്നാലെ നടക്കുന്നവനാണ്".

ഷാപ്പുകാരൻ കുപ്പായക്കീശയിൽ കയ്യിട്ട പകയോടെ ചിരിച്ചുംകൊണ്ടു, പഴയ ഒരു മതത്തിൻെറ കാവൽക്കാരായ അവരെ ചെറിയ സ്കൂൾ കുട്ടികളെയെന്നപോലെ; പ്രോത്സാഹിപ്പിച്ചുംകൊണ്ടിരിക്കും.

"പിടി അവനെ, അതാണ് കാര്യം."

ഒരു ദിവസം ആ രണ്ടു കിഴവന്മാർ തമ്മിൽ വാസ്തവത്തിൽ അടിയായി. പ്യോട്ടർ വാസിലേവിക്ക്, പാക്കോമിയുടെ മുഖത്തു ഒരടിവെച്ചു കൊടുത്തു. അയാൾ ഓടിക്കളഞ്ഞു. നെററിയിൽനിന്നു വിയർപ്പു തുടച്ചുംകൊണ്ടു പ്യോട്ടർ വിളിച്ചുപറഞ്ഞു.

"നിനക്കു ഞാൻ കാണിച്ചുതരാം. നിൻെറ ആത്മാവിൽ ഈ പാപം ചുമത്തപ്പെട്ടും. നീ ആണ് എൻെറ കൈകൊണ്ടു ഈ പാപം ചെയ്യിച്ചതു നീ നശിച്ചു പോകട്ടെ."

തൻെറ ചങ്ങാതികൾക്കു വേണ്ടത്ര മതവിശ്വാസമില്ലെന്നു അയാൾ ആക്ഷേപിക്കും അവർക്കു നിഷേധാത്മകത്വം വരികയാണെന്നയാൾ ആക്ഷേപിക്കും

"ആ അലക്സാണ്ടറാണ് നിങ്ങളെയെല്ലാം തലതിരിച്ചു വിടുന്നതു്. ആ കൂവിക്കൊണ്ടിരിക്കുന്ന പൂവൻകോഴി."

നിഷേധാത്മകത്വം അയാളെ, വിറളി പിടിപ്പിച്ചു; ഭയപ്പെടുത്തി, എന്നാൽ അതിൻെറ അർത്ഥമെന്താണെന്നു ചോദിച്ചാൽ അതു വ്യക്തമായിപ്പറയാൻ അയാൾക്കു സാധിക്കുകയില്ല.

"നിരീശ്വരത്വത്തിൻെറ ഏററവും രൂക്ഷമായ രൂപമാണ് നിഷേധാത്മകത്വം ദൈവമില്ല. മനസ്സേയുള്ളു. കൊസ്സാക്കുക ളെയെടുക്കുക. അവർ സുവിശേഷം അംഗീകരിക്കുന്നു. സാറട്ടോ വിലെ, ജമ്മൻകാരിൽനിന്നാണ് സുവിശേഷം എടുത്തിട്ടുള്ളതു്. ലൂതറിൽനിന്നും അയാളെക്കുറിച്ചു പറയപ്പെടുന്നതെന്താണെന്നറി യാമോ, "ലൂതർ, സ്ത്രീലോലനായ ലൂതർ"—എന്നാണ്, ജമ്മൻ കാർ മുഴുവനും അങ്ങിനെയാണ്. ഇതെല്ലാംതന്നെ പാശ്ചാത്യനാ ടുകളിൽനിന്നും വരുന്ന നിരീശ്വരവാദമാണ്."

തൻെറ മുടന്തുള്ള കാൽ നിലത്തു ഉറക്കെ ചവിട്ടിയുംകൊ ണ്ടയാൾ വളരെ ഗൌരവത്തോടെ തുടരും.

"ആ കൂട്ടരെ അവസാനിപ്പിക്കണം. ആ കൂട്ടരെ മർദ്ദിക്ക ണം. കുററിയോടു കെട്ടിയിട്ടു ചുട്ടുകളയണം. നമ്മളെയല്ല, അ ങ്ങിനെയുള്ള ശിക്ഷകൾക്കു വിധേയരാക്കേണ്ടതു്. നാം പുരാതന കാലംമുതൽക്കുതന്നെ റഷ്യക്കാരാണ്. നമ്മുടെ മതവിശ്വാസം പരമാത്മമായ പൌരസ്ത്യമതമാണ്. അങ്ങോളമിങ്ങോളം റഷ്യ യുടേതു. മററുള്ളതെല്ലാം പാശ്ചാത്യമാണ്. തലകീഴായ സ്വത ന്ത്രചിന്ത. ജമ്മൻകാരിൽനിന്നുമാണ് അതു കൊണ്ടുവന്നതു. അ വയെക്കൊണ്ടെന്തു നന്മയുണ്ടാകാനാണ്? നോക്കു—1812ൽ.....?

അദ്ദേഹം ആവേശത്തിൽ ഒരു വെറും കുട്ടിയോടാണ് താൻ സംസാരിക്കുന്നതെന്ന വസ്തുത വിസ്മരിക്കും. അയാൾ എൻെറ അ രപ്പട്ടയിൽ ആഞ്ഞുപിടിക്കും. എന്നെ അയാളുടെ നേരെ പിടി ച്ചുവലിക്കും. അല്ലെങ്കിൽ, എന്നെ പിടിച്ചു ഒരു യുവാവിൻെറ കായബലത്തോടെ പിറകോട്ടു തള്ളും.

"മനുഷ്യൻെറ ജ്ഞാനം, അതുതന്നെ നട്ടുവളർത്തിയ ഒരുവൻ കാട്ടിൽ കുടുങ്ങി ഉഴലുകയാണ്. ക്രൂരതയുള്ള ഒരു ചെന്നായയെ പ്പോലെ, അതു തെണ്ടിനടക്കുന്നു; ചെകുത്താനാൽ പ്രേരിതമായി അതു, ദൈവത്തിൻെറ സമ്മാനമായ, ആത്മാവിനെ നിഷേധിക്കു ന്നു. ഈ ചെകുത്താന്മാരുടെ ദാസന്മാർ എന്തൊന്നാണ് ചിന്തി

ച്ചു കണ്ടുപിടിച്ചിട്ടുള്ളതു? നിഷേധാത്മകതത്വത്തിൻെറ പുരോഹിതന്മാർ പഠിപ്പിക്കുന്നതിതാണ്. "ചെകുത്താനും ഈശ്വരപുത്രനാണ്, യേശുക്രിസ്തുവിൻെറ ജ്യേഷ്ഠനാണ്; അതോർത്തുനോക്കു. അധികാരം ചോദ്യംചെയ്യാൻ അവർ ജനങ്ങളെ പഠിപ്പിക്കുന്നു. മനുഷ്യന്നു ഒരു കത്തവ്യവുമില്ലെന്നാണ് പറയുന്നതു്. വ്യവസ്ഥ വേണ്ട. അവൻ ഇഷ്ടംപോലെ ജീവിച്ചുകൊള്ളട്ടെ. ചെകുത്താൻെറ നിർദ്ദേശത്തിന്നനുസരിച്ചു ജീവിച്ചുകൊള്ളട്ടെ. അതാണു അലക്സാണ്ടരുടെ ഉപദേശങ്ങൾ. നശിച്ച പുഴ......"

ചിലപ്പോൾ ഷാപ്പുകാരൻ, ചില പണികൾ ചെയ്യാൻ എന്നെ പറഞ്ഞയക്കും. അങ്ങിനെ ഒററക്കായിക്കഴിഞ്ഞാലും, ശൂന്യതയിൽ നോക്കിയുംകൊണ്ടയാൾ പ്രസംഗം തുടരും.

"ചിറകില്ലാത്ത ജീവികൾ—ഓ— കുരുടന്മാരായ പട്ടിക്കുട്ടികൾ—ഞാൻ എവിടെയാണു് ഓടി രക്ഷപ്പെടേണ്ടതു?"

പിന്നെ തല പിറകോട്ടു ചരിച്ചും കാൽമുട്ടുകളിന്മേൽ കൈയ്യൂന്നിയും അയാൾ മഞ്ഞു നിറഞ്ഞ ശിശിരാകാശത്തിൽ ദൃഷ്ടിയുറപ്പിക്കും.

ക്രമേണ അയാൾക്കു് എന്നിൽ താല്പര്യവും സ്നേഹവും ജനിച്ചു. ഞാൻ വല്ലപ്പോഴും പുസ്തകം വായിക്കുന്നതു കണ്ടാൽ, അയാൾ എൻെറ ചുമലിൽ തട്ടിയുംകൊണ്ടു പറയും.

"നന്നായി വായിച്ചു പഠിക്കണം. കുട്ടീ, അതു പിൽക്കാലത്തു നിനക്കുപയോഗപ്പെടും. നിനക്കു നല്ല ബുദ്ധിയുണ്ടെന്നാണു തോന്നുന്നതു. മുതിന്നവർ പറയുന്നതു നീ വിശ്വസിക്കാത്തതു കഷ്ടമാണ്. നീ എല്ലാവരേയും എതിരാളികളാക്കി മാററുന്നുണ്ടു. അങ്ങിനെയുള്ള കുസൃതികൾ നിന്നെ എവിടെ എത്തിക്കുമെന്നാണ് നീ വിചാരിക്കുന്നതു? ഇതൊക്കെ കുററവാളിയായിത്തീരാനെ ഉതകുകയുള്ളു. കഴിയുന്നത്ര അധികം പുസ്തകങ്ങൾ വായിക്കു. പക്ഷെ ഒന്നു മറക്കരുതു പുസ്തകം പുസ്തകമാണ്. നീ നിൻെറ സ്വന്തം തലച്ചോർ കൊണ്ടു ചിന്തിക്കണം. മുമ്പ് ഡെനിയൽ

എന്ന ഒരു ചിന്തകൻ ഉണ്ടായിരുന്നു. അയാഠം പറഞ്ഞതു പുസ്തകങ്ങഠംകൊണ്ടു ഒരു ഉപയോഗവുമില്ലെന്നാണ്. പുതുതും പഴയതും — അയാഠം പുസ്തകങ്ങഠം എല്ലാമെടുത്തു പുഴയിൽ മുക്കിക്കളഞ്ഞു. അതിലും എന്താണർത്ഥമുള്ളതു്. ഇതിന്നും പുറമെ ആ ദുർബുദ്ധിയായ അലക്സാണ്ടർ, ജനങ്ങളെ വഴിപിഴപ്പിക്കുന്നു.. .. ”

അയാഠം കൂടക്കൂടെ ഈ അലക്സാണ്ടറെക്കുറിച്ചു് ആവത്തിച്ചാവത്തിച്ചു പറയും. ഒരു ദിവസം അയാഠം ഒരു വ്യസനഭാവത്തോടെ, പീടികയിൽ കയറിവന്നു. ഷാപ്പുകാരനോടു് ഗൌരവത്തിൽപറഞ്ഞു.

“അലക്സാണ്ടർ ഈ പട്ടണത്തിൽ എത്തിയിട്ടുണ്ടു് — ഇന്നലെ എത്തി. ഞാൻ എല്ലായിടത്തും പോയി പക്ഷെ കണ്ടുകിട്ടിയില്ല. എവിടെയൊ ഒളിക്കുകയാണ്. ഞാൻ കുറച്ചുനേരം ഇവിടെ ഇരിക്കട്ടെ. ഒരു പക്ഷെ അവൻ ഈ വഴി കടന്നു വരാതിരിക്കയില്ല ”

“എനിക്കൊരാളെയും, ഒരു കാൎയ്യത്തെപ്പററിയും അറിയുകയില്ല.” ഷാപ്പുകാരൻ, താൽപ്പൎയ്യമില്ലാതെ പറഞ്ഞു.

കിഴവൻ, തലയാട്ടി.

“അതു് ശരിയാണ്. നിനക്കു അറിയുന്നതു് സാധനങ്ങഠം വാങ്ങാൻ വരുന്നവരെ മാത്രമാണ്. മററാരേയും അറിയുകയില്ല. ശരി, ഒരു ഗ്ലാസ്സ് ചായതരാൻ കഴിയുമോ?

ഞാൻ വലിയ ചായപ്പാത്രത്തിൽ ചൂടുവെള്ളവുമായി വന്നപ്പോഠം, ഷാപ്പിൽ വേറെയും ചില അതിഥികഠം ഇരിക്കുന്നതായിക്കണ്ടു. അവരിൽ ഒരാഠം കിഴവനായ ലുകിയാനായിരുന്നു. സന്തോഷത്തോടെ ചിരിക്കുന്നു. വാതിലിന്നു പിന്നിൽ, ഇരുണ്ട ഒരു മൂലയിൽ, ഉയരമുള്ള ബുട്ടുകഠംധരിച്ച ഒരപരിചിതൻ ഇരിക്കുന്നു. അയാഠം ഒരു ചൂടുള്ള കോട്ടും, പച്ചനിറത്തിലുള്ള അരപ്പട്ടയും ധരിച്ചിട്ടുണ്ടു്. തൊപ്പി കണ്ണിന്നുമീതെ വലിച്ചു താഴ്ത്തിയിരിക്കുന്നു. അയാളുടെ മുഖത്തു സന്തോഷമില്ല. ഒരു ശാന്തനാ

യ വിനയസ്വഭാവിയായ മനുഷ്യൻ. ജോലിയിൽനിന്നു പിരിച്ചുയക്കപ്പെട്ടതുകൊണ്ടു് വളരെ നിരാശനായ, ഒരു ഷാപ്പുജോലിക്കാരനെപ്പോലെയുണ്ടു കണ്ടാൽ.

അയാളുടെ നേരെ നോക്കാതെ, പ്യോട്ടർ വാസിലേവ് വളരെ ഗൌരവത്തിൽ എന്തോ പറയുകയാണ്. അപരിചിതൻ തൻെറ തൊപ്പി അങ്ങോട്ടുമിങ്ങോട്ടും വലിച്ചു നീക്കിയുംകൊണ്ടിരുന്നു. കരിങ്ങുവരക്കാരനെന്നപോലെ, കയ്യുയർത്തിയുംകൊണ്ടയാൾ തൻെറ തൊപ്പിയൊന്നു പിടിച്ചുവലിക്കും, വീണ്ടും വലിക്കും, വീണ്ടും. പിന്നെ തൊപ്പി തലയുടെ പിൻഭാഗത്തു കൊള്ളിച്ചുവെക്കും, വീണ്ടും വലിച്ചു മൂക്കിന്നു നേരെ താഴ്ത്തും. അയാളുടെ ഈ ചേഷ്ടിതങ്ങൾ കണ്ടാൽ വിഡ്ഢിയായ ഇഗോഷയെയാണ് ഓർമ്മയിൽ വരിക.

"കലങ്ങിയവെള്ളം കൂടുതൽ കലക്കിയുംകൊണ്ടു് പല അവിശ്വാസികളും പ്രസംഗിച്ചു നടക്കുകയാണ്." പ്യോട്ടർ വാസിലോവ് പറഞ്ഞു.

ഒരു ഷാപ്പിലെ ജോലിക്കാരനെപ്പോലെയാണെന്നു പറഞ്ഞു അയാൾ ശാന്തമായി ചോദിച്ചു.

"നിങ്ങൾ എന്നെയാണോ ഉദ്ദേശിക്കുന്നതു?"

അതാണെങ്കിലെന്താണ്?"

പിന്നെ ആ പുതിയമനുഷ്യൻ വീണ്ടും ചോദിച്ചു. വളരെ ആത്മാർത്ഥത സ്ഫുരിക്കുന്ന സ്വരത്തിൽ,

"നിങ്ങൾ നിങ്ങളെക്കുറിച്ചെന്തു പറയുന്നു?"

"ഞാൻ എന്നെക്കുറിച്ചു ദൈവത്തോടു മാത്രമേ സംസാരിക്കയുള്ളു—അതു എൻെറ സ്വന്തം കാര്യമാണ്."

"ഓ, ഒരിക്കലുമല്ല. അതു എൻെറയും കാര്യമാണ്" അപരിചിതൻ ശക്തിയായും വിജയഭാവത്തിലും മറുപടി പറഞ്ഞു.

"എന്റെ ചങ്ങാതി, നിങ്ങൾ സത്യത്തിന്റെമുമ്പിൽനിന്നും മുഖം തിരിക്കരുതു. സ്വന്തം കാര്യം മാത്രം നോക്കി, കണ്ണടച്ചുക ളയരുതു്. മനുഷ്യന്റെയും ദൈവത്തിന്റെയും മുമ്പിൽ നടക്കു ന്ന പാപങ്ങൾ അനേകമാണ്."

അയാൾ പ്യോട്ടർ വാസിലിവിനെ തന്റെ ചങ്ങാതി! എ ന്നു് വിളിച്ചുകേട്ടപ്പോൾ എനിക്കു വലിയ സന്തോഷം തോന്നി. അയാളുടെ ശാന്തമായ ശബ്ദം കേൾക്കുന്നതിലും എനിക്കു പ്രിയം തോന്നി ഒരു നല്ല അച്ചൻ, "പ്രഭുവായ ദൈവമേ, ഈ ദേഹ ത്തെ സൃഷ്ടിച്ച അങ്ങുന്ന– – –"എന്നു് വായിക്കുംപോലെയായിരു ന്നു അയാളുടെ വാക്കുകൾ. – – –കൈ മുമ്പിൽ വീശിയുംകൊ ണ്ടു് അയാൾ കസേലയിൽ, മുമ്പോട്ടു കുനിഞ്ഞിരുന്നു.

"നിങ്ങൾ എന്താണ് എന്നെക്കുറിച്ചോരഭിപ്രായം പുറപ്പെടു വിക്കുന്നതു്. ഞാൻ നിങ്ങളേക്കാൾ ഒരു പാപിയൊന്നുമല്ല."

"സമാവർ അങ്ങിനെ, ഒച്ചയുണ്ടാക്കിയുംകൊണ്ടു തിളക്കുന്നു" ലൂക്കിയൻ ഇടക്കു പറഞ്ഞു. അപരിചിതൻ അതു് ഗൌനിക്കാ തെ തുടന്നു.

"ആരാണു് പരമാത്മാവിന്റെ ഉറവിടങ്ങൾ, കലക്കിക്കളയു ന്നതെന്നു ദൈവത്തിന്നു മാത്രം അറിയാം. ഒരു പക്ഷെ അതു നി ങ്ങളുടെ പാപമായിരിക്കാം. പുസ്തകത്തിൽനിന്നും മനഃപാഠം പഠിച്ചു പാണ്ഡിത്യം നടിക്കുന്നവരുടെ പാപം. ഞാൻ പുസ്തക ങ്ങൾ കണ്ടിട്ടില്ല.എനിക്കാ പഠിപ്പുമില്ല. ഞാൻ ജീവിച്ചിരിക്കു ന്ന ഒരു സാധാരണക്കാരനാണ്.

"എനിക്കു നിങ്ങളുടെ അസാധാരണത്വത്തെക്കുറിച്ചറിയാം. അതിനെക്കുറിച്ചു ഞാൻ ധാരാളം കേട്ടിട്ടുണ്ടു്."

"നിങ്ങളാണ് ആളുകളെ വഴി പിഴപ്പിക്കുന്നതു. പുസ്തക ങ്ങൾ വായിച്ചു ലളിതമായ പരമാർത്ഥങ്ങൾ മാററിപ്പറയുന്നവർ

എന്നെ സംബന്ധിച്ചാണെങ്കിൽ - ഞാനെന്താണു് പഠിപ്പിക്കുന്ന തെന്നു് നിങ്ങൾക്കു പറയാൻ കഴിയുമോ?

"മതവിരുദ്ധഭാവം" പ്യോട്ടർ വാസിലേവ് പറഞ്ഞു. എന്നാൽ അപരിചിതൻ അയാളുടെ ഉള്ളംകൈ മുഖത്തിന്നു താഴെപ്പിടിച്ചു. എന്തോ വായിക്കുംപോലെ തുടൎന്നു.

"നിങ്ങൾ ജനങ്ങളെ ഒരു പോളക്കുരുവിൽനിന്നും മറ്റൊന്നിലേക്കു നയിക്കുന്നു. അവരെ നന്നാക്കുകയാണെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? ഞാൻ നിങ്ങളോടു പറയുന്നു, അതങ്ങിനെയല്ല. ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ സ്വയം സ്വതന്ത്രനാവുക. അല്ലയോ മനുഷ്യാ വീടും ഭാൎയ്യയും സമ്പത്തും എല്ലാം ദൈവത്തിൻെറ മുമ്പിൽ എന്താണെന്നു് ഞാൻ ചോദിക്കുന്നു. നിങ്ങൾ സ്വയം സ്വതന്ത്രനാകുക. ക്രൂരതയിലേക്കും കൊലയിലേക്കും എത്തിക്കുന്ന സകലതിൽനിന്നും മോചനം നേടുക. സ്വൎണ്ണത്തിൽനിന്നും വെള്ളിയിൽനിന്നും എല്ലാ സമ്പത്തിൽനിന്നും. അവയെല്ലാം മണ്ണും നാശവുമാണ്. ഈ ഭൂമിയിൽ അല്ല മനുഷ്യൻ മോക്ഷം പ്രാപിക്കുന്നതു്. സ്വൎഗ്ഗത്തിലെ താഴ്വാരങ്ങളിലാണു്. എല്ലാംതന്നെ നിങ്ങൾ വേണ്ടെന്നുവെക്കുക, ഞാൻ പറയുന്നു എല്ലാ ബാഹ്യബന്ധങ്ങളും കടപ്പാടുകളും വേണ്ടെന്നുവെക്കുക; നിങ്ങളെ ഈ ലോകവുമായി കെട്ടിയിടുന്ന ചങ്ങലകൾ പൊട്ടിച്ചെറിയുക. ആ ചങ്ങലകൾ ക്രിസ്തുവിന്നെതിരായി അവർ കെട്ടിയതാണ്. ഞാൻ നേരെയുള്ള ഇടുങ്ങിയ വഴിയിൽക്കൂടി നടക്കുന്നു. ആത്മാവിൽ ദൃഢവ്രതത്തോടെ, ഈ ഇരുണ്ട ലോകത്തെ നിഷേധിച്ചുംകൊണ്ടു."

"നിങ്ങൾ തിന്നാനുള്ള ഭക്ഷണവും കുടിക്കാനുള്ള വെള്ളവും ധരിക്കാനുള്ള വസ്ത്രവും നിഷേധിക്കുന്നുണ്ടോ? അവയെല്ലാം ഈ ലോകത്തെ സംബന്ധിക്കുന്നതാണല്ലോ?"

കിഴവൻ പകയോടെ കടന്നുചോദിച്ചു.

ഈ വാക്കുകളും അലക്സാണ്ടറെ ക്ഷോഭിപ്പിച്ചില്ല. അയാൾ കൂടുതൽ ആത്മാർത്ഥതയോടെ സംസാരിക്കാൻതുടങ്ങി. അയാളുടെ സ്വരം പതിഞ്ഞതായിരുന്നു. അയാൾ ഒരു പിച്ചളകൊണ്ടുള്ള കാഹളം ഊതുകയാണെന്നു തോന്നി.

നിങ്ങളുടെ സമ്പത്തു എന്നാൽ എന്താണ്? ചങ്ങാതീ! ദൈവത്തിൽ മാത്രമെ സമ്പത്തു കണ്ടുകിട്ടുകയുള്ളു. അദ്ദേഹത്തിൻെറ സന്നിധിയിൽ പരിശുദ്ധത പ്രദർശിപ്പിക്കുക; ഈ ലോകവുമായുള്ള ബന്ധങ്ങൾ പൊട്ടിച്ചെറിയുക; എന്നിട്ടു ദൈവത്തെ നോക്കുക. "അങ്ങുന്നു മാത്രം. അദ്ദേഹം മാത്രം." അങ്ങിനെയാണ് ദൈവത്തെ സമീപിക്കേണ്ടതു്. ഒരു മാർഗ്ഗം മാത്രമെ അദ്ദേഹത്തെ സമീപിക്കുവാനുള്ളു. ഇങ്ങിനെ പറയപ്പെട്ടിരിക്കുന്നു. "അച്ഛനേയും അമ്മയെയും ഉപേക്ഷിച്ചുംകൊണ്ടു്, എല്ലാം ഉപേക്ഷിച്ചുംകൊണ്ടു്, ദുർമ്മാർഗ്ഗത്തിലേക്കു പിടിച്ചുവലിക്കുന്ന കണ്ണുകൾ, ഉപേക്ഷിച്ചുംകൊണ്ടു – ദൈവത്തെ ഉദ്ദേശിച്ചു, കായികമായി സ്വയം നശിക്കുക; ആത്മീയമായി സ്വയം രക്ഷപ്പെടുത്തുക—എന്നാൽ ആത്മാവു് എന്നേക്കുമായി, ദൈവീകമായ സ്നേഹത്തിൻെറ പ്രകാശത്തിൽ തിളങ്ങുന്നതു കാണാം – – –".

"ഹ, പോയി തുലയട്ടെ" പ്യോട്ടർ വാസിലേവ് എഴുന്നേറ്റുംകൊണ്ടു പറഞ്ഞു. "കഴിഞ്ഞകൊല്ലത്തിനുശേഷം നിങ്ങൾ ബുദ്ധിപൂർവ്വകമായി വല്ലതും പഠിച്ചിട്ടുണ്ടാകുമെന്നു ഞാൻ വിചാരിച്ചു. എന്നാൽ നിങ്ങൾ പണ്ടത്തെക്കാൾ മോശമായിരിക്കുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നതു്."

കിഴവൻ ഷാപ്പിൽനിന്നു ഇറങ്ങിപ്പോയി. ഇതു് അലക്സാണ്ടറെ ഭയപ്പെടുത്തി. അയാൾ തിരക്കിട്ടു് ആശ്ചര്യത്തോടെ ചോദിച്ചു.

"നിങ്ങൾ പോകയാണോ?—അതെങ്ങിനെ?—

സാധുവായ ലൂക്കിയാൻ കണ്ണു ചിമ്മിയുംകൊണ്ടു് പറഞ്ഞു.

"അതു തരക്കേടില്ല. അതുകൊണ്ടു് തരക്കേടില്ല."

അലക്സാണ്ടർ അയാളെ അധിക്ഷേപിച്ചു.

"നിങ്ങളും ഈ ലോകത്തിൻെറ സുഖത്തെക്കുറിച്ചു വിലയില്ലാത്ത വിത്തുകൾ വിതച്ചു നടക്കുകയാണ്. എന്താണിതിൻെറ എല്ലാം അർത്ഥം?"

അയാളെ നോക്കി പുഞ്ചിരിതൂകിയുംകൊണ്ടു്, ലുക്കിയാനും പീഠികയിൽനിന്നിറങ്ങി. അപരിചിതൻ ഷാപ്പുകാരനോടു് വിശ്വാസപൂർവ്വം പറഞ്ഞു.

"എൻെറ ആത്മാവിൻെറ ചൈതന്യത്തിന്നു മുമ്പിൽ അവക്കു് നിൽക്കപ്പൊറുതിയില്ല. അവർ തീയ്യിൽനിന്നു പുകയെന്നപോലെ പറന്നുപോകയാണ്."

ഷാപ്പുകാരൻ അയാളെ സൂക്ഷിച്ചുനോക്കി ഇങ്ങിനെ പ്രസ്താവിച്ചു.

"എനിക്കതിലൊന്നും വലിയ തില്പര്യമില്ല".

ഈ വാക്കുകൾ കേട്ടപ്പോൾ, അപരിചിതൻ ആശ്ചര്യപ്പെട്ടു. അയാൾ തൊപ്പി താഴത്തോട്ടു വലിച്ചുംകൊണ്ടു പിറുപിറുത്തു.

"എന്തുകൊണ്ടു നിങ്ങൾക്കിതിൽ താല്പര്യമില്ല.—ഇതിലൊന്നും—ഇതൊക്കെ താല്പര്യമുണ്ടാക്കാൻ ഉദ്ദേശിച്ചുംകൊണ്ടുള്ളതാണ്".

ഒന്നു രണ്ടു നിമിഷങ്ങൾ അയാൾ ഒന്നും പറയാതെ തല താഴ്ത്തി അനങ്ങാതിരുന്നു. പിന്നെ കിഴവന്മാർ അയാളെ വിളിച്ചു. അവർ മൂന്നുപേരും യാത്രപറയാതെ, ഇറങ്ങിപ്പോകയും ചെയ്തു്.

ആ അപരിചിതൻ എൻെറ മുമ്പിൽ പെട്ടെന്നു പ്രത്യക്ഷപ്പെട്ടു. ഇടക്കാളിക്കത്തി. പെട്ടെന്നു കത്തിയണഞ്ഞു. ഈ ലോകത്തെക്കുറിച്ചുള്ള അദ്ദേഹത്തിൻെറ നിഷേധത്തിൽ എന്തോ ഒരാത്മാർത്ഥതയുണ്ടെന്നെനിക്കു തോന്നി.

അന്നു വൈകുന്നേരം നല്ല സൌകര്യമുള്ള ഒരു സന്ദർഭം നോക്കി, അയാളെക്കുറിച്ച് ഞാൻ ഐവൻലേറിയോണിക്കിനു വിവരിച്ചുകൊടുത്തു. അയാറം ഞങ്ങളുടെ തൊഴിൽശാലയിൽ മേസ്ത്രിയായിരുന്നു. ഞാൻ പറയുന്നതു മുഴവൻ കേട്ടശേഷം അയാറം പറഞ്ഞു.

അയാറംക്ക് അങ്ങിനെ സഞ്ചരിക്കണം. ഒന്നും സ്വീകരിക്കാത്ത ഒരാശയക്കാരാണ് അയാളുടെ കക്ഷിക്കാർ.

“അവർ എങ്ങിനെ ജീവിക്കുന്നു”.

“ഓടിക്കൊണ്ടു ഭൂമിയിൽ മുഴവൻ ചുററിസഞ്ചരിച്ചുംകൊണ്ടു. അതുകൊണ്ടാണവരെ സഞ്ചാരികറം എന്നു വിളിക്കുന്നതു്. അവർ പറയുന്നതു് ഭൂമിയും അതിലുള്ള സകലതും നിഷേധിക്കേണ്ടതാണെന്നാണ്. പോലീസ്സുകാക്ക് അവരെക്കൊണ്ടുപദ്രവമാണ്. അതുകൊണ്ടു് അവരെ ഓടിക്കുകയും ചെയ്യുന്നു.

എൻെറ ജീവിതം മററു തന്നെ കഷ്ടമയമാണ്. എന്നാലും ഭൂമിയിലുള്ള സകലതിനേയും നിഷേധിക്കുവാൻ കഴിയുന്നതെങ്ങിനെയാണെന്നു എനിക്കു മനസ്സിലായില്ല. അക്കാലത്തു എൻെറ ചുററുമായിക്കണ്ട ജീവിതത്തിൽ പലതും ആകർഷകമായി ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്. വളരെക്കഴിയാതെ, അലക്സാണ്ടരുടെ രൂപം എൻെറ ഓർമ്മയിൽനിന്നും മാഞ്ഞുപോകുകയും ചെയ്തു.

എന്നാൽ ഇടക്കിടക്ക് എനിക്ക് കുണ്ഠിതം തോന്നുമ്പോറം അയാളുടെ രൂപം എൻെറ ഓർമ്മയിൽ പൊന്തിവരും. വയലിൽക്കൂടിയും നിരത്തുകളിൽക്കൂടിയും നടന്നുംകൊണ്ടു കാട്ടിലേക്കു പോകുന്നതായിട്ടു. അയാറം അയാളുടെ തൊപ്പി തലയുടെ പിൻഭാഗത്തു വലിച്ചു താഴ്ത്തും. ജോലി ചെയ്യാത്തതുകൊണ്ടു വളരെ വൃത്തിയുള്ളതായിത്തോന്നിയ ആ കൈകളെക്കൊണ്ടു

"ഞാൻ നേരെയുള്ള ഇടുങ്ങിയ വഴിയിൽക്കൂടി നടക്കുകയാണു്. ഞാൻ എല്ലാററിനേയും നിഷേധിക്കുന്നു. എല്ലാ ബന്ധങ്ങളെയും അറുത്തു കളയുക".

അയാളോടൊപ്പം ഞാൻ എൻെറ അച്ഛനേയും കാണുന്നതായി വിചാരിക്കും. കൈയിൽ ഒരു നീണ്ട വടി പിടിച്ചുംകൊണ്ടു, നാവു നീട്ടി, ഓടുന്ന പുള്ളികളുള്ള ഒരു നായയാൽ അനുഗതനായി നടക്കുന്നതായി, അമ്മ ചില സ്വപ്നത്തിൽ കണ്ടതായി പറഞ്ഞതുപോലെ.

---

# XIII

പ്രതിമയുണ്ടാക്കുന്ന തൊഴിൽശാല ഒരു വലിയ കെട്ടിടത്തിന്റെ രണ്ടു മുറികൾ മാത്രമായിരുന്നു. ഒരു മുറിക്കു മുററത്തിന്റെ ഭാഗത്തു മൂന്നു ജനലുകൾ ഉണ്ടു്. രണ്ടെണ്ണം തോട്ടത്തിന്റെ ഭാഗത്തും. മറെറ മുറിക്കു തോട്ടത്തിന്റെ ഭാഗത്തു ഒരു ജനലും, തെരുവിന്റെ ഭാഗത്തു മറെറാരു ജനലും ഉണ്ടു്. ജനലുകൾ ചെറുതാണു്. ചതുരമാണു്. പഴക്കംകൊണ്ടു മഴവില്ലിന്റെ നിറമായിക്കഴിഞ്ഞു. ജനലിന്റെ കണ്ണാടികളിൽക്കൂടി, ആ ശീതകാലത്തെ സൂര്യപ്രകാശം മുറിയിലേക്കു കടക്കുക വിഷമമായിരുന്നു.

രണ്ടു മുറിയിലും കുറെ മേശകളുണ്ടു്. ഓരോ മേശക്കട്ടത്തും ഓരോ പ്രവർത്തിക്കാരൻ ഇരുന്നു പ്രതിമകൾക്കു ചായം ഇട്ടുകൊണ്ടിരിക്കുന്നു. വെള്ളം നിറച്ച പളുങ്കുഗോളങ്ങൾ മച്ചിൽനിന്നും തൂങ്ങുന്നുണ്ടു്. അവയിൽ തട്ടി, വിളക്കുകളുടെ പ്രകാശം, പ്രതിമകൾ വച്ചിരിക്കുന്ന, തടിച്ച കടലാസിൽ പ്രതിബിംബിക്കുന്നു.

തൊഴിൽ ശാലയിൽ വലിയ ചൂടും, ശ്വാസം മുട്ടലും തോന്നി. പലേഖ്, ഖൌലി, സ്റ്റേര ഈ പ്രദേശക്കാരായ ഏതാണ്ടു ഇരുപതു ചായപ്പണിക്കാർ അവരുടെ ജോലി ചെയ്യുന്നുണ്ടു്. അവരെല്ലാം ഓരോ മാതിരി ഷർട്ടു ധരിച്ചിരിക്കുന്നു. കഴുത്തിനടുത്തു കുടുക്കു മുറുക്കിയിട്ടില്ല. ഒരേ മാതിരി കാൽസ്രായിയാണു്. ചിലർക്കു ചെരിപ്പുണ്ടു, മററു ചിലർക്കില്ല. ചായമിടുന്ന അവരുടെ ശിരസ്സുകൾ പുകയിൽ മൂടി നില്ക്കുന്നു. ആ വായുവിൽ, എണ്ണ

യുടെയും, കെട്ട മുട്ടയുടേയും മണം നിറഞ്ഞുനില്ക്കുന്നു. അവർ പാട്ടുപാടുന്നുണ്ടു്.

അവർ പല പാട്ടുകളും പാടും. വലിയ സന്തോഷം തോന്നിക്കുന്ന പാട്ടുകളല്ല. എന്നാൽ, ചില വരികൾ അവക്കു വലിയ പ്രിയമാണു്. ആ പാട്ടിന്റെ രാഗം അവരുടെ പ്രവൃത്തിയെ തടസ്ഥപ്പെടുത്തിയില്ല. അവരുടെ ചിന്തയെ ഒരു തരത്തിലും അലട്ടിയില്ല. അവർ ബ്രഷ്കൊണ്ടു പ്രതിമകളുടെ പല ഭാഗങ്ങൾക്കും അതാതിനു യോജിച്ച ചായങ്ങൾ തേച്ചുകൊണ്ടിരുന്നു. ജനലിൽക്കൂടി ഗോഗലേവ് എന്ന പ്രവർത്തിക്കാരൻ മുട്ടിക കൊണ്ടടിക്കുന്ന ശബ്ദം കേൾക്കാം, അകത്തിരുന്നു ജോലിചെയ്യുന്നവർ പാടുന്ന പാട്ടിനു താളം പിടിക്കുകയാണു് അയാളുടെ മുട്ടികയുടെ അടിയെന്നു തോന്നും. അതു, ഒരു പുഴ ഒരു മരത്തിന്റെ തോലിനുള്ളിൽ തുളഞ്ഞുകൂടാൻ ശ്രമിക്കുന്നതിന്റെ പ്രതീതിയാണുണ്ടാക്കുക.

അവർ ആക്ക്ംതന്നെ ഈ പ്രതിമകൾക്കു ചായം കൊടുക്കുന്നതിൽ യാതൊരു താല്പര്യ്യവും ഉണ്ടായിരുന്നില്ല. ആ പ്രവർത്തിയെ പല ഘട്ടങ്ങളായി ഏതോ ഒരു ദുഷ്ടമനസ്സു തരംതിരിച്ചിരിക്കുന്നു. ആ ഓരോ ഭാഗത്തിനു പ്രത്യേകമായി യാതൊരു ഭംഗിയും സൌന്ദര്യ്യവുമില്ല. അതുകൊണ്ടു പ്രവർത്തിയിൽ വല്ല താല്പര്യ്യമോ സ്നേഹമോ ജനിക്കാൻ കാരണമുണ്ടായിരുന്നില്ല. ഒററക്കണ്ണനായ ആശാരി പാൻഫിൽ, മരപ്പലകകൾ കൊണ്ടുവന്നു ചിപ്പിക്കുവച്ചു ശരിപ്പെടുത്തും. അയാൾ നീചനാണു്. ക്ഷയരോഗിയായ, ഡാവിഡോവ് എന്ന കുട്ടി, പ്രതിമകളുടെ അടിപ്പലകകളുണ്ടാക്കും. അവന്റെ സ്നേഹിതൻ ഡൊറോക്കിൻ, ആ പലക ഭംഗിയാക്കും. മില്യാഷിൻ പെൻസിൽകൊണ്ടു വേറെ ഒരു മാതൃക നോക്കി പ്രതിമയുടെ അടയാളമിടും. കിഴവനായ ഗോഗിലേവ്, ആ അടയാളം നോക്കി കൊത്തുപണികൾ ചെയ്യും. സാധാരണക്കാരായ ചിത്രകാരന്മാർ, പ്രതിമകൾക്കു പററിയ, വസ്ത്ര

വും മററു മോടികളും പിടിപ്പിക്കും. പിന്നെ പ്രതിമ ചുമരിന്നരികെ നിരത്തിവെക്കും. എന്നിട്ടു മാത്രമേ അതിന്മേൽ തല ഘടിപ്പിക്കയുള്ളു. തലയില്ലാത്ത ആ പ്രതിമകൾക്കു, മററു കലാകാരന്മാരാണ് നല്ല ഭാഷയിൽ തലയുണ്ടാക്കിക്കൊടുക്കേണ്ടതു്.

പ്രത്യേകാവശ്യങ്ങൾക്കായുള്ള വലിയ പ്രതിമകൾ അങ്ങിനെ, തലയില്ലാതെ നിരത്തിവെച്ചതുകാണുന്നതു ഒരു വൃത്തികേടായിത്തോന്നും. ചായം തേച്ചു വച്ചിട്ടുള്ള ഈ പ്രതിമകൾ, തലയില്ലാതെ നില്ക്കുന്നതു കണ്ടാൽ, മരണത്തിൻെറ ഒരു പ്രതീതി ഉണ്ടാകും. അവയ്ക്കു ജീവനില്ലെന്നകാര്യം നമ്മെ അലട്ടിക്കൊണ്ടിരിക്കും. അവയ്ക്കു ജീവനുണ്ടായിരുന്നു എന്നും സംഗതിവശാൽ ജീവൻ പൊയ്പോയതാണെന്നും നമുക്കു തോന്നും.

തലയും വച്ചുപിടിപ്പിച്ചുകഴിഞ്ഞാൽ, മറെറാരു പ്രവൃത്തിക്കാരൻ, അവസാനമായി ഭംഗിയുള്ള ചായം തേച്ചു പ്രതിമയുടെ പ്രവൃത്തി മുഴമിക്കും. പ്രതിമകളിന്മേൽ പേരെഴുതുന്നതു വേറൊരാളാണ്, വക്ക്ഷോപ്പിലെ മാനേജരായ ഐവൻ ലാറിയോണിക്ക്, പരിശോധനകൾ നടത്തി, കുറവുകൾതീർത്തു പ്രതിമകൾ വില്പനക്കു സജ്ജമാക്കും.

മാനേജർക്കു ചാരനിറമായ മുഖമാണ്; ചാരനിറമായ താടിയും. ചാരനിറമായ പട്ടിൻെറ മിനുമിനുപ്പുള്ള കണ്ണുകൾ. ആ കണ്ണുകൾ പ്രത്യേകിച്ചു, അഗാധവും, വ്യസനവും തോന്നിക്കുന്നതുമാണ്. എപ്പോഴും പുഞ്ചിരി തങ്ങിനിൽക്കുന്ന ഒരു മുഖം. എന്നാലും അയാളോടു അങ്ങോട്ടു നോക്കി ചിരിക്കുവാൻ നമുക്കു തോന്നുകയില്ല. ഒരു മെലിഞ്ഞ പുണ്യവാളൻെറ രൂപംപോലെയാണയാളുടെ പ്രകൃതം. ചുമരുകൾക്കപ്പുറം, ആളുകൾക്കുമപ്പുറം നോക്കി നില്ക്കുന്ന ആ കണ്ണുകൾക്കു ഒരുതരം ചിന്താദ്യോതകമായ ഭാവമാണുള്ളതു്.

ഞാൻ തൊഴിൽ ശാലയിൽ ചേന്നു കുറച്ചു ദിവസം കഴിഞ്ഞു ഒരു ദിവസം ശക്തനും സുന്ദരനുമായ, ചായമിടുന്ന ഡോൺ

പ്രദേശക്കാരനായ കൊസ്സാക്ക് കപ്പണ്ടപ്യൂഖിൻ കുടിച്ചു മത്തനായിട്ടാണു് പണിക്കു വന്നതു്. പല്ലു മുറുകെ കടിച്ചും സ്ത്രീയുടെ കണ്ണുകൾ പോലെയുള്ള ആ ഭംഗിയുള്ള കണ്ണുകൾ പകുതി ചിമ്മിയും, അയാൾ എല്ലാവരെയും കയറി അടിക്കുവാൻ തുടങ്ങി. എലികൾ നിറഞ്ഞിരിക്കുന്ന അറയിൽ ചുററും ഓടി നടക്കുന്ന ഒരു പൂച്ചയെപ്പോലെ അയാൾ തൊഴിൽശാലയിൽക്കൂടി പരാക്രമങ്ങൾ കാണിച്ചുകൊണ്ടു നടന്നു. മററുള്ളവർ അയാളെ ഭയന്നു മൂലകളിൽ പോയൊളിച്ചു. ഒളിച്ച ദിക്കിൽനിന്നും അവർ അന്യോന്യം വിളിച്ചു പറഞ്ഞു.

"അവനെ പിടി വിടരുതു്."

യവ്ജനിസിററാനോവ്, ഒരു പീഠമെടുത്തു അയാളുടെ തലക്കടിച്ചു താഴെ വീഴ്ത്തി. ആ കൊസ്സാക്കുകാരൻ മലർന്നടിച്ചു താഴെ വീണു. എല്ലാവരുംകൂടി ഒരു ഞൊടിയിടകൊണ്ടു, ഉറുമാലുകളെടുത്തു അയാളെ വരിഞ്ഞുകെട്ടി. ആ കെട്ടുകൾ കടിച്ചുറുത്തു കളയാൻ അയാൾ ശ്രമിച്ചു. ഇതു കണ്ടപ്പോൾ യവ്ജനിക്കു കലശലായ ക്രോധം തോന്നി. അയാൾ ഒരു മേശമേൽ ചാടിക്കയറി, ആ കൊസ്സാക്കുകാരൻെറ മേൽ ചാടിവീഴാൻ തയ്യാറെടുത്തു നിന്നു. അയാൾ തള്ളി വീഴുകയാണെങ്കിൽ, അയാളുടെ ദേഹത്തിൻെറ ഘനം കൊണ്ടു, കെപ്പൻഡ്യൂക്കിൻെറ നെഞ്ചു് കലങ്ങിപ്പോകാതിരിക്കയില്ല. എന്നാൽ അപ്പോഴേക്കും, ലാറിയോണിക്ക്, കയ്യിൽ തൊപ്പിയും കോട്ടും എടുത്തു പിടിച്ചുംകൊണ്ടവിടെ എത്തി. സിററാനോവിൻെറ നേരേ മുഷ്ടിയോങ്ങി അയാൾ എല്ലാവരോടുമായി, വളരെ ഗൌരവത്തിൽ പറഞ്ഞു.

"അവനെ, വാതില്ക്കലേക്കെടുത്തുകൊണ്ടു പോകുക; അവനു ബോധം വരട്ടെ."

അവരെല്ലാംകൂടി ആ കൊസ്സാക്കിനെ പുറത്തേക്കുകൊണ്ടുപോയി. പിന്നെ മേശയും കസാലയും സ്ഥാനത്തു ശരിപ്പെടുത്തി

വെച്ചു. കെപ്പണ്ടേപ്പൃഖിൻെറ കായബലത്തെക്കുറിച്ചു പല അഭി പ്രായങ്ങളും പുറപ്പെടുവിച്ചു അവർ ജോലിചെയ്യാൻ ആരംഭിച്ചു. അയാറം വല്ലകലഹത്തിലും പെട്ടു മരിച്ചുപോകുമെന്നു അവർ പ്രവചിച്ചു.

"അയാളെ കൊലപ്പെടുത്തുന്നതു് അത്ര എളുപ്പമൊന്നുമല്ല." സിററാനോവ് അഭിപ്രായപ്പെട്ടു. തനിക്കു വെടിപ്പായറിയുന്ന ഒരു ജോലിയെക്കുറിച്ചു അഭിപ്രായം പറയുന്ന ഒരു നാട്യത്തിലാണയാറം അങ്ങനെ പറഞ്ഞതു്.

ഞാൻ ലാറിയോണിക്കിനെ സൂക്ഷിച്ചു നോക്കി. ഈ ശക്തന്മാരായ ആളുകളെല്ലാം അയാളെ ഇത്ര അച്ചടക്കത്തോടെ അനുസരിക്കുന്നതെന്തിനാണെന്നു ഞാൻ ഊഹിക്കുവാൻ ശ്രമിച്ചു.

അയാറം എല്ലാവക്കും ജോലിചെയ്യേണ്ടതെങ്ങിനെയാണെന്നു കാണിച്ചുകൊടുത്തു. ഏററവും സമത്ഥന്മാരായ പ്രവൃത്തിക്കാർ പോലും അയാളുടെ ഉപദേശം സന്തോഷത്തോടെ സ്വീകരിച്ചു. കെപ്പണ്ടേപ്പൃഖിനെ പണി പഠിപ്പിച്ചു കൊടുക്കുന്നതിലാണു് അയാറം അധികം സമയം ചിലവഴിക്കുക.

കെപ്പണ്ടേപ്പൃഖിൻ—നീ ഒരു നല്ല കലാകാരനാണു്. കലാകാരൻ തൻെറ സൃഷ്ടിക്കു ജീവൻ കൊടുക്കണം. ഇററലിയിലെ കലാകാരന്മാരേപ്പോലെ. എണ്ണച്ചായകളിടാൻ പ്രത്യേകം ശ്രദ്ധ കാണിക്കണം. നീ എത്ര അധികം വെള്ളച്ചായമാണവിടെ വാരി ഇട്ടിരിക്കുന്നതു്. അതാണു് കന്യാമറിയത്തിൻെറ, കണ്ണുകറം തീരെ പ്രകാശമില്ലാതായിപ്പോയതു്. കവിളുകറം ഇരുണ്ടു തുടുത്തിട്ടുണ്ടു. കണ്ണുകറം അവിടെ പൊരുത്തപ്പെടുന്നില്ല. കണ്ണുകറം ശരിക്കു സ്ഥാനത്തല്ലതാനും. ഒന്നു മൂക്കിനു വളരെ അടുത്തായിപ്പോയി. മറേറതു നെററിയിൽ കുറെ കയറിപ്പോയിരിക്കുന്നു. അതുകൊണ്ടു ശാന്തവും പുണ്യകരവുമായ ഒരു പ്രതീതി ഉണ്ടാകുന്നതിനു പകരം. കുസൃതിയും ഭോഗേച്ഛയുമാണു് ആ കണ്ണുക

ം സൂചിപ്പിക്കുന്നതു്. നീ നിൻെറ ജോലിയിൽ വേണ്ടത്ര മന സ്സു പതിപ്പിക്കുന്നില്ല."

ആ കൊച്ചുവാക്കുകാരൻ ഈ ഉപദേശങ്ങഠം ശ്രദ്ധിച്ചുകേട്ടു പുരികം ഉയർത്തി വെളുക്കെ ഒന്നു ചിരിച്ചു സന്തോഷം സ്ഫുരിക്കുന്ന സ്വരത്തിൽ മദ്യത്തിൻെറ മയക്കത്തോടെ മറുപടി പറയും.

"ഐവൻ ലാറിയോണിക്കു്, ഇതെനിക്കു ഏദ്യമായ ജോലിയല്ല. ഞാൻ ജനിച്ചതു ഒരു സംഗീതക്കാരനാകാനാണു്. എന്നാൽ ഞാൻ വന്നു പെട്ടതു, ഒരു കള്ള സ്ത്രീയുടെ മഠത്തിലാണു്."

"കുറെ അദ്ധ്വാനിച്ചു പരിശ്രമിച്ചാൽ ഏതു വിദ്യയും കരസ്ഥമാക്കാൻ സാധിക്കും."

"ഇതെല്ലാം ചെയ്യാൻ ഞാൻ ആരാണു്? ഞാൻ, നല്ല കുതിരകളെ പൂട്ടിയ ഒരു വണ്ടിയുടെ വണ്ടിക്കാരനാകേണ്ടതാണു്"

അയാഠം വായ തുറന്നു ഒരു വല്ലാത്ത പാട്ടുപാടി.

ഈ പാട്ടുകേട്ടപ്പോഠം, ഐവൻലാറിയോണി ചിരിച്ചുപോയി. അയാഠം കണ്ണട നേരേയാക്കി നടന്നു. മുറിയിലുണ്ടായ പത്തിരുപതാളുകഠം, ഒപ്പം ആ പാട്ടു് ഏററുപാടി. പ്രവൃത്തിശാല മുഴുവനും ആകാശത്തിലേക്കു പൊങ്ങി, വായുവിൽ ഓടിക്കളിക്കുന്നതായിത്തോന്നി.

ജോലി പരിശീലിക്കാൻചെന്നിരുന്ന പാഷ്കാ-ഒഡിൻസ്റ്റോവു്, മുട്ടയുടെ തോടു നീക്കുകയായിരുന്നു. അയാഠം മുട്ടത്തോടു കയ്യിൽ പിടിച്ചുകൊണ്ടു ആ പാട്ടുകാരോടൊപ്പം ചേന്നു അവക്കു നേതൃത്വം കൊടുത്തു ഉറക്കെ പാടാനും തുടങ്ങി.

ആ ശബ്ദമാധുരിയിൽ ലയിച്ചു അവർ മറെറല്ലാ കാര്യങ്ങളും വിസ്മരിച്ചു, ഒരേ വികാരത്താൽ വിജൃംഭിതരായി. അവർ ഒരേ നിമിഷത്തിൽ ഒപ്പം ശ്വാസോച്ഛ്വാസം ചെയ്തു. അവരെല്ലാം

തന്നെ ആ കൊസ്സാക്കിനെ നോക്കുകയാണ്. പാടാൻ തുടങ്ങിയാൽ അയാഠം എല്ലാവരുടേയും നേതാവാണ്. പറക്കാൻ ഭാവിക്കുന്നതുപോലെ അയാഠം കൈകഠം ഉയത്തിപ്പിടിച്ചിരിക്കും; ആ കൈകളുടെ ചലനംഅവക്കെല്ലാം താളമൊപ്പിക്കുവാൻ സഹായമായിരിക്കുകയും ചെയ്യു. പാട്ടുപാടിക്കൊണ്ടിരിക്കെ അയാഠം, "വരൂ, നമുക്കിതെല്ലാം തച്ചുപൊളിച്ചു കളയാം." എന്നു അവരോടു കല്പിക്കുകയാണെങ്കിൽ, ഏററവും ശാന്തശീലരായ ജോലിക്കാർപോലും സംശയം കൂടാതെ, വെറും അഞ്ചുനിമിഷംകൊണ്ടു, ആ പ്രവൃത്തിശാല മുഴവൻ അടിച്ചു തവിട്ടുപൊടിയാക്കാൻ മടിക്കുകയില്ല.

അയാഠം ചുരുക്കം സന്ദർഭങ്ങളിൽ മാത്രമേ പാട്ടുപാടുകയുള്ളു. എന്നാൽ അയാഠം പാടുവാൻ തുടങ്ങിയാൽ, അയാളുടെ പാട്ടിനു, എതിക്കാൻ കഴിയാത്ത ഒരു ശക്തിയുള്ളതായി അനുഭവപ്പെടും. ഏററവും നിരാശരായി നില്ക്കുന്ന ജനങ്ങളേപ്പോലും അയാളുടെ പാട്ടുകഠം ഉശിരു പിടിപ്പിക്കും. ആ പാട്ടു കേഠക്കുമ്പോഠം അവരുടെ, ചൈതന്യം ഉയിർത്തെഴുന്നേല്ക്കും. എല്ലാവരും ഒപ്പം ചേന്നു പാടാൻ തുടങ്ങുകയും ചെയ്യും.

ഈ പാട്ടു കേഠക്കുമ്പോഠം ആ ഗായകൻെറ കഴിവുകളെക്കുറിച്ചും, അയാഠക്കു മററുള്ളവരെയെല്ലാം സ്വാധീനിക്കുവാൻ കഴിയുന്നതിനെക്കുറിച്ചും, എനിക്കസൂയ തോന്നും. എൻെറ ഹൃദയത്തിൽ, ഒരു വല്ലാത്ത കിടിലം വ്യാപിക്കും. ക്രമേണ അതെന്നെ വേദനിപ്പിക്കും. എനിക്കാ പാട്ടുപാടുന്ന ആളുകളോടു ഇങ്ങനെ കരഞ്ഞു പറയേണമെന്നാഗ്രഹം ജനിക്കും.

"ഞാൻ, നിങ്ങളെയെല്ലാവരെയും എത്രമേൽ സ്നേഹിക്കുന്നു!"

മഞ്ഞനിറമുള്ള ക്ഷയരോഗിയായ ഡാവിഡോവും, വായമലക്കെ തുറന്നു അവരോടൊപ്പം ഉറക്കെ പാടും.

ആ കൊസാക്കിനു, മാത്രമേ അത്രയും,ആവേശം ജനിപ്പിക്കുന്ന പാട്ടുകഠം പാടാൻകഴിഞ്ഞിരുന്നുള്ളു. സാധാരണയായി ചാ

യമിടുന്ന ജോലിക്കാർ, വ്യസനകരമായ ചില പാട്ടുകൾ മാത്രമേ പാടാറുണ്ടായിരുന്നുള്ളു.

ഇടക്കിടെ അവിടത്തെ ഏററവും സമത്ഥനായ ചായക്കാരനായ ഴിക്കാറേവിന്റെ അഭിപ്രായത്തിന്നനുസരിച്ച അവരെല്ലാം പള്ളിയിൽ പ്രാത്ഥന പാടുന്ന രാഗത്തിൽ, ചില പാട്ടുകൾ പാടും. എന്നാൽ ആ പരിശ്രമം പരാജയപ്പെടുകയേയുള്ളു. ഴിക്കാറേവ് എപ്പോഴും അയാൾക്കുമാത്രം വശമായ, ഒരു രാഗമാണാലാപിക്കുക; മററുള്ളവരുടെ പാട്ടിനെ അയാൾ വിമർശിച്ചുകൊണ്ടിരിക്കുകയും ചെയ്യും.

അയാൾ മെലിഞ്ഞു ഏകദേശം നാല്പത്തഞ്ചുവയസ്സ് പ്രായം കാണും. തലയിൽ, ഒരു ചന്ദ്രക്കീറപോലെ, അവിടവിടെ അല്പം രോമം ശേഷിച്ചിട്ടുണ്ട്. കൺപുരികങ്ങൾ, മീശപോലെ അത്രയും കട്ടിയും കറുപ്പുമുള്ളവയുമാണ്. അയാൾ ഒരു റഷ്യക്കാരനല്ലെന്നു തോന്നിക്കുന്ന ആ മുഖത്തിനു യോജിച്ചതുതന്നെയാണ അയാളുടെ താടി. എന്നാൽ അയാളുടെ വളഞ്ഞ മൂക്കിനു താഴെയുള്ള ആ തടിച്ച മീശ പുരികങ്ങളുടെ സാന്നിദ്ധ്യത്തിൽ തീരെ അനാവശ്യമാണെന്നു തോന്നും. അയാളുടെ കണ്ണുകൾ നീലനിറമാണ്. പക്ഷെ, രണ്ടും തമ്മിൽ കുറെ വ്യത്യാസമുണ്ട്. ഇടത്തെ കണ്ണു വലത്തേതിനേക്കാൾ കുറെ വലുതാണ്.

"പാഷ്കാ" അയാൾ എന്നെപ്പോലെ ജോലി പഠിക്കാൻ ചേർന്നിരുന്ന ചെറുപ്പക്കാരനെ ഉറക്കെ വിളിച്ചു.

"നോക്കു, ഈ പാട്ടു തുടങ്ങു. കൂട്ടരെ ഞങ്ങളുടെ പാട്ടുകേളു,"

കുപ്പായത്തിൽ കൈതുടച്ചുകൊണ്ടു, പാഷ്കാ തുടങ്ങും.

മററു പ്രവർത്തിക്കാരും ഒപ്പം ചേർന്നു പാടാൻ ശ്രമിക്കും. അപ്പോൾ ഴിക്കാറേവ് ഇടയിൽക്കടന്നു വിളിച്ചു പറയും.

"സിററനോവ്, നീ നിന്റെ ശബ്ദം കുറച്ചു താഴ്ത്തു; ആത്മാവിന്റെ ആഴത്തോളം."

ഒരു ഇരുമ്പുപീപ്പയുടെ അടിക്ക തട്ടിയൊച്ചപ്പെടുത്തുംപോലെ സററാനോവ് പിന്നെയും ഉറക്കെത്തന്നെ പാടും.

ഫൂ—അങ്ങനെയല്ല, നിങ്ങൾ പാടുന്നതു കേൾക്കുമ്പോൾ ഈ ഭൂമിതന്നെ കലുങ്ങി, കെട്ടിടങ്ങളുടെ വാതിലുകളും ജനലുകളും മറിഞ്ഞുവീണുപോകുമെന്നു തോന്നുന്നുണ്ടല്ലോ"

ഴിക്കാറേവ് എന്തോ ഒരു വികാരത്താൽ പ്രേരിതനായതുപോലെ പെരുമാറും. അയാളുടെ പുരികങ്ങൾ പൊന്തുകയും, താഴുകയും ചെയ്യും. അയാളുടെ ശബ്ദം ചിലക്കും;-അയാൾ വിരലുകൾകൊണ്ടു അദൃശ്യമായ ചരടുകൾ പിടിച്ചു വലിക്കുന്നുണ്ടെന്നുതോന്നും.

"ആ പാട്ടേതാണെന്നു നിനക്കറിയുകയില്ലേ? അതിൻെറ അൎത്ഥഗാംഭീൎയ്യവും നീ ചുഴിഞ്ഞു കണ്ടുപിടിക്കണം. അന്തർഭാഗത്തോളം ആഞ്ഞിറങ്ങണം. ഇതൊന്നും നിങ്ങൾക്കു സാദ്ധ്യമല്ലെന്നില്ലല്ലോ കൂട്ടരെ?"

"നിങ്ങൾക്കറിയുംപോലെ ആ രാഗം ഞങ്ങൾക്കു വശപ്പെട്ടിട്ടില്ല." സിററാനോവ് നയജ്ഞൻെറ നാട്യത്തിൽ മറുപടി പറഞ്ഞു.

"എന്നാൽ പോകട്ടെ ഈ പാട്ട് നിർത്തിക്കളയാം."

വല്ലാത്ത ഒരു നിരാശയോടെ, ഴിക്കാറേവ് ജോലി തുടരും. അയാൾ ഞങ്ങളുടെ ഏററവും നല്ല പ്രവൃത്തിക്കാരനായിരുന്നു. അയാൾപ്രതിമകളുടെ മുഖം,ഇററലിക്കാരുടേയും, ബൈസൻറിയക്കാരുടേയും, ഫ്രയാഴ്സ്കി സമ്പ്രദായത്തിലും ചായമിടാൻ വശമായിരുന്നു. ലാറിയോണിക്കു കാൎയ്യമായ വല്ല കരാറും സ്വീകരിച്ചാൽ ഉടനെ ഴക്കാറേവുമായി അതിനെക്കുറിച്ചാലോചിക്കും. കാരണം, അയാൾ മാത്രമേ ശരിയായ മാതൃക അറിയുകയുള്ളു. വിലവരുന്ന എല്ലാ പ്രതിമകളും അയാളുടെ മേൽനോട്ടത്തിൽ മാത്രമേ ഉണ്ടാക്കുകയുള്ളു. അയാൾ മാതൃകകൾ പരിശോധിച്ചുകൊണ്ടിരിക്കെ ആവലാതിപ്പെടും;

"അവർ ഈ മാതൃകകൾക്കു ചുററുമായി നമ്മുടെ ഭാവിയെ കെട്ടിവരിഞ്ഞിരിക്കുകയാണു്. അതാണവർ ചെയ്തിട്ടുള്ളതു്. നമ്മെ പിടിച്ചു വരിഞ്ഞുകെട്ടിക്കളഞ്ഞു."

അയാൾ അവിടെ വലിയ പ്രധാനിയാണെങ്കിലും, എല്ലാവരെക്കാൾ വിനയം അയാൾക്കാണ്; പ്രവൃത്തി പഠിക്കുന്നവരോട് അധികം ദയയും അയാൾക്കാണ്. പാവലിനോടും എന്നോടും. അയാൾക്കു മാത്രമെ ഞങ്ങളെ ആ കല പഠിപ്പിക്കേണമെന്നു് ആവശ്യം ബോദ്ധ്യപ്പെട്ടുള്ളു.

അയാളെ മനസ്സിലാക്കാൻ വിഷമമായിരുന്നു ആകെപ്പറഞ്ഞാൽ അയാൾ ഒരു ഉല്ലാസശീലക്കാരനല്ല; ചിലപ്പോൾ ഒരാഴ്ച മുഴുവനും ഒരക്ഷരമുരിയാടാതെ, അയാൾ ജോലിചെയ്യും, ചെകിടനായ ഒരു പൊട്ടനെപ്പോലെ, എല്ലാവരെയും ആശ്ചര്യഭാവത്തിൽ, അപരിചിതഭാവത്തിൽ നോക്കും. ഞങ്ങളെ ആദ്യമായികണ്ടുമുട്ടുകയാണെന്നു തോന്നും അയാൾക്കു പാട്ടുപാടുന്നതു വലിയ ഇഷ്ടമാണ്. എന്നാൽ അങ്ങിനെയുള്ള സന്ദർഭങ്ങളിൽ, അയാൾ തികച്ചും ഒരു മൌനിയായിരിക്കും. മററുള്ളവർ പറയുന്നതു അയാൾ കേൾക്കുന്നില്ലെന്നു തോന്നും. എല്ലാവരും അയാളെ നോക്കി അന്യോന്യം കണ്ണെറിയും. അയാൾ മേശക്കരികെയിരുന്നു, മടിയിൽ പ്രതിമ ചാത്തിവെച്ചു പ്രതിമകളുടെ മുഖങ്ങളിൽ, രൂപങ്ങൾ അടയാളപ്പെടുത്തും.

പെട്ടെന്നയാൾ, വളരെ വ്യക്തമായി, വേദനിച്ച ഒരു സ്വരത്തിൽ പറയും.

"പ്രഡെക്കാ"—എന്താണതിൻെറ അർത്ഥം—"ടെക്ക്" എന്നാൽ പഴയ, ഡ്ലാവോണിക്ക് ഭാഷയിൽ "പോകുക" എന്നാണർത്ഥം. "പ്രഡ്" എന്നാൽ "മുമ്പ്" അതുകൊണ്ടു്, "പ്രെഡെക്കാ എന്നു പറഞ്ഞാൽ മുൻഗാമി എന്നർത്ഥം. മറെറാന്നുമല്ല.

ഇതു് കേൾക്കുമ്പോൾ എല്ലാവരും ചിരിക്കും. അയാൾ കാണാതെ അയാളെ സൂക്ഷിച്ചുനോക്കും. അയാൾ ആരോടെന്നില്ലാതെ പറയും.

"ഇവനെ, തോൽക്കുപ്പായമണിഞ്ഞ നിലയിൽ വരക്കരുതു്. ഇവന്നു ചിറകുവെച്ചു കൊടുക്കണം"

"ഓ, നിങ്ങൾ ആരോടാണു് സംസാരിക്കുന്നതു?" ആരെങ്കിലും ധൈര്യപ്പെട്ടു ചോദിക്കും.

അയാൾ മറുപടിയൊന്നും പറയുകയില്ല. ഒന്നുകിൽ ചോദ്യം കേൾക്കാത്തതുകൊണ്ടു്, അല്ലെങ്കിൽ മറുപടി പറയേണ്ടതില്ലെന്നു വിചാരിച്ചിട്ടു്. തുടന്നുകൊണ്ടു് ആ നിശ്ശബ്ദതയിൽ അയാളുടെ വാക്കുകൾ ഉതിർന്നു വീഴും.

"ഇവരുടെയെല്ലാം ജീവിതത്തെക്കുറിച്ചു നാം അറിയണം. പക്ഷെ ആ മതഗ്രന്ഥങ്ങൾ വായിക്കുവാൻ ആക്കാണറിയുക. നമുക്കെന്തറിയാം. ഇങ്ങിനെ ജീവിതം തള്ളിക്കഴിക്കുന്ന—ആത്മാവെവിടെയാണു്—ആത്മാവു്. അതാണു് ഞാൻ ചോദിക്കുന്നതു്. നമുക്കു് മാതൃകകളുണ്ടു്. അതു പരമാർത്ഥമാണു്. എന്നാൽ ഹൃദയമില്ല".

ഇങ്ങിനെ ഉറക്കെയുള്ള ആ ചിന്തകൾ മററുള്ളവരെ രസിപ്പിക്കും. സിററാനോവ് ഒഴികെ അവരെല്ലാം ചിരിക്കും. ആരെങ്കിലും ഇങ്ങിനെ അഭിപ്രായപ്പെടും.

"ശനിയാഴ്ച, അയാൾ മദ്യസേവ ചെയ്യും."

ദീർഘകായനായ ശക്തനായ സിററാനോവിന്നു ഇരുപത്തിരണ്ടു വയസ്സു കാണും. നിഷ്ക്കളങ്കമായ മുഖം. താടിയും മീശയും വന്നുകഴിഞ്ഞിട്ടില്ല. പുരികംതന്നെ, ഉണ്ടെന്നേയുള്ളൂ. അയാൾ, ദുഃഖമായി, കാര്യമായി ഒരു മൂലയിലേക്കു നോക്കുന്നുണ്ടായിരിക്കും.

ഒരു ദിവസം കന്യാമറിയത്തിൻെറ ഒരു നല്ല പ്രതിമ മുഴമിച്ചു മേശമേൽ വെച്ചു, സൂക്ഷിച്ചുനോക്കിയുംകൊണ്ടു, ഴിക്കാറേവ് ഉറക്കെ, പറഞ്ഞതു ഞാൻ ഇപ്പോഴും ഓൎമ്മിക്കുന്നു.

"തീൎന്നു, അനുഗ്രഹീതമായ മാതാവെ, അവിടുത്തെ, അടിയില്ലാത്ത തിരുവത്താഴത്തളികയിൽ, അനേകം ജനങ്ങളുടെ ഹൃദയത്തിൽനിന്നും അടൎന്നു വീഴുന്ന കണ്ണുനീൎച്ചാലുകൾ പതിക്കും."

പിന്നെ ആരുടെയൊ കോട്ടെടുത്തു ചുമലിലിട്ടുംകൊണ്ടു അയാൾ ചാരായക്കടയിലേക്കു പോയി. ചെറുപ്പക്കാർ ചിരിക്കുകയും ചൂളം വിളിക്കുകയും ചെയ്തു. മുതിൎന്നവർ അസൂയയോടെ നെടുവീൎപ്പിട്ടു. എന്നാൽ സിററാനോവ് ആ പ്രതിമയുടെ അടുത്തുചെന്നു, അതു സൂക്ഷിച്ചു പിടിച്ചുംകൊണ്ടു പറഞ്ഞു.

"തീൎച്ചയായും അയാൾ കുടിച്ചു മത്തനാകും. അയാൾ വരച്ചുണ്ടാക്കിയ ആ ചിത്രം വിൽക്കേണ്ടിവരുമെന്നുള്ള ഖേദം മറക്കാനയാൾ കുടിച്ചു മത്തനാകും. എല്ലാവൎക്കും അതു മനസ്സിലാകയില്ല.

ഴിക്കാറേവ് കുടിക്കാൻപോകുന്നതധികം ശനിയാഴ്ചയായിരിക്കും. മദ്യപാനിയായ ഒരു പ്രവൃത്തിക്കാരൻെറ സാധാരണമട്ടിലുള്ള കുടിയായതിനെ വ്യാഖ്യാനിക്കാൻ ഒക്കുകയില്ല. അയാൾ ഇങ്ങിനെയാണ് കുടിക്കാൻതുടങ്ങുക. രാവിലെ അയാൾ ഒരു കുറിപ്പെഴുതി, പാവലിൻെറ കയ്യിൽ കൊടുത്തയക്കും. മുത്താഴത്തിൻെറ സമയമാകുന്നതിന്നുമുമ്പ് അയാൾ ലാറിയോണിക്കിനോടു പറയും.

"ഞാൻ ഇന്നു വിസ്തരിച്ചൊന്നു കുളിക്കാൻ വിചാരിക്കുന്നു."

"എത്ര നേരത്തോളം."

"ശരി, അതായതു്‌ – – – –"

"കഴിയുന്നതും ചൊവ്വാഴ്ചക്കപ്പുറം നീട്ടരുതു്‌."

ഴിക്കാറോവ് തൻെറ പൂമൊട്ടത്തലയാട്ടിയുംകൊണ്ടു് പരികം വിറപ്പിക്കും.

കളികഴിഞ്ഞു വന്നാൽ അയാൾ ഒരു പച്ച സുന്ദരനെപ്പോലെ, വേഷംധരിക്കും. പിന്നെ അയാൾ, എന്നോടും പാവലിനോടും ഇങ്ങിനെ കല്പിച്ചുംകൊണ്ടു സ്ഥലം വിടും.

"ഇന്നു വൈകുന്നേരം പ്രവൃത്തിശാല വളരെ വൃത്തിയായി അടിച്ചുവാരണം. നീളമുള്ള മേശ കഴുകി വൃത്തിയാക്കി അഴുക്കെല്ലാം ചുരണ്ടിക്കളയണം."

അപ്പോഴേക്കും എല്ലാവക്കും ഒരു ഒഴിവുദിവസത്തിൻെറ പ്രതീതി തോന്നും. ചായമിടുന്നവർ, അവരുടെ മേശകൾ ശരിയാക്കിവെക്കും. തിരക്കിട്ടു കുളിയും കഴിച്ചുവന്നു, അത്താഴം കഴിക്കും. അത്താഴത്തിന്നുശേഷം ഴിക്കാറേവ് ബീരും വീഞ്ഞും അപ്പവുമായി പ്രത്യക്ഷപ്പെടും. അയാളുടെ പിന്നാലെ ഒരു വലിയ തടിച്ച സ്ത്രീയും ഉണ്ടായിരിക്കും. കണ്ടാൽ അല്പം ഭ്രാന്താണോ എന്നു തോന്നും. ആറടി അഞ്ചംഗുലം ഉയരമുണ്ടു്. ഞങ്ങളുടെ കസേലകളും മേശകളും അവരുടെ കളിക്കോപ്പുകളാകാൻ മാത്രമെ വലിപ്പമുള്ളു. ദീർഘകായനായ സിററാനോവ് പോലും, അവരുടെ അടുത്തു നിൽക്കുമ്പോൾ ഒരു വെറും കുട്ടിയാണെന്നേ തോന്നുകയുള്ളു. നല്ല ദേഹം. അവരുടെ കുചകുംഭങ്ങൾ താടിക്കുതാഴെ കെട്ടിനിത്തിയിരിക്കുന്നു. അവർ നടക്കുന്നതു വളരെ സാവധാനത്തിലാണു്, ഒരറപ്പു തോന്നിക്കുന്ന സമ്പ്രദായത്തിൽ. നാല്പതു വയസ്സു കഴിഞ്ഞിരിക്കണം. എന്നാലും, അവരുടെ വലിയ വട്ടത്തിലുള്ള മുഖവും ഒരു വികാരവും സ്ഫുരിക്കാത്ത, കുതിരയുടെതുപോലുള്ള കണ്ണുകളും കണ്ടാൽ, ഒരു പുതുമ തോന്നും. അവരുടെ ചെറിയ വായ, ഒരു പ്രതിമയുടേതുപോലെ, ചായം തേച്ചു വച്ചിട്ടുണ്ടെന്നു തോന്നും. ആ സ്ത്രീക്കു എപ്പോഴും പുഞ്ചിരിയാണു്; ആരെക്കണ്ടാലും വലിയ കൈ നീട്ടിയുംകൊണ്ടഭിപ്രായപ്പെടും.

"എങ്ങിനെ സുഖം തന്നെയോ? വല്ലാത്ത തണപ്പുണ്ടു്ഇന്നു. നിങ്ങളുടെ മുറിയിൽ നിന്നെന്താണു് ഒരു വല്ലാത്ത മണം പുറപ്പെടുന്നതു്? ചായത്തിൻെറ മണമാണൊ? സുഖം തന്നെയല്ലെ".

ആ സ്ത്രീയെ കാണുന്നതു രസമാണു്. നല്ല ശക്തിയും ഗൌരവവുമുള്ള ഒരു സ്ത്രീ. വീതിയുള്ള ഒരു നദിപോലെ. സംസാരിക്കാൻ തുടങ്ങിയാൽ കേൾക്കുന്നവൎക്കു മടുപ്പുതോന്നും. എപ്പോഴും അനാവശ്യമായ അർത്ഥമില്ലാത്ത വാക്കുകൾ മാത്രമെ പറകയുള്ളു. ഓരോ വാക്കു പറയുമ്പോഴും അവർ കവിളിൽ കാററു നിറച്ചു വീർപ്പിക്കും അപ്പോൾ കവിളുകൾ കൂടുതൽ ഉരുണ്ടതായിത്തീരും.

ചെറുപ്പക്കാർ കുലുങ്ങിച്ചിരിച്ചു, അന്യോന്യം സ്വകാര്യം പറയും.

"എടോ നിനക്കു പററിയ പെണ്ണു"

"ഒരു പള്ളിയുടെ ഗോപുരം."

അവർ ചുണ്ടുകൾ അമർത്തിപ്പിടിച്ചു, മാറിന്നു താഴെ കൈകൾ മടക്കിവെച്ചു, സമാവറിന്നു പിന്നിൽ, മേശക്കരികെ ഇരിക്കും. ആ കുതിരക്കണ്ണുകൾകൊണ്ടു എല്ലാവരേയും, വഴിക്കുവഴിയായി സ്നേഹപൂൎവ്വം സൂക്ഷിച്ചുനോക്കും.

എല്ലാവരും അവരോടു ബഹുമാനത്തോടെ പെരുമാറും. ചെറുപ്പക്കാൎക്കു കുറച്ചു ഭയവുമാണു്. കുട്ടികൾ അവരുടെ ആ വലിയ ദേഹം ആത്തിഃയോടെ നോക്കും. അവരുടെ നോട്ടവുമായി ഇടയ്ക്കൊന്നൊടിഞ്ഞുപോയാൽ, അവർ, ലജ്ജിച്ചു, തലതാഴ്ത്തിക്കളയും. ഴിക്കാരേവിന്നും അവരെ മതിപ്പാണു്. അവരോടു് ബഹുമാനസൂചകമായ വാക്കുകൾ മാത്രമെ പ്രയോഗിക്കുകയുള്ളു. അവരെ അയൽവാസി എന്നു വിളിക്കും. വല്ലതും കൊടുക്കുമ്പോൾ തലതാഴ്ത്തി വണങ്ങിയും കൊണ്ടു മാത്രമെ കൊടുക്കുകയുള്ളു.

"എന്നെച്ചൊല്ലി ബുദ്ധിമുട്ടേണ്ടതില്ല." അവൻ സന്തോഷത്തോടെ പറയും. "നിങ്ങൾ എനിക്കുവേണ്ടി എത്ര ബുദ്ധിമുട്ടുന്നു."

അവർക്കൊന്നിനും ഒരു തിടുക്കില്ല. അവരുടെ ഭുജങ്ങൾ കൈമുട്ടിന്നു താഴെ മാത്രമെ അനങ്ങുന്നുള്ളു. ഭുജങ്ങൾ ദേഹത്തോടടുപ്പിച്ചുറപ്പിച്ചു വെച്ചിരിക്കയാണു്. ചുട്ടെടുത്ത ഉടനെയുള്ള റൊട്ടിയുടെ മണം പോലെയുള്ള ഒരു മണം അവരുടെ വലിയ ദേഹത്തിൽ നിന്നും പുറപ്പെടുന്നുണ്ടായിരിക്കും."

കിഴവനായ ഗോഗലേവ്, വലിയ ആഹ്ളാദത്തോടെ, അവരെ പുകഴ്ത്തിയുംകൊണ്ടു സംസാരിക്കും. ആ മുഖസ്തുതി അവർ ആർത്തിയോടെ ആസ്വദിക്കുകയും ചെയ്യും. പള്ളിയിൽനിന്നും അച്ചൻ സുവിശേഷം വായിക്കുകയാണെന്നവർ വിചാരിക്കുന്നുണ്ടായിരിക്കണം. അയാൾക്കു വാക്കുകൾ കിട്ടാതാകുമ്പോൾ അവർതന്നെ ഇടക്കു സഹായം ചെയ്യും.

"ഞാൻ ചെറുപ്പത്തിൽ സുമുഖിയൊന്നുമായിരുന്നില്ല. ഒരു മുതിർന്ന സ്ത്രീയുടെ അനുഭവങ്ങൾ വന്നപ്പോൾ മാത്രമെ ഞാൻ ഒരു സുമുഖിയായുള്ളു. മുപ്പതു വയസ്സാകുമ്പോഴേക്കും ഞാൻ ഒരു സുന്ദരിയായി; വലിയ ആളുകൾപോലും എന്നെ ശ്രദ്ധിക്കുവാൻ തുടങ്ങി ഒരു പ്രഭു എനിക്കു ഒരു വണ്ടിയും രണ്ടു..........."

അപ്പോഴേക്കും കെപ്പണ്ട്യൂഖിൻ—കുടിച്ചു മത്തനായിക്കഴിഞ്ഞിരുന്നു. അയാൾ ആ സ്ത്രീയുടെ നേരെ അല്പം പകയോടെ നോക്കിയുംകൊണ്ടു പരുഷസ്വരത്തിൽ പറഞ്ഞു.

"എന്തിന്നു പ്രതിഫലമായിട്ടു?"

"എന്റെ പ്രണയത്തിനുവേണ്ടി, സ്വാഭാവികമായി." ഞങ്ങളുടെ അതിഥിവ്യക്തമാക്കി

"പ്രണയം!" കെപ്പണ്ട്യൂഖിൻ, അല്പം അമ്പരന്നുംകൊണ്ടു പറഞ്ഞു. "പ്രേമം എന്നാൽ എന്താണു് അർത്ഥം."

"നിങ്ങളെപ്പോലെ സുമുഖനായ ഒരാൾക്കു പ്രേമമെന്നാൽ എന്താണെന്നു ഇതിന്നു മുമ്പായിത്തന്നെ മനസ്സിലാക്കിയിരിക്കേണ്ടതാണ്." അവർ ശാന്തമായി മറുപടി പറഞ്ഞു.

അവിടെയുള്ള എല്ലാവരും പൊട്ടിച്ചിരിച്ചു. സിററാനോവ് കെപ്പണ്ട്ലൂഖിനോടു പറഞ്ഞു.

"അവൾ ഒരു വിഡ്ഢിയാണ് — അതിലും മോശമാണ്. അങ്ങിനത്തെ സ്ത്രീയുമായി അനുരാഗത്തിൽപെടുന്നതു് വലിയ ദുരിതം തന്നെയാണ് — തീർച്ച"

വീഞ്ഞു കുടിച്ചു അയാളുടെ മുഖം തുടുത്തിരിക്കുന്നു; നെററിയിൽ വിയപ്പ് പൊടിഞ്ഞു നിൽക്കുന്നു. കണ്ണുകളിൽ ഒരു പ്രകാശം പൊങ്ങിക്കാണുകയും ചെയ്യുന്നു. കിഴവനായ ഗോഗലേവ്, മൂക്കു വിറപ്പിച്ചു് വിരലുകൾകൊണ്ടു മൂക്കു തുടച്ചു ചോദിച്ചു.

"നിങ്ങൾക്കു എത്ര കുട്ടികൾ ഉണ്ടായി."

"ഒന്നുമാത്രം"

മേശക്കു നേരെ മീതെ, ഒരു വിളക്കു തൂങ്ങുന്നുണ്ടായിരുന്നു. അടുപ്പിന്നപ്പുറം ഒരു മൂലയിൽ മറെറാരു വിളക്കും വെച്ചിട്ടുണ്ടു — പ്രകാശം കുറവായതുകൊണ്ടു മുറിയുടെ മൂലയിൽ നിഴൽ വീണുകിടക്കുന്ന ആ മൂലകളിൽ, തലയില്ലാത്ത പ്രതിമകൾ എത്തിനോക്കുകയാണ്. തലയും കൈയ്യും ഇല്ലാത്ത പ്രതിമകൾ കാണുമ്പോൾ, ഭാവന പല രൂപവും സൃഷ്ടിക്കുവാൻ തുടങ്ങി— പുണ്യവാളന്മാരുടെ, ദേഹം എങ്ങോ പറന്നു പോയതായിത്തോന്നി. ഈ ഇരുണ്ട മുറിയിൽ, അവരുടെ ഉടയാടകൾ മാത്രം അവശേഷിച്ചു നിൽക്കുകയാണ്. പളുങ്കു ഗോളങ്ങൾ മച്ചിന്നടുത്തേക്കു വലിച്ചുകെട്ടിയതായിത്തോന്നി; പുകച്ചുരുളിന്നടിയിൽ, അവ നീലനിറത്തിൽ തിളങ്ങുകയായിരുന്നു.

ഴിക്കാറേവ്, അസ്വസ്ഥനായി മേശക്കു ചുററും നടന്നു. അയാൾ ആതിഥേയന്റെ നിലയാണ് കൈക്കൊണ്ടതു്, അയാളുടെ പൂമൊട്ടു ഒരു നിമിഷത്തിൽ ഒരാളുടെ മുമ്പിലും അടുത്ത നി

മിഷത്തിൽ ഒരാളുടെ മുമ്പിലും അടുത്ത നിമിഷത്തിൽ മററൊരാളുടെ മുമ്പിലും വണങ്ങിനിൽക്കുന്നതു കാണാം. അയാളുടെ വിരലുകൾ വിശ്രമമില്ലാതെ ഇളകിക്കൊണ്ടിരിക്കും. അയാൾ കുറെ മെലിഞ്ഞതുപോലെയുണ്ട്; അയാളുടെ മൂക്കു കൂടുതൽ കൂർത്തിരിക്കുന്നു. മൂക്കിൻെറ നിഴൽ, വിളക്കിന്നെതിരെ നിൽക്കുമ്പോൾ അയാളുടെ കവിളിന്മേൽ വീണു നിൽക്കുന്നു.

"വേണ്ടത്ര തിന്നുകയും കുടിക്കുകയും ചെയ്യുക. സ്നേഹിതന്മാരെ" അയാൾ തൻെറ മണിയുന്ന സ്വരത്തിൽ പറഞ്ഞു

ഗൃഹസ്ഥയുടെ നാട്യത്തിൽ ആ സ്ത്രീ ആലാപിച്ചുംകൊണ്ടിരിക്കും.

"പ്രിയപ്പെട്ട അയൽപക്കക്കാരാ, നിങ്ങൾ എന്തിനാണ് എനിക്കുവേണ്ടി അത്രയെല്ലാം ബുദ്ധിമുട്ടുന്നതു്. ഓരോ ആൾക്കും കൈയുണ്ട്. വിശപ്പുമുണ്ട്. ആർക്കും വേണ്ടതിലധികം തിന്നാൽ കഴിയുമോ?"

"ചങ്ങാതികളെ തിന്നുല്ലസിക്കു"

ഴിക്കാറേവ്, ആവേശത്തോടെ പറഞ്ഞു. "നമ്മളെല്ലാം ദൈവത്തിൻെറ അടിമകളാണ്. നമുക്ക് പാട്ടുപാടാം......"

സംഗീതം ഒരു പരാജയമായി കലാശിച്ചു. അപ്പോഴേക്കും എല്ലാവരും തിന്നും, വോഡ്ക കുടിച്ചും മത്തരായിക്കഴിഞ്ഞിരിക്കുന്നു. കെപ്പണ്ട്യൂഖിൻ ഒരു വീണയെടുത്തു പാടി. ചെരുപ്പുക്കാരനായ വിക്ടർ. സലാട്ടിൻ തപ്പുകൊട്ടി തപ്പിൻെറ വക്കിൽ പിടിപ്പിച്ചിരിക്കുന്ന ലോഹത്തകിടുകൾ കിലുങ്ങി.

"ഒരു റഷ്യൻ നൃത്തം ചവിട്ടു" ഴിക്കാറോവ് കല്പിച്ചു. "അയൽപക്കക്കാരി, ദയ ചെയ്യു"......"

"അയ്യോ?" ആ സ്ത്രീ എഴുന്നേററു നിന്നുകൊണ്ടു പറഞ്ഞു. "നിങ്ങൾ എനിക്കുവേണ്ടി ഇങ്ങിനെ ബുദ്ധിമുട്ടുന്നവല്ലൊ."

അവർ മുറിയുടെ മദ്ധ്യത്തിൽ വന്നുനിന്നു. ഒരു ഗോപുരംപോലെ ഉറച്ചുനിന്നു, അവർ തവിട്ടുനിറമുള്ള ഒരു പാവാട

യും മഞ്ഞനിറമുള്ള ബ്ളൗസുമാണ് ധരിച്ചിരുന്നതു്. തലയിൽ ഒരു ചുവന്ന ഉറുമാൽ കെട്ടിയിട്ടുമുണ്ടു്.

വീണ വളരെ നല്ല ഒരു സ്വരം പുറപ്പെടുവിച്ചു. തപ്പിന്റെ താളവും മുഴങ്ങി. പക്ഷെ ഹൃദ്യമായ ഒരു രാഗത്തിലല്ല. ഒരു ഭ്രാന്തൻ നെടുവീർപ്പിട്ടുംകൊണ്ടു തലചുമരിന്മേൽ വെച്ചടിക്കുന്നതുപോലെ.

ഷിക്കാറോവിന്നു നൃത്തം വെക്കാൻ വശമില്ല. അയാൾ വെറുതെ കാലടികൾ നീക്കി, കോലാട്ട നടകൾപോലെ, തുള്ളിക്കൊണ്ടങ്ങുമിങ്ങും നീങ്ങി. താളം തെററി അയാളുടെ കാലടികൾ അയാളുടേതല്ലെന്നു തോന്നി. അയാൾ വളരെ വൃത്തികെട്ടമട്ടിൽ ദേഹം ചുഴററിക്കൊണ്ടിരുന്നു. കടന്നൽപോലെ വലയിൽ കുടുങ്ങിയ മത്സ്യംപോലെ. അതൊരു വ്യസനകരമായ കാഴ്ചയായിരുന്നു. എല്ലാവരും, കുടിച്ചു മത്തരായവർപോലും, അയാളുടെ ചലനങ്ങളെ സൂക്ഷിച്ചുനോക്കി. അയാളുടെ മുഖത്തും കൈകളിലും ശ്രദ്ധിച്ചുനോക്കി. ഷിക്കാറോവിന്റെ ഭാവം ആശ്ചര്യകരമാംവണ്ണം മാറിക്കൊണ്ടിരുന്നു. ചിലപ്പോൾ ശാന്തം ചിലപ്പോൾ ലജ്ജ ചിലപ്പോൾ അഭിമാനം, ചിലപ്പോൾ അയാൾ പുരികം ചുളിക്കും. പെട്ടെന്നയാളെ എന്തെങ്കിലും ആശ്ചര്യപ്പെടുത്തും. അയാൾ കരഞ്ഞുകൊണ്ടു കണ്ണടക്കും. അയാൾ വീണ്ടും കണ്ണുതുറക്കുമ്പോൾ, എന്തൊന്നില്ലാത്ത ദുഃഖം നിഴലിച്ചു കാണും. മുഷ്ടി ചുരുട്ടി അയാൾ ആ സ്ത്രീയുടെ നേരെ ഇഴഞ്ഞു ചെല്ലും. നിലത്തു കാലുറക്കെ ചവുട്ടി, അവരുടെ മുമ്പിൽ മുട്ടുകുത്തും, കൈകൾ ഉയർത്തി, പുരികം ഉയർത്തി അവരെ നോക്കി, ഹൃദ്യമായൊന്നു പുഞ്ചിരിയിടും. അവർ അയാളുടെ മുഖത്തു താഴോട്ടു നോക്കും. പുഞ്ചിരിയിട്ടു ശാന്തഭാവത്തിൽ, പറയും.

“നിങ്ങൾ വല്ലാതെ ക്ഷീണിച്ചുപോകും. അയൽവാസി.”

അവർ ദയാവായ്‌പോടെ കണ്ണടക്കുവാൻ ശ്രമിച്ചു. മൂന്നു കൊപെക്ക നാണയത്തോളം വലുപ്പമുള്ള ആ കണ്ണുകൾ അട

യാൻ കൂട്ടാക്കിയില്ല. അപ്പോഠം മുഖത്തു പ്രത്യക്ഷപ്പെട്ട ചുളി വുകഠം ആ മുഖം വികൃതമാക്കി.

അവക്കും നന്നായി നൃത്തം വെക്കാൻ വശമില്ല. സാവധാനം തൻെറ ആ വലിയ ദേഹം ഇളക്കിയുംകൊണ്ടു നടന്നു പോകാൻ മാത്രമെ അവക്കു കഴിഞ്ഞുള്ളു. ഇടത്തെ കൈയിൽ അവർ ഒരു ഉറമാൽ പിടിച്ചു വീശിക്കൊണ്ടിരുന്നു. വലത്തെ കൈ ഒക്കത്തു് അമർത്തിപ്പിടിച്ചിരിക്കുന്നു. ആകെക്കൂടി കണ്ടാൽ അവർ ഒരു വലിയ പാർ പാത്രത്തിൻെറ ആകൃതിയുണ്ടു്.

ഴിക്കാറേവിൻെറ മുഖത്തു അന്യോന്യവിരുദ്ധമായ വികാരങ്ങഠം കടന്നുപോയി. അയാഠം ഈ വലിയ പ്രതിമകഠ പുറമെയായി, നൃത്തം വെക്കുകയാണു്. അയാഠം ഏകനായിട്ടല്ല അവിടെ നൃത്തം വക്കുന്നതെന്നു ഞാൻ വിചാരിച്ചു. വ്യത്യസ്ഥരായ പത്തുപേർ അവിടെ നൃത്തം വെക്കുന്നതായതോന്നി. ഒരാഠംക്കു ലജ്ജയും വിനയവുമുണ്ടു്. മററെയാഠംക്കു ഭീതി ജനിപ്പിക്കുന്ന ഭാവമാണു്. മൂന്നാമത്തെയാഠം ഭയന്നു നിൽക്കുകയാണു്. ആ വലിയ വികൃതസ്വരൂപിയായ സ്ത്രീയിൽനിന്നു പിൻവാങ്ങാൻ ശ്രമിക്കുംപോലെ. പെട്ടെന്നു വേറൊരാഠം പ്രത്യക്ഷപ്പെട്ടു. പല്ലിളിച്ചു കാട്ടിയുംകൊണ്ടു മുറിഞ്ഞെററ ഒരു പട്ടിയെപ്പോലെ. ഈ വൃത്തികെട്ട നൃത്തം എന്നെ അമ്പരപ്പിച്ചു. പട്ടാളക്കാരുടേയും വെപ്പുകാരികളുടേയും, അലക്കുകാരികളുടേയും കൂട്ടുകെട്ടിനെക്കുറിച്ചു ഞാൻ ഓത്തു. നായ്ക്കഠം ഇണയെടുക്കുന്ന കാഴ്ചയും ഞാൻ ഓത്തു.

ഞാൻ സിഡറേവിൻെറ വാക്കുകഠം ഓർമ്മിച്ചു.

"അങ്ങിനെയുള്ള കാര്യങ്ങളെക്കുറിച്ചു 'എല്ലാവരും കളവു പറയും. എല്ലാവക്കും ലജ്ജയുണ്ടു്. കാരണം ആരും ശരിക്കു സ്നേഹിക്കുന്നില്ല. അവരങ്ങിനെ ചെയ്യുന്നതു വെറും തമാശക്കുവേണ്ടി മാത്രമാണു്."

അങ്ങിനെയുള്ള സംഗതികളെക്കുറിച്ച് എല്ലാവരും കളവു പറയുമെന്നു വിശ്വസിക്കുവാൻ എനിക്കു പ്രയാസം തോന്നി. മാഗ്ഗോട്ടു രാജ്ഞിയോ? ഴിക്കാറോവു് തീർച്ചയായും കളവു പറയുന്നില്ല. സിററാനോവ് ഒരു വേശ്യയെ സ്നേഹിക്കുന്നുണ്ടെന്നു എനിക്കു അറിയാമായിരുന്നു. ആ സ്ത്രീയിൽ നിന്നും, അയാൾക്കു എന്തെല്ലാമൊ രോഗം പിടിപെട്ടിരിക്കുന്നു. എന്നാൽ അതിനെ സംബന്ധിച്ച് അയാൾ അവളോടു ലഹളക്കു പുറപ്പെട്ടിട്ടില്ല. അവളെ അടിക്കേണമെന്നു ചങ്ങാതികൾ അയാളെ ഉപദേശിച്ചു. അവൾക്കുവേണ്ടി അയാൾ ഒരു മുറി വാടകയ്ക്കെടുത്തിരുന്നു. അവളെ ചികിത്സിക്കുവാൻ. അവളെക്കുറിച്ചു പ്രത്യേകം സ്നേഹത്തോടെ അടുപ്പത്തോടെ അയാൾ സംസാരിക്കും.

ആ വലിയ സ്ത്രീ, അവിടെ ആടി നടന്നു. മുഖത്തൊരു പുഞ്ചിരി, കയ്യിൽ ഉറുമാൽ വീശിക്കൊണ്ടിരിക്കുക. ഴിക്കാറോവ് അവക്കു ചുററും തുള്ളി നടന്നു. അവരെ നോക്കിക്കൊണ്ടിരിക്കെ ഞാൻ വിചാരിച്ചു ദൈവത്തെ തോല്പിച്ച ഒച്ചക്കും ഈ സ്ത്രീക്കും തമ്മിൽ വല്ല സാമ്യവുമുണ്ടോ, എന്നു. ഞാൻ ആ സ്ത്രീയെ വെറുക്കുവാൻതുടങ്ങി.

ഇരുണ്ട ചുമരുകളിൽനിന്നു, തലയില്ലാത്ത, പ്രതിമകൾ, മിഴിച്ചുനോക്കുംപോലെ തോന്നി. രാത്രിയിലെ കട്ടികൂടിയ ഇരുട്ടു, ജനലിന്റെ കണ്ണാടിച്ചില്ലുകളിൽ പതിഞ്ഞു, തള്ളിക്കയറി. വിളക്കുകൾ, മുനിഞ്ഞു കത്തി. കാൽ ചവിട്ടുന്ന ശബ്ദത്തിന്നും ആളുകൾ സംസാരിക്കുന്ന ശബ്ദത്തിന്നും ഉപരിയായി, ചെമ്പുപാത്രക്കുഴലിൽനിന്നും, തൊട്ടിയിലേക്ക് വെള്ളം ഇററിററു വീഴുന്ന ശബ്ദം ഞാൻ കേട്ടു.

പുസ്തകങ്ങളിൽ കാണുന്ന ജീവിതത്തിൽനിന്നും ഇതെത്ര ഭിന്നമാണ്. എന്തൊരുവ്യത്യാസം. എല്ലാവക്കും വളരെക്കഴിയാതെ മടുപ്പുതോന്നി. കെപണ്ടപ്പൂഖിൻ വീണ സലാട്ടിന്റെ കയ്യിലേക്കു തള്ളിയുംകൊണ്ടു പറഞ്ഞു.

"വരൂ, നമുക്കു പലകകൾ കത്തിച്ചു പുകക്കാം."

അയാൾ വാൻകാസിഗാനോക്കിനെപ്പോലെ നൃത്തംവെച്ചു. ആകാശത്തുകൂടി പറന്നു നടക്കുംപോലെ. പിന്നെ പാവൽ ഓ ഡിൻഡ്സ്റ്റാവും, സൊറോബിനും, വേഗത്തിൽ ചില താളങ്ങൾ ചവിട്ടി. ക്ഷയരോഗിയായ ഡാവിഡോവ് പോലും ചില ചുവടുകൾ വെച്ചു. പുകയുടേയും വോഡ്കയുടേയും, കറിയുടേ യും മണം വിലങ്ങി അവർ കൂടക്കൂടെ ചുമച്ചു. കറിയുടെ മണം ഊറക്കിട്ട തോലിന്റെ മണംപോലെയുണ്ടായിരുന്നു.

അവർ പാടിയും ആടിയും ബഹളംകൂട്ടി. അവർ വളരെ രസം അനുഭവിക്കുകയാണെന്നു തോന്നി. അന്യോന്യം മത്സരിച്ചു നൃത്തത്തിലുള്ള സാമർത്ഥ്യം പ്രകടിപ്പിക്കുകയാണെന്നു തോന്നി.

കുടിച്ചു മത്തനായിക്കഴിഞ്ഞ സിററാനോവ് ഓരോരുത്ത രോടായി മാറിമാറി ചോദിച്ചു.

"അയാൾക്കിങ്ങിനത്തെ ഒരു സ്ത്രീയെ എങ്ങിനെയാണ് സ്നേ ഹിക്കാൻ കഴിയുന്നതു?"

ലാറിയോണിക്ക് ചുമൽ ഉയർത്തിയുംകൊണ്ടു മറുപടി പ റഞ്ഞു.

"അവൾ മററ് അനേകം സ്ത്രീകളേക്കാൾ മോശമൊന്നുമല്ല. അതുകൊണ്ടു് നിനക്കെന്താണ്."

വളരെക്കഴിയാതെ, അവരെല്ലാം ആരെക്കുറിച്ചു സംസാരി ച്ചുകൊണ്ടിരുന്നോ അവർ മുറിവിട്ടു പുറത്തേക്കു പോയി.

"അവർ പോയോ?" സിററാനോവ് തന്റെ ചാരനിറം പു രണ്ട, നിലിച്ച കണ്ണുകളെകൊണ്ടു മുറി മുഴുവൻ പരിശോധിച്ചും കൊണ്ടു ചോദിച്ചു.

അവർ പോയിക്കഴിഞ്ഞിരുന്നു; ഷിക്കാറേവ് രണ്ടുമൂന്നു ദിവ സംകഴിഞ്ഞു മാത്രമെ, പ്രവൃത്തിശാലയിൽ തിരിച്ചു വരികയുള്ളു എന്നെനിക്കറിയാമായിരുന്നു. അങ്ങിനെയുള്ള ഒരു ബഹളത്തി നു ശേഷം അയാൾ രണ്ടാഴ്ചയോളം വിശ്രമമില്ലാതെ പണിയെടു

കം. നിസ്സംബ്ഭമായി വലിയ പ്രമാണിയായി, സകലത്തിൽനി ന്നും ഒഴിഞ്ഞുമാറിയുംകൊണ്ടു.

സിററാനോവിൻെറ മുഖം കണ്ടാൽ പ്രായം മതിക്കും. സുമു ഖനല്ല. എന്നാൽ വളരെ ദയാലുവാണ്.

അയാൾക്കെന്നെ ഇഷ്ടമായിരുന്നു. അതിന്നു കാരണം എ ൻെറ കയ്യിൽ കവിതകൾ എഴുതിയ ഒരു നോട്ടുപുസ്തകം ഉണ്ടെന്നു ള്ളതു മാത്രം. അയാൾക്കു ദൈവത്തിൽ വിശ്വാസമില്ല. ലാറി യോണിക്കിനെ ഒഴിച്ചു മററാരാണ് ദൈവത്തിൽ വിശ്വസിക്കുന്ന വർ അവിടെ ഉണ്ടായിരുന്നതെന്നു തിരിച്ചറിയാൻ പ്രയാസമാ യിരുന്നു. എല്ലാവരും ദൈവത്തെക്കുറിച്ച് അല്പം പരിഹാസം നിറഞ്ഞ ഭാഷയിൽ മാത്രമെ സംസാരിക്കുകയുള്ളു. തൊഴിലാളികൾ മുത ലാളികളെക്കുറിച്ചു സംസാരിക്കുംപോലെ. എന്നാൽ അവർ അ ത്താഴത്തിന്നൊ മുത്താഴത്തിന്നൊ ഇരിക്കുമ്പോൾ കുരിശു വരക്കു വാൻ മറക്കുകയില്ല. ഉറങ്ങാൻപോകുമ്പോൾ പ്രാർത്ഥിക്കാതി രിക്കുകയുമില്ല. അവർ എല്ലാവരും ഞായറാഴ്ച പള്ളിയിൽപോ കാതിരിക്കയില്ല.

നേരെ മറിച്ചു, സിററാനോവ്, അങ്ങിനെയൊന്നും ചെയ്യാ റുണ്ടായിരുന്നില്ല. അയാൾ ഒരു നിരീശ്വരവാദിയാണെന്നു എ ല്ലാവരും കരുതുകയും ചെയ്തിരുന്നു.

“ദൈവം ഇല്ല”. അയാൾ അഭിപ്രായപ്പെട്ടു.

“എന്നാൽ എവിടെനിന്നാണ് ഈ സൃഷ്ടികളെല്ലാം ഉണ്ടായതു?”.

“ഞാൻ അറിയുകയില്ല.”

ഒരിക്കൽ ഞാൻ അയാളോട് ചോദിച്ചു.

“ദൈവം ഇല്ലാതിരിക്കുന്നതെങ്ങിനെയാണ്?”

“നിനക്കറിയുകയില്ലെ—ദൈവമെന്നാൽ, ഔന്നത്യമാണ്.” അയാൾ മറുപടി പറഞ്ഞു. അയാൾ തൻെറ നീളമുള്ള കൈ

കഠം ഉയത്തിപ്പിടിച്ചു. പിന്നെ തറയിലേക്ക ചൂണ്ടിയുംകൊണ്ടു പറഞ്ഞു.

"മനുഷ്യൻ ആഴമാണ്. അല്ലെ, അങ്ങിനെയല്ലേ? എന്നാൽ പറയപ്പെടുന്നതങ്ങിനെയാണ്." ദൈവം സ്വന്തം ആകൃതിയിൽ മനുഷ്യനെ സൃഷ്ടിച്ചു. ഗോഗലേവിനെ ആരുടെ ആകൃതിയിലാണ് സൃഷ്ടിച്ചതു?"

ഞാൻ തോററു. അയാഠം കിഴവനാണെങ്കിലും, കുടിയനും വൃത്തികെട്ടവനും ആണെങ്കിലും, ഓസാന്റെ പാപം അയാഠം വഹിക്കുന്നുണ്ട്. ഞാൻ അമ്മമ്മയുടെ സഹോദരിയെക്കുറിച്ചു ചിന്തിച്ചു. വ്യാട്ക്കക്കാരനായ പട്ടാളക്കാരനെക്കുറിച്ചു ചിന്തിച്ചു. അവരിലെല്ലാംതന്നെ ദൈവത്തിന്റെ എന്തംശമാണുള്ളതെന്നു ഞാൻ ഓത്തുനോക്കി.

"ആളുകഠം പന്നികളാണ്." സിററാനോവ് പറഞ്ഞു. അയാഠം ഉടനെ എന്നെ ആശ്വസിപ്പിക്കുവാൻ ശ്രമിച്ചു.

"പരിഭ്രമിക്കേണ്ട, മേക്സിമിക്ക്, അവരുടെ ഇടയിലും നല്ല ആളുകഠം ഉണ്ട്. തീർച്ചയായും ഉണ്ടു."

അയാളോടൊപ്പം കഴിച്ചുകൂട്ടുന്നതെനിക്കിഷ്ടമായിത്തോന്നി. അയാഠക്ക് എന്തിനെക്കുറിച്ചെങ്കിലും അറിയുകയില്ലെങ്കിൽ അതു് തുറന്നു സമ്മതിക്കും.

"എനിക്കറിയുകയില്ല." അയാഠം പറയും.

"ഞാൻ അതിനേക്കുറിച്ചു ചിന്തിച്ചു നോക്കിയിട്ടില്ല".

ഇതും അസാധാരണമായിരുന്നു. ഞിൻ കണ്ടുമുട്ടിയ മററെല്ലാവരും, എല്ലാം അറിയാമെന്നു നടിച്ചു ഏതു വിഷയത്തെക്കുറിച്ചും അഭിപ്രായം പറപ്പെടുവിക്കുവാൻ മടിച്ചിരുന്നില്ല.

അയാളുടെ നോട്ടുബുക്കിൽ നല്ല കവിതകഠം എഴുതിവെച്ചിട്ടുണ്ട്. കൂടാതെ നല്ല പാട്ടുകളും എഴുതിവെച്ചിരുന്നു. ഞാൻ

പുഷ്കിനെക്കുറിച്ചു അയാളോടു് സംസാരിച്ചപ്പോൾ, അയാൾ, “ഗാവ്റിലിയഡാ”എന്ന കവിത ചൂണ്ടിക്കാണിച്ചു.

“പുഷ്കിൻ? അയാളെ അത്ര കാര്യമായെടുക്കാൻ പറവുകയില്ല. എന്നാൽ ബെനിഡിക്റ്റോവ്—അയാളെ ശൌനിക്കാതിരിക്കാൻ സാദ്ധ്യമല്ല. മേക്സിമിക്ക്!

കണ്ണടച്ചുംകൊണ്ടു് അയാൾ ചില വരികൾ ചൊല്ലും.

“മനസ്സിലായോ”. അയാൾ ചോദിക്കും. അയാളെ അത്രകും ആനന്ദിപ്പിച്ചതെന്താണെന്നു മനസ്സിലായില്ലെന്നു സമ്മതിക്കുന്നതിൽ എനിക്കു വലിയ ലജ്ജ തോന്നി.

---

## XIV

തൊഴിൽശാലയിൽ എനിക്കത്രയൊന്നും ജോലിചെയ്യുവാൻ ഉണ്ടായിരുന്നില്ല. രാവിലെ മററുള്ളവരാരുംതന്നെ എഴുന്നേൽക്കുന്നതിന്നു മുമ്പായി, ഞാൻ ഉണൎന്ന് സമാവറിൽ വെള്ളം തിളപ്പിക്കണം. അവർ അടുക്കളയിൽവെച്ചു ചായ കഴിച്ചുകൊണ്ടിരിക്കെ ഞാനും പാവലുംകൂടി മുറി അടിച്ചുവാരി വൃത്തിയാക്കണം. ചായത്തിൽ ചേൎക്കാനുള്ള മുട്ടയുടെ വെള്ള വേൎതിരിച്ചെടുക്കണം. പിന്നെ അങ്ങാടിയിൽ, ഷാപ്പിലേക്കു പോകാം. വൈകുന്നേരവും ഞാൻ ചായം കലൎത്തിക്കൊടുക്കണം. സമൎത്ഥന്മാരായ ചായക്കാർ, ചായം കൂട്ടുന്നതു നോക്കി പഠിക്കണം. വളരെക്കഴിയാതെ എനിക്കൊരു സംഗതി വ്യക്തമായി. ആ പ്രവൃത്തിക്കാരിൽ ആരുംതന്നെ, അങ്ങിനെ, ജോലി വിഭജിക്കപ്പെട്ടതു തീരെ ഇഷ്ടപ്പെട്ടില്ല. അതുകൊണ്ടു് അവൎക്കു വല്ലാത്ത മുഷിപ്പും തോന്നിയിരുന്നു

മററ് യാതൊന്നും ചെയ്യാനില്ലാത്തതുകൊണ്ടു് കപ്പലിൽ ഞാൻ കഴിച്ചുകൂട്ടിയ ജീവിതത്തെക്കുറിച്ചും, ഞാൻ വായിച്ച പുസ്തകങ്ങളിലുള്ള കഥകളെക്കുറിച്ചും ഞാൻ അവൎക്കെല്ലാം പറഞ്ഞുകൊടുത്തു. അങ്ങിനെ ഞാൻ അറിയാതെ ആ തൊഴിൽശാലയിൽ എനിക്കൊരു പ്രത്യേക പദവി അനുവദിക്കപ്പെട്ടു. വായനക്കാരന്റെയും കഥാപ്രസംഗികന്റെയും.

ഞാൻ കണ്ടത്ര തന്നെ, ഈ ലോകത്തെക്കുറിച്ച് അവരൊന്നും കാണുകയൊ, അറിയുകയൊ ചെയ്തിട്ടില്ലെന്നു ഞാൻ മനസ്സിലാക്കി. വളരെ ചെറുപ്പംമുതൽക്കുതന്നെ ആ ഒരു കൈത്തൊഴി

ലിൻെറ ചട്ടക്കൂട്ടിൽ അടക്കപ്പെട്ടു. ഇത്രയുംകാലം അവർ അവിടെത്തന്നെ കഴിച്ചുകൂട്ടേണ്ടതായി വന്നു. അവിടെയുണ്ടായിരുന്ന പ്രവൃത്തിക്കാരിൽ ഴിക്കാറേവ് മാത്രമേ മോസ്കോവിൽ പോയിട്ടുണ്ടായിരുന്നുള്ളു. ആ യാത്രയെക്കുറിച്ച് പറയുമ്പോഴെല്ലാം അയാറംക്കു് പ്രത്യേകമൊരു ഗൌരവമാണ്.

"മോസ്കോ നഗരം കാണാൻ കണ്ണുനീർ ഒഴുക്കിയതുകൊണ്ടു കാര്യമില്ല. കണ്ണു പിളൎക്കെ തുറന്നു നോക്കിയാൽ മാത്രമെ എന്തെങ്കിലും മനസ്സിലാകയുള്ളു." മററാരുംതന്നെ, വ്ലാഡിമീറിന്നപ്പുറം കടന്നിട്ടില്ല. കുസാൻപട്ടണത്തെപ്പററി പറയാൻ ഇട വന്നാൽ അവർ ചോദിക്കും.

"അവിടെ വളരെ റഷ്യക്കാരുണ്ടോ? അവിടെ പള്ളികളുണ്ടോ?"

അവരെസംബന്ധിച്ചേടത്തോളം പേം എന്നു പറഞ്ഞാൽ സൈബീരിയയാണ്. സൈബീരിയ യൂറൽ പൎവ്വതങ്ങറംക്കപ്പുറം ആണെന്നു വിശ്വസിക്കുവാൻ അവൎക്കു കഴിഞ്ഞില്ല.

"കൽക്കരിയുംമററും യൂറൽ പ്രദേശത്തുന്നിന്നു, കാസ്പിയൻ കടലിൻെറ കരയിൽനിന്നും അല്ലെ കൊണ്ടുവരുന്നതു്. അതുകൊണ്ടു യൂറൽ പൎവ്വതം ആ കടലിന്നടുത്തായിരിക്കുമല്ലൊ."

ഇംഗ്ലണ്ടു് കടലിന്നപ്പുറമാണെന്നവർ പറയുമ്പോറം, അവർ എന്നെ തമാശയാക്കുകയാണെന്നു് ഞാൻ വിചാരിക്കാറുണ്ടു്. ബോണാപ്പാർട്ടു് കാലുഗാപ്രഭുക്കന്മാരുടെ കൂട്ടത്തിലായിരുന്നു എന്നവർ പറയും. ഞാൻ എൻെറ സ്വന്തം കണ്ണുകൊണ്ടു കണ്ട കാൎയ്യങ്ങളെക്കുറിച്ചവരോടു പറഞ്ഞാൽ അവർ അതൊന്നും വിശ്വസിക്കുകയില്ല. കുഴഞ്ഞുമറിഞ്ഞ സംഭവങ്ങളുറംക്കൊള്ളുന്നകഥകറം അവൎക്കു് പറഞ്ഞുകൊടുത്താൽ അവർ സന്തോഷത്തോടെ ശ്രദ്ധിച്ചു കേറംക്കും. മുതിർന്നവർപോലും കേട്ട കഥകളാണ് യാഥാൎത്ഥ്യത്തേക്കാറം വിശ്വസിച്ചിരുന്നതു്, യാഥാൎത്ഥ്യത്തിൽനിന്നും എ

ത്ര അകലെയാണ്, എത്ര കുഴഞ്ഞുമറിഞ്ഞതാണ് കഥകൾ. ഇഷ്ട ത്തോടെ അവർ ആ കഥ ശ്രദ്ധിച്ചു കേൾക്കും. പൊതുവിൽ അവക്ക് യാഥാർത്ഥ്യത്തിൽ താല്പര്യമുണ്ടായിരുന്നില്ല, അവരെല്ലാവരും ഭാവിയിലേക്കാശയോടെ നോക്കി. വർത്തമാനത്തിലെ, ദാരിദ്ര്യവും ഭംഗികേടും നീക്കംചെയ്വാൻ ആഗ്രഹിച്ചു.

ഇതെന്നെ വല്ലാതെ ആശ്ചര്യപ്പെടുത്തി. കാരണം, കെട്ടുകഥകളും യാഥാർത്ഥ്യവും തമ്മിലുള്ള വൈരുദ്ധ്യം, എനിക്കു മനസ്സിലാകാൻതുടങ്ങിയിരുന്നു. അവർ യഥാർത്ഥമായ ആളുകളായി എൻെറമുമ്പിൽ നിൽക്കുന്ന അവരെപ്പോലെ ആരെയും ഞാൻ ഒരു പുസ്തകത്തിലും കണ്ടിട്ടില്ല.—സ്ലൂറി, എഞ്ചിൻമുറിയിൽ ജോലിചെയ്തിരുന്ന യാക്കോവ് അലക്സാണ്ടർ, ഴിക്കാറോവ്, അലക്കുകാരി, നടാല്യാ ഇങ്ങിനെയുള്ള കഥാപാത്രങ്ങളെ ഞാൻ പുസ്തകങ്ങളിൽ കാണുകയുണ്ടായില്ല. ഡാവിഡോവിൻെറ പെട്ടിയിൽ ഗോളിട്സിൻകിയുടെ ഒരു പഴയ ചെറുകഥാസമാഹാരം, ബർഗാറിൻെറ ഐവൻ വ്യഴിജിൻ, ബൈറൻ ബ്രേമ്പ്യൂസിൻെറ ഗ്രന്ഥം, ഈ പുസ്തകങ്ങൾ ഉണ്ടായിരുന്നു. ഈ പുസ്തകങ്ങളെല്ലാം ഞാൻ ചായമിടുന്ന ജോലിക്കാൎക്കു വായിച്ചുകൊടുത്തു. അതവർക്കു വലിയ ഇഷ്ടമാകയും ചെയ്തു.

"വായന എല്ലാ ശബ്ദത്തേയും ശണ്ഠയേയും ഇല്ലാതാക്കുന്നു; അതുകൊണ്ടു് വായന വളരെ നല്ലതാണ്". ലാറിയോണിക്ക് അഭിപ്രായപ്പെട്ടു.

ഞാൻ പുസ്തകങ്ങൾ അന്വേഷിക്കുവാൻതുടങ്ങി. എനിക്കു കിട്ടുന്ന പുസ്തകം ഞാൻ അവൎക്കു വായിച്ചുകൊടുക്കും. ആ സായംകാലങ്ങൾ ഒരിക്കലും വിസ്മരിക്കാൻവയ്യ. തൊഴിൽശാലയിൽ മുഴവൻ, അർദ്ധരാത്രിയിലെ, ഒരു നിശ്ശബ്ദത കളിയാടും. മേലെ തൂങ്ങുന്ന പളുങ്കു ഗ്ലോബ്ബുകൾ, വെളുത്ത തണുത്ത നക്ഷത്രങ്ങൾപോലെ തിളങ്ങും. ആ പ്രകാശത്തിൽ പൂമൊട്ടത്തലകളും മിന്നുന്നതു കാണാം. ഞാൻ ശാന്തമായ ചിന്താകുലമായ അവരുടെ മുഖ

ങ്ങൾ വീക്ഷിക്കും. ചിലപ്പോൾ ആരെങ്കിലും ഇടക്കു, കഥാപാത്രത്തെപ്പററിയോ ഗ്രന്ഥകൎത്താവിനെപ്പററിയോ അഭിപ്രായം പറയും. വായനയിൽ ലയിച്ചിരിക്കെ അവർ സാധാരണ ആളുകളാണെന്നു തോന്നുകയില്ല. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ ഞാൻ അവരെ എങ്ങിനെയെന്നില്ലാതെ സ്നേഹിച്ചു.അവർക്കെന്നോടും വലിയ മമത തോന്നി. എനിക്കു് പററിയ സ്ഥലമാണതെന്നു ഞാൻ വിചാരിച്ചു.

"വസന്തത്തിൽ, ജനവാതിൽ തുറന്നു ആദ്യമായി വെളിച്ചവും വായുവും ഉള്ളിലേക്കു കടത്തുന്നതുപോലെയുണ്ടു, ഈ പുസ്തകങ്ങൾ വായിച്ചു കേൾക്കുമ്പോൾ". സിററാനോവ് ഒരു ദിവസം പറഞ്ഞു. ഒരു വായനശാലയിൽ അംഗമാകാതെ പുസ്തകം വായിക്കാൻ കിട്ടുന്നതെളുപ്പമല്ല. വായനശാലയിൽ അംഗമാകേണ്ട കാൎയ്യം ഞങ്ങളാരും ഓൎമ്മിച്ചില്ല. ഒരിരപ്പാളിയെപ്പോലെ ഞാൻ കാണുന്നവരോടെല്ലാം പുസ്തകത്തിന്നു ചോദിക്കാൻതുടങ്ങി. ഒരു ദിവസം ഒരാൾ എനിക്കു് ലർമെണ്ടോവിൻെറ പുസ്തകം വായിക്കാൻ തന്നു. കവിതയുടെ ശക്തിയും സ്വാധീനവും എത്രത്തോളമുണ്ടെന്നു ഈ പുസ്തകം വായിച്ചപ്പോഴാണെനിക്കു മനസ്സിലായതു. കവിതക്കു, മനുഷ്യരെ എത്രത്തോളം സ്വാധീനിക്കുവാൻകഴിയുമെന്നെനിക്കു മനസ്സിലായി.

"രാക്ഷസൻ" എന്ന കവിത വായിച്ചുകൊണ്ടിരിക്കുമ്പോൾ സിററാനോവ് എൻെറ മുഖത്തും പുസ്തകത്തിലും മാറിമാറി നോക്കി. പിന്നെ ബുഷ് താഴെ വെച്ചു. കൈകൾ രണ്ടും കാൽമുട്ടുകൾക്കിടയിൽ വെച്ചു, മുഖത്തു ഒരു പുഞ്ചിരിയോടെ കസേല ഇളക്കിയുംകൊണ്ടു മുമ്പോട്ടും പിമ്പോട്ടും ആടാൻ തുടങ്ങി.

"സഹോദരന്മാരെ മിണ്ടാതിരിക്കു", എന്നു പറഞ്ഞുംകൊണ്ടു ലാറിയോണിക്കും തൻെറ ജോലി നിൎത്തിവെച്ചു, സിററാനോവിൻെറ മേശക്കരികെ വന്നുനിന്നു. അവിടെ ഇരുന്നുംകൊണ്ടാണു് ഞാൻ പുസ്തകം വായിച്ചിരുന്നതു്. ആ കവിത എന്നെ ആനന്ദ

ത്തിൽ ആറാടിച്ചു. എൻെറ തൊണ്ടയിടറി കണ്ണിൽ വെള്ളം നിറഞ്ഞു. എനിക്കു് അക്ഷരങ്ങൾ മനസ്സിലാകാതായി. മുറിയിൽ മുഴുവനും വ്യാപിച്ചുനിന്ന ആ നിശ്ശബ്ദതയും ഗൌരവഭാവവും എന്നെ കൂടുതൽ സന്തുഷ്ടനാക്കി. എന്തോ ഒരു കാന്തശക്തിയാൽ ഈ ആളുകളെല്ലാംതന്നെ എന്നിലേക്കാകർഷിക്കപ്പെട്ടതുപോലെ തോന്നി. എനിക്കു ചുററുമുള്ള എല്ലാംതന്നെ, പൊള്ളുന്നതായും വലുതാകുന്നതായും തോന്നി. ഒന്നാം ഭാഗം ഞാൻ വായിച്ചു തീത്തപ്പോൾ എല്ലാ ജോലിക്കാരും, മേശക്കു ചുററുമായി എന്നെ വളഞ്ഞു പുഞ്ചിരിയിട്ടും പുരികമുയത്തിയും, അന്യോന്യം ചുമലിൽ പിടിച്ചും നില്ക്കുകയായിരുന്നു.

"വായിച്ചോളൂ — വായിക്കൂ", എൻെറ ശിരസ്സുപിടിച്ചു പുസ്തകത്തിലേക്കു താഴ്ത്തിയുംകൊണ്ടു ഴിക്കാറോവ് എന്നോടു കല്പിച്ചു.

ഞാൻ ആ പുസ്തകം വായിച്ചു തീത്തപ്പോൾ അയാൾ പുസ്തകം കയ്യിലെടുത്തു തലക്കുറിപ്പു നോക്കി. പുസ്തകം കക്ഷത്തിൽ വെച്ചു എന്നോടു പറഞ്ഞു.

"ഈ പുസ്തകം നീ വീണ്ടും വായിക്കണം നാളെ. ഇന്നു ഞാൻ ഈ പുസ്തകം സൂക്ഷിക്കാം." അയാൾ പുസ്തകം അയാളുടെ മേശയിൽവെച്ചു പൂട്ടി, ജോലി തുടന്നു. പ്രവൃത്തിശാലയിലെങ്ങും ഒരു വല്ലാത്ത നിശ്ശബ്ദത; ആളുകൾ വളരെ സാവധാനത്തിൽ ശബ്ദമുണ്ടാക്കാതെ അതാതാളുടെ ഇരിപ്പിടങ്ങളിലേക്കു പോയി ജോലി തുടന്നു. സിററാനോവ് ജനലിന്നടുക്കെ ചെന്നു, തല, കണ്ണാടിച്ചില്ലിന്മേൽ ചായ്ച്ചുവെച്ചു മിണ്ടാതിരുന്നു. ഴിക്കാറോവ്, വീണ്ടും ബ്രഷ് താഴെ വെച്ചുകൊണ്ടു പറഞ്ഞു.

"അതിനെയാണു്, ദൈവത്തിൻെറ ജീവിക്കുന്ന അടിമകളെന്നു ഞാൻ വിളിക്കുന്നതു. അതുതന്നെയാണു്."

അയാൾ ചുമലുയത്തി, തല താഴ്ത്തിയുംകൊണ്ടു തുടന്നു.

"എനിക്കാ രാക്ഷസനെ ചായംകൊണ്ടു വരഞ്ഞുണ്ടാക്കാൻ കഴിയും. വൃത്തികെട്ട കറുത്തിരുണ്ട മോറം — തീജ്വാലയുടെ നിറ

മുള്ള ചിറകുകൾ. മുഖവും കാലടികളും കൈയ്യും ഇളം നീലം.— രാത്രിയിലെ മഞ്ഞുപോലെ." അന്ന് അത്താഴത്തിന്നു സമയമാകുന്നതുവരെ, അയാൾ അസ്വസ്ഥതയോടെ പീഠത്തിന്മേൽ, തിരിഞ്ഞുമറിഞ്ഞു കളിച്ചു. വിരലുകൾകൊണ്ടു താളംപിടിച്ചു— രാക്ഷസൻ, ഔവ്വ, സ്ത്രീകൾ, സ്വർഗ്ഗം ഇവയെക്കുറിച്ചും, പുണ്യവാളന്മാർ, പാപം ചെയ്യതിനെക്കുറിച്ചും അവ്യക്തമായെന്തെല്ലാമോ അയാൾ സംസാരിച്ചുകൊണ്ടിരുന്നു.

"അതെല്ലാംതന്നെ സത്യമാണ്". അയാൾ പറഞ്ഞു "പുണ്യവാളന്മാർ, ദുർമ്മാർഗ്ഗികളായ സ്ത്രീകളുമായി, സമ്പർക്കംചെയ്യുകയാണെങ്കിൽ, രാക്ഷസൻ തീർച്ചയായും പരിശുദ്ധമായ ഒരാത്മാവിനെ വഴിപിഴപ്പിക്കുന്നതിൽ ഉറ്ററംകൊള്ളും".

ആരും അതിന്നു മറുപടിപറഞ്ഞില്ല. അവർക്കെല്ലാംതന്നെ, സംസാരിക്കുവാൻ ആഗ്രഹമുണ്ടായിരുന്നില്ല. അവർ, മനസ്സില്ലാതെ ജോലി തുടരുകയാണ്. ഘടികാരത്തിൽ, കൂടക്കൂടെ നോക്കിയുംകൊണ്ടു. ഒമ്പതു മണിയടിക്കേണ്ട താമസം എല്ലാവരും ഒപ്പം ജോലി നിർത്തി.

സിററാനോവും ഴിക്കാറേവും മുററത്തേക്കു പോയി. ഞാനും അവരോടൊപ്പം പോയി. മുകളിൽ നക്ഷത്രങ്ങളെ നോക്കിയുംകൊണ്ട് സിററാനോവ് പറഞ്ഞു.

"ഒട്ടകസംഘം വിസ്തൃതമായ ആകാശത്തിൽക്കൂടി സഞ്ചരിക്കുക!"

"ഇങ്ങിനെയുള്ള വാക്കുകൾ ഉച്ചരിക്കാൻകഴിയുക!"

"ഞാൻ ഒരു വാക്കും ഓർമ്മിക്കുന്നില്ല." ശീതംപിടിച്ചു വിറച്ചു ഴിക്കാറേവ് അഭിപ്രായപ്പെട്ടു. "ഞാൻ ഒന്നും ഓർമ്മിക്കുന്നില്ല. ഞാൻ എല്ലാം കാണുന്നുണ്ട്—രാക്ഷസനെക്കുറിച്ചനുകമ്പതോന്നാൻ, പ്രേരിപ്പിക്കുക! നിങ്ങൾ അയാളോടനുകമ്പ പ്രദർശിപ്പിക്കുന്നുണ്ടു, ഇല്ലെ!"

"ഉണ്ടു, ഉണ്ടു," സിററാനോവ് സമ്മതിച്ചു.

"ഒരു മനുഷ്യനായിരിക്കുക എന്നതിൻെറ അൎത്ഥമെന്താണെന്നു ചിന്തിച്ചുനോക്കു," ഴിക്കാറേവ്, മറക്കാൻ കഴിയാത്തവിധം, പ്രസ്താവിച്ചു.

അയാൾ വാതില്ക്കലേക്കു നടന്നുപോകുമ്പോൾ എന്നെ ഓർമ്മിപ്പിച്ചു.

"മെക്സിമിക്ക്, പീടികയിൽ ആരോടും ഈ പുസ്തകത്തെക്കുറിച്ചു് പറയരുതു്. അതു തീർച്ചയായും നിരോധിക്കപ്പെട്ട ഒരു പുസ്തകമായിരിക്കണം."

ഇതു കേട്ടപ്പോൾ എനിക്കതിയായ സന്തോഷം തോന്നി. ഇങ്ങിനെയുള്ള പുസ്തകങ്ങളെക്കുറിച്ചാണു്, അച്ഛൻ കുററസമ്മതം നടത്തിയ അവസരത്തിൽ, എന്നോടു് ചോദിച്ചതു്.

അത്താഴം സാധാരണപോലെയുള്ള ശബ്ദമോ സംഭാഷണമോ ഇല്ലാതെ, അങ്ങിനെ കഴിഞ്ഞു ഓരോ ആളെയും ചിന്തിപ്പിക്കുവാൻ പൎയ്യാപ്തമായ എന്തോ ഒരു വലിയ സംഭവമുണ്ടായതുപോലെ. അത്താഴത്തിനുശേഷം എല്ലാവരും ഉറങ്ങാൻപോയപ്പോൾ ഴിക്കാറേവ്, പുസ്തകം പുറത്തേക്കെടുത്തു, എന്നോടുപറഞ്ഞു.

"നോക്കു, ഇതു വീണ്ടും വായിക്കു, സാവധാനത്തിൽ. ഒരു തിരക്കും കൂട്ടരുതു്.

ഉറങ്ങാൻ കിടന്നിരുന്ന പലരും, വിരിപ്പിൽനിന്നും പിടഞ്ഞെഴുന്നേററു, മേശക്കരികെ വന്നു. കുപ്പായമൊന്നും ഇല്ലാതെ ചുററം കുത്തിയിരുന്നു.

വീണ്ടും ഞാൻ ആ കവിത വായിച്ചുതീന്നപ്പോൾ വിരലുകൾകൊണ്ടു മേശക്കു മുട്ടിയുംകൊണ്ടു ഴിക്കാറേവ് പറഞ്ഞു.

"മററുള്ളവൎക്കു വേണ്ടിയുള്ള ജീവിതം! രാക്ഷസൻ, രാക്ഷസൻ, അങ്ങിനെയുള്ള ഒരു കാൎയ്യം, എങ്ങിനെയാണു് സംഭവിച്ചതു്? സഹോദരാ".

സിററാനോവ്, എൻെറ ചുമലുകളിൽ പിടിച്ച പുസ്തക ത്തിൽ എത്തിനോക്കി ഏതാനും വരികഠം വായിച്ചു. അയാഠം ചിരിച്ചുംകൊണ്ടഭിപ്രായപ്പെട്ടു.

"ഞാൻ ഈ വരികഠം എൻെറ നോട്ടുപുസ്തകത്തിൽ പക ത്തിയെഴുതും".

ഴിക്കാറേവ് എഴന്നേററ് പുസ്തകം എടുത്തു മേശക്കരികെ പോയി. പെട്ടെന്നു തിരിഞ്ഞുനിന്നു വേദനിച്ചപോലെയുള്ള സ്വരത്തിൽ പറഞ്ഞു.

"കണ്ണുകാണാത്ത നായക്കുട്ടികളെപ്പോലെ നാം നമ്മുടെജീവി തം അങ്ങിനെ തള്ളിനീക്കുകയാണ്. എന്തിന്നുവേണ്ടിയാണ് ഈ ജീവിതം. ആക്കും ഒരു നിശ്ചയമില്ല. ദൈവത്തിന്നും രാക്ഷസ ന്നും വേണ്ടാത്ത ആളുകഠം. നാം ദൈവത്തിൻെറ അടിമകളാ ണെന്നു നീ വിചാരിക്കുന്നുണ്ടോ? ജോബ് ഒരു അടിമയായിരു ന്നു, എന്നാൽ ദൈവംതന്നെ അയാളോട് സംസാരിച്ചു. മോസ സ്സിനോടും. എന്നാൽ നമ്മഠം ആരുടെവകയാണ്".

അയാഠം പുസ്തകം മേശയിൽവെച്ചു പൂട്ടി കുപ്പായമെടു ത്തു ധരിച്ചു അയാഠം സിററാനോവിനെ വിളിച്ചു.

"ചാരായക്കടയിൽ വരുന്നോ?"

"ഞാൻ എൻെറ പെണ്ണിനെ കാണാൻ പോവുകയാണ്." സിററാനോവ് ശാന്തമായി മറുപടി പറഞ്ഞു.

അവർ പോയശേഷം, വാതിലിന്നരികെ, പാവൽ ഓഡിൻ സ്റ്റോവിൻെറ സമീപത്തായി, ഞാൻ ഉറങ്ങാൻകിടന്നു. കുറെ നേരത്തോളം അവൻ തിരിഞ്ഞും മറിഞ്ഞും മൂക്കുചീററിയും അ സ്വസ്ഥത കാണിച്ചുംകൊണ്ടിരുന്നു. പെട്ടെന്നവൻ പൊട്ടിക്കര യാൻതുടങ്ങി.

"എന്തു പററി?"

"എനിക്കവരെക്കുറിച്ചു ദുഃഖം തോന്നുന്നു". അവർ പറഞ്ഞു. "ഇപ്പോൾ ഏകദേശം നാലു കൊല്ലമായി ഞാൻ അവരോടൊപ്പം ജീവിക്കാൻതുടങ്ങിയിട്ട്" എനിക്കവരെ എല്ലാവരേയും അറിയാം.

എനിക്കും ഈ ആളുകളെക്കുറിച്ചു അനുകമ്പ തോന്നി. ഞങ്ങൾ അവരെക്കുറിച്ചു പല അഭിപ്രായങ്ങൾ പറഞ്ഞുകൊണ്ടു, വളരെനേരം ഉറക്കമില്ലാതെ കിടന്നു. അവരിൽ ഓരോരുത്തരിലുമുള്ള പല നല്ലഗുണങ്ങളെക്കുറിച്ചും ഞങ്ങൾ പ്രത്യേകം എടുത്തുപറഞ്ഞു. കുട്ടികളായ ഞങ്ങൾക്കു അവരോടു വലിയ അനുകമ്പ തോന്നി.

ഞാനും പാവൽ ഓഡിൻസോവും വലിയ ചങ്ങാതികളായി. അവൻ ഒന്നാംതരം ഒരു പ്രവൃത്തിക്കാരനായിത്തീന്നു. പക്ഷെ വളരെക്കാലം ആ കൈതൊഴിലിൽതന്നെ ഏർപ്പെട്ടില്ല. മുപ്പതു വയസ്സാകുമ്പോഴെക്കും അവൻ ഒരു ഭയങ്കരനായ കുടിയനായിത്തീന്നു. കുറെ കാലങ്ങൾക്കു ശേഷം ഞാൻ അവനെ, മോസ്കോവിൽ കിട്രോവ് മാക്കററിൽ തെണ്ടിനടക്കുന്നതു കണ്ടു, വളരെക്കഴിയാതെ അവൻ വിഷജ്വരം പിടിച്ചു മരിച്ചുപോയെന്നും പറഞ്ഞു കേട്ടു. എൻെറ ജീവിതകാലത്തു വളരെ നല്ലവരായ എത്ര ആളുകൾ, ഉപയോഗപ്രദമായ യാതൊന്നും ചെയ്യാൻ സാദ്ധ്യമാകാതെ ഇങ്ങിനെ നശിച്ചുപോകുന്നതു ഞാൻ കണ്ടിട്ടുണ്ടു്! ജനങ്ങൾ എല്ലായിടത്തും ക്ഷീണിച്ചു മരിച്ചുപോകുന്നു! അതു് സ്വാഭാവികമാണ്. എന്നാൽ റഷ്യയിലല്ലാതെ ഒരിടത്തും ആളുകൾ ഇത്രയും ചെറുപ്പത്തിൽ ഇങ്ങിനെ ജീവിതം നശിച്ചു, മരണം പ്രാപിക്കേണ്ടിവരുന്നില്ല.

പാവൽ ഉരുണ്ട തലയുള്ള ഒരു കുട്ടിയാണ്. എന്നേക്കാൾ, രണ്ടുവയസ്സധികം പ്രായമുണ്ടു്. വേഗതയും, സാമത്ഥ്യവും, സത്യസന്ധതയും ഉള്ള ഒരു ചെറുപ്പക്കാരൻ. കൂടാതെ, നല്ല കലാവാസനയുമുണ്ടു്. പൂച്ച, നായ, പക്ഷി മുതലായ ജീവികളെ അവൻ ഭംഗിയായി വരക്കും. ജോലിക്കാരെ നോക്കി അവരുടെ ഹാ

സ്യചിത്രങ്ങൾ വരക്കും. അവരെയെല്ലാം തന്നെ തൂവലുള്ള ജീവികളായിട്ടാണ് അവൻ ചിത്രീകരിക്കുക. സിററാനോവിനെദുഃഖിച്ചിരിക്കുന്ന, ഒരു മീൻകൊത്തിയായിട്ടാണ് അവൻ വരച്ചതു്. ഴിക്കാറേവ് വൃത്തികെട്ട പൂവുള്ള രോമമില്ലാത്ത നെററിയോടുകൂടിയ ഒരു പൂവൻകോഴിയായിട്ടും. ക്ഷയം പിടിച്ച ഡാവിഡോവ് ഒരു കാട്ടുകോഴിയാണ്. എല്ലാററിലും നല്ല ഹാസ്യചിത്രം ഗോഗലേവിൻെറതായിരുന്നു. വലിയ മൂക്കും, ആറു നഖങ്ങളുള്ള കാലടികൾ ഉള്ള ഒരു കടവാതിലായിട്ടാണ് അവൻ അയാളെ വരച്ചതു്. ആ വൃത്തത്തിലുള്ള വലിയ മുഖത്തു വെളുത്ത വലയങ്ങളിൽനിന്നും അയാളുടെ കണ്ണുകൾ തുറിച്ചുനോക്കി. ഒരു തെമ്മാടിയുടെ നോട്ടം.

ഈ ഹാസ്യചിത്രങ്ങൾ കാണിച്ചുകൊടുത്തപ്പോൾ അവൎക്കാൎക്കും ക്രോധം ജനിച്ചില്ല. എല്ലാവൎക്കും ഗോഗൊലേവിൻെറ ചിത്രം പരിഹാസ്യമായിത്തോന്നി. അവരെല്ലാം ചിത്രകാരനോടു വളരെ കാൎയ്യമായി പറഞ്ഞു.

"അതു കീറിക്കളയൂ. കിഴവൻ അതു കാണാൻ ഇടയായാൽ നിന്നെ വെറുതെ വിടുകയില്ല." ആ കിഴവൻ വൃത്തികെട്ട ഒരു മനുഷ്യനായിരുന്നു. എപ്പോഴും കുടിച്ചു മത്തനായിരിക്കുന്ന വല്ലാത്ത സ്വഭാവമാണ്. മതഭക്തി വളരെ കൂടുതലാണ്. ഷാപ്പുകാരൻെറ ഒരു ചാരനായി, പ്രവൃത്തിശാലയിലെ വിവരങ്ങൾ പോയി പറഞ്ഞുകൊടുക്കും. ഷാപ്പുകാരനു, ഉടമസ്ഥയുടെ സഹോദരിയുടെ മകളെ കല്യാണംചെയ്യാനുള്ള ഉദ്ദേശമുണ്ടായിരുന്നതുകൊണ്ടു്, ആ സ്ഥാപനത്തിൻെറ ഉടമസ്ഥൻ താനാണെന്ന ഭാവം ഉണ്ടായിരുന്നു. എല്ലാവൎക്കും അയാളെ ഭയമായിരുന്നു. വെറുപ്പുമായിരുന്നു. അതുകൊണ്ടു എല്ലാവൎക്കും ഗോഗലേവിനേയും ഭയമായിരുന്നു.

പാവൽ എപ്പോഴും ഗോഗലേവിനെ അലട്ടിക്കൊണ്ടിരിക്കും. അയാൾക്കു് ഒരു നിമിഷംപോലും സമാധാനം കൊടുക്കാതിരിക്കു

കയെന്നതാണ് അവൻെറ ജീവിതോദ്ദേശമെന്നു തോന്നും. അവന്നു ഞാൻ ഒരു പററിയ ചങ്ങാതിയായി. ഞങ്ങളുടെ കുസൃതികൾ എല്ലാവരേയും രസിപ്പിച്ചു. ഞങ്ങൾ കണ്ടുപിടിക്കുന്ന വിദ്യകൾ എപ്പോഴും ക്രൂരവും പൌരുഷവുമായിരുന്നു. ചായമിടുന്നവർ ഞങ്ങളെ താക്കീതു ചെയ്തു.

"സൂക്ഷിച്ചോ മക്കളേ—കുഡ്മ എന്ന വണ്ടു, നിങ്ങളെ പിടിക്കാതിരിക്കയില്ല".

തൊഴിൽശാലയിലുള്ള ആളുകൾ, ഷാപ്പുകാരനെ "കുഡുമ എന്ന വണ്ടു" എന്നു വിളിക്കാറുണ്ടായിരുന്നു.

ഈ താക്കീതു കൊണ്ടൊന്നും ഞങ്ങൾ കുലുങ്ങിയില്ല. ഗോഗ്ലോവ് ഉറങ്ങിക്കിടക്കുമ്പോൾ ഞങ്ങൾ അയാളുടെ മുഖത്തു ചായംതേക്കും. ഒരിക്കൽ അയാൾ കുടിച്ചു ബോധംകെട്ടു കിടക്കുമ്പോൾ ഞങ്ങൾ അയാളുടെ മൂക്കു മുഴുവനും ചായമിടുക ഉണ്ടായി. മൂക്കിൻെറ ദ്വാരത്തിൽ കടന്നുപോയ ചായം നീക്കംചെയ്യാൻ അയാൾക്കു് മൂന്നു ദിവസം കഴിഞ്ഞിട്ടും വിഷമമായിരുന്നു. ആ കിഴവന്നു ദ്വേഷ്യംവന്നു. ഞാൻ കപ്പലിലെ എൻെറ ജീവിതത്തെക്കുറിച്ചോർമ്മിച്ചു. വ്യാടക്ക്കാരനായ ആ പട്ടാളക്കാരനെക്കുറിച്ചോർമ്മിച്ചു. അപ്പോൾ എൻെറ മനസാക്ഷിയിൽ എനിക്കു സമാധാനം തോന്നിയില്ല. അയാൾക്കു പ്രായമായിരുന്നെങ്കിലും ഞങ്ങളുടെ സാമർത്ഥ്യം കണ്ടുപിടിക്കാൻ അയാൾക്കു കഴിഞ്ഞില്ല. ഇടക്കു പിന്നിൽനിന്നു കാണാതെ വന്നു, ഞങ്ങളെപിടിച്ചു അയാൾ അടിക്കും. അങ്ങിനെ ഓരോ പ്രാവശ്യം അടിച്ചതിന്നു ശേഷം അയാൾ യജമാനത്തിയുടെ മുമ്പാകെ ആവലാതിപ്പെടും.

അവരും എല്ലായ്പ്പോഴും ചാരായംകുടിച്ചു കഴിയും. എന്നാൽ വലിയ ഉല്ലാസവും, നല്ല ശീലവുമുള്ള ഒരു സ്ത്രീയാണവൾ. അവർ കൈകൊണ്ടു മേശകൊട്ടിച്ചു ഞങ്ങളെ പേടിപ്പെടുത്താൻ ശ്രമിക്കും.

"വീണ്ടും നിങ്ങൾ കുസൃതി കളിക്കുകയാണു്! ചെകുത്താന്മാരേ, അയാൾ ഒരു കിഴവനല്ലേ. നിങ്ങൾക്കു് അയാളോടല്പം ബഹുമാനം കാണിച്ചുകൂടെ. അയാളുടെ വീഞ്ഞുഗ്ലാസിൽ ആരാണ് മഷിയൊഴിച്ചുവെച്ചതു്."

"ഞങ്ങൾ"

യജമാനത്തി ആശ്ചര്യപ്പെട്ടു പോയി.

"നോക്കു, അവരതു സമ്മതിക്കുകയും ചെയ്യുന്നു. ചെകുത്താന്മാർ—നിങ്ങൾക്കറിയുകയില്ലെ, പ്രായമുള്ളവരെ ബഹുമാനിക്കേണമെന്നു?"

അവർ ഞങ്ങളെ ശകാരിച്ചു പറഞ്ഞയച്ചു. അന്നു വൈകുന്നേരം അവർ, ഷാപ്പുകാരനോടു് സംഗതി പറഞ്ഞു.

"അതെന്താണ്?" അയാൾ എന്നോടു ഗൌരവമായി പറഞ്ഞു. "നീ പുസ്തകങ്ങൾ വായിക്കുന്നു, സുവിശേഷം വായിക്കുന്നു. എന്നിട്ടും നീ വേണ്ടാത്ത കുസൃതികൾ ചെയ്യുന്നു. നീ നല്ലപോലെ സൂക്ഷിക്കേണ്ടിവരും കേട്ടോ".

യജമാനത്തി ഏകാകിയായി, ദുഖിച്ചു കഴിയുന്ന ഒരു സ്ത്രീയാണ്. ചിലപ്പോൾ അധികം കുടിച്ചുപോയാൽ ജനലിന്നടുത്തിരുന്നു് അവർ പാടിക്കൊണ്ടിരിക്കും.

ഒരു ദിവസം അവർ ഒരു പാൽപാത്രത്തിൽ പാലുമെടുത്തു കോണിപ്പടി ഇറങ്ങിവരികയായിരുന്നു. പെട്ടെന്നു കാൽപതറി അവർ താഴത്തേക്കുരുണ്ടുരുണ്ടു വീണു. എന്നാൽ പാൽപ്പാത്രം മുറുകെ പിടിച്ചു, പാൽ മറിയാതിരിക്കുവാൻ അവർ കഴിയുന്നത്ര ശ്രദ്ധിച്ചു. പാല് അവരുടെ ഉടുപ്പിൽ മുഴുവൻ തെറിച്ചു, അവർ പാൽപാത്രത്തെ ശകാരിക്കുകയാണ്.

"നോക്കൂ, നീ പാൽ മറിക്കുകയാണ്. ചെകുത്താനെ ചെകുത്താനെ!"

അവർ വളരെ തടിച്ചിട്ടല്ല മൃദുവായ ഒരു മട്ടാണ്. എലിയെപിടിക്കുന്നതിലുള്ള ശൌര്യം മുഴുവനും നശിച്ചുപോയ ഒരു പൂച്ചയെപ്പോലെ. അവക്ക കഴിഞ്ഞകാലത്തെ, പരാക്രമങ്ങളെക്കുറിച്ചും സുഖങ്ങളെക്കുറിച്ചും അയവിറക്കാൻ മാത്രമേ ഇപ്പോൾ കഴിവുള്ളു.

"ഉം—" സിററാനോവ് പരിഹാസം ചുളിച്ചുംകൊണ്ടു പറയും "അതു് പണ്ടൊരു നല്ല കച്ചവടമായിരുന്നു. ഒരു വലിയ തൊഴിൽശാലയായിരുന്നു. ഇതിൻെറ ഉടമ ഒരു നല്ല സമർത്ഥനായ ആളായിരുന്നു. എന്നാൽ ഇപ്പോഴെല്ലാം നശിച്ചുപോയി. എല്ലാംതന്നെ കുഡുമ എന്ന വണ്ടിൻെറ മടയിലേക്കു വീഴാൻപോകയുമാണ്. നമ്മൾ എങ്ങിനെ അദ്ധ്വാനിച്ചു പണിയെടുക്കുന്നു. എല്ലാം അവന്നുവേണ്ടി. അതു വിചാരിക്കുമ്പോൾ, മനസ്സിൽ എന്തോ ഒരു വേദന. പണി വേണ്ടെന്നുവെച്ചു മേൽപ്പുരയിൽകയറി ആകാശംനോക്കി വെറുതെ സമയം കളയാനാണ് തോന്നിപ്പോകുന്നതു്".

പാവെൽ ഓഡിൻസ്സോവിന്നും, സിററാനോവിൻെറ ആശയങ്ങൾ ശരിയായി തോന്നി. മുതിർന്നവരെപ്പോലെ സിഗരററു വലിച്ചു തീയുംകൊണ്ടു, അയാൾ ഈശ്വരനെക്കുറിച്ചും കുടിയുടെ ദോഷങ്ങളെക്കുറിച്ചും, സ്ത്രീകളെക്കുറിച്ചും, അദ്ധ്വാനം ഉപയോഗശൂന്യമായിപോകുന്നതിനെക്കുറിച്ചും വേദാന്തം പറയും. മററുള്ളവക്കു നശിപ്പിക്കുവാൻ ചില സാധനങ്ങൾ ഉണ്ടാക്കി കുറെ ആളുകൾ സമയംപോക്കുന്നു. അവരുടെ സേവനത്തെക്കുറിച്ചു ഒന്നാമത്തെക്കൂട്ടർ യാതൊന്നും ഓക്കുകയുമില്ല.

അങ്ങിനെയുള്ള സന്ദർഭങ്ങളിൽ അയാളുടെ ആകർഷകമായ മുഖം, ചുളിവുകളെക്കൊണ്ടു നിറയും. അയാൾക്കു വളരെ പ്രായം മതിക്കും. അയാൾ തറയിൽ തൻെറ കിടക്കയിൽ ഇരിക്കുമ്പോൾ, ഇങ്ങിനെയുള്ള ചിന്തകൾ പുറപ്പെടുവിക്കും. ഭുജങ്ങ

ഠം മുഖകെ ചുററിപ്പിടിച്ചു ജനലിൽക്കൂടി ആകാശത്തിലേക്കു നേംക്കി, അയാഠം അങ്ങിനെ പുലമ്പിക്കൊണ്ടിരിക്കും.

മറെറല്ലാവരും ക്കുക്കംവലിക്കുന്നുണ്ടായിരിക്കും, ഉറക്കിൽ പിറുപിറുക്കുന്നുമുണ്ടായിരിക്കും—ആരോ എന്തോ തിരിച്ചുമറിച്ചു പറഞ്ഞു. ഏററവും അററത്തുള്ള കട്ടിലിന്മേൽനിന്നും ഡാവിഡോവ്' അയാളുടെ അവശേഷിച്ച ജീവിതത്തിൽ കുറെഭാഗം ചുമച്ചുതുപ്പുകയാണ്. ഒരു മൂലക്കു കെപ്പുണ്ടപ്പൂഖിൻ, സൊറോഖിൻ പെർഷാൻ മുതലായ" ൈവത്തിൻെറ അടിമകഠം" അട്ടത്തട്ടത്തായികിടന്നു ക്കുക്കംവലിക്കുന്നു. ചുമരുകളിന്മേൽ തലയില്ലാതെ കാലില്ലാതെ, കയ്യില്ലാതെ പ്രതിമകഠം തൂങ്ങിനില്ക്കുന്നു. എണ്ണയുടെയും കെട്ട മുട്ടയുടേയും, അഴുക്കിൻെറയും ദുർമ്മണംകൊണ്ടു, ശ്വാസം കഴിക്കുന്നതു വലിയ വിഷമമുള്ള കാൎയ്യമായിത്തീൎന്നു.

"എനിക്കവരെച്ചൊല്ലി എത്ര അനുകമ്പ തോന്നുന്നു!" പാവൽ ശാന്തമായി പറഞ്ഞു. "അല്ലയോ ദൈവമെ!"

അങ്ങിനെ എനിക്കും അനുകമ്പ തോന്നി. നിരാശതോന്നി ഞാൻ മുമ്പ് പറഞ്ഞപോലെ ഞങ്ങഠം രണ്ടുപേരും ഈ ആളുകളെല്ലാം നല്ലവരാണെന്നു കണ്ടു. എന്നാൽ അവർ നയിച്ചിരുന്ന ജീവിതം മോശമാണ്. അവൎക്കു പററാത്തതാണ്. സഹിക്കാൻകഴിയാത്തത്ര, മുഷിപ്പനാണ്.

പുനരുത്ഥാനദിനത്തിൻ മുമ്പുള്ള നോമ്പിൻെറ മണിനാദം കേഠംക്കാൻതുടങ്ങിയപ്പോഠം, ശീതക്കാററ് വീശാൻതുടങ്ങിയപ്പോഠം വീടുകളും, മരങ്ങളും, ഭൂമിയിലുള്ള എല്ലാംതന്നെയും ശീതംകൊണ്ടു വിറക്കാൻതുടങ്ങി. എല്ലാംതന്നെ വിലപിക്കാൻതുടങ്ങി. ഒരു മൂകനിശ്ശബ്ദ്ദത എങ്ങും വ്യാപിച്ചു. പ്രവൃത്തിശാലയിൽ കുണ്ഠിതംനിറഞ്ഞ ഒരന്തരീക്ഷം. പ്രവൃത്തിക്കാൎക്കു ജീവിതം ക്ലിഷ്ടമായിത്തോന്നി. ചാരായക്കടയിലും സ്ത്രീകളുടെ ആശ്ലേഷത്തിലും വോഡ്കയിലും അവർ സ്വന്തം ദുഖത്തെ മറച്ചുവെക്കാൻ ശ്രമിച്ചു.

അങ്ങിനെയുള്ള സായന്തനങ്ങളിൽ, വായനകൊണ്ടു യാതൊരു പ്രയോജനവുമില്ല; പാവലും ഞാനും നേരംപോക്കാൻ മററു വിദ്യകഠം കണ്ടുപിടിക്കും. ചായംകൊണ്ടു മുഖം വികൃതമാക്കി. മീശയും താടിയുംവെച്ചു ഞങ്ങഠം ഞങ്ങളുടെ വകയായ, ചില നാടകങ്ങഠം വിഭാവനംചെയ്തു, ചില അഭിനയങ്ങഠം നടത്തും. അങ്ങിനെ ആളുകളുടെ കുണ്ഠിതത്തെ ജയിച്ചു അവരെ ചിരിപ്പിക്കുവാൻ ശ്രമിക്കും. "മഹാനായ പീററർ പട്ടാളക്കാരൻ രക്ഷിച്ച കഥ"എനിക്കോൎമ്മവന്നു. ഞാൻ ആ കഥ സംഭാഷണത്തിൻെറ രൂപത്തിലാക്കി. ഞങ്ങഠം ഡാവിഡോവിൻെറ കട്ടിലിന്മേൽ കയറിനിന്നു ആ കഥ അഭിനയിച്ചു. ഭാവനയിൽ, സ്വീഡൻകാരായ ആളുകളെ കൊന്നു തള്ളുന്നതായി നടിച്ചു. പ്രേക്ഷകന്മാർ, പൊട്ടിച്ചിരിച്ചു.

ഡിംഗിയുടോങ്ങ് എന്ന ചൈനാക്കാരൻ ചെകുത്താൻെറ കഥ ചായക്കാൎക്കു പ്രത്യേകിച്ചു രസംപിടിച്ചു. പാഷ്കയാണ് നിർഭാഗ്യവാനായ ചെകുത്താൻെറ ഭാഗം അഭിനയിച്ചതു. ആ ചെകുത്താൻ നന്മചെയ്യാൻ ഒരുങ്ങി എന്നായിരുന്നു വെപ്പു. മററു ഭാഗങ്ങളെല്ലാം ഞാൻതന്നെ അഭിനയിച്ചു. ഞാൻ സ്ത്രീയുടേയും പുരുഷൻെറയും വേഷം കെട്ടി, സ്റ്റേജിൽ ഉണ്ടായിരിക്കേണ്ട ഉപകരണങ്ങളായഭിനയിച്ചു. ചെകുത്താൻ നന്മചെയ്യാൻ തരപ്പെടാതെ, നിരാശനായി നിൽക്കുന്ന, കല്ലിൻെറ ഭാഗംപോലും ഞാൻ അഭിനയിച്ചു.

പ്രേക്ഷകന്മാർ ചിരിച്ചു. ഈ ആളുകളെയെല്ലാം രസംപിടിപ്പിക്കുവാൻ എത്ര എളുപ്പമാണെന്നു മനസ്സിലായപ്പോഠം, ഞാൻ വളരെ ആശ്ചൎയ്യപ്പെട്ടുപോയി; എനിക്കു വേദനതോന്നി.

"ഏയ്, വിദൂഷകന്മാരെ, നൎത്തക്കാരെ." അവർ ഞങ്ങളെ കൂക്കിവിളിച്ചു. ഞങ്ങഠം എത്രയധികം അഭിനയിച്ചുവോ, അത്രയധികം അവർ ദുഃഖിതരായി—അവരുടെ സന്തോഷം നീണ്ടുനിന്നില്ല.

ഞങ്ങളുടെ ഇടയിൽ, സന്തോഷം ഒരിക്കലും അധികം നീണ്ടുനില്ക്കയില്ല. സന്തോഷത്തെ സന്തോഷത്തിന്നുവേണ്ടി മാത്രം ക്ഷണിച്ചുവരുത്തുകയുമല്ല. വളരെ വിഷമിച്ചു, മുഷിഞ്ഞു ദുരിതപൂർണ്ണമായിക്കഴിഞ്ഞ ഹൃദയവേദന നിറഞ്ഞ ജീവിതത്തിന്നു ഒരു മറുമരുന്നായി ഞങ്ങൾ, വിഭാവനംചെയ്തതാണീ സന്തോഷം. സ്വന്തമായ ഒരു ജീവിതയാഥാർത്ഥ്യമില്ലാത്ത സന്തോഷത്തിൽ വിശ്വസനീയമായി ഒന്നുംതന്നെയില്ല. അതു നീണ്ടുനില്ക്കുകയുമില്ല. അത്തരം വിനോദങ്ങൾ, നമ്മുടെ ശോകമൂകമായ ദിവസങ്ങളുടെ ഭാരം കുറക്കാൻ മാത്രമെ സഹായിക്കുകയുള്ളു.

മാത്രമല്ല, പലപ്പോഴും, റഷ്യക്കാരുടെ വിനോദങ്ങൾ ക്രൂരതയോടുകൂടിയ, നാടകങ്ങളായി രൂപാന്തരപ്പെടാറുമുണ്ട്. ഒരു നൃത്തത്തിൻെറ മദ്ധ്യത്തിൽ, നൃത്തകാരൻ സകലവിധത്തിലുള്ള അസ്വാതന്ത്ര്യതകളിൽനിന്നും മോചനം നേടിയതായി തോന്നും. എന്നാൽ ഉടനെ, അയാളിലുള്ള മൃഗീയവശം, പുറത്തേക്കു ചാടുന്നതു കാണാം. മൃഗീയമായ വേദനകൾ അനുഭവിക്കുന്നതുപോലെ, എല്ലാവരുടേയും എല്ലാററിൻെറയും നേരെ, അലറിക്കൊണ്ടു കോപിച്ചു വിറച്ചു അയാൾ ചാടിവീഴുന്നതു കാണാം.

ഇങ്ങിനെ ബാഹ്യമായ പ്രചോദനങ്ങളാൽ പ്രേരിതമായുണ്ടാകുന്ന വിനോദങ്ങൾ, എന്നെ വെറുപ്പിക്കുവാനേ പര്യാപ്തമായുള്ളു. സ്വയം മറന്ന നിലയിലുള്ള ഒരു തരം ഉന്മാദത്താൽ, പ്രേരിതനായി, എനിക്കു തോന്നിയപോലെ ആ ദൃശ്യങ്ങളെ അപ്പോഴത്തെ, ആവശ്യത്തിന്നനുസരിച്ചു ഞാൻ രൂപപ്പെടുത്തുകയും അഭിനയിക്കുകയുംചെയ്തു. ഈ ആളുകളിൽ സ്വാതന്ത്ര്യവും സ്വാഭാവികവുമായ സന്തോഷം ഉണർത്തിവിടാനുള്ള എൻെറ ആഗ്രഹം അത്രമേൽ വലുതായിരുന്നു. എൻെറ പരിശ്രമങ്ങൾ തീരെ ഒരു പരാജയമായിരുന്നതുമില്ല. ചായപ്പണിക്കാർ എന്നെ പുകഴ്ത്തുകയും എൻെറ കഴിവുകളെക്കുറിച്ചാശ്ചര്യപ്പെടുകയും ചെയ്തു. എന്നാൽ ഞാൻ നീക്കംചെയ്തതായി സമാധാനിച്ചിരുന്ന കുണ്ഠിതം വീണ്ടും

പ്രത്യക്ഷപ്പെട്ടും, പണ്ടത്തെപ്പോലെതന്നെ. അതിന്നു ശക്തികൂട്ട കയും ഘനം കൂട്ടുകയും ചെയ്യും.

ലാറിയോണിക്ക് അപ്പോറം അഭിപ്രായപ്പെട്ടും:

"നീ എന്തൊരു കുട്ടിക്കുരുക്കനാണ്. നിന്നെ ദൈവം അനു ഗ്രഹിക്കട്ടെ".

"വാസ്തവത്തിലുള്ള ഒരു സുഖം" ഴിക്കാറേവ് ശരിവെച്ചു. "നീ എന്തുകൊണ്ട് ഒരു സൎക്കസ്സ്കമ്പനിയിലൊ നാടകക്കമ്പ നിയിലൊ പോയി ചേരുന്നില്ല? നീ ഒരൊന്നാംതരം വിദൂഷ കനാകും".

തൊഴിൽശാലയിൽ ജോലിചെയ്തിരുന്നവരിൽ, കെപ്പണ്ടപ്പ ഖിനും, സിററാനോവും മാത്രമെ, നാടകങ്ങറം കാണാൻ പോ കാറുണ്ടായിരുന്നുള്ളു. അതും ചില പ്രത്യേക നാടകശാലകളിൽ മാത്രം. ഈ പാതകത്തിന്നു പ്രായശ്ചിത്തം ചെയ്യേണ്ടതാണെന്നു പ്രായമുള്ള പ്രവൃത്തിക്കാർ അവരെ ഓൎമ്മിപ്പിച്ചുകൊണ്ടിരിക്കുക യും ചെയ്യും. സിററാനോവ് എപ്പോഴും എന്നെ പ്രേരിപ്പിച്ചു കൊണ്ടിരിക്കും.

"ഇതെല്ലാം വിട്ടുകളയുക—ഒരു നടനാകാൻ ശ്രമിക്കുക".

"നടനായ യാക്കോവ്ലേവി"ൻെറ ദയനീയമായ ജീവിത കഥ അയാറം എനിക്കു വിവരിച്ചുതരും. "നിനക്കും അങ്ങിനെ ജീവിക്കാൻ സാദ്ധ്യമാണ്."

സ്റവൎട്ട് വംശക്കാരിയായ മേരിരാജ്ഞിയെക്കുറിച്ചയാ റം എന്നോടു പറഞ്ഞു. അവരെ അയാറം ഓരിക്കുറുക്കൻ എന്നാ ണ് വിളിച്ചതു്. "സ്പെയിനിലെ പ്രഭ" എന്ന കഥ അയാറം ക്കു പ്രത്യേകം പ്രതിപത്തിയായിരുന്നു.

"ഡോൺസെസ്സാറെഡിബസാൻ, യഥാൎത്ഥത്തിൽ വളരെ മാന്യനായ ഒരു പ്രഭുവായിരുന്നു, മെക്സിമിക്ക്! തീൎച്ചയായും ഒരസാധാരണനായ മാന്യനായ പ്രഭു!"

അയാളിൽതന്നെ ആ പ്രഭുവിന്റെ ചില നല്ല ഗുണങ്ങൾ പ്രത്യക്ഷമായിരുന്നു. ഒരു ദിവസം ക്ലോക്ക് ഗോപുരത്തിന്റെ മുമ്പിൽവെച്ചു മൂന്നു ഗുസ്തിക്കാർ ചേർന്ന് ഒരു കൃഷിക്കാരനെ കണക്കിൽ പ്രഹരിച്ചു. ഏകദേശം നാല്പതോളം ആളുകൾ ആ കാഴ്ച നോക്കി നില്ക്കുന്നുണ്ടായിരുന്നു. അവർ ഗുസ്തിക്കാരെ ഉശാർകൂട്ടുകയായിരുന്നു. സിററാനോവ് അവരുടെ ഇടയിൽ ചാടിവീണു. അക്രമികളെ അയാളുടെ നീളമുള്ള കൈകൾകൊണ്ടടിച്ചോടിച്ചു. കൃഷിക്കാരനെ പൊക്കിയെടുത്തു, ജനക്കൂട്ടത്തിന്റെ നേരെ നീട്ടിയുംകൊണ്ടു കല്പിച്ചു.

"ഇയാളെ ദൂരെ കൊണ്ടുപോകൂ". അയാൾ ഒററക്ക് ആ മൂന്നുപേരുമായി വീണ്ടും അടികലശലിൽ ഏർപ്പെട്ടു. ഗുസ്തിക്കാരുടെ ജോലിസ്ഥലം വളരെ അടുത്തായിരുന്നു. അവർക്കു അവരെ സഹായിക്കുവാൻ കൂടുതൽ ആളുകളെ വിളിച്ചുകൊണ്ടു വരാമായിരുന്നു. എന്നാൽ ഭാഗ്യവശാൽ അവർ ഓടിപ്പോകയാണു ചെയ്തതു.

"നായിന്റെ മക്കൾ" അയാൾ അവരെ ശകാരിച്ചു.

ഞായറാഴ്ചതോറും ചെറുപ്പക്കാർ, പീററർ പാൾ ശവപ്പറമ്പിന്നടുത്തുവെച്ചു മുൻസിപ്പാൽ ജോലിക്കാരുമായും കൃഷിക്കാരുമായും മത്സരക്കളികളിൽ ഏർപ്പെടും. അവരുടെ ഭാഗത്ത് മൊർഡോമിയക്കാരനായ ഒരു ശക്തനുണ്ടായിരുന്നു. അയാൾ അയാളുടെ പക്ഷക്കാരുടെ മുന്നണിയിൽ നില്ക്കും. വെള്ളമൊലിച്ചുകൊണ്ടിരിക്കുന്ന കണ്ണുകൾ കുപ്പായത്തിന്റെ അററംകൊണ്ടു തുടച്ചു, അയാൾ നഗരവാസികളോടു വിളിച്ചുപറയും:

"വരുന്നുണ്ടെങ്കിൽ വരണം. ഇവിടെനിന്നു തണുപ്പുപിടിക്കാനൊന്നും ഞാനില്ല".

ഞങ്ങളുടെ പക്ഷത്തുനിന്നു കെപ്പൺഡ്യൂഖിൻ ആണ് അയാളെ നേരിടുക. എന്നാൽ മോഡിവിയാക്കാരാണ് എപ്പോഴും ജയിക്കുക.

"അയാളെ തോല്പിക്കുവാൻ കഴിയുന്നില്ലെങ്കിൽ എന്നെ പിന്നെ എന്തിനാണ് കൊള്ളുക". കിതച്ചു ചോരയൊലിച്ചുകൊണ്ടു, കെപ്പണ്ടൃഖിൻ വിലപിക്കും. കുറെ കഴിഞ്ഞപ്പോൾ ആ തടിയനെ തോല്പിക്കുകയെന്നതു് അയാളുടെ ജീവിതലക്ഷ്യമായിതീൎന്നു. അയാൾ നല്ല പരിശീലനം നേടി. അയാൾ കുടി വിട്ടുകളഞ്ഞു. അധികം മാംസം തിന്നു, എല്ലാ ദിവസവും ഉറങ്ങാൻ പോകുന്നതിന്നുമുമ്പു്, ഹിമംകൊണ്ടു ദേഹമാസകലം ഉഴിഞ്ഞു, രണ്ടു ഫുട്ടു് ഘനമുള്ള ഭാരവുമെടുത്തു തള്ളിക്കളിച്ചു പേശികൾ പുഷ്ടിപ്പെടുത്താൻ ശ്രമിച്ചു. എന്നാൽ ഇതുകൊണ്ടൊന്നും കാൎയ്യമുണ്ടായിരുന്നില്ല. ഒടുക്കം അയാൾ കയ്യുറകളിന്മേൽ ഈയ്യക്കഷണങ്ങൾ തുന്നിപ്പിടിപ്പിച്ചു. അയാൾ സിററാനോവിനോടു് പറഞ്ഞു:

"ഈ പ്രാവശ്യം ഞാൻ മോഡിവിയക്കാരനെ ശരിപ്പെടുത്താതിരിക്കയില്ല".

"നീ ആ ഈയ്യക്കഷണങ്ങൾ നീക്കംചെയ്യണം. അല്ലെങ്കിൽ നിങ്ങളുടെ മുഷ്ടിയുദ്ധം ആരംഭിക്കുന്നതിനുമുമ്പു് അതിനെക്കുറിച്ചു് ഞാൻ പ്രസ്താവിക്കാതിരിക്കയില്ല" സിററാനോവ് അയാളെ ഗൌരവമായി താക്കീതുചെയ്തു.

അയാൾ അങ്ങിനെ തുറന്നു പറഞ്ഞുകളയുമെന്നു കെപ്പണ്ടൃഖിൻ വിശ്വസിച്ചില്ല. എന്നാൽ മത്സരം ആരംഭിക്കുന്നതിന്നുമുമ്പു് സിററാനോവ് മോഡിവിയക്കാരനോടു് വിളിച്ചുപറഞ്ഞു:

"കുറച്ചു നില്ക്കട്ടെ, വാസിലി ഐവസോമിക്ക്. ആദ്യം ഞാൻ കെപ്പണ്ടൃഖിനോടു് ഒരു കൈ നോക്കട്ടെ".

ആ കോസാക്കു മുഖം ചുവപ്പിച്ചുംകൊണ്ടു വിളിച്ചുപറഞ്ഞു:

"ഞാൻ നിന്നോടു മത്സരിക്കുവാൻ വിചാരിക്കുന്നില്ല. പോ പുറത്തു്".

"അതു വിടില്ല. നിങ്ങഠം എന്നോട്ട മത്സരിക്കണം" മുന്നോട്ടുനീങ്ങിയുംകൊണ്ടു, ദൃഷ്ടി നേരെ അയാളുടെ മുഖത്തുതന്നെ ഉറപ്പിച്ചുകൊണ്ടു സിററാനോവ് പറഞ്ഞു. കെപ്പ്ണ്ടപൃഖിൻ ഒരു നിമിഷം സംശയിച്ചുനിന്നു. പിന്നെ കയ്യുറകഠം വലിച്ചുകീറി. അവ തൻെറ കോട്ടിൻെറ ഉള്ളിൽ കുത്തിത്തിരുകി, ഒന്നും മിണ്ടാതെ സ്ഥലം വിട്ടുകയുംചെയ്തു.

ഇതു രണ്ടു വശത്തുള്ളവക്കും വലിയ ആശ്ചര്യമായി. മാന്യനെന്നു തോന്നുന്ന ഒരാഠം ക്രോധത്തോടെ സിററാനോവിനോട്ട് പറഞ്ഞു:

"അതു നിയമങ്ങഠംക്ക് എതിരാണു്. പൊതുസ്ഥലത്തു വെച്ചുള്ള ഒരു മത്സരത്തിൽ നിങ്ങളുടെ സ്വകായ്യമായ, വെറുപ്പിന്നു പകരം വീട്ടൽ".

എല്ലാ ഭാഗത്തുനിന്നും ആളുകഠം സിററാനോവിനെ കൂക്കിവിളിച്ചു. കുറെ സമയത്തേക്ക് അയാഠം മിണ്ടാതെനിന്നു. പിന്നെ ആ മാന്യനെനോക്കി ഇങ്ങിനെ പറഞ്ഞു.

"ശരി, ഞാൻ ഒരു കൊല നടക്കാൻപോകുന്നതിനെയാണു് ഇല്ലാതാക്കിയതെന്നു വന്നാലോ?"

ആ മാന്യന്നു് പെട്ടെന്നു കായ്യം മനസ്സിലായി. അയാഠം തലയിൽനിന്നും തൊപ്പിയെടുത്തുകൊണ്ടു്, സിററാനോവിനോട്ട പറഞ്ഞു.

"അങ്ങിനെയാണെങ്കിൽ, ഞാൻ നിങ്ങളോട്ട നന്ദിപറയുന്നു. ഞങ്ങളുടെ ഭാഗക്കാക്കുവേണ്ടി".

"ദയചെയ്തു ആ രഹസ്യം ആരോടും പറയരുതു".

"ഞാൻ എന്തിന്നു പറയണം" കെപ്പ്ണ്ടപൃഖിൻ ഒരു നല്ല മുഷ്ടിയുദ്ധക്കാരനാണു്. എന്നിട്ടും അയാഠം എപ്പോഴും തോററുപോകുന്നതിൽ അയാഠംക്കു വലിയ നിരാശയുണ്ടാകുമെന്നുള്ളതു സ്വാഭാവികമാണു്. അതു ഞങ്ങഠംക്കു് മനസ്സിലാക്കാൻകഴിയും. എന്നാൽ ഇനി മേലിൽ മത്സരം ആരംഭിക്കുന്നതിന്നുമുമ്പ് ഞ

ങ്ങൾ അയാളുടെ കയ്യുകൾ ശരിക്കു പരിശോധിക്കാതിരിക്കുക യില്ല.

"അതു നിങ്ങളുടെ കാൎയ്യം".

ആ മാന്യൻ സ്ഥലംവിട്ടു പോയതിന്നുശേഷം, ഞങ്ങളുടെ പക്ഷക്കാർ സിററാനോവിനെ അധിക്ഷേപിക്കാൻതുടങ്ങി.

"നീയെന്തിന്നാണങ്ങിനെ ചെയ്തതു വിഡ്ഢി! കോസാക്കു് അവനെ ശരിപ്പെടുത്തുമായിരുന്നു. ഇപ്പോൾ നമ്മൾ തോററു്. അവമാനിതരായി".

അവനെ ശകാരിച്ചുകൊണ്ടിരിക്കുന്നതിൽ അവൎക്കു് എന്തോ ഒരു രസം തോന്നി.

സിററാനോവു് നെടുവീൎപ്പിട്ടുംകൊണ്ടു പറഞ്ഞു.

"ഊം—ചണ്ടി".

അവൻ പെട്ടെന്നു മോഡിവിയക്കാരനെ വെല്ലുവിളിച്ചു. എല്ലാവരും സ്തംഭിച്ചുപോയി. അയാൾ തന്റെ നിലയുറപ്പിച്ചു. തമാശയായി വിളിച്ചുപറഞ്ഞു.

"ഒരു ചെറിയ ഉരസൽ. ഒന്നു ചൂടുപിടിക്കാൻമാത്രം".

ചുററും നിൽക്കുന്നവർ എന്തു സംഭവിക്കുമെന്നു കാണുവാൻ മുമ്പിലേക്കു തള്ളിക്കയറി.

മുഷ്ടിയുദ്ധക്കാർ അന്യോന്യം നോക്കി, ചുററി ചുററി മുഷ്ടിയോങ്ങിയുംകൊണ്ടു് ഇടിക്കാൻ തക്കംപാൎത്തും ചുഴിഞ്ഞു നടന്നു. മുഷ്ടിയുദ്ധം കണ്ടു പരിചയിച്ചിട്ടുള്ളവൎക്കു സിററാനോവിന്റെ ഭുജങ്ങൾക്കു മോഡിവിയക്കാരന്റെ ഭുജങ്ങളേക്കാൾ നീളമുണ്ടെന്നു മനസ്സിലായി. മുഷ്ടിയുദ്ധക്കാരുടെ കാലിന്നടിയിൽ മഞ്ഞുകട്ടകൾ തെറിക്കുന്ന ശബ്ദം മാത്രമെ കേൾക്കാനുള്ളു. അത്രക്കും നിശ്ശബ്ദമായ ഒരു രംഗം. ഈ അനിശ്ചിതാവസ്ഥ നേരിടാൻ കഴിയാതെ, ആരോ ഒരാൾ വിളിച്ചുപറഞ്ഞു.

"അവർ ഇനിയും അന്യോന്യം കൂട്ടിമുട്ടാത്തതു ശരിയല്ല".

സിററാനോവ് വലത്തെ കൈകൊണ്ടാഞ്ഞടിച്ചു. മോഡിവിയക്കാരൻ ഇടത്തെ കൈകൊണ്ടതു തടുക്കാൻ ശ്രമിച്ചു. സാധിച്ചില്ല. ഇടി മോഡിവിയക്കാരൻെറ ഉദരത്തിന്നു കൊണ്ടു. ഒരു മുരളിച്ചയോടുകൂടി അയാൾ, ബഹുമാനപൂർവ്വം സിററാനോവിനോടു പറഞ്ഞു.

"നീ വിചാരിച്ചപോലെ ഒരു വിഡ്ഢിയല്ല. ചെറുപ്പവുമല്ല."

പിന്നെ അവർ ശരിക്കു പോരാട്ടം ആരംഭിച്ചു. ഓരോ ആളും എതിരാളിയുടെ മാറിനെ ലക്ഷ്യംവെച്ചുകൊണ്ടിടിക്കുവാൻ തുടങ്ങി. കുറച്ചു നിമിഷങ്ങൾക്കിടയിൽ രണ്ടുവശത്തും വലിയ ആവേശമായി.

"വിടല്ലു അയാളെ, പ്രതിമകളെ ചായമിടുന്ന ചങ്ങാതി, അയാളുടെ മണ്ടകു നോക്കു, മാറോ!" മോഡിവിയക്കാരൻ സിററാനോവിനേക്കാൾ ശക്തനാണ്. എന്നാൽ അത്ര വേഗതപോരാ. സിററാനോവിനെപ്പോലെ വേഗത്തിൽ ഇളകാൻ വയ്യാത്തതുകൊണ്ടു്, അയാൾ ഓടി കൊട്ടുകുമ്പോൾ ചുരുങ്ങിയതു മൂന്നടിയെങ്കിലും താങ്ങേണ്ടിവന്നു. എന്നാൽ ആ അടിയൊന്നും അയാൾക്കു കുലുക്കം തട്ടിച്ചില്ല അയാൾ പെട്ടെന്നു ശക്തിയായ ഒരടികൊണ്ടു സിററാനോവിൻെറ വലത്തെ ഭുജം ചുമലിൽനിന്നും തെററിച്ചുകളഞ്ഞു.

"അവരെ പിടിച്ചു മാററു.—സമസമം—" ഒരേ അവസരത്തിൽ അനേകംപേർ വിളിച്ചുപറഞ്ഞു. കണ്ടുനിൽക്കുന്നവർ മുന്നോട്ടുതള്ളിക്കയറി രണ്ടുപേരേയും പിടിച്ചു മാററി.

"ചായം ഇടുന്ന അയാൾ വളരെ ശക്തനല്ല. എന്നാൽ, അയാൾക്കു നല്ല വേഗതയുണ്ടു." മോഡിവിയക്കാരൻ വളരെ ഔദാര്യത്തോടെ പറഞ്ഞു. "അവൻ ഒരു നല്ല മുഷ്ടിയുദ്ധക്കാരനായിത്തീരും. അതു തുറന്നുപറയുന്നതിൽ എനിക്കു് യാതൊരപമാനവുമില്ല".

പോരാട്ടം കണ്ടുനിന്നവരെല്ലാംതന്നെ, അന്യോന്യം കൂട്ടത്തോടെ ഒന്നു മത്സരിച്ചുനോക്കി. ഞാൻ സിററാനോവിനെ പൊട്ടിയ എല്ലു ശരിപ്പെടുത്തുന്ന വൈദ്യന്റെ അടുത്തേക്കു കൂട്ടിക്കൊണ്ടു പോയി. അയാൾ കാണിച്ച ഈ ധീരതയും സത്യസന്ധതയും എന്റെ ദൃഷ്ടിയിൽ അയാളെ പണ്ടത്തേക്കാൾ ബഹുമാന്യനാക്കിത്തീർത്തു.

ഞാൻ അയാളെ കൂടുതൽ സ്നേഹിച്ചു; കൂടുതൽ ബഹുമാനിച്ചു.

അയാൾ നീതിജ്ഞനായിരുന്നു. സത്യസന്ധനായിരുന്നു. അതയാളുടെ കത്തവ്യമാണെന്നയാൾ കരുതി. കലഹപ്രിയനായ കെപ്പണ്ടെപ്യൂഖിൻ അയാളെ പരിഹസിച്ചു.

"എപ്പോഴും വലിയ ഒരാളാണെന്ന നാട്യമാണ്". അയാൾ പറയും, "നീ നിന്റെ ആത്മാവിനെ ഒരു സമാവറിനെപ്പോലെ തുടച്ചു വൃത്തിയാക്കിട്ടുണ്ട്. എന്നിട്ടു എന്തൊരു മിനുമിനുപ്പാണെന്നു മററുള്ളവരെ കാണിച്ചുംകൊണ്ടു് നടക്കുകയാണ്. എന്നാൽ നിന്റെ ആത്മാവ് പിച്ചളകൊണ്ടുണ്ടാക്കിയതാണ്. ഒരു മുഷിപ്പൻ ഏടാകൂടം".

സിററാനോവ് ജോലി ചെയ്തുംകൊണ്ടിരിക്കും, അല്ലെങ്കിൽ നോട്ടുപുസ്തകത്തിൽ കവിത പകത്തിയെഴുതിക്കൊണ്ടിരിക്കും. ഒഴിവുസമയം മുഴവൻ ഇങ്ങിനെ കവിത പകത്തിയെഴുതുന്നതിൽ അയാൾ ചിലവഴിക്കും. ഞാൻ അയാളോടു പറഞ്ഞു.

"നിങ്ങളുടെ കയ്യിൽ പണമുണ്ടല്ലോ? നിങ്ങൾ എന്തുകൊണ്ടു് ഒരു പുസ്തകംതന്നെ വാങ്ങുന്നില്ല".

"സ്വന്തം കയ്യക്ഷരത്തിൽ പകത്തിയെടുക്കുന്നതാണ് അതിലും എത്രയോ നല്ലതു." അയാൾ മറുപടി പറഞ്ഞു.

ഒരു പേജു നിറയെ മഷികൊണ്ടു, കുറെ വരികൾ എഴുതിക്കഴിഞ്ഞാൽ ആ വരികൾ അയാൾ വായിച്ചുനോക്കും.

"ആ പറഞ്ഞതു ശരിയാണ്." അയാൾ വരികൾ വായിച്ചുകഴിഞ്ഞശേഷം വീണ്ടും സൂക്ഷിച്ചുനോക്കിയുംകൊണ്ടു പറഞ്ഞു.

"ആ കവി എത്ര ശരിയായി പരമാത്ഥം കണ്ടറിഞ്ഞിരിക്കുന്നു!"

സിററാനോവ് കൈപ്പെണ്ടപ്യഖിനോടു പെരുമാറിയ സമ്പ്രദായം കണ്ടപ്പോൾ ഞാൻ ആശ്ചയ്യപ്പെട്ടുപോയി. അയാൾ അല്പം കുടിച്ചു മത്തുപിടിച്ചാൽ സിററാനോവിനോടും കലഹിക്കും. അയാൾ ക്ഷമയോടെ കൈപ്പണ്ടപ്യഖിനെ പിൻതിരിപ്പിക്കുവാൻ ഭാവിക്കും.

"പോകൂ ദൂരെ—എന്നെ തൊടരുതു്". ഒടുക്കം സിററാനോവ് കുടിച്ചു മത്തനായ അയാളെ എതിരിടേണ്ടിവരും. അപ്പോൾ യാതൊരു ഭയവും കാണിക്കാതെ അയാളെ അടിക്കുകയും ചെയ്യും. കണ്ടുനില്ക്കുന്നവക്കു ആദ്യം രസംതോന്നുമെങ്കിലും, പിന്നെ ചങ്ങാതികളെ ദൂരെപിടിച്ചു മാററും. "നാം സിററാനോവിനെ തക്കസമയത്തു പിടിച്ചു മാററിയില്ലെങ്കിൽ അവൻ, അയാളെ അടിച്ചു കൊന്നുകളയും; തന്റെ നിലയെക്കുറിച്ചു ചിന്തിക്കുകയുമില്ല." അവർ പറയും.

കുടിച്ചിട്ടില്ലാത്ത അവസരങ്ങളിലും കൈപ്പണ്ടപ്യഖിൻ സിററാനോവിനെ അലട്ടിക്കൊണ്ടിരുന്നു. അയാളുടെ കവിതാഭ്രാന്തും, ആ വേശ്യയുമായുള്ള ബന്ധവും അയാൾ കരുവാക്കിയെടുക്കും. അങ്ങിനെ അയാളെ വിളറിപിടിപ്പിക്കാൻ ശ്രമിക്കും. അയാളുടെ ആക്ഷേപശരങ്ങൾ മുഴവനും, സിററാനോവ് ക്ഷമയോടെ കേൾക്കും. മറുപടി പറയുകയില്ല. ക്രോധിക്കയില്ല. ചിലപ്പോൾ കൈപ്പണ്ടപ്യഖിനോടൊപ്പംചേന്നു ചിരിച്ചുകൊണ്ടിരിക്കുകയുംചെയ്യും.

അവർ അടുത്തടുത്തുതന്നെയാണ് കിടന്നിരുന്നതു്. രാത്രി വളരെ വൈകുന്നതുവരെ കുശുകുശ പറയും.

രാത്രിയത്തെ അവരുടെ ഈ സംഭാഷണം എന്നെ രസിപ്പിച്ചു. അന്യോന്യം അത്രക്ക വെറുപ്പോടെ പെരുമാറുന്ന രണ്ടുപേക്ക് അത്രയെല്ലാം രഹസ്യമായി പറയാനുള്ളതെന്താണെന്നു ഞാൻ ആശ്ചര്യപ്പെട്ടു. ഞാൻ അവരുടെ അടുത്തെങ്ങാനും ചെന്നെങ്കിൽ കൊസ്സാക്ക, എന്നോടു പറയും.

"നീയെന്താണവിടെ ചെയ്തുകൊണ്ടിരിക്കുന്നതു?"

സിററാനോവ് എന്നെ ഗൌനിക്കുകയില്ല. എന്നോടൊന്നും പറയുകയില്ല.

ഒരിക്കൽ അവർ എന്നെ അവരുടെ അരികിലേക്കു വിളിച്ചു.

"മേക്സിമിക്ക്" കൊസ്സാക്ക പറഞ്ഞു:

"നിന്റെ കയ്യിൽ കുറെ പണമുണ്ടായിരുന്നെങ്കിൽ നീ എന്തുചെയ്യും?"

"പുസ്തകങ്ങൾ വാങ്ങും."

"പിന്നെ എന്തു വാങ്ങും".

"എനിക്കറിയുകയില്ല".

കെപ്പണ്ട്യൂഖിൻ നിരാശയോടെ നെടുവീർപ്പിട്ട് ഒരു ഭാഗത്തേക്കു മുഖം തിരിച്ചു.

"നോക്കു", സിററാനോവ് ശാന്തമായി പറഞ്ഞു. "ആർക്കും പറയാൻ കഴികയില്ല.—ചെറുപ്പക്കാർക്കും മുതിന്നവർക്കുംപറയാൻ കഴികയില്ല. ഞാൻ പറയുന്നു, പണം ഉണ്ടായതുകൊണ്ടു മാത്രം എല്ലാം ആകുന്നില്ല. പണംകൊണ്ടു എന്തു ചെയ്യുന്നു എന്നതാണ് പ്രധാനം".

"നിങ്ങൾ എന്തിനെക്കുറിച്ചാണ് സംസാരിച്ചുകൊണ്ടിരുന്നതു്".

"കാര്യമായൊന്നുമില്ല. സമയംപോക്കാൻ വെറുതെ സംസാരിച്ചു. ഉറക്കം വരുന്നില്ല". കൊസ്സാക്ക മറുപടി പറഞ്ഞു. പിന്നെ അവരുടെ സംസാരം കേൾക്കാൻ അവർ എന്നെ അനുവ

ദിച്ചു. പകൽസമയത്തു ആളുകൾ സംസാരിക്കുന്ന വിഷയങ്ങളെ ക്കുറിച്ചു തന്നെയാണ് രാത്രിയിലും അവർ സംസാരിച്ചുകൊണ്ടിരു ന്നതെന്നു എനിക്കു മനസ്സിലായി. ദൈവം, നീതി, സുഖം, സ്ത്രീ കളുടെ സാമൎത്ഥ്യം, വിഡ്ഢിത്തം, ധനികന്മാരുടെ ധനത്തിലുള്ള കൊതി, ജീവിതംതന്നെ ഒരു കുഴഞ്ഞുമറിഞ്ഞ ഏൎപ്പാടാണെന്ന പരമാൎത്ഥം ഇവയെക്കുറിച്ചെല്ലാം അവർ സംസാരിക്കും.

ഞാൻ എപ്പോഴും വളരെ, ശ്രദ്ധയോടെ അവരുടെ സംഭാഷ ണം കേട്ടിരിക്കും. ജീവിതം മോശമാണെന്നും, ജീവിതം പരി ഷ്ക്കരിക്കേണ്ടതുണ്ടെന്നും അവർ മനസ്സിലാക്കിയിട്ടുള്ളതായി എ നിക്കു ബോദ്ധ്യപ്പെട്ടു. ജീവിതം നന്നാക്കിത്തീക്കേണ്ടതാണെ ന്ന ആഗ്രഹം ജനിച്ചതുകൊണ്ടു ഒരാൾക്കു, ചില കടമകൾ ബോ ദ്ധ്യപ്പെട്ടുകൊള്ളുമെന്നു ഞാൻ വിശ്വസിച്ചില്ല. മാത്രമല്ല, ആ ബോധം തൊഴിൽശാലയിലെ, ജീവിതക്രമത്തിൽ മാററംവരുത്തി യില്ല. പ്രവൃത്തിക്കാരന്യോന്യമുണ്ടായിരുന്ന ബന്ധങ്ങൾക്കും മാ ററം വരുത്തിയില്ല. അവരുടെ സംഭാഷണങ്ങൾ ജീവിതത്തെക്കു റിച്ചു ചില കാൎയ്യങ്ങൾ മനസ്സിലാക്കുന്നതിന്നു സഹായിച്ചു. ജീവി തം പൊള്ളയായ ഒരു മുഷിപ്പൻ ഏൎപ്പാടാണെന്നെനിക്കു തോ ന്നി. ഒരു കുണ്ടുകുളത്തിൽ കരിയിലകൾ കാററിനാൽ അടിച്ചു വീഴ്ത്തപ്പെടുന്നതുപോലെ ആളുകൾ ശൂന്യതയിൽ നിലനില്ക്കുക യാണെന്നു ഞാൻ വിചാരിച്ചു. ഒരുദ്ദേശവുമില്ലാതെ അങ്ങിനെ ജീവിച്ചുപോകയാണെന്നു ഞാൻ വിചാരിച്ചു. അവർ ആ ഉദ്ദേ ശമില്ലായ്മയെക്കുറിച്ചന്യോന്യം ആവലാതിപ്പെടുകയും, തള്ളി പ്പറയുകയും ചെയ്യുകയായിരുന്നു.

ചായംതേക്കുന്ന ജോലിയിൽ ഏൎപ്പെട്ടിരുന്നവർ അന്യോ ന്യം സൊള്ളപറയും, മററുള്ളവരെ കുററംപറയും, അന്യോന്യം കലശലായി ചെറിയ സംഗതികളിൽ പോലും ലഹളകൂട്ടും. അടി ക്കുകയും ഇടിക്കുകയും ചെയ്യും. അടുത്ത ലോകത്തിൽ അവൎക്കെ ന്തു സംഭവിക്കുമെന്നുള്ളതിനെക്കുറിച്ചവർ ഊഹിച്ചുനോക്കും. മുറി യിൽ, വാതിലിന്നടുത്തു തറയിൽ പതിച്ചിരുന്ന ഒരു പലക പറി

ഞ്ഞുപോയിരുന്നു. ആ വിടവിൽക്കൂടി, അടിയിൽനിന്നും, തണുപ്പുകാററു പൊങ്ങിവന്നു; ഞങ്ങളുടെ കാലടികൾ മരവിപ്പിക്കും. അതവർ കാണുകയില്ല. പാവലും ഞാനും വൈക്കോൽകൊണ്ടു ആ കുഴി അടക്കുവാൻ നോക്കി. അവർ ഒരു പുതിയ പലക അവിടെ പിടിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു സംസാരിക്കും. എന്നാൽ ആ ദ്വാരം വലുതായിക്കൊണ്ടിരുന്നതേയുള്ളു. കൊട്ടുങ്കാററുള്ള ദിവസങ്ങളിൽ ആ ദ്വാരത്തിൽക്കൂടി, ഒരു കുഴലിൽക്കൂടിയെന്നപോലെ തണുപ്പുകാററടിച്ചുകയറും. ഞങ്ങൾക്കു ചുമപിടിക്കും, ജലദോഷം പിടിക്കും. മേലെ ഒരു ജനലിന്റെ, കതകിന്നു ഒരു വലിയ കീറൽ ഉണ്ടു്. അതിനെ നോക്കി അവർ ശാപവാക്കുകൾ പറയും. ഞാൻ അവിടെ എണ്ണയിട്ടു പഴുതടക്കാൻ ശ്രമിച്ചപ്പോൾ ഷിക്കാറേവ് പറഞ്ഞു:

"ആ വിള്ളലില്ലെങ്കിലുംതന്നെ ജീവിതം വളരെ മുഷിപ്പനാണ്."

കളികഴിഞ്ഞു വന്ന ഉടൻ, വൃത്തികെട്ട അവരുടെ വിരിപ്പിൽ അവർ മറിഞ്ഞുവീഴും. എങ്ങുനോക്കിയാലും ദുർമ്മണവും വൃത്തികേടും. അതു ആരും ഗൌനിച്ചതേയില്ല. ജീവിതം അസുഖകരമാക്കിത്തീർക്കുന്ന പല തുച്ഛമായ സംഗതികളുണ്ടായിരുന്നു. അവയെല്ലാം ഇല്ലാതാക്കാൻ എളുപ്പവുമായിരുന്നു. എന്നാൽ അതിന്നാരുംതന്നെ ശ്രമിച്ചില്ല.

പലപ്പോഴും അവർ പറയും.

"ആർക്കാണ് ആരോടാണ് അനുകമ്പയുള്ളതു? ആർക്കുമില്ല. ദൈവത്തിന്നുപോലുമില്ല".

മരിക്കാറായ ഡാവിഡേവിനെ ഞങ്ങൾ കുളിപ്പിക്കുകയായിരുന്നു. ഇരുമ്പും ഈച്ചയും അയാളെ വല്ലാതെ അലട്ടിക്കൊണ്ടിരുന്നു. ഞാനും പാവലും അയാളുടെ പരിസരം വൃത്തിയാക്കാൻ ശ്രമിക്കുന്നതു കണ്ടപ്പോൾ മററുള്ളവർ ഞങ്ങളെ പരിഹസിച്ചു. അവർ ഞങ്ങളെ കുളിപ്പുരയിലെ വേലക്കാരെന്നു വിളിച്ചു. അവ

ങ്കടെ ഉടുപ്പിലുള്ള പേൻ തട്ടിക്കളയുമോ എന്നു പരിഹസിച്ചു. ഞങ്ങൾ എന്തോ ലജ്ജാവഹമായ, ദോഷകരമായകാര്യം ചെയ്യുകയാണെന്നപോലെ അവർ ഞങ്ങളെ പരിഹസിച്ചു.

ക്രിസ്തുമസ്സ് മുതൽ, ഉത്ഥാനദിനത്തിന്നു മുമ്പുള്ള നോമ്പുകാലംവരെ, ഡാവിഡേവ് തന്റെ കട്ടിലിന്മേൽ കിടന്നു ഇടതടവില്ലാതെ ചുമച്ചുകൊണ്ടിരുന്നു. അയാൾ കൂടക്കൂടെ ചോരയും കഫവും ചുമച്ചുതുപ്പി. അധികവും അതു തൊട്ടിയിൽ വീഴാതെ, നിലത്തു വീഴാൻതുടങ്ങി. രാത്രി അയാൾ തന്റെ ബഹളംകൊണ്ടു ഞങ്ങളുടെ ഉറക്കമുണർത്തും.

എല്ലാ ദിവസവും അവർ പറയും.

“അവനെ നമ്മൾ ആസ്പത്രിയിലേക്കു നീക്കംചെയ്യണം.”

ഡാവിഡേവിന്റെ പാസ്പോർട്ട് പുതുക്കിയിരുന്നില്ല. അതു പുതുക്കാതെ അയാളെ ആസ്പത്രിയിൽ സ്വീകരിക്കുന്നതല്ലെന്നു് വ്യക്തമായി. കുറച്ചു കഴിഞ്ഞപ്പോൾ അയാൾക്കു് അല്പം സുഖമുള്ളതായി തോന്നി. ഒടുക്കം അവർ തീരുമാനിച്ചു.

“അതുകൊണ്ടെന്താണൊരു വ്യത്യാസമുണ്ടാകാനുള്ളതു്? എതുനിലക്കും അവൻ ഇനി വേഗം മരിച്ചുപോകും.”

“അതെ. വളരെയൊന്നും കഴിയേണ്ടതായി വരികയില്ല.” രോഗിതന്നെയും ഉറപ്പുകൊടുത്തു.

അയാൾ ശാന്തസ്വഭാവിയായ ഒരു തമാശക്കാരനായിരുന്നു. തൊഴിൽശാലയിലുള്ള മുഷിപ്പ് ഇല്ലായ്മചെയ്യുവാൻ അയാളും പരിശ്രമിച്ചിരുന്നു. കറുത്തുമെലിഞ്ഞ മുഖം കട്ടിലിന്റെ വക്കിലേക്കു, നീക്കിവെച്ചുകൊണ്ടയാൾ അറിയിക്കും:

“കൂടുതൽ ഉയരമുള്ള കട്ടിലിൽ കയറിക്കഴിഞ്ഞിട്ടുള്ള ഈ മനുഷ്യന്റെ വാക്കുകളൊന്നു ശ്രദ്ധിക്കു, കൂട്ടരെ”.

പിന്നെ അയാൾ അർത്ഥമില്ലാത്ത എന്തെങ്കിലും വല്ല പദ്യശകലവും ചൊല്ലാൻതുടങ്ങും.

"അവന്നു നിരാശയൊന്നുമില്ല". ശ്രോതാക്കൾ, വലിയ മതിപ്പോടെ അഭിപ്രായപ്പെട്ടും.

ചിലപ്പോൾ ഞാനും പാവലും അയാളുടെ കട്ടിലിന്നരികെ ചെല്ലും. അയാൾ വലിയ സന്തോഷം നടിച്ചുംകൊണ്ടു് ഞങ്ങളെ സ്വാഗതം ചെയ്യും.

"ചങ്ങാതികളെ ഞാൻ എങ്ങിനെയാണു് നിങ്ങളെ സൽക്കരിക്കേണ്ടതു്? ഒരു എട്ടുകാലിയെ പിടിച്ചു തന്നാൽ നിങ്ങൾക്കതിഷ്ടമാകുമല്ലൊ?"

മരണം വളരെ വൈകിച്ചുമാത്രമെ വന്നുള്ളു. അതയാളെ വല്ലാതെ അക്ഷമനാക്കി.

"എനിക്കു് മരിക്കാൻപോകയാണെന്നു ഭാവിച്ചുംകൊണ്ടിങ്ങിനെ ഇരിക്കാൻ വയ്യ". വലിയ അലട്ടു തോന്നിയപോലെ, അയാൾ പറയും.

മരണത്തെക്കുറിച്ചു അയാൾക്കു് തീരെ കൂസലുണ്ടായില്ലെന്നതു പാവലിനെ ഭയപ്പെടുത്തി. അവൻ രാത്രി എന്നെ വിളിച്ചുണർത്തി ഇങ്ങനെ പറയും.

"മേക്സിമിക്ക്, ഒരു പക്ഷെ അയാൾ ഇപ്പോൾ മരിച്ചിരിക്കും. ഇതുപോലത്തെ ഒരു രാത്രിയാണു് അയാൾ മരിക്കുക. നമ്മൾ ഇവിടെ ഇങ്ങിനെ കിടന്നുകൊണ്ടിരിക്കെ. ദൈവമെ, ഞാൻ മരിച്ചവരെ എങ്ങിനെ ഭയപ്പെടുന്നു".

അല്ലെങ്കിൽ അവൻ പറയും.

"അയാൾ ജനിച്ചതുതന്നെ എന്തിന്നായിരുന്നു? ഇരുപതു വയസ്സാകുന്നതിന്നു മുമ്പു് മരിച്ചുപോകാനോ?"

നിലാവുള്ള ഒരു രാത്രി അയാൾ എന്നെ വിളിച്ചുണർത്തി ഇങ്ങനെ പറഞ്ഞു. അയാളുടെ കണ്ണുകൾ ഭയന്നു തുറിച്ചുനില്ക്കുന്നു.

"ശ്രദ്ധിക്കു".

കട്ടിലിന്മേൽ കിടന്ന, ഡാവിഡോവ്, വലിയ ശബ്ദത്തോടെ, ശ്വാസം കഴിച്ചുംകൊണ്ട, വ്യക്തമായെന്തോ പിറുപിറുക്കന്നുണ്ടായിരുന്നു. ഇതാ വന്നാട്ടെ, ഇവിടെ. പിന്നെ അയാൾ ഏക്കിൾ ഇടാൻതുടങ്ങി.

"അയാൾ മരിക്കുകയാണ്, സത്യം നോക്കു". പാവൽ, പരിഭ്രമത്തോടെ പറഞ്ഞു.

അന്ന പകൽ മുഴുവൻ മുററത്തുനിന്നും, മഞ്ഞിൻകട്ടകൾ വണ്ടിയിൽ കയററി ദൂരെ കൊണ്ടുപോകയായിരുന്നു എൻെറ ജോലി. അതുകൊണ്ട വലിയ ക്ഷീണം തോന്നി, ശാന്തമായുറങ്ങേണമെന്നാണ് ഞാൻ ആശിച്ചതു".

"യേശുക്രിസ്തുവിനെ വിചാരിച്ചു ഉറങ്ങിക്കളയരുതു!" പാവൽ അപേക്ഷിച്ചു. "ദയചെയ്തു് ഉറങ്ങരുതു്."

പെട്ടെന്ന ചാടി എഴുന്നേററുംകൊണ്ട, അവൻ ഉറക്കെ വിളിച്ചുപറഞ്ഞു.

"എഴുന്നേൽക്കു, ഡാവിഡോവ് മരിച്ചു".

പ്രവൃത്തിക്കാരിൽ ചിലരുടെ ഉറക്കം ഞെട്ടി. അവരിൽ ചിലർ വിരിപ്പിൽനിന്നും എഴുന്നേററുവന്നു ക്രോധത്തോടെ എന്തു സംഭവിച്ചു എന്നു ചിരിക്കി.

കെപ്പ്ലണ്ടെപ്പ്ലഖിൻ ഡാവിഡോവിൻെറ കട്ടിലിന്നടുത്തുചെന്നു സൂക്ഷിച്ചുനോക്കിപ്പറഞ്ഞു.

"ശരിയാണ് അവർ മരിച്ചുപോയെന്നുതന്നെയാണ് തോന്നുന്നതു. ഇപ്പോഴും ദേഹം നല്ല ചൂടുണ്ട്."

എല്ലാവരും നിശ്ശബ്ദതപൂണ്ടു. ഴിക്കാറേവ് കുരിശുവരച്ചു. കമ്പിളി മുഴുകെ വലിച്ചു പുതച്ചു പറഞ്ഞു:

"ശരി, അവൻെറ ആത്മാവിന്ന് നിത്യശാന്തി കൈവരട്ടെ"

"അവനെ വാതില്ക്കലേക്കെടുക്കുക." ആരോ അഭിപ്രായ പ്പെട്ടു.

കൈപ്പണ്ടപ്പൂഖിൻ ജനലിന്നരികെ ചെന്നു നിന്നു.

"പുലരുന്നതുവരെ, അവൻ അവിടെതന്നെ കിടക്കട്ടെ—അ വൻ ജീവിച്ചിരിക്കുമ്പോഴും ആൎക്കും വഴിയിലൊരു തടസ്ഥമായി രുന്നിട്ടില്ല".

പാവൽ തലയിണയിൽ മുഖമമൎത്തി പൊട്ടിക്കരഞ്ഞു.

സിററാനോവിൻെറ ഉറക്കം ഉണൎന്നില്ല.

---

# XV

വയലിൽ മഞ്ഞുരുകി. ആകാശത്തിൽ ശിശിരകാലത്തെ മേഘങ്ങൾ മഞ്ഞായും മഴയായും മാറി മാഞ്ഞുപോയി. സൂര്യൻ തന്റെ സഞ്ചാരത്തിന്ന് അധികം സമയമെടുത്തു. വായുവിന്നു ചൂടധികം തോന്നി. വസന്തം വരികയാണ്. നഗരത്തിൽ പാഞ്ഞുകയറുന്നതിന്നു മുമ്പ്, വയലിൽ എവിടെയൊ തെല്ലുസമയം ഒളിച്ചു നിൽക്കുകയാണ്. തെരുവിൽ ചുകപ്പുനിറമുള്ള ചളികെട്ടിനിൽക്കുന്നു ഓവുചാലുകളിൽക്കൂടി വെള്ളം ഒലിച്ചുപോയി. ആർസ്റ്റൻസ്ക്യാത്തെരുവിൽ, അറക്കിളിയും അവിടവിടെ തുള്ളിക്കളിച്ചു. വസന്തത്തിന്റെ, ശബ്ദങ്ങൾക്കിടയിൽ, നോമ്പുകാലം സൂചിപ്പിക്കുന്ന പള്ളിമണിയുടെ ഒച്ചയും മുഴങ്ങി. തടസ്ഥമില്ലാതെ രാവിലെ തൊട്ടു വൈകുന്നേരംവരെ, ശ്രോതാക്കളുടെ ഹൃദയം പിടിച്ചു കുലുക്കുന്നതുപോലെ ആ മണിനാദത്തിൽ കിഴവന്മാരുടെ സംസാരത്തിലെന്നപോലെ എന്തോ ഒരു വേദന ഒളിഞ്ഞുനിൽക്കുന്നതായി തോന്നി. ആ മണിയും, മടുപ്പുതോന്നിക്കുന്ന ദുഃഖമയമായ സ്വരത്തിൽ—"ലൂങ്ങ്", ലൂങ്ങ്", ലൂങ്ങ്," എന്നു ശബ്ദിച്ചുംകൊണ്ടിരുന്നു.

അലക്സേയി പുണ്യവാളന്റെ ദിവസം തൊഴിൽശാലയിൽ നിന്നും, എനിക്കൊരു ചെറിയ പ്രതിമ സമ്മാനമായി കിട്ടി. വളരെ ഭംഗിയിൽ ചായമിട്ട ആ പുണ്യവാളന്റെ പ്രതിമ സമ്മാനിച്ചുംകൊണ്ടു ഴിക്കാറേവ്, ഗൌരവത്തിൽ ദീർഘമായ ഒരു പ്രസംഗം ചെയ്തു.

പുരികം ഉയൎത്തി വിരലുകൾകൊണ്ടു മേശമേൽ മീട്ടിയും കൊണ്ടയാൾ പറഞ്ഞു:

"നീയാരാണ്? ഒരു വെറും കുട്ടി. 13 വയസ്സു് മാത്രം പ്രായമായ അച്ഛനമ്മമാരില്ലാത്ത ഒരു കുട്ടി - എനിക്കാണെങ്കിൽ നിന്നേക്കാൾ നാലിരട്ടി വയസ്സുണ്ടു്, നീ ജീവിതത്തിലെ വിഷമങ്ങളെ ധൈൎയ്യപൂൎവ്വം നേരിടുന്നുണ്ടെന്നു കാണുന്നതിൽ ഞാൻ നിന്നെ അഭിനന്ദിക്കുന്നു; അതാണ് ചെയ്യേണ്ടതു്. എപ്പോഴും എല്ലാ വിഷമതകളേയും ധൈൎയ്യപൂൎവ്വം നേരിടുക".

അയാൾ ദൈവത്തിന്റെ അടിമകളെക്കുറിച്ചും ഭൃത്യന്മാരെക്കുറിച്ചും സംസാരിച്ചു അടിമകളും ഭൃത്യന്മാരും തമ്മിലുണ്ടായിരുന്ന വ്യത്യാസമെന്താണെന്നു് എനിക്കു മനസ്സിലായില്ല. ആ വ്യത്യാസം അയാൾക്കും മനസ്സിലായിട്ടുണ്ടായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. അയാളുടെ പ്രസംഗം മുഷിപ്പനായിരുന്നു; മററുള്ളവർ അയാളെ തമാശയാക്കി. ഞാൻ പ്രതിമ കയ്യിൽപിടിച്ചുംകൊണ്ടങ്ങിനെ നിന്നു. എനിക്കു വലിയ ആവേശം തോന്നി. എന്തു ചെയ്യേണമെന്നു് മനസ്സിലായതുമില്ല. ഒടുക്കം കൈപ്പൊണ്ടേ്യഖിൻ പ്രാസംഗികനോടു വിളിച്ചുപറഞ്ഞു:

"മരിച്ച ആളെക്കുറിച്ചുള്ള ഒരു നീണ്ടപ്രാൎത്ഥനപോലെയുണ്ടല്ലോ—ഇനി അതു മതിയാക്കൂ. അവന്റെ ചെവികൾ, നീലനിറമായിപ്പോയി".

അതു പറഞ്ഞു് അയാളും എന്റെ മുതുകിൽ തലോടി, അയാളുടെ അഭിപ്രായം ഇങ്ങിനെ വ്യക്തമാക്കി.

"നിന്നെക്കുറിച്ചു ഏററവും നല്ല കാൎയ്യം, നീ എല്ലാവരോടും മമതയിൽ കഴിഞ്ഞുകൂടുമെന്നുള്ളതാണ്. ആ ഗുണമാണ് നിന്നിൽ ഞാനിഷ്ടപ്പെടുന്നതു്. പക്ഷെ ആ ഒരു കാരണത്താൽ നിന്നെ ശകാരിക്കുവാനോ അടിക്കുവാനോ തരപ്പെടുന്നില്ല. നീ അതൎഹിക്കുമ്പോൾ പോലും".

എല്ലാവരും എന്നെ സൂക്ഷിച്ചുനോക്കി. എൻെറ പരിഭ്രമത്തിൽ എല്ലാവരും സ്നേഹത്തോടെ എന്നെ തമാശയാക്കി. ആ ചടങ്ങുകഠം കൂടുതൽ നീണ്ടുപോയിരുന്നെങ്കിൽ. അവക്കെല്ലാം എന്നോടു വലിയ വാത്സല്യമുണ്ടെന്ന മനസ്സിലായതിലുള്ള സന്തോഷംകൊണ്ടു ഞാൻ പൊട്ടിക്കരഞ്ഞുപോകുമായിരുന്നു. എന്നിട്ടും അന്നു രാവിലെതന്നെ പ്യോട്ടർ വാസിലേവ്, എന്നെ നോക്കി തലയാട്ടിയുംകൊണ്ടു, ഷാപ്പുകാരനോടു പറഞ്ഞു:

"ഒരു വൃത്തികെട്ട ചെട്ട. ഒരു പണിയും ശരിക്കു ചെയ്യുവാൻ കഴിയുകയില്ല".

അന്നും സാധാരണപോലെ ഞാൻ പീടികയിൽ പോയി. എന്നാൽ ഉച്ച കഴിഞ്ഞ ഉടനെ ഷാപ്പുകാരൻ എന്നോടു പറഞ്ഞു:

"വീട്ടിൽ പോയി കളപ്പുരയുടെ മേലുള്ള മഞ്ഞിൻകട്ടകഠം ശേഖരിച്ചു മാംസവും മററും സൂക്ഷിക്കുന്ന അറയിൽ കൊണ്ടുപോയി വെക്കുക".

അയാഠംക്കറിയാമായിരുന്നില്ല അന്നു, എൻെറ പേരുള്ള പുണ്യവാളൻെറ സുദിനമായിരുന്നു എന്നു"; ആക്കും അറിയുകയില്ലെന്നു ഞാൻ വിചാരിച്ചു.

തൊഴിൽശാലയിൽവെച്ചു ഈ അഭിനന്ദനങ്ങളെല്ലാം കഴിഞ്ഞതിന്നുശേഷം, ഞാൻ വസ്ത്രം മാററി മുററത്തേക്കോടി. കളപ്പുരയുടെ മേൽപ്പുരയിൽ കയറി, മഞ്ഞിൻകട്ടകഠം ശേഖരിച്ചു. ആ ശിശിരത്തിൽ അത്യധികം മഞ്ഞു വീണിട്ടുണ്ടായിരുന്നു. എന്നാൽ ആവേശത്തിൽ ഞാൻ, അറയുടെ വാതിൽ തുറക്കാൻ മറന്നു. ഞാൻ അറയുടെ വാതിലിന്മേലാണ് മഞ്ഞിൻകട്ടകഠം കൊണ്ടുപോയി നിറച്ചതു്. തെററു മനസ്സിലായപ്പോഠം, ഞാൻ വീണ്ടും മഞ്ഞുവാരി നീക്കി വാതിൽ കണ്ടുപിടിക്കാൻ ശ്രമിച്ചു. ഹിമക്കട്ട നനഞ്ഞൊലിക്കുന്നു. ഞാൻ ഉപയോഗിച്ച വാശ്ക്കോട്ട ഇരുമ്പിൻേറതായിരുന്നില്ല; മരത്തിൻെറതായിരുന്നു. ശക്തികൊടുത്തു അതു പൊക്കിയപ്പോഠം അതിൻെറ പിടി മുറിഞ്ഞു

പോയി. ആ നിമിഷത്തിൽത്തന്നെ പീടികക്കാരൻ അവിടെ ക്കയറിവന്നു. ഇതു കണ്ടപ്പോൾ "സന്തോഷം എപ്പോഴും ദുഃഖത്തോടൊപ്പമെ വരികയുള്ളു"എന്ന റഷ്യൻ പഴഞ്ചൊല്ലു എനിക്കു വ്യക്തമായി.

"ഉം" പീടികക്കാരൻ എൻെറ അടുത്തുവന്നു ക്രോധത്തോടെ പറഞ്ഞു: "നീ ഒരു നല്ല പ്രവൃത്തിക്കാരൻതന്നെയാണു. നിന്നെ ചെകുത്താൻ പിടിക്കട്ടെ. നിൻെറ തലമണ്ടക്കു ചൊട്ടൊന്നു വെച്ചുതരാം.. ....."

അയാൾ പൊട്ടിവീണ വാസ്ക്കോട്ടിൻെറ പിടി കയ്യിലെടുത്തു എൻെറ നേരെ വീശിയെറിഞ്ഞു. ഞാൻ മാറിക്കളഞ്ഞു. ഞാൻ ക്രോധത്തോടെ അയാളോടു പറഞ്ഞു:

"നിങ്ങളുടെ മുററം വൃത്തിയാക്കുന്ന പണിക്കാരനായി ഞാൻ നിങ്ങളുടെ കീഴിൽ ജോലിക്കു ചേർന്നിട്ടില്ല".

അയാൾ ആ വടി എൻെറ കാലിനെ ഉന്നംവെച്ചുംകൊണ്ടെറിഞ്ഞു. ഞാൻ കൈ നിറയെ മഞ്ഞുകട്ടകൾ വാരി അയാളുടെ മുഖത്തേക്കെറിഞ്ഞു.

പിറുപിറുത്തുംകൊണ്ടയാൾ ഓടിപ്പോയി. ഞാൻ ആ പണി ഇട്ടുംവെച്ചു തൊഴിൽശാലയിലേക്കു പോയി. കുറച്ചു നിമിഷങ്ങൾ കഴിഞ്ഞപ്പോൾ ഷാപ്പുകാരൻ കല്യാണംചെയ്യാൻ വെച്ചിരുന്ന സ്ത്രീ, മുഖക്കുരു നിറഞ്ഞ ഓജസ്സില്ലാത്ത മുഖത്തോടുകൂടിയ സ്ത്രീ, മേലെ നിലയിൽനിന്നും ചാടിയിറങ്ങി വന്നു.

"മേക്സിമിക്ക്—നിന്നെ മേലേക്കു വിളിക്കുന്നുണ്ടു".

"ഞാൻ വരാൻ വിചാരിക്കുന്നില്ല". ഞാൻ പറഞ്ഞു.

"എന്താതു്? നീ പോകുന്നില്ലേ." ലാരിയോണിക്കു് ആശ്ചര്യപ്പെട്ടുംകൊണ്ടു ചോദിച്ചു.

"എന്താണു് സംഭവിച്ചതെന്നു ഞാനയാളോടു പറഞ്ഞു. വല്ലാത്ത കുണ്ഠിതത്തോടെ അയാൾ തന്നെ മേലെ കയറിപ്പോയി. എന്നെ താഴ്ന്നസ്വരത്തിൽ ഇങ്ങിനെ കുററപ്പെടുത്തുകയും ചെയ്തു.

"അതു കുറെ കടന്നുപോയി, കുട്ടീ".

എന്നെ ആക്രമിച്ച 'പീടികക്കാരനെക്കുറിച്ചു, തൊഴിൽശാലയിലുള്ളവരെല്ലാം ശകാരവർഷം ചൊരിഞ്ഞു.

"അവർ തീർച്ചയായും നിന്നെ പിരിച്ചയക്കും". കൈപ്പണ്ട്യൂഖിൻ പറഞ്ഞു.

അതെന്നെ ഭയപ്പെടുത്തിയില്ല. ഞാനും പീടികക്കാരനും തമ്മിലുള്ള ബന്ധം അത്രക്കും പരുങ്ങലിലായിരുന്നു. അയാൾ എന്നെ കണക്കിലധികമായി വെറുത്തു. ഞാൻ അയാളേയും. അയാൾ എന്നോടു പെരുമാറിയ ആ സമ്പ്രദായമാണ് എന്നിൽ അറപ്പുളവാക്കിയത്.

അയാൾ കരുതിക്കൂട്ടി പീടികയുടെ അകത്തവിടവിടെ നാണയങ്ങൾ ഇട്ടു. ഞാൻ മുറി അടിച്ചുവാരുമ്പോൾ അതു കാണാതിരിക്കയില്ലല്ലോ. ഞാൻ ആ നാണയങ്ങൾ പെറുക്കിയെടുത്തു. ധർമ്മം കൊടുക്കാനുള്ള ചില്ലറ സൂക്ഷിക്കുന്ന ഒരു ചെറിയ പാത്രത്തിൽ കൊണ്ടുപോയിട്ടു. അയാൾ എന്തിനാണ് നാണയങ്ങൾ ഇങ്ങിനെ അവിടെ ഇട്ടതെന്നു മനസ്സിലായപ്പോൾ ഞാൻ അയാളോടു പറഞ്ഞു:

"അങ്ങിനെ നാണയങ്ങൾ അവിടവിടെ ഇട്ടതുകൊണ്ടു ഒന്നും സംഭവിക്കാൻപോകുന്നില്ല"

ഓർക്കാതെയുള്ള ഈ ഇടി കൊണ്ടപ്പോൾ അയാൾ മുഖം ചുവപ്പിച്ചു ക്രോധത്തോടെ പറഞ്ഞു:

"നീ എന്നെ പഠിപ്പിക്കുവാൻ ഭാവിക്കുകയാണോ? ഞാൻ എന്താണു ചെയ്യുന്നതെന്നെനിക്കറിയാം". കുറച്ചു കഴിഞ്ഞപ്പോൾ അയാൾ തുടർന്നു. "ഞാൻ കരുതിക്കൂട്ടിയങ്ങിനെ ചെയ്തതാണെന്ന് നീയെങ്ങിനെ മനസ്സിലാക്കി? അവ അങ്ങിനെ അവിടെ വീണുപോകുന്നതു മാത്രമാണ്."

അയാഠം ഞാൻ ഷാപ്പിൽവെച്ച പുസ്തകം വായിക്കുന്നതു തടഞ്ഞു. അയാഠം പറഞ്ഞു:

"പുസ്തകങ്ങഠം നിന്നെപ്പോലുള്ളവൎക്ക് വെച്ചതല്ല. നീ വലിയ ഒരു പണ്ഡിതനാകാൻ ഭാവമുണ്ടായിരിക്കും. പെറുക്കി".

ഞാൻ പണം കക്കുന്നുണ്ടെന്നു സ്ഥാപിക്കാൻ അയാഠം കൊണ്ടുപിടിച്ചു ശ്രമിച്ചു. ഞാൻ മുറിതുത്തു വൃത്തിയാക്കുമ്പോഠം, ഒരു ഇരുപതു കൊപെക്കു നാണയമെങ്ങാനും വല്ല വിടവിലും തെറിച്ചു കുടുങ്ങുകയാണെങ്കിൽ അതു ഞാൻ മോഷ്ടിച്ചിട്ടുണ്ടെന്നു എന്റെ പേരിൽ അപരാധം ചുമത്തപ്പെട്ടുമെന്നു എനിക്കു ബോദ്ധ്യമായി. ഞാൻ അയാളോട്ട് ആ കുസൃതി വേണ്ടെന്നുവെക്കാൻ വീണ്ടും ആവശ്യപ്പെട്ടു. ഞാൻ ചാരായക്കടയിൽനിന്നും ചൂടുവെള്ളവുമായി തിരിച്ചുവരുമ്പോഠം അയാഠം അടുത്ത ഷാപ്പുകാരനോടു പറയുന്നതു് ഞാൻ കേട്ടു.

"അവനെക്കൊണ്ടു് ഒരു പ്രാൎത്ഥനാ പുസ്തകം എങ്ങിനെയെങ്കിലും മോഷ്ടിപ്പിക്കണം. അടുത്തുതന്നെ കുറെ പുസ്തകങ്ങഠം നമുക്കു വരാനുണ്ടു്."

അവർ എന്നെക്കുറിച്ചു സംസാരിക്കുകയാണെന്നു ഞാൻ മനസ്സിലാക്കി. എന്നെക്കണ്ടപ്പോഠം അവരുടെ മുഖഭാവത്തിലുണ്ടായ മാററം അതു വ്യക്തമാക്കി.

അടുത്ത ഷാപ്പിലെ ജോലിക്കാരൻ, മെലിഞ്ഞു, കുസൃതിയുള്ള കണ്ണുകളോടുകൂടിയ ഒരു മനുഷ്യനാണ്. ഇടക്കിടക്ക് മാത്രമെ അയാളെ അവിടെ ജോലിക്കു നിൎത്തുകയുമുള്ളു. അയാഠം ഒരു കുടിയനായിരുന്നു. അയാഠം കുടിക്കാൻപോയെന്നു കണ്ടാൽ ഷാപ്പുടമ അയാളെ പിരിച്ചയക്കും, തിരിച്ചുവന്നാൽ വീണ്ടും നിശ്ചയിക്കുകയും ചെയ്യും— പ്രത്യക്ഷത്തിൽ ഒതുക്കവും അനുസരണവുമുള്ള മട്ടാണ്; ഉടമയുടെ കല്പനകഠം ശരിക്കനുസരിക്കും. പക്ഷെ എപ്പോഴും ആ കണ്ണുകളിൽ കുസൃതി തുളുമ്പി നിൽക്കുന്നതു കാണാം. കുസൃതി പറയുന്നതിൽ വലിയ സമൎത്ഥനാണ്. അ

യാളുടെ പല്ലുകൾ നല്ല നീളമുണ്ടു; ശക്തിയുമുണ്ടു്; എന്നാൽ അയാളുടെ വായിൽനിന്നും ഒരു ദുർമ്മണം പുറപ്പെട്ടും.

അയാളുമായുള്ള സമ്പർക്കത്തിൻെറ ഫലമായുണ്ടായ ഒരനുഭവം എൻെറ ഷാപ്പുകാരനും അയാളും തമ്മിൽ എന്തോ ഒരു ഗൂഢാലോചനയുണ്ടെന്നു സംശയിക്കുവാൻ വിശേഷിച്ചും കാരണമായി. ഒരു ദിവസം അയാൾ വെളുക്കെ ചിരിച്ചുംകൊണ്ടെന്നെ സമീപിച്ചു. പെട്ടെന്നു എൻെറ തൊപ്പി തട്ടിയിട്ടു എൻെറ മുടിയിൽക്കടന്നു പിടിച്ചു. ഞങ്ങൾ അടിപിടിയായി. അയാൾ എന്നെ തറയിൽ തള്ളിയിട്ടു. അവിടെക്കിടക്കുന്ന ചില നാണയങ്ങളുടെ അടുത്തേക്കെന്നെ തള്ളിക്കൊണ്ടുപോകാൻ ശ്രമിച്ചു—അതിൽ അയാൾ വിജയിച്ചിരുന്നു എങ്കിൽ കണ്ണാടി തട്ടിപ്പോകയും, ചായം തേച്ചുവെച്ച ചില പ്രതിമകൾ പൊട്ടിപ്പോകയും ചെയ്യും. അയാൾക്കു ശക്തി കുറവായതുകൊണ്ടു, ഞാൻ ജയിച്ചു. താടിക്കാരനായ അയാൾ കരയാൻതുടങ്ങി; ഞാനിതു കണ്ടപ്പോൾ ആശ്ചയ്യപ്പെട്ടുപോയി. മൂക്കിന്നു പററിയ ചതവു നോക്കിയുംകൊണ്ടയാൾ തറയിലിരുന്നു.

പിറെറ ദിവസം രാവിലെ രണ്ടു ഷാപ്പുകാരും അവിടെ ഇല്ലാത്ത തക്കംനോക്കി അയാൾ അല്പം വീങ്ങിയ മൂക്കിൻെറ പാലം തടവിയുംകൊണ്ടു, എന്നോടു സൌഹാർദ്ദപുരസ്സരം പറഞ്ഞു:

"ഞാൻ നിന്നെ ഉപദ്രവിക്കാൻ പുറപ്പെട്ടതു എൻെറ സ്വന്തം ഇഷ്ടപ്രകാരമാണെന്നു നീ വിചാരിക്കുന്നുണ്ടോ? ഞാനൊരു വിഡ്ഢിയല്ല. എനിക്കു ശക്തിയില്ല; ഞാൻ കുടിയനാണ്. നിൻെറ യജമാനൻ അങ്ങിനെചെയ്യാൻ എന്നെ നിയോഗിച്ചതാണ്. അയാൾ പറഞ്ഞു: "അവന്നു നല്ല പ്രഹരം കൊടുക്കുക; ആ ഷാപ്പിൽ അവൻ കുറെ നാശം വരുത്തിവെക്കട്ടെ. എന്നാൽ ആ ഷാപ്പുടമക്കത്രെ നഷ്ടമാകുമല്ലോ". എൻെറ സ്വന്തം ഇഷ്ടപ്രകാരം ഞാൻ ഒരിക്കലും നിന്നെ ഉപദ്രവിക്കുകയില്ല. നീ എന്നെ എങ്ങിനെ വേദനിപ്പിച്ചുകളഞ്ഞു".

ഞാൻ അയാഠം പറഞ്ഞതു വിശ്വസിച്ചു. അയാളെക്കുറിച്ചു എനിക്കനുകമ്പ തോന്നി. അയാഠംക്കു് അരപ്പട്ടിണിയാണ്. അയാളെ സദാ പ്രഹരിച്ചുംകൊണ്ടിരിക്കുന്ന ഒരു സ്ത്രീയോടൊപ്പം താമസിക്കുകയുമാണു്, എന്നാലും ഞാനയാളോടു ചോദിച്ചു.

"അയാഠം നിങ്ങളോടു് ആർക്കെങ്കിലും വിഷം കൊടുക്കേണമെന്നു പറഞ്ഞാൽ നിങ്ങഠം അങ്ങിനെ ചെയ്യുമോ?"

"എന്നെക്കൊണ്ടയാഠം അതും ചെയ്യിക്കും". ദയനീയമായ ഒരു പുഞ്ചിരിയോടെ അയാഠം ശാന്തമായി പറഞ്ഞു. "അയാഠംക്കതും വശമാണു്".

മററൊരവസരത്തിൽ അയാളെന്നോടു പറഞ്ഞു:

"എൻെറ കയ്യിൽ ഒരൊററ പൈപോലും ഇല്ല. വീട്ടിൽ തിന്നാനൊന്നും ഇല്ല; എൻെറ കിഴവി എന്നെ ബുദ്ധിമുട്ടിക്കുകയും ചെയ്യുന്നു. നിങ്ങളുടെ ഷാപ്പിൽനിന്നു് നീ ഒരു പ്രതിമ കട്ടുകൊണ്ടുവന്നു തരുമെങ്കിൽ ഞാൻ അതു വിൽക്കാമായിരുന്നു. ആ സഹായം നീ ചെയ്തു തരുമോ? അതല്ലെങ്കിലൊരു പ്രാർത്ഥനാപുസ്തകമായാലും മതി".

ഞാൻ പണ്ടു് ജോലിക്കുനിന്ന ചെരിപ്പുപിടികയും, പള്ളിയിലെ കാവൽക്കാരനും എൻെറ ഓർമ്മയിൽ വന്നു. ഞാൻ വിചാരിച്ചു: "ഈ ചങ്ങാതി എന്നേക്കുറിച്ചു മററുള്ളവരോടു പറയാതിരിക്കയില്ല; എന്നാലും ഞാൻ അയാളെ സഹായിക്കാതിരിക്കുന്നതെങ്ങിനെ? വളരെ രൂബിളുകഠം വിലവരുന്ന ഒരു പ്രാർത്ഥനാപുസ്തകം മോഷ്ടിക്കുന്നതു് വലിയ ഒരു പാപമാണെന്നെനിക്കു തോന്നി. നമ്മുടെ സന്മാർഗ്ഗബോധം, പണത്തിൻെറ കണക്കുകളെ ആശ്രയിച്ചുതന്നെയാണിരിക്കുന്നതു്. നമ്മുടെ ക്രിമിനൽ വകുപ്പുകഠം, ഈ പരമാർത്ഥം വ്യക്തമാക്കുകയും ചെയ്യും. ആ വകുപ്പിൻെറ പിന്നിൽ സ്വകാര്യസ്വത്തിൻെറ, അനീതിയാണൊളിഞ്ഞു നിൽക്കുന്നതു്.

അങ്ങിനെ, ഒരു പ്രതിമ ഞാനെടുത്തു കൊടുത്തതു, എൻെറ ഷാപ്പുകാരൻെറ ഈ അഭിപ്രായം കേട്ടപ്പോൾ എനിക്കോർമ്മവന്നു. എനിക്കു വല്ലാത്ത ഭയമായി—ഞാൻ ഷാപ്പിലെ സാധനം എടുത്തു കൊടുത്തതിനെക്കുറിച്ചു ഷാപ്പുകാരൻ മനസ്സിലാക്കിയിട്ടുണ്ടെന്നു എനിക്കു ബോദ്ധ്യമായി. അതായത്തു് അടുത്ത ഷാപ്പിലെ ആ ജോലിക്കാരൻ അക്കാര്യം വെളിയിൽ പറഞ്ഞുകളഞ്ഞു.

മററാരാളുടെ ചിലവിൽ ഔദാര്യം കാണിക്കുന്നതിലുള്ള അല്പത്തവും, അവരുടെ ഗൂഢാലോചനയിൽ ഉൾക്കൊണ്ടിരുന്ന ചെററത്തരവും മനസ്സിലായപ്പോൾ എനിക്കു വല്ലാത്ത ക്രോധം തോന്നി. എന്നെക്കുറിച്ചും അവരെക്കുറിച്ചും അറപ്പും വെറുപ്പും തോന്നി. പുതിയ പുസ്തകങ്ങളെത്തുന്നതുവരെ എനിക്കു വല്ലാത്ത ഹൃദയവേദന തോന്നി. ഒടുക്കം പുസ്തകങ്ങൾ വന്നു. ഞാൻ പുസ്തകങ്ങൾ കെട്ടഴിച്ചുട്ടിവെച്ചുംകൊണ്ടിരിക്കെ, അടുത്ത ഷാപ്പിലെ ജോലിക്കാരൻ എൻെറ അടുത്തുവന്നു ഒരു പ്രാർത്ഥനാപുസ്തകം എടുത്തു കൊടുക്കേണമെന്നെന്നോടാവശ്യപ്പെട്ടു.

"നിങ്ങൾ എൻെറ യജമാനനോടു ഞാൻ, നിങ്ങൾക്കു പ്രതിമ എടുത്തുതന്നകാര്യം പറഞ്ഞിരുന്നു. ഇല്ലേ?" ഞാനയാളോടു ചോദിച്ചു.

"ഉവ്വു്" അയാൾ ദു:ഖത്തോടെ പറഞ്ഞു "എനിക്കു രഹസ്യങ്ങൾ സൂക്ഷിക്കാൻ കഴിവില്ല, സഹോദരാ".

ഞാനമ്പരന്നു. ഞാൻ തറയിലിരുന്നു് അയാളുടെ മുഖത്തു സൂക്ഷിച്ചുനോക്കി. അയാൾ പരിഭ്രമിച്ചു ദയനീയമായ നോട്ടത്തോടെ, എന്തോ തിരക്കിൽ മന്ത്രിച്ചു.

"നിൻെറ യജമാനൻ ഊഹിച്ചിരിക്കണം. അല്ലെങ്കിൽ എൻെറ യജമാനൻ അങ്ങിനെ വല്ലതും ഊഹിച്ചയാളോടു് പറഞ്ഞിരിക്കണം– – – –".

ഞാൻ കഷ്ടത്തിലായെന്നു എനിക്കു ബോദ്ധ്യമായി. അവർ എന്നെപ്പിടിച്ചുകഴിഞ്ഞു. മോഷ്ടിക്കുവാൻ വാസനയുള്ള കുട്ടികളെ അടിക്കുന്ന ദുർഗ്ഗന്ധപരിഹാരസ്ഥാപനത്തിലേക്കു ഞാൻ അയക്കപ്പെട്ടും. അങ്ങിനെയാണെങ്കിൽ പിന്നെ ഒന്നും ചിന്തിച്ചിട്ടു കാൎയ്യമില്ല. മുങ്ങിച്ചാകുന്നതു, ആഴമുള്ള സ്ഥലത്തുതന്നെ ആയിക്കൊള്ളട്ടെ. ഞാൻ ഒരു പ്രാൎത്ഥനാപുസ്തകം അയാൾക്കെടുത്തു കൊടുത്തു. അയാളതു കോട്ടിന്നുള്ളിൽ ഒളിപ്പിച്ചു പുറത്തേക്കു പോയി. എന്നാൽ അയാളുടനെ തിരിച്ചുവന്നു പുസ്തകം എന്റെ കാൽക്കൽക്കൊണ്ടിട്ടു.

"അതെനിക്കു എടുക്കാനിന്നു സാദ്ധ്യമല്ല. നിന്നെക്കൊണ്ടു ഞാൻ നശിച്ചുപോകാൻ പാടില്ല". അതുംപറഞ്ഞയാൾ പോയി.

അയാളുടെ വാക്കുകളുടെ അൎത്ഥം എനിക്കു മനസ്സിലായില്ല—എന്നെക്കൊണ്ടയാൾ എങ്ങിനെ നശിക്കാനാണ്? എന്നാൽ അദ്ദേഹം പുസ്തകം തിരിച്ചുകൊണ്ടുവന്നു തന്നതിൽ എനിക്കു വലിയ സന്തോഷം തോന്നി. ഈ സംഭവത്തിന്നു ശേഷം, എന്റെ ഷാപ്പുകാരന്നു് എന്നോടു കൂടുതൽ പകതോന്നി; എന്നെ കൂടുതലായി സംശയിക്കുവാനും തുടങ്ങി.

ലാറിയോണിക്ക് മേലെ നിലയിൽ കയറിപ്പോയിക്കുറെക്കഴിഞ്ഞു തിരിച്ചുവന്നു. അയാൾ വളരെ ശാന്തമായും, നിൎഗ്ഗുണമായും പെരുമാറി. അത്താഴത്തിന്നുമുമ്പ് ഞാനും അയാളും മാത്രമായപ്പോൾ അയാൾ പറഞ്ഞു:

"പീടിക മതിയാക്കി, നിന്നെ പ്രവൎത്തിശാലയിൽത്തന്നെ മുഴവൻ സമയത്തേക്കും നിൎത്തണമെന്നുഞാനപേക്ഷിച്ചുനോക്കി. പക്ഷെ ഫലിച്ചില്ല. കുസ്മാ അതു സമ്മതിക്കുന്നില്ല. അവൻ നിനക്കെതിരാണ്".

ആ വീട്ടിൽ എനിക്കു വേറെയും ഒരു ശത്രുവുണ്ടായിരുന്നു. ഷാപ്പുകാരന്നു വിവാഹംചെയ്യുവാൻ വെച്ചിരുന്ന ആ സ്ത്രീ. തമാ

ശകളിച്ചുംകൊണ്ടിരിക്കുന്ന ഒരു ചെറുപ്പക്കാരി. തൊഴിൽശാലയിലെ എല്ലാ ചെറുപ്പക്കാരും ആ സ്ത്രീയോടു തമാശകളിക്കും. അവൾ വാതിലും കടന്നു വരുന്നതു പാൎത്തുനിന്നു അവർ ആ സ്ത്രീയെപ്പിടിച്ചു വലിക്കും. അവൾക്കതിൽ പ്രതിഷേധമില്ല. ഒരു നായക്കുട്ടിയെപ്പോലെ ഒച്ചയെടുക്കും.—അത്രമാത്രം. അവളുടെ കീശയിൽ ധാരാളം ലാസഞ്ചുകളുണ്ടായിരിക്കും. രാവിലെതൊട്ടു വൈകുന്നേരംവരെ അവൾ അതു ചവച്ചുംകൊണ്ടു നടക്കും. വലിയ കണ്ണുകളോടുകൂടിയ അവളുടെ നിൎജ്ജീവമായ മുഖം കാണുവാൻ തീരെ ഭംഗി പോരാ. എന്നോടും പാവലിനോടും, അവൾ ഒന്നുരണ്ടു കുറുക്കുചോദ്യങ്ങൾ ചോദിക്കും. അശ്ലീലപദങ്ങളായി കൂട്ടിയിണക്കാവുന്ന അക്ഷരങ്ങൾ, അവൾ തിരിച്ചുപറഞ്ഞുംകൊണ്ടിരിക്കും.

പ്രായമുള്ള ഒരു ചായക്കാരൻ ഒരു ദിവസം അവളോടു പറഞ്ഞു:

"നീയൊരു നാണമില്ലാത്ത പെണ്ണാണ്." അതിന്നു മറുപടിയായി കൂസലില്ലാതെ, ആഭാസമായ ഒരു പദ്യശകലം അവൾ ഉച്ചരിക്കുകയാണു് ചെയ്തതു്.

അങ്ങിനത്തെ ഒരു പെണ്ണിനെ ഞാൻ ഒരിക്കലും കണ്ടിട്ടില്ല. അവളെക്കാണുമ്പോൾ എനിക്കറെപ്പുതോന്നും. അവൾ എന്നെ സമീപിക്കുന്നതു കാണുമ്പോൾ എനിക്കു ഭയം തോന്നും. അവളുടെ പരിശ്രമങ്ങളെ ഞാൻ ഇഷ്ടപ്പെടുന്നില്ലെന്നു കണ്ടപ്പോൾ അവൾ കൂടുതൽ നിൎബ്ബന്ധത്തോടെ എന്നെ വശപ്പെടുത്താൻ ശ്രമിച്ചു.

ഒരു ദിവസം ഞാനും പാവലും ഒരു വലിയ പാത്രത്തിൽ വെള്ളം താഴെ ഇറക്കുന്നതിൽ അവളെ സഹായിച്ചു. അവൾ പറഞ്ഞു:

"എങ്ങിനെയാണ് ചുംബിക്കേണ്ടതെന്നു ഞാൻ നിങ്ങൾക്കു പഠിപ്പിച്ചുതരട്ടെ കുട്ടികളെ!"

"നിങ്ങളെക്കാളതു ഭംഗിയായി എനിക്കറിയാം". പാവൽ ചെറുതായൊന്നു ചിരിച്ചുംകൊണ്ടു പറഞ്ഞു. ഞാൻ അല്പം ഗൌരവത്തോടെ അവളുടെ കാമുകനെയാണവൾ ചുംബിക്കേണ്ടതെന്ന വളോടുപദേശിച്ചു. അപ്പോൾ അവൾക്കു കോപം വന്നു.

"മരത്തലയൻ! ഇതാണ് നിന്നോടു ദയകാണിക്കുന്നതിന്നു നിനക്കു തോന്നുന്നതു്. നീ എന്നെ ശാസിക്കാൻ പുറപ്പെടുന്നു!" അവൾ വിരൽ ചൂണ്ടിയുംകൊണ്ടു തുടന്നു:

"നീ സൂക്ഷിച്ചോ. ഞാൻ ഇതു മറക്കുകയില്ല".

പാവൽ അഭിപ്രായപ്പെട്ടു. "നീ കാട്ടിക്കൂട്ടുന്ന ഈ ഗോഷ്ടിത്തരങ്ങളെക്കുറിച്ചറിഞ്ഞാൽ അയാൾ നിങ്ങളെ ഒരു പാഠം പഠിപ്പിക്കാതിരിക്കയില്ല".

മുഖക്കുരു നിറഞ്ഞ മുഖം ചുളിച്ചുംകൊണ്ടവൾ പറഞ്ഞു:

"എനിക്കയാളെപ്പേടിയൊന്നുമില്ല. ഞാൻ കൊടുക്കുന്ന സ്ത്രീധനംകൊണ്ടു ഡസൻകണക്കായി ഭർത്താക്കന്മാരെ വാങ്ങാനെനിക്കു കഴിയും—അയാളെക്കാൾ നല്ല ചെറുപ്പക്കാർ. വിവാഹം കഴിക്കുന്നതുവരെ മാത്രമല്ലെ ഒരു പെൺകുട്ടിക്കെന്തെങ്കിലും കളിക്കാൻ സാധിക്കയുള്ളു."

അവൾ പാവലിനെ വശപ്പെടുത്താൻ ശ്രമിച്ചു. അന്നുമുതലെന്നെക്കുറിച്ചു പല കഥകളും കെട്ടിയുണ്ടാക്കാനും തുടങ്ങി.

ഷാപ്പിൽ ജോലി ചെയ്യുന്നതു വലിയ വിഷമമായിത്തീന്നു. മതപരമായ എല്ലാ പുസ്തകങ്ങളും ഞാൻ വായിച്ചു തീർത്തു. ആ പുസ്തകങ്ങളിലെ വാദമുഖങ്ങൾ, എനിക്കു മടുത്തു. എപ്പോഴും ഒരേ കാര്യംതന്നെ ആവത്തിച്ചാവത്തിച്ചു പറയുക. അവിടെ എന്നെ ആകർഷിക്കുവാൻ പിന്നെ ഒന്നു മാത്രമെ ഉണ്ടായിരുന്നു

ള്ളു. പ്യോട്ടർ വാസിലേവ്. അയാൾക്കു ജീവിതത്തെക്കുറിച്ചു പലതും പറയാനുണ്ടു്. അതു വളരെ ആകർഷകമായി രസംപിടിക്കുന്നവിധത്തിൽ അയാൾ പറയുകയും ചെയ്യും. അയാളുടെ സമ്പ്രദായത്തിലായിരിക്കണം പ്രവാചകന്മാർ അവരുടെ തത്വങ്ങൾ പ്രസംഗിച്ചു നടന്നിരിക്കുക എന്നു ഞാൻ വിചാരിച്ചു.

ആളുകളെക്കുറിച്ചുള്ള എന്റെ അഭിപ്രായങ്ങളോ ചിന്തകളൊ ഞാൻ അയാളോടു പറഞ്ഞാൽ അയാൾ അതു ശ്രദ്ധിച്ചുകേൾക്കും. ഉടനെ എല്ലാം ഷാപ്പുകാരനോടാവർത്തിക്കും. അടുത്തെന്നെ ശകാരിക്കയും പരിഹസിക്കുകയും ചെയ്യും.

അയാൾ പറയാറുള്ള ചില കാര്യങ്ങൾ ഞാൻ കവിതയും മററും പകർത്തിയെഴുതിവെക്കുന്ന നോട്ടുപുസ്തകത്തിലെഴുതിവെക്കാറുണ്ടെന്നു പറഞ്ഞപ്പോൾ അയാൾക്കു ഭയമായി. അയാൾ എന്റെ നേരെ തിരിഞ്ഞുനിന്നുകൊണ്ടു പരിഭ്രമത്തോടെ ചോദിച്ചു:

"നീ എന്തിനാണങ്ങിനെ ചെയ്യുന്നതു്. അതു ശരിയല്ല കുട്ടീ. അതു ഓർമ്മയിൽ വെക്കാനോ? ഇല്ല. ഒരിക്കലും പാടില്ല. നീ എന്തൊരു കള്ളച്ചെറുക്കനാണ്. ആ നോട്ടുബുക്ക് നീ എനിക്കു തരുമോ?"

ആ നോട്ടുപുസ്തകം അയാൾക്കു കൊടുക്കേണമെന്നു അയാൾ എന്നെ നിർബ്ബന്ധിച്ചു. അല്ലെങ്കിലതു കത്തിച്ചുകളയണമെന്നു പറഞ്ഞു. പിന്നെ അയാൾ ഷാപ്പുകാരനോടു സകാര്യംപറഞ്ഞു.

ഞങ്ങൾ വീട്ടിലേക്കു പോകുമ്പോൾ ഷാപ്പുകാരൻ എന്നെ ഗുണദോഷിച്ചു.

"നീ എന്തോ ഒരു നോട്ടുപുസ്തകം സൂക്ഷിക്കുന്നുണ്ടു്. അതുടനെ നശിപ്പിച്ചുകളയണം. മനസ്സിലായോ. കുററാന്വേഷകന്മാർ മാത്രമെ അങ്ങിനെ കുറിപ്പുകൾ സൂക്ഷിക്കുകയുള്ളു".

"എന്നാൽ സിററാനോവ്?'' ഞാനറിയാതെ പറഞ്ഞുപോയി. "അയാൾക്കും ഒരു നോട്ടുപുസ്തകം ഉണ്ടല്ലോ".

"അവനും ഉണ്ടോ? വിഡ്ഢി!"

കുറച്ചു കഴിഞ്ഞപ്പോൾ അസാധാരണമായ ശാന്തതയോടെ അയാൾ പറഞ്ഞു:

"ശരി, നീ നിന്റെയും സിററാനോവിന്റെയും നോട്ടുപുസ്തകങ്ങൾ എനിക്കു കാണിച്ചുതരണം. ഞാൻ നിനക്കു അര റൂബിൾ സമ്മാനം തരാം. ആരും അറിയരുതു്. സിററാനോവും അറിയരുതു്."

ഞാനങ്ങിനെ ചെയ്തുകൊള്ളുമെന്നയാൾ വിശ്വസിച്ചിരിക്കണം. കാരണം പിന്നീടൊന്നും അയാൾ തുടൎന്നു പറഞ്ഞില്ല.

വീട്ടിൽ എത്തിയ ഉടനെ, ഷാപ്പുകാരൻ പറഞ്ഞതെല്ലാം ഞാൻ സിററാനോവിനെ അറിയിച്ചു. അയാൾ മുഖം ചുളിച്ചു.

"നീയെന്തിന്നയാളോടു പറഞ്ഞു. അയാൾ ആരെക്കൊണ്ടെങ്കിലും എന്റെയും നിന്റെയും നോട്ടുപുസ്തകങ്ങൾ മോഷ്ടിപ്പിക്കും. നിന്റെ പുസ്തകം ഇങ്ങോട്ടു തരൂ. ഞാൻ അതെവിടെയെങ്കിലും ഒളിപ്പിച്ചുവെക്കാം. അയാൾ വളരെക്കഴിയാതെ നിന്നെപ്പിരിച്ചയക്കാൻ ഏർപ്പാടു ചെയ്യും. സൂക്ഷിച്ചോ!"

അതിൽ എനിക്കും സംശയമുണ്ടായിരുന്നു. അമ്മമ്മ പട്ടണത്തിലേക്കു തിരിച്ചുവന്ന ഉടനെ ഈ ജോലിവിട്ടു പോകേണമെന്നു ഞാനും തീരുമാനിച്ചു. ശീതകാലം മുഴുവനും അവർ ബാലക്സയിലാണു കഴിച്ചുകൂട്ടിയതു്. ആരുടേയോ പെൺമക്കൾക്കു നാട തുന്നിയുണ്ടാക്കാൻ പഠിപ്പിച്ചുംകൊണ്ടു. അച്ചാച്ചൻ കുനാവിനോവിൽത്തന്നെ താമസം മാററിയിരിക്കയാണു്. ഞാൻ അദ്ദേഹത്തെക്കാണുവാൻ പോയിരുന്നില്ല. അദ്ദേഹം നഗരത്തിൽ വന്നാലൊന്നും എന്നെക്കാണാനും കൂട്ടാക്കിയിരുന്നില്ല. ഒരു ദിവസം ഞാൻ തെരുവിൽവെച്ചദ്ദേഹത്തെ കണ്ടുമുട്ടി. അദ്ദേഹം ഒരു വലിയ കോട്ടുംധരിച്ചങ്ങിനെ നടക്കുകയാണു്. കണ്ടാൽ ഒരു പാതിരിയുടെ മട്ടുണ്ടു്. ഞാൻ അദ്ദേഹത്തിന്നു നമസ്കാരം പറ

ഞതപ്പോൾ അദ്ദേഹം കയ്യുയർത്തി, കണ്ണുകൾക്കുമേലെ പിടിച്ചു, ഉറക്കത്തിലെന്നപോലെ പറഞ്ഞു:

“ഓ, നീയോ, ശരി, ശരി, നീ ഒരു പ്രതിമക്കു ചായം തേക്കാൻ പഠിച്ചുപോയി ഇല്ലേ? ശരി, പൊയ്ക്കോ, പൊയ്ക്കോ.”

എന്നെ ഒരു വശത്തേക്കു തള്ളിയുംകൊണ്ടു അദ്ദേഹം വലിയ ഭാവത്തോടെ മുന്നോട്ടു പോയി.

അമ്മമ്മയെ കാണാൻ എനിക്കു തരപ്പെട്ടതേയില്ല. അവർ അത്യദ്ധ്വാനം ചെയ്തു അച്ഛച്ഛനേയും പോററുകയാണ്. അമ്മമ്മ മക്കളുടെ മക്കളേയും രക്ഷിക്കാൻ പാടുപെടുകയാണ്.

മൈക്കേലിൻെറ സാഷ, ഒരു സുന്ദരനായ ചെറുപ്പക്കാരനായിട്ടുണ്ട്. പുസ്തകങ്ങൾ വലിയ ഇഷ്ടമാണ്. എപ്പോഴും സ്വപ്നം കണ്ടുകൊണ്ടു കാലം കഴിക്കും. അവനെക്കുറിച്ചാണമ്മമ്മ വളരെ മനോദുഃഖം അനുഭവിക്കുന്നതു്. അവൻ ഒരു ചായംമുക്കുന്ന പ്രവൃത്തിശാലയിൽ ജോലിചെയ്യുകയാണ്. ഒരിടത്തും സ്ഥിരമായി നില്ക്കുകയില്ല. ജോലിയില്ലാത്തപ്പോൾ സകല ഭാരവും അമ്മമ്മയുടെ ചുമലിലാണ്. അവൻെറ പെങ്ങളെ ഒരു കുടിയനാണ് കല്യാണം കഴിച്ചിരുന്നതു്. അയാൾ അവളെ അടിച്ചു വീട്ടിൽനിന്നും പുറത്താക്കി. അവളും അമ്മമ്മയെ ശരണം പ്രാപിച്ചു.

അമ്മമ്മയെ കാണുമ്പോഴെല്ലാം അവരുടെ ആത്മീയമായ സൌഹാർദ്ദത്തെക്കുറിച്ചെനിക്കു ബോദ്ധ്യപ്പെടും. എന്നാൽ അവരുടെ ആശ്ചര്യകരമായ ആത്മാവ് കെട്ടുകഥകളുടെ ഒരു ലോകത്തിലാണുള്ളതെന്നു ഞാൻ വിചാരിച്ചു, ജീവിതയാഥാർത്ഥ്യങ്ങൾ അവരെ സ്പർശിക്കുന്നില്ലെന്നു എനിക്കു തോന്നി. എനിക്കുതോന്നിയ പരിഭ്രമങ്ങളും ഭയവും അവരെ സ്പർശിക്കുന്നില്ലെന്നു ഞാൻ വിശ്വസിച്ചു.

“നമ്മൾ എല്ലാം സഹിക്കണം. അല്യോഷാ” ജീവിതത്തിൻെറ വൈരൂപ്യത്തെക്കുറിച്ചും വിഷമതകളെക്കുറിച്ചും ഞാൻ അ

വരോട്ട പറയുമ്പോഴെല്ലാം അവർ അങ്ങിനെയാണ് എന്നെ സമാധാനിപ്പിക്കുവാൻ ശ്രമിക്കുക.

എനിക്കു കഷ്ടപ്പാടുകൾ സഹിക്കാൻ സാദ്ധ്യമായിരുന്നില്ല. കന്നുകാലികളെപ്പോലെയും, മരത്തെപ്പോലെയും, കല്ലിനെപ്പോലെയും ഞാൻ ദുരിതാനുഭവങ്ങൾ അനുഭവിക്കാൻ ഇടക്കെല്ലാം തയ്യാറായതു എൻെറ കഴിവുകളെ പരിശോധിക്കാൻവേണ്ടിയാണു; എനിക്ക് എൻെറ പരിസരങ്ങളെ നേരിടാൻ എത്രത്തോളം ശക്തിയുണ്ടെന്നു കാണാൻവേണ്ടിയായിരുന്നു —ചിലപ്പോൾ ചെറുപ്പക്കാർ, അപാകതകൊണ്ടും വിഡ്ഢിത്തംകൊണ്ടും മറ്റിന്നവരേക്കാൾ ശക്തന്മാരാണെന്നു് കാണിക്കാൻവേണ്ടി, ഘനമുള്ള സാധനങ്ങൾ പൊക്കിയെടുക്കാൻ ശ്രമിക്കും; പേശികൾക്കും അസ്ഥികൾക്കും ദ്രോഹം പററിയാലും അക്കാൎയ്യത്തിൽ ജയിക്കുന്ന ചാരിതാർത്ഥ്യം അവരെ സംതൃപ്തരാക്കും. വലിയ ശക്തന്മാരെപ്പോലെ അവർ, കൂടുതൽ ഘനമുള്ള ഭാരം പൊക്കിയെടുത്തു നടക്കും.

ഞാൻ ഇങ്ങിനെ ചെയ്തു. കായികമായും മാനസികമായും ഭാഗ്യംകൊണ്ടു മാത്രമാണെനിക്കു ആപത്തൊന്നും പററാതിരുന്നതു്. അങ്ങിനെയുള്ള സാഹസങ്ങൾ മനുഷ്യനെ അംഗവിഹീനനാക്കും. പരിത:സ്ഥിതികൾക്കു കീഴടങ്ങുന്നതുകൊണ്ടു വരുന്ന അബദ്ധം മാത്രമാണതു്.

മററുള്ളവരെ വിനോദിപ്പിക്കുവാനും ചിരിപ്പിക്കുവാനും രസം പിടിപ്പിക്കുവാനും എനിക്കെന്തെന്നില്ലാത്ത ആഗ്രഹം ജനിച്ചു. അക്കാൎയ്യത്തിൽ ഞാൻ വിജയിക്കുകയും ചെയ്തു. മാക്കററിലെ കച്ചവടക്കാരുടെ വാക്കുകളും ചേഷ്ടകളും അനുകരിക്കാൻ എനിക്കു വശമായിരുന്നു. നാടൻകൃഷിക്കാരും അവരുടെ സ്ത്രീകളും എങ്ങിനെയാണ് പ്രതിമകൾ വാങ്ങിക്കൊണ്ടു പോകാറുള്ളതെന്നു ഞാൻ അഭിനയിച്ചു കാണിക്കും. ഷാപ്പുകാർ അവരെ തോല്പിക്കുന്നതെങ്ങിനെയാണെന്നു ഞാൻ വിവരിക്കും. വേദാന്തികളുടെ വാദപ്രതിവാദങ്ങൾ ഞാൻ ഉദ്ധരിക്കും.

തൊഴിൽശാലയിലെ ആളുകൾ ബ്രഷ് താഴെ വെച്ചു, എൻെറ അഭിനയം കണ്ടു പൊട്ടിച്ചിരിക്കും—എൻെറ അനുകരണങ്ങളവസാനിച്ചാൽ ലാറിയോണിക്ക് പറയും:

"നിൻെറ ഈ വിദ്യകളെല്ലാം അത്താഴം കഴിഞ്ഞശേഷം കാണിച്ചാൽ മതി. അല്ലാഞ്ഞാൽ ഇവിടെ ജോലിക്കു തടസ്ഥം നേരിടും".

അങ്ങിനെ ചില അഭിനയങ്ങൾ നടത്തിയാൽ എനിക്കു വലിയ ആശ്വാസം തോന്നും. ഒരു വലിയ ഭാരം തലയിൽനിന്നിറക്കിയതുപോലെ തോന്നും. ഒരു മണിക്കൂർ നേരമെങ്കിലും, എൻെറ തലച്ചോർ ഒഴിഞ്ഞുനിൽക്കുന്നതായിത്തോന്നും. എന്നാൽ വീണ്ടും തലച്ചോറിൽ ചൂടുള്ള ചെറിയ ആണികൾ തുളഞ്ഞുകയറി നിറയാൻതുടങ്ങും.

എൻെറ ചുററുമുള്ള കാര്യങ്ങൾ ദുർമ്മണം വമിക്കുന്ന ഒരു കഞ്ഞി പതച്ചു വേവുംപോലെയായിരുന്നു. അതോടൊപ്പം ഞാനും വെന്തു പാകമാകുകയാണ്.

"എൻെറ ജീവിതം മുഴുവനും ഇങ്ങിനെതന്നെ ആയിപ്പോകുമോ" ഞാൻ ആലോചിച്ചു. "ഞാനും ഇവരെപ്പോലെ കൂടുതൽ നല്ലതായ ഒരു ജീവിതത്തെക്കുറിച്ചൊന്നും അറിയാതെ, കാണാതെ ഇങ്ങിനെതന്നെ ജീവിക്കേണ്ടതായി വരുമോ?"

"നിനക്കെന്തോ ഒരു മാററം വരുന്നുണ്ടു. മേക്സിമിക്ക്" ഴിക്കാറേവ് എന്നെ സൂക്ഷിച്ചുനോക്കിയുംകൊണ്ടു പറഞ്ഞു.

"എന്തു പററി" സിററാനോവ് ഇടക്കിടെ ചോദിച്ചുകൊണ്ടിരിക്കും.

എന്താണ് മറുപടി പറയേണ്ടതെന്നെനിക്കു തോന്നിയില്ല.

എൻെറ ആത്മാവിൻെറ നല്ല വശങ്ങളെല്ലാംതന്നെ കഷ്ടമയമായ ജീവിതത്തിൽക്കൂടി തേഞ്ഞുപോകുകയായിരുന്നു; പകരം

അവിടെ, ഒന്നിനും കൊള്ളാത്ത, അടയാളങ്ങൾ പതിയുകയുമായിരുന്നു. ക്രോധത്തോടെ, ഗൌരവത്തോടെ, ആ മാററത്തെ ഞാൻ നേരിട്ടു. ഞാനും മററുള്ളവരോടൊപ്പം ഒരേ പുഴയിൽക്കൂടി, താഴത്തേക്കൊഴുകുകയായിരുന്നു; എന്നാൽ എനിക്കു വെള്ളം കൂടുതൽ തണുത്തതും കുത്തിയൊലിപ്പോടു കൂടിയതുമായിത്തോന്നി. ചിലപ്പോൾ ഞാൻ അടിത്തട്ടിലേക്കു ആണ്ടുപോകുന്നുണ്ടോ എന്നും ഭയപ്പെട്ടു.

എന്നിട്ടും ആളുകൾ എന്നോടു കൂടുതൽ സ്നേഹത്തോടെ പെരുമാറി. പാവലിനോടെന്നപോലെ, എന്നോടവർ കയർത്തു സംസാരിച്ചില്ല. അവർ എന്നോടുകാര്യങ്ങൾ കല്പനാസ്വരത്തിൽപറഞ്ഞില്ല. അവരെല്ലാം എന്നെ, എന്റെ കുടുംബപ്പേരു ചേർത്തുംകൊണ്ടേ വിളിച്ചുള്ളു —എന്നോടവർക്കുള്ള ബഹുമാനം പ്രദർശിപ്പിക്കുവാൻ. ഇതെല്ലാം എനിക്കിഷ്ടമായിരുന്നു. എന്നാൽ അധികം ആളുകളും വോഡ്ക കുടിച്ചു മത്തന്മാരാകുന്നതു കണ്ടപ്പോൾ എനിക്കു വേദനതോന്നി കുടിച്ചു മത്തന്മാരായിക്കഴിഞ്ഞാലുള്ള അവരുടെ പെരുമാററം, സ്ത്രീകളുമായുള്ള അവരുടെ അശ്ലീലമായ ബന്ധങ്ങൾ ഇവയെല്ലാം എന്നെക്കണക്കിലേറെ വേദനിപ്പിച്ചു. എന്നാൽവീഞ്ഞും വനിതയും മാത്രമെ, അവരുടെ ഈ മുഷിപ്പൻ ജീവിതത്തിൽ അവക്കൊരു വിനോദം നൽകിയിരുന്നുള്ളു എന്നും ഞാൻ ഓർത്തു.

ബുദ്ധിമതിയും ധീരയും ആയ നടാല്യാകോസ്‌ലോവ്സ്ക്യ, സ്ത്രീവിനോദത്തിന്നുള്ള ഒരുപാധിയാണെന്നു പറഞ്ഞിരുന്നതു്, ഞാൻ ഓർമ്മിച്ചു.

അങ്ങിനെയാണെങ്കിൽ അമ്മമ്മയോ? , മാർഗോട്ട്" രാജ്ഞിയോ?

ഞാൻ മാർഗോട്ടുരാജ്ഞിയെ വലിയ ഭക്തിയോടുകൂടി മാത്രമേ ഓർമ്മിക്കുകയുള്ളു. അവർ മററു സകലരിൽനിന്നും അത്രക്കും

ഭിന്നമായിരുന്നതുകൊണ്ടു, അവരെ സ്വപ്നത്തിലെങ്ങാൻ ക ണ്ടിരുന്നതായി മാത്രമെ എനിക്കു ഭാവിക്കാൻ കഴിഞ്ഞുള്ളു.

ഞാൻ സ്ത്രീകളെക്കുറിച്ചു കൂടുതലായി ചിന്തിക്കാൻതുടങ്ങി. മററുള്ളവർ വിനോദിക്കുന്ന സ്ഥലത്തുപോയി ഞാനും ചില തമാശകളിൽ ഏർപ്പെട്ടാലോ എന്നു പോലും ഞാൻ വിചാരിച്ചു. മാംസദാഹംകൊണ്ടല്ല, ഈ വികാരം എന്നിൽ ഉളവായതു്. എനിക്കാരോഗ്യമുണ്ടായിരുന്നു; നല്ല കായബലമുണ്ടായിരുന്നു. തികച്ചും പരിചയമുള്ള, മൃദുലതയുള്ള വല്ല ആളേയും ആശ്ലേഷിക്കേണമെന്നു ഞാൻ ആശിച്ചു. ഒരമ്മയോടെന്നപോലെ, എൻെറ ദുഃഖങ്ങൾ മുഴുവനും പറയാൻ പററുന്ന ഒരു വ്യക്തിയെ.

എനിക്കു പാഖലിനോടു ഭയം തോന്നി. ഒരു ദിവസം രാത്രി ഞങ്ങൾ അടുത്തടുത്തായിക്കിടക്കുമ്പോൾ അവൻ അവൻെറ അനുരാഗകഥകൾ എന്നോടു പറഞ്ഞു. അവൻെറ കാമുകി, ഒരു കഞ്ചുകിയായിരുന്നു.

"ഓർമ്മിച്ചുനോക്കു, സഹോദരാ, ഒരു മാസം മുമ്പു ഞാൻ അവളുടെ നേരെ, മഞ്ഞിൻകട്ടകൾ എടുത്തെറിഞ്ഞു. അപ്പോൾ എനിക്കവളെ ഒരു കാര്യവുമുണ്ടായിരുന്നില്ല. ഇപ്പോഴാകട്ടെ, ബെഞ്ചിന്മേൽ എൻെറ സമീപത്തായവൾ ഇരിക്കുന്നുണ്ടെന്നു വിചാരിക്കാൻ കഴിയും;—തീർച്ച. അവളെപ്പോലെ നല്ലവൾ ഈ ലോകത്തിൽ ആരുംതന്നെയില്ല".

"നീ അവളോടു എന്തിനെക്കുറിച്ചാണ് സംസാരിക്കാറുള്ളതു്."

"എല്ലാം. അവൾ അവളെക്കുറിച്ചും പലതും എന്നോടു പറഞ്ഞു. ഞാൻ എന്നേക്കുറിച്ചവളോടും. പിന്നെ ഞങ്ങൾ ചുംബിക്കും......ഒന്നു മാത്രം. അവൾ അതിരുകവിഞ്ഞൊന്നും ചെയ്യുകയില്ല. അവൾ എത്ര നല്ലവളാണെന്നു നിനക്കൂഹിക്കുവാൻ സാദ്ധ്യമല്ല. ഞാൻ പുകവലിക്കരുതെന്നവൾ എന്നോടുപദേശിക്കുകയാണു്."

ഞാനും ധാരാളമായി പുകവലിച്ചുതുടങ്ങിയിരുന്നു. പുകയിലയുടെ മത്തു എന്റെ തലക്കുപിടിക്കും. എന്റെ പരിഭ്രമത്തോടു കൂടിയ വികാരങ്ങളെ മരവിപ്പിക്കും. ഭാഗ്യവശാൽ വോഡ്കയുടെ മണവും രസവും എനിക്കിഷ്ടമായിരുന്നില്ല. പാവൽ ധാരാളമായിക്കുടിക്കും. അവൻ കുടിച്ചു മത്തനായിക്കഴിഞ്ഞാൽ, അവൻ ആവലാതിപ്പെടും.

"എനിക്കു വീട്ടിലേക്കു പോകണം. ഞാൻ വീട്ടിലേക്കു പോകട്ടെ".

അവനും അമ്മയച്ഛന്മാരില്ലാത്ത കുട്ടിയായിരുന്നു. അവന്റെ അമ്മയും അച്ഛനും മരിച്ചിട്ടു കുറെക്കാലമായി. അവന്നു സഹോദരന്മാരും സഹോദരിമാരുമുണ്ടായിരുന്നില്ല. എട്ടാംവയസ്സുമുതൽ, അവൻ അന്യന്മാരോടൊപ്പം ജീവിക്കുകയാണ്.

ഈ അസ്വാസ്ഥ്യമായ പരിതഃസ്ഥിതികളിൽ, വസന്തകാലത്തിന്റെ മായികതയാൽ ആകൃഷ്ടനായി, ഞാൻ വീണ്ടും കപ്പലിൽ ജോലിയന്വേഷിക്കുവാൻ തീരുമാനിച്ചു. അസ്ട്രഖാനിൽ എത്തിയാൽ എങ്ങിനെയെങ്കിലും പേർഷ്യയിലേക്കോടിപ്പോകേണമെന്നു ഞാൻ തീരുമാനിച്ചു.

എന്തുകൊണ്ടു പേർഷ്യയിലേക്കു പോകുവാൻ ഞാൻ തീരുമാനിച്ചു എന്നു പറയാൻ വിഷമമാണ്. ഒരു പക്ഷെ നിഴിനിനവഗറോഡിൽവെച്ചു കണ്ടു പരിചയിച്ച കച്ചവടക്കാരുടെ ആകൃതിയും പ്രകൃതിയും എന്നെ ആകർഷിച്ചതായിരിക്കണം. അവർ വെയിലത്തിരുന്നു, ഹുക്കാവലിച്ചുംകൊണ്ടിരിക്കും. ചായം തേച്ച താടിയും, കറുത്ത, വലിയ സകലത്തും അറിയാൻകഴിവുള്ള, കണ്ണുകളുമുള്ള കൽപ്രതിമകളെപ്പോലെ.

ഞാൻ ഓടിപ്പോയിട്ടുണ്ടാകുമായിരുന്നു. ഈസ്റ്റർകാലത്തു, ചായപ്പണിക്കാരിൽ ചിലർ, നാട്ടിൽ പോയി. ബാക്കിയുള്ളവർ കുടിക്കാൻ പോയി. ഞാൻ തെരുവിൽക്കൂടി നടക്കുമ്പോൾ

എൻെറ പഴയ യജമാനനെക്കണ്ടുമുട്ടി. അമ്മമ്മയുടെ സഹോദരിയുടെ മകനെ. അയാൾ ഓക്കാനദിയുടെ കരയിൽ വയലിൽ കൂടി പോകയായിരുന്നു. അയാൾ നേരിയ ചാരനിറമുള്ള ഒരു കോട്ടു ധരിച്ചിരുന്നു; അയാൾ കൈ കാൽസ്രായിയുടെ കീശയിൽ തിരുകിയിരിക്കുന്നു. തൊപ്പി ശിരസ്സിൻെറ പിൻഭാഗത്തേക്കു തള്ളിവെച്ചിരിക്കുന്നു; വായിൽ ഒരു സിഗരററു കടിച്ചുപിടിച്ചിരിക്കുന്നു. ഞാൻ അടുത്തു ചെന്നപ്പോൾ അദ്ദേഹം സ്നേഹപുരസ്സരം ഒന്നു പുഞ്ചിരിക്കൊണ്ടു ഉല്ലാസിയായ, സ്വാതന്ത്ര്യമുള്ളവായ ഒരാളുടെ മട്ടായിരുന്നു അദ്ദേഹത്തിൽ കണ്ടതു. ഞാനും അദ്ദേഹവും മാത്രമെ വയലിൽ ഉള്ളു.

"ആ, പേഷോവ്. ക്രിസ്തു ഉയിർത്തെഴുന്നേററിരിക്കുന്നു".

അന്യോന്യം ഈസ്റ്റർചുംബനം ചെയ്തശേഷം എൻെറ സുഖസൌകര്യങ്ങളെക്കുറിച്ചദ്ദേഹം അന്വേഷിച്ചു. എനിക്കു തൊഴിൽശാലയിലുള്ള ജീവിതം മടുത്തുവെന്നും, നഗരത്തിലുള്ള സകലതും എന്നെ വെറുപ്പിച്ചുവെന്നും ഞാൻ പേർഷ്യയിലേക്കു പോകാൻ ആഗ്രഹിക്കുകയാണെന്നും അദ്ദേഹത്തോടു പറഞ്ഞു

"ആ ചിന്ത വിട്ടുകളയൂ." അദ്ദേഹം ഗൌരവഭാവത്തോടെ പറഞ്ഞു. "പേർഷ്യക്കു പോയി തുലയട്ടെ. നിൻെറ ഈ പ്രായത്തിൽ എനിക്കും ഓടിപ്പോകുവാൻ ആഗ്രഹമുണ്ടായിരുന്നു; എവിടേക്കെന്നില്ലാതെ".

അയാളുടെ വാക്കുകൾ എന്നെ ആകർഷിച്ചു. അയാളുടെ പെരുമാററത്തിൽ എന്തോ നല്ല ചില കാര്യങ്ങൾ ഉണ്ടായിരുന്നു. അദ്ദേഹത്തെ സംബന്ധിക്കുന്ന സകലതും വളരെ ആകർഷകമായി തോന്നി.

"വലിക്കുന്നോ?" തടിച്ച സിഗരററുകൾ നിറച്ചുവെച്ചിരിക്കുന്ന ഒരു വെള്ളി സിഗരററുപെട്ടി കാണിച്ചുംകൊണ്ടദ്ദേഹം ചോദിച്ചു.

ഞാൻ തികച്ചും അദ്ദേഹത്തിൻെറ ഇച്ഛക്കു വഴങ്ങി.

"നോക്കൂ, പെഷ്കോവ്, വീണ്ടും എൻെറ കൂടെ ജോലി ചെയ്യാൻ വരുന്നോ? ഇക്കൊല്ലം ഞാൻ നാല്പതിനായിരത്തിനുള്ള ഒരു കരാറെടുത്തിട്ടുണ്ടു. നീ ചന്തസ്ഥലത്തു ജോലിചെയ്താൽ മതി. അവിടെ ഒരു മേലന്വേഷണം ചെയ്യുക, കെട്ടിടം പണിയാൻ കൊണ്ടുവരുന്ന സാധനങ്ങൾ ശരിക്കുണ്ടോ. എല്ലാം അതാതിൻെറ സ്ഥാനത്തു വെക്കുന്നുണ്ടോ എന്നു നോക്കുക പ്രവൃത്തിക്കാർ വല്ലതും കട്ടുകൊണ്ടു പോയ്ക്കളയുന്നതു സൂക്ഷിക്കുക. ഈ ജോലി ഇഷ്ടമാണോ? ശമ്പളമോ, മാസത്തിൽ അഞ്ചു റുബിൾ—ഉച്ചഭക്ഷണത്തിനു നിത്യം അഞ്ചു കൊപെക്കും. എൻെറ വീട്ടിലെ പെണ്ണുങ്ങളുമായി നീ ഒരു തരത്തിലും ഇടപെടേണ്ടതില്ല. അവരെ ഈ ഇടപാടിൽനിന്നും തികച്ചും വിട്ടുകളയൂ. നാമന്യോന്യം കണ്ടുമുട്ടിയ കഥയൊന്നും അവരോടു പറയണ്ട. ഞായറാഴ്ച അവിടെ വെറുതെയങ്ങു വന്നോളൂ,—മനസ്സിലായോ?"

ഞങ്ങൾ അങ്ങിനെ വളരെ സൌഹാർദ്ദത്തിൽ വിട്ടുപിരിഞ്ഞു. അദ്ദേഹം എൻെറ കൈപിടിച്ചു കുലുക്കി. ഞാൻ നടന്നു മറയുന്നതുവരെ, തൊപ്പിവീശിയുംകൊണ്ടു എന്നെ യാത്രയാക്കുകയും ചെയ്തു.

ഞാൻ തൊഴിൽശാലയിലെ ജോലിവിട്ടു പോകയാണെന്നു പറഞ്ഞപ്പോൾ അവിടെയുള്ള പ്രവൎത്തിക്കാരെല്ലാം നിരാശ പ്രദശിപ്പിച്ചു. ഇതെനിക്കൊരു പൊങ്ങച്ചമായിത്തോന്നി. പാവലിന്നു വലിയ ദുഃഖം തോന്നി.

"ഏതോ നാടന്മാരോടൊപ്പംജീവിക്കുവാൻവേണ്ടി നീ ഞങ്ങളെയെല്ലാം വിട്ടുപോകുക!" അവൻ വെറുപ്പോടെ പറഞ്ഞു.

"ആശാരിമാർ, കടലാസ്സുതുക്കികൾ—ഹൂ. ആരാണ് പറഞ്ഞതു അരത്തരത്തിൽനിന്നു, കാൽത്തരത്തിലാകുകയെന്നു്."

ഷിക്കാറേവ് ആവലാതിപ്പെട്ടു.

"മീൻ ആഴം കാണാൻ കൊതിക്കുന്നു; യുവാക്കൾ ആപത്തിനേയും".

അവിടെയുള്ള ജോലിക്കാർ എനിക്കു തന്ന യാത്രഅയപ്പ് അത്രക്കൊന്നും ആവേശകരമായിരുന്നില്ല.

"തീർച്ചയായും നാം പല ജോലിയിലും ഏർപ്പെട്ടു നോക്കാതെ കഴികയില്ല". കുടിച്ചു മത്തനായ ഴിക്കാറേവ് പറഞ്ഞു. "എന്നാൽ ആദ്യംതന്നെ ഏതെങ്കിലും നല്ല ഒരു ജോലി മുറുകെ പിടിച്ചു അതിൽ വിദഗ്ദ്ധനാകാൻ ശ്രമിക്കുന്നതാണു് നല്ലതു്."

"നിനക്കു നന്മവരട്ടേ" ലാറിയോണിക്ക്, ശാന്തമായാശീർവ്വദിച്ചു.

അവർ ഒരു കടമയെന്നപോലെ അങ്ങിനെ നിർബ്ബന്ധപൂർവ്വം പറയുന്നതാണെന്നു ഞാൻ വിചാരിച്ചു. ഞങ്ങളെ കൂട്ടിയിണക്കുന്ന ചരടു് എങ്ങിനെയോ ജീർണ്ണിച്ചു പൊട്ടിയിരിക്കയാണെന്നു് ഞാൻ വിചാരിച്ചു.

കുടിച്ചു മത്തനായ ഗോഗലേവ് കിടന്നേടത്തു നിന്നു തിരിഞ്ഞും മറിഞ്ഞും കൊണ്ടു പറഞ്ഞു:

"സാദ്ധ്യമാണെങ്കിൽ ഞാൻ നിങ്ങളെല്ലാവരേയും തടവിലിട്ടും. എനിക്കൊരു രഹസ്യം മനസ്സിലായിട്ടുണ്ടു്. നിങ്ങളാരും ദൈവത്തിൽ വിശ്വസിക്കുന്നില്ല. ഹ! ഹ! ഹ!"

തലയില്ലാതെ പകുതിയാക്കിവെച്ചിരുന്ന പ്രതിമകൾ, ചുമരിന്മേൽ നിന്നു എന്നെ നോക്കി; പളുങ്ക്ഗ്ലോവുകൾ മച്ചിന്മേൽ നിന്നും തൂങ്ങുന്നുണ്ടു്. ആ യിടയിൽ ഞങ്ങൾ, വെളിച്ചംവെച്ചു ജോലി ചെയ്യാറുണ്ടായിരുന്നില്ല. അതുകൊണ്ടു ആ ഗ്ലോവുകൾ, പൊടിപുരണ്ടു വൃത്തികേടായിരുന്നു. ആ രംഗം എൻെറ മനസ്സിൽ നല്ലപോലെ പതിഞ്ഞു. കണ്ണുകളടച്ചു ചിന്തിച്ചാൽ ഈ ഇരിമ്പുമുറിയും മേശകൾ മുതലായ സാമഗ്രികളും ചായംതേക്കാനുള്ള ഉപകരണങ്ങളും പ്രതിമകളും തൊട്ടിയും ഗോഗലേവിൻെറ

ചെരിപ്പില്ലാത്ത കാലുകളും എല്ലാം എന്റെ സ്മൃതിപഥത്തിൽ ഉയിൎത്തെഴുന്നേൽക്കും.

എനിക്കെവിടെയെങ്കിലും പൊയ്ക്കളയേണമെന്നാഗ്രഹമായിരുന്നു. എന്നാൽ റഷ്യക്കാർ, വ്യസനകരമായ അവസരങ്ങൾ നീട്ടിക്കൊണ്ടുപോകാൻ ആഗ്രഹിക്കുന്നു. യാത്രയയപ്പിന്നുവേണ്ടി ചേരുന്ന ഒരു യോഗം ശ്മശാനത്തിലെ അനുശോചനയോഗംപോലെയാണ്.

ഴിക്കാറേവ് മുഖം ചുളിച്ചുംകൊണ്ടു എന്നോടു പറഞ്ഞു:

"ആ പുസ്തകം തിരിച്ചുതരുവാൻ സാദ്ധ്യമല്ല "രാക്ഷസൻ." വേണമെങ്കിൽ അതിന്നു പകരം നീ ഇരുപതു കൊപെക്ക സ്വീകരിച്ചോളു".

ലെർമൊണ്ടോഖിന്റെ ഒരു കൃതി വേണ്ടെന്നു വെക്കുക; അതും സമ്മാനമായിക്കിട്ടിയ ഒരു പുസ്തകമായിരിക്കുകയും ചെയ്യുമ്പോൾ, അതെളുപ്പമല്ല. എന്നാൽ ഞാൻ അല്പം നീരസത്തോടെ, വില സ്വീകരിക്കാൻ കൂട്ടാക്കാതിരുന്നപ്പോൾ പണം സഞ്ചിയിൽ തിരികെ വെച്ചുംകൊണ്ടു യാതൊരിളക്കവും കൂടാതെ ഴിക്കാറേവ് പറഞ്ഞു:

"അതു നിന്റെ ഇഷ്ടം. എന്നാൽ ഞാൻ പുസ്തകം വേണ്ടെന്നു വെക്കുകയില്ല. ആ പുസ്തകം നിനക്കുള്ളതല്ല. അങ്ങിനെയുള്ള പുസ്തകം കയ്യിൽവെച്ചു നടന്നാൽ ഏതു നിമിഷവും നിനക്കാപത്തുവരാൻ എളുപ്പമാണ്."

"ആ പുസ്തകം സ്റ്റോറിൽ വിൽക്കുന്നുണ്ട്. ഞാൻതന്നെ കണ്ടിട്ടുണ്ട്."

"അതുകൊണ്ടെന്താണ്? അവർ കൈത്തോക്കും സ്റ്റോറിൽ വെച്ചു വില്ക്കുന്നില്ലേ?" അയാൾ സംതൃപ്തിയോടെ മറുപടി പറഞ്ഞു.

അയാൾ പുസ്തകം എനിക്കു തിരിച്ചു തന്നില്ല.

ഞാൻ മേലെ നിലയിൽ, ഉടമസ്ഥയോട്ട് യാത്ര പറയുവാൻപോയപ്പോഠം അവരുടെ അനുജത്തിയുടെ മകഠം വാതിൽക്കൽ നിൽക്കുന്നതു കണ്ടു.

"നീ വിട്ടുപോകയാണെന്നു പറഞ്ഞല്ലോ" അവഠം പറഞ്ഞു.

"അതെ ഞാൻ പോകയാണു്."

"അതു നന്നായി. അല്ലെങ്കിൽ അവർ നിന്നെ പിരിച്ചുവിട്ടുമായിരുന്നു". അവഠം അതു പറഞ്ഞതു വേണ്ടത്ര മര്യാദയോടെയല്ല. എന്നാൽ ആ പറഞ്ഞതാത്മാർത്ഥതയോടെ ആയിരുന്നു.

കുടിച്ചു മത്തയായ യജമാനത്തി പറഞ്ഞു:

"നിന്നെ ദൈവം സഹായിക്കട്ടെ. നീ ഒരു വികൃതിയാണ്—അനുസരണം തീരെയില്ല. നീ മോശക്കാരനാണെന്നെനിക്കൊരിക്കലും ബോദ്ധ്യപ്പെടാൻ സംഗതിയായിട്ടില്ല. പക്ഷെ എല്ലാവരും പറയുന്നതു് നീ മോശക്കാരനാണെന്നാണ്."

പെട്ടെന്നവർ കരയാൻ തുടങ്ങി ഇടയിൽ അവർ പിറുപിറുത്തു.

"എൻെറ ഭർത്താവിപ്പോഠം ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ—അദ്ദേഹം നിൻെറ ചെവിക്കുപിടിക്കും. മണ്ടയിൽ ഇടിക്കും. പക്ഷെ അദ്ദേഹം ഒരിക്കലും നിന്നെ പിരിച്ചയക്കുകയില്ല. ഇപ്പോഠം എല്ലാം മാറിപ്പോയി. എന്തെങ്കിലും ഒരു ചെറിയ തെററു ചെയ്താൽ മതി, ജോലിക്കാരെ പിരിച്ചുവിടുകയാണു്. നീ എങ്ങിനെ ജീവിക്കും കുട്ടീ!"

# XVI

ചന്തസ്ഥലത്തിന്നടുത്തുകൂടി ഞാനും എൻ്റെ മുതലാളിയും തോണിയിൽ തുഴഞ്ഞു പോകയാണ്. രണ്ടു നിലയോളം ഉയർന്നു നില്ക്കുന്ന കെട്ടിടങ്ങൾ തെരുവിൻ്റെ ഇരുവശത്തും ഉയർന്നുകഴിഞ്ഞിരുന്നു. വസന്തത്തിൽ പുഴയിൽ വെള്ളപ്പൊക്കമുണ്ടായി. തെരുവിലും വെള്ളം കയറിയിരിക്കയാണ്. തോണിയിൽ മാത്രമെ തെരുവിൽക്കൂടിയും യാത്രചെയ്‌വാൻ നിർവ്വാഹമുള്ളു. ഞാൻ തുഴയുകയാണ്. മുതലാളി തോണിയുടെ കൊമ്പിലിരുന്നു ചുക്കാൻ പിടിക്കുന്നു. ചുക്കാനായി ഉപയോഗിച്ചതു് ഒരു തണ്ടാണ്. അദ്ദേഹത്തിന്നു ശരിക്കു തുഴയാൻ വശമില്ലാത്തതുകൊണ്ടു തോണി അവിടെയും ഇവിടെയും ചെന്നു മുട്ടുന്നു.

“ഈ വസന്തത്തിൽ ഇത്രയധികം വെള്ളം പൊങ്ങിക്കളഞ്ഞില്ലെ. ചെകുത്താൻ്റെ കളി. നമ്മുടെ പണി നിന്നുപോയല്ലോ”. ഒരു സിഗരറ്റ് കൊളുത്തി തുണികത്തി മണക്കുംപോലെയുള്ള മണത്തോടുകൂടി പുകവിട്ടുംകൊണ്ടദ്ദേഹം ആവലാതിപ്പെട്ടു.

“സൂക്ഷിക്കണം” അദ്ദേഹം വിളിച്ചുപറഞ്ഞു. തോണി ഒരു വിളക്കുകാലിൻ്റെ നേരെ നീങ്ങുകയാണ്.”

തോണിയുടെ ഗതി ശരിപ്പെടുത്തിയശേഷം അദ്ദേഹം തുടർന്നു.

“ഒരു നല്ല തോണിതന്നെയാണവർ നമുക്കു തന്നതു”—കൂത്തിച്ചിമക്കൾ”.

വെള്ളം താഴാൻ എവിടംമുതൽക്കാണ് ജോലി ആരംഭിക്കേണ്ടതെന്നു അദ്ദേഹം ചൂണ്ടിക്കാണിച്ചു. അയാളെ കണ്ടാൽ ഒരു കരാറുകാരനാണെന്നു തോന്നുകയില്ല; ഭംഗിയിൽ മുഖക്ഷൌരം ചെയ്തിട്ടുണ്ട്. ഒരു സിഗരററു കൊളുത്തി വായിൽ തിരുകിയിരിക്കുന്നു. മീശ നല്ല ഭംഗിയിൽ കത്രിച്ചു ശരിപ്പെടുത്തിയിട്ടുണ്ട്. തോൽകുപ്പായമിട്ടു, വലിയ മുട്ടോളമെത്തുന്ന ബൂട്ടുകൾ ധരിച്ചിട്ടുണ്ട്. ചുമലിൽ ഒരു നായാട്ടുസഞ്ചി തൂക്കിയിട്ടിരിക്കുന്നു. അയാളുടെ കാൽക്കൽ ഒരിരട്ടക്കുഴൽ തോക്കുമുണ്ട്. തലയിലുള്ള തൊപ്പി ഇടക്കിടെ അദ്ദേഹം ശരിപ്പെടുത്തിയുംകൊണ്ടിരിക്കുന്നുണ്ട്. ചുണ്ടു കടിച്ചും നാലുഭാഗത്തു നോക്കിയും അദ്ദേഹം അക്ഷമ പ്രദർശിപ്പിച്ചു.

ഇടക്കയാൾ തൊപ്പി ശിരസ്സിൻെറ പിറകിലേക്കു തള്ളി, ഭംഗിയായൊന്നു ചിരിക്കും. അപ്പോൾ അയാൾക്കുതന്നെ വെറുപ്പമാണെന്നു തോന്നും. എന്തോ ഹൃദ്യമായ ഒരു ചിന്തയിൽ മുഴുകിയുംകൊണ്ടുള്ള ആ ഭാവം കണ്ടാൽ, കച്ചവടത്തെ സംബന്ധിക്കുന്ന അലട്ടുകളൊന്നുംതന്നെയില്ലാത്ത ഒരാളാണയാളെന്നു തോന്നും.

എനിക്കും അവ്യക്തമായ ഒരു നിരാശ തോന്നി. ആളുകൾ തിങ്ങിപ്പാർക്കുന്ന ആ നഗരം മുഴുവൻ വെള്ളം നിറഞ്ഞു നിൽക്കുക. തോണിയിൽ കയറി തെരുവിൽക്കൂടി യാത്രചെയ്യുക. ആ ആശ്ചര്യകരമായ സംഗതി എന്നെ ശ്വാസംമുട്ടിച്ചു.

ആകാശം ചാരനിറമായിരിക്കുന്നു. സൂര്യനെ മേഘപടലം മൂടിയിരിക്കുന്നു. ഇടക്കു മാത്രം ഒരു വെള്ളിത്തളികപോലെ സൂര്യബിംബം മേഘങ്ങൾക്കിടയിൽ തെളിഞ്ഞുകാണും.

വെള്ളവും ചാരനിറമാണ്; വല്ലാത്ത തണുപ്പും. എങ്ങോട്ടാണൊഴുക്കെന്നു തിട്ടപ്പെടുത്താൻ നിവൃത്തിയില്ല. മഞ്ഞനിറത്തിലുള്ള ആ കെട്ടിടങ്ങളോടും ഷാപ്പുകളോടും ഒപ്പം വെള്ളവും ഉറങ്ങിക്കിടക്കുകയാണെന്നു തോന്നി. വെള്ളനിറത്തിൽ സൂര്യൻ

മേഘങ്ങൾക്കിടയിൽ ഒന്നു വെളിക്കുവന്നാൽ എല്ലാം അല്പനേരം മങ്ങിയതോതിൽ പ്രകാശിക്കും; വെള്ളത്തിൽ ആകാശം നിഴലിച്ചുകാണും; ഞങ്ങളുടെ തോണി വായുവിൽ താങ്ങില്ലാതെ തൂക്കിയിട്ടിരിക്കയാണെന്നു തോന്നും; രണ്ടു് ആകാശങ്ങൾക്കിടയിൽ.

കല്ലുകൊണ്ടുള്ള കെട്ടിടങ്ങൾ വേൾശയിലേക്ക ഒഴുകുകയാണോ എന്നു തോന്നി. പീപ്പകളുടേയും, പെട്ടികളുടേയും കൊട്ടകളുടേയും മരത്തിൻെറയും പൊട്ടിയ കഷണങ്ങൾ ചത്ത പാമ്പുകളെപ്പോലെ, വെള്ളത്തിൽ പൊങ്ങി നിൽക്കുന്നുണ്ടു്.

അവിടവിടെ ജനൽ തുറന്നു നിൽക്കുന്നുണ്ടായിരിക്കും. മേലെ നിലയിൽ ചിലേടങ്ങളിൽ വരാന്തയിൽ വസ്ത്രം ഉണക്കാൻ തൂക്കിയിട്ടുണ്ടു്. ഏതെങ്കിലും ഒരു ജനലിൽക്കൂടി, ഒരു സ്ത്രീ താഴോട്ടു വെള്ളത്തിൽ നോക്കി നിൽക്കുകയായിരിക്കും. അവിടെ ഒരു തൂണിന്മേൽ, ഒരു തോണി കെട്ടിയിട്ടും ഉണ്ടു്.

ആൾ പെരുമാററത്തിൻെറ ഈ ലക്ഷണങ്ങൾ കണ്ടപ്പോൾ എൻെറ മുതലാളി എന്നോടു പറഞ്ഞു:

"അവിടെയാണ് ചന്തസ്ഥലത്തെ കാവൽക്കാരൻ താമസിക്കുന്നതു്. അയാൾ ജനലിൽക്കൂടിയിറങ്ങി എങ്ങിനെയെങ്കിലും ആ തോണിയിൽ കയറി കള്ളന്മാർ സാധനങ്ങൾ കട്ടുകൊണ്ടു പോകുന്നുണ്ടോ എന്നു നോക്കാൻ തെരുവിൽക്കൂടി തുഴഞ്ഞുപോകും. ആരെയും കണ്ടില്ലെങ്കിൽ അവൻതന്നെ കുറച്ചൊന്നു അപഹരിക്കും".

വേറെ ഏതോ വിഷയത്തെക്കുറിച്ചു സംസാരിച്ചുംകൊണ്ടയാൾ അലക്ഷ്യമായങ്ങിനെ പറയുകയാണു്. 'എല്ലാം ശാന്തം, വേൾശയും ഓക്കയും ഒത്തുചേർന്നു ഒരു വലിയ തടാകമായി മാറിയിരിക്കുന്നു. അകലെ, ഒരു കുന്നിന്മേൽ തോട്ടങ്ങളും കെട്ടിടങ്ങളും നിറഞ്ഞു നിൽക്കുന്ന പട്ടണം കാണാം. പൂമൊട്ടുകൾ നിറഞ്ഞുനില്ക്കുന്ന വൃക്ഷങ്ങളുടെ പച്ചനിറത്തിലുള്ള കൊമ്പുകൾക്കിട

യിൽ കെട്ടിടങ്ങൾ മറഞ്ഞുനിൽക്കുന്നു. പള്ളിയിൽനിന്നും ഈസ്റ്ററിൻെറ മണിനാദം കേൾക്കാറായി. പട്ടണത്തിലെല്ലാം ബഹളവും തിരക്കുമാണെന്നു വ്യക്തമാണ്. എന്നാൽ ഇവിടെയാകട്ടെ, എല്ലാം ഉപേക്ഷിക്കപ്പെട്ട ഒരു പള്ളിയുടെ പരിസരത്തിലെന്നപോലെ എല്ലാം നിശ്ശബ്ദവും ശാന്തവും ആയിരിക്കുന്നു.

പഴയ പള്ളിയുടെ നേക്കു തുഴഞ്ഞുപോയപ്പോൾ ഞങ്ങളുടെ തോണി, രണ്ടു വലിയ കറുത്ത വൃക്ഷങ്ങളുടെ ഇടയിൽ കൂടി പോകേണ്ടിവന്നു സിഗരററിൽനിന്നും പുറപ്പെട്ടുന്ന പുകച്ചുരുളുകൾ മുതലാളിയുടെ മുഖത്തേക്കു പൊന്തുകയാണ്. തോണി ഇടക്കിടെ മരങ്ങളോടു ചെന്നടിച്ചാടിക്കൊണ്ടിരിക്കുകയും ചെയ്യും;

"ഒരു നശിച്ച തോണി"

"നിങ്ങൾ തുഴയാതിരിക്കു".

"അതെങ്ങിനെയാണ്?" അദ്ദേഹം ചോദിച്ചു. "തോണിയിൽ രണ്ടു ആളുകളുണ്ടായിരിക്കുമ്പോൾ, ഒരാൾ തുഴയും. മറെറയാൾ ചുക്കാൻപിടിക്കും. അതാ നോക്കു—ചീനക്കാരുടെ തെരുവ്."

ആ ചന്തസ്ഥലം മുഴുവനും, എനിക്കു മനഃപാഠമാണ്. ചീനക്കാരുടെ പ്രതിമകൾ വെച്ചിരുന്ന സ്ഥലത്തെയാണയാൾ ചൂണ്ടിക്കാണിച്ചതു! ഞാനും എൻെറ ചങ്ങാതികളും ഈ പ്രതിമകളുടെ നേരെ കല്ലെറിഞ്ഞിട്ടുണ്ടു. ചിലതിൻെറ തലയും ഭുജങ്ങളും ഞങ്ങൾ വേർപെടുത്തുകയും ചെയ്തിട്ടുണ്ടു. എന്നാൽ ഇപ്പോൾ എനിക്കതിനെക്കുറിച്ചഭിമാനമൊന്നും തോന്നിയില്ല.

"ആ കെട്ടിടങ്ങളും പുതുക്കിപ്പണിയുവാൻ എന്നെ ഏല്പിച്ചിരുന്നുവെങ്കിൽ" മുതലാളി ആ കെട്ടിടങ്ങളുടെ നേരെ ചൂണ്ടിയും കൊണ്ടു പറഞ്ഞു.

അയാൾ ഒന്നു ചൂളം വിളിച്ചു. തൊപ്പി ശിരസ്സിൻെറ പിൻഭാഗത്തേക്കു വലിച്ചു താഴ്ത്തി.

—എന്നാൽ ആ കെട്ടിടങ്ങൾ ഇപ്പോഴുള്ളതുപോലെതന്നെ വൃത്തിയില്ലാതെ ആ ദേഹവും പണിയുമെന്ന എന്തോ കാരണത്താൽ ഞാൻ വിചാരിച്ചു. അവിടെ എല്ലാ വസന്തത്തിലും വെള്ളം കയറും. വിതാനം അത്രയും താണിട്ടാണ്.

സിഗരററ വലിച്ചെറിഞ്ഞു അദ്ദേഹം അതിന്മേൽ തുപ്പിയുംകൊണ്ടു പറഞ്ഞു:

"ഈ ജീവിതം എന്തൊരു മുഷിപ്പൻ ഏർപ്പാടാണ്. പെഷ്‌ക്കോവ്! പഠിച്ച ആരുമില്ല; ചിലപ്പോൾ കുറെ സൊള്ളൊക്കെ പറയാൻ തോന്നും. പക്ഷെ ആരോടാണ് ഈ സൊള്ളു പറയാനുള്ളതു്. ആരുമില്ല. ആശാരിമാരും, പെരുന്തേരികളും, കൂലിക്കാരും, കള്ളന്മാരും— — — —".

വലതുവശത്തു ഒരു കുന്നിൻചെരുവിൽ, ഒരു പള്ളി അവ്യക്തമായി കാണാനുണ്ട്. ആ വശത്തേക്കു നോക്കിയുംകൊണ്ടു, മറന്നുപോയ എന്തോ ഒന്ന ഓർമ്മവന്നതുപോലെ അദ്ദേഹം തുടന്നു:

"ഞാൻ ഒരു ജർമ്മൻകാരനെപ്പോലെ, ബീർ കുടിക്കാനും സിഗരററ വലിക്കാനും തുടങ്ങിയിരിക്കയാണ്. ജർമ്മൻകാർ നല്ല കച്ചവടക്കാരാണ്. നല്ല ഒന്നാംതരം കണ്ണുകണ്ട കച്ചവടക്കാർ. ബീർ കുടിക്കുന്നതു് ഒരു രസമാണ്; നേരംപോക്കാൻ ഏററവും ഉപകരിക്കും. എന്നാൽ സിഗരററ് എനിക്കിനിയും ഇഷ്ടമായിട്ടില്ല. സിഗരററ് വലിക്കാൻ തുടങ്ങുമ്പോഴേക്കും ഓയ്യ ലഹളകൾ പുറപ്പെടും.

"നിങ്ങളെ ഒരു ജീനിയുണ്ടാക്കുന്നവനെ മണക്കുന്നല്ലോ".—അവർ പറയും: "നിങ്ങളെയെന്താണ് ഒരു പട്ടാളക്കാരൻെറ മണം? എന്നു. അതെ, ജീവിതം അസഹ്യമാക്കിത്തീക്കുവാൻ നാം ചെയ്യുന്ന ഏർപ്പാടുകൾ —നോക്കൂ —നീ തന്നെ തുഴഞ്ഞോളൂ".

ചുക്കാൻ തോണിയുടെ പാശ്ചാത്തിൽ ചാരിവെച്ചു അദ്ദേഹം തോക്കെടുത്തു ഒരു കെട്ടിടത്തിൻെറ മേൽപ്പുരമേൽ പിടിപ്പിച്ചി

ട്ടുള്ള ഒരു പ്രതിമയെ ഉന്നംവെച്ചുകൊണ്ടു വെടിവെച്ചു. പ്രതിമക്കൊന്നും പററിയില്ല. കാരണം ചില്ലുകഠം പുറപ്പുറത്തു ചിതറി വീഴുകയെ ചെയ്യുള്ളൂ. കുറെ പൊടി പാറി. അത്രമാത്രം.

"കൊണ്ടില്ല". തോക്കു വീണ്ടും നിറച്ചുകൊണ്ടു അദ്ദേഹം അലക്ഷ്യമായി പറഞ്ഞു:

"നിനക്കു പെൺകുട്ടികളെ ഇഷ്ടമാണോ? എങ്ങിനെ? നീ വല്ല ഏർപ്പാടിലും പെട്ടിട്ടുണ്ടോ? ഇല്ല. ഞാൻ പതിമൂന്നു വയസ്സായപ്പോഠം, അനുരാഗത്തിൽപെട്ടിട്ടുണ്ടു്."

ഒരു സ്വപ്നാനുഭവം വിവരിക്കുംപോലെ അദ്ദേഹം തന്റെ കാമുകിയെക്കുറിച്ചെന്നോടു പറഞ്ഞു. അദ്ദേഹം പ്രവൃത്തി പഠിക്കാൻ ചെന്നിരുന്ന ഒരു കൈവേലക്കാരന്റെ വേലക്കാരിയായിരുന്ന ആ സ്ത്രീ, അദ്ദേഹം കഥപറഞ്ഞുകൊണ്ടിരിക്കെ, വെള്ളം കെട്ടിടങ്ങളുടെ ചുമരുകളിന്മേൽ ചെന്നടിച്ചു. ആ മുഴലശബ്ദം താളംപിടിച്ചു. അങ്ങു പള്ളിയുടെ അടുത്തു വെള്ളം വളരെ സ്ഥലത്തോളം കയറി നില്ക്കുന്നു. ഇടക്കിടെ, വള്ളികളും ചെടികളും, വെള്ളത്തിൻമീതെ പൊങ്ങിക്കാണാനുമുണ്ടു്.

എന്റെ മുതലാളി തുടന്നു: "എനിക്കു രാത്രി ഉറക്കം വരികയില്ല. ഞാൻ എന്നോണവ് ആ സ്ത്രീയുടെ മുറിയുടെ ജനലിന്നടുത്തു ചെന്നു നിൽക്കും. തണുപ്പിൽ ഒരു നായക്കുട്ടിയെപ്പോലെ ഞാൻ വിറക്കുന്നുണ്ടായിരിക്കും. യജമാനനും, രാത്രിയിൽ ആ സ്ത്രീയെ സന്ദർശിക്കാറുണ്ടു്. അയാഠം എന്നെ കണ്ടുപിടിക്കാൻ എളുപ്പമായിരുന്നു. എന്നാൽ എനിക്കു ഭയം തോന്നിയില്ല".

അദ്ദേഹം ആലോചനാനിമഗ്നനെന്നപോലെ പറയുകയായിരുന്നു; പഴയ വസ്ത്രങ്ങഠം എടുത്തു ഉടുക്കുവാൻ പററുമോ എന്നു പരിശോധിക്കുന്നതുപോലെ.

ആ സ്ത്രീ ഞാൻ ഇങ്ങിനെ ചെന്നു നിൽക്കാറുള്ളതു മനസ്സിലാക്കി. എന്നോടനുകമ്പ തോന്നി. അവൾ വാതിൽ തുറന്നു എന്നെ വിളിച്ചു. "ഇങ്ങോട്ടു വരൂ, സാധു കുട്ടി!"

ഇതുപോലെ ഞാൻ എത്ര കഥകൾ കേട്ടുകഴിഞ്ഞു എനിക്കാ കഥകൾ കേട്ടു വലിയ മടുപ്പുതോന്നി. എന്നാൽ ആ കഥകളിലെല്ലാംതന്നെ ഒരു നല്ല കാര്യം പൊതുവായുണ്ടായിരുന്നു. "ആളുകൾ അവരുടെ ആദ്യത്തെ അനുരാഗാനുഭവങ്ങൾ വിവരിക്കുമ്പോൾ, ഒന്നുംതന്നെ അഹംഭാവമായി പറയുകയില്ല. അവക്കു അശ്ലീലമായൊന്നും പറയാനുണ്ടായിരിക്കുകയില്ല; വലിയ പശ്ചാത്താപത്തോടെ കാര്യങ്ങൾ വിവരിക്കും. എല്ലാം കേട്ടാൽ ആ അനുഭവങ്ങൾ അവരുടെ ജീവിതത്തിൽ ഏററവും നല്ല നിമിഷങ്ങളായിരുന്നു എന്നു തോന്നും. പലക്കും ആ അനുഭവങ്ങൾ മാത്രമാണ് ജീവിതത്തിൽ നല്ല ഏതാനും നിമിഷങ്ങൾ.

ചിരിച്ചും തലയാട്ടിയുംകൊണ്ടു അദ്ദേഹം ആശ്ചര്യത്തോടെ പറഞ്ഞു:

"എന്നാൽ ഈ കഥ എൻെറ ഭാര്യയോടു പറയാൻ എനിക്കു ധൈര്യമില്ല. പറയുന്നതിൽ തെററൊന്നുമുണ്ടായിട്ടല്ല. എന്നാലും പറയാൻ എനിക്കു ധൈര്യമില്ല. ശരി. അയാൾ എന്നോടായിരുന്നില്ല കഥ പറഞ്ഞതു്; തന്നത്താൻ പറയുകയായിരുന്നു. അയാൾ ഒന്നും പറഞ്ഞില്ലെങ്കിൽ ഞാൻ വല്ലതും പറയുമായിരുന്നു. ആ നിശ്ശബ്ദതയിൽ, വിജനതയിൽ ആരെങ്കിലും വല്ലതും പറയണം; പാടണം, രാഗം മീട്ടണം, അല്ലെങ്കിൽ വെള്ളം കയറി, വിജനമായി നിൽക്കുന്ന ആ നഗരപരിസരത്തിൽ ആക്കും ഉറക്കം തുങ്ങും.

"ഒന്നാമതായി ഒരു കാര്യം"—നനൊ ചെറുപ്പത്തിൽ വിവാഹം ചെയ്യരുതു്. അദ്ദേഹം എന്നോടുപദേശിച്ചു. "വിവാഹം—സഹോദരാ—വളരെ പ്രധാനമായ ഒരു കാര്യമാണു്. എവിടെ എങ്ങിനെ ജീവിച്ചാലും ശരി—പാരീസ്സിൽ ഒരു മുഹമ്മദീയനാ

യിട്ടായാലും, മോസ്കോവിൽ ഒരു പോലീസ്സുകാരനായിട്ടായാലും ശരി, ജോലിചെയ്തു ജീവിച്ചാലും ശരി, കട്ടു നടന്നാലും ശരി, ഹൃദ്യമല്ലാത്ത കാര്യങ്ങൾ വേണ്ടെന്നുവെക്കാൻ എളുപ്പമാണ്. എന്നാൽ ഭാര്യയെ മാററാൻ സാദ്ധ്യമല്ല. ഭാര്യ കാലാവസ്ഥപോലെയാണ്. സഹോദരാ, അതൊഴിക്കാൻ വയ്യ. ഭാര്യ വെറും ചെരിപ്പല്ല ഇഷ്ടംപോലെ മാററാൻ. വലിച്ചെറിയാനും".

അയാളുടെ മുഖത്തു ഒരു നിഴൽ വ്യാപിക്കാൻ തുടങ്ങി. അയാൾ പുരികം ചുളിച്ചു. ചാരനിറം പൂണ്ട വെള്ളത്തിൽ നോക്കി അദ്ദേഹം വിരൽകൊണ്ടു മൂക്കിന്നു തടവിയുംകൊണ്ടു സാവധാനം തുടന്നു:

"അതെ—സഹോദരാ— — — — വളരെ സൂക്ഷിക്കണം— പക്ഷെ കാററത്തുലയുമ്പോഴും വേരുറപ്പിച്ചു നില്ക്കാൻകഴിയുന്ന തരക്കാരനാണ് നീ. എന്നാലും, ആരും വീഴാൻ ഇടയുള്ള ഒരു കുഴി നിന്നെയുംകാത്തു നില്ക്കുന്നുണ്ടായിരിക്കും."

ഞങ്ങൾ ഇരു പാൎശ്വങ്ങളിലും കാടുതിങ്ങി നില്ക്കുന്ന, മെഷ്കർസ്കി തടാകത്തിൽ എത്തി.

"സാവധാനം തുഴയുക," കാട്ടിലേക്കു നോക്കു പൂണ്ടിയുംകൊണ്ടു മുതലാളി എന്നോടു ശാസിച്ചു

ഏതാനും കാട്ടുകോഴികളെ വെടിവെച്ചു വീഴ്ത്തിയതിന്നുശേഷം അയാൾ പറഞ്ഞു:

"നീ വേഗം കന്നാവിനോവിലേക്കു തുഴയുക. ഞാൻ അവിടെ വൈകുന്നേരംവരെ തങ്ങാം. നീ വീട്ടിൽപോയി, എനിക്കു കരാറുകാരനുമായി ചില കാര്യങ്ങൾ ചെയ്യാനുള്ളതുകൊണ്ടു വരാൻ താമസിക്കുമെന്നു പറയണം".

ഞാൻ അയാളെ ഒരു തെരുവിൽ കൊണ്ടിറക്കി. അവിടെയും വെള്ളം കയറി നില്ക്കുന്നുണ്ടായിരുന്നു. ഞാൻ ചന്തസ്ഥലത്തുകൂടി, സ്റ്ററൽക്കയിലേക്കു തുഴഞ്ഞു. അവിടെ തോണി കെട്ടി–

രണ്ടു പുഴകളുംകൂടി ചേരുന്നതുംനോക്കി ഞാൻ കുറെനേരം നിന്നു; കപ്പലുകളെയും, നഗരത്തെ ചുററുന്ന ആകാശത്തേയും ഞാൻ വീക്ഷിച്ചു. ആകാശത്തിൽ വെള്ളമേഘങ്ങൾ നിറഞ്ഞുനില്ക്കുന്നതു കണ്ടാൽ, ഒരു വലിയ പക്ഷിയുടെ വിടൎത്തിയ ചിറകുകളാണെന്നു തോന്നും. മേഘങ്ങൾക്കിടയിൽ കാണുന്ന നീലനിറത്തിലുള്ള വിള്ളലുകളിൽക്കൂടി സൂൎയ്യൻ എത്തിനോക്കി. സൂൎയ്യന്റെ ഒരു രശ്മി മതി ഈ ലോകത്തിന്നു മുഴുവനുംതന്നെ വലിയ മാററങ്ങൾ വരുത്താൻ. എന്റെ ചുററുമുള്ള സകല വസ്തുക്കളും ശീഘ്രഗതിയായി ചലിച്ചുകൊണ്ടിരിക്കയാണ്. പുഴയിൽക്കൂടി അവസാനമില്ലാതെ വരിവരിയായി തോണികൾ നീങ്ങുന്നുണ്ടു്. തോണികളിൽ ദൃഢഗാത്രരായ ജോലിക്കാർ ചുക്കാൻ തുഴഞ്ഞുകൊണ്ടു അടുത്തുകൂടി പോകുന്ന കപ്പലിലെ പ്രവൃത്തിക്കാരോടു് എന്തോ വിളിച്ചുപറയുന്നുണ്ടു്. കപ്പൽ അതിന്റെ പിറകെ, ഒരു വലിയ തോണിയും വലിച്ചുകൊണ്ടു പോകുന്നു. ഓളങ്ങളിൽ പൊന്തിയും താണുംകൊണ്ടിരിക്കെ ഒരു വലിയ മത്സ്യം അതിന്റെ മൂക്കുംകൊണ്ടു കപ്പലിന്റെ പാൎശ്വത്തിൽ ഇടക്കിടെ കുത്തിക്കൊണ്ടിരിക്കുന്നതാണെന്നു തോന്നും; ഒഴുക്കിൽ പെട്ടു താണുപോകാതെ രക്ഷപ്പെടാൻ ശ്രമിക്കുന്നതുപോലെ തോന്നും. നാലു കൃഷിക്കാർ തോണിയിൽ ചുമലോടു ചുമൽ ചേൎത്തിരിക്കുന്നുണ്ടു്. അവർ കാൽ വെള്ളത്തിലേക്കു താഴ്ത്തിയിട്ടിരിക്കയാണ്. അവരിൽ ഓരോ ഒരു ചുകന്ന കുപ്പായമാണിട്ടിട്ടുള്ളതു്. എല്ലാവരും ചേൎന്നൊരു പാട്ടു പാടുന്നുണ്ടു്. വാക്കുകൾ വ്യക്തമല്ല; എന്നാൽ ആ പാട്ടേതാണെന്നു എനിക്കു മനസ്സിലായി.

പുഴയിൽ നടക്കുന്ന എല്ലാംതന്നെ എനിക്കു സുപരിചിതങ്ങളായി തോന്നി. എല്ലാം എനിക്കു മനസ്സിലാക്കാൻ വിഷമംതോന്നിയില്ല. എന്നാൽ വിഷമംകയറി നിൽക്കുന്ന ആ നഗരം ഒരു ദുസ്വപ്നമായിരുന്നു. അതു എന്റെ യജമാനന്റെ ഒരു കണ്ടുപിടുത്തമായി ഞാൻ കരുതി, അയാളെ മനസ്സിലാക്കാൻ വിഷ

മമുള്ളതുപോലെ ആ നഗരത്തേയും മനസ്സിലാക്കാൻ വലിയ വിഷമം തോന്നി.

ആ പുഴയുടേയും പരിസരത്തിൻെറയും ഭംഗി വേണ്ടത്ര നുകന്നതിന്നുശേഷം, ഞാൻ വീട്ടിലേക്കു പോയി. അപ്പോൾ ഞാൻ മുതിർന്ന ഒരാളാണെന്നെനിക്കു തോന്നി. ഏതു ജോലിയും ചെയ്യാൻ കഴിയുന്ന ഒരു സമർത്ഥൻ. തിരിച്ചുവരുമ്പോൾ ക്രെംലിൻ കുന്നിൽനിന്നുംകൊണ്ടു ഞാൻ അവസാനമായി വോൾഗയെ ഒന്നു കൂടി നോക്കി. ഉയൎന്ന സ്ഥലത്തുനിന്നു നോക്കിയപ്പോൾ, ഭൂമി വളരെ വിസ്തീർണ്ണമുള്ളതായും വിഭവസമൃദ്ധമായുംഎനിക്കുതോന്നി.

വീട്ടിലേക്കു മടങ്ങിയാൽ ഞാൻ കുറെ വായിക്കും. മാജ്ജോട്ടുരാജ്ഞി താമസിച്ചിരുന്ന മേൽത്തട്ടിൽ, ഇപ്പോൾ സൊള്ളപറഞ്ഞു നടക്കുന്ന അഞ്ചു ചെറുപ്പക്കാരിപെൺകിടാങ്ങളുള്ള ഒരു കുടുംബമാണു് പാൎക്കുന്നതു്. ഓരോ പെൺകുട്ടിയും മററവളേക്കാൾ സുമുഖിയാണു്. അവിടെ വ്യായാമവിദ്യാലയത്തിൽ പഠിക്കുന്ന രണ്ടു വിദ്യാൎത്ഥികളും താമസിക്കുന്നുണ്ടു്. ഈ ചെറുപ്പക്കാർ എനിക്കു, വായിക്കുവാൻ പുസ്തകങ്ങൾ തരും. അത്യാൎത്തിയോടെ ഞാൻ ടർജനീവിൻെറ പുസ്തകങ്ങൾ വായിച്ചു. അദ്ദേഹത്തിൻെറ ലളിതകോമളമായ ഭാഷ എന്നെ ആകർഷിച്ചു. അദ്ദേഹത്തിൻെറ കഥാപാത്രങ്ങളുടെ പരിശുദ്ധി എന്നെ ആവേശംകൊള്ളിച്ചു. അദ്ദേഹം ഉന്നയിച്ച ആശയങ്ങളുടെ ഭംഗി എന്നെ കോൾമയിർ കൊള്ളിച്ചു. പൊമിലോവിസ്കിയുടെ "സെമിനാറി"എന്ന പുസ്തകം, പ്രതിമയുണ്ടാക്കുന്ന പ്രവൃത്തിശാലയിലെ ജീവിതത്തെ എങ്ങിനെ പ്രതിഫലിപ്പിക്കുന്നു എന്നുകണ്ടു ഞാൻ ആശ്ചൎയ്യപ്പെട്ടു. ആ പ്രവൃത്തിശാലയിലെ മുഷിപ്പൻജീവിതത്തിൽ അവർ അപരിഷ്കൃതമായ കുസൃതികളെക്കൊണ്ടു രസം പിടിപ്പിക്കുവാൻ ശ്രമിച്ചതു ഞാൻ ഓൎമ്മിച്ചു.

റഷ്യൻപുസ്തകങ്ങൾ വായിക്കുന്നതു ഒരു നല്ല കാൎയ്യമാണു്. അവയിൽ എനിക്കു് സുപരിചിതമായ വ്യസനകരമായ കാൎയ്യ

ങ്ങൾ ഞാൻ ദർശിച്ചു. അവയിൽ മനോഹരമായ സംഗീതം അടച്ചുപൂട്ടിയതായി ഞാൻ വിചാരിച്ചു. ആ പുറംചട്ടകളൊന്നു തുറന്നു നോക്കുകയേവേണ്ടു, ആ സംഗീതം മധുരമായി വെളിയിൽ ആലാപിച്ചു കേൾക്കാൻ.

മററു ചില പുസ്തകങ്ങൾ വായിക്കുമ്പോൾ എനിക്കെന്തെന്നില്ലാത്ത മടുപ്പു തോന്നും. ആ പുസ്തകങ്ങൾ മൊത്തത്തിൽ ആക്കം പുസ്തകങ്ങളുടെ പേരിൽ ഒരറപ്പു തോന്നിക്കാൻമാത്രമേ പര്യാപ്തമാകയുള്ളു.

ഡിക്കൻസിന്റെയും വാൾട്ടർസ്കോട്ടിന്റെയും പുസ്തകങ്ങൾ എനിക്കിഷ്ടമായി. ഏററവും സന്തോഷത്തോടെ അവരുടെ പുസ്തകങ്ങൾ ഞാൻ മൂന്നും നാലും പ്രാവശ്യം വായിച്ചു. വാൾട്ടർ സ്കോട്ടിന്റെ പുസ്തകങ്ങൾ വായിക്കുമ്പോൾ, വലിയ പള്ളിയിൽ നടക്കുന്ന പ്രാർത്ഥനാചടങ്ങുകൾ എനിക്കു് ഓർമ്മയിൽ വരും. നീണ്ട കാര്യങ്ങൾ; എന്നാൽ ഒരുത്സവചാരായ അവകളുണ്ടു്. ഇപ്പോഴും ഡിക്കൻസ് ഒരു നല്ല എഴുത്തുകാരനായിത്തന്നെ പരിലസിക്കുന്നു; ഞാൻ അദ്ദേഹത്തെ ബഹുമാനിക്കുന്നു. ജനങ്ങളെ സ്നേഹിക്കുകയെന്ന ഏററവും വിഷമം പിടിച്ച ആ കലയിൽ വലിയ പ്രാഗത്ഭ്യം നേടിയ ഒരെഴുത്തുകാരനാണ് അദ്ദേഹം.

വൈകുന്നേരം ഞങ്ങൾ, ചെറുപ്പക്കാർ കുറെ ആളുകൾ പൂമ്പഖുത്തു കൂടിച്ചേരും. മാർഗ്ഗോട്ടുരാജ്ഞി താമസിച്ച മാളികയിലെ സഹോദരീസഹോദരന്മാർ, ചപ്പമൂക്കനായ വ്യാക്കസ്ലേവ്; സെമഷ്കൊ എന്നു പേരായ ഒരു വിദ്യാർത്ഥി മററു കുറെ കുട്ടികൾ—ടീസിൻ എന്നു പേരായ ഒരു വലിയ ഉദ്യോഗസ്ഥന്റെ മകളും ഇടക്കു ഞങ്ങളോടൊപ്പം ചേരും.—ഞങ്ങൾ പുസ്തകങ്ങളെക്കുറിച്ചും കവിതയെക്കുറിച്ചും സംസാരിച്ചു. എനിക്കു് പ്രിയതരവും എളുപ്പം മനസ്സിലാകുന്നതുമായ വിഷയങ്ങൾ. ഈ ചെറുപ്പക്കാരിൽ ആരേക്കാളും അധികം ഞാൻ വായിച്ചിട്ടുണ്ടു്. പലപ്പോഴും എന്റെ ആ ചങ്ങാതികൾ സ്കൂളിനെപ്പററി സംസാരിക്കും; അ

വരുടെ ഗുരുനാഥന്മാരെപ്പററി ആവലാതിപ്പെട്ടം. അവരുടെ സംസാരം കേൾക്കുമ്പോൾ എനിക്കു തോന്നും എനിക്കാണ് കൂടുതൽ സ്വാതന്ത്ര്യമുള്ളതെന്നു. അവർ ഇങ്ങിനെ കഷ്ടപ്പെടേണ്ടിവരുന്നതെന്തിനാണെന്നു ഞാൻ ആശ്ചര്യപ്പെട്ടു. എന്നാലും എനിക്കവരോടസൂയതോന്നി. കാരണം അവർ പഠിക്കുന്നുണ്ട്.

എൻെറ ചങ്ങാതികൾക്ക് എന്നേക്കാൾ പ്രായമുണ്ട്. എന്നാൽ ഞാൻ അവരേക്കാൾ മുതിർന്നവനും ലോകപരിചയമുള്ളവനുമാണെന്ന് എനിക്കു തോന്നി. ഇതു ചിലപ്പോൾ എന്നെ നിരാശപ്പെടുത്തി. എനിക്കവരോടു കൂടുതൽ അടുക്കേണമെന്നാഗ്രഹമുണ്ടായിരുന്നു. ഞാൻ വളരെ വൈകിയിട്ടു രാത്രി വീട്ടിലേക്കു പോകും. ദേഹം മുഴവൻ പൊടിയും ചളിയും പുരണ്ടിരിക്കും. അവരുടേതിൽനിന്നും ഭിന്നമായ ഒരു വ്യവസ്ഥയെക്കുറിച്ചുള്ള ആശയമാണ് ഞാൻ രൂപീകരിച്ചിട്ടുണ്ടായിരിക്കുക. ചുരുക്കത്തിൽ അവർ എല്ലാവരുടേയും അനുഭവങ്ങൾ ഒന്നുതന്നെയായിരുന്നു. അവർ പെൺകുട്ടികളെക്കുറിച്ച് ധാരാളം സംസാരിക്കും. അവർ ഒരിക്കൽ ഒരു പെൺകുട്ടിയിൽ അനുരക്തരാകും. പിന്നെ അവക്കു മറെറാരുവളിൽ അഭിനിവേശം ജനിക്കും. അവർ കവിതയെഴുതുവാൻ പരിശ്രമിക്കാറുണ്ട്. പലപ്പോഴം അവർ എൻെറ സഹായം തേടും. ഞാൻ സന്തോഷത്തോടെ കവിതാനിർമ്മാണത്തിൽ ഒരു കൈ പരിശ്രമിക്കും. എനിക്കു വരികൾ എളുപ്പം തോന്നും. പക്ഷെ എങ്ങിനെയൊ എൻെറ കവിത എപ്പോഴം ഹാസ്യരസപ്രധാനമായിരിക്കും. ഞാൻ ഉദ്യോഗസ്ഥൻെറ മകളെ (അധികം കവിതകളും അവൾക്കുള്ള സമർപ്പണങ്ങളായിരിക്കും) വല്ല പച്ചക്കറികളോടും ഉപമിക്കും മിക്കവാറും ഒരു വലിയ ഉള്ളിയോടും.

സെംഷ്ക്കോ എന്നോടു പറഞ്ഞു: "ആ വരികൾ കവിതയാണെന്നാണോ ഭാവം. അവ ചെരിപ്പുകുത്തികളുടെ ആണികളാണ്."

മററുള്ളവരോടൊപ്പം എത്താൻവേണ്ടി, ഞാനും ആ ഉദ്യോഗസ്ഥൻെറ മകളിൽ അനുരക്തനായി. ഞാൻ എൻെറ വികാരങ്ങഠം അവളെ അറിയിച്ചതെങ്ങിനെയാണെന്നെനിക്കോമ്മയില്ല. എന്നാൽ ആ സംഭവം ദുഃഖകരമായിട്ടാണ് പര്യവസാനിച്ചതു്. ഗെസ്ഡിൻകുളത്തിൽ ഒഴുകുന്ന ഒരു പലകമേൽ കയററി അവളെ സവാരിചെയ്യിക്കാമെന്നു് ഞാൻ ഒരു ദിവസം അവളോടു പറഞ്ഞു. അവഠം എൻെറ അഭിപ്രായം സ്വീകരിച്ചു--ഞാൻ പലക കരയുടെ അടുത്തായി വെള്ളത്തിലിട്ടു അതിന്മേൽ കയറിനിന്നു. അതു എൻെറ ഭാരം താങ്ങാൻ മതിയായിരുന്നു. എന്നാൽ ആ പെൺകുട്ടി, നല്ല വസ്ത്രങ്ങളണിഞ്ഞ നിലയിൽത്തന്നെ, എന്നോടൊപ്പം നല്ല ചന്തത്തിൽ പലകമേൽ കയറി നിന്നപ്പോഠം, പലക ഉരുണ്ടുകളഞ്ഞു. അവഠം വെള്ളത്തിൽ മറിഞ്ഞുവീഴുകയും ചെയ്തു. വലിയ പരിഭ്രമത്തോടെ ഞാനും ഒപ്പം വെള്ളത്തിൽച്ചാടി അവളെ കരയിലേക്കെടുത്തു കയററി. എന്നാൽ ഭയവും ചളിവെള്ളവും അവളുടെ സൌന്ദര്യത്തെ അലങ്കോലപ്പെടുത്തി. നനഞ്ഞ മുഷ്ടി എൻെറ നേരെ ഓങ്ങിയുംകൊണ്ടവഠം വിളിച്ചുപറഞ്ഞു:

"നീ കരുതിക്കൂട്ടി എന്നെ വെള്ളത്തിൽ തള്ളിയിട്ടതാണു".

എൻെറ ക്ഷമായാചനകഠം സ്വീകരിക്കുവാൻ അവഠം തയ്യാറായില്ല. അവഠം എൻെറ ആജന്മശത്രുവായിത്തീരുകയുംചെയ്തു.

നഗരത്തിലെ ആ ജീവിതം ഒട്ടും രസകരമായിരുന്നില്ല. വീട്ടിൽ വലിയ യജമാനത്തി അപ്പോഴും എന്നെ വെറുക്കുകയായിരുന്നു. ചെറിയവർ എന്നെ എപ്പോഴും സംശയദൃഷ്ടിയോടെ വീക്ഷിച്ചു. വിക്ടർ എല്ലാവരോടും കുതിച്ചുകയറും. അഗാധമായ എന്തോ ഇരുണ്ട ചിന്തകളാൽ പ്രേരിതനായിട്ടു.

എൻെറ യജമാനന്നു വരയാൻ ധാരാളം ഓഡർ കിട്ടും— അനുജനും വേണ്ടത്രയുണ്ടു. അതുകൊണ്ടു എൻെറ പിറക്കാതച്ഛനെ അയാഠം ചിലപ്പോഠം സഹായത്തിന്നു വിളിക്കും.

ഒരു ദിവസം ചന്തസ്ഥലത്തുനിന്നു ഞാൻ വളരെ നേരത്തെ മടങ്ങിവന്നു; ഞാൻ തീൻമുറിയിൽ പ്രവേശിച്ചു. അപ്പോഴുണ്ടു ആ മനുഷ്യൻ, വളരെക്കാലമായി ഞാൻ ഒന്നുംതന്നെ ഓക്കാതിരുന്ന ആ മനുഷ്യൻ, യജമാനനോടൊപ്പമിരുന്നു ചായ കഴിക്കുന്നു. അയാഠം എൻെറ നേരെ കൈ നീട്ടി.

"സുഖംതന്നെയല്ലെ?"

ഈ സന്ദൎശനം അപ്രതീക്ഷിതമായിരുന്നതുകൊണ്ടു ഞാൻ അമ്പരന്നുപോയി. പെട്ടെന്നു പഴയ സംഭവങ്ങഠം പലതും എൻെറ മനോമുകുരത്തിൽക്കൂടി കടന്നുപോയി. തീ പാളുന്നതുപോലെ എൻെറ ഹൃദയം കഠിന വേദന അനുഭവിച്ചു.

"നിങ്ങഠം അവനെ അമ്പരപ്പിച്ചുകളഞ്ഞു."

മുതലാളി അഭിപ്രായപ്പെട്ടു.

എൻെറ പിറക്കാതച്ഛൻ ക്ഷീണിച്ച മുഖഭാവത്തോടെ പുഞ്ചിരിയിട്ടുംകൊണ്ടെന്നെ വീക്ഷിച്ചു. അയാളുടെ ഇരുണ്ട കണ്ണുകഠം വളരെ വലുതായിട്ടുണ്ടെന്നു തോന്നി. അയാഠം വല്ലാതെ പരവശനായി കാണപ്പെട്ടു. ഞാൻ എൻെറ കൈ അയാളുടെ മെലിഞ്ഞ ചൂടുള്ള വിരലുകഠംക്കിടയിൽ വെച്ചുകൊടുത്തു.

"അങ്ങിനെ നമ്മഠം വീണ്ടും കണ്ടുമുട്ടുന്നു".

അയാഠം ചെറുതായൊന്നു ചുമച്ചുംകൊണ്ടു പറഞ്ഞു.

ഞാൻ പുറത്തേക്കുപോയി. നല്ല ഇടികഠം കൊണ്ടതുപോലെ എനിക്കു വല്ലാത്ത ബലഹീനത തോന്നി.

ഞങ്ങളുടെ ബന്ധം വളരെ അകന്നു വെറും നാട്യം മാത്രമായിരുന്നു. അയാഠം എന്നെ തുല്യനിലയിൽ കരുതുന്നതുപോലെ സംബോധന ചെയ്യും.

"സ്റ്റോറിലേക്കു പോകുന്നുണ്ടെങ്കിൽ ദയചെയ്തു ഒരു റാത്തൽ ലാഫേം പുകയിലയും നൂറു സിഗരററു ചുരുട്ടുന്ന കടലാസുകളും,

ഒരു റാത്തൽ വേവിച്ച പന്നിയിറച്ചിയും കൊണ്ടുവരണം". അങ്ങിനെയാണയാൾ സംസാരിക്കുക.

അയാൾ എന്റെ കയ്യിൽ തരുന്ന നാണയങ്ങൾ വല്ലാതെ ചൂടുണ്ടായിരിക്കും. അയാൾക്കു ക്ഷയം പിടിച്ചിരിക്കയാണെന്നും, അയാൾ വളരെയൊന്നും ജീവിക്കുകയില്ലെന്നും കാണാൻ വിഷമമുണ്ടായിരുന്നില്ല. ഇതയാൾക്കും ബോദ്ധ്യമായിരുന്നു. കുപ്പായത്തിന്റെ അററം തിരുകിപിടിച്ചുംകൊണ്ടു അയാൾ അഗാധമായ സ്വരത്തിൽ പറയും:

"എന്റെ ഈ രോഗത്തിന്നു വിശേഷിച്ചു, യാതൊരു ചികിത്സയും ഇല്ല. ധാരാളം മാംസം തിന്നുകയാണെങ്കിൽ ഒരു പക്ഷെ രോഗം മാറിയെന്നും വരാം, ആർക്കറിയാം—ഒരു പക്ഷെ എനിക്കറിയാം".

വിശ്വസിക്കാൻ കഴിയാത്തത്ര അധികം, ഭക്ഷണസാധനങ്ങൾ അയാൾ അകത്താക്കും. അയാൾ ധാരാളം തിന്നും. ധാരാളം പുക വലിക്കും. സിഗരററു വായിൽനിന്നെടുക്കുമ്പോൾ വല്ലതും തിന്നാൻ അയാൾ വായിൽ തള്ളിയിടും എല്ലാ ദിവസവും ഞാൻ അയാൾക്കു മാംസവും, മത്തിയും മററും വാങ്ങിക്കൊണ്ടു പോയിക്കൊടുക്കും. അമ്മമ്മയുടെ സഹോദരി വലിയ സംതൃപ്തിയോടെ ഉറപ്പിച്ചു പറഞ്ഞു.

"മരണത്തെ ചെറു തുണ്ടങ്ങൾകൊണ്ടു തൃപ്തിപ്പെടുത്തുവാൻ സാദ്ധ്യമല്ല. മരണത്തെ തോല്പിക്കുവാൻ വയ്യ. തീർച്ചയായും വയ്യ".

ആ സ്ത്രീ എന്റെ പിറക്കാത്തച്ഛന്റെ പേരിൽ എന്തെന്നില്ലാത്ത ഉൽക്കണ്ഠ പ്രദർശിപ്പിച്ചു. പുതിയ മററു വല്ല മരുന്നും കഴിക്കേണമെന്നവർ അദ്ദേഹത്തോടുപദേശിച്ചു. അദ്ദേഹം കേൾക്കാതെ അദ്ദേഹത്തെ അവർ പരിഹസിക്കുകയും ചെയ്യും.

"ഒരു വലിയ മാന്യൻതന്നെ" ചെറിയ യജമാനത്തിപറഞ്ഞു. "അയാൾ പറയുന്ന ഭക്ഷണത്തിന്റെ ശകലങ്ങൾ കൂടക്കൂ

ടെ മേശമേൽനിന്നും നീക്കം ചെയ്യണം, ഭക്ഷണത്തിൻെറ ശകലം ഈച്ചയെ വിളിച്ചുവരുത്തും എന്നു്."

"ഓ—ഒരു വലിയ മാന്യൻ തന്നെ". വലിയ യജമാനത്തി പരിഹാസസ്വരത്തിൽ ചോദിച്ചു. "അയാളുടെ കോട്ടു് കീറി വെറും നൂലുകളായിക്കഴിഞ്ഞിട്ടുണ്ടു്. എന്നിട്ടും അയാൾ അതു ബ്രഷുകൊണ്ടു തുടക്കുന്നതു കണ്ടില്ലെ. ഒരു ചെറിയ പൊടിയുടെ അടയാളം പോലും ബാക്കിയാക്കയില്ല".

"നിങ്ങൾ സൂക്ഷിച്ചോ, ചിലക്കുന്ന കോഴികളെ—അയാൾ വളരെ കഴിയാതെ, മരിച്ചുപോകും". യജമാനൻ അവരെ സമാശ്വസിപ്പിക്കാനെന്നപോലെ പറഞ്ഞു.

നഗരവാസികളായ, ഈ അനഭ്യസ്തർ, ബുദ്ധിജീവികളുടെ നേരെ പ്രദർശിപ്പിച്ചുകണ്ട ഈ പുച്ഛഭാവം കണ്ടപ്പോൾ, ഞാൻ എൻെറ പിറക്കാതച്ഛൻെറ പക്ഷം പിടിക്കേണ്ടതാണെന്നെനിക്കു തോന്നി—ഭ്രാന്തൻ കൃമിറ, വിഷകരമായിരിക്കാം. എന്നാൽ അവ കാണാൻ ഭംഗിയുള്ളവയാണ്.

ഈ ആളുകളുടെ മുമ്പാകെ എൻെറ പിറക്കാതച്ഛന്നു, വല്ലാത്ത അസഹ്യത തോന്നിയിരിക്കണം—ഒരു കോഴിക്കൂട്ടിൽ പെട്ടുപോയ ഒരു മത്സ്യത്തെപ്പോലെ– ഞങ്ങൾ നയിക്കുകയായിരുന്ന ജീവിതത്തെ വ്യക്തമാക്കാൻ ഉതകുന്ന ഒരുപമയാണിതു.

അയാളിൽ ഞാൻ "അതു നന്നായി"യുടെ സ്വഭാവങ്ങൾ ദർശിക്കാൻ തുടങ്ങി.

"അതു നന്നായി"യെ ഞാൻ ഒരിക്കലും മറക്കുകയില്ല. ഞാൻ വായിച്ച പുസ്തകങ്ങളിൽ കണ്ട വർണ്ണനകളുടെ സഹായത്തോടുകൂടി "അതു നന്നായിയെയും" മാർഗ്ഗോട്ടു റാണിയേയും കൂടുതൽ ആകർഷകമായി ഭാവിക്കുവാൻ ഞാൻ ശ്രമിച്ചു.–എന്നിലുള്ള ഏററവും നല്ല വശങ്ങൾ അവരിലും ആരോപിക്കുവാൻ ഞാൻ ശ്രമിച്ചു. എൻെറ വായനയിൽക്കൂടി എനിക്കു ലഭിച്ച മുഴുവൻ ഭാവ

നാശക്തിയും അക്കാൎയ്യത്തിൽ വിനിയോഗിക്കുവാൻ ഞാൻ ശ്രമിച്ചു. "അതു നന്നായി" യെപ്പോലെ എന്റെ പിറക്കാത്തച്ഛനും എല്ലാവരിൽനിന്നും അകന്നു കഴിയുകയായിരുന്നു. വീട്ടിലുള്ള എല്ലാവരോടും അയാൾ ഒരേമട്ടിൽ പെരുമാറി. ആരോടും അങ്ങോട്ടൊന്നും പറയുവാൻ തുടങ്ങുകയില്ല. മററുള്ളവരുടെ ചോദ്യങ്ങൾക്കു വളരെ മൎയ്യാദയോടെ ഏതാനും വാക്കുകളിൽ മറുപടി പറയും. അയാൾ എന്റെ യജമാനനെ പഠിപ്പിക്കുവാൻ ശ്രമിക്കുന്നതു കാണുമ്പോൾ എനിക്കു വലിയ തമാശ തോന്നി. അയാൾ മേശക്കരികെ കുനിഞ്ഞുനിൽക്കും. കൈവിരൽകൊണ്ടു കടലാസിൽ ഒച്ചപ്പെടുത്തിയുംകൊണ്ടു വിവരിച്ചുകൊടുക്കും.

"ഇവിടെ കഴക്കോലിന്നു ഒരു മുട്ടുകൊടുത്തു് ഭാരം ശരിപ്പെടുത്തണം. അല്ലെങ്കിൽ കഴക്കോൽ ചുമരിൽക്കൂടി പുറത്തേക്കു തള്ളിക്കളയും".

"അതു ശരിയാണു്, നാശം". യജമാനൻ മറുപടിപറയും, എന്റെ പിറക്കാത്തച്ഛൻ പുറത്തേക്കു പോയാൽ യജമാനന്റെ ഭാൎയ്യ അഭിപ്രായപ്പെടും.

"അയാൾ നിങ്ങളെ ഇങ്ങിനെ പഠിപ്പിക്കാൻ ശ്രമിക്കുന്നതു നിങ്ങളെന്തിനാണനുവദിക്കുന്നതു്".

അത്താഴം കഴിഞ്ഞതിനുശേഷം പിറക്കാത്തച്ഛൻ പല്ലുതേച്ചു മുഖം കഴുകും. അപ്പോൾ അയാളുടെ കഴുത്തിന്റെ മുഴ തള്ളിനിൽക്കുന്നുണ്ടായിരിക്കും. ഇതു കാണുമ്പോൾ, യജമാനത്തിക്കു ദേഷ്യം തോന്നും.

"നിങ്ങൾ അങ്ങിനെ പിന്നാക്കം ചായുന്നതു നന്നല്ല, എന്നാണെനിക്കു തോന്നുന്നതു്, യവ്ജനിവാസിലേവിക്ക്". അവർ ഒരു പ്രാവശ്യം ഒരു കറങ്ങുന്ന ശബ്ദത്തിൽ അയാളെ ഗുണദോഷിച്ചു.

അയാൾ പുഞ്ചിരിയിട്ടുകൊണ്ടു വളരെ മൎയ്യാദയോടെ മറുപടി പറഞ്ഞു.

"നിങ്ങൾ എന്തിനാണങ്ങിനെ വിചാരിക്കുന്നതു്?"

"അതു—കാരണം—"

ഒരു ചെറിയ പല്ലുകുത്തി എടുത്തു അയാൾ തന്റെ നഖങ്ങളുടെ അഴുക്കു് ചിള്ളുവാൻ തുടങ്ങി.

"നോക്കു, അയാൾ നഖങ്ങൾപോലും വൃത്തിയാക്കുന്നു". അയാൾ വെളിയിലേക്കു പോയപ്പോൾ യജമാനത്തി ആശ്ചര്യപൂർവ്വം പ്രസ്താവിച്ചു:" ഒരു കാൽ കുഴിയിലേക്കു നീട്ടിയിരിക്കുകയാണു്—എന്നിട്ടും—".

"ഹൊ! നിങ്ങൾ എന്തു വിഡ്ഢികളാണ്. ചിലക്കുന്നകോഴിക്കുഞ്ഞുങ്ങൾ" മുതലാളി പറഞ്ഞു.

"നിങ്ങൾ എന്തിനാണങ്ങിനെ പറയുന്നതു്". അദ്ദേഹത്തിന്റെ ഭാര്യ പ്രതിഷേധിച്ചു.

രാത്രി വലിയ യജമാനത്തി ദൈവത്തോടാവലാതിപ്പെട്ടും.

"ആ ദ്രോഹത്തിനെ എന്റെ പിരടിയിൽവെച്ചു കെട്ടിയിരിക്കുകയാണ്. വിക്ടർ വീണ്ടും, ഒന്നിനും കൊള്ളാത്തവനായിക്കഴിഞ്ഞു".

വിക്ടർ എന്റെ പിറക്കാതച്ഛന്റെ ശീലങ്ങൾ അനുകരിക്കുവാൻ തുടങ്ങി. സാവധാനത്തിലുള്ള നടത്തം, തറവാടിത്തത്തോടുകൂടിയ കൈവീശൽ, ടൈ കെട്ടുന്നതിലുള്ള വടിവു, ശബ്ദമുണ്ടാക്കാതെ ഭക്ഷണം കഴിക്കൽ—ഇവയെല്ലാം അയാൾ അനുകരിച്ചു. അയാൾ പലപ്പോഴും പിറക്കാതച്ഛനോടു ചോദിച്ചു.

"ഫ്രഞ്ചിൽ നിങ്ങൾ കാൽമുട്ടിനെന്താണ് പറയുക—മെക്സിമോവ്!"

"എന്റെ പേർ യവ്ജനിവേസിലേവിക്ക് എന്നാണ്" പിറക്കാതച്ഛൻ ശരിപ്പെടുത്തി.

"ഓ—ശരി-ശരി, മാറിന്നോ?"

അത്താഴം കഴിച്ചുകൊണ്ടിരിക്കുമ്പോൾ വിക്ടർ അയാളുടെ അമ്മയോടു ഫ്രഞ്ചിൽ പലതിന്നും ചോദിക്കും.

"ഓ, വലിയ ഫ്രഞ്ചുകാരൻ". ആ കിഴവി ഇക്കിളിയായ പോലെ മറുപടി പറയും

എൻെറ പിറക്കാത്തച്ഛൻ, ബധിരനെപ്പോലെ, ഊമനെപ്പോലെ ഒന്നും ശ്രദ്ധിക്കാതെ, മാംസക്കഷണങ്ങൾ സാവധാനം ചവച്ചിറക്കും.

ഒരു ദിവസം ജ്യേഷ്ഠൻ അനുജനോടു പറഞ്ഞു:

"ഇപ്പോൾ നീ ഫ്രഞ്ചു സംസാരിക്കാൻ പഠിച്ചുകഴിഞ്ഞിട്ടുള്ളതുകൊണ്ടു വിക്ടർ, നീ ഒരു ഭാൎയ്യയെ കൊണ്ടുവരണം".

അതു കേട്ടപ്പോൾ മാത്രമാണ് എൻെറ പിറക്കാത്തച്ഛൻ ഒരൊററപ്രാവശ്യം പുഞ്ചിരിയിടുന്നതു ഞാൻ കണ്ടതു്.

എന്നാൽ യജമാനൻെറ ഭാൎയ്യ കാണ്ടി താഴെയിട്ടുംകൊണ്ടു ക്രോധത്തോടെ ഭർത്താവിനെ കുററപ്പെടുത്തി.

"അങ്ങിനെയുള്ള ലജ്ജാവഹമായ കാൎയ്യങ്ങൾ എൻെറ മുമ്പാകെവെച്ചു പറയാൻ നിങ്ങൾക്കു ധൈൎയ്യമുണ്ടായല്ലോ?" ചിലപ്പോൾ വീട്ടിൻെറ പിൻഭാഗത്തെ വാതിൽക്കൽ ഞാൻ കിടന്നുറങ്ങുന്ന സ്ഥലത്തു എൻെറ പിറക്കാതച്ഛൻ വന്നിരിക്കും. അവിടെവെച്ചാണ് ഞാൻ പുസ്തകങ്ങൾ വായിക്കാറുണ്ടായിരുന്നതു്.

"വായിക്കയാണോ" കുറെ പുക ഉള്ളിലേക്കു വലിച്ചുകയററി ഒച്ചപ്പെടുത്തിയുംകൊണ്ടു ഒരിക്കൽ അദ്ദേഹം എന്നോടു ചോദിച്ചു. "എന്താണ് പുസ്തകം?"

ഞാൻ പുസ്തകം അയാളെ കാണിച്ചു. "ഓ" അയാൾ പുസ്തകത്തിൻെറ പേർ നോക്കിയുംകൊണ്ടു പറഞ്ഞു. "ഞാൻ അതു വായിച്ചിട്ടുണ്ടെന്നു തോന്നുന്നു. ഒന്നു വലിക്കുന്നോ?"

ഞങ്ങൾ രണ്ടുപേരും പുക വലിച്ചു. ജനലിൽകൂടി ചളി പുരണ്ട മുററത്തേക്കു നോക്കി.

"നിനക്കു പഠിക്കാൻ പററുന്നില്ലെന്നതു വലിയ കഷ്ടംതന്നെ യാണ്". അയാൾ പറഞ്ഞു, "നിനക്കതിന്നു കഴിവുണ്ടെന്നു തോന്നുന്നു".

"ഞാൻ പഠിക്കുന്നുണ്ടു്—ധാരാളം വായിക്കുന്നുണ്ടു".

"അതു പോരാ, നീ സ്കൂളിൽ പോയി പഠിക്കുകതന്നെ വേണം".

എനിക്കയാളോടു് പറയണമെന്നു തോന്നി. "മാന്യരെ നിങ്ങൾ സ്കൂളിൽ പോയി പഠിക്കുകയും മററും ചെയ്തിട്ടുണ്ടല്ലോ. എന്നിട്ടു നിങ്ങൾ എന്തു സമ്പാദിച്ചു?"

എൻെറ വിചാരം മനസ്സിലായതുപോലെ അയാൾ തുടന്നു: "ഒരാൾക്കു ഉദ്ദേശസാദ്ധ്യമുണ്ടെങ്കിൽ, സ്കൂളിൽവെച്ചുള്ള പഠിപ്പു നല്ല ഒരു പരിശീലനമാണ്. അഭ്യസ്തവിദ്യരായ ആളുകൾക്കു മാത്രമേ ഈ ജീവിതത്തിൽ വിജയം കൈവരിക്കാൻ കഴിയുകയുള്ളൂ."

അയാൾ ഒന്നിലധികം പ്രാവശ്യം എന്നോടു പറഞ്ഞു.

ഇവിടെനിന്നു നീ വിട്ടുപോകണം. നീ ഇവിടെ താമസിക്കുന്നതിൽ യാതൊരു അത്ഥവും ഞാൻ കാണുന്നില്ല.

"എന്നാൽ എനിക്കു തൊഴിലാളികളെ ഇഷ്ടമാണ്."

"അവരെ ഇഷ്ടപ്പെടുവാൻ മാത്രം എന്താണുള്ളതു്."

"അവർ ബുദ്ധിശൂന്യരല്ല".

"ആയിരിക്കാം".

ഒരിക്കൽ അദ്ദേഹം പറഞ്ഞു: "അങ്ങിനെ പറയുകയാണെങ്കിൽ, നമ്മുടെ മുതലാളികൾ എന്തു മൃഗങ്ങളാണ്—തനി മൃഗങ്ങൾ".

ഏതു സന്ദർഭത്തിൽ, എപ്പോഴാണ് എൻെറ അമ്മ അതേ വാക്കുകൾ ഉപയോഗിച്ചതെന്നോമ്മിച്ചപ്പോൾ ഞാൻ അറിയാതെ ചൂളിപ്പോയി.

"ഈ അഭിപ്രായത്തോടു നീ യോജിക്കുന്നില്ലേ?"

"ഞാൻ തീർച്ചയായും യോജിക്കുന്നു".

"അതെനിക്കും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്".

എന്നാൽ എനിക്കെൻെറ മുതലാളിയെ ഇഷ്ടമാണു്".

"അതെ അയാറം ഒരു നല്ല സ്വഭാവമുള്ള ആളാണ്. എന്നാലും അയാറം പരിഹാസ്യമായി പെരുമാറുന്നുണ്ടു്."

അയാളോടു പുസ്തകങ്ങളെക്കുറിച്ചു് സംസാരിക്കേണമെന്നു് ഞാൻ വിചാരിക്കും. എന്നാൽ അയാറംക്കു പുസ്തകങ്ങളിൽ താല്പര്യമുണ്ടായിരുന്നില്ല.

"പുസ്തകങ്ങറം വായിച്ചധികസമയം കളയരുതു്." അയാറം പലപ്പോഴും പറയും. "പുസ്തകങ്ങളിൽ എല്ലാംതന്നെ ചമൽക്കാരം ചേർത്തു പറയുകയാണു്. ഏതെങ്കിലും ഒരു വശത്തേക്കു കൂട്ടതൽ ചേർത്തു പറയും. അധികം ഗ്രന്ഥകാരന്മാരും നമ്മുടെ ഇവിടെയുള്ള മുതലാളിയെപ്പോലെയാണു്.— അല്പന്മാരായ ആളുകറം".

അത്തരം അഭിപ്രായങ്ങറം ധൈര്യപൂർവ്വമുള്ളതാണെന്നെനിക്കു തോന്നി. അയാളെക്കുറിച്ചെനിക്കു മതിപ്പുതോന്നി.

"ഗോങ്കറോവിൻെറ പുസ്തകങ്ങറം വായിച്ചിട്ടുണ്ടോ?" അയാറം ഒരു ദിവസം എന്നോടു ചോദിച്ചു.

"പല്ലാഡ എന്ന പുസ്തകം വായിച്ചിട്ടുണ്ടു്." ഞാൻ മറുപടി പറഞ്ഞു.

"അതൊരു നല്ല പുസ്തകമല്ല".

എന്നാൽ പൊതുവിൽ ഗോങ്കറോവാണു് റഷ്യയിലെ ഏററവും ബുദ്ധിമാനായ എഴുത്തുകാരൻ. അയാളുടെ ഒബ്ലോമോവു എന്ന പുസ്തകം വായിക്കണം. അതാണു് അയാളുടെ ഏററവും നല്ല പുസ്തകം. പൊതുവിൽ ആ പുസ്തകമാണു് റഷ്യൻ സാഹി

ത്യത്തിൽ ഏററവും നല്ല പുസ്തകം". ഡിക്കൻസിനെപ്പററി അയാൾ പറഞ്ഞു.

"വളരെ മോശം പുസ്തകങ്ങളാണ്. ഞാനാണ് പറയുന്നത്. ഇപ്പോൾ സൂടൈംസിൽ ഒരു രസകരമായ കഥ വരാൻ പോകുന്നുണ്ട്. അതു നീ വായിക്കണം. നിനക്കും പള്ളിയും മതകാര്യങ്ങളും ഇഷ്ടമാണെന്നു തോന്നുന്നുണ്ടല്ലോ? അയാൾതന്നെ സൂടൈംസിൻെറ കുറെ പ്രതികൾ കൊണ്ടുവന്നു. ഞാൻ ആ കഥവായിച്ചു ഞാൻ വായിച്ച അനേകം പുണ്യവാളന്മാരുടെ ജീവചരിത്രം ഞാൻ ഓർമ്മിച്ചു. എന്നാൽ അതൊരിക്കലും എന്നെ ആകർഷിച്ചില്ല.

ഇതു ഞാൻ അദ്ദേഹത്തോടു തുറന്നു പറഞ്ഞപ്പോൾ അയാൾ ശാന്തമായി മറുപടി പറഞ്ഞു.

"അതിൻെറ അർത്ഥം അതെല്ലാം വായിച്ചു മനസ്സിലാക്കാൻമാത്രം നിനക്കു പ്രായമായിട്ടില്ലെന്നു മാത്രമാണ്. എന്നാലും ഈ കഥയെപ്പററി മറന്നുപോകരുത്".

ചിലപ്പോൾ ഒന്നും മിണ്ടാതെ അദ്ദേഹം എൻെറ അരികെ വളരെനേരം ഇരിക്കും. ചുമച്ചുകൊണ്ടും, പുകവലിച്ചു വിട്ടുകൊണ്ടും, അയാളുടെ ഭംഗിയുള്ള കണ്ണുകൾക്കു ഭയം തോന്നിക്കുന്ന ഒരു പ്രകാശം ഉണ്ടായിരുന്നു. ഞാൻ അയാളുടെ സമീപമിരുന്നു, ശാന്തമായയാളെ നോക്കിക്കൊണ്ടിരിക്കെ, ഒരു കാലം ഇയാൾ എൻെറ അമ്മയുടെ പ്രിയതമനായിരുന്നു എന്നും അമ്മയോടയാൾ ക്രൂരമായി പെരുമാറിയിരുന്നു എന്നും ഞാൻ വിസ്മരിച്ചു. അയാൾ യാതൊരാക്ഷേപവുമില്ലാതെ, സാവധാനം അങ്ങിനെ മരിച്ചുകൊണ്ടിരിക്കുകയാണെന്നു ഞാൻ ഓർമ്മിച്ചു. ഇപ്പോൾ അയാൾ ഏതോ സ്ത്രീയുമായി ബന്ധംപുലത്തുന്നുണ്ടെന്നോർമ്മിച്ചപ്പോൾ എനിക്കാ സ്ത്രീയോട് വലിയ അനുകമ്പ തോന്നി. ആ സ്ത്രീ എങ്ങിനെയാണ് ആ അസ്ഥിപഞ്ജരത്തെ ആലിംഗനം ചെ

യ്യുന്നതു്; എങ്ങിനെയാണ്, ക്ഷയരോഗം മണക്കുന്ന ആ മുഖത്തു ചുംബിക്കുന്നതു്?

"അതു നന്നായി"യെപ്പോലെ, തികച്ചും പുത്തനായ ചില ആശയങ്ങൾ എന്റെ പിറക്കാതച്ഛനും പെട്ടന്നങ്ങു പുറപ്പെടുവിക്കുന്നതു കാണാം.

"എനിക്കു നായാട്ടുനായ്ക്കളെ ഇഷ്ടമാണ്. അവക്കു ബുദ്ധി കുറവാണ്. എന്നാലും ഞാൻ അവയെ ഇഷ്ടപ്പെടുന്നു. അവ കാണാൻ വളരെ കൌതുകമുണ്ടു്. സുമുഖികളായ സ്ത്രീകളും വിഡ്ഢികളാണ്".

ഞാൻ അല്പം അഭിമാനത്തോടെ വിചാരിച്ചുപോയി.

"നിങ്ങൾ മാർഗ്ഗോട്ടു രാജ്ഞിയെക്കാണേണ്ടതായിരുന്നു".

"കുറേക്കാലം ഒപ്പം ജീവിക്കുന്ന ആളുകൾ, കണ്ടാൽ ഒരുപോലെയിരിക്കും". അയാൾ ഒരു ദിവസം അഭിപ്രായപ്പെട്ടു. ഈ വാചകം ഞാൻ എന്റെ നോട്ടുപുസ്തകത്തിൽ എഴുതിവെച്ചു.

ഞാൻ അയാളുടെ ഈ കണ്ടുപിടുത്തങ്ങളെ കേട്ടു മനസ്സിലാക്കാൻ ശ്രമിച്ചു. യാതൊരു രസവും ആകർഷകത്വവുമില്ലാത്ത സംഭാഷണം മാത്രം കേൾക്കുവാനുള്ള ഇങ്ങിനത്തെ ഒരു വീട്ടിൽ ആരെങ്കിലും പുത്തനായി അഭിപ്രായങ്ങൾ പുറപ്പെടുവിച്ചു കേൾക്കുന്നതു ഒരു രസം തന്നെയാണ്.

എന്റെ പിറക്കാതച്ഛൻ ഒരിക്കലും എന്റെ അമ്മയെക്കുറിച്ചെന്നോടു പറഞ്ഞില്ല. അവരുടെ പേർ തന്നെ അയാൾ പ്രസ്താവിക്കുന്നതായി കേട്ടില്ല. ഇതെനിക്കു സന്തോഷമായിരുന്നു; അതുകൊണ്ടെനിക്കയാളോടു അല്പം ബഹുമാനം തോന്നുകയുംചെയ്തു.

ഒരു ദിവസം ഞാൻ അയാളോടു ഈശ്വരനെക്കുറിച്ചു ചോദിച്ചു. എപ്പോഴാണെന്നെനിക്കോർമ്മയില്ല. അയാൾ എന്നോടു "എനിക്കറിയുകയില്ല. ഞാൻ ഈശ്വരനിൽ വിശ്വസിക്കുന്നില്ല."

ഞാൻ സിററാന്നോവിനെ ഓർമ്മിച്ചു. അവനെക്കുറിച്ചു ഞാൻ പിറക്കാതച്ചനോടു പറഞ്ഞു. മുഴവനും ശ്രദ്ധിച്ചുകേട്ടതിന്നുശേഷം അയാൾ അഭിപ്രായപ്പെട്ടു.

"അവൻ കാര്യങ്ങളെക്കുറിച്ചു് യുക്തിവിചാരം ചെയ്യുകയായിരുന്നു. അങ്ങിനെ യുക്തിവിചാരം ചെയ്യുന്നവർ എന്തിലെങ്കിലും ഒന്നിൽ വിശ്വസിക്കും. എനിക്കാണെങ്കിൽ ഒന്നിലും വിശ്വാസമില്ല".

"അതു സാദ്ധ്യമല്ല".

"എന്തുകൊണ്ടു? നീ തന്നെ കാണുന്നില്ലേ? ഞാൻ ഒന്നിലും വിശ്വസിക്കുന്നില്ല".

ഒരു കാര്യം എനിക്കു കാണാൻ കഴിഞ്ഞു. അയാൾ മരിച്ചുംകൊണ്ടിരിക്കുകയാണെന്നു്. എനിക്കയാളോടനുകമ്പതോന്നിഎന്നു പറയാൻ വിഷമമാണ്. എന്നാൽ അപ്പോഴാണ് എനിക്കാദ്യമായി ഒരു സഹജീവിയുടെ മരണത്തെക്കുറിച്ചുള്ള മനസ്സുഖം, ആദ്യമായനുഭവപ്പെട്ടതു്; മരണത്തിൻെറ അജയ്യമായ ശക്തിയെക്കുറിച്ചു ഞാൻ ചിന്തിച്ചതു.

ആ മനുഷ്യൻ എൻെറ സമീപംതന്നെ ഇരിക്കുന്നു. അയാളുടെ കാൽമുട്ടുകൾ എൻെറ കാലുകളുമായുരസുന്നു. അയാൾ മററുള്ളവർ തമ്മിലുള്ള ബന്ധങ്ങൾ കാണുകയും അതിനെക്കുറിച്ചഭിപ്രായം പറയുകയും ചെയ്യുന്നു. എല്ലാ കാര്യങ്ങളെക്കുറിച്ചും, അതിന്നു തികച്ചും അർഹതയുള്ളതുപോലെ അയാൾ വിധി പുറപ്പെടുവിക്കുന്നു. എന്നിലില്ലാത്ത എന്തോ ഒന്നു് അയാളിൽ ഉണ്ടു്. അല്ലെങ്കിൽ ആവശ്യമില്ലാത്ത എന്തോ അയാൾ വേണ്ടെന്നു വെച്ചിട്ടുണ്ടു. അയാൾ മനസ്സിലാക്കാൻ വിഷമമായ ഒരു ജീവിയാണ്. വികാരങ്ങളുടേയും വിചാരങ്ങളുടേയും ഒരഗ്നിപർവ്വതം. അയാളെക്കുറിച്ചു് ഞാൻ എന്തു വിചാരിച്ചാലും തരക്കേടില്ല. അയാൾ എൻെറ ഒരാളായിത്തന്നെ എനിക്കു തോന്നി.

എന്നോടൊപ്പം എന്നിൽ ജീവിക്കുന്ന ഒരു വ്യക്തി, ഞാൻ അയാളെക്കുറിച്ചു ചിന്തിച്ചു. അയാളുടെ ആത്മാവിൻെറ നിഴൽ എൻെറ ആത്മാവിൽ പതിയുന്നതായി ഞാൻ വിചാരിച്ചു നാളെ അയാൾ അപ്രത്യക്ഷനാകും തികച്ചും. അയാളുടെ ഹൃദയത്തിൽ നീറിക്കൊണ്ടിരിക്കുന്ന വിചാരങ്ങളും അയാളുടെ ഭംഗിയുള്ള വാക്കുകളിൽ തെളിഞ്ഞുകാണുന്ന ആശയങ്ങളും അയാൾ അപ്രത്യക്ഷനാകുമ്പോൾ എന്നെ ഈ ലോകവുമായി ബന്ധിക്കുന്ന മറെറാരു കണ്ണി പൊട്ടിവീഴും. ഒരു സ്മരണ മാത്രം അവശേഷിക്കും. അയാൾ ഒരു സ്മരണമാത്രമായവശേഷിക്കും. ജീവനോടുകൂടിയ അയാളെ എന്നെന്നേക്കുമായി കാണാതാകും. ഇവയെല്ലാം വെറും ചിന്തകളാണ്. അവക്കെല്ലാററിനുമപ്പുറം നിർവ്വചിക്കാനാകാത്ത എന്തോ ഒന്നുണ്ട്. അതു ചിന്തയെ ഉദ്ദീപിപ്പിക്കുകയും വളർത്തുകയും ചെയ്യുന്നു. ജീവിതത്തെക്കുറിച്ചു ചില ചോദ്യങ്ങൾ ചോദിക്കാൻ, എന്തിന്നു എന്നു ചോദിച്ചു ഉത്തരം കണ്ടുപിടിക്കാൻ പ്രേരിപ്പിക്കുന്നു.

"ഞാൻ വളരെ വൈകാതെ കിടപ്പിലാകുമെന്നു തോന്നുന്നു" മഴയുള്ള ഒരു ദിവസം എൻെറ പിറക്കാതച്ഛൻ പറഞ്ഞു. "വല്ലാത്ത ഒരു ക്ഷീണം. ഒന്നും ചെയ്യാൻ ഒരുത്സാഹമില്ല".

പിറേറദിവസം വൈകുന്നേരം ചായ കഴിച്ചുകൊണ്ടിരിക്കെ അദ്ദേഹം വളരെ ശ്രദ്ധയോടെ ഭക്ഷണത്തിൻെറ അവശിഷ്ടങ്ങൾ തുടച്ചു നീക്കുന്നതു കണ്ടു. അദൃശ്യമായ എന്തോ ഒന്നു തള്ളിനീക്കുന്നതുപോലെ, ആംഗ്യം കാണിക്കുകയും ചെയ്തു. വലിയ യജമാനത്തി അയാളെ ചരിഞ്ഞു നോക്കിയുംകൊണ്ടു മകൻെറ ഭാര്യയോടു പറഞ്ഞു:

"നോക്കു, അയാൾ എല്ലാം വെടിപ്പാക്കുകയാണ്. തെയ്യാറെടുത്തു നിൽക്കുകയായിരിക്കും".

രണ്ടു ദിവസം കഴിഞ്ഞപ്പോൾ അയാൾ പ്രവൃത്തിക്കു വന്നു കണ്ടില്ല. അപ്പോൾ വലിയ യജമാനത്തി ഒരു വലിയ വെള്ള ലെക്കോട്ടു എന്റെ കയ്യിൽ വെച്ചുകൊണ്ടു പറഞ്ഞു:

"നോക്കു, ഇതു ഇന്നലെ ഒരു പെൺകുട്ടി ഏതാണ്ടുച്ചസമയത്തു ഇവിടെ കൊണ്ടുവന്നു തന്നതാണ്. ഞാൻ ഇതു നിനക്കു തരാൻ മറന്നുപോയി. ഒരു ചെറിയ പെൺകുട്ടിയാണ്. അവൾ നിനക്കു കത്തു തരേണ്ടതിന്റെ ആവശ്യമെന്താണെന്നെനിക്കു മനസ്സിലാകുന്നില്ല".

ലക്കോട്ടിൽ, ആസ്പത്രിയിൽ ഉപയോഗിക്കുന്ന കടലാസ്സിൽ വലിയ അക്ഷരത്തിൽ ഇങ്ങിനെ എഴുതിയിരുന്നു.

"ഒരു മണിക്കൂർ ഒഴിവുകിട്ടുമെങ്കിൽ എന്നെ വന്നു കാണണം. ഞാൻ മാർട്യനോവ്സ്ക്യ ആസ്പത്രിയിലാണുള്ളത്".

എന്ന്,

വൈ. എം.

പിറെറ ദിവസം രാവിലെ ഞാൻ പിറക്കാതച്ഛന്റെ കാൽക്കൽ, ആസ്പത്രിയിലെ ഒരു കട്ടിൽമേൽ ഇരിക്കുകയായിരുന്നു. അയാൾക്കു കിടക്കയേക്കാൾ നീളമുണ്ട്. അയാളുടെ കാലടികൾ പഴകിക്കീറിയ കാലുറകൾക്കുള്ളിലായി കട്ടിലിന്റെ അററത്തേക്കു തള്ളി നിൽക്കുന്നു. അയാളുടെ ഭംഗിയുള്ള കണ്ണുകൾ മഞ്ഞനിറമുള്ള ചുമരുകളിന്മേൽ സഞ്ചരിക്കുകയാണ്. ഇടക്കു അയാളുടെ നോട്ടം എന്റെ മുഖത്തും, കട്ടിലിന്റെ തലക്കൽ ഒരു പീഠത്തിന്മേൽ ഇരിക്കുന്ന ആ പെൺകുട്ടിയുടെ കൈകളിന്മേലും പതിയുന്നുണ്ട്. അവൾ അവളുടെ കരങ്ങൾ അദ്ദേഹത്തിന്റെ തലയിണയിന്മേൽ വെക്കുമ്പോഴെല്ലാം അയാൾ തന്റെ കവിളുകൾ ആ കയ്യുകളിന്മേൽ ചേർത്തു വെക്കും. ആ പെൺകുട്ടി തടിച്ചിട്ടാണ്. കറുത്ത വസ്ത്രം ധരിച്ചിരിക്കുന്നു. അവളുടെ കവിളുകളിൽക്കൂടി കണ്ണുനീർ ഒഴുകുന്നുണ്ട്. അവൾ പിറക്കാതച്ഛ

ൻെറ മുഖത്തു് ഒട്ടിയ കവിളും തള്ളിനില്ക്കുന്ന മൂക്കും കരുപ്പു പാഞ്ഞ ചുണ്ടുകളുമായി വികൃതമായ, ആ മുഖത്തു, ദൃഷ്ടികൾ ഉറപ്പിച്ചിരിക്കുകയാണ്.

"അദ്ദേഹം പാതിരിയെ വരാൻ സമ്മതിച്ചെങ്കിൽ" അവൾ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു. അദ്ദേഹം അതനുവദിക്കുന്നില്ല— അദ്ദേഹത്തിന്നതു മനസ്സിലാകുന്നുമില്ല".

അവൾ തലയിണയിന്മേൽ നിന്നും കൈ വലിച്ചെടുത്തു, മാറിൽ ചേർത്തുവെച്ചു—പ്രാർത്ഥിക്കുമ്പോഴെന്നപോലെ—.

തെല്ലിട അദ്ദേഹത്തിൻെറ മനസ്സു് തെളിഞ്ഞതായി തോന്നി. അദ്ദേഹം മച്ചിന്മേൽ നോക്കി പരികം ചുളിച്ചു. എന്തോ ഓർമ്മിക്കാൻ ശ്രമിക്കുന്നതുപോലെ. പിന്നെ ചുമച്ചു, ക്ഷീണിച്ചു, കൈ എൻെറ നേരെ നീട്ടി.

"നീയ്യോ? ഞാൻ നിനക്കു നന്ദി പറയുന്നു. നോക്കു, എനിക്കു തോന്നുന്നു. തീരെ വിഡ്ഢിത്തം—".

ഇത്രയും പറഞ്ഞപ്പോൾ അയാൾ പരവശനായിപോയി. അദ്ദേഹം കണ്ണടച്ചു. ഞാൻ അയാളുടെ നീണ്ട വിരലുകളിൽ തലോടി. ആ പെൺകുട്ടി സാവധാനം അപേക്ഷിച്ചു.

"യവ്ജനിവാസിലേവിക്ക്, നിങ്ങൾ ഒന്നു സമ്മതിക്കു".

"നീ ഇവളുമായി പരിചയിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു". അവളുടെ നേരെ കണ്ണുകൊണ്ടാംഗ്യം കാണിച്ചുംകൊണ്ടയാൾ പറഞ്ഞു. "ഒരു നല്ല പെൺകുട്ടി."

അദ്ദേഹം പിന്നെ ഒന്നും പറഞ്ഞില്ല. അയാൾ വായ മലക്കെ തുറന്നു; പെട്ടെന്നു പരുക്കൻസ്വരത്തിൽ ഒരു നിലവിളി— ഒരു കാക്ക കരയുംപോലെ. അയാൾ വിരിപ്പിൽ തിരിഞ്ഞും മറിഞ്ഞും ഉരുണ്ടു. വിരിപ്പിൽ മുറുകെ പിടിച്ചു. കമ്പിളി ചുരുട്ടിക്കുഴച്ചു. ആ പെൺകുട്ടിയും പൊട്ടിക്കരഞ്ഞു. ഒടിച്ചു ചുരുട്ടിയ തലയണയിന്മേൽ ചാഞ്ഞു കിടന്നു.

എൻെറ പിറക്കാതച്ഛൻ വേഗം മരിച്ചു. പെട്ടെന്നയാളുടെ ആകൃതി വളരെ ആകർഷകമായിത്തീൎന്നു.

ഞാൻ ആ പെൺകുട്ടിയെ കൈക്കു പിടിച്ചുകൊണ്ടു ആസ്പത്രിയിൽനിന്നും ഇറങ്ങി നടന്നു. അവൾ കരഞ്ഞു. രോഗം പിടിച്ചു ക്ഷീണിച്ചപോലെ വിറച്ചുംകൊണ്ടവൾ നടന്നു. അവളുടെ കയ്യിൽ ഒരു പന്തുപോലെ ചുരുട്ടിയ ഒരു ഉറുമാലുണ്ട്. അവൾ ഉറുമാൽകൊണ്ടു കണ്ണുകൾ തുടച്ചു. അവൾ വീണ്ടും ആ ഉറുമാൽ മുറുകെ ചുരുട്ടിപ്പിടിച്ചു. അതു കണ്ടാൽ ഈ ലോകത്തിൽ ഇനിയവളുടെ ഏകാവലംബം അതാണെന്നു തോന്നും.

പെട്ടെന്നവൾ നിന്നു. എൻെറ ദേഹത്തോടടുത്തു നിന്നു; ഒരു പശ്ചാത്താപത്തോടെ എന്നോടു പറഞ്ഞു.

"അദ്ദേഹം ശീതകാലംവരെയെങ്കിലും ജീവിച്ചില്ലല്ലോ. അല്ലയോ ദൈവമേ എന്തിന്നിങ്ങനെ സംഭവിച്ചു. – – –?"

പിന്നെ അവൾ കണ്ണുനീർ വീണു നനഞ്ഞ കൈ എൻെറ നേരെ നീട്ടി.

"ഞാൻ പോകുന്നു. അദ്ദേഹം നിങ്ങളെക്കുറിച്ചെപ്പോഴും പുകഴ്ത്തിപ്പറയാറുണ്ട്.—ശവസംസ്കാരം—നാളെ".

"ഞാൻ നിന്നെ വീട്ടിൽ കൊണ്ടു വിടാം".

അവൾ ചുററും നോക്കി.

"വേണ്ടാ, ഇപ്പോൾ പകലല്ലേ?".

ഞാൻ ഒരു വശത്തു, അവൾ റോഡിൽക്കൂടി നടന്നുപോകുന്നതും നോക്കി നിന്നു. അവൾ ജീവിതത്തിൽ എല്ലാ താല്പൎയ്യങ്ങളും നശിച്ച ഒരാളെപ്പോലെ സാവധാനം നടന്നുപോയി.

അതൊരാഗസ്റ്റുമാസമായിരുന്നു; ഇലകൾ കൊഴിയുന്നകാലം.

എൻെറ പിറക്കാതച്ഛൻെറ ശവസംസ്കാരത്തിൽ പങ്കെടുക്കാൻ എനിക്ക് ഒഴിവു കിട്ടിയില്ല. ആ പെൺകുട്ടിയെ ഞാൻ പിന്നീടൊരിക്കലും കണ്ടെത്തുമില്ല.

# XVII

ദിവസവും രാവിലെ ആറു മണിക്കു, ഞാൻ ചന്തസ്ഥലത്തു ജോലിക്കു പോകും. അവിടെ ഞാൻ പലരേയും കാണും. നരച്ച മുടിയോടുകൂടിയ, വായാടിയായ ആശാരി ഔസേപ്പ്. അയാൾ നല്ല പ്രവൃത്തിക്കാരനാണ്. നിക്കലൊയി പുണ്യവാളനെപ്പോലെ തോന്നും. സുന്ദരനായ പെരുതേരി, ഗ്രിഗറിഷിഷ്‌ലിൻ, താടിയുള്ള നീലക്കണ്ണുകളുള്ള ഒരു നല്ല മനുഷ്യനാണ്.

ഇവരെയെല്ലാം ഞാൻ പരിചയിച്ചതു രണ്ടാമത്തെപ്രാവശ്യം ഈ കുടുംബത്തിൽ താമസമാക്കിയപ്പോഴാണ്. എല്ലാ ഞായറാഴ്ചയും അവർ വീട്ടിൽ അടുക്കളയിൽ കയറിവരും. അവർ എനിക്കു പരിചയമില്ലാത്ത മധുരമായ വാക്കുകൾ പറയും. ഈ നാട്ടിൻപുറക്കാർ വളരെ നല്ലവരായിരുന്നു. ഓരോ ആൾക്കു ഓരോ പ്രത്യേകതയുണ്ടു്. അവക്കെല്ലാംതന്നെ കുനാവിനോവിലെ കള്ളന്മാരായ കച്ചവടക്കാരുമായി ചില താരതമ്യങ്ങളെല്ലാമുണ്ടു്.

ഞാൻ പെരുതേരിയായ ഷിഷ്‌ലിനെയാണ് അധികം ഇഷ്ടപ്പെട്ടതു്. ഞാൻ അയാളുടെ കീഴിൽ ജോലിപഠിക്കാൻ നിൽക്കട്ടെ എന്നു ചോദിച്ചു. അയാൾ സ്വർണ്ണനിറമുള്ള തലമുടിയിൽ തലോടിയുംകൊണ്ടു സാവധാനത്തിൽ എന്നോടു മറുപടി പറഞ്ഞു.

“നിനക്കത്രക്കു പ്രായമായിട്ടില്ല. ഞങ്ങളുടെ ജോലി അത്ര എളുപ്പമൊന്നുമല്ല. ഒന്നോ രണ്ടോ കൊല്ലം കഴിയട്ടെ”. പിന്നെ തന്റെ ഭംഗിയുള്ള തല പിറകോട്ടു ചാച്ചുംകൊണ്ടയാൾ തുടർന്നു:

"നിനക്കു ജീവിതം വിഷമമായി തോന്നുന്നുണ്ടായിരിക്കാം. അതു ശരിയാണ്. സഹിക്കുവാൻ ശ്രമിക്കുക; സ്വയം നിയന്ത്രിക്കാൻ പഠിക്കുക; എന്നാൽ എല്ലാം ശരിപ്പെട്ടുകൊള്ളും".

അയാളുടെ വാത്സല്യപൂൎവ്വമായ ഈ ഉപദേശംകൊണ്ടു എനിക്കെന്തെങ്കിലും നന്മയുണ്ടായോ എന്നെനിക്കറിയുകയില്ല. എന്നാൽ നന്ദിപൂൎവ്വം ആ വാക്കുകൾ ഞാൻ ഇപ്പോഴും സ്മരിക്കുന്നു.

ഇപ്പോഴും അവർ എൻെറ മുതലാളിയെ എല്ലാ ഞായറാഴ്ചയും വീട്ടിൽവന്നു കാണും. അവർ അടുക്കളയിൽ മേശക്കരികെയുള്ള ബെഞ്ചുകളിൽ ഇരിക്കും. അദ്ദേഹത്തിൻെറ വരവുംകാത്തിരിക്കെ അവർ രസകരമായ പല വിഷയങ്ങളെക്കുറിച്ചും സംഭാഷണം നടത്തും. എൻെറ മുതലാളി വളരെ ഒച്ചയിൽ സന്തോഷത്തോടെ അവരെ സ്വാഗതംചെയ്യും. അവർ ഓരോ ആളുടേയും കൈ പിടിച്ചു കുലുക്കിയുംകൊണ്ടു ഒരു ഭാഗത്തിരിക്കും. പിന്നെ രശീതുകളും പണവും പുറത്തേക്കു എടുക്കും. പ്രവൃത്തിക്കാർ അവരുടെ ജീൎണ്ണിച്ച കണക്കുപുസ്തകങ്ങൾ മേശപ്പുറത്തു വെക്കും. അവർ ആ ആഴ്ചത്തെ കണക്കു പറയുവാൻ വന്നതാണ്.

പല തമാശകളും കഥകളും പറഞ്ഞു മുതലാളി അവരെ തോല്പിക്കാൻ ശ്രമിക്കും. അവർ അദ്ദേഹത്തേയും. ചിലപ്പോൾ കാൎയ്യമായ തൎക്കങ്ങൾ ഉണ്ടാകും. എന്നാൽ സാധാരണയായി അവർ ഒപ്പം ചേൎന്നു പൊട്ടിച്ചിരിക്കും.

"ആ, ചങ്ങാതി, നിങ്ങൾ ഒരും കള്ളനായിട്ടുതന്നെയാണ് ജനിച്ചതു". അവർ മുതലാളിയെ പരിഹസിക്കും.

അദ്ദേഹം ചിരിച്ചുംകൊണ്ടു മറുപടി പറയും.

"കക്കുന്ന കാൎയ്യത്തിൽ നിങ്ങളെന്താണ് കുറെ കുറവാണോ? ചിലക്കുന്ന കോഴിക്കുട്ടികൾ".

"തീൎച്ചയായും" യഫിമുഷ്ക്കാ സമ്മതിക്കും. ഗൌരവക്കാരനായ പ്യോട്ടർ ഇടക്കു പറയും.

"ഒരുത്തൻ ജീവിക്കുന്നതു് അവൻ കഷ്ടെടുക്കുന്ന മുതലുകൊണ്ടാണ്. അവൻ സത്യമായി ആൎജ്ജിക്കുന്ന മുതലുകൾ ദൈവത്തിന്നും സാറിന്നും ചെല്ലേണ്ടതാണ്".

"അതുകൊണ്ടാണ് എനിക്കു നിങ്ങളെ അല്പമൊന്നു തലോടാൻ മടി തോന്നാത്തതു". മുതലാളി ചിരിച്ചുംകൊണ്ടു മറുപടി പറഞ്ഞു.

അവർ അദ്ദേഹത്തിൻെറ വാക്കുകൾ തമാശയായിട്ടു മാത്രമെ കരുതിയുള്ളു.

"അതായതു ഞങ്ങളെ തോലുപൊളിക്കുക. ഞങ്ങളെ ദിപാളിയാക്കുക".

ഗ്രിഗറിഷിപ്പ്ലിൻ തൻെറ മാറു മുഴവൻ മൂടിനില്ക്കുന്ന താടി തടവിയുംകൊണ്ടു ഒരു രാഗത്തോടെ പറഞ്ഞു.

"ഒരു ചതിയും കാണിക്കാതെ നമ്മുടെ ഇടപാടുകൾ നടത്തിയാൽ എന്താണു തരക്കേട്", സഹോദരന്മാരെ ശരിക്കു സത്യവാന്മാരായി ജീവിക്കുക. എല്ലാം എത്ര സുഗമവും മനോഹരവുമായിരിക്കും. എന്നാൽ നിങ്ങളെന്തുപറയുന്നു ചങ്ങാതികളെ."

അയാളുടെ നീലക്കണ്ണുകൾ നിറഞ്ഞു കറുപ്പു കൂടി. ആ സന്ദൎഭത്തിൽ അയാൾ ആശ്ചൎയ്യകരമാംവണ്ണം സുമുഖനായിത്തീൎന്നു. എല്ലാവൎക്കും അയാളുടെ അഭിപ്രായം കേട്ടപ്പോൾ ഒരു വല്ലായ്മ തോന്നി. അവർ മറുഭാഗത്തേക്കു മുഖം തിരിച്ചു.

"ഒരു സാധാരണക്കാരനു ആരെയും വളരെയൊന്നും ചതിക്കുവാൻ സാദ്ധ്യമല്ല". സുന്ദരനായ ഔസേപ്പ്, പ്രവൃത്തിക്കാരെക്കുറിച്ചു അനുകമ്പ പ്രദൎശിപ്പിക്കുന്നതുപോലെ നെടുവീൎപ്പിട്ടുംകൊണ്ടു പറഞ്ഞു.

"പാപം ചെയ്യാൻ തുടങ്ങിയാൽ അതിന്നതിരുണ്ടാകയില്ല. താഴോട്ടു താഴോട്ടു നീങ്ങും". മുതലാളി അവരുടെ സ്വരം അനുകരിച്ചുംകൊണ്ടു മറുപടി പറഞ്ഞു.

"ഞാൻ നിങ്ങളുടെവാക്കുകൾ അനുകരിച്ചു പറയുകയാണ്."

ഇങ്ങിനെ അവർ കുറെസമയം തത്വജ്ഞാനം ചർച്ചചെയ്തു. പിന്നെ വീണ്ടും അന്യോന്യം പററിക്കാൻ ശ്രമിച്ചു. കണക്കുപറഞ്ഞു തീർന്നശേഷം അവർ എഴുന്നേററു, ക്ഷീണിച്ചു വിയർത്ത മുതലാളിയേയും ക്ഷണിച്ചുകൊണ്ടു ചായ കഴിക്കാൻ കടയിലേക്കു പോയി.

ചന്തസ്ഥലത്തു ജോലിചെയ്യുന്നിടത്തുനിന്നു മരക്കഷണങ്ങൾ ആണികൾ, ഇഷ്ടികകൾ മുതലായവ ഇവർ കട്ടുകൊണ്ടു പോകുന്നുണ്ടോ എന്നു സൂക്ഷിക്കുകയായിരുന്നു എൻെറ പണി. എൻെറ മുതലാളിയുടെ കീഴിൽ പ്രവൃത്തിചെയ്യുന്നതിന്നു പുറമെ, അവർ സ്വന്തമായും ചില ജോലികൾ കരാറെടുക്കും. ആ ജോലിക്കുപയോഗിക്കാൻ സാധനങ്ങൾ കട്ടുകൊണ്ടു പോകാൻ അവർ ശ്രമിക്കും.

അവർ എന്നെ സ്നേഹത്തോടെ സ്വാഗതം ചെയ്തു. എന്നാൽ ഷിഷ്ലിൻ ഇങ്ങിനെ പറഞ്ഞു:

"നീ എൻെറ കീഴിൽ ജോലിക്കു ചേരാൻ ആവശ്യപ്പെട്ടതു മറന്നുപോയോ? ഇപ്പോൾ നീ എന്നെ മേൽനോട്ടം ചെയ്യുകയാണ്. അതൊരു നല്ല ഉയർച്ചയല്ലെ?"

"ഓ അതുകൊണ്ടു തരക്കേടില്ല". ഔസേപ്പ് തമാശയായി പറഞ്ഞു. "എനിക്കു തൃപ്തിയാവോളം ചാരവൃത്തി ചെയ്തോളു."

പ്യോട്ടർ കുറെ എതിർഭാവത്തിൽ പറഞ്ഞു. "ഈ കിഴവൻ ചുണ്ടെലികളെ സൂക്ഷിക്കുവാൻ എന്തിന്നൊരു പൂച്ചക്കുട്ടിയെ നിയോഗിക്കണം?"

എൻെറ പ്രവൃത്തി ഒരു വലിയ ഭാരമായെനിക്കു തോന്നി. ഇവരുടെമുമ്പിൽ നിൽക്കാൻ എനിക്കു ലജ്ജതോന്നി. അവർക്കോരോരുത്തന്നും, ഓരോ കൈവേലയിൽ നല്ല പരിജ്ഞാനമുണ്ട്. ഞാനാണെങ്കിൽ, അവരെല്ലാം കള്ളന്മാരും ചതിയന്മാരുമാണെന്ന ഭാ

വത്തിൽ അവരെ കാവൽ നില്ക്കുകയുമാണ്. ആദ്യത്തെ കുറെ ദിവസങ്ങൾ വലിയ വിഷമം തോന്നി. ഇതു മനസ്സിലായപ്പോൾ ഔസേപ്പ് നേരെ എന്റെ കണ്ണുകളിൽ നോക്കിയുംകൊണ്ടു പറഞ്ഞു:

"നോക്കു, ചെറുക്കാ—അങ്ങിനെ പരിഭ്രമിക്കാനൊന്നുമില്ല. മനസ്സിലായോ?"

എനിക്കു പരമാൎത്ഥത്തിൽ അതു മനസ്സിലായില്ല. എന്നാൽ അയാൾക്കു എന്റെ വല്ലായ്മ മനസ്സിലായിട്ടുണ്ടെന്നു ഞാൻ വിശ്വസിച്ചു. ഞങ്ങൾ വളരെക്കഴിയാതെ വലിയ ചങ്ങാതികളായി.

അയാൾ ഒരു മൂലയിൽ എന്നെ വിളിച്ചു ഇങ്ങിനെ ഉപദേശിച്ചു.

"നീ അറിഞ്ഞുകൊള്ളട്ടെ എന്നു വിചാരിച്ചു പറയുകയാണ്. ഞങ്ങളുടെ കൂട്ടത്തിൽ ഏററവും വലിയ കള്ളൻ പെരുതേരി പ്യോട്ടർ ആണ്. വല്ലാത്ത അലച്ചയാണ്. പക്ഷെ ഒരു വലിയ കുടുംബത്തെ പോററാനുണ്ട്. അവനെ നല്ലപോലെ സൂക്ഷിച്ചോളു. എന്തുകണ്ടാലും അവൻ മോഷ്ടിക്കും. ഒരു റാത്തൽ ആണികൾ, ഒരു ഡസൻ ഇഷ്ടികകൾ, ഒരു ചാക്കു കുമ്മായം—എന്തായാലും അയാൾക്കു തരക്കേടില്ല. അയാൾ ഒരു നല്ല ആളാണ്. നല്ല ഭക്തിയും വിനയവുമുള്ള ആളാണ്. അയാൾക്കു എഴുതാനും വായിക്കാനും അറിയാം. എന്നാൽ വല്ലതും കണ്ടാൽ അപഹരിച്ചുകളയും. ആ ഒരു കുറവുമാത്രമാണയാൾക്കുള്ളത്. യഫിമുഷ്കായുണ്ടല്ലോ അയാൾ പെണ്ണുങ്ങൾക്കുവേണ്ടിയാണ് ജീവിക്കുന്നതു്. നിന്നെസംബന്ധിച്ചേടത്തോളം അയാൾ നിരുപദ്രവിയാണ്. നല്ല ബുദ്ധിയുള്ള ഒരുത്തനാണ്. അല്പം കൂനുണ്ട്. എല്ലാ കൂനന്മാരും ബുദ്ധിയുള്ളവരാണ്. ഗ്രീഗറിഷിഷ്ലിൻ ഒരു മടയനാണ്. അവന്റെ സ്വന്തം സാധനങ്ങൾതന്നെ സൂക്ഷിക്കാൻ കഴികയില്ല. മററുള്ളവരുടെ തുക കക്കുകയുമില്ല. ആൎക്കും

അവനെ തോല്പിക്കാൻ കഴിയും. ഒരാളെയും അവനു തോല്പിക്കാൻകഴിയുകയില്ല. അവൻ ചെയ്യുന്നതിനൊന്നും യാതൊരർത്ഥവുമുണ്ടായിരിക്കയില്ല.

"അയാൾ ഒരു നല്ല ആളാണോ?"

ഔസേപ്പ് എന്നെ സൂക്ഷിച്ചുനോക്കി. ഒരിക്കലും മറക്കാൻ കഴിയാത്ത ഈ വാക്കുകൾ പറഞ്ഞു.

"അതെ, നല്ല ആളാണ്. ഒരു മടിയനു നല്ല ആളാവാൻ എത്ര എളുപ്പമാണ്! നല്ലവനാകാൻ ബുദ്ധിശക്തിയൊന്നും വേണ്ട ചെർക്കാ".

"ശരി, നിങ്ങളെക്കുറിച്ചെന്തു പറയുന്നു". ഞാൻ ഔസേപ്പിനോടു ചോദിച്ചു.

അയാൾ ചെറുതായൊന്നു ചിരിച്ചുംകൊണ്ടു പറഞ്ഞു:

"ഞാൻ ഒരു പെൺകുട്ടിയെപ്പോലെയാണ്. ഒരു അച്ഛനായികഴിഞ്ഞാൽ ഞാൻ എന്തുമാതിരിക്കാരനാണെന്നു പറയാൻ എനിക്കു സാധിക്കും. അത്രവരെ നീ കാത്തുനിൽക്കേണ്ടതായിവരും. അല്ലെങ്കിൽ ബുദ്ധിയുപയോഗിച്ചു അതു കണ്ടുപിടിക്കാൻ നോക്കു. അതൊന്നു പരിശോധിച്ചുനോക്കു".

എനിക്കയാളെക്കുറിച്ചും അയാളുടെ സ്നേഹിതന്മാരെക്കുറിച്ചും ഉണ്ടായിരുന്ന അഭിപ്രായങ്ങൾ അയാൾ മാററിമറിച്ചു. അയാൾ പറഞ്ഞതു മുഴുവൻ സത്യമാണെന്നുതന്നെ ഞാൻ വിചാരിച്ചു. യഫിമുഷ്കയും, പേട്ട്യാട്ടറും, ഗ്രിഗറിയും, സുന്ദരനായ ഈ കിഴവനെ വളരെ സമർത്ഥനായി കരുതുന്നുണ്ടെന്നും, അയാൾക്കു അവരെക്കാൾ എല്ലാ സംഗതികളിലും പ്രായോഗികമായ പരിജ്ഞാനമുണ്ടെന്നു വിചാരിക്കുന്നുണ്ടെന്നും ഞാൻ മനസ്സിലാക്കി. അവർ എല്ലാ സംഗതികളിലും അയാളുടെ ഉപദേശം തേടി. അയാളുടെ വാക്കുകൾ നല്ലപോലെ ശ്രദ്ധിച്ചുകേട്ടു, അയാളോടു ബഹുമാനം കാണിച്ചു.

"ദയചെയ്ത ഞങ്ങളെ ഇക്കാൎയ്യത്തിൽ ഉപദേശിക്കണം". അവർ അയാളോടു പറയും. അങ്ങിനെ ഒരിക്കൽ അപേക്ഷിച്ച ശേഷം ഔസേപ്പ് എങ്ങോ പോയപ്പോഠം, പെരുതേരി ഗ്രിഗറിയോടു പറയുന്നതു ഞാൻ കേട്ടു.

"നിരീശ്വരവാദി!"

"വിദൂഷകൻ" മൂക്കു ചീററിയുംകൊണ്ടു ഗ്രിഗറി പ്രതിവചിച്ചു.

പെരുതേരി ഒരു സ്നേഹിതനെപ്പോലെ എന്നെ ഉപദേശിച്ചു.

"ആ കിഴവനെ സൂക്ഷിച്ചോളൂ, മേക്സിമിക്ക് അയാളെ നല്ലപോലെ സൂക്ഷിക്കണം. ഒരു ഞൊടിയിടകൊണ്ടു അയാഠം നിന്നെ അയാളുടെ ചൊല്പടിക്കു വശപ്പെടുത്തും. ഈ കിഴവന്മാർ എപ്പോഴും വല്ലതും ഏഷണികൂട്ടിക്കൊണ്ടിരിക്കും— അവർ ഈ ലോകത്തിന്നു ചെയ്യുന്ന ദ്രോഹം വിചാരിച്ചാൽ—".

അയാഠം പറഞ്ഞതിന്റെ തെക്കും വടക്കും എനിക്കു മനസ്സിലായില്ല.

അവരുടെ കൂട്ടത്തിൽ സത്യസന്ധനും നല്ലവനുമായ മനുഷ്യൻ പെരുതേരിയായ പ്യോട്ടറാണെന്നു ഞാൻ മനസ്സിലാക്കി. അയാഠം വളരെ കുറച്ചെ സംസാരിക്കുകയുള്ളു. പറയുന്നതു വെറും കാൎയ്യമായിരിക്കും. അയാളുടെ ചിന്ത അധികവും ദൈവത്തെക്കുറിച്ചും മരണത്തെക്കുറിച്ചും പാപത്തെക്കുറിച്ചുമായിരിക്കും.

"സഹോദരന്മാരെ, ഒരു മനുഷ്യൻ എന്തെല്ലാം നേടിയാലും, എന്തെല്ലാം ആശിച്ചാലും, ഒടുക്കം അയാഠം ശവക്കുഴിയിലും ശവപ്പെട്ടിയിലും മാത്രമെ ചെന്നെത്തുന്നുള്ളു".

അയാഠക്കെന്തോ വയററിൽവേദന ഉണ്ടായിരുന്നു. ചില ദിവസങ്ങളിൽ അയാഠക്കൊന്നും തിന്നാൻ കഴിയുകയില്ല. ചെറിയ കഷ്ണം റൊട്ടി തിന്നാൽ മതി, അയാഠക്കു കലശലായ വേദനയുണ്ടായിരിക്കും.

കൂനനായ യഫീമുഷ്കയും ദയാലുവും സത്യസന്ധനുമാണെന്നു തോന്നി. ചിലപ്പോൾ പരിഹാസ്യമായ ബേജാർ കാണിക്കും. ചിലപ്പോൾ എന്തോ ആനന്ദം അനുഭവിക്കുന്നതുപോലെ, തോന്നും. ഒന്നും അറിയാത്ത ഒരു വിഡ്ഢിയെപ്പോലെ, അയാൾ കൂടക്കൂടെ വല്ല സ്ത്രീയിലും അനുരക്തനാകും. എല്ലാ കാമുകികളെയും ഒരേ വിവരണംകൊണ്ടാണയാൾ ചിത്രീകരിക്കുക.

"ഞാൻ തുറന്നു പറയാം. അവൾ ഒരു വെറും സ്ത്രീയല്ല. അവൾ ഒരു മധുരലോഹ്യത്തിൽ കുഴഞ്ഞുനില്ക്കുന്ന ഒരു മനോഹരമായ പുഷ്പമാണ്. ആ സ്ത്രീ അത്ര മനോഹരിയാണ്." കുനാവിനോവിൽനിന്നും, ചന്തയിലെ മുറികൾ കഴുകി വൃത്തിയാക്കാൻ, ആ തമാശക്കാരിയായ സ്ത്രീ വരും. അപ്പോൾ യഫീമുഷ്ക പുരപ്പുറത്തുനിന്നും ഇറങ്ങി ഒരു മൂലക്കു ചെന്നു നിൽക്കും. അവിടെ നിന്നു സന്തോഷത്തോടെ വായ മലക്കെ തുറന്നു, കണ്ണു മിഴിച്ചുംകൊണ്ടു പൂച്ചയെപ്പോലെ ഭർ....എന്നശബ്ദം പുറപ്പെടുവിക്കും.

"എനിക്കിന്നു ദയാലുവായ ഈശ്വരൻ എന്തൊരു സമ്മാനമാണു തന്നതു്? എന്തൊരാനന്ദമാണു് എന്റെ കയ്യിൽ മറിഞ്ഞുവീഴുന്നതു്. നോക്കു, അവളെത്ര മനോഹരമായ ഒരു കുസുമമാണു്? ഈയൊരു ഭാഗ്യത്തിന്നു് ഞാൻ ഈശ്വരനോടെത്ര നന്ദിയുള്ളവനായിരിക്കേണ്ടതാണു്? അത്രയും ആകർഷകമായ ഒരു സൌന്ദര്യത്തിൽ ഞാൻ ദഹിച്ചുപോകയില്ലേ?

ആദ്യമെല്ലാം ആ സ്ത്രീ അയാളെ നോക്കി ചിരിക്കുകമാത്രം ചെയ്യും. സ്ത്രീകൾ അന്യോന്യം വിളിച്ചുപറയും.

"ആ കൂനൻ ഉരുകിപ്പോകുന്നതു നോക്കു എന്റെ ഈശ്വരാ".

ഈ പരിഹാസംകൊണ്ടൊന്നും അയാൾ കലുങ്ങിയില്ല. ക്രമേണ അയാളുടെ മുഖത്തു ഒരു വല്ലാത്ത ദുഃഖഭാവം കാണാൻതുടങ്ങി. സ്വപ്നത്തിലെന്നപോലെ അയാൾ സംസാരിക്കാൻതുടങ്ങി. കുടിച്ചു മത്തനായപോലെ സ്ത്രീകളെ മത്തു പിടിപ്പിക്കു

ന്ന വാക്കുകൾ അയാൾ പറഞ്ഞുകൊണ്ടിരുന്നു. ഒടുക്കം ആ സ്ത്രീകളിൽ മുതിർന്ന ഒരുവൾ പറഞ്ഞു:

"അയാളുടെ കളി കണ്ടാൽ ഒരു ചെറുകുട്ടിയാണെന്നു തോന്നും".

"ഒരു പക്ഷിയെപ്പോലെ പാടുകയാണ്".

"അല്ലെങ്കിൽ പള്ളിക്കുമുമ്പിൽ ഇരക്കാൻ വന്നു നില്ക്കുന്ന ഒരിരപ്പാളി". മുതിർന്ന സ്ത്രീ ഉറന്നിപ്പറഞ്ഞു.

എന്നാൽ യഥിമുഷ്ക്കുക്കു, ഒരിരപ്പാളിയുടെ യാതൊരു ലക്ഷണവുമുണ്ടായിരുന്നില്ല. അയാൾ ഒരു മാക്കുററിയെപ്പോലെ, ധൈര്യമുള്ള ആളാണ്. അയാളുടെ സ്വരം കൂടുതൽ ആകർഷകമായി, അയാളുടെ ശബ്ദം കേട്ടാൽ സ്ത്രീകൾ സംസാരം നിർത്തി അയാളുടെ വാക്കുകൾ ശ്രദ്ധിച്ചുകേൾക്കും. അയാൾ തേൻപുരണ്ട വാക്കുകളെക്കൊണ്ടു, അവരെ, വശീകരിക്കുകയായിരുന്നു.

ഒടുക്കം അയാൾ ഒന്നുകിൽ, അത്താഴത്തിന്റെ അവസരത്തിൽ അല്ലെങ്കിൽ തിങ്കളാഴ്ച രാവിലെ, തലയാട്ടിയുംകൊണ്ടു ചങ്ങാതികളോടിങ്ങിനെ പറയുന്ന നിലയോളം കാര്യങ്ങൾ എത്തി.

"എന്തൊരു തേൻപോലത്തെ സ്ത്രീ, എന്തൊരു പ്രിയപ്പെട്ട സ്ത്രീ—അങ്ങിനെ ഒരു സ്ത്രീയെ എനിക്കു ജീവിതത്തിൽ ആദ്യമായി കിട്ടുകയാണ്".

അയാളുടെ പരാക്രമങ്ങളെക്കുറിച്ചു പറയുമ്പോൾ, അയാൾക്കു കീഴടങ്ങിയ സ്ത്രീകളെപ്പററി മററുള്ളവരെപ്പോലെ, അയാൾ ദോഷപ്പെടുത്തി ഒന്നും പറയുകയില്ല. അയാൾ വലിയ നന്ദിയോടെ, ആശ്ചര്യം പ്രദർശിപ്പിച്ചുംകൊണ്ടു, കണ്ണുകൾ നല്ലപോലെ തുറന്നു, അവരെക്കുറിച്ചു സംസാരിക്കും.

ഔസേപ്പ് തലയാട്ടിയുംകൊണ്ടു പ്രസ്താവിക്കും. "ഒരു വല്ലാത്ത മനുഷ്യൻ! നിങ്ങൾക്കെത്ര വയസ്സായെന്നാണ് പറഞ്ഞത്?"

"നാല്പത്തിനാല്. അതുകൊണ്ടെന്താണ്? ഇപ്പോൾ എനിക്ക അഞ്ചു വയസ്സ് കുറഞ്ഞതുപോലെ തോന്നുന്നുണ്ട്. ഞാൻ ജീവസ്സുള്ള ഒരു ജലാശയത്തിൽ ഇറങ്ങി മുങ്ങി; നിവൎന്നു കയറിയപ്പോൾ എനിക്കെന്തൊരുത്സാഹമാണ്. ഈ സ്ത്രീകൾ എന്തൊരു നല്ല സൃഷ്ടികളാണ്!"

പെരുതേരി അയാളെ കഠിനമായി ശാസിച്ചു. സൂക്ഷിച്ചോളൂ. നിങ്ങളുടെ ഈ നെറികെട്ട ജീവിതം നിങ്ങളെ അപകടത്തിൽ പെടുത്താതിരിക്കുകയില്ല. അമ്പതു വയസ്സു കഴിഞ്ഞാൽ കാണാമിതിന്റെയെല്ലാം ഫലം.

"നിങ്ങൾ നാണംകെട്ട ഒരു ജീവിയാണ് യഫിമുഷ്ക"; ഗ്രിഗരിഷിഷ്ലിൻ ആവലാതിപ്പെട്ടു.

എന്നാൽ ആ സുമുഖനായ ചെറുപ്പക്കാരനു, ആ കൂനന്റെ ഭാഗ്യാതിരേകത്തെക്കുറിച്ചസൂയ തോന്നിയതാണെന്നെനിക്കു മനസ്സിലായി.

ഔസേപ്പ് നരച്ച പുരികങ്ങളോടുകൂടിയ കണ്ണുകളെക്കൊണ്ടെല്ലാവരേയും കടാക്ഷിച്ചുംകൊണ്ടഭിപ്രായപ്പെട്ടു.

"നിങ്ങളുടെ കാമുകികൾ എളുപ്പം വശപ്പെടുത്താൻ കഴിയുന്നവരാണ്". കുറച്ചു മിഠായി, എന്തെങ്കിലും ഒരു കൌതുകവസ്തു, അതു കൊടുത്താൽ മതി. എന്നാൽ അവരെല്ലാംതന്നെ വളരെ കഴിയുന്നതിന്നുമുമ്പ് കിഴവികളായിക്കരുതപ്പെടേണ്ടവരാണ്".

ഷിഷ്ലിൻ വിവാഹിതനായിരുന്നു. എന്നാൽ അയാളുടെ ഭാൎയ്യ ഗ്രാമത്തിൽതന്നെ കഴിച്ചുകൂട്ടുകയാണ്. അയാളും പണിക്കാരി സ്ത്രീകളെ ആൎത്തിയോടെ നോക്കും. അവരെല്ലാംതന്നെ എളുപ്പം വശപ്പെടുന്ന കൂട്ടത്തിലായിരുന്നു. അവരെല്ലാം പുറമെ വല്ലതും അങ്ങിനെ വരുമാനമുണ്ടാക്കാൻ വെമ്പുകയായിരുന്നു. അത്രയും ദരിദ്രരായ അവൎക്കു, ആ ചെറിയ വരുമാനവും വലിയ കാൎയ്യമായിരുന്നു.—എന്നാൽ സുമുഖനായ ഈ നാടൻ സ്ത്രീകളെ തൊടാൻ കൂട്ടാക്കുകയില്ല. അയാൾ ദൂരെ നിന്നുംകൊണ്ടവരെ നോ

ക്കും. ആ നോട്ടം കണ്ടാൽ അവരോട്ട് അനുകമ്പ പ്രദർശിപ്പിക്കുകയാണെന്നു തോന്നും. അവർ ഇങ്ങോട്ടു അയാളോടു കൊഞ്ചാനും, അയാളെ വശപ്പെടുത്താനും ശ്രമിക്കുന്നതു കണ്ടാൽ, അയാൾ പരിഭ്രമിച്ചു പുഞ്ചിരിയിട്ടുംകൊണ്ടു നടന്നുകളയും. അയാൾ പറയും,

"ശരി—ശരി—ശരി".

"നിങ്ങൾക്കു ഭ്രാന്താണോ?" ഇതു വിശ്വസിക്കാൻകഴിയാതെ, യഫിമുഷ്കാ പറയും.

"ഇത്ര നല്ല ഒരു തഞ്ചം ആരെങ്കിലും പാഴാക്കിക്കളയുമോ?"

"ഞാൻ വിവാഹിതനാണു്". ഗ്രിഗറി അയാളെ ഓർമ്മിപ്പിച്ചു.

"നിങ്ങളുടെ ഭാര്യ ഇതൊരിക്കലും അറിയാൻപോകുന്നില്ല".

ഭർത്താവു ഭാര്യയെ വഞ്ചിച്ചാൽ ഭാര്യ എങ്ങിനെയെങ്കിലും അതറിയാതിരിക്കുകയില്ല. ഒരു ഭാര്യയെ തോല്പിക്കാൻ സാദ്ധ്യമല്ല ചങ്ങാതി".

"അവൾ എങ്ങിനെ കണ്ടുപിടിക്കാനാണു്, ചങ്ങാതി?"

"അതെനിക്കറിയുകയില്ല. അവൾ പരിശുദ്ധയാണെങ്കിൽ, അവളുടെ ദൃഷ്ടിയിൽ അതെങ്ങിനെയെങ്കിലും പെടാതിരിക്കയില്ല. അവൾ എന്നെ വഞ്ചിക്കുകയും ഞാൻ പരിശുദ്ധനായിരിക്കയും ചെയ്യുകയാണെങ്കിൽ ഞാൻ അവളെയും കണ്ടുപിടിക്കാതിരിക്കയില്ല".

"എങ്ങിനെ?" യഫിമുഷ്കാ തർക്കിച്ചു. ഗ്രിഗറി മറുപടിപറഞ്ഞു.

"അതെനിക്കറിയുകയില്ല".

യഫിമുഷ്കാ ഒന്നും മനസ്സിലാകാതെ കൈ മലർത്തി. "ഇതു നോക്കണം. പരിശുദ്ധനായി ജീവിക്കുക—" എങ്ങിനെയെന്നറിയുകയുമില്ല. നിന്റെ തലയിൽ എന്താണു് നിറച്ചിരിക്കുന്നതു?"

ഷിൽഷിന്റെ കീഴിൽ ഏഴ ജോലിക്കാരുണ്ടായിരുന്നു. അവൎക്കെല്ലാം അയാളെ വലിയ ശങ്കയൊന്നുമില്ല. അയാൾ അവരുടെ മേസ്തിരിയാണെന്നൊന്നും അവൎക്കു തോന്നിയില്ല. അയാൾ കേൾക്കാതെ, അവർ അയാളെ കന്നുകുട്ടിയെന്നു വിളിച്ചു. അയാൾ വരുമ്പോൾ അവരാരും പണിയെടുക്കാതെ നേരം കളയുകയാണെന്നു കണ്ടാൽ ഒന്നും പറയാതെ, അയാൾ ജാഗ്രതയായി പണിയെടുക്കാൻ തുടങ്ങും. പിന്നെ അയാൾ സാവകാശത്തിൽ വിളിക്കും.

"വരൂ, ചങ്ങാതികളെ വരൂ".

ക്ഷമകുറഞ്ഞ എന്റെ മുതലാളിയുടെ കല്പനപ്രകാരം ഞാൻ ഒരു ദിവസം ഗ്രിശറിയോടു പറഞ്ഞു

"നിങ്ങളുടെ പ്രവൃത്തിക്കാർ ഒന്നിന്നും കൊള്ളരുതാത്തവരാണ്."

അങ്ങിനെ ഒരിക്കലും ഉണ്ടായിട്ടില്ലാത്തതുപോലെ അയാൾ ആശ്ചൎയ്യത്തോടെ ചോദിച്ചു:

"ഈ പ്രവൎത്തി ഇന്നലെ ഉച്ചനേരംകൊണ്ടവസാനിക്കേണ്ടതായിരുന്നു. ഇതു ഇന്നു മുഴുവനുമായാലും തീരുകയില്ലെന്നാണ് തോന്നുന്നതു്.

"അതു ശരിയാണ്. അവരെക്കൊണ്ടു കഴിയുകയില്ല". അയാൾ സമ്മതിച്ചു. കുറച്ചു കഴിഞ്ഞശേഷം സംശയിച്ചുംകൊണ്ടയാൾ പറഞ്ഞു:

"എന്താണു നടക്കുന്നതെന്നു ഞാൻ കാണുന്നുണ്ടു്. പക്ഷെ അവരെ പറഞ്ഞയക്കാൻ എനിക്കു നാണം തോന്നുന്നു. അവരെല്ലാം എന്റെ സ്വന്തം ആളുകളാണ്. എന്റെ സ്വന്തം നട്ടുകാരാണ്. ഈശ്വരന്റെ കല്പന മനുഷ്യൻ അദ്ധ്വാനിച്ചു ജോലി ചെയ്തു സ്വന്തം ഉപജീവനമാൎഗ്ഗം തേടേണമെന്നാണ്. ഇതു നമുക്കെല്ലാവൎക്കും ബാധകമാണ്. അല്ലെ. നീയും ഞാനും ഈ നിയമത്തിന്നു വിധേയരാണ്. എന്നാൽ നീയും ഞാനും അവർ

ചെയ്യുന്നതു ജോലി ചെയ്യുന്നില്ല. അതുകൊണ്ടാണ് എനിക്കവരെ പറഞ്ഞയക്കാൻ ഇത്ര വൈമനസ്യം".

അയാൾ ചിന്താകുലനായിരിക്കുന്നതു സാധാരണയാണ്. ചിലപ്പോൾ അയാൾ ചന്തസ്ഥലത്തെ തെരുവുകളിൽക്കൂടി ലക്ഷ്യമില്ലാതെ നടക്കുന്നതു കാണാം. പിന്നെ, ഓബ്‌വോഡ്നിതോട്ടിന്മേലുള്ള പാലത്തിന്മേൽ, ആകാശത്തിലും, വിദൂരതയിലും, വെള്ളത്തിലും നോക്കിയുംകൊണ്ടു കൈതാങ്ങിയിൽ ചാരിനിന്നു അയാൾ വളരെ മണിക്കൂറുകൾ കഴിച്ചുകൂട്ടും. ആരെങ്കിലും അവിടെ ച്ചെന്നു "നിങ്ങളെന്താണ് ചെയ്യുന്നതെന്നു"ചോദിച്ചാൽ, അയാൾ പെട്ടെന്നു ഞെട്ടി, ലജ്ജിച്ചപോലെ ഒരു പുഞ്ചിരിയുമായി മറുപടിപറയും. "ഓ കാര്യമായൊന്നുമില്ല. കുറച്ചുനേരം വിശ്രമിക്കാമെന്നുവെച്ചു. പുറമ ഒന്നു കണ്ണോടിക്കാനും"

"ഈശ്വരൻ എല്ലാവസ്തുക്കളേയും ശരിയായ രൂപത്തിൽത്തന്നെയാണ് സൃഷ്ടിച്ചതു". അയാൾ പലപ്പോഴും അഭിപ്രായപ്പെടും. "ആകാശവും, ഭൂമിയും, പുഴകളും, തോണികളും എല്ലാം. —ഒരു തോണിയുണ്ടാക്കി എവിടെ വേണമെങ്കിലും നമുക്കു സഞ്ചരിക്കാം. നൈസാനിലേക്കോ, തറെബിൻസ്കിലേക്കോ, ആസ്ത്രഖാനിലേക്കോ. ഞാൻ മുമ്പ് നൈസാനിൽ ഉണ്ടായിരുന്നു—തീരെ മോശമല്ല പട്ടണം. പക്ഷെ ഒരു മട്ടപ്പുതോന്നും: നിഴിനി നവഗറോഡിനേക്കാൾ നമ്മുടെ നിഴിനി വളരെ സന്തോഷപ്രദമായ ഒരു സ്ഥലമാണ്. ആസ്ത്രഖാനിലും അത്ര സുഖം തോന്നുകയില്ല. ആസ്ത്രഖാനിൽ അധികവും കാൽമിക്കുകാരാണ്. അവരെ എനിക്കു തീരെ ഇഷ്ടമല്ല. മോർഡോവിയക്കാരേയും കാൽമിക്കുകാരേയും, പേർസ്യക്കാരേയും, ജർമ്മൻകാരേയും, എന്തിന്നെല്ലാ വിദേശീയരേയും ഞാൻ ഇഷ്ടപ്പെടുന്നില്ല".

അയാൾ വളരെ സാവധാനത്തിലാണ് സംസാരിച്ചതു്. അയാളുടെ അഭിപ്രായങ്ങളോടു യോജിക്കുന്ന ആരെയൊ പ്രതീ

ക്ഷിക്കുന്നപോലെ പെരുതേരിയായ പ്യോട്ടർ അയാളോടു യോജിക്കും.

"അവർ വിദേശികളല്ല. അവർ പുറമെ ജനിച്ചതാണ്." പ്യോട്ടർ ഊന്നിപ്പറയും. "അവർ ക്രിസ്തുവിൻെറ വരുതിക്കപ്പുറം ജനിച്ചവരാണ്. അദ്ദേഹത്തെക്കുറിച്ചുള്ള ചിന്തയില്ലാതെ ജീവിക്കുന്നവരുമാണ്."

ഗ്രിഗറി പുഞ്ചിരിക്കൊണ്ടു.

"നിനക്കു തോന്നുംപോലെ വ്യാഖ്യാനിച്ചോളു. എന്നാൽ എന്നെ സംബന്ധിച്ചേടത്തോളം അസ്സൽ റഷ്യക്കാരൻ മാത്രമാണ്, വിശ്വസിക്കാൻകൊള്ളുന്നവൻ. എനിക്കു ജൂതന്മാരെയും ഇഷ്ടമല്ല. ദൈവം ഈ വിദേശികളെ സൃഷ്ടിക്കുന്നതെന്തിനാണെന്നു എനിക്കിനിയും മനസ്സിലായിട്ടില്ല. അതു നമുക്കു മനസ്സിലാക്കുവാൻ വിഷമമുള്ള ഒരു കാര്യമാണ്."

പെരുതേരി ആവേശം കാണിക്കാതെ പറഞ്ഞു.

"അതു മനസ്സിലാക്കുവാൻ വിഷമംതന്നെയാണ്. എന്നാൽ അനാവശ്യമായ പലതും ഈ ലോകത്തിലുണ്ടെന്നുള്ളതു ഒരു പരമാർത്ഥം മാത്രമാണ്."

ഈ അഭിപ്രായങ്ങൾ ശ്രദ്ധിച്ചു കേട്ടതിന്നുശേഷം, ഔസേപ്പു പരിഹാസ സ്വരത്തിൽ അഭിപ്രായം പറയും.

"ശരിയാണ്. നമുക്കാവശ്യമില്ലാത്ത പലകാര്യങ്ങളും, ഉദാഹരണത്തിന്നു നിങ്ങളുടെ ഈ അഭിപ്രായംതന്നെ. നിങ്ങൾക്കു നല്ല രണ്ടു തല്ലുകൊള്ളേണ്ടതാവശ്യമാണ്".

ഔസേപ്പ് ഒരിക്കലും തൻെറ അഭിപ്രായം ശരിക്കു വ്യക്തമാക്കയില്ല, ആരോടു യോജിക്കുന്നുണ്ടെന്നും, ആരോടു യോജിക്കാതിരിക്കുന്നുണ്ടെന്നും. ചിലപ്പോൾ അയാൾ എല്ലാവരോടും എല്ലാ സംഗതിയിലും യോജിക്കുന്നുണ്ടെന്നു തോന്നും. എന്നാൽ അധികവും അയാൾക്കു എല്ലാററിനോടും മടുപ്പു തോന്നിയതായിട്ടാ

ണ്ട് തോന്നുക; എല്ലാവരേയും വിഡ്ഢികളായി അയാൾ കരുതുന്ന തുപോലെ.

"ഏ: പന്നികൾ, പട്ടികൾ". അയാൾ ഗ്രിഗറിയോടും, പ്യോട്ടരോടും, യഫിമുഷ്കയോടും കടിച്ചുകയറും.

അവർ വെറുതെ ചിരിക്കും. വലിയ ഉത്സാഹത്തോടെയല്ല. എന്നാലും ചിരിക്കും.

മുതലാളി ഭക്ഷണം വാങ്ങിക്കഴിക്കാൻ ദിവസത്തേക്കു അഞ്ചു കൊപെക്കു തരും. ഇതു മതിയാകയില്ല. അതുകൊണ്ടു ഞാൻ വല്ലാതെ വിശന്നു വിഷമിക്കും. ഇതു മനസ്സിലായാൽ പ്രവൃത്തിക്കാരിൽ ചിലർ എന്നെയും അവരോടൊപ്പം ഭക്ഷണം കഴിക്കാൻ ക്ഷണിക്കും. ചിലപ്പോൾ കരാറുകാർ ചായകഴിക്കാൻ എന്നെ കടയിലേക്കു കൂട്ടിക്കൊണ്ടു പോകും. ഞാൻ അവരുടെ ക്ഷണനം സന്തോഷത്തോടെ സ്വീകരിക്കും അവരുടെകൂടെ ഇരിക്കുന്നതെനിക്കിഷ്ടമാണ്. അവരുടെ സംഭാഷണം കേൾക്കുന്നതും കഥകൾ ശ്രദ്ധിക്കുന്നതും ഒരു രസമാണ്. മതപരമായ പുസ്തകങ്ങളിൽ എനിക്കുണ്ടായിരുന്ന പരിജ്ഞാനം അവരെ സന്തോഷിപ്പിച്ചു.

"നീ വേണ്ടത്ര പുസ്തകങ്ങൾ വായിച്ചിട്ടുണ്ടു്. നല്ലപോലെ പഠിച്ചു മനഃപ്പാഠമാക്കിയിട്ടുണ്ടു്". എന്നെ സൂക്ഷിച്ചുനോക്കിയുംകൊണ്ടു് ഔസേപ്പ് അഭിപ്രായപ്പെട്ടു. ആ നോട്ടത്തിന്റെ അർത്ഥം എന്താണെന്നു മനസ്സിലാക്കാൻ വിഷമമായിരുന്നു. അയാളുടെ കൃഷ്ണമിഴികൾ, കണ്ണിന്റെ വെള്ളയിൽ അലിഞ്ഞുചേരുന്നതായി തോന്നും.

"നിന്റെ അറിവു വൎദ്ധിപ്പിക്കുക; കൂടുതൽ അറിവു സംഭരിക്കുക. അതു വല്ലപ്പോഴും ഉപയോഗപ്രദമാകാതിരിക്കയില്ല. വലുതായാൽ നിനക്കൊരു പാതിരിയാകാം.—ജനങ്ങളെ നല്ലവാക്കുകൾ പറഞ്ഞു സമാധാനിപ്പിക്കാം.—അല്ലെങ്കിൽ നിനക്കൊരു പാതിരിയാകാം—ഒരു മിഷനറിയാകാം".

"മിഷ്യനറിയാണ്." പെരുതേരി തെററു തിരുത്തി. അയാളുടെ സ്വരം അല്പം വിമർശനത്തിന്റെ ഭാവത്തിലായിരുന്നു.

"ങ്ഹേ" ഔസേപ്പു ചോദിച്ചു.

"മിഷ്യനറിമാർ എന്നാണവരെ വിളിക്കുക. നിങ്ങൾ ചെകിടനാണോ?"

"ശരി—മിഷ്യനറിമാർ തന്നെ. നിങ്ങളെല്ലാം മതദ്വേഷികളാണ്. സമർത്ഥന്മാരാണെങ്കിൽ മതദ്വേഷം നടത്തിയും ഒരാൾക്കു ജീവിക്കുവാൻ കഴിയും".

ഗ്രിഗറി വല്ലായ്മ തോന്നിയപോലെ ഒന്നു ചിരിച്ചു. പ്യോട്ടർ പിറുപിറുത്തു.

"മാരണക്കാരെന്താ ജീവിക്കുന്നില്ലേ? എല്ലാ നിരീശ്വരവാദികളും ജീവിക്കുന്നുണ്ട്."

"മാരണക്കാർക്കു പാണ്ഡിത്യമൊന്നുമില്ല; അവർക്കു പുസ്തകങ്ങൾ വായിക്കേണ്ടതിന്റെ ആവശ്യമില്ല". എന്റെ നേരെ തിരിഞ്ഞുംകൊണ്ടു ഔസേപ്പു മറുപടി പറഞ്ഞു. "ഇതാ, ഇതു കേൾക്കൂ, ഞങ്ങളുടെ പ്രദേശത്തു ടഷ്നിക്കോവ് എന്ന പേരായ ഒരാളുണ്ടായിരുന്നു; എപ്പോഴും ഏകാകിയായി ഒന്നിനും കൊള്ളാത്തവിധത്തിൽ നേരം കൂട്ടും.—കാററത്തു പാറിക്കളിക്കുന്ന പഞ്ഞിപോലെ അവിടെയും ഇവിടെയുമായിക്കഴിക്കും. ഒരു തെണ്ടിയല്ല; എന്നാൽ ഒരു ജോലിയിൽ ഏർപ്പെട്ടിട്ടുമില്ല. ഒരു ദിവസം മറെറാന്നും ചെയ്യാനില്ലാതെ അയാൾ ഒരു തീർത്ഥയാത്രക്കു പുറപ്പെട്ടു. രണ്ടു ദിവസത്തേക്കു അയാളെ എവിടേയും കണ്ടില്ല. പിന്നെ പെട്ടെന്നയാൾ പ്രത്യക്ഷപ്പെട്ടു മറെറാരു തരത്തിൽ വസ്ത്രധാരണം ചെയ്തുംകൊണ്ടു ചുമലിൽ വീണുകിടക്കുന്ന തലമുടി, വസ്ത്രം മുതലായ എല്ലാംതന്നെ പ്രത്യേകവിധത്തിൽ അയാൾ ഒരു നല്ല ഇടപാടിൽ ഏർപ്പെട്ടതായിരുന്നു; ടഷ്നിക്കോവിന്നു ഭക്ഷണംകിട്ടി;

ടഷ്നിക്കോവിനു വിഞ്ഞുകിട്ടി; ആവശ്യമുള്ള സ്ത്രീകളേയും കിട്ടി. വേണ്ടതെല്ലാം കിട്ടി– – –".

"ക്ഷേണവും വീഞ്ഞും കിട്ടിയതുകൊണ്ടു വലിയ കാര്യമൊന്നുമില്ല". പെരുന്തേരി ക്രോധത്തോടെ ഇടയിൽ കടന്നുപറഞ്ഞു.

"പിന്നെ എന്താണു കാര്യം".

"വാക്ക—അതാണ് പ്രധാനം".

"ശരി—ഞാൻ അയാളുടെ വാക്ക ശൌനിച്ചില്ല. പ്രയോഗമറിയാത്ത വാക്കുകൾ എനിക്കെത്രയോ അറിയാം".

"ഞങ്ങൾക്കു് ടഷ്നിക്കോവിനെ അറിയാം. സിമിററ്റി വാസിലേവിക്ക് എന്നാണയാളുടെ ശരിയായ പേരു്."

പേ്യാട്ടർ, പരിഭവസ്വരത്തിൽ പറഞ്ഞു. "ഗ്രിഗറി സാവധാനം കണ്ണുകൾ താഴ്ത്തി മുമ്പിൽ ഇരിക്കുന്ന ഗ്ലാസ്സിൽ സൂക്ഷിച്ചുനോക്കി.

"ഞാൻ വാദത്തിന്നൊന്നുമില്ല".

ഔസേപ്പു മാദ്ധ്യസ്ഥം സ്വീകരിച്ചുംകൊണ്ടെന്നപോലെ പറഞ്ഞു: മേക്സിമിക്കിന്നു ഉപജീവനമാർഗ്ഗം തേടാനുള്ള ചില്ല വഴികൾ ഞാൻ ചൂണ്ടിക്കാണിച്ചു എന്നേയുള്ളു.

"ചില മാർഗ്ഗങ്ങൾ ജയിലിലെത്തിക്കാനും സഹായിക്കും".

"ചിലതല്ലാ, പലതും". ഔസേപ്പു സമ്മതിച്ചു. "പാതിരിയാകാൻ എളുപ്പമൊന്നുമല്ല. എവിടെയാണു് വഴിയുടെ തിരിവെന്നു വ്യക്തമായറിയുകതന്നെ വേണം."

മതവുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ചു സംസാരിക്കുമ്പോഴെല്ലാം അയാൾക്കു ഒരു പുച്ഛഭാവമാണ്. ഒരു പക്ഷെ അയാൾക്കു പുരോഹിതന്മാരെ ഇഷ്ടമല്ലായിരിക്കാം. എന്നാൽ തന്റെ വികാരങ്ങളെ അയാൾ വെളിക്കു പറയാറില്ല. മൊത്തത്തിൽ അയാൾക്കു എന്തിനെക്കുറിച്ചും ഉണ്ടായിരുന്ന അഭിപ്രായം അറിയാൻ വിഷമമായിരുന്നു.

അയാൾക്ക് യഫിമുഷ്കയെ ഇഷ്ടമായിരുന്നു. യഫിമുഷ്ക ഈശ്വരനെക്കുറിച്ചുള്ള വാദങ്ങളിലൊന്നും പങ്കെടുക്കുകയില്ല. മനുഷ്യന്റെ ദുഃഖത്തെക്കുറിച്ചു ചിന്തിക്കുവാൻ അയാൾ മിനക്കെടുകയില്ല. അയാളുടെ ചങ്ങാതികളുടെ ഏററവും ഹൃദ്യമായ വിഷയം അതായിരുന്നു. കസേല ഒരു ഭാഗത്തേക്കു വലിച്ചു നീക്കി, കൂനിന്റെ ഭാഗത്തു വേദനയാകാത്തവിധം തിരിഞ്ഞിരുന്നുംകൊണ്ടു അയാൾ ശാന്തമായി ചായ കഴിച്ചുംകൊണ്ടിരിക്കും. ഗ്ലാസ്സു ഗ്ലാസ്സായി അങ്ങിനെ അയാൾ ചായ കഴിക്കും. അപ്പോൾ അയാൾക്കൊരുത്സാഹം കൂടും, മുറിയിൽ ചുററും സൂക്ഷിച്ചുനോക്കും, പിന്നെ പെട്ടെന്നു തുള്ളിയെഴുന്നേററു മുറിവിട്ടു പോകയും ചെയ്യും. അയാൾ പോകുന്നതു കണ്ടാൽ ഒന്നു തീർച്ചയാക്കണം. അയാളുടെ കടക്കാരിൽ ഒരാൾ മുറിയിൽ പ്രവേശിച്ചിട്ടുണ്ട്. യഫിമുഷ്കക്കു കുറെ കടക്കാരുണ്ടായിരുന്നു. അവരിൽ ചിലർ നല്ല തല്ലുകൊടുത്തും കിട്ടാനുള്ള പണം പിരിച്ചെടുക്കുന്ന കൂട്ടത്തിലാണ്. അതാണ് യഫിമുഷ്കക്കിത്ര ഭയം.

"അവരുടെ ഈ രീതിക്കം കണ്ടാൽ തമാശതോന്നും". അയാൾ ആവേശത്തോടെ പറയും. "എന്റെ കയ്യിൽ വേണ്ടത്ര പണമുണ്ടായിരുന്നെങ്കിൽ ഞാൻ എന്റെ കടം മുഴുവനും വീട്ടുമായിരുന്നു".

"ഫ, വെറും ബെഡായി" അയാൾ പോയാൽ ഒസിപ്പ് അഭിപ്രായപ്പെടും.

ചിലപ്പോൾ യഫിമുഷ്കാ ചിന്താഗ്രസ്ഥനായിരിക്കുന്നതു കാണാം—ഒന്നും കാണാതെ കേൾക്കാതെ, മുഖത്തും കണ്ണുകളിലും വലിയ അനുകമ്പസ്ഫുരിച്ചും കൊണ്ടു്.

"നിങ്ങൾ എന്താണിങ്ങനെ ആലോചിക്കുന്നതു് ചങ്ങാതി," എല്ലാവരും അയാളോടു് ചോദിക്കും.

"ഞാൻ ധനികനായിരുന്നെങ്കിൽ ശരിക്കു നല്ല ഒരു സ്ത്രീയെ കല്ല്യാണം കഴിക്കാമായിരുന്നു. ഒരു നല്ല കുടുംബത്തിൽപ്പെട്ട ഒരു യുവതിയെ, ഒരു വലിയ പട്ടാള ഉദ്യോഗസ്ഥന്റെ മകളെ. ഞാൻ അവളെ എങ്ങിനെ സ്നേഹിക്കും, ഞാൻ അവളെ പ്രീതിപ്പെടുത്താൻ എന്തെല്ലാം ചെയ്യും. ഒരിക്കൽ അങ്ങിനെ സംഭവിച്ചു ഞാനൊരു കർണ്ണലിന്റെ വീട്ടിന്റെ മേൽപ്പുരക്കു പണിയെടുക്കുകയായിരുന്നു.

"അയാൾക്കു ഭർത്താവുമരിച്ച ഒരു മകളുണ്ടായിരുന്നു" "ആ കഥയെല്ലാം ഞങ്ങൾ വളരെ പ്രാവശ്യം കേട്ടതാണ്" പ്യോട്ടർ ഇടയിൽ കടന്നുപറഞ്ഞു.

എന്നാൽ യഫിമുഷ്ക തന്റെ കഥതുടന്നു.കൈത്തലംകൊണ്ടു കാൽമുട്ടുകളിൽ തലോടിയും, തലമുടി ഇരുവശത്തേക്കുമായി പകുത്തുനീക്കിയുംകൊണ്ടു അയാൾപറഞ്ഞു.

"അവൾ നല്ല ശുഭ്രവസ്ത്രങ്ങൾ ധരിച്ചു തോട്ടത്തിലേക്കു ഇറങ്ങിവരും. ഞാൻ മേൽപ്പുരമേൽനിന്നുഅവളെ നോക്കി വിചാരിക്കും: ഈ സൂര്യനും, ഈലോകംമുഴുവനുംതന്നെ, അവളില്ലെങ്കിൽ എന്തിന്നുകൊള്ളും. ഒരു പ്രാവിനേപ്പോലെ പറന്നുചെന്നു അവളുടെ കാൽക്കൽ വീഴാൻ എനിക്കു കഴിഞ്ഞിരുന്നെങ്കിൽ! അവൾ വളരെ ഭംഗിയുള്ള ഒരു പുഷ്പമായിരുന്നു, ഒരു പാത്രം നിറയെ വെച്ചിരിക്കുന്ന മധുരാഹാരത്തിന്നു മകുടം ചാർത്തുന്ന ഒരു മനോഹര കുസുമമായിരുന്നു. അവളെപ്പോലുള്ള ഒരു കാമുകി അടുത്തുണ്ടെങ്കിൽ, ജീവിതംമുഴുവനും നീണ്ട നീണ്ട ഒരു രാത്രിയായിരിക്കണം."

"നീ ഭക്ഷണത്തിനെന്താണ് ചെയ്യുക" പ്യോട്ടർ ഗൌരവത്തോടെചോദിച്ചു. ഈ ചോദ്യം യഫിമുഷ്കയെ ഒരുതരത്തിലും അലട്ടിയില്ല.

"എന്റപ്പാ," അയാൾ പറഞ്ഞു. "ഞങ്ങൾക്കെന്താണ് അത്രയെല്ലാം ഭക്ഷണം വേണോ? അവൾ ധനികയുമല്ലെ?"

ഓസിപ്പ് ചിരിച്ചു.

"മടിയാ, ഇങ്ങനെയായാൽ നീ വേഗം ശരിയായിക്കൊള്ളും."

യഫിമുഷ്കാ എപ്പോഴും സ്ത്രീകളെക്കുറിച്ചു മാത്രമെ സംസാരിക്കുകയുള്ളു. അയാൾ തൻെറ ജോലി ശരിയായി ചെയ്യുകയുമില്ല. ചിലപ്പോൾ അയാൾ വേഗത്തിലും വൃത്തിയായും ജോലി ചെയ്യും. മററുസന്ദർഭങ്ങളിൽ അയാൾ അധികസമയവും അലസനായി കഴിച്ചുകൂട്ടും. അയാളെ എപ്പോഴും എണ്ണമണക്കും. അയാളുടെ ദേഹത്തിന്നു് സ്വാഭാവികമായി, പുതുതായി മുറിഞ്ഞുവീണ മരത്തിൻെറ മണമുണ്ടായിരിക്കും.

ആശാരിപ്പണിക്കാരനുമായി ഏതുവിഷയത്തെക്കുറിച്ചു സംസാരിക്കുന്നതും ഒരു രസമാണു്. അയാൾ എപ്പോഴാണു് തമാശ പറയുന്നതു് എപ്പോഴാണു് കാര്യമായി സംസാരിക്കുന്നതു് എന്നു തിരിച്ചറിയുവാൻ പ്രയാസമായിരുന്നു.

ഗ്രിഗറിയുടെ സംഭാഷണവിഷയം അധികവും ദൈവമാണു്. ദൈവത്തിൽ അദ്ദേഹം പൂർണ്ണമായി വിശ്വസിച്ചു, ആരാധിച്ചു. "ഗ്രിഗറി" ഞാൻ ഒരിക്കൽ പറഞ്ഞു "ദൈവത്തിൽ വിശ്വസിക്കാത്ത ആളും ഉണ്ടെന്നു നിങ്ങൾക്കു് അറിയാമോ?"

അയാൾ ചിരിച്ചു.

"എന്താണു് പറഞ്ഞതു്?"

"ഈശ്വരനില്ലെന്നു ചിലർ പറയുന്നു."

"ഓ, അതെനിക്കറിയാം" കാണാനില്ലാത്ത ഒരീച്ചയെ ഓടിക്കുന്നതായിഭാവിച്ചു, അയാൾ തുടന്നു.

ഡേവിഡ് രാജാവു് പറഞ്ഞതെന്താണെന്നു ഓമ്മിക്കുക. "വിഡ്ഢികൾ മാത്രമെ മനസ്സുകൊണ്ടു് ദൈവമില്ലെന്നു പറയുകയുള്ളു." നോക്കു എത്രന്തുററാണ്ടുകൾ മുമ്പുതന്നെ അങ്ങിനെയുള്ള വിഡ്ഢികളെക്കുറിച്ചഭിപ്രായം പറഞ്ഞുകഴിഞ്ഞിരിക്കുന്നു - ദൈവമില്ലാതെ എങ്ങിനെണു് ജീവിക്കുവാൻ കഴിയുക."

അയാളുടെ അഭിപ്രായത്തോട് യോജിച്ചിട്ടെന്നപോലെ ഓസിപ്പ് പ്രസ്താവിച്ചു. "പ്യോട്ടർക്ക് ദൈവത്തെക്കുറിച്ചുള്ള വിശ്വാസങ്ങളില്ലാതാക്കുവൻ ശ്രമിക്കുക.: അപ്പോൾ അയാൾനിനക്കു കാണിച്ചുതരും."

ഷീഷ്ലിന്റെ മുഖം ഗൌരവം പൂണ്ടു. കുമ്മായം പുരണ്ട നഖങ്ങളോടുകൂടിയ വിരലുകളെക്കൊണ്ട് താടിതടവി അയാൾ അഭിപ്രായപ്പെട്ടു.

"ദൈവം എല്ലാവരുടേയും ദേഹത്തിലുണ്ട് മനസ്സാക്ഷിയും ആത്മാവും ദൈവം നമുക്ക് ദാന[illegible]ിട്ടുള്ളതാണ്."

"പാപമോ?"

പാപം ചെകുത്താനിൽനിന്നുണ്ടായതാണ്: പാപം പുറമെയാണ്. വസൂരിക്കലപോലെ—അത്രയയയുള്ള. പാപത്തെക്കുറിച്ചധികം ചിന്തിക്കുന്ന ആളാണധികം പാപം ചെയ്യുന്നതു്. പാപത്തെക്കുറിച്ചുള്ള വിചാരം വിട്ടുകളഞ്ഞാൽ, പാപം ചെയ്യാൻ ഇടവരികയില്ല. പാപത്തെക്കുറിച്ചുള്ള വിചാരം ചെകുത്താനാണുണ്ടാക്കുന്നതു്, ചെകുത്താൻ മാംസത്തെ നിയന്ത്രിക്കുന്നു. ആത്മാവിനെ നിയന്ത്രിക്കുന്നില്ല."

"എനിക്കങ്ങിനെ തോന്നുന്നില്ല—അതപ്പിടി ശരിയല്ല—" പെരുതേരി സംശയത്തോടെ പറഞ്ഞു.

"അപ്പടി ശരിയാണ്. ദൈവംപാപത്തെ തീണ്ടുകയില്ല. മനുഷ്യൻ ദൈവത്തിന്റെ തനിപ്പകർപ്പാണ്. ആത്മാവിന് പാപം ചെയ്യാൻ വയ്യ. ദൈവവും മനുഷ്യനും തമ്മിലുള്ള ശരിയായ സാധർമ്മ്യമാണ് ആത്മാവു്."

അയാൾ വിജയഭാവത്തിൽ പുഞ്ചിരിയിട്ടു:. പ്യോട്ടർ തുടർന്നു.

"അതപ്പടി ശരിയല്ലെന്നാണ് എനിക്കു തോന്നുന്നതു്."

"നിങ്ങളുടെ അഭിപ്രായത്തിൽ" ഒസിപ്പ് പെരുതേരിയോടു പറഞ്ഞു—

"പാപമില്ലെങ്കിൽ പശ്ചാത്താപമില്ല, പശ്ചാത്താപമില്ലെങ്കിൽ മോക്ഷവുമില്ല അല്ലെ?"

"അതു ശരിയാണ്. ചെകുത്താനെക്കാണാനില്ലെങ്കിൽ, മനസ്സിൽ ദൈവവുമില്ല. പണ്ടാരോ പറഞ്ഞതങ്ങിനെയാണ്."

ഷിഷ്ലിൻ സാധാരണയായി കുടിക്കാറില്ല. അതുകൊണ്ടു രണ്ടുഗ്ലാസ്സ് വീഞ്ഞു കുടിക്കുമ്പോഴെയ്ക്കും അയാളുടെ തലക്കു മസ്തുപിടിച്ചു അയാളുടെ മുഖം ചുവക്കും, കണ്ണുകൾ ചെറുകുട്ടികളുടേതുപോലെയാകും. ശബ്ദം ഇടറും.

"എന്റെ ചങ്ങാതികളെ, നമ്മൾ എത്ര ആശ്ചര്യകരമായ ജീവിതമാണ് നയിക്കുന്നതു്? കുറച്ചു പണിയെടുക്കും വിശ്രമിക്കാനിടയാകാതെ ഭക്ഷിക്കും. ദൈവകാരുണ്യം—എന്തൊരു നല്ല ജീവിതമാണിതു".

അയാൾ കരഞ്ഞു. അയാളുടെ കണ്ണുകളിൽക്കൂടി കണ്ണുനീർ ഒഴുകി. കണ്ണുനീർത്തുള്ളികൾ അയാളുടെ താടിരോമത്തിൽ തങ്ങിനിന്നു.

അയാളുടെ കണ്ണുനീർ കണ്ടപ്പോൾ എനിക്കറപ്പുതോന്നി. അയാൾ ജീവിതത്തെക്കുറിച്ചൊക്കെ അങ്ങിനെ പറഞ്ഞുകൊണ്ടിരുന്നതൊന്നും എനിക്കിഷ്ടമായില്ല—അമ്മമ്മയുടെ അഭിപ്രായങ്ങൾ എത്ര പരമാർത്ഥങ്ങളായിരുന്നു. ലളിതവും വിശ്വസനീയവും.

ഇങ്ങിനെയുള്ള സംഭാഷണങ്ങൾ എന്റെ മനസ്സിൽ ഒരു കോളിളക്കമുണ്ടാക്കും എന്തോ ഒരു ഭയം എന്നെ അലട്ടിക്കൊണ്ടിരിക്കും. ഞാൻ കൃഷിക്കാരെക്കുറിച്ചു പല കഥകളും കേട്ടിട്ടുണ്ടായിരുന്നു. പുസ്തകത്തിൽ പറയുന്ന കൃഷിക്കാരും യഥാർത്ഥത്തിലുള്ള കൃഷിക്കാരും തമ്മിൽ വലിയ അന്തരമുണ്ടെന്നും ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്. പുസ്തകത്തിൽ വിവരിക്കുന്ന കൃഷിക്കാരെല്ലാം നിർഭാഗ്യവാന്മാരാണ്. അവർക്കാർക്കും യഥാർത്ഥത്തിലുള്ള കൃഷിക്കാരുടെ, വിചാരസമ്പന്നതയോ, ഭാഷാഭംഗിയോ വശ

മായിരുന്നില്ല. പുസ്തകത്തിലെ കൃഷിക്കാർ, ഈശ്വരനെപ്പററി യും മതവ്യത്യാസങ്ങളെക്കുറിച്ചും പള്ളിയെക്കുറിച്ചും അധികമൊ ന്നും സംസാരിച്ചു കാണുകയില്ല. അയാറം വലിയവരെക്കുറിച്ചും, വിളനിലത്തെക്കുറിച്ചും ജീവിതത്തിലെ അന്യായത്തെക്കുറിച്ചും കഷ്ടപ്പാടുകളെക്കുറിച്ചും സംസാരിക്കും. പുസ്തകത്തിലെ കൃഷി ക്കാർ സ്ത്രീകളെക്കുറിച്ചധികമൊന്നും സംസാരിക്കുകയില്ല. സ്ത്രീ കളെക്കുറിച്ചുള്ള അയാളുടെ മനോഭാവം സൌഹാർദ്ദവും മമതയും ഉറംക്കൊള്ളുന്നതായിരിക്കും. ശരിക്കുള്ള കൃഷിക്കാരനു സ്ത്രീ ഒരു വിനോദവസ്തുവാണ്. പക്ഷെ ആപൽക്കാരിയായ ഒരു വിനോ ദോപകരണം—അയാറം അവളെ തോല്പിക്കാൻ ശ്രമിക്കും. അ ല്ലെങ്കിൽ അവറം അയാളെ തോൽപ്പിക്കും. അയാളുടെ ജീവിതം നശിപ്പിക്കും. ബുക്കിലെ കൃഷിക്കാർ നല്ലവനായാലും ചീത്തയാ യാലും, പുസ്തകത്തിൽ അതാതു രംഗത്തു പൊരുത്തമുള്ളതായി തോ ന്നുകയും ചെയ്യും. എന്നാൽ ശരിക്കുള്ള കൃഷിക്കാരൻ നല്ലവനുമ ല്ല ചീത്തയുമല്ല. വളരെയധികം അടുപ്പം തോന്നിക്കുകയും ചെ യ്യും. ശരിക്കുള്ള കൃഷിക്കാരൻ എത്രതന്നെ വായാടിയായിരു ന്നാലും, അയാളെക്കുറിച്ചു പിന്നെയും എന്തോ അറിയപ്പെടാൻ ബാക്കിയുണ്ടെന്നു തോന്നും. അയാളുടെ യഥാർത്ഥ ലക്ഷണങ്ങ ളും സ്വഭാവങ്ങളുമാണ് പറയപ്പെടാൻ ബാക്കിയുള്ളതെന്നും വ്യക്തമാണ്.

പുസ്തകങ്ങളിൽ കൃഷിക്കാരെക്കുറിച്ചു വർണ്ണിച്ചിട്ടുള്ളതു എ ൻെറ സ്നേഹിതന്മാൎക്കു വായിച്ചുകൊടുക്കേണമെന്നു ഞാൻ ആഗ്ര ഹിച്ചു. ഞാൻ ഒരു നല്ല കഥാപുസ്തകം ചന്തസ്ഥലത്തേക്കു കൊ ണ്ടുപോയി. പലപ്പോഴും ഞാൻ രാത്രിയിൽ പ്രവൃത്തിക്കാരുടെ താമസസ്ഥലത്തു കഴിച്ചുകൂട്ടും. കാരണം വൈകുന്നേരം പണി മ തിയാക്കിയാൽ വീട്ടിലേക്കു നടക്കാൻ വയ്യെന്നു തോന്നും ക്ഷീ ണംകൊണ്ടു.

എന്റെ കയ്യിൽ ആശാരിമാരെപ്പററിയുള്ള ഒരു കഥാപുസ്തകമുണ്ടെന്നു പറഞ്ഞപ്പോഠ അവക്കു വലിയ താല്പയ്യം തോന്നി. വിശേഷിച്ചും ഔസേപ്പിനു. അയാഠ എന്റെ കയ്യിൽനിന്നും പുസ്തകമെടുത്തു പേജുകഠ മറിച്ചുനോക്കി. അയാഠ തന്റെ സന്യാസിയുടെ തല സംശയഭാവത്തിൽ കുലുക്കി.

"ഈ പുസ്തകം ഞങ്ങളെക്കുറിച്ചെഴുതപ്പെട്ടതാണെന്നു തോന്നുന്നുണ്ടല്ലോ. അതോത്തുനോക്കു, ആരാണെഴുതിയതു. വലിയ പഠിച്ച ഒരാഠ അല്ലെ. അങ്ങിനെയായിരിക്കുമെന്നു ഞാൻ വിചാരിച്ചതു ശരിയാണ്. അവക്കൊന്നുകൊണ്ടും തൃപ്തിയാകയില്ല. ദൈവം വിട്ടുകളഞ്ഞു വലിയ ഉദ്യോഗസ്ഥന്മാർ കൂട്ടിച്ചേക്കും. അതിനുവേണ്ടിയാണവർ ജീവിക്കുന്നതു്."

"നീ ദൈവത്തെക്കുറിച്ചു വേണ്ടത്ര ബഹുമാനത്തോടുകൂടിയല്ല സംസാരിക്കുന്നതു്" പ്യോട്ടർ അഭിപ്രായപ്പെട്ടു.

"അതു തരക്കേടില്ല. ഞാൻ പറയുന്ന വാക്കുകളെച്ചൊല്ലി ദൈവത്തിന്നെന്നോടു മുഷിച്ചിലൊന്നും തോന്നുകയില്ല. അതു വിചാരിച്ചു പരിഭ്രമിക്കേണ്ടതില്ല. നീയും ഞാനും ഈശ്വരനെക്കുറിച്ചു ചർച്ചചെയ്വാൻ മാത്രമായിട്ടില്ല".

പെട്ടെന്നയാഠക്കു ക്രോധം വന്നു—തീപ്പൊരി പാറുംപോലെ അയാളുടെ വാക്കുകഠ അയാഠ വെറുക്കുന്ന വസ്തുക്കളുടെ നേരെ വലിച്ചെറിയുന്നതായിത്തോന്നി. പകൽ പലപ്രാവശ്യം അയാഠ ചോദിച്ചു.

"നീ ഞങ്ങഠക്കു വല്ലതും വായിച്ചു തരുമോ? മേക്സിമിക്ക്. നല്ലതു. വളരെ നല്ലതു. അതു തോന്നിയതു വളരെ നന്നായി."

ജോലി തീന്നാൽ ഞങ്ങഠ അയാളുടെ വാസസ്ഥലത്തേക്കു പോകും. അത്താഴം കഴിയുമ്പോഴേക്കും, പ്യോട്ടറും, ആർഡെലിയൻ എന്ന മറെറാരു പ്രവൃത്തിക്കാരനും ഷിഷ്ലിനും, ഫോമാ എന്ന ഒരു ചെറുപ്പക്കാരനോടൊപ്പം വന്നു കയറും. പ്രവൃത്തി

ക്കാർ ഉറങ്ങുന്ന ചാപ്പയിൽ ഒരു വിളക്കു കത്തിച്ചുവെച്ചു, ഞാൻ വായിക്കാൻതുടങ്ങും. അവർ ഒന്നും പറയാതെ, അനങ്ങാതെ ശ്രദ്ധിച്ചു കേൾക്കും. ഒടുവിൽ ആർഡെലിയൻ മുഷിപ്പു തോന്നിയപോലെ പറഞ്ഞു.

"വായിച്ചു കേട്ടതു മതി."

അയാൾ വെളിയിലേക്കു പോയി. ഗ്രിഗറിയാണാദ്യം ഉറങ്ങിയതു്. ആശ്ചര്യപ്പെട്ടതുപോലെ വായ തുറന്ന നിലയിൽ അയാൾ ഉറങ്ങി. ആശാരിമാരും ഉറങ്ങി. പ്യോട്ടരും, ഔസേപ്പും, ഫോമയും എന്റെ അടുത്തു വന്നിരുന്നു; വളരെ ശ്രദ്ധയോടെ വായനയിൽ ശ്രദ്ധിച്ചു.

ഞാൻ വായന മതിയാക്കി. ഔസേപ്പു് വിളക്കണെച്ചു. നക്ഷത്രങ്ങളുടെ നില കണ്ടാൽ സമയം അർദ്ധരാത്രി കഴിഞ്ഞിരിക്കണമെന്നു തോന്നി.

പ്യോട്ടർ ഇരുട്ടിൽനിന്നും വിളിച്ചു ചോദിച്ചു:

"ഇങ്ങിനെയുള്ള പുസ്തകങ്ങൾകൊണ്ടെന്തു കിട്ടാനാണു്? ആർക്കെതിരായിട്ടാണു് അതെഴുതിയിട്ടുള്ളതു?"

"ഉറങ്ങാൻ വൈകി" ചെരിപ്പഴിച്ചു മാററിയുംകൊണ്ടു ഔസേപ്പു് അഭിപ്രായപ്പെട്ടു.

ഫോമ ഒന്നും പറയാതെ ഒരു ഭാഗത്തേക്കു പിൻവാങ്ങി.

"ഞാൻ ചോദിക്കുന്നതു, ആർക്കെതിരായിട്ടാണു് ആ പുസ്തകം എഴുതിയിട്ടുള്ളതെന്നാണു്?" പ്യോട്ടർ നിർബ്ബന്ധപൂർവ്വം ആവർത്തിച്ചു.

"അതെഴുതിയ ആൾക്കു മാത്രം അറിയാം". ഉപായത്തിൽ വിരിപ്പു ശരിപ്പെടുത്തിയുംകൊണ്ടു പ്യോട്ടർ മറുപടി പറഞ്ഞു.

ചിററമ്മമാർക്കെതിരായിട്ടാണു് അതെഴുതിയിട്ടുള്ളതെങ്കിൽ അതിന്നർത്ഥമില്ല. അങ്ങിനെയുള്ള ഒരു പുസ്തകം എഴുതിയതുകൊണ്ടൊന്നും ചിററമ്മമാർ നന്നാകാൻ പോകുന്നില്ല". പെരു

തേരി ഉറപ്പിച്ചു പറഞ്ഞു. "ഇനി അതല്ല പ്യോട്ടർ എന്നാ അതിലെ, ആൾക്കെതിരായിട്ടാണെങ്കിൽ, അതിന്നും അർത്ഥമില്ല. അയാൾക്കു സംഭവിച്ചതെല്ലാം അയാൾ നേരിടേണ്ടിവന്നു. ഒരിക്കൽ അയാൾ ഒരു കൊല നടത്തി. അയാളെ സൈബീരിയയിലേക്കു നാടുകടത്തി. അതു ന്യായവുമാണ്. ഒരു പുസ്തകംകൊണ്ടൊന്നും അങ്ങിനെയുള്ള സംഗതികളിൽ ഒരു പരിവത്തനം വരികയില്ല".

ഔസേപ്പ് സമാധാനമൊന്നും പറഞ്ഞില്ല. പെരുതേരി തുടന്നു പറഞ്ഞു.

"ഈ എഴുത്തുകാക്കു വേറെ പണിയൊന്നുമില്ല. മററുള്ളവരുടെ കുററവും കുറവും പറയാതെ അവക്കു ഉറക്കം വരികയില്ല. എഴുത്തുകാർ ഒരു കൂട്ടം സ്ത്രീകൾ ഒത്തു ചേർന്നതുപോലെയാണ്. ശരി, ഉറങ്ങാൻ വൈകി".

കുറച്ചുനേരം വാതിൽക്കൽ നിലാവെളിച്ചത്തിൽ നിന്നുംകൊണ്ടയാൾ ചോദിച്ചു.

"നിങ്ങൾ എന്തു വിചാരിക്കുന്നു ഔസേപ്പ്?"

"ഓ" ഔസേപ്പ് ഉറക്കംതൂങ്ങിയുംകൊണ്ടു പ്രതിവചിച്ചു.

"ശരി, ഉറങ്ങിക്കോളൂ".

ഷിഷ്‌ലിൻ തറയിൽ ഇരുന്നിടത്തുതന്നെ നിവന്നുകിടന്നു. ഫോമൻ എൻെറ അരികെ ഉണ്ടായിരുന്ന വൈക്കോലിന്മേലും കിടന്നു. അകലെ വണ്ടിയുടെ ചൂളംവിളി കേട്ടു; ചക്രങ്ങൾ ഉരുളുന്ന കറക്കം കേട്ടു. പല രാഗത്തിലായി, ആ ചാപ്പ മുഴവനും, കൂക്കംവലികൾ മുഴങ്ങി. എനിക്കു വലിയ നിരാശ തോന്നി. ഒരു നല്ല വാദപ്രതിവാദമുണ്ടാകുമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നു. എന്നാൽ ഒന്നും ഉണ്ടായില്ല.

പെട്ടെന്നു ഔസേപ്പ് ശാന്തമായും വ്യക്തമായും പറഞ്ഞു.

"അതൊന്നും അത്രക്കു കാര്യമായെടുക്കേണ്ടതില്ല കൂട്ടരെ. നിങ്ങൾ ഇനിയും വളരെക്കാലം ജീവിക്കും. നിങ്ങളുടെ ആശയങ്ങ

ം നിങ്ങൾ സംഭരിക്കുക, നിങ്ങളുടെ സ്വന്തം ആശയം മററുള്ളവരുടെ ആശയത്തേക്കാൾ, വിലമതിക്കാവുന്നതാണ്. ഉറങ്ങിപ്പോയോ? ഫോമാ?"

"ഇല്ല" ഫോമാ, ആത്തിയോടെ പറഞ്ഞു.

"നിങ്ങൾ രണ്ടുപേർക്കും വായിക്കുവാനറിയാം. മുന്നോട്ടു പോകുക. എന്നാൽ അതിനെ അത്രക്കൊന്നും കാര്യമായെടുക്കേണ്ടതില്ല. അവർ തോന്നുന്നതൊക്കെ അടിച്ചുവിടും—അധികാരം അവർക്കാണല്ലോ".

അയാൾ കിടന്നിരുന്ന പലകക്കു പുറമെ കാൽ തള്ളിയിട്ടു—പലകയുടെ ഒരു വക്കിൽ പിടിച്ചുംകൊണ്ടു ഞങ്ങളുടെ നേരെ നോക്കി ഇങ്ങിനെ പറഞ്ഞു:

"പുസ്തകം—എന്താണ് പുസ്തകം എന്നു പറഞ്ഞാൽ. ചില വിവരങ്ങൾ പറഞ്ഞുതരുന്നതു. അല്ലാതെ മറെറന്താണ്?" അതിങ്ങനെ പറയുകയാണെന്നു തോന്നും. "നോക്കു, ഇങ്ങിനെയാണ്. ഒരു സാധാരണ മനുഷ്യൻ—ഒരു ആശാരി അല്ലെങ്കിൽ മറെറതെങ്കിലും ഒരു പ്രവൃത്തിക്കാരൻ". ഒരു പുസ്തകം യാതൊരുദ്ദേശവുമില്ലാതെ എഴുതുന്നതല്ല. അതു എഴുതുന്നതു ആരെയെങ്കിലും ഒരു കൂട്ടരെ സംരക്ഷിക്കുവാൻ വേണ്ടിയാണ്."

"പ്യോട്ടർ ആ കരാറുകാരനെ കൊന്നതു നന്നായി". ഫോമാ കഥയിലെ ഒരു രംഗമോർമ്മിച്ചുംകൊണ്ടു പറഞ്ഞു.

"നീ എന്തിനാണങ്ങിനെ പറയുന്നതു്. എന്തിനായാലും അതു നല്ലതല്ല. നിനക്കു ഗ്രിഗറിയെ ഇഷ്ടമല്ലെന്നു എനിക്കറിയാം. എന്നാൽ ആ ചിന്ത നിൻെറ മനസ്സിൽനിന്നും മാച്ചുകളയണം. നമ്മളിലാരും ധനികന്മാരല്ല. ഇന്നു ഞാൻ യജമാനൻ. നാളെ വീണ്ടും ഒരു സാധാരണ പ്രവൃത്തിക്കാരൻ".

"ഞാൻ നിങ്ങളെക്കുറിച്ചല്ല സംസാരിക്കുന്നതു്", ഔസേപ്പമ്മാവാ".

"ആരെക്കുറിച്ചായാലും ശരി".

"നിങ്ങളും ഒരു മനുഷ്യനല്ലേ?"

"ക്ഷമിക്കു, പുസ്തകം എന്തിനെക്കുറിച്ചാണെന്നു ഞാൻ പറയാം". പരിഭവംനിറഞ്ഞ സ്വരത്തിൽ ഔസേപ്പു കടന്നുപറഞ്ഞു. അതു വെറും കാപട്യംനിറഞ്ഞ ഒരു പുസ്തകമാണ്. ഒരു മാന്യനുണ്ടു്, കൃഷിക്കാരനില്ല. കൃഷിക്കാരനുണ്ടു, മാന്യനില്ല. നോക്കു, മാന്യൻ വിഷമത്തിലാണു്. കൃഷിക്കാരൻെറ നിലയും ഭേദമൊന്നുമല്ല. മാന്യൻ ക്ഷീണിച്ചു പരവശനാകുന്നു. കൃഷിക്കാരൻ കുടിച്ചു മത്തനായി പകനിറഞ്ഞ മനസ്സുമായി കഴിയുന്നു. അതാണാക്കഥയിൽക്കാണുന്നതു്. പ്രഭുവിൻെറ കീഴിൽ അടിമകളായിക്കഴിയുന്നതാണ് നല്ലതെന്നാപുസ്തകം പറയുന്നു. മാന്യൻ കൃഷിക്കാരൻെറ പിറകിലൊളിച്ചു. കൃഷിക്കാരൻ മാന്യൻെറ പിറകിലും. അവർ രണ്ടുപേരും ചുററി ചുററിക്കളിച്ചു. വയറുനിറച്ചു സംതൃപ്തരായി. അടിമത്തത്തിൻെറ കാലത്തും കൂടുതൽ സമാധാനമുണ്ടായിരുന്നു എന്ന കാര്യം ഞാൻ സമ്മതിക്കുന്നു. ദരിദ്രരായ കൃഷിക്കാരുള്ളതു ഒരു വലിയ നേട്ടമായി പ്രഭുക്കൾ കരുതിയിരുന്നില്ല. കൃഷിക്കാർക്കു വയർ നിറച്ചു കൊടുക്കണം. എന്നാൽ അവർക്കു ബുദ്ധിശക്തി കുറവായിരിക്കണം. അതാണവർ ആഗ്രഹിച്ചതു്. എനിക്കറിയുന്നതാണ് ഞാൻ പറയുന്നതു്. കാരണം ഞാനും ചുരുങ്ങിയതു നാല്പതു കൊല്ലക്കാലം ഒരു പ്രഭുവിൻെറ കീഴിൽ അടിമയായി കഴിച്ചുകൂട്ടിയിട്ടില്ലേ? എൻെറ ചുമലിൽ ധാരാളം ബുദ്ധിശക്തി അവർ അടിച്ചു കയററിയിട്ടില്ലേ?"

കഥാപാത്രമായ പ്യോട്ടരം ഇതേസ്വരത്തിലായിരുന്നു സംസാരിച്ചിരുന്നതെന്നു ഞാൻ ഓർമ്മിച്ചു. ഔസേപ്പിൻെറ ചിന്തകൾക്കു ആ ദുഷിച്ച മനുഷ്യൻെറ ചിന്തയോടു സാമ്യമുണ്ടായിരുന്നു. അതു ഏതദ്യമായി എനിക്കു തോന്നിയില്ല.

എൻെറ കാലിന്മേൽ കൈവെച്ചുംകൊണ്ടു് ഔസേപ്പു തുടന്നു:

"നീ പുസ്തകങ്ങളിലും മററു പ്രബന്ധങ്ങളിലും വായിക്കുന്ന തിൻെറ അർത്ഥം പരിശോധിച്ചറിയാൻ പഠിക്കണം. ആരും ഒരുദ്ദേശമില്ലാതെ ഒന്നും ചെയ്യുകയില്ല. അവർ അവരുടെ ഉദ്ദേശം മറച്ചുവെക്കാൻ ശ്രമിക്കുമായിരിക്കും. പുസ്തകം എഴുതുന്നതിന്നും ഒരുദ്ദേശമുണ്ട്. നിന്നിൽ ആശയക്കുഴപ്പമുണ്ടാക്കുക. ബുദ്ധിശക്തി സകലതിലും ഇറങ്ങിച്ചെല്ലുമല്ലോ. വിറകു കീറുന്നതിലും ചെരിപ്പു തുന്നുന്നതിലും, എല്ലാററിലും— — — ."

അയാൾ കുറെനേരം ഇങ്ങിനെ സംസാരിച്ചുംകൊണ്ടിരുന്നു. കുറെനേരം പലകമേൽ മലന്നു കിടന്നു. പിന്നെ പിടഞ്ഞെഴുന്നേററു തൻെറ അഭിപ്രായങ്ങൾ ഇരുട്ടിൽക്കൂടി ഇങ്ങിനെ വിളിച്ചു പറഞ്ഞു:

"ആളുകൾ പറയുന്നു പ്രഭുവും കുടിയാനും തമ്മിൽ വലിയ അന്തരമുണ്ടെന്നു. അതു സത്യമല്ല. നമ്മൾ എല്ലാവരും ഒരുപോലെയാണു്. അയാൾ നമ്മുടെ മേലെയാണെന്നു മാത്രം. ശരിയാണ്. പ്രഭു പുസ്തകങ്ങൾ വായിച്ചു പഠിക്കും. ഞാൻ എൻെറ മുറിവുകളിൽനിന്നും, ചതവുകളിൽനിന്നും പഠിക്കും. അയാളുടെ തൊലി കൂടുതൽ വെളുത്തിട്ടുണ്ടായിരിക്കും. ഇതല്ലാതെ ഞാനും പ്രഭുവും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. എൻെറ കുഞ്ഞേ! ഈ ലോകത്തിലെ ഈ വ്യവസ്ഥ മാററി ഒരു പുതിയ വ്യവസ്ഥ നടപ്പാക്കേണ്ടതായ കാലം അതിക്രമിച്ചിരിക്കുന്നു. ആ പുസ്തകങ്ങളെല്ലാം വലിച്ചെറിയൂ. ഓരോ ആളും തന്നത്താൻ ചോദിക്കണം.

"അല്ലെങ്കിൽ ഞാനാരാണ്? ഒരു മനുഷ്യൻ. പ്രഭു ആരാണ്? അയാളും ഒരു മനുഷ്യൻ. അപ്പോൾ വ്യത്യാസമെന്താണ്? ഒരു പക്ഷെ ദൈവം അയാളിൽനിന്നും അഞ്ചു കൊപേക്ക അധികം ആവശ്യപ്പെട്ടമായിരിക്കാം. ഇല്ലില്ല. പണം കൊടുക്കേണ്ടിവരുന്ന ഘട്ടങ്ങളിൽ ദൈവത്തിൻെറ ദൃഷ്ടിയിൽ നമ്മളും അവരും തുല്യന്മാർ തന്നെയാണ്."

ഒടുക്കം, നേരം പുലരാറായപ്പോൾ ജൗസേപ്പ് എന്നോടു പറഞ്ഞു.

"എനിക്കു കുറെയെല്ലാം സംസാരിക്കാൻ കഴിയും. ഞാൻ എന്റെ ജീവിതത്തിൽ ഒരിക്കലും ഓർക്കാത്ത പലതിനെക്കുറിച്ചും ഇന്നലെ രാത്രി സംസാരിക്കുകയുണ്ടായി. ഞാൻ പറഞ്ഞതൊന്നും അത്ര കാൎയ്യമായെടുക്കേണ്ടതില്ല. എനിക്കു ഉറക്കം വരാത്തതു കൊണ്ടു ഞാൻ എന്തൊക്കെയൊ കെട്ടിച്ചമച്ചു പറഞ്ഞതാണ്. ഒന്നും ഉദ്ദേശിച്ചുംകൊണ്ടു പറഞ്ഞതല്ല. ഉറക്കം വരാതെ, കണ്ണു മിഴിച്ചു കിടക്കുമ്പോൾ, ഓരോന്നങ്ങിനെ തോന്നിയതാണ്. അതൊരു രസമാണ്. ഒരിക്കൽ ഒരു കാക്കയുണ്ടായിരുന്നു. അതു വയലിൽ നിന്നു കുന്നുകളിലേക്കു പറന്നു. കുളപ്പുരകൾതോറും പറന്നു നടന്നു. അങ്ങിനെ ജീവിതം നയിച്ചു, സുഖംകൂടായി മരിച്ചു. അങ്ങിനെയുള്ള കഥകൾക്കെന്താണൎത്ഥമുള്ളതു്? ഒരൎത്ഥവുമില്ല. ശരി, നമുക്കുറങ്ങാം. നേരത്തെ എഴുനേൽക്കണമല്ലോ".

---

## XVIII

പണ്ടു്, യാക്കോവിനോടു് തോന്നിയപോലെ ഓസിപ്പിനോടു് എനിക്കു വലിയ ബഹുമാനം തോന്നി. എന്റെ ദൃഷ്ടിയിൽ, മററുള്ളവരെല്ലാം മാഞ്ഞുപോയി. അയാൾ മാത്രം അവശേഷിച്ചു. ഓസിപ്പിന്നും യാക്കോവിന്നും തമ്മിൽ വലിയ സാമ്യമുണ്ടായിരുന്നു. എന്നാൽ അയാളെക്കാണുമ്പോൾ എന്റെ മുത്തച്ഛനെ ഓർമ്മവരും; പ്യോട്ടർ വാസിലേവിനെയും, വെപ്പുകാരൻ സ്മൂറിയെയും, ഓർമ്മവരും. പിച്ചളമേൽ തീവെള്ളമെന്നപോലെ ഓസിപ്പിനെക്കുറിച്ചുള്ള പ്രതീതികൾ എന്റെ മനസ്സിൽ, ഉറച്ചു നില്ക്കുവാൻ സംഗതിയായി. അയാൾക്കു രണ്ടു തരത്തിലുള്ള ചിന്താഗതി ഉണ്ടായിരുന്നു. ജോലി ചെയ്തുകൊണ്ടിരിക്കേ, അയാളുടെ ചിന്ത, പ്രായോഗികമായും ശീഘ്രഗതിയിലുമായിരിക്കും. മനസ്സിലാക്കാൻ എളുപ്പവുമായിരിക്കും. രാത്രിയിൽ ഉറക്കംവരാതിരിക്കുമ്പോഴും, വൈകുന്നേരം അയാളുടെ വെപ്പാട്ടിയെ സന്ദർശിക്കുവാൻ എന്നെയും കൂട്ടി, നടന്നുപോകുമ്പോഴും, അയാളുടെ വിചാരങ്ങൾ ഭിന്നമായിരിക്കും. അയാളുടെ കാമുകി ഒരു അപ്പക്കാരിയായിരുന്നു. രാത്രി അയാളുടെ ചിന്തകൾ തികച്ചും പ്രത്യേകമാണു്. അയാളുടെ ചിന്തകൾ ഒരു റാന്തലിന്റെ വെളിച്ചമെന്നപോലെ, നാലു ഭാഗത്തും പ്രകാശം വീശുന്നുണ്ടായിരിക്കും. എന്നാൽ അയാളുടെ യഥാർത്ഥമായ അഭിപ്രായങ്ങൾ ഏതാണെന്നു മനസ്സിലാക്കാൻ വിഷമമായിരുന്നു. അയാൾക്കിഷ്ടമായതേതാണെന്നും എനിക്കു് വ്യക്തമായില്ല.

ഞാൻ പരിചയിച്ചിട്ടുള്ള ആരേക്കാളും സമത്ഥനാണ് അയാളെന്നു് ഞാൻ വിശ്വസിച്ചു. ഞാൻ യാക്കോവിൻെറകൂടെയെന്നപോലെ, ഇയ്യാളോടൊപ്പം ചുററിപ്പററി നടന്നു. അയാളെ അറിയാനും മനസ്സിലാക്കാനും ഞാൻ ആഗ്രഹിച്ചു. എന്നാൽ അയാഠം എൻെറ പിടിയിൽ ഒതുങ്ങി നിന്നില്ല; അയാഠം എനിക്കു തീരെ ദുഗ്രാഹ്യനായി തോന്നി.

അയാഠം എന്നോടു പറഞ്ഞതു എനിക്കു ഓമ്മവന്നു. "എന്നെ മനസ്സിലാക്കുവാൻ നീ നിൻെറ ബുദ്ധിശക്തി നല്ലപോലെ ഉപയോഗിക്കുക ഉത്സാഹിച്ചു പരിശ്രമിക്കുക".

എൻെറ അഭിമാനം ക്ഷതപ്പെട്ടതായി തോന്നി. അതിലും വലുതായെന്തോ ഒരു നഷ്ടം പററിയതായി എനിക്കു തോന്നി. ആ വൃദ്ധനെ മനസ്സിലാക്കേണ്ടതു വളരെ പ്രധാനമായ ഒരു കാര്യ്യമായെനിക്കു തോന്നി.

ഇങ്ങിനെയൊക്കെയാണെങ്കിലും അയാഠം ഒരു സ്ഥിരചിത്തനാണ്. അയാഠം വീണ്ടും ഒരു നൂറു കൊല്ലം ജീവിക്കുകയാണെങ്കിലും, അങ്ങിനെതന്നെ ഇരിക്കുമെന്നാണ് എനിക്കുതോന്നിയതു്. മാറിക്കൊണ്ടിരിക്കുന്ന ആളുകളുടെ ഇടയിൽ തീരെ മാറാത്ത ഒരാളായിട്ടാണ് അയാളെ കണ്ടതു്. പ്യോട്ടറെക്കുറിച്ചും സ്ഥിരചിത്തനാണെന്നുതന്നെയാണെനിക്കു തോന്നിയിരുന്നതു്. എന്നാൽ ആ സ്ഥിരചിത്തത എനിക്കു ഹൃദ്യമായി തോന്നിയില്ല. ഓസിപ്പിൻെറ സ്ഥിരചിത്തത വ്യത്യസ്ഥമായിരുന്നു; സ്പൃഹണീയമായിരുന്നു.

മനുഷ്യൻെറ ചാപല്യം എനിക്കു കൂടുതൽ വ്യക്തമായി. ഒരു നിലയിൽനിന്നു മറെറാന്നിലേക്കു, ആളുകഠം പെട്ടെന്നു കടന്നു മാറുന്നതു കാണുമ്പോഠം ഞാൻ അമ്പരന്നു. വ്യാഖ്യാനിക്കാൻ കഴിയാത്ത ഈ മാററങ്ങളെക്കുറിച്ചു ആശ്ചയ്യത്തോടെ ചിന്തിച്ചെനിക്കു് മടുത്തുകഴിഞ്ഞു. ആളുകളിൽ എനിക്കു തോന്നിയിരുന്ന താല്പയ്യം കുറഞ്ഞു. അവരെക്കുറിച്ചുള്ള എൻെറ മമത കുറഞ്ഞു.

ജൂലായിമാസം ആദ്യത്തിൽ ഒരു ദിവസം ഞങ്ങൾ ജോലി ചെയ്യുന്ന സ്ഥലത്തേക്കു ഒരു പഴയവണ്ടി ഓടിവന്നു നിന്നു. വണ്ടിക്കാരൻ താടിക്കാരനായ ഒരു കിഴവനാണ്. കുടിച്ചു മത്തനായി, എക്കിളിട്ടുംകൊണ്ടിരിക്കുന്നുണ്ടു്; ചുണ്ടിന്നു ചോര പുരണ്ടിട്ടുണ്ടു്. തലയിൽ തൊപ്പിയില്ല. പിന്നിൽ, വണ്ടിയിൽ ഗ്രിഗറിഷിഷ്ലിൻ കുടിച്ചു മത്തനായിരിക്കുന്നുണ്ടു്. ചുവന്ന കവിളുകളും ചുകന്ന നാടകെട്ടിയ തൊപ്പിയും ധരിച്ച ഒരു സ്ത്രീ അയാളെ താങ്ങിപ്പിടിച്ചിരിക്കുന്നു. അവൾ വണ്ടി ഇളകുന്നതിന്നനുസരിച്ചു ഇളകുന്നു; അവൾ ഉച്ചത്തിൽ ചിരിച്ചുംകൊണ്ടു വിളിച്ചുപറഞ്ഞു.

"ഹേയ്, ചെകുത്താന്മാരെ! ചന്ത പൂട്ടിക്കഴിഞ്ഞു. ചന്തയില്ല; ഇതാ ഇവര് എന്നെ ചന്തയിലേക്കു വലിച്ചിഴച്ചുകൊണ്ടു പോകയാണ്."

വളരെ പരവശനായ നിലയിൽ ഗ്രിഗറി വണ്ടിയിൽനിന്നും നിരങ്ങി ഇറങ്ങി, നിലത്തിരുന്നു. കണ്ണിൽ വെള്ളംനിറച്ചുംകൊണ്ടയാൾ ഞങ്ങളെ അറിയിച്ചു.

"ഇതാ ഞാൻ തീരെ മറന്നിരിക്കുന്നു; ഞാൻ വളരെ പാപം ചെയ്തു. എല്ലാമാലോചിച്ചു. പാപം ചെയ്തു. അതേ, അങ്ങിനെയാണു്." യഫിമുഷ്കാ ചോദിച്ചു: ഗ്രിഗറി, ഗ്രിഗറി, എന്താണവൻ പറയുന്നതു്", എന്നു. അവൻ പറയുന്നതു ശരിയാണ്. എന്നാൽ എന്നെ മാപ്പാക്കണം. നിങ്ങളെല്ലാവരേയും സല്ക്കരിക്കാൻ എനിക്കാഗ്രഹമുണ്ടു്. അവൻ പറയുന്നതു ശരിയാണ്. "നമ്മളെല്ലാവരും ഒരു നിമിഷം മാത്രമെ യഥാർത്ഥത്തിൽ ജീവിക്കുന്നുള്ളു. ഒന്നിലധികം പ്രാവശ്യം നാം ജീവിക്കുന്നില്ല."

ആ സ്ത്രീ പൊട്ടിച്ചിരിക്കാൻ തുടങ്ങി. നാലുപാടും തുള്ളിക്കളിക്കാൻ തുടങ്ങി. വണ്ടിക്കാരൻ വിളിച്ചുപറഞ്ഞു. "വരൂ, നമുക്കു പോകാം. വരൂ, വരൂ. എനിക്കീ കുതിരയെ പിടിച്ചു നിർത്താൻ കഴിയുന്നില്ല".

അത്തു് ഒരു കിഴവൻ കുതിരയായിരുന്നു. വായ നിറയെ നുരയുണ്ടു്. ഒരു പ്രതിമയെപ്പോലെ നിൽക്കുന്നു. ആകെ ആരംഗം വിസ്തരിക്കാൻ കഴിയാത്തവിധം തമാശയുണ്ടു്. ഗ്രിഗറിയുടെ പ്രവൃത്തിക്കാരി അവരുടെ യജമാനൻെറ ഈയ്യവസ്ഥ കണ്ടപ്പോൾ പൊട്ടിച്ചിരിച്ചു. അയാളുടെ കാമുകിയേയും വണ്ടിക്കാരനേയും നോക്കി ചിരിച്ചു.

തീരെ ചിരിക്കാത്ത ആൾ ഫോമാ മാത്രമാണു്. അയാൾ വാതിലിന്നടുക്കെ തൻെറ സമീപത്തു നിന്നു. അയാൾ പറഞ്ഞു.

"അപ്പോൾ അയാൾക്കു സ്റ്റ്റു ഇളകി. പന്നി. അയാൾക്കു വീട്ടിൽ ഒരു ഭായ്യയുണ്ടു്. അതും ഒരു നല്ല സുന്ദരി".

വണ്ടിക്കാരൻ അവരെ വിളിച്ചു. സ്ത്രീ വണ്ടിയിൽനിന്നിറങ്ങി, ഗ്രിഗറിയെ വണ്ടിയിലേക്കു തള്ളിക്കയററി. അയാൾ അവളുടെ കാൽക്കൽ ചുരുണ്ടിരുന്നു. അവൾ തൻെറ പട്ടുകുട വീശിയുംകൊണ്ടു പറഞ്ഞു.

"ഇന്നു ഞങ്ങൾ പോകുന്നു".

ഗ്രിഗറിയുടെ ഈ വിഷ്ടിവേഷങ്ങൾ കണ്ടപ്പോൾ വലിയ വേദന തോന്നിയതുപോലെ ഫോമ ഒച്ചയെടുത്തു. പ്രവൃത്തിക്കാർ ജോലി തുടന്നു. അവർ ഗ്രിഗറിയെക്കുറിച്ചു ചില അഭിപ്രായങ്ങൾ പാസ്സാക്കി. പക്ഷെ പ്രത്യക്ഷത്തിൽ അവക്കു് അയാളുടെ പേരിൽ വലിയ അസൂയയാണു് തോന്നിയതു്.

"യജമാനാണെന്നാണു് വെപ്പു്." ഫോമ പിറുപിറുത്തു. പണി തീക്കാൻ ഇനി ഒരു മാസം തികച്ചും ഇല്ല. തിരിച്ചു ഗ്രാമത്തിലേക്കു പോകുന്നതുവരെ കാത്തു നിൽക്കാൻ അയാൾക്കു ക്ഷമയില്ല.

എനിക്കും ഗ്രിഗറിയോടു് ക്രോധം തോന്നി. ആ സ്ത്രീ അയാളുടെ അടുത്തിരിക്കുന്നതു കാണുമ്പോൾ അത്രക്കും ഒരു പൊരുത്തക്കേടു തോന്നും.

ഞാൻ പലപ്പോഴും ആശ്ചയ്യപ്പെടാറുണ്ടു്. ഈ ഗ്രിഗറിഷിഷ്‌ലിൻ എന്നാണു് യജമാനനായതു? ഫോമാടക്കോവ് ഒരു വെറും പ്രവൃത്തിക്കാരനായതു എന്തു?

ഫോമാ തടിച്ചു കൊഴുത്തു ചതുരൻമുടിയുള്ള ഒരു ചെറുപ്പക്കാരനാണ്. ബുദ്ധിക്ഷമതയുള്ള ചാരനിറത്തിലുള്ള കണ്ണുകളും വട്ടമുഖവുമാണ്. അയാളെ കണ്ടാൽ ഒരു കൃഷിക്കാരനാണെന്നു തോന്നുകയില്ല. അയാൾ നല്ല വസ്ത്രങ്ങൾ ധരിക്കുകയാണെങ്കിൽ ഒരു കച്ചവടക്കാരന്റെ മകനാണെന്നേ തോന്നുകയുള്ളു. ഒരു നല്ല കുടുംബത്തിലാണെന്നേ തോന്നുകയുള്ളു. അയാൾ എപ്പോഴും മൌഢ്യംപൂണ്ടു കായ്യം മാത്രം പറയും. അയാൾക്കു എഴുതാനും വായിക്കാനും അറിയാം കരാറുകാരന്റെ കണക്കുകൾ എഴുതുന്നതു അയാളാണ്. എസ്റ്റിമേററുകൾ തെയ്യാറാക്കുന്നതും അയാളാണ്. പ്രവൎത്തിക്കാരെക്കൊണ്ടു ജോലി ചെയ്യിക്കുവാൻ അയാൾക്കു കഴിയും. അയാൾ സ്വന്തം ജോലിയിൽ വലിയ ശുഷ്കാന്തി കാണിക്കുകയുമില്ല.

"നിങ്ങൾക്കു എല്ലാ കായ്യങ്ങളും ഒരു ജീവകാലംകൊണ്ടു് ചെയ്തു തീർക്കാൻ കഴിയും". അയാൾ ശാന്തമായി പറയും. അയാൾക്കു പുസ്തകങ്ങൾ വലിയ പുച്ഛമാണ്. "എന്തു, ഇപ്പോൾ അച്ചടിച്ചു വിടുകയാണ്. വേണമെങ്കിൽ ഞാനൊരു കഥ പറയാമല്ലോ. അതു വിഷമംപിടിച്ച കായ്യമൊന്നുമല്ല."

എന്നാൽ മററുള്ളവർ പറയുന്നതെല്ലാം അയാൾ ശ്രദ്ധിച്ചു കേൾക്കും. അയാൾക്കു താല്പയ്യം തോന്നുന്ന വല്ലതും പറയുകയാണെങ്കിൽ എല്ലാം കേൾക്കാൻ ശ്രമിക്കും. എല്ലാം കേട്ടാൽ അയാൾ സ്വയം ചില തീരുമാനങ്ങളിൽ എത്തും. സ്വന്തം ആശയങ്ങൾക്കനുസരിച്ചു.

ഫോമാ ഒരു കൺട്രാക്റ്ററാകേണമെന്നു് ഞാൻ ഒരിക്കൽ അയാളോട്ടു് പറഞ്ഞു. അയാൾ അതിന്നു അലക്ഷ്യമായി ഇങ്ങിനെ മറുപടി പറഞ്ഞു:

ആദ്യംമുതൽക്കുതന്നെ ആയിരക്കണക്കായി റുബിൾ കിട്ടി ക്കൊണ്ടിരിക്കുകയാണെങ്കിൽ നല്ലതുതന്നെയാണ്. ചെറിയ കൂലി കൊടുത്തു കുറെ തൊഴിലാളികളെക്കൊണ്ടു പണിയെടുപ്പിക്കുകയെന്നതു് ഒരു ദ്രോഹമാണ്. അതിലെന്താണർത്ഥം? ഞാൻ തക്കം പാർത്തിരിക്കും. സൌകര്യപ്പെടുമ്പോൾ, ഓറങ്കയിൽ ഒരു പള്ളിയിൽ പാതിരിയായി ചേരാൻ ശ്രമിക്കും. ഞാൻ മുതിർന്ന ഒരാളാണ്, സുമുഖനാണ്. ഏതെങ്കിലും ഒരു ധനികയായ വിധവ എന്നിൽ അനുരക്തയാകും. അങ്ങിനെ സംഭവിക്കുന്നതു സാധാരണമല്ലല്ലോ. സെർഗാക്കിക്കാരൻ അങ്ങിനെ രണ്ടു കൊല്ലംകൊണ്ടു് ഒരു ബന്ധമുണ്ടാക്കി. വധു വാണെങ്കിൽ ഒരു പട്ടണക്കാരിയുമായിരുന്നു. അവൻ വീടുതോറും പ്രതിമകൾ കൊണ്ടുപോയി വിൽക്കുമ്പോൾ അവളവനെ കാണുകയും അവനെ പിടികൂടുകയുംചെയ്യുകയാണുണ്ടായതു്."

അതായിരുന്നു അയാളുടെ ഉദ്ദേശം. പലരും പള്ളികളിൽ ചെന്നു ജീവിതം സുഖകരമായി കഴിച്ചുകൂട്ടുന്നതിനെക്കുറിച്ചുള്ള കഥകൾ അയാൾ പറഞ്ഞു. എനിക്കത്തരം കഥകളും ഫോമയുടെ ഇത്തരത്തിലുള്ള ചിന്താഗതിയും ഇഷ്ടമായില്ല. എന്നാൽ ഫോമ എങ്ങിനെയെങ്കിലും ഒരു പള്ളിയിൽ ചേരുമെന്നു ഞാൻ വിശ്വസിച്ചു.

ചന്ത ആരംഭിച്ചപ്പോൾ ഫോമ ഒരു ചാരായക്കടയിൽ ഒരു ജോലിക്കാരനായിച്ചേർന്നു. ഇതു എല്ലാവരേയും ആശ്ചര്യപ്പെടുത്തി. അയാളുടെ ചങ്ങാതികൾക്കു് ആശ്ചര്യംതോന്നി എന്നു പറഞ്ഞുകൂട. അവർ അയാളെ കളിയാക്കി. എല്ലാവരും ഞായറാഴ്ചയോ മറെറാഴിവു ദിവസങ്ങളിലൊ ചായ കഴിക്കുവാൻ പോകുമ്പോൾ ചിരിച്ചുംകൊണ്ടന്യോന്യം പറയും.

"നമുക്കു ഫോമക്കു, കുറച്ചു കച്ചവടം കൊടുക്കാൻ നോക്കാം"

കടയിൽ കയറിയശേഷം അവർ വലിയ ഗൌരവത്തോടെ വിളിച്ചു പറയും,

"ഹേ, ബോയി, ചുരുളൻമുടിക്കാരൻ കുട്ടി, ഇവിടെ വരൂ." അയാൾ വരും. തലപൊക്കിയുംകൊണ്ടു ചോദിക്കും.

"എന്താണ് തിന്നാൻ കൊണ്ടുവരേണ്ടതു്?"

"പണ്ടത്തെ ചങ്ങാതികളെ എനിക്കു മനസ്സിലാകുന്നില്ലേ?"

"എനിക്കു കുറെ തിരക്കുണ്ട്."

ചങ്ങാതികൾക്കു അയാളെ പുച്ഛമാണെന്നും അവർ അയാളെ തമാശയാക്കുകയാണെന്നും പുള്ളിക്കു മനസ്സിലായി. അയാളുടെ വിളറിയ മുഖം കണ്ടാൽ ഇങ്ങിനെ പറയുകയാണെന്നു തോന്നും.

"ശരി, വേഗം തിന്നു സ്ഥലം ഒഴിച്ചാൽ തരക്കേടില്ല"

"നിനക്കു് വല്ലതും കൈനേട്ടം വേണം അല്ലേ". അവർ പണസഞ്ചി കുലുക്കിയുംകൊണ്ടു പറയും. എന്നാൽ ഒരു കോപ്പക്കുപോലും കൊടുക്കാതെ ഇറങ്ങിപ്പോകയും ചെയ്യും.

ഒരു ഹോട്ടൽ ജോലിക്കാരനായതെന്തിനാണെന്നു ഞാൻ ഫോമയോടു ചോദിച്ചു. അയാൾ ഒരു പാതിരിയാകാനാണല്ലോ ഉദ്ദേശിച്ചിരുന്നതു്. എന്നു ഞാൻ ചോദിച്ചു.

"ഞാൻ ഒരിക്കലും ഒരു പാതിരിയാകാൻ ഉദ്ദേശിച്ചിട്ടില്ല". അയാൾ മറുപടി പറഞ്ഞു. ഹോട്ടൽ ജോലിക്കാരനായി വളരെക്കാലം തുടൎന്നുപോകാനും ഉദ്ദേശിക്കുന്നില്ല".

നാലു കൊല്ലം കഴിഞ്ഞശേഷം സാറിററ്സിനിൽ അയാൾ ഒരു ഹോട്ടലിൽ ജോലി ചെയ്യുന്നതു ഞാൻ കണ്ടു. ഒടുക്കം ഫോമട്ടുക്കോവിനെ ഒരു വീട്ടിൽ കയറി കടക്കാൻ ശ്രമിക്കുമ്പോൾ അറസ്റ്റ് ചെയ്തതായി ഞാൻ പത്രത്തിൽ വായിച്ചു.

പ്ല്യാട്ടറുടെ കീഴിൽ ജോലിചെയ്തിരുന്ന ആർഡേലിയൻ എന്ന പെരുതേരിയുടെ കഥയാണു് എന്നെ ഏററവും ആകർഷിച്ചതു. കറുത്ത താടിയുള്ള നാല്പതു വയസ്സുള്ള തമാശക്കാരനായ ഈ കൃഷിക്കാരൻ, എന്തുകൊണ്ടാണ് മേസ്ത്രിയാകാതെ, പ്ല്യാട്ടറു

ടെ കീഴിൽ വെറും തൊഴിലാളിയായി ജോലിചെയ്യേണ്ടിവന്നതെന്നു് ഞാൻ ആശ്ചര്യപ്പെട്ടു. അയാൾ വളരെ ദുർല്ലഭമായിട്ടു മാത്രമേ കുടിക്കാറുണ്ടായിരുന്നുള്ളു. കുടിച്ചാൽതന്നെ മത്തനാകുവോളം കുടിക്കുകയുമില്ല. നല്ല സമർത്ഥനായ പ്രവൎത്തിക്കാരനാണു്. ആത്മാർത്ഥമായി ജോലിചെയ്യുകയും ചെയ്യും. അയാളോടു താരതമ്യപ്പെടുത്തിയാൽ രോഗിയായ പ്യോട്ടർ നിസ്സാരനാണ്. പ്യോട്ടർ ഇങ്ങിനെ തമാശപറയും.

"എനിക്കു് മരത്തിന്റെ ശവപ്പെട്ടിയുണ്ടാക്കാൻ സാധിക്കുന്നതിനുവേണ്ടി, ഞാൻ മററുള്ളവൎക്കു ഇഷ്ടികകൊണ്ടു കെട്ടിടങ്ങൾ പണിതു കൊടുക്കുകയാണു്."

ആർഡേലിയൻ വളരെ ആവേശത്തോടെ ഇഷ്ടികകൾ പെറുക്കിവെച്ചുംകൊണ്ടു വിളിച്ചുപറയും.

"വരൂ, ചങ്ങാതികളെ, ദൈവത്തെ വിചാരിച്ചു ശരിയായി ജോലിചെയ്യൂ". അടുത്ത വസന്തകാലത്തു അയാൾ ടോംസ്കിൽ പോകാൻ ഉദ്ദേശിക്കുന്നുണ്ടെന്നയാൾ പറഞ്ഞു. അയാളുടെ സ്യാലൻ അവിടെ ആയിരുന്നു. ഒരു പള്ളിയെടുക്കാൻ കരാർ സ്വീകരിച്ചിട്ടുള്ളതുകൊണ്ടു് ഒരു മേസ്ത്രിയുടെ പണി വാഗ്ദത്തം ചെയ്തിട്ടുണ്ടെന്നയാൾ പറഞ്ഞു.

"എല്ലാം ശട്ടംചെയ്തു വെച്ചിട്ടുണ്ടു്. പള്ളികൾ പണിയുക. ഞാൻ ഇഷ്ടപ്പെടുന്ന ഒരു ജോലിയാണതു്" അയാൾ പറഞ്ഞു. പിന്നെ എന്റെ നേരെ തിരിഞ്ഞുംകൊണ്ടയാൾ തുടന്നു. "എന്നോടൊപ്പം വരൂ. എഴുതാനും വായിക്കാനും അറിയുന്ന ഒരാൾക്കു സൈബീര്യയിൽ ജീവിതം വളരെ സുഗമമാണ്. അവിടെ പഠിച്ചവൎക്കു് വലിയ പ്രാധാന്യമാണ്."

ഞാൻ അയാളോടൊപ്പം പോകാമെന്നു സമ്മതിച്ചു. ആർഡേലിയൻ വലിയ വിജയഭാവത്തിൽ പറഞ്ഞു.

"നല്ലതു്. ഇതാ ഞാൻ കാൎയ്യത്തിലാണു് പറയുന്നതു. തമാശയല്ല".

പ്യോട്ടരോടും ഗ്രിഗറിയോടും ഉള്ള അദ്ദേഹത്തിൻെറ പെരുമാററം വലിയ മമതയോടുകൂടിയായിരുന്നു. വലിയവർ കുട്ടികളോടു പെരുമാറുംപോലെ അയാൾ ഔസിപ്പിനോടും പെരുമാറി.

അവർ അന്യോന്യം മനസ്സിലുള്ളതു മുഴവൻ വിളിച്ചുപറയും

കയ്യിലുള്ള ചീട്ടുകൾ മുഴവൻ കാണിച്ചു കൊടുക്കുംപോലെ. ഒരാൾ പറയും "നോക്കു എനിക്കെന്തെല്ലാം ശീട്ടാണു് കിട്ടിയിട്ടുള്ളതു". അപ്പോൾ മറേറ ആൾ മറുപടിപറയും. "എന്നാൽ എനിക്കു കിട്ടിയതു മുഴവൻ തുരിപ്പുശീട്ടുകളാണു്".

"എന്തുകൊണ്ടു പാടില്ല? ഓസിപ്പു ശ്രദ്ധാർത്ഥം വെച്ചുംകൊണ്ടു പറഞ്ഞു. ആത്മപ്രശംസ ചെയ്യുന്നതു മനുഷ്യൻെറ ശീലമാണു്".

"അവർ അതു ദൈവമാണു്, ഇതു ദൈവമാണു് എന്നു പറയും. എന്നാൽ എല്ലാവരും പണം സമ്പാദിക്കുവാൻ പാടുപെടുകയുമാണു്". ആർഡേലിയൻ, വിട്ടുകൊടുക്കാതെ മറുപടിപറഞ്ഞു.

"ഗ്രിഗറി വല്ലതും സമ്പാദിക്കുന്നുണ്ടെന്നാണോ നിങ്ങൾ പറയുന്നതു്?"

"ഞാൻ മറേറവനെക്കുറിച്ചാണു് പറയുന്നതു്. അവൻ എന്തുകൊണ്ടു കാട്ടിലേക്കു പോകുന്നില്ല. എനിക്കിവിടെ സകലതും മടുത്തിരിക്കുന്നു. വസന്തകാലത്തു ഞാൻ സൈബീരിയയിലേക്കു പോകയാണു്."

ആർഡേലിയനെക്കുറിച്ചസൂയ ഭാവിച്ചുംകൊണ്ടു്, മററു പ്രവൃത്തിക്കാർ പറഞ്ഞു:

"നിൻെറ സ്യാലനെപ്പോലെ ഞങ്ങൾക്കും അവിടെ ആളുകൾ ഉണ്ടായിരുന്നെങ്കിൽ സൈബീരിയ ഞങ്ങൾക്കും നല്ല സ്ഥലമായി തോന്നുമായിരുന്നു".

ആർഡേലിയനെ പെട്ടെന്നു കാണാതായി. ഒരു ഞായറാഴ്ച അയാൾ തൊഴിൽശാലവിട്ടു പോയി. മൂന്നു ദിവസത്തേക്കു അയാൾക്കെന്തു സംഭവിച്ചു എന്നു ആരും അറിഞ്ഞില്ല.

എല്ലാവരും പലതും ഊഹിച്ചു.

"ഒരു പക്ഷേ ആരെങ്കിലും അവനെ ശരിയാക്കിക്കളഞ്ഞിരിക്കാം".

"അല്ലെങ്കിൽ അവൻ നീന്താൻ പോയപ്പോൾ മുങ്ങിച്ചത്തുപോയിരിക്കാം".

ഒടുക്കം യഫിമുഷ്ക്കാ വന്നു അല്പം ലജ്ജയോടെ എല്ലാവരോടും പറഞ്ഞു.

"ആർഡ്രേലിയൻ അവിടെ കുടിച്ചു മത്തനായി കഴിയുകയാണ്."

"അതു കളവാണ്." വിശ്വാസം വരാതെ പോട്ടർ അഭിപ്രായപ്പെട്ടു.

"കുടിച്ചു മത്തനാകുക! പുകയായി മാറി അപ്രത്യക്ഷനായി, പുൽക്കുമ്പാരം കത്തി അമർന്നുപോയി. അവന്റെ ഭാര്യ മരിച്ചുപോയതറിഞ്ഞു...........".

"അയാളുടെ ഭാര്യ മരിച്ചിട്ടു വളരെ ആയി. അയാൾ എവിടെ ആയിരിക്കും".

പ്യോട്ടർ ആർഡ്രേലിയന്റെ അഭിപ്രായം പിൻതാങ്ങാൻ ശ്രമിച്ചു. എന്നാൽ അയാൾ പ്യോട്ടരെ വിലവെച്ചില്ല.

പിന്നെ ഓസിപ്പു ചുണ്ടമർത്തി കൈ കീശയിൽ തിരുകി, ഇങ്ങിനെ പ്രസ്താവിച്ചു.

"ഞാൻതന്നെ പോയി നോക്കട്ടെ. എന്താണു പററിയതെന്നു. അവൻ ഒരു നല്ല മനുഷ്യനാണ്."

ഞാനും അയാളോടൊപ്പം പോയി.

"അതാലോചിച്ചുനോക്കു". വഴിയിൽവെച്ചു ഓസിപ്പു പറഞ്ഞു. "ഒരാൾ വളരെ മര്യാദക്കാരനായി ജീവിതം നയിച്ചുകൊണ്ടിരിക്കെ, പെട്ടെന്നയാളെ കാണാതാകുന്നു; ഒരു വിവരവും ഇ

ല്ലാതാകുന്നു. മേക്സിമിക്ക്, ഇതു കണ്ടുപിടിച്ചോളൂ. വളരെ സൂക്ഷിച്ചുകൊള്ളു".

ഞങ്ങൾ കനാവിനോവിലെ വളരെ താണ ഇനത്തിൽപ്പെട്ടുന്ന ഒരു വേശ്യാലയത്തിൽ ചെന്നു. അവിടെ ഒരു കള്ളത്തരം തുളുമ്പുന്ന മുഖത്തോടുകൂടിയ ഒരു കിഴവിയെ ഞങ്ങൾ കണ്ടു. ഓസിപ്പ് ആ സ്ത്രീയുടെ ചെവിട്ടിൽ എന്തോ മന്ത്രിച്ചു. അവർ ഞങ്ങളെ ഒരു ചെറിയ ഒഴിഞ്ഞ മുറിയിലേക്കാനയിച്ചു. ഇരുട്ടുനിറഞ്ഞ ഒരു കുതിരാലയത്തെപ്പോലെ വൃത്തികെട്ട ഒരു മുറി. ഒരു തടിച്ച സ്ത്രീ ഒരു കട്ടിലിന്മേൽ കിടന്നുറങ്ങുന്നു. ഉറക്കിൽ തിരിഞ്ഞും മറിഞ്ഞുംകൊണ്ടിരിക്കുന്നു. ആ കിഴവി ഉറങ്ങുന്ന സ്ത്രീയുടെ പുറത്തു ഒരു നുള്ളുകൊടുത്തുംകൊണ്ടു പറഞ്ഞു:

"ഇവിടെനിന്നു പോകൂ, പോകൂ, പേക്കാച്ചിതവളേ".

ആ സ്ത്രീ പേടിച്ചു പിടഞ്ഞെഴുന്നേററു, മുഖം തുടച്ചുംകൊണ്ടിങ്ങനെ പറഞ്ഞു:

"എൻെറ അപ്പാ! എന്താണതു്? ആരാണത്? ആരാണതു്?"

"പോലീസ്സുകാർ വന്നിട്ടുണ്ടു്." ഓസിപ്പു ഗൌരവത്തോടെ പറഞ്ഞു. ഒരു ചാട്ടത്തിനു ആ സ്ത്രീ എങ്ങോ അപ്രത്യക്ഷയായി. ആ സ്ത്രീ പോയ ഭാഗത്തേക്കു ഔസേപ്പ് കാക്കിച്ചുതുപ്പി.

"ഇവററകൾക്കു പോലീസ്സുകാരെ, ചെകുത്താനെക്കാൾ ഭയമാണ്." അയാൾ പറഞ്ഞു.

കിഴവി ചുമരിൽ തൂങ്ങിയിരുന്ന ഒരു കണ്ണാടി തള്ളിനീക്കി, അവിടെ മറയായി ഉപയോഗിച്ചിരുന്ന കടലാസ്സും വലിച്ചുനീക്കി ഇങ്ങിനെ ചോദിച്ചു.

"നോക്കൂ, അയാളാണോ?"

ഞാനും എത്തിനോക്കി. ഞങ്ങൾ നിൽക്കയായിരുന്ന മുറിപോലെ ഒരു വൃത്തികെട്ട മുറിയിൽ, ജനൽപടിമേൽ ഒരു വിളക്കു കത്തിച്ചുവെച്ചിട്ടുണ്ടു്. ജനലിൻെറ കതകുകൾ മുറുകെ അടച്ചി

ട്ടുണ്ട്. വിളക്കിന്നരികെ ഒരു താത്തരി പെൺകിടാവ് നില്ക്കുന്നുണ്ട്. കോങ്കണ്ണിയായവൾ നഗ്നയായി നിൽക്കുകയാണ്. അവൾ ഉള്ളിൽ ധരിക്കുന്ന വസ്ത്രം തിരക്കിൽ എടുത്തു ധരിച്ചു. അവളുടെ പിന്നിൽ തലയണകളിന്മേൽ ചാരി ആർഡേലിയൻ കിടക്കുന്നുണ്ട്. അയാളുടെ കറുത്ത താടി നാലുഭാഗവും ചിതറികിടക്കുന്നു. ആ പെൺകുട്ടി പെട്ടെന്നു ഞെട്ടി. കുപ്പായം വലിച്ചിട്ടു കിടക്കയ്ക്കരികെക്കൂടി നടന്നു, ഞങ്ങളുടെ മുറിയിലേക്കു കടന്നുവന്നു.

ഓസിപ്പ് അവളെ നോക്കിയുംകൊണ്ടു വീണ്ടും കാക്കിച്ചുതുപ്പി.

"ഫ, നാണമില്ലാത്ത പെണ്ണ്."

"നിങ്ങൾ വിഡ്ഢിയായ ഒരു കിഴവനാണ്." അവൾ ചിരിച്ചുംകൊണ്ടു മറുപടി പറഞ്ഞു.

ഓസിപ്പു ചിരിച്ചു. അവളുടെ നേരെ അയാൾ വിരൽചൂണ്ടി. ഞങ്ങൾ ആ താത്തരിപ്പെണ്ണിന്റെ മുറിയിലേക്കു പോയി.

ഞങ്ങൾ ആർഡേലിയന്റെ കാൽക്കൽ ഇരുന്നു. കുറെനേരം ഞങ്ങൾ അയാളെ ഉണർത്താൻ ശ്രമിച്ചു. എന്നാൽ ആർഡേലിയൻ വെറുതെ പിറുപിറുത്തു.

"ഓ........ശരി... ...ഒരു മിനിട്ടു കഴിഞ്ഞോട്ടെ. നമുക്കു പോകാം........"

ഒടുക്കം അയാൾ എഴുന്നേററിരുന്നു. എന്നേയും ഓസിപ്പിനേയും തുറിച്ചുനോക്കി. പിന്നെ തന്റെ ചുകന്ന കണ്ണുകൾ പൂട്ടി അയാൾ പിറുപിറുത്തു.

"ശരി"

"എന്തു സംഭവിച്ചു". ഓസിപ്പ് ശാന്തമായി യാതൊരു പരിഭവവും തോന്നാതെ പറഞ്ഞു.

"തലക്കു ലക്കില്ലാതായിപ്പോയി". ആർഡേലിയൻ ഒരു പരുക്കൻ ചിരി ചിരിച്ചു പറഞ്ഞു.

"എങ്ങിനെ?"

"അതെളുപ്പമാണ്."

"എന്തോ തകരാറു് പററിയപോലെ തോന്നുന്നുണ്ടല്ലോ".

"ശരിയാണ്".

ആർഡേലിയൻ കോക്ക് നീക്കംചെയ്ത ഒരു കുപ്പി മേശമേൽ നിന്നും എടുത്തു. കുപ്പിയിൽ വോഡ്കയുണ്ടായിരുന്നു. അയാൾ മദ്യം വായിൽ ഒഴിച്ചു. അയാൾ കുപ്പി ഓസിപ്പിന്റെ നേരെ നീട്ടി.

"വേണോ? തിന്നാനും വല്ലതും വേണം അല്ലേ?"

ഓസിപ്പു ഒരു വലി വലിച്ചു മുഖം ചുളിച്ചു. ഒരു കഷണം റൊട്ടി കടിച്ചു തിന്നു. ആർഡേലിയൻ അഭിപ്രായപ്പെട്ടു.

"നോക്കു, ഞാൻ ആ താത്തരിപെൺകിടാവുമായി ബന്ധ വെച്ചു. ഇതെല്ലാം യഫിമുഷ്കാ പാറിച്ച പണിയാണു്. അവൾ ചെറുപ്പമാണെന്നും കാസിമോവിൽനിന്നു വന്ന അച്ഛനമ്മമാരില്ലാത്ത ഒരു പെണ്ണാണു് അയാൾപറഞ്ഞു. ഞങ്ങൾ 'ചന്തയിലേക്കു പോകാൻ ഒരുങ്ങുകയായിരുന്നു."

ചുമരിന്നപ്പുറത്തുനിന്നു ധിക്കാരത്തോടെ ഇങ്ങിനെ വിളിച്ചുപറയുന്നതു കേട്ടു.

"താത്തരിക്കാരിയാണു് ഏററവും നല്ലതു. നല്ല കോഴിക്കുട്ടികളെപ്പോലെ, ആ കിഴവനെ അടിച്ചോടിക്കു. അയാൾ ഞങ്ങളുടെ അച്ഛനൊന്നുമല്ലല്ലോ".

"അവളാണ് ആ പറയുന്നതു്". ആർഡേലിയൻ ചുമരിന്നു നേരെ നോക്കിയുംകൊണ്ടു പറഞ്ഞു.

"ഞാൻ അവളെ കണ്ടു". ഓസിപ്പു് പറഞ്ഞു.

ആർഡേലിയൻ എന്നെ നോക്കി പറഞ്ഞു:

"ഞാൻ ചെയ്തു നോക്കു സഹോദരാ ......"

ഓസിപ്പ് ആർഡേലിയനെ ശകാരിക്കുമെന്നു ഞാൻ വിചാരിച്ചു. ആർഡേലിയൻ പശ്ചാത്താപിച്ചു മാപ്പുചോദിക്കുമെന്നു ഞാൻ വിചാരിച്ചു. എന്നാൽ അങ്ങിനെയൊന്നും സംഭവിച്ചില്ല. അവർ ചുമലോടുചുമൽ ചേർന്നിരുന്നു. അന്യോന്യം എന്തെല്ലാമോ പറഞ്ഞു. ആ ഇരുണ്ട മുറിയിൽ അവർ ഇങ്ങിനെ ഇരിക്കുന്നതു കണ്ടപ്പോൾ എനിക്കു വലിയ സങ്കടം തോന്നി. ചുമരിലെ ദ്വാരത്തിൽകൂടി ആ താത്തരിപ്പെണ്ണു മുറിയൻ റഷ്യനിൽ എന്തെല്ലാമോ വിളിച്ചുപറഞ്ഞു. അവർ അവൾ പറയുന്നതൊന്നും കേട്ടതായി നടിച്ചില്ല. ഓസിപ്പ് മേശമേൽ ഉണ്ടായിരുന്ന ഒരു കഷണം ഉണങ്ങിയ മത്സ്യം കയ്യിലെടുത്തു നിലത്തിട്ടു അതിൻെറ തോൽ വലിച്ചുനീക്കി.

"നിൻെറ കയ്യിലുള്ള പണമെല്ലാം തീർന്നുപോയോ?" ഓസിപ്പ് ചോദിച്ചു.

"പ്യോട്ടർ എനിക്ക് കുറച്ചുസംഖ്യ തരാനുണ്ട്."

"നീ ഉടനെ ടോംസ്കിലേക്കു പുറപ്പെടണം. ഒരു വിധം ശരിപ്പെടുത്താൻ കഴിയുകയില്ലേ?"

"എനിക്ക് ടോംസ്കിനെക്കുറിച്ചത്ര ഉറപ്പില്ല".

"എന്ത് നിൻെറ തീരുമാനം മാററിക്കളഞ്ഞോ?"

"എൻെറബന്ധുക്കളല്ലായിരുന്നു എന്നെ ക്ഷണിച്ചതെങ്കിൽ,"

"എന്തു്?"

"എൻെറ സഹോദരിയുടെ ഭർത്താവും"

"അതേ".

"സ്വന്തം ബന്ധുക്കളുടെ കീഴിൽ ജോലിചെയ്യുന്നതിൽ വലിയ സ്വാതന്ത്ര്യം പോര".

"മുതലാളികൾ ബന്ധുക്കളായാലും പുറമെയുള്ളവരായാലും മുതലാളികൾതന്നെയാണ്."

"അതു് ശരിയാണ്".

അവർ അവിടെ ഇരുന്നു വളരെ സ്നേഹത്തോടെ ഗൌരവമായി എന്തെല്ലാമോ സംസാരിച്ചു. താത്തരിപെൺകിടാവ് പിന്നെ ഒന്നും പറഞ്ഞുകേട്ടില്ല. അവൾ ഒച്ചയുണ്ടാക്കാതെ മുറിയിൽ കടന്നുവന്നു അവളുടെ വസ്ത്രങ്ങളുമെടുത്തു പുറത്തേക്കു പോയി.

"അവൾ നന്നെ ചെറുപ്പമാണ്. ഓസിപ്പ് പറഞ്ഞു.

ആർഡ്രേലിയൻ അവളെ നോക്കി ശാന്തമായി മറുപടി പറഞ്ഞു.

"ഇതെല്ലാം യഹിമുഷ്ക്കാ പററിച്ച പണിയാണ്. അയാളുടെ ചിന്ത മുഴുവനും സ്ത്രീകളെക്കുറിച്ചു മാത്രമാണ്. ആ താത്തരി പെണ്ണ് തമാശക്കാരിയാണ്. എപ്പോഴും അർത്ഥമില്ലാതെ എന്തെങ്കിലും പറഞ്ഞുകൊണ്ടിരിക്കും.

"സൂക്ഷിച്ചില്ലെങ്കിൽ നീ ഇവിടെ പെട്ടുപോകും". ഓസിപ്പു താക്കീതു ചെയ്തു. ഉണക്കമത്സ്യം ഒരു കഷണവുംകൂടി കടിച്ചുതിന്നു അയാൾ യാത്ര പറഞ്ഞു.

"മടങ്ങിവരുമ്പോൾ ഞാൻ അയാളോട്ട് ചോദിച്ചു. "നിങ്ങൾ എന്തിനാണ് വന്നതു്."

"എന്താണ് സംഭവിച്ചതെന്നറിയാൻ. അവൻ എൻെറ ഒരു വലിയ സ്നേഹിതനാണ്. ഇങ്ങിനെ അനവധി സംഗതികൾ എനിക്കറിയാം. ഒരാൾ വളരെനാൾ ശാന്തമായി തൻെറ ജോലികൾ നിർവ്വഹിക്കുന്നു, തടവുചാടി കടക്കുംപോലെ കാര്യങ്ങൾ അങ്ങിനെ സംഭവിക്കുകയാണ്." അയാൾ തുടന്നു: "വോഡ്ക കഴിക്കാതിരിക്കാൻ ശ്രമിക്കണം."

ഒരു നിമിഷം കഴിഞ്ഞു അയാൾ തുടന്നു;

"എന്നാൽ വോഡ്ക ഇല്ലെങ്കിൽ ജീവിതം മടുക്കും".

"വോഡ്കയില്ലെങ്കിലോ?"

"അതേ, ഒരു കവിൾ ഇറക്കിയാൽ മതി". മററൊരു ലോകത്തിൽ എത്തിയപോലെ തോന്നും."

ആർഡേലിയൻ അവിടെ പെട്ടു കുറച്ചുദിവസം കഴിഞ്ഞപ്പോൾ അയാൾ ജോലിക്കു തിരിച്ചുവന്നു. പിന്നെ വീണ്ടും അപ്രത്യക്ഷനായി. പിന്നെ വസന്തകാലത്തു മററു ചിലരോടൊപ്പം മഞ്ഞുകട്ടകൾ പൊട്ടിച്ചു നീക്കുന്ന ജോലിയിൽ ഏർപ്പെട്ട നിലയിൽ ഞാൻ അയാളെ കണ്ടുമുട്ടി. വീണ്ടും കണ്ടുമുട്ടിയതിൽ ഞങ്ങൾ രണ്ടുപേരും സന്തോഷിച്ചു. ഞങ്ങൾ ഒരു ചായക്കടയിൽ കയറി.

"ഞാൻ എത്ര നല്ല ജോലിക്കാരനായിരുന്നു?" ചായ കഴിച്ചുകൊണ്ടിരിക്കെ അയാൾ സൊല്ലുപറഞ്ഞു. "അതാക്കും നിഷേധിക്കാൻ സാദ്ധ്യമല്ല. എൻെറ ജോലിയിൽ ഞാൻ ഒരു ജാലവിദ്യക്കാരനായിരുന്നു. എനിക്കു നൂറുകണക്കായി റൂബിൾ സമ്പാദിക്കുവാൻ കഴിഞ്ഞിരുന്നു."

"എന്നാൽ നിങ്ങൾ സമ്പാദിച്ചില്ലല്ലോ?"

"ഇല്ല ഞാൻ സമ്പാദിച്ചിട്ടില്ല." അയാൾ അഭിമാനത്തോടെ പറഞ്ഞു. "ഒരു വല്ലാത്ത ജോലിതന്നെ".

അയാളുടെ ഭാവം കണ്ടപ്പോൾ കടയിലുണ്ടായിരുന്നവരുടെ ശ്രദ്ധ അയാളിൽപ്പതിഞ്ഞു.

"പ്യോട്ടർ, ആ മീണ്ടാക്കള്ളൻ, ജോലിയെക്കുറിച്ചു പറയാറുണ്ടായിരുന്നതെന്താണെന്നു ഓർമ്മയുണ്ടോ? "മററുള്ളവർക്കുവേണ്ടി കല്ലുകെട്ടിയ കെട്ടിടം—അവനൊരു മരത്തിൻെറ ശവപ്പെട്ടി." അതാണു കാര്യം. അതാണു് നമ്മുടെ ജോലിയുടെ സ്വഭാവം." "പ്യോട്ടർ രോഗിയാണ്." ഞാൻ പറഞ്ഞു. "അയാൾക്കുമരിക്കുന്നതിനെക്കുറിച്ചു വലിയ ഭയമാണ്."

"എനിക്കും രോഗംതന്നെയാണ്." ആർഡ്ധേലിയൻ ഒച്ചയെടുത്തുംകൊണ്ടു പറഞ്ഞു. "എൻെറ ആത്മാവിന്നും സുഖമില്ല."

ഞായറാഴ്ചകളിൽ ഞാൻ പട്ടണത്തിൻെറ മദ്ധ്യത്തിൽ കോടീശ്വരൻ തെരുവിലേക്ക പോകും. അവിടെയാണു് തെണ്ടികളുടെ താമസസ്ഥലം. ആർഡ്ധേലിയൻ തെണ്ടികളുടെ കൂട്ടത്തിലാവുകയാണെന്ന എനിക്ക വ്യക്തമായി. ഒരു കൊല്ലം മുമ്പ് അയാൾ ഉല്ലാസശീലനായ ഒരു ഒന്നാംതരം പ്രവൃത്തിക്കാരനായിരുന്നു. ഇപ്പോൾ അയാൾ ഒച്ചയെടുത്തു സംസാരിക്കും. ആടിക്കൊണ്ടു നടക്കും. പകയോടെ നോക്കും. എല്ലാവരേയും ലഹളക്ക പ്രേരിപ്പിക്കും. പോരിന്ന വിളിക്കുന്നതുപോലെ".

"ആളുകൾ ഞാൻ പറയുന്നതു എങ്ങിനെ ശ്രദ്ധിക്കുന്നുണ്ടെന്നു നോക്കൂ. അവർ ഇവിടെ ഒരു വലിയ നേതാവാണ്." അയാൾ ഭള്ള് പറയും.

അയാൾ ജോലിയെടുത്തു സമ്പാദിക്കുന്ന പണം ലോഭമില്ലാതെ തൻെറ ചങ്ങാതികൾക്കുവേണ്ടി ചിലവാക്കും. അവർതമ്മിൽ വല്ല അടികലശലും നടന്നാൽ അയാൾ തോററ ആളുടെ പക്ഷത്തിലാണു് ചേരുക. ചിലപ്പോൾ അയാൾ വിളിച്ചുപറയും.

"അതന്യായമാണു് ചങ്ങാതികളേ! എപ്പോഴും ചെയ്യുന്നതു ന്യായമായിരിക്കണം".

അതുകൊണ്ടു അവരെല്ലാംകൂടി അയാളെ ന്യായസ്ഥൻ എന്നാണു് വിളിക്കാറുണ്ടായിരുന്നതു്. അതയാൾക്ക വളരെ ഇഷ്ടമായിരുന്നു.

ആ വൃത്തികെട്ട തെരുവിൽ താമസിച്ചിരുന്ന ആളുകളെക്കുറിച്ചു ചിലതെല്ലാം മനസ്സിലാക്കുവാൻ ഞാൻ ശ്രമിച്ചു. അവരെല്ലാംതന്നെ ശരിയായ സാമൂഹ്യജീവിതത്തിൽനിന്നു അകന്നു കഴിഞ്ഞുകൂടുന്നവരാണ്. എന്നാൽ അവർ സ്വന്തമായി ഒരുതരം ജീവിതം രേഖപ്പെടുത്തിയിട്ടുള്ളതായിത്തോന്നി. ആ ജീവിതം സ്വ

തന്ത്ര്യവും സന്തോഷപ്രദവുമായിരുന്നു. ധീരന്മാരും അലട്ടില്ലാത്ത ജീവിതം നയിച്ചിരുന്നവരുമായ അവരുടെ ജീവിതം കാണുമ്പോ ൾ അച്ചാച്ചൻ പറയാറുണ്ടായിരുന്ന കഥകളിലെ തോണിക്കാരെ യാണ് എനിക്കോർമ്മവന്നതു. ആ തോണിക്കാർ വേണമെന്നു തോന്നുമ്പോൾ തസ്കരപ്രമാണികളൊ, മഹർഷിമാരോ ആയി മാ റും. ജോലി ഇല്ലാതാകുമ്പോൾ തോണികളിൽനിന്നും കപ്പലുക ളിൽനിന്നും വല്ലതും കട്ടെടുക്കുന്നതിന്നും അവർക്കു യാതൊരു ക്ലേശ ലും ഉണ്ടായിരുന്നില്ല. എന്നാൽ ഇതൊന്നും എന്നെ ഒരു തരത്തി ലും ആശ്ചര്യപ്പെടുത്തിയില്ല. വല്ലതും കട്ടെടുക്കുകയെന്നതു പഴയ കോട്ടിന്മേൽ ചാരനിറമുള്ള നൂലുകൊണ്ടു തുന്നുംപോലെയാണ്. എന്നാൽ അഗ്നിബാധയെപ്പോലുള്ള അത്യാഹിതങ്ങൾ സംഭവിക്കു മ്പോൾ അവരെല്ലാംതന്നെ അങ്ങേ അററത്തെ ധൈര്യത്തോടെ നി സ്വാർത്ഥമായി അവരുടെ ജീവൻ മറന്നും പ്രവർത്തിക്കുന്നതു കാ ണാം. മൊത്തമായി പറഞ്ഞാൽ അവർ ആരേക്കാളും ഉല്ലാസ ശാലികളാണ്.

ഞാൻ ആർഡ്രേലിയനുമായി വളരെ പത്ഥ്യത്തിലാണെന്നു കണ്ടപ്പോൾ ഓസിപ്പു കാര്യമായെന്നെ ഗുണദോഷിച്ചു. "നോക്കു കുട്ടീ, നീ ആ കൂട്ടരുമായി അനാവശ്യമായി അടുപ്പം കാണിക്കു ന്നതു സൂക്ഷിക്കണം. അവർ നിന്നെ ചീത്തയാക്കുമെന്നാണു് ഞാൻ ഭയപ്പെടുന്നതു്."

എനിക്കവരെ വളരെ ഇഷ്ടമാണെന്നയാളെ ബോദ്ധ്യപ്പെടു ത്താൻ ഞാൻ ശ്രമിച്ചു. അവർ ജോലിയൊന്നും ചെയ്യാതെ അ ലട്ടില്ലാതെ ജീവിതം നയിക്കുന്നതിനെക്കുറിച്ചു ഞാൻ എടുത്തുപ റഞ്ഞു "പക്ഷികളെപ്പോലെ സ്വതന്ത്രമായ ജീവിതം". അയാൾ ചിരിച്ചുംകൊണ്ടിടയിൽ കടന്നു പറഞ്ഞു. "അവർ മടിയന്മാ രായ ഒന്നിനും കൊള്ളാത്ത ഒരു വർഗ്ഗമാണ്. അതാണു കാരണം. അവർക്കു പണിയെടുക്കുക എന്നു പറഞ്ഞാൽ ഒരു തരം ശിക്ഷ അനു ഭവിക്കലാണ്.

"ഇതിൽ ആക്കെങ്കിലും സന്തോഷം തോന്നുമോ. ആരുംതന്നെ സത്യമായി ജോലിചെയ്ത ഒരു കൊട്ടാരംപണിതിട്ടില്ല എന്നാണു് പഴഞ്ചൊല്ല്."

ഞാൻ വലിയ ഉത്സാഹത്തോടെയാണ് ആ പഴഞ്ചൊല്ലുദ്ധരിച്ചതു. പലപ്പോഴും ഞാൻ ഈ പഴഞ്ചൊല്ല് കേട്ടിട്ടുണ്ടു്. അതു് പരമാൎത്ഥമാണെന്നു എനിക്കു തോന്നുകയും ചെയ്തിട്ടുണ്ടു്. എന്നാൽ ഓസിപ്പ് ക്രോധത്തോടെ മറുപടി പറഞ്ഞു.

"ആരാണങ്ങിനെയെല്ലാം പറയുന്നതു? മടിയന്മാരും വിഡ്ഢികളും. അത്തരം അഭിപ്രായങ്ങൾ നീ കേൾക്കാൻ പാടില്ല. അസൂയക്കാരും മടിയന്മാരും മാത്രമേ അത്തരം വിഡ്ഢിത്തങ്ങൾ പുലമ്പുകയുള്ളൂ. പറക്കാൻ തുടങ്ങുന്നതിന്നുമുമ്പ് കുറെ തൂവൽ വളർത്താൻ ശ്രമിക്കണം. നിനക്കവരുമായുള്ള ചങ്ങാതിത്വത്തെക്കുറിച്ചാണെങ്കിൽ ഞാൻ നിന്റെ മുതലാളിയോടു പറഞ്ഞേക്കാം. പിന്നെ എന്നോടൊന്നും പറഞ്ഞിട്ടു കാൎയ്യമില്ല".

അയാൾ പറയുകയും ചെയ്തു. എന്റെ യജമാനൻ ഓസിപ്പിന്റെ മുമ്പിൽവെച്ച് എന്നോടിങ്ങനെ പറഞ്ഞു:

"അവരുമായുള്ള ലോഹ്യം വിട്ടുകളയൂ. പെഷ്കോവ്, അവരെല്ലാം കള്ളന്മാരാണ്, വ്യഭിചാരികളാണ്. ആ ജീവിതം ജയിലിലോ, ആസ്പത്രിയിലോ മാത്രമെ ചെന്നവസാനിക്കുകയുള്ളു. അതുകൊണ്ടവരുമായുള്ള ബന്ധം വിട്ടുകളയൂ."

ഞാൻ ആ തെരുവിൽ പോകാറുണ്ടെന്ന വസ്തുത മറച്ചുവെക്കാൻ ശ്രമിച്ചു. എന്നാൽ വളരെക്കഴിയാതെ ഞാൻ ആ ഏർപ്പാടു നിൎത്തിക്കളയാൻ നിർബ്ബന്ധിതനായി

ഒരു ദിവസം ഞാനും ആർഡേലിയനും "ആട്ടിൻകുട്ടിയും" ഒരു ഹോട്ടലിൽ തട്ടിൻപുറത്തു ഇരിക്കുകയായിരുന്നു. റെസ്റ്റോവിൽനിന്നു മോസ്കോവിലേക്കു കാൽനടയായി പോയതിനെക്കുറിച്ച് "ആട്ടിൻകുട്ടി" വിവരിച്ചു പറയുകയായിരുന്നു. അയാൾ പട്ടാളത്തിൽനിന്നു പിരിഞ്ഞുവന്നതാണ്. പല കീൎത്തിമുദ്രക

ളും സമ്പാദിച്ചിട്ടുണ്ട്. തുർക്കികളുമായുള്ള യുദ്ധത്തിൽ മുട്ടിന്നു മുറിയേററു മുടന്തനായിപ്പോയതായിരുന്നു. കരുത്തായി തടിച്ച അയാളുടെ കൈകൾക്കു് നിസ്സീമമായ ശക്തിയുണ്ടു്. എന്നാൽ ആ ശക്തി പ്രയോഗിക്കുവാൻ അയാൾക്കു സന്ദർഭം ലഭിച്ചില്ല. കാരണം മുടന്തനായതുകൊണ്ടു ജോലിക്കുപോകുവാൻ അയാൾക്കു പററിയില്ല. ഏതോ രോഗംകൊണ്ടു അയാളുടെ തലയിലേയും താടിയിലേയും രോമങ്ങൾ കൊഴിഞ്ഞുപോയി, അയാളുടെ തല ഒരു ചെറു കുട്ടിയുടേതുപോലെ മൊട്ടയായിരുന്നു. കണ്ണിൽ ഒരു പ്രകാശം വീശിയുംകൊണ്ടു് അയാൾ പറഞ്ഞു.

"ഞാൻ സാപ്പ്ക്കോവിൽ എത്തി. അവിടെ ഒരു പാതിരി അയാളുടെ വീടിന്റെ പിൻഭാഗത്തു മുററത്തിരിക്കുകയായിരുന്നു. ഞാൻ അയാളുടെ അടുത്തുചെന്നു പറഞ്ഞു."

"തുർക്കികളുമായുള്ള യുദ്ധത്തിൽ പല ധീരകൃത്യങ്ങളും ഒരാൾക്കു് വല്ലതും സഹായിക്കാൻ കഴിയുമോ?"

ആർഡേലിയൻ തലകുലുക്കിയുംകൊണ്ടു പറഞ്ഞു.

"ഓ എന്തൊരു കള്ളൻ........കള്ളൻ".

"എന്തുകൊണ്ടാണു് കള്ളൻ എന്നു് പറയുന്നതു്?" അയാൾക്കു് ക്രോധംവന്നതായി തോന്നിയില്ല. ആർഡേലിയൻ വീണ്ടും ശകാരസ്വരത്തിൽ പറഞ്ഞു.

"എപ്പോഴും സത്യമായി ജീവിക്കണം. സാധാരണ മുടന്തന്മാരെല്ലാം രാത്രിയിൽ കാവൽക്കാരായി ജോലിനോക്കുന്നുണ്ടു്. അതുപോലെ നീയും ഒരു ജോലി സമ്പാദിക്കണം. നീ തെണ്ടിനടന്നു നുണകൾപറഞ്ഞു ജീവിതം പോക്കുകയാണു്."

"ഞാൻ വെറും തമാശക്കുവേണ്ടി അങ്ങിനെ ചെയ്യുകയാണു്. ആളുകളെ ചിരിപ്പിക്കാൻ."

നിനക്കു തന്നത്താൻ ചിരിച്ചാൽപ്പോരെ?"

നല്ല വെയിലുള്ള ഒരു ദിവസം കറുത്തു വൃത്തികെട്ട ഒരു സ്ത്രീ മുററത്തു കടന്നുവന്നു. അവർ തലക്കുമീതെ എന്തോ പൊക്കിപ്പിടിച്ചു വിളിച്ചുപറഞ്ഞു.

"എ പെണ്ണുങ്ങളെ, ഈ പാവാട ആൎക്കുവേണം?"

വാതിലുകളിൽക്കൂടി സ്ത്രീകൾ കൂട്ടമായി പുറത്തേക്കു വന്നു. അവർ ആ സ്ത്രീയുടെ ചുററും തടിച്ചുകൂടി. അലക്കുകാരിയായ നടാല്യ ആണ് ആ സ്ത്രീ എന്നു എനിക്കു മനസ്സിലായി. ഞാൻ താഴത്തേക്കു ഇറങ്ങിച്ചെല്ലുമ്പോഴേക്കും ആ സ്ത്രീ മുററത്തുനിന്നു പോയിക്കഴിഞ്ഞിരുന്നു. അവർ ഒരു പാവാട സ്ത്രീകളിൽ ഒരാൾക്കു വിററതിന്നു ശേഷമാണ് സ്ഥലം വിട്ടതു.

"അല്ല" ഞാൻ തിരക്കിട്ടു അവരുടെ പിന്നാലെ ചെന്നു, ഗെയിററിന്നടുത്തുവെച്ച് അവരോടൊപ്പം എത്തിയപ്പോൾ വിളിച്ചു ചോദിച്ചു.

"അതു മാത്രമേ നിനക്കു പറയുവാനുള്ളു." കണ്ണിൻെറ ഒരു കോണുകൊണ്ടെന്നെ എറിഞ്ഞു, അവർ പറഞ്ഞു. പെട്ടെന്നു അവർ തിരിഞ്ഞുനിന്നു ക്രോധത്തോടെ ശാസിച്ചു.

"എൻെറ അപ്പാ! നീ ഇവിടെ എന്താണ് ചെയ്യുന്നതു്."

അമ്പരപ്പോടുകൂടിയ ആ ചോദ്യം എൻെറ ഹൃദയത്തിൽ കൊണ്ടു. അവരുടെ മുഖത്തു ഭയവും ആശ്ചൎയ്യവും പ്രത്യക്ഷമായി കാണാമായിരുന്നു. എന്നെച്ചൊല്ലിയാണ് അവർ പരിഭ്രമിക്കുന്നതെന്നു എനിക്കു വ്യക്തമായി. ഞാൻ അവിടെയല്ല, താമസിക്കുന്നതെന്നവൎക്ക് വ്യക്തമാക്കികൊടുക്കാൻ ഞാൻ ശ്രമിച്ചു. ഞാൻ ഇടക്കു മാത്രമേ അവിടെ ചെന്നു നോക്കാറുള്ളു എന്നും പറഞ്ഞു.

"വന്നു നോക്കുകയോ?" അവർ പുച്ഛസ്വരത്തിൽ തിരിച്ചടിച്ചു. "എന്തു നോക്കാൻ, വഴിയാത്രക്കാരുടെ കീശയിലും പെണ്ണുങ്ങളുടെ ബ്ളൌസ്സിന്നുള്ളിലുമോ?"

അവരുടെ മുഖം ക്ഷീണിച്ചും ചുണ്ടുകൾ ഇരുണ്ടും കാണപ്പെട്ടു. കണ്ണുകൾക്കു ചുററും കറുത്ത വൃത്തങ്ങൾ കാണാനുണ്ടു്.

ഒരു ചായക്കടയുടെ മുമ്പിൽനിന്നുകൊണ്ടു അവർ പറഞ്ഞു.

"വരൂ, ഒരു കോപ്പ ചായ കഴിച്ചോളൂ. നീ വൃത്തിയിൽ വസ്ത്രം ധരിച്ചിട്ടുണ്ടു്. അവിടെയുള്ള മററുള്ളവരെപ്പോലെയല്ല". എന്നാലും എനിക്കു നിന്നെ വിശ്വാസമാകുന്നില്ല

ഞങ്ങൾ കടയിൽക്കയറി. അവൎക്കു എന്നിൽ വിശ്വാസം ഉണ്ടായിക്കഴിഞ്ഞപോലെ തോന്നി. ചായ ഒഴിച്ചുംകൊണ്ടു, അവർ ഉണർന്നിട്ടു ഒരു മണിക്കൂർ മാത്രമെ ആയിട്ടുള്ളു എന്നും അതുവരക്കും ഒന്നും ഭക്ഷിച്ചിട്ടില്ലെന്നും എന്നോടു പറഞ്ഞു.

"ഇന്നലെ രാത്രി ഞാൻ കുടിച്ചു ബോധംകെട്ട നിലയിലാണു് ഉറങ്ങിയതു്. ആരോടൊപ്പം എവിടെവെച്ചാണു് കുടിച്ചതു എന്നൊന്നും എനിക്കു് ഇപ്പോൾ ഓൎമ്മയില്ല"

എനിക്കവരോടനുകമ്പതോന്നി. അവരുടെ മുമ്പിൽ നിൽക്കാൻ ഒരു വല്ലായ്മ തോന്നി. അവരുടെ മകളെപ്പററി പലതും ചോദിക്കുവാൻതോന്നി. കുറെ ചായയും വോഡ്കയും കുടിച്ചതിനുശേഷം അവർ സ്വതസിദ്ധമായ മട്ടിൽ സംസാരിക്കുവാൻതുടങ്ങി. അവർ ആ തെരുവിലെ ആളുകളെപ്പോലെ പരുക്കൻമട്ടിൽ പലതും പറഞ്ഞു. ഞാൻ അവരുടെ മകളെക്കുറിച്ചു ചോദിച്ചപ്പോൾ പെട്ടെന്നു ബോധം വന്നപോലെ അവർ പറഞ്ഞു.

"നീ എന്തിനാണു് അതു ചോദിക്കുന്നതു? ഇല്ല മോനെ നിനക്കു എന്റെ മകളെ കിട്ടുകയില്ല. ജന്മകാലം നിനക്കതു ഒക്കുകയില്ല".

അവർ വീണ്ടും ഒരു വട്ടം കുടിച്ചശേഷം തുടർന്നു.

"എന്റെ മകൾക്കും എനിക്കുംതമ്മിൽ യാതൊരു ബന്ധവും ഇല്ല. ഞാനാരാണ്? ഒരു അലക്കുകാരി. അവളെപ്പോലുള്ള ചെറുപ്പക്കാരികൾക്കു പരറിയ അമ്മയാണോ ഞാൻ? അവൾ

പഠിച്ചിട്ടുണ്ട്, യോഗ്യതയുമുണ്ട്. അതു ഒരു വലിയ കാൎയ്യമല്ലേ. സഹോദരാ.......അതുകൊണ്ട് അവൾ എന്നെ വിട്ടുപോയി. അവൾ അവളുടെ ചങ്ങാതിയായ ഒരു ധനികയായ ഒരു പെൺകിടാവിൻെറകൂടെ താമസിക്കാൻപോയി. ആ വീട്ടിലെ കുട്ടികളെ പഠിപ്പിക്കാനാണെന്നു തോന്നുന്നു."

തെല്ലിട മിണ്ടാതെനിന്നു അവർ ഓൎമ്മിപ്പിച്ചു.

"ഒരു അലക്കുകാരിയെക്കൊണ്ട് ആൎക്കും ഒരുപയോഗമില്ല. വേശ്യകളെക്കൊണ്ട് കാൎയ്യമുണ്ടായിരിക്കും."

അവർ ഒരു വേശ്യയായികഴിഞ്ഞിട്ടുണ്ടെന്നു എനിക്കുടനെ ബോദ്ധ്യമായി. ആ തെരുവിലുള്ള പെണ്ണുങ്ങളെല്ലാംതന്നെ വേശ്യകളായിരുന്നു. എന്നാൽ തന്നെക്കുറിച്ചുതന്നെ ആ സ്ത്രീ അങ്ങിനെ പറയുന്നതു കേട്ടപ്പോൾ എനിക്കറപ്പുതോന്നി. ലജ്ജകൊണ്ടും അനുകമ്പകൊണ്ടും എനിക്കു കണ്ണിൽ വെള്ളംനിറഞ്ഞു. ഈ കുററസമ്മതം എനിക്കാശ്ചൎയ്യമായിത്തോന്നി. അതും കുറച്ചു മുമ്പുവരെ സ്വതന്ത്രയായി ജീവിച്ച സമൎത്ഥയായ നടാല്യയാണെന്നോൎമ്മിച്ചപ്പോൾ.

"വിസ്കിചെറുക്കാ!" നെടുവീൎപ്പിട്ടുംകൊണ്ടെന്നെ നോക്കി അവർ പറഞ്ഞു. "നീ ഇവിടെനിന്നു പോകണം. ഒരിക്കലും ഇവിടെ വരരുതെന്നു ഞാൻ നിന്നോടപേക്ഷിക്കുന്നു. അതു നിൻെറ വിനാശത്തിന്നായിരിക്കും".

പിന്നെ അവർ മേശമേൽ വിരൽകൊണ്ടു എന്തോ വരച്ചു കുനിഞ്ഞിരുന്നു. അന്യോന്യം ബന്ധമില്ലാതെ ശാന്തമായി എന്തെല്ലാമോ അവർ എന്നോടു് പറഞ്ഞു.

"നീ എന്തിന്നെൻെറ ഉപദേശം വിലവെക്കണം. എൻെറ മകൾപോലും എൻെറ വാക്കുകൾ ശ്രദ്ധിച്ചിട്ടില്ല. ഞാൻ അവളോടു പറയാറുണ്ട്. നീ നിൻെറ സ്വന്തം അമ്മയെ ഉപേക്ഷിക്കരുതു്. അതു് നിനക്കു സാദ്ധ്യമല്ല. അതിന്നവൾ മറുപടിപ

റയും. "എന്നാൽ ഞാൻ ആത്മഹത്യചെയ്യും". അങ്ങിനെ അവൾ കാസാനിലേക്ക പോയി. നൾസിൻെറ ഭാഗംപഠിക്കുവാൻ വളരെ നല്ലതുതന്നെ. എന്നാൽ ഞാനോ? ഞാൻ ഇവിടെയുണ്ട. ഞാൻ ആരെ ആശ്രയിക്കാനാണു്? അവിടെ ആ തെരുവിലുള്ള ആണുങ്ങളേയോ?"

അവർ അവിടെ ചിന്താഗ്രസ്ഥയായിരുന്നുപോയി. അവരുടെ ചുണ്ടുകൾ അനങ്ങുന്നുണ്ടു്. വിറയ്ക്കുന്നു, ഒന്നും കേൾക്കുന്നില്ല. ഞാൻ മുമ്പിൽ ഇരിക്കുന്നുണ്ടെന്നവർ മറന്നുപോയപോലെ തോന്നി. അവരുടെ ചുണ്ടുകളുടെ അററം താണുവന്നു. വായ ഒരു ചന്ദ്രകീറുപോലെ വളയുന്നതായിതോന്നി. അവരുടെ ചുണ്ടുകൾ ഇളകുന്നതും, മുഖത്തെ ചുളിവുകൾ ചലിക്കുന്നതും കണ്ടപ്പോൾ എനിക്ക വല്ലാത്ത സങ്കടം തോന്നി. അവർ എന്തോ ഒരു നിശ്ശബ്ദസന്ദേശം പുറപ്പെടുവിക്കുകയായിരുന്നു. അവക്ക ദുഃഖമുണ്ട. ഒരു കുട്ടിയുടെ മുഖത്തെന്നപോലെ. അവരുടെ തലയിൽ കെട്ടിയ വേഷ്ടിയുടെ ഇടയിൽക്കൂടി, ഒരിഴ തലനാർ കവിളത്തുവിണു കിടക്കുന്നുണ്ടു്. അവരുടെ കണ്ണിൽനിന്നു ഒരു തുള്ളി കണ്ണുനീർ തണുത്ത ചായയിൽ ഇററു വീണു. ഇതു കണ്ടപ്പോൾ ചായഗ്ലാസ്സു് ദൂരെ നീക്കി, അവർ കണ്ണുകൾ മുറുകെ അടച്ചു. വീണ്ടും രണ്ടു തുള്ളി കണ്ണുനീർ പുറത്തേക്ക ചാടി. അവർ വേഷ്ടിയുടെ ഒരററം കൊണ്ടു് മുഖം തുടച്ചു.

അവരോടൊപ്പം കൂടുതൽ ഇരിക്കുവാൻ എനിക്ക സാദ്ധ്യമല്ലെന്നു വ്യക്തമായി. ഞാൻ സാവധാനം എഴുന്നേററു.

"നമസ്കാരം".

"പോകൂ, ചെകുത്താൻെറ അടുത്തേക്കു പോകൂ". അവർ തലയുയർത്തി നോക്കാതെ, പോകാൻ ആംഗ്യം കാണിച്ചു. ഒരു പക്ഷേ ഞാൻ ആരാണെന്നവർ മറന്നുകഴിഞ്ഞിരിക്കണം".

ഞാൻ ആർഡ്ഡേലിയനേയും അന്വേഷിച്ചു പോയി. അയാളോടൊപ്പം മത്സ്യം പിടിക്കാൻ പോകാമെന്നു ഞാൻ ഏററിരുന്നു. ഈ സ്ത്രീയെക്കുറിച്ചു അയാളോടു പറയുവാൻ ഞാൻ തീർച്ചയാക്കി. എന്നാൽ അയാളെയും "ആട്ടിൻകുട്ടി"യേയും എവിടേയും കാണാനുണ്ടായിരുന്നില്ല. ഞാൻ അവരെ തിരഞ്ഞുകൊണ്ടിരിക്കേ സാധാരണ ആ തെരുവിൽ കേൾക്കാറുള്ള ഒരു ശണ്ഠയുടെ ബഹളം എൻെറ ചെവിയിൽ വന്നലച്ചു.

ഞാൻ ഗെയിററിൽകൂടി പുറത്തേക്കോടി. ഞാൻ ചെന്നടിച്ചത് നടാല്യയുടെ ദേഹത്തിലായിരുന്നു. അവർ നിരത്തിന്മേൽകൂടി, മുറിയേററ തൻെറ മുഖം വേഷ്ടികൊണ്ടു തുടച്ചുംകൊണ്ട് തപ്പിത്തടഞ്ഞ് നടക്കുകയായിരുന്നു. അവരുടെ പിന്നിൽ "ആർഡ്ഡേലിയനും" ആട്ടിൻകുട്ടിയും വരുന്നുണ്ടായിരുന്നു.

"വീണ്ടും അവൾക്ക് കൊള്ളട്ടെ. വരൂ." ആട്ടിൻകുട്ടി വിളിച്ചുപറഞ്ഞു.

ആർഡ്ഡേലിയൻ ഓടിവന്നു തൻെറ മുഷ്ടി സ്ത്രീയുടെ മുഖത്തിന്നുനേരെ ഓങ്ങി. അവർ ചുററും ഓടി. അവരുടെ കണ്ണുകളിൽ പകയുടെ തീപ്പൊരി പാറുന്നുണ്ടായിരുന്നു.

"നോക്കൂ, എന്താ അടിക്കൂ", അവർ വിളിച്ചുപറഞ്ഞു.

ഞാൻ ആർഡ്ഡേലിയൻെറ കൈ കടന്നുപിടിച്ചു. അയാൾ എന്നെ ആശ്ചര്യത്തോടെ നോക്കി.

"നിനക്കെന്തുപററി".

"അവരെ തൊട്ടുപോകരുതു്". ഞാൻ വിഷമിച്ചു, സാവധാനം പറഞ്ഞു.

അയാൾ പൊട്ടിച്ചിരിച്ചു.

"അവൾ ആരാണ്? നിൻെറ വെപ്പാട്ടിയോ? ...ഓ! നടാല്യ, നീ ഒരു സന്യാസിയേയും വശപ്പെടുത്തിയിട്ടുണ്ടോ?"

"ആട്ടിൻകുട്ടി"യും തുടമേലടിച്ചുംകൊണ്ടോത്തു. പിന്നെ അവർ രണ്ടുപേരും എന്നെ പരിഹസിക്കുവാൻതുടങ്ങി. എന്നാൽ ഈ തഞ്ചംനോക്കി നടാല്യക്കു രക്ഷപ്പെടുവാൻകഴിഞ്ഞു. അവരുടെ പരിഹാസം സഹിക്കവയ്യാതായപ്പോൾ ഞാൻ "ആട്ടിൻകുട്ടി"യുടെ മാറിൽ ഒരടികൊട്ടത്തോടിക്കളഞ്ഞു.

അതിൽപ്പിന്നെ വളരെക്കാലത്തേക്കു ഞാൻ "കോടീശ്വരൻ"തെരുവിലേക്കു പോയില്ല. എന്നാൽ ആർഡേലിയനെ ഞാൻ വീണ്ടും ഒരു പ്രാവശ്യം കാണുകയുണ്ടായി. ഒരു കടവുതോണിയിൽ.

"ഓല്ലാ", അയാൾ സന്തോഷത്തോടെ പറഞ്ഞു. "നിനക്കെന്തു സംഭവിച്ചു".

അയാൾ നടാല്യയെ അടിക്കുന്നതു കണ്ടപ്പോൾ എനിക്കു വലിയ വെറുപ്പുതോന്നി എന്നു ഞാൻ പറഞ്ഞപ്പോൾ അയാൾ വളരെ താല്പര്യത്തോടെ പുഞ്ചിരിയിട്ടു പറഞ്ഞു.

"ഞങ്ങൾ അങ്ങിനെ ഉദ്ദേശിച്ചുംകൊണ്ടവളെഅടിച്ചതാണെന്നാണോ നീ വിചാരിച്ചതു്? ഞങ്ങൾ നിന്നെ ദേഷ്യംപിടിപ്പിക്കാൻ അങ്ങിനെ ചെയ്തതാണ്. തമാശക്കു പിന്നെ അവളെ എന്തിനടിച്ചു എന്നല്ലേ? ഞങ്ങൾക്കെന്തുകൊണ്ടവളെ അടിച്ചുകൂട. അവൾ വെറും ഒരു വേശ്യയാണ്. ഒരു പുരുഷന്നു് അയാളുടെ ഭാര്യയെ അടിക്കാമെങ്കിൽ, എന്തുകൊണ്ടു് അവളെപ്പോലെയുള്ള സ്ത്രീകളെ അടിച്ചുകൂടാ". ഞങ്ങൾ വെറുതെ അങ്ങിനെ അഭിനയിക്കുകയായിരുന്നു. അടിച്ചതുകൊണ്ടൊന്നും ആരും പഠിക്കുകയില്ല. അതെനിക്കു് നല്ലപോലെ അറിയാം."

"നിങ്ങൾക്കവളെ പഠിപ്പിക്കുവാൻ കഴിയുമെന്നു നിങ്ങൾ എങ്ങിനെ കരുതി? നിങ്ങൾ ആ സ്ത്രീയെക്കാൾ മെച്ചമാണോ?"

അയാൾ എന്റെ ചുമലുകൾ പിടിച്ചു കുലുക്കി.

"ഏതാണ് ഏററവും കഷ്ടം!" അയാൾ മൂക്കിൽകൂടി ശബ്ദം പുറപ്പെടുവിച്ചുംകൊണ്ടു് പറഞ്ഞു. "ആരും മററൊരാളേ

ക്കാരം നല്ലവനല്ല. അതെല്ലാം എനിക്കു മനസ്സിലാക്കാൻ കഴിയു ന്നുണ്ട് സഹോദരാ. എല്ലാം ആദ്യന്തം എനിക്കറിയാം. ഞാൻ വെറും ഒരു നാട്ടിൻപുറക്കാരനല്ല "

അയാരം കുടിച്ചിട്ടുണ്ട്. വലിയ സംന്തോഷഭാവം ഉണ്ടു്. ദയാലുവായ ഒരദ്ധ്യാപകൻ തൻെറ ശിഷ്യനെ നോക്കുംപോലെ അയാരം എന്നെ വീക്ഷിച്ചു.

ഞാൻ ഇടക്കു പാവൽ ഓഡിൻസ്റ്റോവിനെ കാണാറുണ്ടായി രുന്നു. മുമ്പത്തേക്കാരം ഉല്ലാസശീലനായി അയാരം വലിയ പ രിഷ്കാരിയായിട്ടാണ് നടപ്പു്. ഒരിക്കൽ അയാരം എന്നെ ഗുണദോഷിച്ചു.

"നീ എന്താണ് ആ ജോലി സ്വീകരിച്ചതു്. ആ നാടന്മാ രോടൊപ്പം ജോലി ചെയ്യുന്നതുകൊണ്ടു നിനക്കൊന്നും കിട്ടാൻ പോകുന്നില്ല."

പിന്നെ അയാരം പ്രവത്തിശാലയിലെ വിശേഷങ്ങരം എ ന്നോടു പറഞ്ഞു.

"ടിക്കാറേവ് ഇപ്പോഴും ആ കുതിരയെപ്പോററുന്നുണ്ടു്. സി ററാനോവ് എന്തിനെക്കുറിച്ചോ ചിന്തിച്ചുകൊണ്ടിരിക്കുന്നതു കാ ണാം. അധികം കുടിക്കും. ഗോഗലേവിനെ ചെന്നായ്ക്കരം തിന്നു കളഞ്ഞു. അയാരം നാട്ടിൽപ്പോയപ്പോരം കണക്കിലധികം കുടി ച്ചുനടന്നു. ചെന്നായ്ക്കരം അയാളെ കൊന്നു തിന്നുകയുംചെയ്തു.

തൻെറ ഭാവനയെ ഇങ്ങിനെ വ്യാപരിപ്പിച്ചുംകൊണ്ടിരി ക്കെ, പാവൽ പൊട്ടിച്ചിരിച്ചുപോയി.

"അയാളെ ചെന്നായ്ക്കരം ചവച്ചുതിന്നു. അവർക്കു മത്തുപി ടിച്ചിരിക്കണം. അവ പിൻകാലിന്മേൽ സക്കസ്സിലെ നായ്ക്കളെ പ്പോലെ ചുററി നടന്നിരിക്കണം. പിറേറദിവസം അവയെല്ലാം മരിച്ചുവീണു "

ഞാനും ഒപ്പം ചിരിച്ചു—അയാളുടെ കഥകരം കേട്ടപ്പോരം. എന്നാൽ പ്രവത്തിശാലയും അതിനെ സംബന്ധിക്കുന്ന സകലതും എനിക്കു വെറും ഭൂതകാലസംഭവമായി കഴിഞ്ഞിരുന്നു. അതോത്ത പ്പോരം എനിക്കു് വല്ലാത്ത ദുഃഖം തോന്നി.

# XIX

ശീതകാലത്തു ചന്തസ്ഥലത്തു ജോലിയൊന്നും ഉണ്ടായിരുന്നില്ല. വീട്ടിൽ ഞാൻ പണ്ടു ചെയ്തുകൊണ്ടിരുന്ന അതേ ജോലിയിൽതന്നെ ഏർപ്പെട്ടു. പകൽ മുഴുവനും പണിയുണ്ടായിരിക്കും. വൈകുന്നേരം ഞാൻ സ്വതന്ത്രനാകും. ഞാൻ വീട്ടിലുള്ളവർക്കു അവർ തരുന്ന നോവലുകളും കഥകളും വായിച്ചുകൊടുക്കണം. ഈ കഥകൾ എനിക്ക് ഇഷ്ടമായിരുന്നില്ല. രാത്രി ഞാൻ നല്ല പുസ്തകങ്ങൾ വായിക്കും. കവിതയെഴുതാൻ ശ്രമിക്കും.

ഒരു ദിവസം വീട്ടിലെ യജമാനത്തികൾ പള്ളിയിൽ പ്രാർത്ഥിക്കാൻ പോയിരിക്കയായിരുന്നു. യജമാനൻ സുഖമില്ലാതെ വീട്ടിൽതന്നെയുണ്ടായിരുന്നു. അദ്ദേഹമെന്നോടു പറഞ്ഞു, "നീ കവിതയെഴുതുന്നുണ്ടെന്നു വിക്ടർ തമാശയാക്കാറുണ്ട്. പെഷ്കോവ്, അതു നേരാണോ? നീ എഴുതിയ ഏതെങ്കിലും കവിത ഒന്നു വായിക്കാമോ?"

അയാളുടെ ആഗ്രഹം നിഷേധിക്കാൻ കെല്പില്ലാതെ ഞാൻ ചില വരികൾ അയാൾക്കു വായിച്ചുകൊടുത്തു. അയാൾക്കതൊന്നും ഇഷ്ടമായപോലെ തോന്നിയില്ല. എന്നാൽ അയാൾ പറഞ്ഞു: "എഴുതണം. തുടർന്നെഴുതണം; ആർക്കറിയാം. നീ മറ്റൊരു പുഷ്കിൻ ആവുകയില്ല എന്നു. പുഷ്കിന്റെ കൃതികൾ വായിച്ചിട്ടുണ്ടോ?"

"വാസ്തവത്തിൽ സഹോദരാ, നീ കൂടുതൽ പഠിക്കേണ്ടതായിരുന്നു." അയാൾ ആത്മഗതമായി പറഞ്ഞു. "പക്ഷെ ഇപ്പോൾ

വളരെ വൈകിപ്പോയി. നീ ഈ ലോകത്തിൽ എങ്ങിനെ പൊരുപ്പിക്കുമെന്നു ചെകുത്താന്നു മാത്രം അറിയാം. നിൻെറ നോട്ടുപുസ്തകം പെണ്ണുങ്ങളൊന്നും കാണേണ്ട. അവർ നിന്നെ തമാശയാക്കാൻ തുടങ്ങും. ഈ പെണ്ണുങ്ങൾക്കു, മററുള്ളവരെ മർമ്മം നോക്കി, തമാശയാക്കുന്നതു വലിയ രസമാണ്."

ഈയിടെയായി എൻെറ യജമാനൻ വളരെ ശാന്തനും, ചിന്താശീലനുമായിരിക്കുകയാണ്. പലപ്പോഴും ചുററും സംശയത്തോടെ നോക്കും. വാതിൽക്കൽ മണിയടിക്കുന്നതു കേൾക്കുമ്പോൾ വല്ലാതെ ഞെട്ടും. ചിലപ്പോൾ തുച്ഛമായ സംഗതികൾക്കുപോലും, അദ്ദേഹത്തിന്നു ക്രോധം വരും. എല്ലാവരോടും ശകാരിക്കും. വീട്ടിൽനിന്നു പുറത്തേക്കോടും. കുടിച്ചു മത്തനായിട്ടാണ് മടങ്ങിവരിക. അദ്ദേഹത്തിന്നുമാത്രം അറിയാവുന്ന എന്തോ ഒരു രഹസ്യം അദ്ദേഹത്തെ അലട്ടുന്നുണ്ടെന്നു വ്യക്തമായിരുന്നു. അതു അദ്ദേഹത്തിൻെറ സകല ശൌര്യവും കെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്നു ജീവിതത്തിൽ വിശ്വാസവും താല്പര്യവും നശിച്ചിട്ടുണ്ട്. വെറും ശീലംകൊണ്ടു മാത്രം അദ്ദേഹം അങ്ങിനെ ജീവിതം തള്ളിനീക്കുകയാണ്.

ഞായറാഴ്ചകളിൽ, മുത്താഴം കഴിഞ്ഞാൽ, ഞാൻ നടക്കാൻ പോകും. രാത്രി ഒമ്പതു മണിവരെ, നടക്കും. പിന്നെ യാമിസ്ക്യാ തെരുവിലെ ചാരായഷാപ്പിൽ ചെന്നുകയറും. ഷാപ്പുടമസ്ഥന്ന് പാട്ടു കേൾക്കാൻ വലിയ ഇഷ്ടമാണ്. അടുത്ത പള്ളികളിലെ പാട്ടുകാർക്കെല്ലാം ഇതറിയാം. അവർ ഷാപ്പിൽവന്നു പാട്ടുപാടും. അയാൾ അവർക്കു വോഡ്കയും, ബീറും, ചായയും കൊടുക്കും. ഈ പാട്ടുകാർ ഒന്നിന്നും കൊള്ളാത്ത, കുടിയന്മാരാണ്. അവർ മനമില്ലാമനസ്സോടെ പാടുകയാണ്. കുടിക്കാൻവേണ്ടിമാത്രം. അവർക്കു പള്ളിയിൽ പാടുന്ന പാട്ടുകൾ മാത്രമെ അറിയുകയുള്ളൂ. അങ്ങിനെയുള്ള പാട്ടുകൾ മദ്യഷാപ്പിൽവെച്ചു പാടാൻ പാടില്ലെന്നു, മതഭക്തിയുള്ളവർ പറയും. അപ്പോൾ ഷാപ്പുടമ

പാട്ടുകാരെ തന്റെ സ്വകാര്യമുറിയിലേക്കു കൂട്ടിക്കൊണ്ടു പോകും. വാതിൽക്കൽചെന്നു ചെവിയോൎമ്മിച്ചാൽ മാത്രമെ പിന്നെ അവർ പാടുന്നതു കേൾക്കാൻ കഴികയുള്ളു.

പലപ്പോഴും ഗ്രാമത്തിൽനിന്നും വരുന്ന കൈത്തൊഴിൽകാരും, കൃഷിക്കാരും ഷാപ്പിൽവെച്ചു കച്ചേരികൾ നടത്തും. ഷാപ്പുകാരൻ, ചുറുപാടും പാട്ടുകാരെ അന്വേഷിച്ചു നടക്കും. നാട്ടിൻപുറക്കാർ ചന്തദിവസങ്ങളിൽ, നഗരത്തിലേക്കു വരും. ഷാപ്പുകാരൻ അവരെ ഷാപ്പിലേക്കു ക്ഷണിക്കും.

പാട്ടുകാരനു, വോഡ്ക നിറച്ചുവെച്ച പീപ്പക്കരികെ, ഒരു പീഠമാണ് ഇരിക്കാൻ കൊടുക്കുക. ഏററവും നന്നായി പാടിയിരുന്നതു ക്ലെഷ്ക്കോവ് ആയിരുന്നു. മെലിഞ്ഞ ആ മനുഷ്യനു കുറെ നല്ല പാട്ടുകൾ അറിയാം. വൈരൂപ്യം തോന്നിക്കുന്ന ഒരു മുഖം. അയാളുടെ തലമുടി ചുകന്നിട്ടാണ്. മൂക്കു ശവത്തിന്റെ മൂക്കുപോലെ മിന്നുന്നു. അയാളുടെ ചെറിയ കണ്ണുകൾ കൺകുഴികളിൽ അനങ്ങാതെ നിൽക്കുകയാണെന്നു തോന്നും.

ചിലപ്പോൾ അയാൾ കണ്ണുകൾ അടച്ചു, തല പീപ്പയിന്മേൽ ചാരിനിൎത്തി, നെഞ്ചുയൎത്തി മൃദുവായ വളരെ ആകർഷകമായ സ്വരത്തിൽ പാടാൻതുടങ്ങും. വീണ്ടും അയാൾ എഴുന്നേററ്, മേശയ്ക്കരികെ ചെന്നു നിന്നു, മുഖം മേലോട്ടു മച്ചിന്നുനേരെയുയർത്തി, പാട്ടു തുടരും.

അയാളുടെ സ്വരം പതിഞ്ഞതാണ്. എന്നാൽ ഒരിക്കലും അയാളുടെ ശബ്ദം അടയുകയില്ല. അയാൾ മദ്യഷാപ്പിലെ അന്തരീക്ഷമാകെ, ഒരു വെള്ളിസ്സൂചികൊണ്ടു തുന്നിക്കൂട്ടുകയാണെന്നു തോന്നും. അയാളുടെ ദുഃഖമയമായ സംഗീതത്തിൽ മുഴുകിപ്പോകാത്ത ഒരാളും അവിടെ ഉണ്ടായിരുന്നില്ല. കുടിച്ചു ഏററവും മത്തനായിക്കഴിഞ്ഞ ആൾ പോലും വളരെ ഗൌരവഭാവം പൂണ്ടിരിക്കും. അവർ മേശമേൽ നോക്കിയിരിക്കും. എന്റെ ഹൃദയം തിങ്ങി നിറഞ്ഞു പൊട്ടിത്തെറിക്കാൻ ഭാവിക്കയാണെന്നു ഞാൻ ഭയപ്പെട്ടു.

ഹൃദയാന്തർഭാഗത്തെ സ്പർശിച്ചുംകൊണ്ടുള്ള സംഗീതം എന്തെന്നില്ലാത്ത വികാരമാണ് എന്നിൽ ഇളക്കിവിടാറുണ്ടായിരുന്നതു.

മദ്യഷാപ്പിലും പള്ളിയിലെപ്പോലെ നിശ്ശബ്ദത കളിയാടും. പാട്ടുകാരൻ പാതിരിയാണെന്നു സങ്കല്പിക്കാം. അയാൾ ഉപദേശമായൊന്നും പ്രസംഗിക്കുകയില്ല. അയാൾ മനുഷ്യസമുദായത്തിന്നു മുഴുവനും വേണ്ടിയാണ് പ്രസംഗിക്കുക. കഷ്ടപ്പെടുന്ന മനുഷ്യസമുദായത്തിൻെറ ഒന്നാകെയുള്ള ദുഃഖത്തെ അയാൾ വിവരിക്കുകയാണ്. താടിക്കാരായ ആളുകൾ നാലുഭാഗത്തുനിന്നും അയാളെ നോക്കുന്നുണ്ടായിരിക്കും. പരുക്കൻമട്ടിലുള്ള അവരുടെ മുഖത്തു കുട്ടിത്തം സ്ഫുരിക്കുന്ന കണ്ണുകൾ പ്രകാശിച്ചുനിൽക്കും. ഇടക്കു അവരിൽ ആരെങ്കിലും ദീർഘമായൊന്നു നെട്ടുവീർപ്പിടും. പാട്ടിൻെറ മനോഹാരിതക്കുള്ള തെളിവെന്നപോലെ, എല്ലാ ആളുകളും പൊള്ളയായ, അയഥാർത്ഥമായ ഒരു ജീവിതമാണ് നയിക്കുന്നതു എന്നെനിക്കു ബോദ്ധ്യമാകും. ഇങ്ങിനെയുള്ള സന്ദർഭങ്ങളിൽ മാത്രമാണ് ശരിയായ ജീവിതം അവർ ആസ്വദിക്കുന്നതെന്നു ഞാൻ കരുതി.

ഒരു മൂലയിൽ തടിച്ച മുഖത്തോടുകൂടിയ ലൈസുഖ ഇരിക്കുന്നുണ്ടു്. യാതൊരു നിയന്ത്രണവുമില്ലാത്ത ഒരു ജീവി. ലജ്ജയില്ലാതെ ശൃംഗരിച്ചുകൊണ്ടിരിക്കും. അവൾ തല ചുമലിന്മേൽ അമർത്തിപ്പിടിച്ചുംകൊണ്ടു കരയുകയാണ്. കണ്ണിൽ കണ്ണുനീർ നിറച്ചിരിക്കുകയാണ്. വളരെ അകലത്തല്ലാതെ, ഒരു മേശമേൽ, മിട്രൊപോൾസ്കി എന്ന പാട്ടുകാരൻ ഇരിക്കുകയാണ്. ആഴമുള്ള ശബ്ദവും, വലിയ കണ്ണുകളും ഉള്ള ഒരു രാക്ഷസ്സൻ. കണ്ടാൽ ഒരു പാതിരിയാണെന്നു തോന്നും. അയാൾ തൻെറ മുമ്പിൽ മേശമേൽ വെച്ച വോഡ്കനിറച്ച ഗ്ലാസ്സിൽ നോക്കി; അതെടുത്തു കുടിക്കാൻ ഭാവിക്കും. എന്തോ കാരണത്താൽ അതു കുടിക്കാൻകഴിയാഞ്ഞിട്ടെന്നപോലെ,

ഷാപ്പിലുണ്ടായിരുന്ന എല്ലാവരും അനങ്ങാതിരുന്നു വളരെ ക്കാലമായി മറന്നുപോയ ഏററവും പ്രിയതരമായ എന്തോ ശ്ര ദ്ധിക്കുന്നതുപോലെ. പാട്ടുപാടിക്കഴിഞ്ഞശേഷം ക്ലെഷ്ക്കോവ്, വിനയത്തോടെ പീഠത്തിന്മേൽ അമർന്നിരുന്നു. ഷാപ്പുകാരൻ അയാൾക്കു ഒരു ഗ്ലാസ്സു് വോഡ്ക കൊടുത്തു. വലിയ സംതൃപ്തി യോടെ പ്രസ്താവിച്ചു.

"നന്നായി. നീ പാടിയതു ഒരു കഥയാണ്. നീ പാടുന്ന തിൽ വലിയ സമർത്ഥനാണ്. അതാണു് പരമാർത്ഥം. അതു നി ഷേധിക്കുവാൻ ആർക്കും സാദ്ധ്യമല്ല."

ക്ലെഷ്ക്കോവ്, തിരക്കു കൂടാതെ വോഡ്ക സാവധാനം കു ടിച്ചു തീർക്കും. പിന്നെ കണ്ഠം ശരിപ്പെടുത്തി ഇങ്ങിനെ പറയും

"പാടുന്നതിൻെറ കാര്യമാണെങ്കിൽ, സ്വരമുള്ള ആർക്കും പാ ടാൻ കഴിയും. എനിക്കു പാട്ടിൻെറ ആത്മാവിനെ തുറന്നു കാ ണിക്കാൻ കഴിയും."

"നിൻെറ ചിലയ്ക്കൽ മതിയാക്കണം".

"ചിലക്കാനില്ലാത്തവർ നാവടക്കണം". പാട്ടുകാരൻ അ ക്ഷോഭ്യനായി, വാശിയോടെ പറഞ്ഞു.

നിനക്കു നിന്നെപ്പററി വലിയ മതിപ്പാണു് ക്ലെഷ്ക്കോവ്. ഷാപ്പുകാരൻ, നീരസത്തോടെ പറഞ്ഞു.

"എൻെറ ആത്മാവിനോളം ഞാൻ ഉയരും. കൂടുതൽ സാ ദ്ധ്യമല്ലല്ലോ".

അയാൾ ഇരിക്കുന്ന മൂലയിൽനിന്നും മെട്രോപോൾസ്കി വി ളിച്ചുപറഞ്ഞു.

"ഈ വിരൂപിയായ ദൈവദൂതൻെറ പാട്ടിനെക്കുറിച്ചിത്ര യൊക്കെ പുകഴ്ത്തിപ്പറയാൻ നിങ്ങൾക്കു കഴിയുന്നുണ്ടല്ലോ. ഇഴയു ന്ന പുഴുക്കളേ".

അയാൾ എല്ലായ്പ്പോഴും എല്ലാവരോടും ശണ്ഠകൂട്ടം. എല്ലാവരെയും എന്തിനെങ്കിലും കുററപ്പെടുത്തും. എല്ലാ ഞായറാഴ്ചയും മററു പാട്ടുകാരോ, മററു വല്ലവരുമോ, അയാളെ അടിക്കുകയും ചെയ്യും.

ഷാപ്പുകാരനു ക്ലെഷ്ക്കോവിന്റെ പാട്ടു വലിയ ഇഷ്ടമായിരുന്നു. എന്നാൽ അയാളെ ഇഷ്ടമായിരുന്നില്ല. അയാളെ പററി ഷാപ്പുകാരൻ എല്ലാവരോടും ആവലാധിപ്പെട്ടും. എങ്ങിനെയെങ്കിലും, അയാളെ അപമാനിക്കുവാനും തമാശയാക്കുവാനും വഴികൾ കണ്ടുപിടിക്കും. ഷാപ്പിൽ വരുന്നവർക്കെല്ലാം ഇക്കാര്യം അറിയാമായിരുന്നു. ക്ലെഷ്ക്കോവിന്നുതന്നെയും.

"അയാൾ ഒരു നല്ല പാട്ടുകാരനാണ്. എന്നാൽ അഹംഭാവിയാണ്. നന്നായൊന്നു കിട്ടണം." ഇതായിരുന്നു ഷാപ്പുകാരന്റെ അഭിപ്രായം. അയാളുടെ അടവുകാരെല്ലാം ഇതു ശരിവെക്കുകയുംചെയ്യു.

"അതിൽ സത്യമുണ്ട്. അവൻ വലിയ പൊങ്ങച്ചക്കാരൻ തന്നെയാണ്."

"അവനിത്രയൊക്കെ ഡംഭു നടിക്കാൻ എന്താണുള്ളതു. ഈശ്വരൻ അവന്നു നല്ല ഒരു ശബ്ദം കൊടുത്തിട്ടുണ്ട്. അതു അവൻ സ്വന്തമായുണ്ടാക്കിയതല്ലല്ലോ. ഇനി ആ സ്വരവും എന്താ അത്രക്കൊക്കെ മെച്ചപ്പെട്ടതാണോ?" ഷാപ്പുകാരൻ ഊന്നിപ്പറഞ്ഞു

"അതു ശരിയാണ്. അവൻ തന്റെ സ്വരം എങ്ങിനെ ഉപയോഗപ്പെടുത്തുന്നു എന്നതാണ് കാര്യം. സ്വരം നല്ലതാണോ എന്നതല്ല" മററുള്ളവർ തുടന്നു.

ഒരു ദിവസം അറിയുന്ന പാട്ടുകളെല്ലാം പാടിക്കഴിഞ്ഞതശേഷം അയാൾ ഷാപ്പ്വിട്ടുപോയപ്പോൾ, ഷാപ്പുകാരൻ ലൈസുഖയെ നിർബ്ബന്ധിച്ചു.

"നീ ക്ലെഷ്ക്കോവിനെ ഒന്നു ചുഴററി നോക്കണം. മേരിയ യ ഖ്ഡോക്കിമോവ്നാ, അവനെ കുറഞ്ഞൊന്നു ശരിപ്പെടുത്തണം. നിനക്കതു് എളുപ്പമാണ്".

"എനിക്കു കൂടുതൽ ചെറുപ്പമായിരുന്നെങ്കിൽ", ചെറുതായൊന്നു ചിരിച്ചുംകൊണ്ടു് ആ സ്ത്രീ പറഞ്ഞു.

"ചെറുപ്പക്കാരികളെക്കൊണ്ടു് എന്തു ചെയ്യാൻകഴിയും?" അയാൾ ചോദിച്ചു. "നിനക്കാണതു ചെയ്യാൻ കഴിയുക. അവൻ നിൻെറ പിന്നാലെ നടക്കുന്നതു കണ്ടാൽ എനിക്കു തൃപ്തിയായി. അവനെ പരവശനാക്കുക. അവൻ അപ്പോഴും പാടുകയില്ലേ. ഒന്നു ശ്രമിച്ചുനോക്കു. യവ്ഡോക്കിമോവ്നാ, ഞാൻ അതിന്നു നിന്നോടു വളരെ നന്ദിയുള്ളവനായിരിക്കും.

എന്നാൽ ആ സ്ത്രീ കൂട്ടാക്കിയില്ല. അവൾ അവിടെത്തന്നെ ഇരുന്നു. ഒരു തടിച്ച സ്ത്രീ—വേഷ്ടിയുടെ അററം ചുരുട്ടിപ്പിടിച്ചുകൊണ്ടു അക്ഷമയായവൾ പറഞ്ഞു.

"ഒരു ചെറുപ്പക്കാരിക്കാണു് അങ്ങിനെ ചെയ്യുവാൻ കഴിയുക. എനിക്കിപ്പോൾ ചെറുപ്പമായിരുന്നെങ്കിൽ ഞാൻ അതുചെയ്യുമായിരുന്നു."

ക്ലെഷ്ക്കോവിനെ കുടിപ്പിച്ചു മത്തനാക്കാൻ, ഷാപ്പുകാരൻ ഉററു പരിശ്രമിച്ചു. ഓരോ പാട്ടും പാടിക്കഴിയുമ്പോൾ, അയാൾ ഓരോ ഗ്ലാസ്സു് വീഞ്ഞുകൊടുക്കും. എന്നാൽ അയാൾ ഒന്നുരണ്ടു പാട്ടുകൾ പാടിയ ശേഷം കഴുത്തിൽ ഒരുറുമാൽ എടുത്തു ചുററി ഇറങ്ങിപ്പോയി.

പലപ്പോഴും ഷാപ്പുകാരൻ ക്ലെഷ്ക്കോവിനോടു മത്സരിക്കുവാൻ മററു പാട്ടുകാരെ കൊണ്ടുവരും. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ ക്ലെഷ്ക്കോവ് പാടിക്കഴിഞ്ഞശേഷം, ഷാപ്പുകാരൻ അയാളെ പുകഴ്ത്തിക്കഴിഞ്ഞതിന്നുശേഷം ഇങ്ങിനെ അഭിപ്രായപ്പെടും. "പിന്നെ.... ..ഇവിടെ ഇന്നു വേറൊരു പാട്ടുകാരനും വന്നിട്ടുണ്ടു. ചങ്ങാതി ഇങ്ങോട്ടു വരു. ദയചെയ്തു ഒരു പാട്ടുപാടു."

ചിലപ്പോഠം ആ ഗതൻ ഒരു നല്ല കണ്ണമുള്ള ആളായിരിക്കം. എന്നാൽ അവക്കൊക്കംതന്നെ ക്ലെഷ്ക്കോവിൻെറ രീതിയിൽ ലളിതമായും ആവേശ:ത്തോടുകൂടിയും പാടാൻ കഴിഞ്ഞിരുന്നില്ല.

"ഉം. അതു തരക്കേടില്ല. തീർച്ചയായും നിങ്ങഠംക്കു ഒരു നല്ല സ്വരമുണ്ടു. പക്ഷെ ആത്മീയമായ ആവേശം........"ഷാപ്പുകാരൻ സമ്മതിക്കേണ്ടിവരും. അതയാഠംക്കു ഇഷ്ടമായതുകൊണ്ടുമല്ല.

എല്ലാവരും ചിരിക്കും.

"ഇയാഠംക്കു അടിയൊന്നും കിട്ടിയപോലെ തോന്നുന്നില്ല."

ക്ലെഷ്ക്കോവ്, തൻെറ ചുകന്ന പുരികങ്ങളോടുകൂടിയ കണ്ണുകളെക്കൊണ്ടു എല്ലാവരേയും സൂക്ഷിച്ചുനോക്കിയശേഷം ഷാപ്പുകാരനോടു വളരെ മര്യാദയോടെ, ഉറപ്പിച്ചുപറയും.

"നിങ്ങഠം എത്രകൊണ്ടുപിടിച്ചു ശ്രമിച്ചോളൂ. എന്നെപ്പോലുള്ള ഒരു പാട്ടുകാരനെ നിങ്ങഠംക്കു കിട്ടുകയില്ല. കാരണം എൻെറ കഴിവുകഠം ദൈവദത്തമാണ്."

"നമ്മളെല്ലാവരും ദൈവത്തിൻെറ സൃഷ്ടികഠംതന്നെയാണ്."

"നിങ്ങഠംക്കു എന്നേക്കാഠം നല്ലവനെ കിട്ടുകയില്ല. നിങ്ങളുടെ അധീനത്തിലുള്ള മുഴുവൻ വീഞ്ഞും കൊടുത്താലും".

ഷാപ്പുകാരൻെറ മുഖം തുടുത്തു. അയാഠം പിറുപിറുത്തു.

"അതു നമുക്കു നോക്കാം.—നോക്കാം."

എന്നാൽ ക്ലെഷ്ക്കോവ് ഉറപ്പിച്ചുപറഞ്ഞു.

"പാട്ടുപാടുകയെന്നതു കോഴികൊത്തലൊന്നുമല്ല. അറിയാമല്ലോ".

"നീ ആരെയാണ് പഠിപ്പിക്കാൻ നോക്കുന്നതു?"

"ഞാൻ പഠിപ്പിക്കുകയല്ല. ഞാൻ നിങ്ങഠംക്കതു കാണിച്ചുതരിക മാത്രമാണ്. പാട്ടു ആത്മാവിനെ ഉദ്ദേശിച്ചുംകൊണ്ടുള്ളതാണ്."

"ഈ തക്കം മതിയാക്കുക. അതിന്നു പകരം നമുക്കു പാടാൻ നോക്കാം."

"ഞാൻ പാടാൻ എപ്പോഴും തയ്യാറാണ്. ഉറക്കിൽപോലും". ക്ലെഷ്ക്കോവ് സമ്മതിച്ചു. ചെറുതായൊന്നു ചുമച്ചു അയാൾ തുടങ്ങി.

എല്ലാ അല്പത്തങ്ങളും കശപിശകളും ബഹളങ്ങളും മദ്യഷാപ്പിലെ മറെറല്ലാ അശ്ലീലതകളും ആശ്ചര്യകരമാംവണ്ണം അപ്രത്യക്ഷമായി. മറെറാരു ജീവിതത്തിന്റെ പുത്തനായ ഒരുതരം കാറവീശുന്നതായെല്ലാവക്കും അനുഭവപ്പെട്ടു. പരിശുദ്ധവും ചിന്താദ്യോതകവും സ്നേഹമസൃണവും വ്യസനം നിറഞ്ഞതുമായ ജീവിതം".

എനിക്കയാളോടസൂയതോന്നി. അയാളുടെ കഴിവുകളെ ച്ചൊല്ലിയും മറവുള്ളവരുടെപേരിൽ അയാൾക്കു ചെലുത്താൻകഴിഞ്ഞ സ്വാധീനത്തെച്ചൊല്ലിയും. എത്ര ആശ്ചര്യകരമായവിധത്തിലാണ് അയാൾ തന്റെ കഴിവുകൾ പ്രയോഗിക്കുന്നതു? എനിക്കു ക്ലെഷ്ക്കോവുമായി പരിചയമാകാനും അയാളോടു ദീർഘനേരം സംസാരിക്കാനും ആഗ്രഹം ജനിച്ചു. എന്നാൽ അയാളെ സമീപിക്കുവാനുള്ള ധൈര്യം എനിക്കുണ്ടായില്ല അയാൾ തന്റെ മങ്ങിയ ദൃഷ്ടികൾ ചുററും പായിക്കുന്നുണ്ടെങ്കിലും അടുത്തുള്ള ആരേയും അയാൾ കാണുന്നില്ലെന്നു തോന്നും. എനിക്കു അറപ്പുതോന്നിക്കുന്ന എന്തോ അയാളിൽ ഉള്ളതായി ഞാൻ കരുതി. അയാൾ പാടുമ്പോൾ മാത്രമല്ല മററവസരങ്ങളിലും എനിക്കു ബഹുമാനം തോന്നി. ഒരു കിഴവനെപ്പോലെ അയാൾ തന്റെ തൊപ്പി കൂടക്കൂടെ പിടിച്ചു താഴ്ത്തും. കഴുത്തിൽ ചുകന്ന പൂക്കൾ തുന്നിയ ഒരുറുമാൽ ചുററിയിരിക്കുകയും ചെയ്യും. അയാൾപറയും.

"എന്റെ പ്രേമഭാജനമാണ് ഇതു തുന്നിയതു. ചെറുപ്പക്കാരി സ്ത്രീ".

പാടാതെ, വെറുതെയിരിക്കുന്ന അവസരങ്ങളിൽ അയാഠം വലിയ വമ്പുനടിക്കും. മുക്കുതടവിയുംകൊണ്ടു ചോദ്യങ്ങഠംക്കെല്ലാം ഒറെറാററ വാക്കുകളിൽ മറുപടി പറയും. ഒരിക്കൽ അയാളുടെ അടുത്തിരിക്കുമ്പോഠം, ഞാൻ എന്തോ ചോദിച്ചതിന്നു എൻെറ നേരെ തിരിഞ്ഞുനോക്കാതെ അയാഠം പറഞ്ഞു:

"പോ ദൂരെ, ചെറുക്കാ—"

എനിക്കു മെട്രോപോഠംസ്കിയെ കൂടുതൽ ഇഷ്ടമായി. ഷാപ്പിൽ കടന്ന ഉടനെ അയാഠം ഒരു മൂലയിൽ പോയിരിക്കും. അയാളുടെ നടത്തം ഒരു ഭാരം വഹിച്ചു പോകുന്നതുപോലെ, ഇഴഞ്ഞുംകൊണ്ടാണ്. ഒരു കസേല കാലുകൊണ്ടു തള്ളിനീക്കി അയാഠം അവിടെ ഇരിക്കും. കൈമുട്ടുകഠം മേശമേൽ കുത്തി തല താങ്ങിയിരിക്കും. ഒരക്ഷരം ഉരിയാടാതെ അയാഠം രണ്ടുമൂന്നുഗ്ലാസ്സ് വോഡ്ക ഒപ്പം കുടിക്കും. പിന്നെ ചുണ്ടുകളെക്കൊണ്ടു വല്ലാതെ ഒച്ചപ്പെടുത്തും. എല്ലാവരും അപ്പോഠം അയാളെ നോക്കിപ്പോകും. അയാളും എല്ലാവരേയും തുറിച്ചുനോക്കും. അയാളുടെ തലമുടി തുടുത്ത കവിളുകളിൽ വീണുകിടക്കുന്നുണ്ടായിരിക്കും.

"നിങ്ങഠം എന്താണിങ്ങിനെ തുറിച്ചുനോക്കുന്നതു—എന്താണിത്രയൊക്കെ കാണാനുള്ളതു?" അയാഠം പെട്ടെന്നു കയക്കും.

"ഞങ്ങഠം കാണുന്നതു ഒരു പിശാചിനേയാണ്."

അവർ മറുപടി പറയും.

ചിലപ്പോഠം അയാഠം ഒന്നും മിണ്ടാതെ, കാൽ വലിച്ചുംകൊണ്ടിറങ്ങിപ്പോകയുംചെയ്യും. എന്നാൽ പലപ്പോഴും അയാഠം ഒരു പ്രവാചകനെപ്പോലെ ആളുകളെ തള്ളിപ്പറയുന്നതു കേഠംക്കുകയും ചെയ്യാം.

"ഒരു തരത്തിലും ദൂഷിപ്പിക്കാൻ കഴിയാത്ത ഒരീശ്വരസേവകനാണ് ഞാൻ. അതുകൊണ്ടു ഞാൻ നിങ്ങളെയെല്ലാം പാപികളാണെന്നു പ്രഖ്യാപിക്കുന്നു. കള്ളന്മാരും ദുഷ്ടന്മാരും അധിവ

സിക്കുന്ന ഏററിയൽ പട്ടണത്തിന്നു നാശം സംഭവിക്കട്ടെ. പാപം വഹിച്ചുകൊണ്ടു, ഈ ബ്രഹ്മാണ്ഡത്തിൽ ഓടിച്ചുപോകുന്ന തോണിയായ ഈ ഭൂമിക്കും നാശം സംഭവിക്കട്ടെ കുടിയന്മാരും, വെറിയന്മാരുമായ നിങ്ങളെല്ലാം പാപികളാണ്. പാപികളായ നിങ്ങൾ അസംഖ്യമാണ്; ഈ ഭൂമി നിങ്ങളുടെ അവശിഷ്ടങ്ങൾ വലിച്ചെറിയാതിരിക്കയില്ല." അയാളുടെ വലിയ ശബ്ദത്തിൻെറ മാറെറാലിയിൽ ജനലിൻെറ കതകുകൾ കുലുങ്ങുന്നതുപോലെ തോന്നും. കേൾക്കുന്നവർക്കു അതു വലിയ രസമായിരിക്കും—അവർ അയാളെ പുകഴ്ത്തും.

അയാളുമായി പരിചയിക്കുന്നതു വളരെ എളുപ്പമാണ്. അയാളെ സല്ക്കരിച്ചാൽ മതി. കുറെ വോഡ്കയും, കുരുമുളകു ചേർത്ത കരളിൻെറ കറിയും കൊടുത്താൽ വലിയ സന്തോഷമായി. അതയാൾക്കു വലിയ ഇഷ്ടമാണ്. ഞാൻ അയാൾക്കു ഏതു പുസ്തകമാണ് വായിച്ചുകൊടുക്കേണ്ടതെന്നു ചോദിച്ചപ്പോൾ അയാൾ പറഞ്ഞു.

"നീ എന്തിന്നു വായിക്കണം?"

അയാളുടെ ചോദ്യം എന്നെ എത്രമേൽ നിരാശനാക്കിയിട്ടുണ്ടെന്നു മനസ്സിലായപ്പോൾ അയാൾ പറഞ്ഞു.

"മതഗ്രന്ഥങ്ങൾ വായിച്ചിട്ടുണ്ടോ വല്ലപ്പോഴും".

"ഉണ്ടു".

"മതപുസ്തകങ്ങൾ വായിക്കണം—അതേ വേണ്ടു. ലോകത്തിലെ ജ്ഞാനം മുഴുവനും അവയിൽ അടങ്ങിയിട്ടുണ്ടു്. മടിയന്മാർക്കു ഒന്നും മനസ്സിലാകുന്നില്ലെന്നുമാത്രം....ആർക്കും അതു മനസ്സിലായിട്ടില്ല. നീ ആരാണ്? ഒരു പാട്ടുകാരനാണോ?

"അല്ല".

"എന്തുകൊണ്ടല്ല. നീ പാടണം. അതു എല്ലാ ജോലിയിലും വെച്ചു അർത്ഥമില്ലാത്തതാണ്."

അടുത്ത മേശയ്ക്കുടുത്തിരിക്കുന്ന ഒരാൾ പറഞ്ഞു:

"നിങ്ങളോ—നിങ്ങൾ ഒരു പാട്ടുകാരനല്ലേ?"

"ഞാനോ? ഞാൻ ഒരു തെണ്ടിയാണ്. എന്താ?"

"ഒന്നുമില്ല".

"ശരിയാണ്. നിൻെറ തലയിൽ ഒന്നുമില്ലെന്നു എല്ലാവർക്കുമറിയാം. ആ തലയിൽ ഒന്നും ഉണ്ടായിരിക്കുകയുമില്ല".

അയാൾ എല്ലാവരോടും ഒരേ സ്വരത്തിലാണ് സംസാരിക്കുക. എന്നോടും. ഞാൻ അയാളെ രണ്ടു മൂന്നു പ്രാവശ്യം സൽക്കരിച്ചതോടുകൂടി, അയാൾ എന്നോടൊപ്പം സ്നേഹം കാണിക്കാൻതുടങ്ങി.—ഒരു ദിവസം കുറച്ചാശ്ചര്യത്തോടെ അയാൾ എന്നോടുപറഞ്ഞു.

"ഞാൻ നിന്നെ നോക്കുമ്പോഴെല്ലാം നീ ആരാണെന്നു കണ്ടുപിടിക്കുവാൻ ശ്രമിക്കുന്നുണ്ട്. നീ എന്തായാൽ എനിക്കെന്താ?"

അയാൾക്കു ക്ലെഷ്ക്കോവിനെക്കുറിച്ച് എന്തഭിപ്രായമാണുണ്ടായിരുന്നതെന്നു എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. അയാൾ വലിയ താല്പര്യത്തോടെ ക്ലെഷ്ക്കോവിൻെറ പാട്ടുകേട്ടു രസിക്കും. ചിലപ്പോൾ പുഞ്ചിരിയിട്ടുംകൊണ്ടിരിക്കുന്നതു കാണാം. എന്നാൽ ക്ലെഷ്ക്കോവുമായി പരിചയിക്കുവാൻ അയാൾ ഒരിക്കലും ശ്രമിക്കുന്നതു കണ്ടില്ല. അയാളെക്കുറിച്ച് താഴ്ത്തിപ്പറയുകയും ചെയ്യും.

"അവൻ ഒരു വിദൂഷകനാണ്. അവനു ശരിക്കു ശ്വസിക്കാനറിയാം. എന്നാലും അവനൊരു കഴുതയാണ്.

"എന്തുകൊണ്ടു?"

"കാരണം ജനനാൽ അവൻ അങ്ങിനെയാണ്."

അയാൾ കുടിച്ചിട്ടില്ലാത്ത അവസരത്തിൽ അയാളുമായി സംസാരിക്കുന്നതു രസമായിരിക്കുമെന്നു എനിക്കു തോന്നി എന്നാൽ അപ്പോഴെല്ലാം അയാൾ ദുഃഖത്തോടെ പിറുപിറുക്കുന്നുണ്ടായി

രിക്കും. ഇങ്ങിനെ കുടിച്ചുകഴിയുന്ന ഇയ്യാൾ ഒരു കാലം കാസാൻ നിലെ വിദ്യാലയത്തിൽ പഠിച്ചിരുന്നു എന്നും, ഇയാൾക്കു ഒരു പാതിരിയാകാൻ കഴിയുമായിരുന്നു എന്നും ആരോ എന്നോടു പറഞ്ഞു. ആദ്യം ഞാൻ ആ കഥ വിശ്വസിച്ചില്ല. എന്നാൽ ഒരു ദിവസം അയാളുമായി സംസാരിച്ചുംകൊണ്ടിരിക്കുമ്പോൾ ഞാൻ ബിഷപ്പ് ക്രിസനാഫിൻെറ പേർ പറയുവാൻ ഇടയായി.

"ക്രിസനാഫോ?" മിട്രോപ്പോളോസ്കി, തലയാട്ടിയുംകൊണ്ടു പറഞ്ഞു. എനിക്കയാളെ പരിചയമുണ്ടു്. അയാൾ എൻെറ ഗുരുനാഥനായിരുന്നു. എന്നെ പലവിധത്തിലും സഹായിച്ചിട്ടുണ്ടു്. കാസാനിൽവെച്ചും, വിദ്യാലയത്തിൽവെച്ചും എനിക്കോൎമ്മയുണ്ടു്. ക്രിസ്നാഫ് എന്നാൽ സ്വർണ്ണപുഷ്പം എന്നാണൎത്ഥം. പാംവാ ബെറിയാണ്ടാ അതു ശരിക്കും വ്യക്തമാക്കിയിട്ടുണ്ടു്. അദ്ദേഹം തീർച്ചയായും സ്വർണ്ണത്തിൻെറ ക്രിസനാഫ് തന്നെയായിരുന്നു."

"ആരാണ് പാംവാബെറിയാണ്ടാ". ഞാൻ ചോദിച്ചു. എന്നാൽ മെട്രോപോൾസ്കി തട്ടുത്തുത്തരം പറഞ്ഞു.

"അതു നീ അറിയേണ്ട കാൎയ്യമല്ല."

ഞാൻ വീട്ടിൽ എത്തിയപ്പോൾ എൻെറ നോട്ടുപുസ്തകത്തിൽ ഇങ്ങിനെ എഴുതി. "പാംവാബെറിയാണ്ടാ എഴുതിയ പുസ്തകം തീർച്ചയായും വായിക്കണം." ബെറിയാണ്ടയുടെ ആശയങ്ങൾ എൻെറ സകല സംശയങ്ങൾക്കും പരിഹാരം നൾകുമെന്നു ഞാൻ എന്തു കാരണത്താലോ വിശ്വസിച്ചു.

അയാൾ കേട്ടാൽ കൌതുകംതോന്നുന്ന പേരുകൾ പറയും. വാക്കുകൾ കൂട്ടിക്കുഴച്ചു പറയും. അതു എന്നെ അലട്ടും.

"ജീവിതം അനീസിയയൊന്നുമല്ല". അയാൾ ഒരിക്കൽ പറഞ്ഞു.

"ആരാണ് അനീസിയ" ഞാൻ ചോദിച്ചു.

"ഒരു എനോഡൈൻ". എൻെറ അമ്പരപ്പുകണ്ടു കൌതുകം തോന്നിയപോലെ അയാൾ മറുപടി പറഞ്ഞു.

അങ്ങിനെയുള്ള വാക്കുകൾ പറഞ്ഞുകേൾക്കുന്നതുകൊണ്ടും, അയാൾ മതവിദ്യാലയങ്ങളിൽ പഠിച്ചിട്ടുണ്ടെന്നുള്ളതുകൊണ്ടും, അയാൾ വലിയ പണ്ഡിതനായിരിക്കുമെന്നു ഞാൻ വിചാരിച്ചു. എന്നാൽ അയാൾ ശ്രദ്ധാത്ഥമായും, ഇഷ്ടമില്ലാതെയും ഇടക്കെല്ലാം വല്ലതും പറയുകമാത്രമേ ചെയ്യുള്ളു എന്നതിൽ എനിക്കു കുണ്ഠിതം തോന്നി. ഒരു പക്ഷെ എനിക്കയാളെ പ്രേരിപ്പിക്കാൻ കഴിയാത്തതായിരിക്കുമെന്നു ഞാൻ വിചാരിച്ചു.

എന്നാലും അയാളുടെ വ്യക്തിമുദ്ര എന്നിൽ പതിഞ്ഞു. ഒരു പ്രവാചകനെപ്പോലെ, അയാൾ വളരെ ചങ്കുറപ്പോടെ കാൎയ്യങ്ങൾ തള്ളിപ്പറയാറുള്ളതു എനിക്കു വലിയ ഇഷ്ടമായിത്തോന്നി.

"ഈ ഭൂമിയിലെ വൃത്തികേടും, ദുൎമ്മണവും". അയാൾ അലറി. "ഇപ്പോഴാണ് ദുഷ്ടന്മാൎക്ക് സുഖവും, ശിഷ്ടന്മാൎക്കു കഷ്ടതകളും സംഭവിക്കുന്നതു. എന്നാൽ ന്യായവിസ്താരദിവസം അടുത്തെത്തിപ്പോയി. അപ്പോൾ, സകലവും കണക്കിലധികം വൈകിപ്പോകും— കണക്കിലധികം".

നിരാശനിറഞ്ഞ അയാളുടെ ഈ വാക്കുകൾ കേൾക്കുമ്പോൾ എനിക്കു "അതു നന്നായി"യെ ഓൎമ്മവന്നു. നടാല്യയേയും മാർഗ്ഗോട്ടുരാജ്ഞിയേയും ഓൎമ്മവന്നു. എനിക്കു ഓൎമ്മിക്കുവാൻ അങ്ങിനെ എന്തെല്ലാം കാര്യങ്ങൾ ഉണ്ടു!.... ...

ഈ മനുഷ്യനുമായുള്ള എൻെറ ചുരുങ്ങിയ പരിചയം അസാധാരണമായവിധത്തിലാണവസാനിച്ചതു.

വസന്തകാലത്തു ഒരു ദിവസം ഞാൻ അയാളെ വയലിൽ, പട്ടാളക്കാരുടെ ക്യാമ്പിന്നടുത്തു കണ്ടുമുട്ടി. അയാൾ ഏകനായി നടക്കുകയാണ്; വളരെ തടിച്ചിട്ടുണ്ട്. ഒരു ഒട്ടകത്തെപ്പോലെ തലയാട്ടിയുംകൊണ്ടു നടക്കുകയാണ്.

"കാററു കൊള്ളുകയാണോ?" അയാൾ പരുക്കൻസ്വരത്തിൽ ചോദിച്ചു. "എന്നാൽ നമുക്കു രണ്ടാൾക്കും ഒപ്പം കാററുകൊള്ളാം. ഞാൻ നടക്കാൻ പുറപ്പെട്ടതാണ്. ഞാൻ ഒരു രോഗിയാണ് ചങ്ങാതി, തീർച്ചയായും ഒരു മഹാരോഗി."

ഞങ്ങൾ കുറേനേരം ഒന്നും സംസാരിക്കാതെ നടന്നു. പെട്ടെന്നു ഒരു കുഴിയുടെ അടിയിൽ ഒരാൾ ഇരിക്കുന്നതു ഞങ്ങൾ കണ്ടു. അയാൾ കുഴിയുടെ പാർശ്വത്തിൽ ചാരി ഇരിക്കുകയാണ്. ചെവിയുടെ അടുത്തു കോട്ടുവലിച്ചുപൊക്കിനിത്തിയിട്ടുണ്ട്.—കോട്ടു അഴിച്ചെടുക്കാൻ ശ്രമിച്ചതുപോലെ. "കുടിച്ചിരിക്കുന്നു"—അയാൾ പോയി നോക്കി, വന്നു പറഞ്ഞു.

എന്നാൽ വളരെ അകലത്തല്ലാതെ, പുൽത്തകിടിൽ, ഒരു വലിയ റിവോൾവറും, അയാളുടെ തൊപ്പിയും, കുടിച്ചുതീരാത്ത ഒരു കുപ്പി വോഡ്കയും കിടക്കുന്നുണ്ട്. അയാളുടെ മുഖം കോട്ടിൻെറ മേൽഭാഗം മൂടി നില്ക്കുന്നു. എന്തോ നാണംതോന്നി മുഖം മറയ്ക്കാൻ ശ്രമിക്കുന്നതുപോലെ.

ഒരു നിമിഷനേരം ഞങ്ങൾ ഒന്നും പറയാൻ ശക്തരായില്ല. പിന്നെ മെട്രൊപോൾസ്കി കാൽ രണ്ടും പാത്തിനിന്നുംകൊണ്ടു പറഞ്ഞു.

"തന്നത്താൻ വെടിവെച്ചു മരിച്ചിരിക്കയാണ്."

ആ മനുഷ്യൻ കുടിച്ചു മത്തനായതല്ല. മരിച്ചിരിക്കയാണ് എന്നു ഞാൻ മനസ്സിലാക്കി. എന്നാൽ അതു അത്ര അപ്രതീക്ഷിതമായിരുന്നതുകൊണ്ടു, പരമാത്ഥം അങ്ങിനെ ആകാതിരിക്കണമെന്നു ഞാൻ ആശിച്ചു. അയാളുടെ വലിയ മാർദ്ദവമുള്ള തലയും, നീലിച്ചുനില്ക്കുന്ന ചെവിയും സൂക്ഷിച്ചു നോക്കിയപ്പോൾ എനിക്കു ഭയംതോന്നിയില്ല. അനുകമ്പയും തോന്നിയില്ല. അത്രയും മനോഹരമായ വസന്തകാലത്തെ നിറപ്പകിട്ടോടുകൂടിയ ഒരു സുദിനത്തിൽ ഒരാൾക്കു തന്നത്താൽ മരിക്കാൻ സാധിക്കുമെന്നു വിശ്വസിക്കുന്നതുതന്നെ വിഷമമായിത്തോന്നി.

മിട്രോപോൾസ്കി, തണുപ്പുപിടിച്ചപോലെ, ക്ഷൌരംചെയ്യാത്ത താടി തടവിയുംകൊണ്ടു പറഞ്ഞു.

"കുറെ പ്രായമുണ്ടു്. ഒന്നുകിൽ അയാളുടെ ഭാൎയ്യ അയാളെ വിട്ടു പൊയ്ക്കളഞ്ഞതുകൊണ്ടാണു്. അല്ലെങ്കിൽ അയാൾക്കു മററെന്തോ പണസംബന്ധമായ വിഷമങ്ങളുണ്ടു്."

അയാൾ എന്നോടു പട്ടണത്തിൽപോയി പോലീസ്സിൽ വിവരംകൊടുക്കുവാൻ പറഞ്ഞു. അയാൾ കുഴിയിലേക്കു കാൽനീട്ടി കുഴിയുടെ കരയിൽതന്നെ ഇരുന്നു. ആത്മഹത്യയെക്കുറിച്ചു പോലീസ്സിൽ വിവരംകൊടുത്തു ഉടനെ ഞാൻ തിരികെവന്നു. അപ്പോഴേക്കും മെട്രോപോൾസ്കി കുപ്പിയിൽ അവശേഷിച്ചിരുന്ന വോഡ്ക കുടിച്ചു തീൎത്തിരിക്കുന്നു. എന്നെ കണ്ടപ്പോൾ അയാൾ കുപ്പി ഉയൎത്തി വീശി.

"ഇതാണു് അയാളെ നശിപ്പിച്ചതു്." അയാൾ വിളിച്ചു പറഞ്ഞു. അയാൾ കുപ്പി നിലത്തേക്കു വലിച്ചെറിഞ്ഞു. കുപ്പി നുറുങ്ങി കഷ്ണമായി.

ഒരു പോലീസ്സുകാരൻ എൻെറ പിന്നാലെതന്നെ സ്ഥലത്തെത്തി. അയാൾ കുഴിയിൽ എത്തിനോക്കി. തലയിൽനിന്നു തൊപ്പിയെടുത്തു സംശയത്തോടെ, കുരിശുവരച്ചു മിട്രോപോൾസ്കിയോടു പറഞ്ഞു.

"നിങ്ങൾ ആരാണു്?"

"അതു നിങ്ങൾക്കറിയേണ്ട കാൎയ്യമില്ല."

കുറഞ്ഞൊന്നാലോചിച്ചശേഷം പോലീസ്സുകാരൻ വളരെ മൎയ്യാദയോടെ വീണ്ടും ചോദിച്ചു.

"ഇതിൻെറ അൎത്ഥമെന്താണു്.—ഒരാൾ ഇവിടെ മരിച്ചു കിടക്കുന്നു. നിങ്ങൾ കുടിക്കുന്നു.

"ഞാൻ ഇരുപതു കൊല്ലമായി കുടിച്ചു മത്തനായി കഴിയുകയാണു്." മിട്രോപോൾസ്കി പറഞ്ഞു.

വോഡ്ക കുടിച്ചു മത്തനായതിന്നു അയാളെ അറസ്റ്റ്ചെയ്യുമെന്നു ഞാൻ കരുതി. പട്ടണത്തിൽനിന്നു വേറെയും കുറെ ആളുകൾ എത്തി. വലിയ ഗൌരവക്കാരനായ ഒരു പോലീസ് ഉദ്യോഗസ്ഥൻ ഒരു വണ്ടിയിൽ വന്നിറങ്ങി. അയാൾ കുഴിയിൽ ഇറങ്ങിച്ചെന്നു, മരിച്ചുകിടക്കുന്ന ആളുടെ കോട്ടു വലിച്ചുനീക്കി അയാളുടെ മുഖത്തു സൂക്ഷിച്ചുനോക്കി.

"ഇയാളെ ആരാണ് ആദ്യം കണ്ടെത്തിയതു്?"

"ഞാൻ" മിട്രോപോൾസ്കി മറുപടി പറഞ്ഞു.

പോലീസ്സുദ്യോഗസ്ഥൻ അയാളെ സൂക്ഷിച്ചുനോക്കി, ഭീഷണിപ്പെടുത്തുന്ന സ്വരത്തിൽ പറഞ്ഞു.

"ആ.... നിങ്ങളെ കാണാൻ സാധിച്ചതിൽ വലിയ സന്തോഷമുണ്ടു്."

കാണികൾ തടിച്ചുകൂടി. ഒരു പത്തിരുപതാളുകൾ കിതച്ചു പരിഭ്രമിച്ചു വന്നിരിക്കയാണ്. അവർ കുഴിയിലേക്കു നോക്കിയുംകൊണ്ടു കുഴിയുടെ കരയിൽ ചുററും നിന്നു. ആരോ വിളിച്ചുപറഞ്ഞു.

"അയാൾ ഞങ്ങളുടെ തെരുവിൽ താമസിക്കുന്ന ഒരു ഗൃഹസ്ഥനാണ്. എനിക്കയാളെ അറിയാം".

മിട്രോപോൾസ്കി പോലീസ്സുദ്യോഗസ്ഥൻെറ മുമ്പിൽനിന്നു ആടിക്കുഴഞ്ഞു എന്തെല്ലാമോ അവ്യക്തമായി പറഞ്ഞു. ഉദ്യോഗസ്ഥൻ അയാളുടെ മാറിൽപിടിച്ചൊരു തള്ളുകൊടുത്തു. അയാൾ നിലത്തമർന്നിരുന്നുപോയി. ആദ്യംവന്ന പോലീസ്സുകാരൻ ഒരു കയറുകൊണ്ടു അയാളുടെ കൈരണ്ടും പിന്നാപ്പുറം പിടിച്ചുകെട്ടി. മിട്രോപോൾസ്കി വഴങ്ങിക്കൊടുത്തു. ഉദ്യോഗസ്ഥൻ ജനക്കൂട്ടത്തിൻെറ നേരെ തിരിഞ്ഞു.

"ഫോ ദൂരെ, തെണ്ടികളെ."

മററൊരു പോലിസ്സുകാരൻ കിതച്ചുംകൊണ്ടോടിവന്നു. അയാൾ മെട്രോപോൾസ്കിയുടെ കൈ വരിഞ്ഞുകെട്ടിയ കയറിന്റെ അററം പിടിച്ചുകൊണ്ടു അയാളെ പട്ടണത്തിലേക്കു കൊണ്ടു പോയി.

വലിയ മനസ്സിടിവോടെ, ഞാനും സ്ഥലംവിട്ടു. എനിക്കയാളുടെ വാക്കുകൾ ഓർമ്മവന്നു. "ഏറിയൽ നഗരം നശിക്കട്ടെ."

പോലീസ്സുകാരൻ സാവധാനം തന്റെ കീശയിൽനിന്നു കയറെടുത്തതും പ്രവാചകൻ തന്റെ കൈകൾ പിന്നാപ്പുറം പിണച്ചുവെച്ചുകൊടുത്തതും ആയ ആ കാഴ്ച എനിക്കു മറക്കുവാൻ കഴിഞ്ഞില്ല. അയാൾക്കതൊക്കെ വളരെ പരിചയമുള്ളതായിത്തോന്നി.

അയാളെ നാടുകടത്താൻ ശിക്ഷിച്ചു എന്നെനിക്കു പിന്നീടു മനസ്സിലായി. വളരെക്കഴിയുന്നതിന്നു മുമ്പായി ക്ലെഷ്ക്കോവും അപ്രത്യക്ഷനായി. ആദായകരമായ ഒരു വിവാഹബന്ധത്തിലേർപ്പെട്ടു അയാൾ നാട്ടിൻപുറത്തേക്കു താമസം മാററി. അവിടെ അയാൾ എന്തോ കച്ചവടം തുടങ്ങിയിരിക്കയായിരുന്നു.

ഞാൻ എന്റെ യജമാനനോടു ക്ലെഷ്ക്കോവിന്റെ സംഗീതത്തെക്കുറിച്ചു പറയാറുണ്ടായിരുന്നു. അയാൾ സ്ഥലം വിടുന്നതിനുമുമ്പ് യജമാനൻ എന്നോടിങ്ങിനെ പറഞ്ഞു.

"അയാളുടെ പാട്ടുകേൾക്കാൻ ഞാനും മദ്യഷാപ്പിൽ വന്നാലോ?"

ഒരു ദിവസം അദ്ദേഹം ഷാപ്പിൽവന്നു എനിക്കഭിമുഖമായി മേശക്കരികെ ഇരുന്നു. ആശ്ചര്യത്തോടെ, പുരികം ഉയർത്തി വായ പിളർന്നു നിശ്ചലമായിരുന്നു.

ഷാപ്പിലേക്കു പോകുമ്പോൾ വഴിനീളെ അദ്ദേഹം എന്നെ തമാശയാക്കുകയായിരുന്നു. ഷാപ്പിനെക്കുറിച്ചും അവിടെ വരാറുള്ള അടവുകാരെക്കുറിച്ചും. ക്ലെഷ്ക്കോവു പാടാൻതുടങ്ങിയപ്പോ

ൾ അദ്ദേഹം പുഞ്ചിരിച്ചുംകൊണ്ടു ഗ്ലാസ്സിൽ ബീറൊഴിക്കാൻതുട ങ്ങി—ഗ്ലാസ്സ് പകുതി നിറഞ്ഞപ്പോൾ, ഇടക്കദ്ദേഹം പറഞ്ഞു.

"ഹൂം—എന്തൊരു ചെകുത്താൻ."

അയാൾ സാവധാനമായി കുപ്പി താഴെ വെച്ചു പാട്ടിൽ ലയിച്ചു.

"നീ പറഞ്ഞതു ശരിയാണ്. സഹോദരാ". ക്ലെഷ്ക്കോവു പാട്ടു നിർത്തിയപ്പോൾ, അദ്ദേഹം ദീർഘശ്വാസം വിട്ടുംകൊണ്ടു പറഞ്ഞു: "അയാൾക്കു വെടിപ്പായി പാടാൻ അറിയാം........അ യാൾ എന്നെ അതീവ സന്തോഷിപ്പിച്ചു".

അദ്ദേഹം വീണ്ടും തല പിന്നോക്കം ചരിച്ചു മച്ചിൽ ദൃഷ്ടിയു റപ്പിച്ചു പാട്ടു തുടൎന്നു.

"ശരിയാണ്. അയാൾക്കു പാടാൻകഴിയും." എന്റെ യ ജമാനൻ തലയാട്ടി ചെറുതായൊന്നു ചിരിച്ചു അഭിപ്രായപ്പെട്ടു.

ക്ലെഷ്ക്കോവ് ഒരു ഓടക്കുഴൽ വായിക്കുംപോലെ ഒരു നല്ല രാഗം ആലാപിച്ചു.

"അയാൾ ഒന്നാംതരം പാട്ടുകാരനാണ്." മുതലാളി ചുകന്ന തന്റെ കണ്ണുകൾ ഇടക്കിടെ ചിമ്മിയുംകൊണ്ടാവൎത്തിച്ചു. "അ യാൾ ഒരു നല്ല പാട്ടുകാരനാണ്. മാരണം!"

ഞാൻ അയാളെ സൂക്ഷിച്ചുനോക്കി. എന്റെ ഹൃദയത്തി ൽ സന്തോഷം വഴിഞ്ഞൊഴുകി. പാട്ടിന്റെ ദുഃഖമയമായ വരി കൾ, മദ്യഷാപ്പിലെ അശ്ലീലതകളെ പിന്നോക്കം തള്ളിച്ചും മനോഹരമായുയൎന്നു.

എന്റെ മുതലാളി ലജ്ജയില്ലാതെ പൊട്ടിക്കരഞ്ഞു. അദ്ദേ ഹം തല താഴ്ത്തി ഇരുന്നു. ഒച്ചയിൽ മൂക്കുചീററി കണ്ണുനീ രൊഴുക്കി.

മൂന്നാമത്തെ പാട്ടു പാടിയശേഷം അദ്ദേഹം ആവേശത്തോ ടെ പറഞ്ഞു

"എനിക്കിനി ഇവിടെ ഇരിക്കാൻ സാദ്ധ്യമല്ല. വല്ലാത്ത ചൂട്ട് വല്ലാത്ത ദുർമ്മണം. വരൂ, നമുക്ക പോകാം."

വെളിയിൽ ഇറങ്ങിയ ഉടനെ അയാളുടെ ഭാവം മാറി.

"സകലം മാരണം! പെഷ്ക്കോവ് — നമുക്ക ഒരു ഹോട്ടലിൽ കയറി ഭക്ഷണം കഴിക്കാം. എനിക്ക വീട്ടിൽ പോകാൻ ഒരു സന്തോഷം തോന്നുന്നില്ല."

കൂലി നിശ്ചയിക്കാൻ കാത്തുനില്ക്കാതെ, അയാൾ ഒരു വണ്ടി വിളിച്ചു അതിൽ കയറി. ഞാനും കയറി. ഹോട്ടലിൽ എത്തുന്നതുവരെ അയാൾ ഒന്നും മിണ്ടിയില്ല. ഞങ്ങൾ ഒരു കോണിൽ ഒരു മേശയ്ക്കടുത്താണ് സ്ഥലം പിടിച്ചതു. എന്തോ മനോവേദനയുള്ളതുപോലെ, ക്കുടക്കുടെ ചുററും നോക്കി അദ്ദേഹം പതിഞ്ഞസ്വരത്തിൽ എന്നോട്ട പറഞ്ഞു:

"ആ കിഴവൻ കോലാട്ട എന്നെ വശപ്പെടുത്തിക്കളഞ്ഞു. എന്നിൽ വല്ലാത്ത ഒരു മനസ്സിടിവുണ്ടാക്കിക്കളഞ്ഞു. നോക്കൂ, നീ ധാരാളം വായിക്കാറുണ്ട. ചിന്തിക്കാറുണ്ട്. ഇതെങ്ങിനെയാണ് നീ വ്യാഖ്യാനിക്കാൻ പോകുന്നതു? ഞാൻ ഇവിടെ ഇങ്ങിനെ ജീവിക്കാൻ തുടങ്ങിയിട്ട നാല്പതു കൊല്ലമായി. ഭാര്യയുണ്ട്. മക്കളുണ്ട്. എന്നാൽ സംസാരിക്കാൻപററുന്ന ആരും എനിക്കില്ല. ആരോടെങ്കിലും എൻെറ മനസ്സിലുള്ളതു മുഴവൻ തുറന്നു പറയണമെന്ന് എനിക്ക തോന്നും. എന്നാൽ പറയാൻപററുന്ന ആരും എനിക്കില്ല. ഞാൻ അവളോട്ട—എൻെറ ഭാര്യയോട്ട—പറയാമെന്നുവെച്ചാൽ—അവൾക്കൊന്നും മനസ്സിലാകയില്ല. അവൾക്ക അതു കേട്ടിട്ടെന്തു കാര്യം.......അവൾക്ക മക്കളെ ശ്രദ്ധിക്കണം. വീട്ട നോക്കണം. മററു പാര്യാരങ്ങളും ഉണ്ട്. അവൾക്ക എൻെറ ആത്മാവിനെ സ്പർശിക്കാൻ കഴിഞ്ഞിട്ടില്ല. ആദ്യത്തെകുട്ടി ജനിക്കുന്നതുവരെ, ഭാര്യ വലിയ ചങ്ങാതിയായിരിക്കും. അങ്ങിനെയാണ് കാര്യം. പൊതുവിൽ എൻെറ ഭാര്യ—ശരി അതു നീ

തന്നെ മനസ്സിലാക്കിയിട്ടുണ്ടായിരിക്കും. - അവളോട്ട തമാശ പറയുകയില്ല. ഒരു മാംസപിണ്ഡം. എൻെറ സഹോദരാ—നെഞ്ചിനുള്ളിൽനിന്നും ഒരു വല്ലാത്ത വേദന."

അയാൾ തണുത്ത, കൈപ്പുള്ള ബീർ ഒരു വലിക്കു കുടിച്ചു തീർത്തു നിശ്ശബ്ദനായിരുന്നു. തൻെറ നീണ്ട തലമുടി തടവിയും കൊണ്ടു കുറച്ചു കഴിഞ്ഞപ്പോൾ അദ്ദേഹം തുടൎന്നു:

ആകെ നോക്കിയാൽ, ആളുകളെല്ലാം തന്തയില്ലാത്തവരാണ്. നിനക്കു ആ കൃഷിക്കാരോട്ട അതുമിതും സംസാരിക്കുന്നതു ഇഷ്ടമാണെന്നു ഞാൻ മനസ്സിലാക്കിയിട്ടുണ്ടു കാൎയ്യങ്ങൾ എത്രമേൽ തലകീഴായി നില്ക്കുന്നു എന്നെനിക്കറിയാം. അതെല്ലാം സത്യംതന്നെ. അവരെല്ലാം കള്ളന്മാരാണ്. നിൻെറ വാക്കുകൾ അവരെ മാനസാന്തരപ്പെടുത്തുന്നുണ്ടെന്നു നീവിചാരിക്കുന്നുണ്ടോ? ഒരിക്കലുമില്ല. പ്യോട്ടറേയും ഓസിപ്പിനേയും എടുത്തു നോക്കുക. അവർ തുലഞ്ഞ കൂട്ടരാണ്. നീ പറയുന്ന സകലതും അവർ എന്നോട്ട പറയാറുണ്ടു്. എന്നേക്കുറിച്ചു പറഞ്ഞതായാലും ശരി. നീ അതിനെക്കുറിച്ചെന്തു പറയുന്നു?

ഞാൻ അമ്പരന്നുപോയി. എനിക്കു മറുപടിപറയാൻ വിഷമംതോന്നി.

"അതാണു് കാൎയ്യം". ചെറുതായൊന്നു ചിരിച്ചുംകൊണ്ടെൻെറ മുതലാളി തുടൎന്നു. പേർസ്യയിലേക്കു പോകാനുള്ള നിൻെറ ആഗ്രഹം. അതു നല്ലതുതന്നെ. അവിടെയുള്ളവർ എന്താണ് പറയുന്നതെന്നു നിനക്കു മനസ്സിലാകുകയില്ലല്ലോ. മറെറാരു ഭാഷയല്ലെ—നിൻെറ ഭാഷയിലാണെങ്കിൽ —എല്ലാം വൃത്തികേട്ട."

"ഞാൻ പറഞ്ഞതെല്ലാം ഓസിപ്പു പറയാറുണ്ടോ?"

ഞാൻ ചോദിച്ചു

"തീർച്ചയായും. നിനക്കിതിൽ ആശ്ചൎയ്യംതോന്നുന്നുണ്ടോ? അവനാണ് മററുള്ളവരേക്കാൾ വായാടി. അവൻ ഒരു കുസൃതിക്കാരനായ ഒരു കുറുക്കനാണ്. ഇല്ല പെഷ്ക്കോവ്—ഉപദേശ

മൊന്നും ആളുകളെ നന്നാക്കാൻ പോകുന്നില്ല. സത്യമോ? ഏതു ചെകുത്താനാണതിൽ വിശ്വാസമുള്ളതു? അതു ഹേമന്തകാലത്തെ മഞ്ഞുപോലെയാണ്. മണ്ണിൽ വീഴും ഉരുകിപ്പോകയുംചെയ്യും. പിന്നെയെന്താണു് കാണാനുള്ളതു. കുറെക്കൂടി ചളി. അതുകൊണ്ടു ഒന്നും മിണ്ടാതിരിക്കുന്നതാണ് നല്ലതു.

അയാൾ ബിർ ധാരാളം കുടിച്ചു. വളരെ വേഗത്തിലും അതൃപ്തിയോടും കൂടി സംസാരം തുടരുകയും ചെയ്തു. എന്നാൽ അയാൾക്കു മത്തുപിടിക്കുന്നതായി തോന്നിയില്ല.

"പഴഞ്ചൊല്ലു കേട്ടിട്ടില്ലേ? മിണ്ടാതിരുന്നാൽ സ്വർണ്ണം. വാക്കുകൾ വെറും അഴുക്കും. അതേ സഹോദരാ. ഈ ജീവിതം ഏകാന്തമാണ്; ദുഃഖമാണ്. ഈ ചൊല്ലു പരമാർത്ഥമാണ്. ഈ ഗ്രാമത്തിൽ ആരും എനിക്കു ചങ്ങാതിയായില്ല........"

ചുറവും നോക്കിയുംകൊണ്ടു അയാൾ ശബ്ദം താഴ്ത്തി.

"ഞാൻ കുറച്ചുമുമ്പു് ഒരു നല്ല ആളെ കാണാൻ ഇടയായി—ഇവിടെവെച്ചു. ഒരു സ്ത്രീ. ഒരു വിധവ. അതായതു അവളുടെ ഭർത്താവിനെ കള്ളനാണയങ്ങൾ ഉണ്ടാക്കിയതിന്നു സൈബീരിയയിലേക്കു നാടുകടത്തിയിരിക്കയായിരുന്നു. അയാൾ ഇപ്പോഴും തടവിലാണുള്ളതു്. ശരി—ഞാൻ ആ സ്ത്രീയുമായി പരിചയമായി. അവളുടെ സ്വന്തമായി ഒരു കൊപേക്കുപോലുമില്ല. അതുകൊണ്ടവൾ അങ്ങിനെ തീരുമാനിച്ചു. അതെ—ഒരാൾ അവളെ എനിക്കു പരിചയപ്പെടുത്തി. ഞാൻ അവളെ ഒന്നു നോക്കി. എന്തൊരു നല്ല സ്ത്രീ—വളരെ സുന്ദരി—നന്നെ ചെറുപ്പവും. ഞാൻ അവളുമായി ബന്ധപ്പെട്ടു. ഒരിക്കൽ, രണ്ടുവട്ടം—ഞാൻ അവളോടു പറഞ്ഞു: ഇതെന്താണ്. നിൻെറ ഭർത്താവു ജയിലിലാണല്ലോ—നീ എന്തിനാണു് സൈബീരിയയിലേക്കു പുറപ്പെടുന്നതു്. അവൾ സൈബീരിയയിലേക്കു പോകാൻ ഒരുക്കം കൂട്ടുകയായിരുന്നു.

"അവളെന്നോട്ട പറഞ്ഞു: അയാഠം എവിടെയായാലും എനിക്കു നല്ലയാളാണ്. കാരണം ഞാൻ അയാളെ സ്നേഹിക്കുന്നു. ഒരു പക്ഷെ എനിക്കുവേണ്ടിയാണ്" അയാഠം കുററം ചെയ്തതു. അയാഠംക്കുവേണ്ടിത്തന്നെയാണ് നിങ്ങളോടൊപ്പം ഈ പാപത്തിൽ ഏർപ്പെട്ടിരിക്കുന്നതു. അയാഠംക്കു പണം വേണമെന്നു അയാഠം എന്നെ അറിയിച്ചിരിക്കുന്നു. അയാഠം നല്ല നിലയിൽ ജീവിതം നയിച്ചിരുന്ന ഒരാളാണ്. ഞാൻ ഒററക്കു ജീവിക്കുകമാത്രമെ വേണ്ടതുള്ളവെങ്കിൽ ഞാൻ ഈ പാപത്തിന്നൊരുങ്ങുമായിരുന്നില്ല. നിങ്ങളും ഒരു നല്ലയാളാണ്. ഞാൻ നിങ്ങളെ ഇഷ്ടപ്പെടുന്നു. പക്ഷെ ഈ വിഷയത്തെക്കുറിച്ചു ഇനി നിങ്ങഠം എന്നോടൊന്നും പറയരുതു.—

"......നാശം.... ...എൻെറ കയ്യിലുണ്ടായിരുന്ന പണം മുഴുവനും ഞാൻ അവഠംക്കു കൊടുത്തു. ആകെ ഏതാണ്ടു എൺപതു റൂബിഠം. ഞാൻ അവളോടു പറഞ്ഞു: എന്നെ മാപ്പാക്കണം. ഇനി ഞാൻ നിന്നെ കാണുകയില്ല. എനിക്കിതു സാദ്ധ്യമല്ല. ഞാൻ അത്രയും പറഞ്ഞു അവളെ വിട്ടുപോയി" അയാഠം കുറെ നേരം മിണ്ടാതിരുന്നു. ബീർ കുടിച്ചു അയാഠംക്കു തലക്കുപിടിച്ചു. അയാഠം ഉരുണ്ടുവീഴാൻ ഭാവിച്ചു.

അയാഠം പിറുപിറുത്തു.

"ഞാൻ ആകെ അവളെ ആറു പ്രാവശ്യം സ്വീകരിച്ചിട്ടുണ്ടു· അതെന്തൊരാനന്ദമായിരുന്നു—അവളുടെ മുറിയുടെ അടുത്തു പിന്നേയും ഞാൻ ഒരാറു പ്രാവശ്യം പോയിട്ടുണ്ടായിരിക്കണം. എന്നാൽ മുറിയിൽ കടക്കുവാൻ എനിക്കു ധൈര്യം വന്നില്ല—ഇപ്പോഠം അവഠം എവിടെയാണുള്ളതെന്നു എനിക്കറിയുകയില്ല."

അയാഠം മേശമേൽ വിരലുകഠംകൊണ്ടു താളം പിടിച്ചു. "ഞാൻ വീണ്ടും അവളെ കണ്ടുമുട്ടാതിരിക്കട്ടെ എന്നു ഞാൻ പ്രാർ

ത്ഥിക്കുന്നു" അയാൾ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു. "അതു സർവ്വനാശമായിരിക്കും—ശരി—നമുക്കു് പോകാം"

ഞങ്ങൾ വെളിയിലേക്കിറങ്ങി. അയാൾ പിറുപിറുത്തു.

"അപ്പോൾ അതാണു് കാര്യം. മനസ്സിലായോ?"

അയാളുടെ വാക്കുകൾ എന്നെ ആശ്ചര്യപ്പെടുത്തിയില്ല. കുറച്ചുകാലമായിട്ടു അദ്ദേഹത്തിന്നു അസാധാരണമായ എന്തോ സംഭവിക്കുന്നുണ്ടെന്നു ഞാൻ മനസ്സിലാക്കിയിരുന്നു.

എന്നാൽ ജീവിതത്തെക്കുറിച്ചുള്ള അയാളുടെ അഭിപ്രായം കേട്ടപ്പോൾ എനിക്കു വല്ലായ്മ തോന്നി—വിശേഷിച്ചും അദ്ദേഹം ഓസിപ്പിനെപ്പററി പറഞ്ഞ കാര്യങ്ങൾ എന്നെ അലട്ടി.

# XX

മൂന്നു കൊല്ലക്കാലം അങ്ങിനെ ഞാൻ വിജനമായ നഗരത്തിൽ ഒഴിഞ്ഞ കെട്ടിടങ്ങാക്കിടയിൽ ഒരു മേസ്ത്രീയുടെ ജോലിയിൽ ഏർപ്പെട്ടു കഴിഞ്ഞുകൂടി. എല്ലാ ഹേമന്തകാലത്തും പണിക്കാർ ആ കെട്ടിടം പൊളിച്ചു നീക്കും. ഉടനെ വസന്തകാലത്തു വീണ്ടും കെട്ടി തയ്യാറാക്കകയും ചെയ്യും. എനിക്ക പ്രതിഫലമായി കിട്ടുന്ന അഞ്ചു റുബിളിന്നു മാത്രം ഞാൻ ജോലിചെയ്യണമെന്നു മുതലാളി നിഷ്കർഷ കാണിച്ചു. പുതുതായി ഒരു തറകെട്ടി ഉണ്ടാക്കേണമെങ്കിൽ ഞാൻ അവിടെ രണ്ടടിആഴത്തിൽ മണ്ണുകോരി നീക്കണം. സാധാരണ തൊഴിലാളികാക്ക അങ്ങിനെയുള്ള ജോലിക്ക ഒരു റുബിളാണു് കൂലി കൊടുത്തിരുന്നതു്. എനിക്കൊന്നും കിട്ടുകയില്ല. ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോാ എനിക്ക ആശാരിമാരെ ശ്രദ്ധിക്കാൻ കഴിയുകയില്ല. ആ തഞ്ചം നോക്കി അവർ വല്ലതും മോഷ്ടിച്ചു കടത്തുകയുംചെയ്യും.

പണിക്കാരും കരാറുകാരും വല്ല വിധേനയും എൻെറ കണ്ണു മറിയ്ക്കുവാൻ ശ്രമിക്കും. ചിലപ്പോാ അവർ ഗത്യന്തരമില്ലെന്ന നാട്യത്തിൽ പരസ്യമായിട്ടുതന്നെ വല്ലതും എടുത്തുകൊണ്ടുപോകാൻ ശ്രമിക്കും. ഞാൻ അവരെ കണ്ടുപിടിച്ചുകഴിഞ്ഞാൽ അവക്കെന്നോടു ക്രോധം തോന്നുകയില്ല. എന്നാൽ അവർ ആശ്ചര്യത്തോടെ പറയും.

"നീ അഞ്ചു റുബിളിന്നുവേണ്ടി ഇത്രയും ശ്രദ്ധയോടെ ഇരിക്കുന്നതു കണ്ടാൽ നിനക്ക കിട്ടുന്നതു ഇരുപതു റുബിളാണെന്നുതോന്നും. നിൻെറ കളി കണ്ടാൽ ആക്കും ചിരിവരും."

എന്നെക്കൊണ്ടു മണ്ണുകിളപ്പിച്ചു ഒരു റുബിറം ലാഭമാക്കാൻ ശ്രമിക്കുന്നതുകൊണ്ടു അദ്ദേഹത്തിന്നു നഷ്ടമാണെന്നു ഞാൻ മുതലാളിയെ ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചു. എന്നാൽ അദ്ദേഹം കണ്ണുചിമ്മിയുംകൊണ്ടു മറുപടി പറഞ്ഞു.

"എന്നെ പറഞ്ഞു പററിക്കാൻ ശ്രമിക്കേണ്ട"—

ഞാനും കള്ളന്മാരോടു സഹകരിക്കുന്നുണ്ടെന്നു അദ്ദേഹം സംശയിക്കുന്നതായി എനിക്കു തോന്നി—ഇതിൽ എനിക്കു ശുണ്ഠി തോന്നിയില്ല. പക്ഷെ എനിക്കദ്ദേഹത്തെക്കുറിച്ചു പുച്ഛംതോന്നി. അങ്ങിനെയാണു് കാൎയ്യങ്ങൾ കടന്നുപോയതു്. എല്ലാവരും കട്ടു. എൻെറ യജമാനനാകട്ടെ മററുള്ളവരുടെ സാധനങ്ങൾ തൻെറതാക്കുന്നതിൽ യാതൊരു വൈമനസ്യവും ഉണ്ടായിരുന്നില്ല.

ചന്ത അവസാനിച്ചാൽ അദ്ദേഹം ഓരോ ഷാപ്പിലും ചുററി നടന്നു എന്തെല്ലാം റിപ്പേറുകളാണു് ആവശ്യം എന്നു പരിശോധിക്കും. അപ്പോൾ കച്ചവടക്കാർ എടുക്കാൻ വിട്ടുപോയ സമാവർ, തളികകൾ, ചെരുക്കാളം, കത്തിരി, ചിലപ്പോൾ പെട്ടികൾ മുതലായവ അദ്ദേഹത്തിന്നു കണ്ടുകിട്ടും. അദ്ദേഹം പറയും.

"ഈ സാധനങ്ങളുടെ ഒരു പട്ടികയുണ്ടാക്കി എല്ലാം സ്റ്റോർമുറിയിൽ കൊണ്ടുവെക്കുക."

അവിടെനിന്നും അദ്ദേഹം ചില സാധനങ്ങളെല്ലാം വീട്ടിലേക്കു കടത്തും. ആ സാധനങ്ങൾ ഒഴിച്ചുംകൊണ്ടു പുതിയ ലിസ്റ്റുണ്ടാക്കാൻ അദ്ദേഹം എന്നോടു ആജ്ഞാപിക്കും.

എനിക്കു സ്വത്തുക്കളോടു വലിയ മമതയൊന്നും തോന്നിയിരുന്നില്ല. അതുകൊണ്ടു ഒന്നുംതന്നെ സ്വന്തമാക്കിവെക്കാൻ ഞാൻ ആഗ്രഹിച്ചില്ല. പുസ്തകങ്ങൾതന്നെയും ഒരു ഭാരമായിട്ടാണെനിക്കു തോന്നിയതു്. ഒന്നുരണ്ടു പുസ്തകങ്ങൾ മാത്രമെ ഞാൻ സ്വന്തമായി വെച്ചുള്ളു. വീട്ടുസാമാനങ്ങൾ, ചെരുക്കാളങ്ങൾ, കണ്ണാടികൾ മുതലായ പലതും മുതലാളിയുടെ മുറിയിൽ തിങ്ങി നില്ക്കുന്നുണ്ടായിരിക്കും. അവയുടെ വലിപ്പവും മണവും ഛായവും എ

നിക്കസഹ്യമായിത്തോന്നി. ചുരുക്കത്തിൽ എനിക്ക എന്റെ മുതലാളിമാരുടെ മുറികഠ തീരെ ഇഷ്ടമാകാറില്ല. ട്രങ്കപെട്ടികളിൽ അതുമിതും നിറച്ചുവെച്ചിരിക്കുന്നതു എനിക്കിഷ്ടമാകാറില്ല. അതെല്ലാം ഞാൻ വെറുത്തു. അതുകൊണ്ടു മററുള്ളവരുടെ സാധനങ്ങളും അയാഠ മുറിയിൽകൊണ്ടുവെക്കുന്നതിന്റെ ആവശ്യകത എനിക്ക മനസ്സിലായില്ല. മാർഗ്ഗോട്ടു രാജ്ഞിയുടെ മുറിയിലും ധാരാളം ഉപകരണങ്ങഠ ഉണ്ടായിരുന്നു. എന്നാൽ അതിനെല്ലാം ഒരു ഭംഗി ഉണ്ടായിരുന്നു എന്നതു ഒരു സമാധാനമായിരുന്നു

ജീവിതം ഒരു ബന്ധവുമില്ലാതെ അർത്ഥഹീനമായെനിക്കു തോന്നി. ഞങ്ങഠ ചെറു കെട്ടിടങ്ങഠ കെട്ടിയുണ്ടാക്കുന്നു. അടുത്ത വസന്തകാലത്തെ വെള്ളപ്പൊക്കത്തിൽ അവയെല്ലാം പൊളിഞ്ഞുവീഴുകയൊ കേടുതട്ടുകയൊ ചെയ്യുന്നു. വെള്ളം താണുകഴിഞ്ഞാൽ പിട്ടവും കഴുക്കോലും പൂതലായിപ്പോകും. കൊല്ലംതോറും വെള്ളപ്പൊക്കമുണ്ടായി കെട്ടിടങ്ങഠക്കു കേടുതട്ടും. ഇതുകൊണ്ടു നഷ്ടവും പററുന്നുണ്ടു്. വെള്ളപ്പൊക്കം തടയുവാൻ സാദ്ധ്യമല്ലെന്നു എല്ലാവർക്കും അറിയാം.

കൊല്ലംതോറും മഞ്ഞിൻകട്ടകഠ ഉരുകിപ്പൊട്ടുമ്പോഠ തോണികഠക്കും കേടുതട്ടും. ജനങ്ങഠ ദുഃഖിക്കും. പുതിയ തോണികഠ ഉണ്ടാക്കുകയും ചെയ്യും. അടുത്തകൊല്ലം അവയ്ക്കു നാശംതട്ടും. ഇത്രയും വിഷമംപിടിച്ച ഒരു പരിതഃസ്ഥിതിയിൽ ജനങ്ങളുടെ ജീവിതം എങ്ങിനെ സുഖകരമായിത്തോന്നുന്നുവോ എന്നറിയാം ഞാൻ ഓസിപ്പിനോടു അതിനെക്കുറിച്ചു ചോദിച്ചപ്പോഠ അയാഠക്കാശ്ചര്യം തോന്നി. അയാഠ ചിരിച്ചുംകൊണ്ടെന്നോടു പറഞ്ഞു.

"കാക്കയെ നോക്കു. അതു കരയുന്നതു കണ്ടോ? അതുകൊണ്ടെന്താ? നീ എന്തിനാണതെല്ലാം ഗൌനിക്കുന്നതു?"

പിന്നെ അയാഠ ഗൌരവത്തോടെ തന്നിൽ തങ്ങിനിൽക്കുന്ന ഹാസ്യഭാവം ഒതുക്കിയുംകൊണ്ടു പറഞ്ഞു.

"ഈവക കാര്യങ്ങൾ കാണാൻ കഴിയുന്നതിൽനിന്നും നീ സമർത്ഥനാണെന്നു് വ്യക്തമാണു്. അതൊന്നും നിൻെറ കാര്യമല്ലായിരിക്കും. എന്നാലും എപ്പോഴെങ്കിലും നിനക്കു അതുപയോഗപ്രദമായിരിക്കും. ഇതാ നീ കണ്ടറിയേണ്ടതായ മററു ചില സംഗതികൾ........................"

തുടൎന്നു അയാൾ പല സംഗതികളും പറയാൻതുടങ്ങി– ഇടക്കു പഴഞ്ചൊല്ലും നാടൻ പാട്ടുകളും ഉദ്ധരിച്ചു.

"ജനങ്ങൾക്കു് ആക്ഷേപമുണ്ടു്. കൃഷിചെയ്യാൻ വേണ്ടത്ര നിലമില്ല. വോൾഗാനദി കൊല്ലംതോറും നിലം അരിച്ചുകൊണ്ടു പോകുന്നു. ആ മണ്ണു് നിറഞ്ഞു് പുഴകൾ ആഴം കുറയുന്നു. വോൾഗനദി വേണ്ടത്ര ആഴമില്ലാതാകുക; മണ്ണരി ആ നിലം ഇല്ലാതാകുക."

അയാൾ പശ്ചാത്താപമില്ലാതെ, ആക്ഷേപമില്ലാതെ അങ്ങിനെ തുടൎന്നു. ജീവിതത്തെക്കുറിച്ചു അയാൾക്കുള്ള ജ്ഞാനം അയാൾ അങ്ങിനെ നിരത്തുകയാണെന്നുതോന്നി. അയാളുടെ വാക്കുകളും എൻെറ ചിന്തകളും ഒന്നായിത്തോന്നിയെങ്കിലും അതു കേൾക്കുമ്പോൾ, എനിക്കു് ഒരു വല്ലാത്ത വല്ലാന്മതോന്നി.

"പക്ഷെ വേറൊരാപത്തുണ്ടു് – തീ" വേനൽക്കാലത്തു് ഒരു കൊല്ലവും വോൾഗാക്കപ്പുറമുള്ള കാട്ടിന്നു തീ പിടിക്കാതിരിക്കയില്ല – ജൂലായിമാസം ആകാശത്തിൽ മഞ്ഞനിറത്തിലുള്ള തീ ജ്വലകൾ വ്യാപിക്കും. പുകക്കൂട്ടത്തിന്നുള്ളിൽ കൂടി നോക്കിയാൽ സൂൎയ്യൻ രശ്മിമങ്ങി ചെങ്കണ്ണു ബാധിച്ച ഒരു വലിയ കണ്ണുപോലെ നില്ക്കും.

"കാട്ടുകൾ. അവസാനമില്ല." ഓസിപ്പു് പറഞ്ഞു.

"കാട്ടുകൾ പ്രഭുക്കന്മാരുടേതാണു്. അല്ലെങ്കിൽ സാറിൻെറതാണു്. കൃഷിക്കാൎക്കു് കാട്ടുണ്ടോ? നഗരങ്ങൾ തീ പിടിച്ചു നശിച്ചാലും വലിയ ആപത്തൊന്നും വരാനില്ല ധനികരല്ലെ നഗ

രങ്ങളിൽ താമസിക്കുന്നതു്, ധനികരുടെ കഷ്ടത്തിൽ അനുകമ്പ തോന്നാനില്ല. എന്നാൽ നഗരവും ഗ്രാമങ്ങളും എടുത്തുനോക്കുക. ഉഷ്ണകാലത്തു എത്ര ഗ്രാമങ്ങളാണു് വെന്തുപോകുന്നതു്. ചുരുങ്ങിയതു് ഒരു നൂറെണ്ണം. വാസ്തവത്തിൽ അതൊരു വലിയ നഷ്ടം തന്നെയാണു്."

അയാൾ ശാന്തമായൊന്നു ചിരിച്ചു. "നമുക്കു് കഷ്ടപ്പാടുണ്ടു് എന്നാൽ ബുദ്ധിശക്തിയില്ല അതാതാൾ ചെയ്യുന്ന അദ്ധ്വാനത്തിന്റെ ഫലം അയാൾക്കു് അനുഭവിക്കുവാൻ കഴിയുന്നില്ലെന്നു ഞാനും നീയും മനസ്സിലാക്കിയിട്ടുണ്ടു്. എല്ലാം വെള്ളവും തീയും നശിപ്പിക്കുകയാണു് "

"നിങ്ങൾ ചിരിക്കുന്നതെന്തിനാണു്?"

"എന്തുകൊണ്ടു ചിരിക്കാൻ പാടില്ല. കണ്ണുനീരിൽ തീ കെടുത്താൻ കഴിയുകയില്ല. ഉള്ളവെള്ളം അധികമാകുകയെ ഉള്ളു"

കാണാൻ കൊള്ളാവുന്ന ഈ കിഴവൻ ഞാൻ കണ്ടുമുട്ടിയ ആളുകളിൽവെച്ചു് ബുദ്ധിമാനാണെന്നെനിക്കു് തോന്നി. എന്നാൽ അയാൾക്കു പ്രിയമായതും അപ്രിയമായതും എന്തെല്ലാമാണെന്നു മനസ്സിലാക്കുവാൻ എനിക്കു് കഴിഞ്ഞില്ല.

ഞാൻ അതിനെക്കുറിച്ചു ചിന്തിച്ചുംകൊണ്ടിരിക്കെ, അയാൾ എന്റെ ചിന്തയാകുന്ന തീയ്യിൽ വാക്കുകളാകുന്ന പൊളുക്കുകൾ എറിയാൻ തുടങ്ങി.

"ആളുകൾ അനാവശ്യമായി, സ്വന്തം ശക്തിയും മററുള്ളവരുടെ ശക്തിയും വൃഥാ കളയുന്നതു നോക്കുക. നിന്റെ യജമാനൻ നിന്നെക്കൊണ്ടു ജോലിചെയ്യിക്കുന്നതുതന്നെ നോക്കുക, അതുമല്ലെങ്കിൽ വോഡ്കചെയ്യുന്ന കെടുതി നോക്കുക. ഇതൊന്നും തിട്ടമായി കണക്കാക്കാൻ സാദ്ധ്യമല്ല. ഒരു ബുദ്ധിമാനായ ആൾക്കുപോലും അതു കണക്കാക്കാൻ സാദ്ധ്യമല്ല. ഒരു കുടിൽകത്തി നശിക്ക

യാണെങ്കിൽ അതിൻെറ സ്ഥാനത്തു മററൊന്നു പണിചെയ്യാം. എന്നാൻ ഒരു നല്ല ആൾക്കു് ആരോഗ്യം ഇല്ലാതാകയാണെങ്കിൽ അതിനു പിന്നെ പോംവഴിയൊന്നുമില്ല. ആർഡെലിയനെ അല്ലെങ്കിൽ പ്രിഗറിയെയെടുക്കുക. ആ കൃഷിക്കാരൻ, വൃകയായിപ്പോയതു കണ്ടില്ലെ. അയാൾ വലിയ ബുദ്ധിമാനൊന്നുമല്ല. ഗ്രിഗറി എന്നാൽ അയാൾ ആത്മാർത്ഥതയുള്ള ഒരു കൃഷിക്കാരനാണു്. അയാൾ ഒരു പുൽക്കുമ്പാരം പോലെയാണു് കത്തിയെരിഞ്ഞുപോയതു്. ഒരു ശവത്തെ കൃമികളെന്നപോലെ പെണ്ണുങ്ങൾ അയാളെ നശിപ്പിച്ചു."

"ഞാൻ പറയുന്നതെല്ലാം നിങ്ങൾ എന്തിനാണു് മുതലാളിയോടുപറയുന്നതു്" ഞാൻ അയാളോടു ചോദിച്ചു. അറിയാൻ വേണ്ടിമാത്രം. അല്ലാതെ അയാളോടതുകൊണ്ടു് വൈരാഗ്യം തോന്നിയിട്ടല്ല.

അയാൾ വെറുതെ, വളരെ ശാന്തമായിട്ടുതന്നെ മറുപടി പറഞ്ഞു.

"നീ എന്തെല്ലാം ആപൽക്കരമായ ചിന്തകളാണുവെച്ചുപുലത്തുന്നതെന്നയാൾ അറിയട്ടെ. അയാളാണു് നിന്നെ പഠിപ്പിക്കേണ്ടതു്. അയാൾ നിന്നെ പഠിപ്പിക്കുകയില്ലെങ്കിൽ പിന്നെ ആർ പഠിപ്പിക്കാനാണു്. നിന്നോടു വെറുപ്പുള്ളതുകൊണ്ടല്ല ഞാൻ അയാളോടുപറയുന്നതു്. നിന്നോടു അനുകമ്പ തോന്നിയതുകൊണ്ടു മാത്രമാണു്. നീ ബുദ്ധിയില്ലാത്ത ഒരു കുട്ടിയല്ല. എന്നാൽ നിൻെറ തലയിൽ ആപൽക്കരമായ ചിന്തകൾ ഇളക്കിവിടുന്ന ഏതോ ഒരു രാക്ഷസനുണ്ടു്. നീ വല്ലതും കക്കുകയാണെങ്കിൽ ഞാൻ അതാരോടും പറയുകയില്ല. നീ പെണ്ണുങ്ങളുടെ അടുക്കൽ പോകയാണെങ്കിലും ഞാൻ ആരോടും പറയുകയില്ല. നീ കുടിച്ചു നടക്കുകയാണെങ്കിലും ഞാനൊന്നും മിണ്ടുകയില്ല. എന്നാൽ നിൻെറ ആ അഭിപ്രായങ്ങളെക്കുറിച്ചു ഞാൻ യജമാനനോടു പറയാതിരിക്കയില്ല. അതു നീ അറിഞ്ഞിരിക്കുന്നതു നന്നു്.

"ഞാൻ നിങ്ങളോട്ട ഇനി ഒന്നും മിണ്ടുകയില്ല"

അയാഠം കുറെ നേരം ഒന്നും മിണ്ടിയില്ല. കൈയ്യു പററിയ എന്തോ അഴുക്കു തുടച്ചുകൊണ്ടയാഠം കുറെനേരം നിന്നു. പിന്നെ, സ്സേഹപൂർവ്വം എന്നെ നോക്കിയും കൊണ്ടയാഠം പറഞ്ഞു.

"നീ എന്നോട്ട സംസാരിക്കാതിരിക്കയില്ല. നീ എന്നോട്ട മിണ്ടുകയില്ലെന്നു വെറുതെ കളവു പറയുകയാണ്. നീ പിന്നെ ആരോട്ട സംസാരിക്കാനാണ്?"

വെടിപ്പും, ഭംഗിയും ഉള്ള മട്ടുണ്ടെങ്കിലും, ആ സന്ദർഭത്തിൽ അയാഠംക്കു യാക്കോവുമായി വലിയ സാമ്യമുള്ളതായെനിക്കുതോന്നി.

എല്ലാവരേക്കുറിച്ചും എല്ലാററിനെക്കുറിച്ചും അയാഠംക്ക് ഒരു ചിന്തയുമില്ലെന്നു തോന്നും ആ മട്ടു കണ്ടാൽ.

ചിലപ്പോഠം അയാളെക്കാണുമ്പോഠം എനിക്ക് പ്യോട്ടർ വിസിലേ്യവിനെ ഓർമ്മവരും. മററു ചിലപ്പോഠം അയാഠം എൻെറ അച്ഛാച്ഛനെപ്പോലെയാണെന്ന് തോന്നും. ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ എനിക്കു പരിചയമുള്ള ഏതു കിഴവനുമായും അയാഠംക്ക് സാമ്യമില്ലെ എന്നു് ഞാൻ സംശയിക്കും എല്ലാകിഴവന്മാരും പൊതുവിൽ ആശ്ചര്യകരമാംവണ്ണം രസം തോന്നിക്കുന്ന ആളുകളാണ്. എന്നാൽ അവരോടൊപ്പം ജീവിക്കേണ്ടിവരുന്നതു് വലിയ ഒരു മുഷിപ്പൻ ഏർപ്പാടുതന്നെയാണ്. അവർ നമ്മുടെ ആത്മാവിൽ നുഴഞ്ഞുകയറുകയാണെന്നുതോന്നും. അവരുടെ ഉപദേശങ്ങഠംകൊണ്ടു് അവർ നമ്മെ ശ്വാസം മുട്ടിക്കും. ഈ ഓസിപ്പു തന്നെ ഒരു നല്ല ആളാണോ? അല്ല ചീത്തയാളാണോ?, അല്ല അല്ല അയാഠം സമർത്ഥനാണ്. അതെനിക്ക് നന്നായറിയാം. അയാളുടെ ബുദ്ധികൂർമ്മത എനിക്കനുഭവമാണ്. പക്ഷേ അയാളുടെ ചിന്താഗതി എന്നിൽ മട്ടപ്പുതോന്നിക്കുന്ന ഒരു മനോഭാവമാണുളവാക്കിയതു്. അയാളുടെ അഭിപ്രായങ്ങഠം എപ്പോഴും എൻെറ ആശയങ്ങഠംക്ക് വിപരീതമായിരുന്നു.

എന്റെ മനസ്സിൽ ഇരുണ്ട ചിന്തകൾ ഊറിക്കൂടുവാൻ തുടങ്ങി.

അന്യോന്യം പുഞ്ചിരിയിട്ടും പരിചയം നടിച്ചും സ്നേഹം നിറഞ്ഞ വാക്കുകൾ നാം പറയുന്നുണ്ടെങ്കിലും എല്ലാ ആളുകളും വാസ്തവത്തിൽ അപരിചിതന്മാരാണു്. ഒരാളുംതന്നെ ശക്തിയായ സ്നേഹപാശംകൊണ്ടു്, മറെറാരാളുടെ ജീവിതവുമായി ബന്ധിക്കപ്പെടുന്നില്ല. അമ്മൂമ്മ മാത്രം ജീവിതത്തേയും ആളുകളേയും യഥാർത്ഥമായി സ്നേഹിച്ചിട്ടുണ്ടു്. അമ്മൂമ്മയും, ആശ്ചര്യ്യരൂപിയായ മാർഗരാട്ടു രാജ്ഞിയും.

ചിലപ്പോൾ ഈ ചിന്തകൾക്കു് കൊഴുപ്പുകൂട്ടി അവ വലിയ ഇരുണ്ട മേഘങ്ങളായി മാറും. ജീവിതം മുഷിപ്പായും തുച്ഛമായും എനിക്കപ്പോൾ തോന്നും. ഈ ഒരു ജീവിതമല്ലാതെ, മറെറന്തു ജീവിതമാണിവിടെയുള്ളതു്. ഈ ജീവിതത്തിൽനിന്നു് ഞാൻ എങ്ങിനെ രക്ഷപ്പെടാനാണു്. ഓസിപ്പിനോടല്ലാതെ മററാരോടു് ഞാൻ സംസാരിക്കുവാനാണു്. അതുകൊണ്ടു് ഞാൻ പണ്ടത്തെക്കാൾ അയാളോടു് സംസാരിച്ചുംകൊണ്ടിരിക്കാൻ ആശിച്ചു.

ഞാൻ ആവേശത്തോടെ പറയുന്ന സംഗതികളെല്ലാം അദ്ദേഹം ക്ഷമയോടെ ശ്രദ്ധിച്ചുകേൾക്കും. അയാൾ ചോദ്യങ്ങൾ ചോദിക്കും, കാര്യ്യങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കും. തുടന്നു് ശാന്തമായി ഇങ്ങിനെ പറയും.

“മരംകൊത്തി ഒരു വലിയ ധിക്കാരിയാണു്. പക്ഷേ അതിനെ കണ്ടാൽ ഭയം തോന്നുകയില്ല. ആർക്കും അതിനെ ഭയമില്ല. ഞാൻ ആത്മാർത്ഥമായി നിന്നോടുപറയുന്നു., നീ ഏതെങ്കിലും ഒരു പള്ളിയിൽ പോയി ചേരണം. പ്രായം വരുന്നതുവരെ നീ അവിടെ താമസിക്കണം. വിശ്വാസികളെ നീ നല്ല വാക്കുകൾ പറഞ്ഞാശ്വസിപ്പിക്കണം. നിന്റെ മനസ്സിന്നു് സമാധാനമായി പ്പാതിരിമാർക്കു് ഒരു സഹായമായിരിക്കാൻ ആത്മാർത്ഥമായി നിന്നോടുപദേശിക്കുന്നതാണു്. എനിക്കുതോന്നുന്നു നീ ഈ

ലോകത്തോടു മല്ലിടാൻ മാത്രം സമൎത്ഥനല്ല."

എനിക്കു പള്ളിയിൽ പോയി ചേരാൻ ആഗ്രഹമുണ്ടായിരുന്നില്ല. മനസ്സിലാക്കാൻ വിഷമമായ ഒരു പരിതസ്ഥിതിയിൽ ഞാൻ കുടുങ്ങിയിരിക്കയാണെന്നും എനിക്കു് വ്യക്തമായിരുന്നു. എന്തെങ്കിലും ഒരു രക്ഷാമാൎഗ്ഗം കണ്ടുപിടിക്കേണമെന്നു ഞാൻ ആശിച്ചു. ജീവിതം കുമിളുകളില്ലാത്ത ഹേമന്തകാലത്തെ കാടുകൾ പോലെയാണു്. ശൂന്യതയിൽ ഒന്നും ചെയ്യാനില്ലാതിരിക്കുക, കാട്ടിൽ എല്ലാ മുക്കും മൂലയും പരിചിതമായിരിക്കുകയും ചെയ്യുക. അങ്ങിനെ ഒരു പ്രതീതിയാണെന്നിൽ ഉളവായതു്.

ഞാൻ വോഡ്ക കുടിച്ചില്ല. പെൺകുട്ടികളുമായി അനുരാഗത്തിൽ പെടാൻ വെമ്പിയില്ല. മനസ്സിനെ മയക്കുന്ന ഈ രണ്ടു മാൎഗ്ഗങ്ങൾക്കും പകരം പുസ്തകപാരായണമാണു് ഞാൻ ഒരു പോംവഴിയായി സ്വീകരിച്ചതു്. ഞാൻ എത്രയധികം വായിച്ചു കാൎയ്യങ്ങൾ മനസ്സിലാക്കിയോ അത്രയും ജീവിതം എനിക്കു് അൎത്ഥശൂന്യമായിത്തോന്നി. അധികംആളുകളും ശൂന്യമായ, അൎത്ഥമില്ലാത്ത നിലയിൽ ജീവിതം നയിക്കുന്നതു് കാണുമ്പോൾ എനിക്കു കുണ്ഠിതംതോന്നി. എനിക്കപ്പോൾ കഷ്ടിച്ചു പതിനഞ്ചുവയസ്സു് പ്രായമായി കഴിഞ്ഞിട്ടുള്ളു. എന്നാൽ ഞാൻ വളരെ കിഴവനായിക്കഴിഞ്ഞ ഒരു ഭാവമാണെനിക്കുണ്ടായതു്. ഞാൻ അനുഭവിച്ച കഷ്ടപ്പാടുകൾകൊണ്ടു് എന്റെ ഹൃദയം വിങ്ങിപ്പൊട്ടുവാൻ പോകുന്നതായി എനിക്കുതോന്നി. ഞാൻ വായിച്ചും ചിന്തിച്ചും മനസ്സിലാക്കിയ കാൎയ്യങ്ങൾ എന്റെ ഹൃദയത്തിനു് വലിപ്പം കൂട്ടിയതായിതോന്നി. എന്റെ അനുഭവങ്ങളുടെ കലവറ, ഇരുണ്ട ഒരു വിറകുപുര പോലെയായിരുന്നു. എനിക്കു് വകതിരിച്ചു് നിൎത്താൻ കഴിയാത്ത, അനേകായിരം സാധനങ്ങളുടെ ഒരു കൂമ്പാരമായിരുന്നു അവിടെ ഉണ്ടായിരുന്നതു്.

ഈ അനുഭവങ്ങൾ എത്രയധികം ഉണ്ടായിട്ടും, അവയുടെ ഭാ

രം എന്നെ കൂടുതൽ ശക്തനാക്കുന്നതായി തോന്നിയില്ല. ഇളകി കൊണ്ടിരിക്കുന്ന ഒരു തോണിയുടെ ഉള്ളിലെ വെള്ളം പോലെ ആ അനുഭവങ്ങൾ എന്നെ ചലിപ്പിച്ചും വിഷമിപ്പിച്ചും കൊണ്ടിരിക്കുകയെ ചെയ്യുള്ളു.

ആവലാതികൾ, കഷ്ടപ്പാട്, അപൂർണ്ണതകൾ ഇവയെല്ലാം എനിക്ക് പുച്ഛമാണ്. ക്രൂരത, രക്തം, ഇടി, ശകാരം ഇവയെല്ലാം എന്നിൽ എന്തെന്നില്ലാത്ത അറപ്പുണ്ടാക്കി, ആ വികാരം വളരെ വേഗം വലിയ ഈററയായിമാറി, ഒരു കാട്ടുമൃഗത്തെപ്പോലെ എന്തെതിർപ്പിന്നും വട്ടം കൂട്ടുവാൻ ഞാൻ മുതിൎന്നു. ഇതിന്റെ ഫലമാകട്ടെ വലിയ ദുഃഖവും വേദനയും തോന്നി വിഷമിക്കുകയാണ്. മററു വല്ലവരേയും ദ്രോഹിക്കുന്ന ഒരു നിഷ്ഠുരനെ എതൃക്കാനുള്ള ആവേശംകൊണ്ട് ഞാൻ പലപ്പോഴും ലഹളക്കൊരുമ്പെട്ടിട്ടുണ്ട്. കേവലം ബലഹീനതയുടെ ഫലമായുണ്ടായ ആ നിരാശയും ഭ്രാന്തുകളേയും വിചാരിച്ചു ഞാൻ ഇപ്പോഴും ദുഃഖംകൊണ്ടും ലജ്ജകൊണ്ടും തലതാഴ്ത്തുകയാണ്.

എന്നിൽ രണ്ടാത്മാക്കൾ ഉണ്ടായിരുന്നു. അതിരില്ലാത്ത അറപ്പും അഴുക്കും കണ്ടുമടുത്തു, വളരെ പകപ്പത പ്രാപിച്ചതായിരുന്നു, ഒരുഭാഗം. ജീവിതത്തെസ്പർശിക്കുന്ന കുഴപ്പങ്ങൾ, ആ വശത്തെ സംശയാലുവും അത്ഭുത പ്രതീക്ഷക്കാരനും ആക്കി മാററി. താനടക്കം കഷ്ടപ്പെടുന്ന ആളുകളെച്ചൊല്ലി നിസ്സഹായതയോടുകൂടിയ, അനുകമ്പ പ്രദർശിപ്പിച്ച് നഗരങ്ങളിൽനിന്നകന്ന്, ജനങ്ങളിൽ നിന്നകന്ന്, ശാന്തമായ ഒരു ജീവിതം നയിക്കുവാനാണ് അയാൾ ആശിച്ചതു്. അയാൾ പേർഷ്യയിൽ പോകണമെന്നാഗ്രഹിച്ചു. പള്ളിയിൽ ചേരണമെന്നാശിച്ചു. കാട്ടിലെ കാവൽക്കാരന്റേയോ റെയിൽവേഗെയിററ്മേന്റെയോ കുടിലിൽ താമസിക്കാൻ ആഗ്രഹിച്ചു. അതുമല്ലെങ്കിൽ പട്ടണത്തിന്റെ അതിത്തിയിൽ ഒരു കാവൽക്കാരനായിക്കഴിഞ്ഞു കൂട്ടുവാൻ കൊതിച്ചു. എത്രയധികം, ആളുകളിൽനിന്നും അകലത്താകുന്നുവോ, അത്രയും നല്ല

തെന്നായിരുന്നു അയാളുടെ ഭാവം.

എന്നിലുള്ള മറേറ ആത്മാവു് ഇങ്ങനെയായിരുന്നില്ല. അയാറം നല്ല പുസ്തകങ്ങറം വായിച്ചു് സംസ്കാരംനേടി. ജീവിതത്തിലെ വിഷമതകറം ക്രൂരമായ ഒരു സ്വാധീനം തൻെറമേലിൽ ചിലത്തുന്നുണ്ടെന്നു ആ ആത്മാവിന്നു ബോദ്ധ്യമായി. ആ സ്വാധീനം വലിയ ദ്രോഹം ചെയ്യുമെന്നും വലിയ നാശമുണ്ടാക്കുമെന്നും തീർച്ചയാണു്. അതുകൊണ്ടയാറം തൻെറ മുഴവൻ ശക്തിയും സ്വയം രക്ഷക്കുവേണ്ടി സംഭരിച്ചു; പല്ലുമുറുകെകടിച്ചു മുഷ്ടിചുരുട്ടിപ്പിടിച്ചു എപ്പോഴം ഒരു യുദ്ധത്തിന്നും വാദത്തിന്നും തയ്യാറായിനിന്നു. അയാളുടെ സ്നേഹവും അനുകമ്പയും പ്രവൃത്തിയിൽ കാണിക്കാൻ അയാറം വെമ്പി. ഒരു നോവലിലെ ധീരനായ നായകനെപ്പോലെ ഏററവും ചെറിയ അനീതിക്കെതിരായും പോരാടുവാൻ അയാറം വാറം ഉറയിൽനിന്നും ഊരി ഒരുങ്ങിനിന്നു.

ആ അവസരത്തിൽ എനിക്കു നീചനായ ഒരു ശത്രു ഉണ്ടായിരുന്നു. മലയാഃപാക്രോവ്സ്ക്യാത്തെരുവിലെ ഒരു വേശ്യാലയത്തിലെ ഒരു പ്രവൃത്തിക്കാരൻ ഒരു ദിവസം രാവിലെ ഞാൻ ചന്തയിലേക്കുപോകുമ്പോഴാണു് അയാളുമായി പരിചയമായതു്. അയാറം ഒരു വണ്ടിയിൽനിന്നു് കുടിച്ചു മത്തനായ ഒരു യുവതിയെ പൊക്കിഎടുത്തു താഴെ ഇറക്കുകയായിരുന്നു. അയാറം അവളുടെ കാലുകറം താങ്ങി വാരിഎടുത്തു. അവളുടെ കാലുകറം നീങ്ങിപ്പോയിരിക്കുന്നു. അവളുടെ ദേഹം അശ്ലീലമായ വിധം അയാറം ഇളക്കിക്കൊണ്ടിരിക്കുന്നു. അരക്കെട്ടോളം നഗ്നയായിട്ടാണു് അവറം ഉള്ളതു്. അയാറം ചിരിക്കുകയും പരിഹസിക്കുകയും അവളുടെ ദേഹത്തിൽ കാർക്കിച്ചുതുപ്പുകയും ചെയ്തു. അവളാകട്ടെ ഒന്നും അറിയാതെ മുടിചിതറി, ചുണ്ടുകറം വിടൎന്നുതുങ്ങി ഇജങ്ങറം ഞൊന്നിഴഞ്ഞു് അങ്ങിനെ നിശ്ചേഷ്ടയായിട്ടാണുള്ളതു. അയാറം അവളെ നിരത്തിമ്മേൽ വലിച്ചിട്ടു.

വണ്ടിക്കാരൻ വണ്ടി ഓടിച്ചുപോയി. മറേറ ആൾ, അവളെ നിലത്തുകൂടി വലിച്ചിഴച്ചുകൊണ്ടുപോയി. ഇതുകണ്ടപ്പോൾ ക്രോധംകൊണ്ടു് കണ്ണുകാണാതെ, ഞാൻ അയാളുടെ നേരെ ചാടിയടുത്തു. ഞാൻ വഹിച്ചുകൊണ്ടുപോകയായിരുന്ന ഒരു വലിയ ഇരുമ്പുപാര ഞാൻ നിലത്തിട്ടു. അതു ഭാഗ്യമായി. അല്ലെങ്കിൽ അയാൾക്കും എനിക്കും ആപൽക്കരമായ എന്തെങ്കിലും സംഭവിച്ചിരിക്കുമായിരുന്നു. ഞാൻ അയാളെ തള്ളിവീഴ്ത്തി, അടുത്തുള്ള കെട്ടിടത്തിന്റെ പൂമുഖത്തു തൂക്കിയിരുന്ന മണി ഉറക്കെ അടിച്ചൊച്ചയുണ്ടാക്കി. അപ്പോൾ അകത്തുനിന്നു് ചിലർ ഓടിവന്നു് എനിക്കൊന്നും അവരെ പറഞ്ഞുമനസ്സിലാക്കാൻ കഴിഞ്ഞില്ല. ഞാൻ പാരയുമെടുത്തു് ഓടികളയുകയാണു് ചെയ്തതു്.

പുഴക്കരയിൽവച്ചു് ഞാൻ ആ വണ്ടിക്കാരനെ കണ്ടുമുട്ടി. അയാൾ വണ്ടിയുടെ മുമ്പിൽ ഇരിക്കുന്നിടത്തുനിന്നു് എന്നോടു് വിളിച്ചുപറഞ്ഞു.

"നീ അവനു് നല്ല കണക്കിനുവെച്ചുകൊടുത്തു" ആ സ്ത്രീയെ അയാൾ അങ്ങിനെ ദ്രോഹിക്കുന്നതു കണ്ടുംകൊണ്ടു് നില്ക്കാൻ കഴിഞ്ഞതെങ്ങിനെ എന്നു് ഞാൻ വണ്ടിക്കാരനോടു ചോദിച്ചു.

"അവൾ പോയി തുലയട്ടെ" അയാൾ വളരെ നിന്ദാഗർഭമായി പറഞ്ഞു, "അവളെ വണ്ടിയിൽ കയററിയപ്പോൾ ആ മാന്യന്മാർ എന്റെ പ്രതിഫലം തന്നിട്ടുണ്ടു്. അതുമാത്രമെ ഞാൻ ചിന്തിക്കേണ്ടതുള്ളു."

"അയാൾ അവളെ കൊന്നുകളഞ്ഞെങ്കിലോ."

"അവളെപ്പോലത്തെ പെണ്ണുങ്ങളെ കൊല്ലുന്നതത്ര എളുപ്പമല്ല." കുടിച്ചു മത്തയായ വേശ്യകളെ കൊന്നു് ശീലമുള്ള ഒരാളെപ്പോലെ അയാൾ പ്രസ്താവിച്ചു.

അതിനുശേഷം എല്ലാ ദിവസവും രാവിലെ ഞാൻ വേശ്യാലയത്തിലെ ആ പ്രവൎത്തിക്കാരനെ കാണാറുണ്ടു്. ഞാൻ ചെല്ലു

മ്പോൾ അയാൾ നിരത്തിന്മേൽ അടിച്ചുവാരുന്നുണ്ടായിരിക്കും. അല്ലെങ്കിൽ എന്നെ കാത്തുനില്ക്കുന്നതുപോലെ കല്പടവുകളിന്മേൽ ഇരിക്കുന്നുണ്ടായിരിക്കും, ഞാൻ അടുത്തെത്തുമ്പോൾ അയാൾ എഴുന്നേററുനിന്ന് കുപ്പായത്തിൻെറ കൈ കയററി എന്നെ ഭീഷണിപ്പെടുത്തും.

"ഞാൻ അടിച്ചു നിൻെറ തലമണ്ടയുടച്ചു കളയാം."

അയാൾക്ക് നാല്പതുവയസ്സിൽ കൂടുതൽ പ്രായം കാണും. കുറിയ മനുഷ്യനാണ്. വട്ടക്കാലും, ഗർഭിണിയെപ്പോലെ തൂങ്ങിയ വയറും അങ്ങിനെ ഭീഷണിപ്പെടുത്തിയും കൊണ്ടയാൾ നില്ക്കും. എന്നാൽ അയാളുടെ കണ്ണുകളിൽ എന്തെന്നില്ലാത്ത ഒരനുകമ്പ നിഴലിച്ചു കാണുകയുംചെയ്യും. അടിക്കാൻ അയാൾക്കറിയുകയില്ല. എൻെറ കയ്യുകൾക്കുള്ള നീളം അയാളുടെ കയ്യുകൾക്കില്ല. രണ്ടു മൂന്നുവട്ടം എൻെറനേരെ അടുത്തു പരാജയപ്പെട്ടു. അയാൾ കിതച്ചുംകൊണ്ടു് പിൻവാങ്ങും. അയാൾ ആശ്ചര്യത്തോടെ വിളിച്ചുപറയും. "ഒരു നിമിഷം കഴിയട്ടെ, കാട്ടുപൂച്ചേ" ഇങ്ങിനെ നിത്യം ലഹളകൂടി എനിക്കു മടുത്തു. ഒരുദിവസം ഞാൻ അയാളോടു പറഞ്ഞു.

"വിഡ്ഢി ഇതാ നോക്കു, നിങ്ങൾ എന്നെ വെറുതെ വിട്ടേക്കണം എന്താ."

"നീയല്ലെ ആദ്യം എന്നോടു് ലഹളക്കു പുറപ്പെട്ടതു" അയാൾ പകയോടെ എന്നോടു ചോദിച്ചു.

"നിങ്ങൾ ആ സ്ത്രീയെ എന്തിനാണു ദ്രോഹിച്ചതു്" ഞാൻ ചോദിച്ചു.

"അതുകൊണ്ടു് നിനക്കെന്താണു്? നിനക്കവളോടു ദയതോന്നിയിരുന്നോ?"

"തീർച്ചയായും"

അപ്പോൾ അയാൾ പറഞ്ഞു "നീ ഒരു നുണയനാണു് വിഡ്ഢി! നില്ക്കട്ടെ ഞാൻ നിനക്കു കാണിച്ചുതരാം."

ആ തെരുവിൽകൂടിത്തന്നെ ഞാൻ പോകേണ്ടിവന്നു. കാരണം ആ വഴി കുറെ അടുത്താണു്. അയാളെ കാണാതിരിക്കുവാൻ വേണ്ടി ഞാൻ നിത്യവും വളരെ കാലത്തെ എഴുന്നേററു ചന്തസ്ഥലത്തേക്കു പോകാൻ തീർച്ചയാക്കി. എന്നിട്ടും കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ഒരു ദിവസം അയാൾ കല്പടവുകളിന്മേൽ മടിയിൽ ഒരു പൂച്ചയെ ഇരുത്തി കളിപ്പിച്ചുംകൊണ്ടിരിക്കുന്നതു് ഞാൻ കണ്ടു. ഞാൻ അയാളുടെ അടുത്തെത്തിയപ്പോൾ അയാൾ ചാടി എഴുന്നേററു. പൂച്ചയുടെ പിൻകാലുകൾക്കു് പിടിച്ചു ശക്തിയോടെ പൂച്ചയുടെ തല ഒരു തൂണിന്മേൽ ആഞ്ഞടിച്ചു. രക്തം എൻെറ കുപ്പായത്തിലും തെറിച്ചു. പിന്നെ അയാൾ പൂച്ചയെ എൻെറ കാൽക്കൽ വലിച്ചെറിഞ്ഞും കൊണ്ടുപറഞ്ഞു.

"ഇപ്പോഴൊ"

ഞാൻ എന്തുചെയ്യും? ഞാൻ അയാളെ കടന്നുപിടിച്ചു. ഞങ്ങൾ രണ്ടു നായ്ക്കളെപ്പോലെ തറയിൽ വീണുരുണ്ടു.

എനിക്കു നല്ലപോലെ വേദനപററി. ഞാൻ റോഡിൻെറ പാർശ്വത്തിൽ മറിഞ്ഞുവീണു. കരച്ചിൽ അടക്കുവാൻ വേണ്ടി ഞാൻ ചുണ്ടുമരെ കടിച്ചു. ഈ സംഭവം ഓർമ്മിക്കുമ്പോൾ എനിക്കു് ഭ്രാന്തു് പിടിച്ചില്ലെന്നും അയാളെ കൊലപ്പെടുത്തിയില്ലെന്നും ഓർക്കുമ്പോൾ എനിക്കാശ്ചര്യം തോന്നുന്നു.

ഇങ്ങിനെയുള്ള സംഗതികൾ ഞാൻ എന്തിനു വിവരിക്കണം. വായനക്കാരായ നിങ്ങൾ ഈ കാര്യങ്ങളൊന്നു മനസ്സിലാക്കണം. നിങ്ങൾ ഭാവനയിൽ ഭയങ്കരതകൾ സൃഷ്ടിച്ചു രസിക്കാറുണ്ടു്. ഭയങ്കരതകൾ ചിത്രീകരിക്കുന്ന കഥകൾ വായിച്ചു നിങ്ങൾ രസിക്കും. നിങ്ങളുടെ ഇന്ദ്രിയങ്ങളെ അസംഭാവ്യമായ കാര്യങ്ങളെ ചൊല്ലി സംതൃപ്തമാക്കാൻ നിങ്ങൾ മടിക്കാറില്ല. എന്നാൽ ഞാൻ യഥാർത്ഥത്തിൽ ക്രൂരതകൾക്കു് സാക്ഷ്യം വഹിച്ചിട്ടുണ്ടു്. നിത്യജീവിതത്തിലെ ക്രൂരതകൾ. അവയെ വിവരിച്ചുതന്നു നിങ്ങളുടെ വിവേചനാബോധത്തെ വേദനിപ്പിക്കാനുള്ള അവകാശം

എനിക്കുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. നിങ്ങൾ എങ്ങിനെ എവിടെ ജീവിക്കുകയാണെന്നോൎമ്മിപ്പിക്കുവാൻ വേണ്ടിയാണു് ഞാൻ ഇങ്ങിനെ ചെയ്യുന്നതു്.

നാമെല്ലാവരും ഒരു വൃത്തികെട്ട ജീവിതമാണു നയിക്കുന്നതു്. ഇതാൎക്കും നിഷേധിക്കുവാൻ കഴിയുകയില്ല.

ഞാൻ മനുഷ്യസമുദായത്തെ സ്നേഹിക്കുന്ന വേദന അനുഭവിക്കുന്നതു എനിക്കു കാണാൻവയ്യ. അതുകൊണ്ടു യാഥാൎത്ഥ്യങ്ങളെ മധുരമുള്ള വാക്കിലും ഭംഗിയുള്ള വ്യാജങ്ങളിലും പൊതിഞ്ഞുവെക്കുന്നതു് തെററാണെന്നു ഞാൻ വിചാരിക്കുന്നു. നാം ജീവിതത്തോടു് കൂടുതൽ അടുത്തുനില്ക്കണം. നമ്മുടെ ഹൃദയത്തിലും മനസ്സിലും ഉൾക്കൊണ്ടു നിൽക്കുന്ന നന്മയും മനുഷ്യസ്നേഹവും ജീവിതത്തിൽ നടപ്പിൽ വരുത്തുകയും വേണം.

സ്ത്രീകളോടു ആളുകൾ പെരുമാറുന്ന രീതി കാണുമ്പോഴാണു് എനിക്കു ഏററവും ഈററ തോന്നുക. ഞാൻ വായിച്ച പുസ്തകങ്ങളിൽനിന്നും എനിക്കു മനസ്സിലായതു് ജീവിതത്തിൽ സ്ത്രീയെക്കാൾ അൎത്ഥപൂൎണ്ണമായി മനോഹരമായി വേറെ ഒന്നുംതന്നെ ഇല്ലെന്നാണു്. ഈ അഭിപ്രായം എൻെറ അമ്മൂമ്മയുടെ ജീവിതം എനിക്കു വ്യക്തമാക്കിത്തന്നു. അവർ പറഞ്ഞുതന്ന കഥകളിൽനിന്നും ഞാൻ എന്തെല്ലാം മനസ്സിലാക്കി. നിർഭാഗ്യവതിയായ അലക്കുകാരി, നടാലയുടെ ജീവിതം മറെറന്താണു കാണിക്കുന്നതു്. ആയിരക്കണക്കായി സ്ത്രീകൾ പൊഴിക്കുന്ന പുഞ്ചിരിയും വികാസങ്ങളും മാത്രമാണു സ്നേഹവും സന്തോഷവുമില്ലാത്ത ഈ ജീവിതത്തെ മോടിപിടിപ്പിക്കുന്നതു്.

ടർജനിവിൻെറ പുസ്തകങ്ങൾ സ്ത്രീകളുടെ കീൎത്തിയെക്കുറിച്ചു പാടി. സ്ത്രീകളെക്കുറിച്ചു ഞാൻ മനസ്സിലാക്കിയ നല്ല കാൎയ്യങ്ങളുടെ യഥാൎത്ഥ്യത്തിലുള്ള അവതാരമായിരുന്നു മാൎഗ്ഗോട്ട രാജ്ഞി. സ്ത്രീത്വത്തെ കുറിച്ചുള്ള എൻെറ ഈ ഭാവനയെ സംപുഷ്ട

മാക്കുന്നതിൽ ടർജനിവിൻെറ പുസ്തകങ്ങൾ എന്നെ വളരെയധി കം സഹായിച്ചിട്ടുണ്ട്.

ചന്തസ്ഥലത്തുനിന്നു മടങ്ങിപ്പോകുമ്പോൾ ഞാൻ ക്രംലിൻ ചുമരിന്നടുത്തു ഒരു കുന്നിന്മേലിരുന്നു വോൾഗാനദിക്കപ്പുറം സൂ ര്യ്യൻ പോയസ്തമിക്കുന്നതു നോക്കിക്കാണും. ആകാശത്തിൽ മിന്നി ത്തിളങ്ങുന്ന ഒരു പുഴ കീഴ്പ്പോട്ടൊഴുകുന്നുണ്ടെന്നു തോന്നും. വോൾ ഗയാകട്ടെ കടും ചുകപ്പുപുരണ്ടു് നില്ക്കുയായിരിക്കും. അപ്പോൾ ഞാൻ വിചാരിക്കാറുള്ളതു് ഈ ഭൂമി ഒരു വലിയ കടവുതോണി യാണെന്നൊ അദൃശ്യമായ ഒരു കയറുകെട്ടി വലിക്കപ്പെടുന്ന ഒരു പന്നിയാണെന്നോ ആണു്.

പലപ്പോഴും ഞാൻ ഭൂമിയുടെ അനന്തമായ വിസ്തീർണ്ണത്തെ കുറിച്ചോൎമ്മിക്കും, ഞാൻ പുസ്തകത്തിൽ വിവരിച്ചു കണ്ടിട്ടുള്ള മ ററു നഗരങ്ങളെക്കുറിച്ചോൎമ്മിക്കും. മററു പലവിധത്തിലുള്ള ജീവി തം നയിക്കുന്ന ജനങ്ങൾ താമസിക്കുന്ന രാജ്യങ്ങളെക്കുറിച്ചോൎമ്മി ക്കും. വിദേശികളായ ഗ്രന്ഥകൎത്താക്കളുടെ പുസ്തകങ്ങൾ, ജീവി തത്തെ കൂടുതൽ ആകർഷകവും,സ്പൃഹണീയവും കഷ്ടതകളില്ലാത്ത തുമായിട്ടാണു ചിത്രീകരിച്ചിട്ടുള്ളതു്. എന്നാൽ എനിക്കുചുററുമു ള്ള ജീവിതമാകട്ടെ ദുരിതപൂർണ്ണമായിരുന്നു. എന്നാലും ആ വി വരങ്ങൾ എൻെറ രീതിയെ ഒരു കുററി കൂടുതൽ ആകർഷകമായ ജീ വിതം സാദ്ധ്യമാണെന്നു ഞാൻ പ്രതീക്ഷിക്കുകയും വിശ്വസിക്കുക യും ചെയ്തു.

ഞാൻ ആശിച്ചു, ഒരു സുപ്രഭാതത്തിൽ ജ്ഞാനിയും ദയാലുവും ആയ ഒരാൾ എൻെറ മുമ്പിൽ പ്രത്യക്ഷപ്പെടും. എന്നെ നീതി യുള്ള പ്രകാശംനിറഞ്ഞ പന്ഥാവിലേക്കാനിക്കും എന്നു്.

ഒരു ദിവസം ഞാൻ ക്രംലിൻ മതിലിന്നടുത്തിരിക്കുമ്പോൾ എൻെറ അമ്മാവനായ യാക്കോവു എൻെറ അടുത്തുവന്നു. അദ്ദേ ഹം വരുന്നതു ഞാൻ കണ്ടിരുന്നില്ല. പെട്ടെന്നദ്ദേഹത്തെ എനി

ക്കു മനസ്സിലായതുമില്ല. ഒരേ പട്ടണത്തിൽ കുറെ കൊല്ലങ്ങളായി ഞങ്ങൾ താമസിക്കുകയായിരുന്നെങ്കിലും ഞങ്ങൾ അന്യോന്യം വളരെ ചുരുക്കമെ കണ്ടുമുട്ടിയുള്ളു. അതും സന്ദർഭവശാൽ അല്പസമയത്തേക്കുമാത്രം.

"നീ വലിയ ആളായിപ്പോയല്ലൊ." അദ്ദേഹം എന്നെ പിടിച്ചുകലുക്കിയുംകൊണ്ടു പറഞ്ഞു. അന്യോന്യം യാതൊരു രക്തബന്ധവുമില്ലാതെ വളരെക്കാലം അടുത്തുപരിചയമുള്ള ആളുകളെപ്പോലെ ഞങ്ങൾ ദീർഘനേരം സംസാരിച്ചു. കുറച്ചുകാലം അദ്ദേഹം ഒരു ജേലിലെ വാർഡരുടെ കീഴിൽ ജോലി നോക്കി. എന്നാൽ ആ ജോലി അദ്ദേഹത്തിനു നഷ്ടപ്പെട്ടു. വാർഡർ സുഖക്കേടായി കിടപ്പിലായപ്പോൾ അമ്മാവൻ സ്വന്തം മുറിയിൽവച്ച് തടവുകാരെ സൽക്കരിച്ചു. ഇതു അധികൃതന്മാർ അറിഞ്ഞു. അദ്ദേഹത്തിനു ജോലി നഷ്ടപ്പെട്ടു എന്നു മാത്രമല്ല രാത്രിസമയത്തു തടവുകാരെ വെളിയിൽ പോകാൻ അനുവദിച്ചു എന്ന കുററത്തിനു അദ്ദേഹം ശിക്ഷിക്കപ്പെടുകയും ചെയ്തു. തടവുകാരിൽ ആരും രക്ഷപ്പെടുവാൻ ശ്രമിച്ചിരുന്നില്ല. ഒരുവൻ ഒരു പാതിരിയുടെ കഴുത്തു പിടിക്കുവാൻ ശ്രമിച്ചു വളരെക്കാലം അന്വേഷണം നടന്നു. എന്നാൽ കേസ്സു് കോടതിയിൽ എത്തിയില്ല. അക്കാര്യത്തിൽ കോടതിയിൽ കയറേണ്ടിവന്നില്ല എന്നദ്ദേഹം സമാധാനിച്ചു

അദ്ദേഹത്തിനു ജോലി ഇല്ലാതായപ്പോൾ അദ്ദേഹത്തിൻെറ മകനാണു അദ്ദേഹത്തെ സംരക്ഷിച്ചിരുന്നതു്. അവൻ റഷാവിഷ്നക്കോവ് പള്ളിയിലെ ഗായകസംഘത്തിൽ ഒരംഗമായിരുന്നു. അമ്മാവൻ മകനെപ്പററി പലതും കാര്യമായിപ്പറഞ്ഞു.

"ഈയ്യിടെയായി അവനു് വലിയ കാര്യബോധം ഉള്ളതുപോലെയുണ്ടു്. വലിയ പ്രാമാണ്യം ഭാവിക്കുന്നുണ്ടു്. സമാവർ തിളക്കാൻ വൈകിപ്പോയാൽ, അല്ലെങ്കിൽ അവൻെറ കോട്ടു് ശരി

ക്ക് വൃത്തിയാക്കാതിരുന്നാൽ അവനു വലിയ ആക്ഷേപമാണ്. നല്ല വൃത്തിയിൽ നടക്കുന്ന ചെറുക്കൻ. സ്വഭാവവും വളരെ നന്നായിട്ടുണ്ട്." എന്നു അമ്മാവൻ മകനെപ്പററി അഭിപ്രായം പറഞ്ഞു.

അമ്മാവനു വളരെ പ്രായംതോന്നി. വളരെ വൃത്തികെട്ട നടത്തവും. അദ്ദേഹത്തിൻെറ ചുരുളൻമുടി, മോശമായിരിക്കുന്നു ചെവികൾ ഉന്തിനില്ക്കുന്നു. കണ്ണിൻെറ വെള്ളയിലും കവിളുകളിലും ചുകന്ന ഞരമ്പുകൾ മടഞ്ഞുനിൽക്കുന്നു. സംസാരിക്കുന്നതു ഫലിതത്തോടെയാണ്. എന്നാൽ വായിൽ എന്തോ ഒന്നു സംസാരത്തെ തടയുന്നതായിത്തോന്നി. പല്ലുകൾക്ക് കോട്ടം തട്ടിയതുകൊണ്ടല്ലെന്നു തീർച്ചയാണ്.

ഉല്ലാസം ഭാവിക്കുവാൻ വശമുള്ള ഒരാളുമായി ലോകത്തിലെ പല അനുഭവങ്ങളേക്കുറിച്ചും സംസാരിക്കാൻ അവസരം കിട്ടിയതിൽ എനിക്ക് സന്തോഷംതോന്നി. അദ്ദേഹത്തിൻെറ പഴയ ഹാസ്യഗാനങ്ങൾ എനിക്കോർമ്മവന്നു അച്ഛാച്ഛൻ അദ്ദേഹത്തെക്കുറിച്ചു പറയാറുള്ളതും എനിക്കോർമ്മവന്നു.

"പാടുന്നതിൽ ഡാവിഡും പ്രവൃത്തിയിൽ അബ്സലാമും"

മാന്യന്മാരായ പാന്ഥന്മാർ ഞങ്ങൾ ഇരിക്കുന്നതിനടുത്തുകൂടി കടന്നുപോയി. പട്ടാള ഉദ്യോഗസ്ഥന്മാരും മററു ഉദ്യോഗസ്ഥന്മാരും. തടിച്ചുകൊഴുത്ത സ്ത്രീകളും. അമ്മാവൻ വൃത്തികെട്ട ഒരു കോട്ടാണിട്ടിട്ടുള്ളതു്. തൊപ്പി കീറിയതാണ് ബൂട്ടുകൾ തുന്നിച്ചേർത്തതാണ് തൻെറ പ്രകൃതത്തെക്കുറിച്ചു ലജ്ജതോന്നി. അദ്ദേഹം പിന്നോക്കം ചൂളുന്നതായി എനിക്ക് തോന്നി. ഞങ്ങൾ അടുത്തുള്ള ഒരു ചാരായക്കടയിൽ ചെന്നുകയറി. ഒരു മേശക്കരികെ ഇരുന്നു. അദ്ദേഹം ഇരപ്പാളികളെക്കുറിച്ചു 'പാടാറുള്ള ചില വരികൾ ഞാൻ അദ്ദേഹത്തെ ചൊല്ലികേൾപ്പിച്ചു.

പ്രകൃത്യാ ഉല്ലാസശീലനായ അദ്ദേഹത്തിൻെറ മനസ്സിൽ വലിയ ഈററയും നിരാശയും ഊറിവരികയായിരുന്നു.

അദ്ദേഹം ഗ്ലാസ്സിൽ വോഡ്ക ഒഴിച്ചുംകൊണ്ടു് പറഞ്ഞു.

"ശരിയാണു് ഞാൻ സുഖങ്ങൾ അനുഭവിച്ചിട്ടുണ്ടു്. പക്ഷേ എനിക്കു തൃപ്തിയാവോളം സുഖം ലഭിച്ചില്ല. ആ പാട്ടു് ഞാൻ എഴുതിയതല്ല. ഏതോ ഒരു അദ്ധ്യാപകൻ എഴുതിയതാണു്. അയാളുടെ പേരു് ആയിരുന്നു. ഞാൻ മറന്നുപോയി. ഞങ്ങൾ വലിയ ചങ്ങാതിമാരായിരുന്നു. അയാളും ഞാനും. അയാൾ കുടിച്ചു മത്തനായി തണുപ്പിൽ വീണു കിടന്നു മരിച്ചുപോയി. ഇങ്ങിനെ എത്ര ആളുകൾ കുടിച്ചുമത്തരായി മരിച്ചുപോയിട്ടുണ്ടു്.? എണ്ണം കണക്കാക്കാൻ കഴികയില്ല. നീ കുടിക്കാറുണ്ടോ? കുടിക്കരുതു്. കുറച്ചുകൂടി കഴിയട്ടെ. നീ നിന്റെ അച്ഛാച്ഛനെ ഇടക്കെല്ലാം കാണാറുണ്ടോ? വളരെ ദുഃഖിച്ചുകഴിയുന്ന ഒരു കിഴവൻ. ബുദ്ധിക്കു എന്തോ സ്ഥിരത ഇല്ലാത്തപോലെയുണ്ടു്."

ഒന്നുരണ്ടുഗ്ലാസ്സു് അകത്തായതോടെ, അദ്ദേഹം നിവർന്നിരുന്നു, ചുമലൊന്നുകുലുക്കി, അദ്ദേഹം കുറെ ധൈര്യം വന്നപോലെ തോന്നി. കൂടുതൽ, ആവേശത്തോടെ, അദ്ദേഹം സംസാരിക്കാൻ തുടങ്ങി.

തടവുകാരുമായുണ്ടായ ആ സംഭവത്തെക്കുറിച്ചു ഞാൻ അദ്ദേഹത്തോടു ചോദിച്ചു.

"അപ്പോൾ നീയതിനെക്കുറിച്ചു കേട്ടിട്ടുണ്ടു്." അദ്ദേഹം ചോദിച്ചു. ചുററംഭനോക്കി പതിഞ്ഞസ്വരത്തിൽ അദ്ദേഹം പറഞ്ഞു.

"അവർ തടവുകാരായതുകൊണ്ടെന്താണു്? അവരുടെ കുററം കണ്ടു പിടിക്കേണ്ടതു് എന്റെ കടമയല്ല. അവരും നമ്മെപോലുള്ള ആളുകളല്ലെ? അതുകൊണ്ടു ഞാൻ അവരോടുപറഞ്ഞു.: വരൂ സഹോദരന്മാരെ, നമുക്കൊന്നും ചങ്ങാതികളായി കഴിഞ്ഞുകൂടാം. കുറച്ചുതമാശകളെല്ലാം നടത്തി നോക്കാം."

അദ്ദേഹം ചിരിച്ചുംകൊണ്ടു് ജനലിൽകൂടി പുറത്തേക്കു് നോക്കി.

"അതെ, അവക്കു വലിയ സന്തോഷംതോന്നി. ആ തടവിൽ എന്തൊരു ദുരിതമായിരുന്നു." അദ്ദേഹം മീശ തടവിയുംകൊണ്ടു തുടന്നു. "ഹാജരെടുത്തുകഴിഞ്ഞ ഉടനെ, അവർ എന്നെ വന്നു കാണും. ഞങ്ങഠം ധാരാളം തിന്നും. വോഡ്ക കുടിക്കും. ചില പ്പോഠം എൻെറ ചിലവിൽ, ചിലപ്പോഠം അവരുടെ ചിലവിൽ ഞാൻ പാട്ടും, നൃത്തംവെക്കും. അവരുടെ ഇടയിലും ചില നല്ല പാട്ടുകാരും, നൃത്തക്കാരും ഉണ്ടായിരുന്നു. അതെന്തൊരു രസമായിരുന്നു. അതു വിശ്വസിക്കുവാൻ വിഷമംതോന്നും. അവരിൽ പകുതിയും ചങ്ങലയിൽ തന്നെയാണ്. ചങ്ങല ഇട്ടുംകൊണ്ടു നൃത്തംവെക്കുവാൻ കഴിയുമോ? അതുകൊണ്ടു ഞാൻ അവരെ ചങ്ങല നീക്കംചെയ്യാൻ അനുവദിച്ചു. അതാണ് പരമാത്ഥം. ചങ്ങല നീക്കംചെയ്യാൻ കൊല്ലൻെറ സഹായമൊന്നും ആവശ്യമുണ്ടായിരുന്നില്ല. അതവർതന്നെചെയ്യും. സമർത്ഥന്മാരാണ്. വലിയ സമർത്ഥന്മാർ. അവരെ പട്ടണത്തിൽ കട്ടുനടക്കുവാൻ ഞാൻ തുറന്നുവിട്ടു എന്നു പറയുന്നതിന്നർത്ഥമില്ല. അതാക്കും തെളിയിക്കുവാൻ കഴിഞ്ഞിട്ടുമില്ല."

അദ്ദേഹം വീണ്ടും പുറത്തേക്കുനോക്കി. ഏതാനും പിടികിക്കാർ കടയടക്കുകയായിരുന്നു. പൂട്ടിൻെറയും തിരയുടേയും താക്കോലിൻെറയും ശബ്ദം നാലുഭാഗത്തുനിന്നും കേട്ടു. പിന്നെ അദ്ദേഹം ശാന്തമായി തമാശയോടെ കണ്ണുചിമ്മിയുംകൊണ്ടുപറഞ്ഞു.

"സത്യം പറയുകയാണെങ്കിൽ അവരിൽ ഒരുവൻ പുറത്തേക്കു പോകാറുണ്ടായിരുന്നു. പക്ഷെ അവൻ ചങ്ങലയിൽ ആയിരുന്നില്ല. അവൻ നിഴനിനവഗറോഡ്കാരനായ ഒരു സാധാരണകള്ളൻ ആയിരുന്നു. അവനു് ഒരു വെപ്പാട്ടിയുണ്ടു്. ആ പാതിരിയുമായി അവൻ ലഹളക്കു ഒരുമ്പെട്ടതു കേവലം യാദൃച്ഛികമായിട്ടാണ്. പാതിരി ഒരു കച്ചവടക്കാരനാണെന്നാണവൻ ധരിച്ചതു്. ശീതകാലത്തു് ഒരു രാത്രിയിലാണതു സംഭവിച്ചതു്. എല്ലാവരും വലിയ കോട്ടു ധരിച്ചിരുന്നതുകൊണ്ടു് പാതിരിയെയും

കച്ചവടക്കാരനെയും തിരിച്ചറിയാൻ പ്രയാസമായി."

ഇതു കേട്ടപ്പോൾ എനിക്കു വലിയ തമാശ തോന്നി. അദ്ദേഹം ചിരിച്ചുംകൊണ്ടു തുടൎന്നു.

"തീർച്ചയായും അയാളെ അവനു തിരിച്ചറിയാൻ കഴിഞ്ഞില്ല."

പെട്ടന്നു അമ്മാവനു ക്രോധംവന്നു. അദ്ദേഹം പ്ലേററുകൾ തള്ളിനീക്കി. മുഖം കറുപ്പിച്ചു ഒരു സിഗരററു കത്തിച്ചുംകൊണ്ടു പറഞ്ഞു.

"അവർ അന്യോന്യം കക്കും. അന്യോന്യം കണ്ടുപിടിക്കും; അന്യോന്യം തടവിലയക്കാൻ ശ്രമിക്കും. സൈബീരിയയിലേക്കു നാടുകടത്തും. എന്നാൽ എന്നെ അതിന്നെന്തിന്നുത്തരവാദിയാക്കണം. നാശം. എനിക്കെൻെറ ആത്മാവിനെ പുലത്താനില്ലെ?"

ചന്തസ്ഥലത്തു ജോലിചെയ്തിരുന്ന യാക്കോവിനെ എനിക്കോൎമ്മവന്നു. അയാളും ഇതെമട്ടുതന്നെയായിരുന്നു.

"എന്താണോൎമ്മിക്കുന്നതു്." അമ്മാവൻ ശാന്തമായി ചോദിച്ചു.

"നിങ്ങൾക്കു ആ തടവുപുള്ളികളെക്കുറിച്ചു അനുകമ്പ തോന്നിയിരുന്നോ?"

"അവരോടനുകമ്പ തോന്നാൻ എളുപ്പമാണു്. അത്ര നല്ലകൂട്ടരാണു്, നല്ലചങ്ങാതികൾ. ചിലപ്പോൾ ഞാൻ അവരെനോക്കി ചിന്തിക്കും. നിങ്ങളുടെ ചെരിപ്പു്തുടക്കുവാൻ പോലും എന്നെക്കൊള്ളുകയില്ല, എന്നാൽ ഞാൻ നിങ്ങൾക്കു കാവൽ നില്ക്കുകയാണു്. സമൎത്ഥന്മാരായ ചെകുത്താന്മാർ."

മദ്യവും പഴയ അനുസ്മരണങ്ങളും അദ്ദേഹത്തിൽ പ്രസരിപ്പുണ്ടാച്ചി. കൈമുട്ടു് ജനൽപടിയിൽ കുത്തി മററെ കയ്യിൽ, വിരലുകൾക്കിടയിൽ, സിഗരററുവെച്ചു കൈവീശിയുംകൊണ്ടു അദ്ദേ

ഹം ഉത്സാഹത്തോടെ തുടൎന്നു:

"അവരിൽ ഒരുത്തൻ സംസാരിക്കുന്നതു കേൾക്കേണ്ടതാണ്. ഒററക്കണ്ണനാണ്. കൊത്തുപണിയറിയാം. വാച്ചുനന്നാക്കാൻ അറിയാം. കള്ളനാണയങ്ങൾ ഉണ്ടാക്കാൻ ശ്രമിച്ചതിനാണറസ്റ്റ് ചെയ്തതു്. ഓടിപ്പോകാൻ ശ്രമിച്ചു. എപ്പോഴും കത്തുന്ന ചൂട്ടുപോലെ പാളും. ഒരു പക്ഷിയെപ്പോലെ പാടും. അവൻ പറയും: ഇതൊന്നു വ്യക്തമാക്കിത്തരു. കമ്മട്ടത്തിൽ നാണയം അടിക്കുന്നുണ്ടു്. എനിക്കും എന്തുകൊണ്ടു പാടില്ല. ഇതൊന്നു പറഞ്ഞുതരു. ആക്കാണതു വിവരിക്കാൻ സാധിക്കുക. ആൎക്കും സാദ്ധ്യമല്ല. എനിക്കും. ഞാൻ അവൎക്കു കാവൽനില്ക്കുന്നവനാണു താനും. പിന്നെ മറെറാരുത്തനുമുണ്ടായിരുന്നു. മോസ്കോവിലെ ഒരു പേരുകേട്ട കള്ളൻ. ശാന്തസ്വഭാവം. എപ്പോഴും വൃത്തിയിൽ നടക്കും. വളരെ മൎയ്യാദയായിട്ടു മാത്രമെ സംസാരിക്കയുള്ളു. അവൻ പറയും. ആളുകൾ തളൎന്നു വീഴുന്നതുവരെ പണിയെടുക്കണമത്രെ. എന്നെക്കൊണ്ടതു സാദ്ധ്യമല്ല. എനിക്കതിനിഷ്ടവുമില്ല. ഒരിക്കൽ ചെയ്തുനോക്കി. വല്ലാതെ അദ്ധ്വാനിച്ചു. ജോലിചെയ്തു. എന്താണു കൂലി കിട്ടിയതു? തുച്ഛമായൊരു തുക. ഒരിത്തിരി മദ്യം കുടിച്ചു. ഒരു കൈ ശീട്ടുകളിച്ചു. ഒരിക്കൽ ഒരു പെണ്ണിന്റെ അടുക്കെ പോകാനും കഴിഞ്ഞു. കിട്ടിയ പണം മുഴുവൻ തീൎന്നു. അതുകൊണ്ടു പണിയെടുത്തു ജീവിക്കാൻ സാദ്ധ്യമല്ലെന്നു ഞാൻ തീരുമാനിച്ചു."

മേശക്കരികെ ചാഞ്ഞാരുന്ന അമ്മാവൻ തുടൎന്നു ആവേശംകൊണ്ടദ്ദേഹത്തിന്റെ ചെവികൾ ചുവന്നു വിറച്ചു.

"അവർ വിഡ്ഢികളല്ല. അവൎക്കു കാൎയ്യങ്ങളെക്കുറിച്ചു ശരിയായറിയാം. ഈ കഷ്ടപ്പാടുകളെല്ലാം പോകണം. എന്നെത്തന്നെ ഉദാഹരണമായെടുക്കുക. എന്റെ ജീവിതം എന്തായിരുന്നു. അതിനെക്കുറിച്ചോൎമ്മിക്കുമ്പോൾ എനിക്കു ലജ്ജ തോന്നുന്നു. നല്ലതെന്തും കട്ടെടുക്കുന്നതുപോലെയാണു് ദുഃഖം! ഉഴന്നു ചില്ലതെ

ല്ലാം സമ്പാദിച്ചു. സുഖം ഇടക്കു അതു കവൎന്നെടുത്തു. അച്ഛൻ അതു ചെയ്യരുതെന്നു ശാസിച്ചു. എൻെറ ഭാൎയ്യ ഇതു ചെയ്യരുതെന്നു ശാസിച്ചു. ഞാനാണെങ്കിൽ ഒരു റൂബിളിന്നുവേണ്ടി, കഴുത്തു വെട്ടാൻ അനുവദിക്കുകയാണെന്നു ഭയപ്പെട്ടു. അങ്ങിനെ ജീവിതം കഴിഞ്ഞുപോയി. ഇപ്പോഠം എനിക്കു വയസ്സായി. ഞാൻ എൻെറ മകനെ ആശ്രയിച്ചു കഴിയുകയാണു്. അതു മറച്ചുവെച്ചിട്ടെന്താണു് കാൎയ്യം. ഞാൻ അവൻെറ വേലക്കാരനെപ്പോലെ അവനെ ശുശ്രൂഷിക്കുകയാണു്. ഒരു യജമാനനെപ്പോലെ അവൻ എന്നെ ശകാരിക്കും. അവൻ എന്നെ, "വാല്യക്കാരാ" എന്നു വിളിക്കുകയാണെന്നാണു് എനിക്കു തോന്നാറുള്ളതു്. ഇതിനു വേണ്ടിയാണോ ഞാൻ ജനിച്ചതു്? ഈ കഷ്ടതകളെല്ലാം സഹിച്ചതും ഒടുക്കം ഒരു വേലക്കാരനായി ജീവിതം തള്ളിനീക്കാനാണോ? ഇനി ഇങ്ങിനെയൊന്നുമായിരുന്നില്ലെങ്കിൽത്തന്നെ, ഞാൻ എന്തിനാണു് ജീവിതം നയിച്ചതു്? ജീവിതത്തിൽ എനിക്കെന്താണൊരു സന്തോഷം ലഭിച്ചിട്ടുള്ളതു?"

ഞാൻ അദ്ദേഹത്തിൻെറ വാക്കുകഠം വേണ്ടത്ര ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല. തപ്പിത്തടഞ്ഞു ഒരുത്തരം പ്രതീക്ഷിക്കാതെ, ഞാൻ പറഞ്ഞു.

"ഞാനും എങ്ങിനെയാണു് ജീവിതം നയിക്കേണ്ടതെന്നറിയുന്നില്ല." അദ്ദേഹം മുരളി:

"ഉം. ആൎക്കാണറിയുന്നതു്.? അറിയുന്ന ആരെയും ഞാൻ ഇതുവരെ കണ്ടിട്ടില്ല ആളുകഠം അങ്ങിനെ ജീവിച്ചുപോകുന്നു. ഒരു ശീലം—"

ഒരിക്കൽക്കൂടി അദ്ദേഹത്തിൻെറ സ്വരത്തിൽ, ക്രോധം കലൎന്നതായെനിക്കു തോന്നി.

"ഓറൽക്കാരനായ വേറൊരു തടവുപുള്ളിയുണ്ടായിരുന്നു, ഒരു സ്ത്രീയെ മാനഭംഗം ചെയ്തതിനാണു് ശിക്ഷിച്ചിരുന്നതു്. ഒരു വലിയ ആളാണു്. നന്നായി നൃത്തംവെക്കും. അയാഠം തൻെറ

കാമുകിയെക്കുറിച്ചു ഒരു പാട്ടുപാടി എല്ലാവരെയും രസിപ്പിക്കും. എന്നാൽ അയാളുടെ പാട്ടിൽ തമാശയെന്നുമില്ലെന്നാണു് എന്റെ അഭിപ്രായം. അതുവെറും ജീവിതയാഥാർത്ഥ്യം മാത്രമായിരുന്നു. തിരിഞ്ഞും മറിഞ്ഞും കളിച്ചാലും മരിക്കാതെ ഒക്കുകയില്ലല്ലൊ. ഞാനും ചുടലയിലെത്തുമ്പോൾ, ഞാൻ ഒരു തടവുകാരനായിരുന്നോ വാർഡറായിരുന്നോ എന്നൊന്നും ചിന്തിക്കുവാൻ പോകുന്നില്ല."

സംസാരിച്ചു ക്ഷീണിച്ചപോലെ അദ്ദേഹം വോഡ്ക മുഴുവൻ കുടിച്ചു. ഒഴിഞ്ഞഗ്ലാസ്സിൽ തുറിച്ചുനോക്കി. നിശ്ശബ്ദമായി പുക വലിച്ചുംകൊണ്ടു—പുകച്ചുരുൾ മീശക്കുമേലെ ഊതി.

പെരുതേരിയായിരുന്ന പോട്ടക്കു ഒരുതരത്തിലും, അമ്മാവനുമായി സാമ്യമുണ്ടായിരുന്നില്ല. അയാൾ പറയും "ഒരു മനുഷ്യൻ എത്രയെല്ലാം അദ്ധ്വാനിക്കട്ടെ, എന്തെല്ലാം പ്രതീക്ഷകൾ വച്ചിരിക്കട്ടെ, ഒടുക്കം ശവക്കുഴിയിലും ശവപ്പെട്ടിയിലും തന്നെയാണു് അയാൾ ചെന്നെത്തുന്നതു്." ഇതെ ആശയംതന്നെ എത്രയോ പഴഞ്ചൊല്ലുകളിൽ കാണാൻ നമുക്കു സാധിക്കും

അദ്ദേഹത്തോടു മറെറന്തെങ്കിലും ചോദിക്കുവാൻ എനിക്കാഗ്രഹമുണ്ടായിരുന്നില്ല. എനിക്കദ്ദേഹത്തോടനുകമ്പതോന്നി. അദ്ദേഹത്തിന്റെ സാമീപ്യത്തിൽ മടുപ്പുതോന്നി. അദ്ദേഹത്തിന്റെ സന്തോഷംനിറഞ്ഞ പാട്ടുകളും, വീണയുടെ രാഗങ്ങളും ഞാൻ ഓർത്തു. ഏതു ദുഃഖത്തിലും അതൊരു വലിയ ആശ്വാസമായിരുന്നു. ഉല്ലാസശീലനായ സിഗാനോക്കിനേയും എനിക്കോർമ്മവന്നു. ഞാനയാളെ മറന്നിരുന്നില്ല. യാക്കോവമ്മാവന്റെ ഇന്നത്തെ, ചടച്ചരൂപം കണ്ടപ്പോൾ ആ വലിയ കുരിശു കാരണമായി ഡിഗാനോക്കിന്റെ മരണത്തിന്നിടയാക്കിയ കാര്യം അദ്ദേഹം ഓർക്കുന്നുണ്ടോ? എന്നു ഞാൻ ആശ്ചര്യപ്പെട്ടു.

എന്നാൽ അക്കാര്യം ഞാൻ അദ്ദേഹത്തോടു ചോദിച്ചില്ല.

പുറമെ തെരുവിൽ മൂടൽമഞ്ഞു തടിച്ചുകൂടുകയായിരുന്നു. ആപ്പിളിന്റെയും വത്തക്കയുടേയും മണം വായുവിൽ വ്യാപിച്ചു.

നിരത്തിൽ നിളത്തിൽ വിളക്കുകൾ കത്തുന്നു. ചുററുമുള്ള എല്ലാം തന്നെ തികച്ചും പരിചിതമായിതോന്നി. റൈബാൻസ്സിലേക്കു പോകുന്ന കപ്പലിൻെറ ചൂളംവിളി മുഴങ്ങികേട്ടു. മററെക്കുവൽ, പേമിലേക്കു പുറപ്പെട്ട കപ്പലിൻെറതാണ്............"ശരി ഇനി ഞാൻ പോകട്ടെ" അമ്മാവൻ പറഞ്ഞു.

കടയിൽ നിന്നിറങ്ങുമ്പോൾ അമ്മാവൻ എൻെറ കൈപിടിച്ചു കുലുക്കിയുംകൊണ്ടു് തമാശയായി പറഞ്ഞു.

"ബേജാറാകരുതു് നിനക്കല്ലം ബേജാറുള്ളതുപോലെയുണ്ടു്. ഉശാറായിരിക്കണം. നീ ഇപ്പോഴും ചെറുപ്പമാണ്. മനസ്സിലായോ? ശരി. ഞാൻ പോകട്ടെ എൻെറ വഴി പള്ളിയുടെ അടുത്തുകൂടിയാണ്."

അമ്മാവൻ പോയി. അദ്ദേഹത്തിൻെറ വാക്കുകൾ എന്നിൽ എന്തെന്നില്ലാത്ത ആശയക്കുഴപ്പങ്ങൾ ഉണ്ടാക്കി.

ഞാൻ കുന്നുകയറി മറിഞ്ഞു വയലിൽക്കൂടി നടന്നു. പൂർണ്ണചന്ദ്രൻ ആകാശത്തിൽ അവിടവിടെ മേഘങ്ങൾ കടന്നുപോകുന്നുണ്ടു്. നഗരം ചുററി വയലിൽക്കൂടി നടന്നു. ഞാൻ വോൾഗയുടെ കരയിൽ എത്തി. ഞാൻ പുൽത്തകിടിൽ കിടന്നു വളരെ നേരം പുഴയിൽത്തന്നെ നോക്കി. മൈതാനങ്ങളെയും നിശ്ചലമായി നിൽക്കുന്ന നിലത്തെയും നോക്കി. മേഘങ്ങൾ വോൾഗയുടെ മീതെ കടന്നുപോയി മൈതാനങ്ങൾക്കു മീതെയെത്തുമ്പോൾ ആ മേഘങ്ങൾക്കു പ്രകാശം കൂടുന്നതായിതോന്നി. നദിയിലെ വെള്ളംകൊണ്ടു് കഴുകപ്പെട്ടതുപോലെ എൻെറ ചുററം എല്ലാംതന്നെ ഉറങ്ങിക്കിടക്കുകയാണ്. ചലിക്കുന്നതെന്തും ശത്യന്തരമില്ലാതെ അങ്ങിനെ ചെയ്യുകയാണ്. ജീവിക്കാനും ചലിക്കാനും ഉള്ള ആഗ്രഹം കൊണ്ടുമാത്രം സംഭവിക്കുന്ന യാതൊന്നും ഇല്ലെന്നു ഞാൻ കരുതി.

ഈ നിലത്തും, അതോടൊപ്പം, എന്നെയും പിന്നിൽ നിന്നാഞ്ഞൊരു ചവിട്ടുകൊടുക്കുവാൻ എനിക്കാഗ്രഹം തോന്നി. ആ ഇളക്കത്തിൽ ഞാനടക്കം എല്ലാം സന്തോഷത്തിൽ മറന്നു് അന്യോന്യമുള്ള സ്നേഹത്തിൽ ജീവിതത്തോടുള്ള മമതയോടെ ചുററിത്തിരിയട്ടെ എന്നു ഞാൻ കൊതിച്ചു. സത്യസന്ധവും സുധീരവും, മനോഹരവും ആയ മറെറാരു ജീവിതം ഉണ്ടാകട്ടെ എന്നു ഞാൻ ആശിച്ചു. ഞാൻ തീരുമാനിച്ചു.

"ഞാൻ എന്തെങ്കിലും ചെയ്യുന്നില്ലെങ്കിൽ ഞാൻ നശിച്ചുപോകും."

ഞാൻ പലപ്പോഴും ഹേമന്തകാലത്തു് കാട്ടിൽക്കൂടി നടന്നിട്ടുണ്ടു്. സൂര്യനെ കാണാനുണ്ടാകയില്ല. സൂര്യൻ ഉണ്ടെന്നുതന്നെ തോന്നുകയില്ല. വഴിതെററിപ്പോയാൽ ഞാൻ അലഞ്ഞുനടക്കും തളന്നുവശംകെട്ടു, ഞാൻ കാട്ടിന്റെ ഉള്ളിൽതന്നെ, പെട്ടുപോകും. എന്നാൽ ഒടുക്കം എങ്ങിനെയെങ്കിലും നിരത്തിന്മേൽ ചെന്നു കയറുകയുംചെയ്യും.

ഞാൻ ഒരു തീരുമാനം എടുത്തു. ആ കൊല്ലം ഹേമന്തത്തിൽ കാസാനിലേക്കു പുറപ്പെടാൻ—വല്ലവിധേനയും പഠിക്കുവാൻ കഴിയുമെന്ന ആഗ്രഹത്തോടെ.

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. M08 Acc. No 79097

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 28 NOV 1983 | | |
| 12 MAY 1990 | | |
| 5 DEC 199[illegible] | | |
| 7 OCT 1991 | | |
| 9 DEC 1991 | | |
| 11 APR 1992 | | |
| 5 OCT 1992 | | |
| 2 DEC 1992 | | |
| 6 SEP [illegible] | | |
| 21 OCT 2005 | | |

If the book is not returned on due date, fine of 5 Ps. (Five) per day will be charged.

M08 79097

ഗോർക്കി മാക്സിം

പരിശീലനം

M